കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**2017 ഏപ്രിൽ 26, ബുധൻ**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 166 - നമ്പർ 2

**വില : ₹ 50**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2017 ഏപ്രിൽ 26, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

142/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...26

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...26

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...69

**II അറിയിപ്പ്**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, എം.എൽ.എ.-യുടെ രാജി

—മി.സ്പീക്കർ ...334

**III അടിയന്തരപ്രമേയം**

പൊമ്പിളൈ ഒരുമൈയുടെ സമരം അടിച്ചമർത്താനുള്ള നീക്കം

(അവതരണാനുമതി നിഷേധിച്ചു) ...334

**IV ശ്രദ്ധ ക്ഷണിക്കൽ**

സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ പ്രവേശനം

—ശ്രീ. എം. സ്വരാജ് ...352

[രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല]

**V റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശക സമിതിയുടെ ആറാമത് റിപ്പോർട്ട് ...360

**VI റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ ആറാമത് റിപ്പോർട്ട് ...360

*പേജ്*

**VII മേശപ്പുറത്തുവച്ച കടലാസുകൾ** ...361

**VIII ധനകാര്യം**

2017-2018 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ

ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാന ഭരണത്തലവന്മാർ,
മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

ധനാഭ്യർത്ഥന നമ്പർ III - നീതിന്യായ നിർവ്വഹണം ...377

**IXഅറിയിപ്പ്**

27-4-2017-ന് പഴയ നിയമസഭാ ഹാളിൽ
സഭാസമ്മേളനം ചേരുന്നത് സംബന്ധിച്ച്

—മി. സ്പീക്കർ ...378

**അനുബന്ധം** ...379

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

*2017 ഏപ്രിൽ 26, ബുധൻ*


| വാല്യം 166] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 2 |
|---|---|---|


നിയമസഭ 2017 ഏപ്രിൽ മാസം 26-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......ഓർഡർ.......ചോദ്യം നമ്പർ (*31)

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾത്തന്നെ സ്ത്രീകളെ അപമാനിക്കുന്ന തരത്തിൽ പ്രസ്താവന നടത്തിയ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷം ബാനർ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിക്കുകയും അൽപ്പസമയത്തിനുശേഷം ശാന്തരാകുകയും ചെയ്തു.)

### വിനോദസഞ്ചാര കേന്ദ്രങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ

1 (*31) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മമ്മൂട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.എൻ. വേൾഡ് ടൂറിസം ഓർഗനൈസേഷൻ വിനോദസഞ്ചാര കേന്ദ്രങ്ങൾക്ക് വേണ്ട മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളതായി അറിവുണ്ടോ;

(ബി) എങ്കിൽ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ചെറുകിട വിനോദസഞ്ചാര കേന്ദ്രങ്ങൾക്ക് ഈ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സാക്ഷ്യപത്രം നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, സംസ്ഥാനത്ത് വിനോദസഞ്ചാര കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഈ മാനദണ്ഡങ്ങളനുസരിച്ച് പ്രവർത്തിക്കുന്ന എത്ര വിനോദസഞ്ചാര കേന്ദ്രങ്ങളാണ് സംസ്ഥാനത്തുള്ളത്; പുതിയതായി വിനോദസഞ്ചാര കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സംസ്ഥാനത്ത് ടൂറിസം മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി ഗവൺമെന്റ് നിരവധി കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ടൂറിസം മേഖലയിലുള്ള സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തുന്നതിനായി ക്ലാസ്സിഫിക്കേഷൻ സ്കീമുകൾ നടപ്പിലാക്കിവരുന്നുണ്ട്. ഒരു പ്രദേശത്തെ ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കിക്കൊണ്ട് സംസ്ഥാന സർക്കാർ 4-2-2011-ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിനോദസഞ്ചാര സാധ്യത, അടിസ്ഥാന സൗകര്യം, ആശയ വിനിമയ സംവിധാനങ്ങൾ, വിനോദസഞ്ചാരികളുടെ വരവ്, താമസ സൗകര്യം, തുടർ വികസനത്തിനുള്ള സാധ്യത, സുരക്ഷിതത്വം, പ്രകൃതിദത്തമോ മനുഷ്യ നിർമ്മിതമോ ആയ ആകർഷണീയത എന്നിവയോടൊപ്പം ഡി.ടി.പി.സി. ചെയർമാന്റെ ശിപാർശയും കൂടി പരിഗണിച്ചുകൊണ്ടാണ് ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കുന്നത്. യു.എൻ. വേൾഡ് ടൂറിസം ഓർഗനൈസേഷൻ പ്രസിദ്ധീകരിച്ച 'Indicators of sustainable development for tourism destinations - A Guide Book'-ന്റെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് വിനോദസഞ്ചാര കേന്ദ്രങ്ങൾ അനുവർത്തിക്കേണ്ട സൂചകങ്ങൾ ഞാൻ പറയാം. ഇതിനായി പ്രത്യേകിച്ച് മാനദണ്ഡങ്ങളൊന്നും നിശ്ചയിച്ചിട്ടില്ല. പൊതുവായ നിർദ്ദേശങ്ങളാണുള്ളത്. 'തദ്ദേശീയരുടെ ക്ഷേമം, തദ്ദേശീയ സംസ്കാര സുസ്ഥിരത, ടൂറിസത്തിൽ തദ്ദേശീയരുടെ പങ്കാളിത്തം, വിനോദസഞ്ചാരികളുടെ സംതൃപ്തി, ആരോഗ്യവും സുരക്ഷയും, ടൂറിസത്തിൽ നിന്നുള്ള സാമ്പത്തിക നേട്ടം, പ്രകൃതി സമ്പത്തിന്റെ സംരക്ഷണം, ദുർലഭമായ പ്രകൃതി വിഭവങ്ങളെ എങ്ങനെ കൈകാര്യം ചെയ്യാം, വിനോദസഞ്ചാരത്തിന്റെ വിപരീത ഫലങ്ങൾ കുറയ്ക്കുക, വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പ്രകൃതത്തിന് അനുസൃതമായി സഞ്ചാരികളുടെ എണ്ണവും പ്രവൃത്തികളും നിയന്ത്രിക്കുക, ആസൂത്രണവും നിയന്ത്രണവും, ടൂറിസം സേവനങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും രൂപകൽപ്പന, അവയുടെ സുസ്ഥിരത' തുടങ്ങിയ കാര്യങ്ങൾ കൂടി നമ്മൾ പരിഗണിക്കാറുണ്ട്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഇത് മനസ്സിലാക്കിയതുകൊണ്ടാണ് ഞാൻ ഇങ്ങനെ ഒരു ചോദ്യം ചോദിച്ചത്. പക്ഷേ മന്ത്രിയുടെ മറുപടിയിൽ "ഇല്ല, ബാധകമല്ല" എന്നാണ് ഉത്തരം നൽകിയിരിക്കുന്നത്. എന്റെ രണ്ടാമത്തെ ചോദ്യം, ടൂറിസ്റ്റ് കേന്ദ്രങ്ങൾ ആകർഷകമാക്കുന്നതിന് ഗ്രീൻ കാർപ്പറ്റ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതുപോലെ ഓരോ ടൂറിസ്റ്റ് കേന്ദ്രത്തെയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികളുമുണ്ട്. ഈ കമ്മിറ്റികളെല്ലാം ടൂറിസം കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് രൂപീകരിച്ചിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യാൻ എന്തെങ്കിലും സംവിധാനമുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ടൂറിസം വികസനം ലക്ഷ്യമിട്ടുകൊണ്ടു വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട ഡെസ്റ്റിനേഷനുകളുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കുന്നതിനും ഊന്നൽ നൽകിക്കൊണ്ട് ഗ്രീൻ കാർപ്പറ്റ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഏതാണ്ട് 40-ഓളം പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ഡെസ്റ്റിനേഷൻ മാനേജിംഗ് കമ്മിറ്റികൾ നിലവിൽ വന്നിട്ടുണ്ട്; എല്ലാ കേന്ദ്രങ്ങളിലുമായിട്ടില്ല. എല്ലാ കേന്ദ്രങ്ങളിലും അത്തരം മാനേജിംഗ് കമ്മിറ്റികൾ കൊണ്ടുവരണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്കിനു വേണ്ടി ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ടൂറിസം വികസനത്തിൽ വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതുപോലെ പ്രധാനമാണ് സ്വദേശികളായ ടൂറിസ്റ്റുകളെ ആകർഷിക്കുക എന്നതും. ഫാം ടൂറിസം, ഇക്കോ ടൂറിസം, പുഴ, കായൽ അങ്ങനെ ഗ്രാമീണ ജീവിതത്തെ നിലനിർത്തുന്ന കുറേ കാര്യങ്ങളുണ്ട്. ഗ്രാമങ്ങളിൽ പോയി കുറച്ചുനാൾ താമസിക്കാനും ഗൃഹാതുരത്വം ഉണർത്തുന്ന സ്മരണകൾ അയവിറക്കാനും താൽപ്പര്യമുള്ള ആളുകൾ ഉണ്ടാകാം. അതിനുതകുന്ന കുറച്ചു പ്രദേശങ്ങൾ, വലിയ മാലിന്യങ്ങളൊന്നുമില്ലാതെ ഇപ്പോഴും അവശേഷിക്കുന്നുണ്ട്. അത് സംരക്ഷിച്ചുകൊണ്ട്, പുതിയ പ്രാദേശിക ടൂറിസം പദ്ധതികളെ ഐഡന്റിഫൈ ചെയ്ത് ശക്തിപ്പെടുത്താനുള്ള ശ്രമങ്ങൾ ഉണ്ടാകുമോ? ഇക്കോ ടൂറിസം പദ്ധതികൾ മുന്നോട്ടു കൊണ്ടു പോകുന്നതിന് തടസ്സം സൃഷ്ടിക്കുന്ന കടുത്ത നടപടികൾ പലപ്പോഴും വനം വകുപ്പിന്റെ ഭാഗത്തു നിന്നുണ്ടാകാറുണ്ട്. കാടു കാണാനും കാടിനകത്തുള്ള കാര്യങ്ങൾ മനസ്സിലാക്കാനും താൽപ്പര്യമുള്ള ധാരാളം ആളുകളുണ്ട്. ശക്തമായ നിയമങ്ങൾ കാരണം പലപ്പോഴും അതിന് കഴിയാത്ത അവസ്ഥയാണുള്ളത്. ഫാം ടൂറിസം, ഇക്കോ ടൂറിസം, പുഴ, കായൽ അധിഷ്ഠിത ടൂറിസം ഇവയൊക്കെ ശക്തിപ്പെടുത്തുന്നതിന് ഗ്രാമീണ ടൂറിസം മേഖലയിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അതു തന്നെയാണ് സർക്കാരിന്റെ ഉദ്ദേശം. ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുവേണ്ടി ഗ്രാമീണ മേഖലയുടെ സൗന്ദര്യം അതേപടി നിലനിർത്തിക്കൊണ്ട് എല്ലാ ഘടകങ്ങളേയും ഉൾപ്പെടുത്തി ഗ്രാമീണ ടൂറിസത്തിന് ഊന്നൽ നൽകുന്ന ഒരു പദ്ധതിയാണ് ഗവൺമെന്റ് ഈ സന്ദർഭത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അങ്ങ് പറഞ്ഞതുപോലെ വനം വകുപ്പിന്റെ ഭാഗത്തുനിന്നുള്ള തടസ്സം പല പദ്ധതികളും മുന്നോട്ടുകൊണ്ടു പോകുന്നതിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്. വനം നിയമത്തിനകത്തു നിന്നുകൊണ്ട് പരമാവധി ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ടൂറിസം രംഗത്ത് നടപ്പിലാക്കുന്നതിനു വേണ്ടി ഗവൺമെന്റ് പരിശ്രമിക്കും.

ശ്രീ. എം. ഉമ്മർ: സർ, സാംസ്കാരിക വകുപ്പിന്റെ കീഴിൽ വിവിധ ജില്ലകളിൽ തുഞ്ചൻ പറമ്പ്, ആശാൻ സ്മാരകം, മോയീൻകുട്ടി വൈദ്യർ സ്മാരകം, വള്ളത്തോൾ കലാമണ്ഡലം തുടങ്ങിയ നിരവധി സാംസ്കാരിക സ്ഥാപനങ്ങളുണ്ട്. നമ്മുടെ സംസ്ഥാനത്തെ കലയേയും, സംസ്കാരത്തേയും, പുരാതനമായ കൃതികളേയും, കവിതകളേയുമൊക്കെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി ധാരാളം ടൂറിസ്റ്റുകൾ വരുന്നുണ്ട്. ടൂറിസം വകുപ്പ് മുൻകയ്യെടുത്ത് ഇത്തരം സാംസ്കാരിക സ്ഥാപനങ്ങളെ കൂട്ടിയിണക്കി ഒരു കൾച്ചറൽ ടൂറിസം പദ്ധതിക്ക് രൂപം നൽകാൻ തയ്യാറാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്തെ പ്രധാനപ്പെട്ട സാംസ്കാരിക സ്ഥാപനങ്ങളെ ടൂറിസവുമായി കണക്ട് ചെയ്യുന്നതിനുള്ള പദ്ധതികൾ ഇപ്പോൾ നിലവിലുണ്ട്. ബഹുമാനപ്പെട്ട എം.ടി.-യുടെ നിർദ്ദേശാനുസരണം തുഞ്ചൻപറമ്പിന്റെ ടൂറിസം വികസന സാധ്യതയെ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സമഗ്രമായ ഒരു പ്രോജക്ട് ഗവൺമെന്റിന്റെ പരിഗണനയിലാണ്. വരുന്ന 2-ാം തീയതി കൂടുന്ന മീറ്റിംഗിൽ അത് അംഗീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആശാൻ സ്മാരകവും ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. മോയീൻകുട്ടി സ്മാരകമടക്കം, പ്രധാനപ്പെട്ട എല്ലാ സാംസ്കാരിക കേന്ദ്രങ്ങളെയും, സാംസ്കാരിക ടൂറിസത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള പരിശ്രമം ഗവൺമെന്റ് നടത്തുകയാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, ഏറ്റവും കൂടുതൽ വരുമാനമുണ്ടാക്കാനും കേരളത്തെ വികസിപ്പിക്കാനും മറ്റേതൊരു മേഖലയേക്കാളും സാധ്യതയുള്ള മേഖലയാണ് ടൂറിസം. നദികളാലും വനങ്ങളാലും സമൃദ്ധമാണ് കേരളം. എല്ലാവർക്കും അവിടെയൊക്കെ പോകാനും ആസ്വദിക്കാനും ആഗ്രഹമുണ്ടാവും. പക്ഷെ അതിനുള്ള പദ്ധതി എവിടെയും ആയിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. ഇതിനായി സാംസ്കാരിക പൈതൃക ടൂറിസത്തെ ഉപയോഗപ്പെടുത്താം. നമ്മുടെ അനുഭവ സമ്പത്തുകൾ പകർന്നു

കൊടുക്കാനുള്ള അത്യാധുനിക സംവിധാനം ഉപയോഗപ്പെടുത്തിക്കൊണ്ട്, ആനന്ദകരമായി അവ പഠിപ്പിക്കുന്നതിനും അവബോധം നൽകുന്നതിനും കഴിയുന്ന പദ്ധതികളുണ്ട്. ഒരു ജില്ലയിൽ ഒരു ടൂറിസം കേന്ദ്രമെന്ന രീതിയിൽ ഇതിനായി പാക്കേജ് തയ്യാറാക്കണം. ഇപ്പോൾ വീഗാലാന്റ് പോലുള്ള സ്വകാര്യ ടൂറിസ്റ്റ് കേന്ദ്രങ്ങളിലാണ് എല്ലാവരും പോകുന്നത്. അതല്ലാതെ ഓരോ ജില്ലയിലും ആസ്വദിക്കാനും ഉൾക്കൊള്ളാനും പഠനവിധേയമാക്കാനും കഴിയുന്ന വിധത്തിൽ ഓരോ കേന്ദ്രമെങ്കിലും തുടങ്ങുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, അങ്ങ് പറഞ്ഞതുപോലെ നദികളെയും പുഴകളെയുമെല്ലാം ഉപയോഗപ്പെടുത്തിക്കൊണ്ട് സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലുള്ള പദ്ധതികളാണ് ടൂറിസം മേഖലയിൽ പുതുതായി രൂപം കൊടുക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നത്. മലബാറിലെ എല്ലാ നദികളെയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രോജക്ട് ഗവൺമെന്റിന്റെ പരിഗണനയിലാണ്. അതുപോലെ സാധ്യതയുള്ള ഇടങ്ങളിലൊക്കെ ഇത്തരം കാര്യങ്ങൾ പരിശോധിക്കാം.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, ലോകത്ത് മനുഷ്യൻ കണ്ടിരിക്കേണ്ട ഇരുപത്തിയഞ്ച് പ്രധാന ടൂറിസം ഡെസ്റ്റിനേഷനുകളിൽ ഒന്നായി നാഷണൽ ജ്യോഗ്രഫിക് മാഗസീനിൽ അടയാളപ്പെടുത്തിയിട്ടുള്ള സ്ഥലമാണ് അരൂർ നിയോജകമണ്ഡലത്തിലെ 'കാക്കത്തുരുത്ത് ദ്വീപ്.' ഈ വാർത്ത പത്രങ്ങളിലെല്ലാം വന്നതോടുകൂടി കേരളത്തിനകത്തുനിന്ന് മാത്രമല്ല ഇന്ത്യയ്ക്കു പുറത്തു നിന്നുപോലും വിനോദ സഞ്ചാരികൾ അവിടേയ്ക്ക് ഒഴുകിയെത്തുകയാണ്. സൂര്യാസ്തമനം അതിന്റെ നൈസർഗികമായ സൗന്ദര്യത്തോടെ ഇവിടെ നിന്ന് കണ്ടാസ്വദിക്കാൻ കഴിയും. ഇത്തരം ഇടങ്ങൾ വളരെ അപൂർവ്വമാണെന്നാണ് നാഷണൽ ജ്യോഗ്രഫിക് മാഗസിൻ വിശേഷിപ്പിച്ചിട്ടുള്ളത്. അങ്ങ് നിശ്ചയിക്കുന്ന ഏതളവുകോൽ വച്ച് അളന്നാലും ടൂറിസം ഡെസ്റ്റിനേഷനായി പ്രഥമ പരിഗണന നൽകേണ്ട സ്ഥലമാണ് കാക്കത്തുരുത്ത് ദ്വീപ്. ഇവിടം മെഗാ സർക്യൂട്ട് ടൂറിസം പ്രോജക്ടിൽ ഉൾപ്പെടുത്തി ഒരു പ്രോജക്ട് സമർപ്പിച്ചിരുന്നു. അതിന് ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. അത് എത്രയും വേഗം പരിഗണിച്ച് അംഗീകാരം നൽകുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ആ പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലാണ്. അതിനാവശ്യമായ നടപടി സ്വീകരിക്കാം.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, ഇന്ന് വിനോദസഞ്ചാരമേഖലയ്ക്ക് ഏറ്റവും കൂടുതൽ സഹായകരമായിട്ടുള്ളത് ഹോംസ്റ്റേ പദ്ധതികളാണ്. കേരളത്തിൽ എറണാകുളത്തുള്ള എയർ ബിഎൻബി അടക്കമുള്ള കമ്പനികളുമായി ചേർന്ന് ടൂറിസം ഡിപ്പാർട്ടുമെന്റ് പല പദ്ധതികളും നടത്തുന്നുണ്ട്. പല ചെറുകിട

മേഖലകളിലും ഇതാവശ്യമാണ്. എന്റെ മണ്ഡലത്തിലെ കോട്ടൂർ എലിഫെന്റ് പാർക്ക്, പൊന്മുടി ഇവിടങ്ങളിലൊക്കെ ടൂറിസ്റ്റുകൾ വരുമ്പോൾ, ഗസ്റ്റ്ഹൗസുകളുടെ അഭാവംമൂലം താമസിക്കാൻ പറ്റാത്ത അവസ്ഥയുണ്ടാകാറുണ്ട്. അതുകൊണ്ട് ഗ്രാമീണമേഖലയിൽ ടൂറിസ്റ്റുകളെ ആകർഷിക്കാനും അവിടെയുള്ള ആളുകൾക്ക് ഉപജീവന മാർഗ്ഗമാവുന്ന തരത്തിലും സർക്കാർ സഹായത്തോടെയും അംഗീകാരത്തോടെയും ഹോംസ്റ്റേ പദ്ധതികൾ ആരംഭിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഹോംസ്റ്റേ പദ്ധതികൾക്ക് വളരെയേറെ പ്രാധാന്യം സർക്കാർ നൽകുന്നുണ്ട്. ഹോംസ്റ്റേ ഇന്ന് സംസ്ഥാനത്തെ ടൂറിസം രംഗത്തെ പ്രധാന വരുമാനമാർഗ്ഗവും ആളുകളുടെ ജീവിതമാർഗ്ഗവുമായി മാറിയിട്ടുണ്ട്. അവർക്ക് എല്ലാവിധത്തിലുമുള്ള പിന്തുണയും പ്രോത്സാഹനവും ഗവൺമെന്റ് ഇപ്പോൾ ത്തന്നെ നൽകുന്നുണ്ട്. പൊന്മുടിയിലും, കോട്ടൂരും ഇത്തരത്തിലുള്ള ഹോംസ്റ്റേ പരീക്ഷിക്കാവുന്നതാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, ടൂറിസം മേഖലയിൽ ഏറെ സാധ്യതയുള്ള ജില്ലയാണ് പത്തനംതിട്ട ജില്ല. ആറന്മുള നിയോജകമണ്ഡലത്തിൽ ആറന്മുള ക്ഷേത്രവുമായി ബന്ധപ്പെട്ട് വള്ളംകളി, വള്ള സദ്യ തുടങ്ങി നിരവധി കാര്യങ്ങളുണ്ട്. പിൽഗ്രിം ടൂറിസവുമായി ബന്ധപ്പെട്ട് നിലവിൽ മാസ്റ്റർപ്ലാൻ ഉണ്ടോ; ഇല്ലെങ്കിൽ അങ്ങനെയൊരു മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, വളരെ പ്രധാനപ്പെട്ട മേഖലയാണ് പിൽഗ്രിം ടൂറിസം. സംസ്ഥാന ഗവൺമെന്റ് പ്രധാനപ്പെട്ട പിൽഗ്രിം സെന്ററുകൾ ബന്ധപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർപ്ലാൻ നൽകിയിട്ടുണ്ട്. ശബരിമല, ഗുരുവായൂർ തുടങ്ങിയവപോലെ പരിഗണിക്കാൻ കഴിയും.

ശ്രീ. ഹൈബി ഈഡൻ: സർ, ശ്രീ. കെ. എസ്. ശബരീനാഥൻ ചോദിച്ച ചോദ്യത്തിന്റെ തുടർച്ചയാണ് എന്റെ ചോദ്യം. ഹോംസ്റ്റേ ടൂറിസം സർക്കാർ നേതൃത്വത്തിലല്ലാതെ പ്രൈവറ്റ് സെഗ്മെന്റിലാണ് വ്യാപകമായി തുടങ്ങിയത്. അതിന്റെ ഒരു സക്സസ്സ്ഫുൾ മാതൃകയാണ് കുമ്പളങ്ങി-ഫോർട്ട്കൊച്ചി മേഖലയിൽ തുടങ്ങിയ പദ്ധതികൾ. ഹോംസ്റ്റേ ടൂറിസം എന്നുപറയുന്നത് വളരെ നന്നായി പ്രൊമോട്ട് ചെയ്യാൻ കഴിയുന്ന പദ്ധതിയാണ്. അത് വളരെ വ്യാപകമായും സക്സസ്സ്ഫുള്ളായും നടപ്പിലാക്കാൻ കഴിയും. വിദേശ ടൂറിസ്റ്റുകൾ ആഗ്രഹിക്കുന്നത് ആർഭാടത്തോടെ താമസിക്കുകയും നാടൻ ഭക്ഷണവും ഹോസ്പിറ്റാലിറ്റിയും അനുഭവിക്കുകയും ചെയ്യുക എന്നതാണ്. അതിനാൽ ഹോംസ്റ്റേകൾക്ക് ആവശ്യമായ സബ്സിഡി റേറ്റിലുള്ള ഇലക്ട്രിസിറ്റി, മറ്റ് സൗകര്യങ്ങൾ എന്നിവ ഗവൺമെന്റിന് നൽകാൻ കഴിയുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഹോംസ്റ്റേയുടെ കാര്യത്തിൽ അങ്ങ് പറഞ്ഞ ആവശ്യങ്ങൾ, ഹോംസ്റ്റേ നടത്തിപ്പുകാരുടേയും ഓർഗനൈസേഷനുകളുടേയും ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. അക്കാര്യത്തിൽ എത്രമാത്രം സബ്സിഡി കൊടുക്കാൻ കഴിയുമെന്നത് പരിശോധിച്ചു വരികയാണ്. എന്നാൽ ഗവൺമെന്റ് അവരുടെ എല്ലാ നല്ല സംരംഭങ്ങൾക്കും പ്രോത്സാഹനം കൊടുക്കുന്നുണ്ട്. ആ വഴിക്കുതന്നെയാണ് ചിന്തിക്കുന്നത്. ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ടൂറിസം മേഖലയിൽ ഏറ്റവും കൂടുതൽ ആളുകളെ ആകർഷിക്കാൻ കഴിയുന്ന ഒരു സംസ്ഥാനമാണ് കേരളം. ശ്രീമതി വീണാ ജോർജ്ജ് ചോദിച്ച ചോദ്യത്തോടനുബന്ധിച്ചുള്ള ഒരു കാര്യമാണിത്. എന്റെ മണ്ഡലമായ അടൂരിൽ കായലും കടലും മലകളും ഇല്ല. നിരന്ന പ്രദേശമാണ്. അവിടെ ജനങ്ങളെ ആകർഷിക്കുന്ന ടൂറിസ്റ്റ് പ്ലേസുകളുണ്ട്. കൊടുമൺ ഇത്തരത്തിലുള്ളതാണ്. ആശ്ചര്യ ചൂഡാമണി എന്ന സംസ്കൃത നാടകം രചിച്ച ശക്തഭദ്രന്റെ ജന്മസ്ഥലമാണ്. ചിലന്തിയമ്മൻ, ചന്ദനപ്പള്ളി വലിയപള്ളിയിലെ ചെമ്പെടുപ്പ് മഹോത്സവം വളരെ പ്രസിദ്ധമാണ്. വേലുത്തമ്പി ദളവാ സ്മാരകം സ്ഥിതി ചെയ്യുന്ന മണ്ണടി, പഞ്ചപാണ്ഡവർ വനവാസകാലത്ത് താമസിച്ച നെടുങ്കുന്ന് മല അങ്ങനെ അനവധിയുണ്ട്.

മി. സ്പീക്കർ: ഇങ്ങനെ വിശദമായി പറയേണ്ട. കേരളത്തിലെ എല്ലാ മണ്ഡലങ്ങളിലും ഇതിന്റെ സാധ്യതയുണ്ട്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, സ്വാമി അയ്യപ്പൻ വളർന്ന പന്തളം ഉൾപ്പെടെ ജനങ്ങളെ ആകർഷിക്കുന്ന സ്ഥലങ്ങൾ ഉൾപ്പെട്ടതാണ് അടൂർ മണ്ഡലം. അവിടെ രണ്ട് പ്രോജക്ടുകൾ, നെടുങ്കുന്നുമല ടൂറിസവും ചിറമുടി ടൂറിസവും അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇത്തരം സ്ഥലങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് പിൽഗ്രിം ടൂറിസവും, സാസ്കാരിക കേന്ദ്രങ്ങളെ കണക്ട് ചെയ്തുകൊണ്ട് ടൂറിസവും വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സംസ്ഥാനമാകെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനാക്കാൻ കഴിയുന്ന തരത്തിൽ എല്ലാ കേന്ദ്രങ്ങളിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉയർന്നുവന്നിട്ടുണ്ട്. അങ്ങ് സൂചിപ്പിച്ച കാര്യങ്ങൾ കോർത്തിണക്കിക്കൊണ്ട് ഒരു പ്രോജക്ട് ഗവൺമെന്റിന്റെ മുന്നിൽ സമർപ്പിച്ചാൽ അക്കാര്യത്തെക്കുറിച്ച് ആലോചിക്കാം.

ശ്രീ. മോൻസ് ജോസഫ്: സർ, ലോകത്ത് ഓരോ രാജ്യങ്ങളും ടൂറിസത്തിനു കൊടുക്കുന്ന പ്രാധാന്യം കണക്കിലെടുമ്പോൾ, കേരളത്തിൽ ടൂറിസത്തിന് അനന്ത സാധ്യതകളുണ്ടായിട്ടും അതു പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയുന്നില്ലെന്നുള്ള

കാര്യം ഗവൺമെന്റ് പരിശോധിക്കേണ്ടതാണ്. എന്തെങ്കിലും കുറച്ച് കാര്യങ്ങൾ ചെയ്യുന്നുവെന്നല്ലാതെ ഒരു ടൂറിസ്റ്റ് പ്ലേസിന്റെ സമഗ്ര വികസനത്തിനുതകുന്ന രീതിയിൽ, ടൂറിസ്റ്റുകളെ അട്രാക്ട് ചെയ്യാൻ കഴിയുന്ന വിധത്തിൽ പൂർണ്ണതയിൽ അവതരിപ്പിക്കാൻ കഴിയാതെ പോകുന്നത് നമ്മുടെ പരാജയം തന്നെയാണെന്നാണ് മറ്റ് രാജ്യങ്ങളിലെ ടൂറിസ്റ്റ് പ്ലേസസ്സ് വിലയിരുത്തുമ്പോൾ മനസ്സിലാകുന്നത്. ഓരോ ജില്ലയിലേയ്ക്കും കുറേശ്ശേയായി വീതിച്ചു പോകുമ്പോൾ ഒരു സ്ഥലവും വികസിക്കാതെ പോവുകയാണ്. അതുകൊണ്ട് ഓരോ പ്രദേശത്തിന്റേയും വികസനത്തിനുതകുന്ന വിധത്തിൽ ടൂറിസം ആക്ഷൻ പ്ലാൻ രൂപീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? ഇതിൽ ഓരോ സെക്ടറും പ്രധാനമാണ്. അഗ്രി ടൂറിസം ലോകം മുഴുവൻ ശ്രദ്ധിക്കുന്ന മേഖലയാണ്. കുട്ടനാട്, അപ്പർ കുട്ടനാട് തുടങ്ങിയവ കേരളത്തിന്റെ ഏറ്റവും വലിയ സാധ്യതയാണ്. ഹരിതാഭമായ, ഹൃദയഹാരിയായ സാഹചര്യങ്ങളും നെൽവയലുകളും നമ്മുടെ നാട്ടുകാരും ടൂറിസ്റ്റുകളും കാണാനാഗ്രഹിക്കുന്നവയാണ്. ഇത് കണക്കിലെടുത്തു കൊണ്ട് അഗ്രി ടൂറിസം കൂടി ടൂറിസം പാക്കേജിന്റെ ഭാഗമായി ആവിഷ്കരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ; അതിനായി ഗവൺമെന്റിന് എന്തെങ്കിലും പദ്ധതികളുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അഗ്രി ടൂറിസം ഗവൺമെന്റിന്റെ പരിഗണനയിലുള്ളതാണ്. അങ്ങ് പറഞ്ഞതുപോലെ സംസ്ഥാനത്തെ ഓരോ പ്രദേശത്തിന്റേയും സമഗ്രമായ വികസനത്തിനുതകുന്ന തരത്തിലുള്ള പ്രോജക്ടുകൾ തയ്യാറാക്കാൻ പലപ്പോഴും പല കാരണങ്ങളാലും സാധിച്ചിട്ടില്ല. ഏതെങ്കിലും ഒരു ചെറിയ പ്രോജക്ട് രൂപപ്പെടുത്തുക, അതിന് അംഗീകാരം വാങ്ങുക, അത് ചെറുതായി വ്യാപിപ്പിക്കുക എന്നതിനപ്പുറം ഒരു പ്രദേശത്തിന്റെ സമഗ്രമായ ടൂറിസം വികസനത്തിനു സാധ്യമാകുന്ന തരത്തിൽ പ്ലാൻ തയ്യാറാക്കുന്ന അവസ്ഥ നേരത്തേ ഉണ്ടായിരുന്നില്ല. ഗവൺമെന്റ് ഇപ്പോൾ അതിന് മുൻതൂക്കം കൊടുക്കുകയാണ്. ഒരു പ്രദേശത്ത് സാധ്യമായിട്ടുള്ള എല്ലാ അവസരങ്ങളും ഉപയോഗപ്പെടുത്താനുള്ള ശ്രമമാണ് നടക്കുന്നത്.

ശ്രീ. ഡി. കെ. മുരളി: സർ, ടൂറിസം പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ലാന്റ് യൂസിനുള്ള പെർമിസ്സീവ് സാങ്ഷൻ പോലുമില്ലാതെ പ്രോജക്ടുകൾ തയ്യാറാക്കുന്നതും പതിവായിരിക്കുകയാണ്. പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ലെന്നുള്ളത് ടൂറിസം പദ്ധതികളുടെ വലിയ പോരായ്മയായി നിലനിൽക്കുകയാണ്.

2008-ൽ ഭരണാനുമതി കൊടുത്ത പദ്ധതികൾപോലും പൂർത്തീകരിക്കാനുണ്ടെന്ന് പരിശോധിച്ചാൽ മനസ്സിലാകും. എം.എൽ.എ.-മാരുടെയോ മന്ത്രിമാരുടെയോ നിർബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് എ.എസ്. കൊടുക്കുന്നത്. ഭൂമിയുടെ ലഭ്യതയോ അനുവാദമോ വാങ്ങാനുള്ള നടപടി സ്വീകരിക്കാതിരിക്കുന്നതുകൊണ്ട് എ.എസ്.-ഉം പണവും അങ്ങനെ കിടക്കുന്ന അവസ്ഥയാണുള്ളത്. പല ടൂറിസം പദ്ധതികൾക്കും അനുമതി നൽകുമ്പോൾ ഭൂമിയുടെ ലഭ്യത പരിശോധിക്കാറില്ല. സി.ആർ.ഇസഡ്. ഉൾപ്പെടെയുള്ള അനുമതികളും വാങ്ങാറില്ല. ഇതിന്റെ ഫലമായി പദ്ധതികളുടെ പണി പൂർത്തിയാക്കിയാൽപ്പോലും പ്രവർത്തനം ആരംഭിക്കാൻ കഴിയാത്ത ഗതികേട് ഇന്ന് സംസ്ഥാനത്തുണ്ട്. പല ജില്ലകളിലും ഇത്തരത്തിൽ പദ്ധതികൾ മുടങ്ങിക്കിടക്കുകയാണ്. 2008 മുതലുള്ള പദ്ധതികൾക്ക് പൂർണ്ണത കൈവരാത്തതായ അവസ്ഥാവിശേഷവുമുണ്ട്. അത്തരം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കണം. വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്തതുകൊണ്ട് പദ്ധതികൾ ആരംഭിക്കാൻ സാധിക്കാത്ത പ്രശ്നങ്ങളുണ്ട്. ഭൂമിയുടെ ലഭ്യതയും നിയമപരമായ എല്ലാ നടപടികളും സ്വീകരിച്ചുകൊണ്ട് മാത്രമേ പദ്ധതികൾക്ക് എ.എസ്. കൊടുക്കാൻ പാടുള്ളുവെന്ന നിലപാടാണ് ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. അത്തരത്തിൽ അനുവാദം വാങ്ങാതെ ആരംഭിച്ചതും പാതിവഴിയിൽ കിടക്കുന്നതുമായ പദ്ധതികൾ, എല്ലാ വകുപ്പുകളുടെയും ഏകോപനത്തോടെ എങ്ങനെ പൂർത്തീകരി ക്കാനുകുമെന്ന് അടിയന്തരമായി ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, അന്താരാഷ്ട്ര ടൂറിസം ഭൂപടത്തിൽ സ്ഥാനം പിടിച്ച ടൂറിസം ഡെസ്റ്റിനേഷനാണ് കോവളം. മുൻകാലങ്ങളിൽ 6 മാസംവരെ കോവളത്ത് ടൂറിസം സീസൺ ഉണ്ടായിരുന്നു. ഇന്നത് ചുരുങ്ങി ഒന്നരയും രണ്ടും മാസമായി. തൊട്ടടുത്തുള്ള ചൊവ്വര, പൂവാർ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളെക്കൂടി കണക്ക് ചെയ്യുന്ന തരത്തിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിച്ചുകൊണ്ട് സംസ്ഥാനത്തിന് വിദേശ നാണ്യം ഉൾപ്പെടെ വളരെയധികം വരുമാനം നേടിത്തന്ന കോവളത്തെ സംരക്ഷിക്കുന്നതിന് പ്രത്യേകമായ ടൂറിസം പാക്കേജ് നടപ്പിലാക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കോവളം നേരിടുന്ന വലിയ പ്രതിസന്ധി തന്നെയാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. അവിടെ നിരവധി പ്രശ്നങ്ങളാണ് ഇന്ന് നാം നേരിടുന്നത്. കോവളം നേരിടുന്ന പ്രശ്നങ്ങൾ പരിശോധിക്കേണ്ടതും കൈകാര്യം ചെയ്യേണ്ടതും നടപടി സ്വീകരിക്കേണ്ടതുമാണ്. അതിന് അനുരോധമായി ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ച് എങ്ങനെ മുന്നോട്ടുപോകാൻ കഴിയുമെന്ന് ആലോചിക്കുന്നതാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നാം നേരിടുന്ന പ്രശ്നം സാമ്പത്തിക ലഭ്യതയാണ്. കേന്ദ്ര ഗവൺമെന്റ് ടൂറിസം വികസന പദ്ധതിയുമായി ബന്ധപ്പെട്ട് നിരവധി കാര്യങ്ങൾ ചെയ്യുന്നതായാണ് അറിയാൻ കഴിഞ്ഞത്. നമ്മുടെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രത്തിന്റെ പരിഗണനയിൽ സംസ്ഥാനത്തിന്റെ ഏതെങ്കിലും പ്രോജക്ടുകൾ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; അത്തരത്തിൽ അനുവാദം ലഭിച്ച പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി സമർപ്പിച്ച് അംഗീകാരം ലഭിച്ച ശബരിമല, ഗുരുവായൂർ, ശ്രീപത്മനാഭ സ്വാമി ക്ഷേത്രം എന്നീ പദ്ധതികളുണ്ട്. ഉത്തര മലബാറിലെ നദീതീരങ്ങൾ കേന്ദ്രീകരിച്ച് ഒരു പ്രോജക്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്നുണ്ട്. ചാലക്കുടി, കാലടി, അതിരപ്പിള്ളി പ്രദേശങ്ങൾ ഉൾപ്പെടുന്ന തീർത്ഥാടന ടൂറിസവും കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഇവയ്ക്കെല്ലാം അനുമതി ലഭിക്കുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. മറ്റ് പദ്ധതികൾക്ക് അനുമതിയും ഒന്നാം ഘട്ടത്തിന് പണവും ലഭിച്ചതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കേരളത്തിന്റെ വടക്ക് കാസർഗോഡ് എന്നൊരു ജില്ലയുണ്ട്. സമരവും പ്രക്ഷോഭവും തുടങ്ങാൻ മാത്രമുള്ള ജില്ലയല്ല കാസർഗോഡ്. മറ്റ് ജില്ലകളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ ടൂറിസം സാധ്യതയുള്ള കാസർഗോഡ് ജില്ലയിൽ ടൂറിസം വികസിപ്പിക്കുന്നതിനുവേണ്ടി സർക്കാർ എന്തുചെയ്യാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, വടക്കൻ മലബാറിൽ ടൂറിസം സാധ്യതയുള്ള ഒരു ജില്ല തന്നെയാണ് കാസർഗോഡ്. അവിടെയാണ് ബേക്കൽ കോട്ടയുള്ളതും. ഈ ഗവൺമെന്റ് ഉത്തര മലബാറിന്റെ ടൂറിസം വികസനത്തിന് മുന്തിയ പരിഗണന കൊടുക്കുന്നുണ്ട്. 2017-ൽ അംഗീകരിച്ച പ്രോജക്ടുകളിൽ ഏറിയ പങ്കും ഉത്തര മലബാറിലേതായിരുന്നു. ഉത്തര മലബാറിന്റെ ടൂറിസം വികസനം ഗവൺമെന്റിന്റെ പ്രഖ്യാപിതമായ ലക്ഷ്യമാണ്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, എന്റെ മണ്ഡലത്തിലെ വെളിയം പഞ്ചായത്തിലെ മുട്ടറ മരുതിമല, തെക്കേ ഇൻഡ്യയിലെ ഏറ്റവും നല്ല ടൂറിസം കേന്ദ്രമാക്കി മാറ്റാവുന്നതും നാച്വറലായ ഗ്രാമീണ ഭംഗി ആസ്വദിക്കാൻ സാധിക്കുന്നതുമാണ്. കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് ഒന്നാം ഘട്ടത്തിനായി 35 ലക്ഷം രൂപ അനുവദിക്കുകയും കഴിഞ്ഞ ഗവൺമെന്റ് അതിന്റെ പണി തീർത്തതുമാണ്. എന്നാൽ സാമൂഹ്യ വിരുദ്ധർ അതെല്ലാം പൊട്ടി പ്പൊളിച്ചിരിക്കുകയാണ്. അതിന്റെ രണ്ടാംഘട്ടം കൂടി നടപ്പിലാക്കാൻ ഗവൺമെന്റ്

മുൻകയ്യെടുക്കണം. മുട്ടറ മരുതിമലയും ചടയമംഗലം ജഡായുപ്പാറയും തെന്മല എക്കോ ടൂറിസവും ചേർത്ത് വലിയ പാക്കേജായി മാറ്റണം. അവിടം സന്ദർശിക്കുന്നതിന് ബഹുമാനപ്പെട്ട സ്പീക്കറേയും മന്ത്രിയേയും ക്ഷണിക്കുകയാണ്. അവിടം സന്ദർശിച്ചാൽ ഞാൻ പറയുന്നത് 100 ശതമാനം സത്യമാണെന്ന് ബോദ്ധ്യപ്പെടും. ഈ ഗവൺമെന്റിന്റെ കാലത്ത് ആ പദ്ധതി നടപ്പിലാക്കിത്തരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്; അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ചടയമംഗലത്തെ ജഡായുപ്പാറ ശ്രീ. മുല്ലക്കര രത്നാകരന്റെ മണ്ഡലത്തിലാണ്. ബഹുമാനപ്പെട്ട മെമ്പർ ജഡായുപ്പാറയെക്കുറിച്ച് പരാമർശിച്ചതുകൊണ്ട് ഞാൻ പറഞ്ഞതാണ്. ജഡായുപ്പാറയുടെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. വരുന്ന ഓണക്കാലത്തോടെ തുറന്നുകൊടുക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഒന്നാംഘട്ടം പൂർത്തീകരിച്ച് സാമൂഹ്യ വിരുദ്ധന്മാരെ ഏൽപ്പിച്ചുവെന്ന് പറയുന്നത് എങ്ങനെയാണെന്ന് എനിക്ക് മനസ്സിലായിട്ടില്ല; അത് പരിശോധിക്കേണ്ടതാണ്. അവിടത്തെ വികസനത്തെ സംബന്ധിക്കുന്ന ഒരു പ്രോജക്ട് ബഹുമാനപ്പെട്ട അംഗം ഗവൺമെന്റിന് സമർപ്പിച്ചാൽ നിശ്ചയമായും നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, എറണാകുളം ജില്ലയിലെ പെരുമ്പാവൂർ വളരെയധികം ടൂറിസം സാധ്യതയുള്ള പ്രദേശമാണ്. കേരളത്തിൽ ആനകളുടെ അറിയപ്പെടുന്ന ദുർഗുണപരിഹാര പാഠശാല കോടനാടാണ്. എന്നാൽ അതിപ്പോൾ കാപ്രിക്കാടിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. തിരുവിതാംകൂർ മഹാരാജാവിന്റെ കാലത്ത് ആരംഭിച്ച ആനക്കളരി ഇന്ന് ഒഴിഞ്ഞുകിടക്കുകയാണ്. അവിടെ ആനകളുടെയും മറ്റ് മൃഗങ്ങളുടെയും ഫോസിൽ സ്ഥാപിക്കുന്നതടക്കമുള്ള ടൂറിസം സാധ്യതകൾ പരിശോധിക്കുമോ; അതിനുവേണ്ട കാര്യങ്ങൾ ചെയ്യുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ടൂറിസം വികസനത്തിന്റെ സാധ്യതകൾ പരിശോധിക്കാം.

മി. സ്പീക്കർ: ചോദ്യം നമ്പർ *32. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി.

(വൈദ്യുതി വകുപ്പുമന്ത്രി മറുപടി പറയാൻ എഴുന്നേറ്റ ഉടൻ പ്രതിപക്ഷാംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിൽനിന്നും എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്താൻ തുടങ്ങി.)

## കായംകുളം താപനിലയത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട കരാർ വ്യവസ്ഥകൾ

2 (* 32) ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. വി. ജോയി:
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) എൻ.ടി.പി.സി.-യുടെ ഉടമസ്ഥതയിലുള്ള കായംകുളം താപനിലയത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയിട്ടുള്ള കരാറിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനം കടുത്ത വൈദ്യുതി പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ പോലും ഈ വൈദ്യുതോല്പാദന സ്ഥാപനം സംസ്ഥാനത്തിന് പ്രയോജന പ്രദമാകാതെ പോയതിന്റെ കാരണങ്ങൾ എന്താണ്; വൈദ്യുതി വാങ്ങാത്ത സാഹചര്യത്തിലും നൽകേണ്ട സ്ഥിരം ചെലവ് എത്രയാണ്; ഈ താപ വൈദ്യുതോല്പാദന നിലയം സൗരോർജ്ജോല്പാദനത്തിന് താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ കമ്പനി മുന്നോട്ടുവച്ചിട്ടുള്ള വ്യവസ്ഥകളും നിർദ്ദേശങ്ങളും അറിയിക്കാമോ;

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അധീനതയിലുള്ള ജലസംഭരണികളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുതോല്പാദനത്തിനുള്ള പ്രായോഗിക സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ,

(എ) കേന്ദ്ര സർക്കാർ സ്ഥാപനമായ എൻ.ടി.പി.സി.യുടെ ഉടമസ്ഥതയിലുള്ള 359.58 മെഗാവാട്ട് ശേഷിയുള്ള കായംകുളം താപനിലയത്തിൽ നിന്നുള്ള വൈദ്യുതി വാങ്ങുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.യും എൻ.ടി.പി.സി.യും തമ്മിൽ 5 വർഷ കാലാവധിയുള്ള ഒരു പവർ പർച്ചേസ് എഗ്രിമെന്റ് 6-1-1995-ൽ ഒപ്പു വച്ചിരുന്നു. ഈ കരാർ പ്രകാരം ഈ നിലയത്തിൽനിന്നും ലഭിക്കുന്ന വൈദ്യുതിയുടെ വില ഫിക്സഡ് ചാർജ്ജ്, വേരിയബിൾ ചാർജ്ജ് എന്നീ രണ്ട് ഘടകങ്ങൾ ചേർന്നതാണ്. വൈദ്യുതി ആവശ്യമില്ലാത്ത സാഹചര്യത്തിലും നിലയം നിലനിർത്തിക്കൊണ്ടുപോകുന്നതിന് ചെലവാകുന്ന തുകയും നിലയം പ്രവർത്തനക്ഷമമാക്കി നിർത്തുന്നതിനുള്ള ചാർജ്ജും ചേർന്നതാണ് ഫിക്സഡ് ചാർജ്ജ്. വേരിയബിൾ ചാർജ് ഇന്ധനത്തിന്റെ വില ആണ്. പിന്നീട് പല ഘട്ടങ്ങളിലായി ഈ കരാർ 28-02-2013 വരെ ദീർഘിപ്പിക്കുകയുണ്ടായി. തുടർന്ന് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ടി ഉടമ്പടി 1-3-2013 മുതൽ 12 വർഷക്കാലത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചിട്ടുണ്ട്.

1. 1-3-2013 മുതൽ 5 വർഷത്തിനുശേഷം കായംകുളം താപനിലയത്തിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ലാഭനഷ്ടങ്ങൾ കണക്കിലെടുത്ത് ഈ നിലയം ഉൽപ്പാദന പട്ടികയിൽ ഉൾപ്പെടുത്താതിരിക്കുന്നതിനുള്ള അവകാശം കെ.എസ്.ഇ.ബി.ക്ക് ആയിരിക്കും.

2. നാഫ്തയ്ക്ക് പകരം മറ്റു ലാഭകരമായ ഇന്ധനങ്ങൾ കൂടി ഉപയോഗിക്കുന്ന വിധം യന്ത്രസാമഗ്രികളിൽ എൻ.ടി.പി.സി. മാറ്റം വരുത്തേണ്ടതാണ്.

3. കൊച്ചിയിൽ നിന്നും കായംകുളത്തേയ്ക്ക് പ്രകൃതി വാതകം കൊണ്ടു വരുന്നതിന് 'ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ' പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതാണ്.

4. ടി നിലയത്തിന്റെ പ്രവർത്തനത്തിനായി ആഭ്യന്തര പ്രകൃതി വാതകം ലഭിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിനെ സമീപിക്കേണ്ടതാണ്. ഇത് ലഭ്യമാകുന്നതുവരെ വാതക രൂപത്തിലേയ്ക്ക് മാറ്റിയ ദ്രവീകരണ പ്രകൃതി വാതകം സ്വായത്തമാക്കേണ്ടതാണ്.

(ബി) കായംകുളം താപനിലയത്തിൽ നാഫ്ത എന്ന ഇന്ധനം ഉപയോഗിച്ചാണ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത്. കരാറിന്റെ പ്രാരംഭ കാലഘട്ടങ്ങളിൽ നാഫ്തയുടെ വില വളരെക്കുറവ് ആയതിനാൽ ഇതിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ആദായകരമായിരുന്നു. (യൂണിറ്റിന് 3 രൂപ). എന്നാൽ നാഫ്തയുടെ വില ക്രമാതീതമായി വർദ്ധിച്ചതുകാരണം ഇവിടെ നിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതി ലാഭകരമല്ലാതായിത്തീരുകയും വൈദ്യുതി പ്രതിസന്ധി ഉള്ള സാഹചര്യങ്ങളിൽ മാത്രം ടി നിലയത്തിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുകയും ചെയ്തിരുന്നു. നാഫ്തയുടെ വില ഇപ്പോൾ വളരെ കൂടുതൽ ആയതിനാൽ ഇവിടെ നിന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നിരക്ക് 7 രൂപയ്ക്ക് മുകളിലാണ്. ഇക്കാരണത്താൽ കഴിഞ്ഞ വർഷങ്ങളിൽ ഈ നിലയത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിച്ചിരുന്നില്ല. സംസ്ഥാനത്തിന് പുറത്തുനിന്ന് കുറഞ്ഞ വിലയ്ക്ക് വൈദ്യുതി ലഭിക്കുന്ന സാഹചര്യത്തിൽ അത് ലഭ്യമാക്കി വൈദ്യുതി പ്രതിസന്ധി നേരിടാനാണ് കെ.എസ്.ഇ.ബി.എൽ. ശ്രമിക്കുന്നത്. അതുകൊണ്ടാണ് കായംകുളം നിലയത്തിൽ നിന്നുള്ള വൈദ്യുതി ഉപയോഗിക്കാൻ സാധിക്കാത്തതും ഈ നിലയത്തിനെ സംസ്ഥാനത്തിന് പ്രയോജനപ്രദമാക്കാൻ സാധിക്കാത്തതും.

വൈദ്യുതി വാങ്ങാത്ത സാഹചര്യത്തിലും നൽകേണ്ടി വരുന്ന സ്ഥിരം ചെലവ് (ഫിക്സഡ് ചാർജ്) 2014-19 കാലയളവിൽ പ്രതിവർഷം ശരാശരി 299 കോടി രൂപയാക്കി കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ താരിഫ് ഓർഡറിലൂടെ നിശ്ചയിച്ചെങ്കിലും കെ.എസ്.ഇ.ബി.എൽ. പ്രതിവർഷം പഴയ നിരക്കായ 207.13 കോടി രൂപയാണ് നൽകിവരുന്നത്. ആയത് പ്രതിമാസം 17.26 കോടി രൂപ വരും.

എൻ.ടി.പി.സി.-യുടെ കായംകുളം താപനിലയം സൗരോർജ്ജോല്പാദനത്തിന് താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. 170 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പദ്ധതിക്കാണ് ടി കമ്പനി താൽപ്പര്യം അറിയിച്ചിട്ടുള്ളത്. തത്വാധിഷ്ഠിത അംഗീകാരം ലഭിച്ചതിനുശേഷം കെ.എസ്.ഇ.ബി.എൽ.-മായി വൈദ്യുതി വാങ്ങാനുള്ള കരാറിൽ ഏർപ്പെടുവാനാണ് എൻ.ടി.പി.സി. താൽപ്പര്യം പ്രകടിപ്പിച്ചിട്ടുള്ളത്.

(സി) ഉണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അധീനതയിലുള്ള ബാണാസുരസാഗർ ജലസംഭരണിയിൽ 10KWp ശേഷിയുള്ള ജലോപരിതലത്തിൽ പൊങ്ങിക്കിടക്കുന്ന സൗര വൈദ്യുത നിലയം പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ച് വിജയകരമായി പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ ടി ജല സംഭരണിയിൽത്തന്നെ 0.500 Kwp ശേഷിയുള്ള ജലോപരിതലത്തിൽ പൊങ്ങിക്കിടക്കുന്ന മറ്റൊരു സൗര വൈദ്യുത നിലയത്തിന്റെ നിർമ്മാണവും പുരോഗമിച്ചുവരുന്നു.

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവിന്റെ മണ്ഡലത്തിലാണ് എൻ.ടി.പി.സി. സ്ഥിതിചെയ്യുന്നത്. കായംകുളം താപ വൈദ്യുതനിലയം എന്ന പേര് മാത്രമാണ് അതിനുള്ളത്. കേരളത്തിന് മൊത്തത്തിൽ ആവശ്യമായ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുവേണ്ടി ഒരു സ്വപ്ന പദ്ധതിയായി കൊണ്ടുവന്ന ഒന്നാണത്. പ്രതിപക്ഷനേതാവിന്റെ മണ്ഡലത്തിലുള്ള ആ താപനിലയത്തെപ്പറ്റി കേൾക്കാൻപോലും പ്രതിപക്ഷം തയ്യാറാകുന്നില്ല എന്നത് വിരോധാഭാസമായി തോന്നുകയാണ്. കെ.എസ്.ഇ.ബി.-യും എൻ.ടി.പി.സി.-യുമായി ഒരു കരാർ ഒപ്പിട്ടിട്ടുണ്ട്. ആ കരാറിലെ പല കാര്യങ്ങളും പാലിക്കപ്പെടാൻ കഴിയുന്നില്ല. ഈ കരാറിനെ ലാഭകരമായി മാറ്റിയെടുക്കാൻ ഗവൺമെന്റിന് സാധിക്കുമോ എന്നതാണ് എന്റെ ചോദ്യം?

<u>ശ്രീ. എം. എം. മണി</u>: സർ, കായംകുളം എൻ.ടി.പി.സി. താപനിലയത്തിന് വൈദ്യുതി എടുക്കാതെ തന്നെ പ്രതിവർഷം 300 കോടിയോളം രൂപ നൽകേണ്ടി വരുന്നുണ്ട്. ഈ സാഹചര്യത്തിൽ ടി നിലയം വിലയ്ക്ക് വാങ്ങുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ട്. അത് സംബന്ധിച്ച് കേന്ദ്ര സർക്കാർ, എൻ.ടി.പി.സി. എന്നിവരുമായി സംസ്ഥാന ഗവൺമെന്റ് ചർച്ചചെയ്ത് തീരുമാനിക്കേണ്ടതാണ്. താപനിലയം വിലയ്ക്കെടുത്താൽ അത് ലാഭകരമായിരിക്കുമോയെന്നും സംസ്ഥാന താൽപ്പര്യത്തിന് എത്രത്തോളം അത് ഗുണകരമായിരിക്കുമെന്നും പഠനം നടത്തേണ്ടതുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ അത്തരമൊരു തീരുമാന മെടുക്കാൻ കഴിയുകയുള്ളൂ.

ശ്രീമതി യു. പ്രതിഭ ഹരി: സർ, പ്രകൃതി വാതകത്തിന്റെ സാധ്യതയെ സംബന്ധിച്ച് വലിയ രീതിയിൽ ചർച്ച ചെയ്യുന്നുണ്ട്. പ്രതിപക്ഷനേതാവിന്റെ മണ്ഡലത്തിലുള്ള ഒരു പദ്ധതിയാണിത്. അക്കാര്യത്തെക്കുറിച്ച് കേൾക്കാനുള്ള ക്ഷമയെങ്കിലും ബഹുമാനപ്പെട്ട പ്രതിപക്ഷം കാണിക്കണം എന്ന ഒരഭ്യർത്ഥന കൂടിയുണ്ട്. പ്രകൃതി വാതകം ഇങ്ങോട്ട് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ എത്രത്തോളം മുന്നോട്ടുപോയിട്ടുണ്ട്; കായംകുളം താപവൈദ്യുത നിലയത്തെ ലാഭകരമായി കൊണ്ടുവരാൻ കഴിയുമോ; ഏകദേശം 299 കോടി രൂപ സംസ്ഥാന ഗവൺമെന്റിന് വെറുതെ നഷ്ടമാവുകയാണ്. ഇത് സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്ത് ലാഭത്തിലാക്കാൻ ശ്രമിച്ചുകൂടേ?

(ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയാൻ എഴുന്നേറ്റപ്പോൾ പ്രതിപക്ഷാംഗങ്ങൾ ശാന്തരായി സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരായി.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കായംകുളം താപവൈദ്യുത നിലയം എന്നത് കേരളമാകെ ഒരു കാലത്ത് വലിയ പ്രതീക്ഷ വച്ച പദ്ധതിയാണ്. അങ്ങനെയാണ് വലിയ സമ്മർദ്ദങ്ങൾക്കുശേഷം അത് പ്രാവർത്തികമായത്. അതിനുശേഷം വന്ന ഒരു പ്രശ്നം, അവിടെ ഉത്പാദിപ്പിക്കുന്ന വൈദ്യുതിക്ക് വലിയ വില കൊടുക്കേണ്ടി വരുന്നുവെന്നുള്ളതാണ്. അതിന്റെ ഇന്ധനവുമായി ബന്ധപ്പെട്ട പ്രശ്നം കൊണ്ടാണത്. എന്നാൽ അതിനുള്ള പരിഹാരം എൽ.എൻ.ജി.-യിൽ ഇത് വർക്ക് ചെയ്യിക്കുക എന്നതായിരുന്നു. എൽ.എൻ.ജി. ലൈനിടൽ പ്രക്രിയ ചില പ്രശ്നങ്ങൾ ഉണ്ടായതിനാൽ പൂർത്തിയാകാതിരിക്കുകയാണ് ചെയ്തത്. ഈ നിലയം എൻ.ടി.പി.സി.-ക്ക് തന്നെ സാധാരണ നിലയിൽ പ്രവർത്തിപ്പിക്കാൻ കഴിയേണ്ടതാണ്. എൻ.ടി.പി.സി. യുമായി ചർച്ച ചെയ്ത് എൽ.എൻ.ജി. ലൈനിടൽ പ്രാവർത്തികമാക്കാൻ കഴിയുമോ എന്നത് ഗൗരവമായി ആലോചിക്കേണ്ട വിഷയമാണ്. അതായിരിക്കും അതിനുള്ള പരിഹാരമാർഗ്ഗം എന്നാണ് പറയാനുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ രമേശ് ചെന്നിത്തല): സർ, എന്റെ നിയോജക മണ്ഡലത്തിലാണ് കായംകുളം എൻ.ടി.പി.സി. പ്രവർത്തിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് നൂറ് ശതമാനം ശരിയാണ്. കഴിഞ്ഞ എട്ടുപത്തുവർഷമായി യാതൊരു പ്രവർത്തനവും അവിടെ നടക്കുന്നില്ല. സംസ്ഥാന ഗവൺമെന്റ് ഓരോ വർഷവും കോടിക്കണക്കിന് രൂപ അവിടെ കൊടുക്കുകയാണ്. ഒന്നുകിൽ എൽ.എൻ.ജി കൊണ്ട് ഇത് നടപ്പാക്കുക, അല്ലെങ്കിൽ സംസ്ഥാന ഗവൺമെന്റ് ഇത് ഏറ്റെടുത്ത് നടപ്പാക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം.

ശ്രീ. പിണറായി വിജയൻ: സർ, സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കണമെന്നു പറയുമ്പോൾ ഉണ്ടാകുന്ന ചില പ്രശ്നങ്ങളുണ്ട്. ഇന്ത്യയിൽ ഏറ്റവും നല്ല രീതിയിൽ വൈദ്യുത പദ്ധതി നടപ്പാക്കുന്ന ഒരു ഏജൻസിയാണ് എൻ.ടി.പി.സി. അവർക്ക് ഇന്ധനം ലഭിക്കാത്തതാണ് പ്രശ്നം. കൊച്ചിയിൽ എൽ.എൻ.ജി ടെർമിനൽ ഉണ്ടാകുന്നതോടെ സാധാരണ ഗതിയിൽ ഇന്ധനം അവിടെനിന്നും കായംകുളത്തേയ്ക്ക് എത്തിക്കാൻ കഴിയും. അതിനുണ്ടായ പ്രയാസം എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നതാണ് സ്വാഭാവികമായും ആലോചിക്കേണ്ടത്. എൻ.ടി.പി.സി. യുടേയോ സംസ്ഥാന ഗവൺമെന്റിന്റെയോ, ആരുടെ കയ്യിലായാലും ഇന്ധനം അവിടെ എത്തിയേ തീരൂ. ഇന്ധനം എത്തിക്കുന്നതിനാണ് പ്രായോഗികമായി മുൻതൂക്കം കൊടുക്കേണ്ടത്. എല്ലാവരും യോജിച്ചുകൊണ്ട് ഒരു നിലപാട് സ്വീകരിച്ച്, അതിനെതിരെ ഉയരുന്ന പ്രശ്നങ്ങൾ അത്രകണ്ട് അപകടം വരുത്തുന്നില്ല എന്ന് ബോദ്ധ്യപ്പെടുത്തി കൊണ്ടുവരേണ്ടതായിട്ടുണ്ട്, അതാണാവശ്യം.

ശ്രീ. ഇ. പി. ജയരാജൻ: സർ, വൈദ്യുതി ഇന്ന് ജനങ്ങളുടെ ഒരു അവശ്യ വസ്തുവായി മാറിക്കഴിഞ്ഞിരിക്കുകയാണ്. വൈദ്യുതി ഉല്പാദനരംഗത്ത് കേരളം വളരെ പിന്നിലാണ്. ഏറ്റവും ലാഭകരമായി പ്രവർത്തിപ്പിക്കാവുന്നത് ഹൈഡ്രോ പ്രോജക്ടാണ്. ചുരുങ്ങിയ ചെലവിൽ കൂടുതൽ വൈദ്യുതി ഉത്പാദിപ്പിക്കാൻ സാധിക്കും. പക്ഷെ പല കാരണങ്ങളാൽ നമുക്ക് അതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല. അപ്പോഴാണ് എൻ.ടി.പി.സി.-യിൽ പ്രതീക്ഷയുണ്ടാകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ നാഫ്ത ഉപയോഗിച്ച് വൈദ്യുതി ഉത്പാദനം നടത്തി, ആദ്യഘട്ടത്തിൽ അത് ലാഭകരമായിരുന്നു. ഇപ്പോൾ നാഫ്തയും ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യമായി. ഇനി ഇപ്പോഴുള്ളത് എൽ.എൻ.ജി.-യുടെ പ്രശ്നമാണ്. കേരളത്തിനാവശ്യമായ വൈദ്യുതിയുടെ മൂന്നിലൊന്ന് വൈദ്യുതി മാത്രമേ ഇപ്പോൾ നമുക്ക് ഉത്പാദിപ്പിക്കാൻ സാധിക്കുന്നുള്ളൂ. അത്തരമൊരു സാഹചര്യത്തിൽ ലാഭകരമല്ലെങ്കിൽപ്പോലും സോളാർ എനർജി ഉപയോഗപ്പെടുത്താൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതാണ്. സൗരോർജ്ജ വൈദ്യുതിയുടെ സാധ്യതയും പരിശോധിക്കപ്പെടേണ്ടതാണെന്ന തരത്തിലുള്ള ഒരു പ്രഖ്യാപനവും എൻ.ടി.പി.സി.-യുടെതായിട്ടു കണ്ടു. അത്തരമൊരു സംരംഭം ആരംഭിക്കുന്നതിനുള്ള നടപടി ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകുമോ; അതിനുള്ള നടപടി സ്വീകരിക്കുമോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. എം. എം. മണി : സർ, വിവിധ കേന്ദ്രങ്ങളിൽനിന്ന് സൗരോർജ്ജ വൈദ്യുതി ഉത്പാദനത്തെ സംബന്ധിച്ച് ധാരാളം നിർദ്ദേശങ്ങൾ വരുന്നുണ്ട്. ജലവൈദ്യുതിയുമായി താരതമ്യപ്പെടുത്തുമ്പോൾ വലിയ വിലയാണ് സോളാർ വൈദ്യുതിക്ക് കൊടുക്കേണ്ടി വരുന്നത്. എങ്കിലും ഇപ്പോൾ സംസ്ഥാന വൈദ്യുതി ബോർഡ് സൗരോർജ്ജ വൈദ്യുതി ഉത്പാദിപ്പിക്കുന്ന സംവിധാനം വിപുലീകരിക്കുന്നതിനുള്ള പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. 2 മെഗാവാട്ടിന്റെ ഒരു വൈദ്യുതി നിലയം ഈ അടുത്ത കാലത്ത് ഉത്ഘാടനം ചെയ്തു. കണ്ണൂരും മറ്റ് മേഖലകളിലും ഇത് വിപുലീകരിക്കാനുള്ള സാധ്യതയുണ്ടോയെന്ന് പഠനം നടത്തേണ്ടതുണ്ട്. കായംകുളത്തിന്റെ കാര്യത്തിൽ ആവശ്യമായ ഭൂമിയുണ്ട്. ആ സാധ്യത ഉപയോഗപ്പെടുത്താൻ പറ്റുമോയെന്ന് നോക്കുന്നുണ്ട്. രാമക്കൽമേട്ടിലുള്ള 300 ഏക്കർ ഭൂമിയിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി പുതിയ സ്ഥാപനം ആരംഭിക്കാൻ കഴിയുമോ എന്ന കാര്യവും അവിടെ അത് എത്രമാത്രം വിപുലീകരിച്ച് നടത്താനുള്ള സാധ്യതയുണ്ടെന്നും ബോർഡ് പരിശോധിക്കുന്നുണ്ട്. നമുക്ക് ഏറ്റവും അധികം വൈദ്യുതി വേണ്ടിവരുന്നത് വൈകുന്നേരങ്ങളിലാണ്. ആ ഘട്ടത്തിൽ സോളാറിന്റെ വൈദ്യുതി ലഭിക്കുകയില്ല. അത് ബാറ്ററി ഉപയോഗിച്ച് സ്റ്റോർ ചെയ്താൽ ചെലവുകൂടും. അതുകൊണ്ട് ആ രംഗത്ത് പുതിയ സാധ്യതകൾ ഉപയോഗപ്പെടുത്താൻ ബോർഡ് ലക്ഷ്യമിടുന്നുണ്ട്. കാറ്റിൽനിന്നുള്ള വൈദ്യുതി ഉത്പാദനം വിപുലീകരിക്കാനുള്ള പരിപാടിയുമുണ്ട്. ചെറുതാണെങ്കിലും ജലവൈദ്യുത പദ്ധതിയുടെ സാധ്യത ഉപയോഗപ്പെടുത്തുകയെന്ന ലക്ഷ്യവും ബോർഡിനുണ്ട്. പ്രത്യേകിച്ചും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിർമ്മാണം നിർത്തിവച്ചിരുന്ന പള്ളിവാസൽ അടക്കമുള്ള പദ്ധതികളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള സ്കീമും ആലോചനയിലുണ്ട്.

ശ്രീ. വി. ജോയിക്കുവേണ്ടി ശ്രീ. ആർ. രാജേഷ് : സർ, സോളാർ പദ്ധതി സ്ഥാപിക്കാനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കാമെന്ന് എൻ.ടി.പി.സി. സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ എന്നതാണ് എന്റെ ചോദ്യം. കഴിഞ്ഞകാല കണക്കുകൾ പരിശോധിച്ചാൽ എൻ.ടി.പി.സി.യിൽ നിന്ന് കേവലം 26 ശതമാനം വൈദ്യുതി മാത്രമാണ് നമുക്ക് വാങ്ങാൻ കഴിഞ്ഞിട്ടുള്ളത്. ഏതാണ്ട് 3045 കോടി രൂപ ഈ കാലഘട്ടത്തിൽ എൻ.ടി.പി.സി.ക്ക് നൽകിയിട്ടുണ്ട്. ആ ഒരു സാഹചര്യം നിലനിൽക്കുമ്പോഴാണ് ഒരു സപ്ലിമെന്ററി കരാർ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒപ്പുവച്ചതായി കാണുന്നത്. ഓരോ വർഷവും ഫിക്സഡ് ചാർജ്ജുൾപ്പടെ 3045 കോടി രൂപ അടച്ചുകഴിഞ്ഞിട്ടും വൈദ്യുതി വാങ്ങുന്നത് കുറവായിട്ടും പ്രതിവർഷം 299 കോടി രൂപ എൻ.ടി.പി.സി.-ക്ക് നൽകേണ്ട ഒരു സാഹചര്യമുണ്ട്. അത്തരമൊരു സാഹചര്യം ഒഴിവാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ; ആ പണം ആവശ്യമില്ലാതെ നൽകുന്നതാണ്. അത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എം. മണി: സർ, 2018-ൽ എൻ.ടി.പി.സി.-യുമായുള്ള കരാർ പ്രകാരം ലാഭനഷ്ടം നോക്കി പുനഃപരിശോധന നടത്താവുന്നതാണ്. പ്രതിവർഷം കൊടുക്കേണ്ടിവരുന്ന 299 കോടി രൂപ കുറച്ചുതരണം, ബോർഡിന് താങ്ങാനാവില്ലെന്ന് പറഞ്ഞ് കേന്ദ്ര ഗവൺമെന്റിൽ നിവേദനം നൽകിയപ്പോൾ സംസ്ഥാന ഗവൺമെന്റ് ഈ നിലയം വാങ്ങണം എന്നൊരു നിർദ്ദേശം വച്ചിട്ടുണ്ട്. ഗവൺമെന്റും ബോർഡും വളരെ ഗൗരവമായി ആലോചിച്ചതിനുശേഷം മാത്രമേ അതുസംബന്ധിച്ച് എന്തെങ്കിലും ചെയ്യാൻ സാധിക്കുകയുള്ളൂ. ഇത്രയും പണം തരുന്നതിനുപകരം 500 കോടി രൂപ എൻ.ടി.പി.സി.-ക്ക് നൽകി പ്രശ്നം അവസാനിപ്പിക്കണമെന്നാണ് കേന്ദ്ര ഊർജ്ജ വകുപ്പുമന്ത്രി നിർദ്ദേശമെന്ന നിലയിൽ വച്ചത്. പക്ഷെ അതിന്റെ എല്ലാ വശവും പരിശോധിച്ച് അങ്ങനെ ചെയ്താൽ സംസ്ഥാനത്തിന് എന്തെങ്കിലും ഗുണമുണ്ടാകുമോ എന്ന് പരിശോധിച്ചു മാത്രമേ അതുസംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. അത് ഗവൺമെന്റ് ആലോചിക്കണം. ബോർഡിനും ആ നിലയിൽ ചിന്തിച്ചു മാത്രമേ അതിന്റെമേൽ നടപടി സ്വീകരിക്കാൻ കഴിയൂ എന്നാണ് പറയാനുള്ളത്.

ശ്രീ. എം. നൗഷാദ്: സർ, കേരളത്തിലെ ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസുകളിൽ ഉപഭോക്താക്കളുടെ എണ്ണം പതിനായിരം മുതൽ മുപ്പത്തി അയ്യായിരംവരെയാണ്. പക്ഷെ എല്ലാ ഓഫീസുകളിലേയും സ്റ്റാഫ് പാറ്റേൺ ഏകദേശം തുല്യമാണ്. പതിനായിരമുള്ള സ്ഥലത്തും മുപ്പത്തി അയ്യായിരമുള്ള സ്ഥലത്തും ജീവനക്കാരുടെ എണ്ണം തുല്യമാണ്. ഇവരെ വച്ചുകൊണ്ട് ഉപഭോക്താക്കൾക്ക് സംതൃപ്തി നൽകാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. അത് പുനഃക്രമീകരിക്കുന്നതിനോ ഉപഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച് ഓഫീസുകൾ വിഭജിക്കുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; അതുപോലെ ഇപ്പോൾ വർദ്ധിപ്പിച്ച വൈദ്യുതിചാർജ് സാധാരണക്കാരനെ ബാധിക്കുന്നതാണോ; അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ശ്രീ. എം. എം. മണി: സർ, പുതിയ സബ് സ്റ്റേഷനുകളെ സംബന്ധിച്ച് നിരവധി നിർദ്ദേശങ്ങൾ വരുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 30 പുതിയ സബ് സ്റ്റേഷനുകൾ സ്ഥാപിച്ചെങ്കിലും അതിനനുസരിച്ച് ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടില്ല. ജീവനക്കാരില്ല എന്ന ഒരു സ്ഥിതിയുണ്ട്. നിരവധി കേന്ദ്രങ്ങളിൽ പുതിയ സബ് സ്റ്റേഷനുകൾ സ്ഥാപിക്കണമെന്ന നിവേദനവും ബോർഡിന് ലഭിക്കുന്നുണ്ട്. അതെല്ലാം വിശദമായ പഠനത്തിനുശേഷം മാത്രമേ നടത്താൻ കഴിയുകയുള്ളൂ. പുതിയ സബ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനനുസരിച്ച് ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതാണ്. റെഗുലേറ്ററി കമ്മീഷൻ അതിന് സമ്മതിക്കാത്ത സ്ഥിതിയുണ്ട്. ജീവനക്കാരുടെ എണ്ണം കൂടുതലാണെന്ന വിലയിരുത്തലാണ് റെഗുലേറ്ററി കമ്മീഷനുള്ളത്. അതുകൊണ്ട് അതിന്റെ നാനാവശങ്ങൾ പരിശോധിച്ചുമാത്രമേ പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഇലക്ട്രിസിറ്റി ബോർഡിൽ ട്രാൻസ്ഫോമറിന് 5 ലക്ഷം രൂപമുതൽ 6 ലക്ഷം രൂപവരെ കെട്ടിവച്ചാലും സേവനം ലഭിക്കണമെങ്കിൽ ഒരു വർഷത്തോളം കാത്തിരിക്കേണ്ട അവസ്ഥയുണ്ട്. ഇതിന് മാറ്റം വരുത്താൻ എന്തെങ്കിലും നടപടി ഇലക്ട്രിസിറ്റി ബോർഡിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. എം. എം. മണി: സർ, അത്തരം കാര്യങ്ങളെക്കുറിച്ച് പഠനം നടത്തി തീരുമാനമെടുക്കാവുന്നതാണ്. അതുസംബന്ധിച്ച് കൂടുതൽ പഠനം ബോർഡ് നടത്തേണ്ടതുണ്ട്. അതിനുശേഷം തീരുമാനങ്ങളെടുക്കാവുന്നതാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കായംകുളം താപനിലയത്തിന്റെ ചുറ്റുപാടുമുള്ള സ്ഥലത്ത് സോളാർ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിന് ഒരു പ്രൊപ്പോസൽ തന്നുവെന്ന് മാധ്യമങ്ങളിലൂടെ അറിയാൻ കഴിഞ്ഞു. അത് യാഥാർത്ഥ്യമാണോ; മാത്രമല്ല, വേനൽക്കാലത്താണ് ഏറ്റവും കൂടുതലായി വൈദ്യുതി ആവശ്യം വരുന്നത്. വേനൽക്കാലത്ത് കല്ലട ഇറിഗേഷൻ അടക്കമുള്ള കനാലുകളാണ് തുറന്നുവിടുന്നത്. പല രാജ്യങ്ങളിലും ഇങ്ങനെ വെള്ളം തുറന്നുവിടുന്ന കനാലുകളിൽ ഓരോ 100 മീറ്ററിലും ചവിട്ടുചക്രം പോലുള്ള ജനറേറ്ററുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്. ഒഴുകുന്ന വെള്ളത്തിൽ ഇത് കറങ്ങിക്കൊണ്ടിരിക്കും. ഇങ്ങനെ അടുത്തടുത്ത് 100-200 മീറ്റർ ഗ്യാപ്പിൽ ജനറേറ്ററുകൾ വച്ചുകൊണ്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതികൾ കൊണ്ടുവന്ന് പരിസ്ഥിതി ദുർബല പ്രദേശങ്ങളെ ആക്രമിക്കാതെ വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കാൻ സാധിക്കും. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിന്റെ ഗ്യാലറി ഇന്ന് പരസ്യത്തിന് ഉപയോഗിക്കുകയാണ്. അവിടെ സൗരോർജ്ജ പാനലുകൾകൊണ്ട് ഒരു കനോപ്പി നിർമ്മിച്ചാൽ തണലും ലഭിക്കും പകൽ സമയം വൈദ്യുതി ഉത്പാദിപ്പിക്കാനും കഴിയും. അത്തരത്തിൽ പദ്ധതികൾ ഉപയോഗപ്പെടുത്തി വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ നടപടിയെടുക്കുമോ?

ശ്രീ. എം. എം. മണി: സർ, അതിന്റെ സാധ്യതകളെ സംബന്ധിച്ച് വിശദമായ പഠനം നടത്തിയാൽ മാത്രമേ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. അതിന്റെ സാങ്കേതികവിദ്യയെക്കുറിച്ചും അങ്ങനെ ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി ലാഭകരമാകുമോ എന്ന കാര്യവും പരിശോധിക്കണം. വൈദ്യുതി ഉത്പാദിപ്പിച്ചാൽ ഉപഭോക്താക്കൾക്ക് കൊടുക്കുന്നതോടൊപ്പം വിറ്റഴിക്കേണ്ടതുമുണ്ട്. അല്ലെങ്കിൽ വലിയ ബാധ്യത വരും. വലിയ വില വർദ്ധന വന്നാൽ അത് വിറ്റഴിക്കാൻ കഴിയില്ല. ഇൻഡ്യയിൽ കുറഞ്ഞ നിരക്കിൽ വൈദ്യുതി സുലഭമായി കിട്ടാനുള്ള സാഹചര്യവുമുണ്ട്. കുറഞ്ഞ നിരക്കിൽ വൈദ്യുതി കിട്ടാനുള്ളപ്പോൾ ഇവിടെ ഉത്പാദിപ്പിക്കുന്ന വൈദ്യുതിക്ക് വില കൂടുതൽ കൊടുക്കേണ്ടിവരുന്നത് പ്രതിസന്ധി സൃഷ്ടിക്കും. അതുകൊണ്ട് അതിന്റെ എല്ലാ വശവും പഠിച്ചതിനുശേഷം മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ.

മി. സ്പീക്കർ: നിയമസഭാ സമുച്ചയം സമ്പൂർണ്ണമായും സോളാർ എനർജി കൊണ്ട് പ്രവർത്തിപ്പിക്കുന്നതു സംബന്ധിച്ച് ഒരാലോചന നടക്കുന്നുണ്ട്.

## എസ്.ബി.ടി.-യെ എസ്.ബി.ഐ-യിൽ ലയിപ്പിച്ചതിനെത്തുടർന്ന് സാമ്പത്തിക മേഖലയിലുണ്ടായ മാറ്റങ്ങൾ

3 (*33) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എസ്.ബി.ഐ.-യിൽ ലയിപ്പിച്ചതിനെ തുടർന്ന് സംസ്ഥാനത്ത് സാമ്പത്തിക മേഖലയിൽ എന്തൊക്കെ മാറ്റങ്ങളാണ് വന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) കേരളത്തിന്റെ ഗ്രാമീണ മേഖലയെ താങ്ങിനിർത്തിയിരുന്ന എസ്.ബി.ടി.-യുടെ വായ്പാ മുൻഗണനയും കോർപ്പറേറ്റ് വായ്പകൾക്ക് പ്രാമുഖ്യം നൽകുന്ന എസ്.ബി.ഐ.-യുടെ വായ്പാ മുൻഗണനയും പരിഗണിക്കുമ്പോൾ സംസ്ഥാനത്തിന്റെ വായ്പാ മേഖലയിൽ പ്രത്യേകിച്ചും ചെറുകിട വായ്പകളുടെ മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് പുതിയ സംവിധാനത്തിൽ പ്രതീക്ഷിക്കുന്നത്;

(സി) എസ്.ബി.ടി. ലയിക്കുന്നതോടുകൂടി സംസ്ഥാനത്ത് ബാങ്കിംഗ് മേഖലയിൽ എത്രമാത്രം തൊഴിൽ നഷ്ടമുണ്ടാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) 2017 ഏപ്രിൽ മാസം 1-ാം തീയതി മുതൽ പ്രാബല്യം നൽകിയാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ അടക്കമുള്ള 5 പൊതുമേഖലാ ബാങ്കുകളെ ഭാരതീയ സ്റ്റേറ്റ് ബാങ്കിൽ ലയിപ്പിക്കുവാൻ കേന്ദ്രസർക്കാർ ഉത്തരവിറക്കിയിരുന്നത്. അതിന്റെ തുടർച്ചയായുള്ള ഡേറ്റാ മെർജർ ഉൾപ്പെടെയുള്ള നടപടികൾ നടന്നുവരുന്നതേയുള്ളൂ. അതുകൊണ്ടുതന്നെ സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ ബാങ്കുകളുടെ ലയനം എല്ലാ അർത്ഥത്തിലും പൂർത്തിയാകുന്നതിന് ഇനിയും സമയം വേണ്ടിവരും. ലയനം മൂലമുണ്ടായേക്കാവുന്ന മാറ്റങ്ങൾ വരും ദിനങ്ങളിൽ മാത്രമേ പ്രത്യക്ഷപ്പെട്ട് തുടങ്ങുകയുള്ളൂ. ആയതിനാൽ ഒരു വിലയിരുത്തലിന് സമയമായിട്ടില്ല.

(ബി) ലയനത്തിന്റെ ഭാഗമായി പ്രതീക്ഷിക്കുന്ന എസ്.ബി.ടി. ശാഖകളുടെ അടച്ചുപൂട്ടലും കേരളീയർക്ക് എസ്.ബി.ടി.-യോട് ഉണ്ടായിരുന്ന വൈകാരിക ബന്ധം നഷ്ടപ്പെടുന്നതുമൂലം എൻ.ആർ.ഐ.-കളുടേതടക്കമുള്ള നിക്ഷേപങ്ങളിൽ സൃഷ്ടിച്ചേക്കാവുന്ന വൻ ഇടിവും ഏറ്റെടുക്കലിനുശേഷം ഭാരതീയ സ്റ്റേറ്റ് ബാങ്കിന്റെ വായ്പാശേഷിയെ ലയനത്തിനു മുമ്പുള്ള എസ്.ബി.ടി./എസ്.ബി.ഐ.-യെ അപേക്ഷിച്ച് സാരമായി ബാധിക്കുവാൻ സാധ്യതയുണ്ട്. ഇതുകൂടാതെ ഏകദേശം 90 ശതമാനത്തോളം നിക്ഷേപവും എസ്.ബി.ടി. വായ്പയായി ചെലവഴിച്ചിരുന്നത് കേരളത്തിലാണ്. പുതിയ സാഹചര്യത്തിൽ അങ്ങനെയൊരു സമീപനം പ്രതീക്ഷിക്കുവാൻ സാധിക്കുകയില്ല. സംസ്ഥാന സർക്കാരിന്റെ ഏജൻസി ബാങ്കായ എസ്.ബി.ടി.-യുമായി ചേർന്നാണ് ബഹുഭൂരിപക്ഷം ട്രഷറികളും പ്രവർത്തിച്ചു വന്നിരുന്നത്. സംസ്ഥാനത്തിന്റെ കാർഷിക, വ്യാവസായിക സ്വയംതൊഴിൽ, ചെറുകിട, ഗ്രാമീണ മേഖലകളിൽ ആവശ്യമായ മൂലധനം വായ്പയായി നൽകുന്നതിൽ സുപ്രധാന പങ്ക് വഹിച്ചിരുന്ന എസ്.ബി.ടി. സർക്കാരുമായി ചേർന്ന് സബ്സിഡികൾ അനുവദിക്കുന്നതിൽ ക്രിയാത്മകമായ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. ദാരിദ്ര്യ ലഘൂകരണം, വിദ്യാഭ്യാസം, സ്വയംതൊഴിൽ, ചെറുകിട വ്യവസായം, പരമ്പരാഗത തൊഴിൽ തുടങ്ങിയ മേഖലകളിൽ സർക്കാർ നടപ്പിലാക്കിയ പദ്ധതികളിൽ കൃത്യമായ വായ്പ ഇടപെടലിലൂടെ എസ്.ബി.ടി. വഹിച്ച പങ്ക് സ്തുത്യർഹമാണ്. സംസ്ഥാനത്തിന്റെ ഉയർന്ന ബാങ്കിംഗ് സാന്ദ്രത, ലയനത്തിന്റെ ഭാഗമായി എസ്.ബി.ടി. ശാഖകളുടെ അടച്ചുപൂട്ടലിനെത്തുടർന്ന് പ്രകടമായ തോതിൽ കുറയുവാൻ സാധ്യതയുണ്ട്. മേൽസാഹചര്യത്തിൽ ബാങ്കുകളുടെ ലയനം സംസ്ഥാനത്തിന് വൈകാരിക ബന്ധമുണ്ടായിരുന്ന എസ്.ബി.ടി.-യുടെ അസ്ഥിത്വം ഇല്ലാതാകുന്നതോടുകൂടി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ വിവിധ മേഖലകളിൽ വായ്പാ ലഭ്യതയിൽ ഉണ്ടാകുന്ന ഇടിവ് ഒരു മാന്ദ്യത്തിന് സമാനമായ സാഹചര്യം സൃഷ്ടിക്കുവാനുള്ള സാധ്യത തള്ളിക്കളയാനാവില്ല.

(സി) എസ്.ബി.ടി-എസ്.ബി.ഐ ലയനത്തോടുകൂടി സംസ്ഥാനത്തിന്റെ ബാങ്കിംഗ് മേഖലയിൽ എത്രമാത്രം തൊഴിൽ നഷ്ടമുണ്ടാകുമെന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ വിലയിരുത്തലുകളൊന്നും നടത്തിയിട്ടില്ല.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, അങ്ങ് ഉത്തരത്തിൽ പറഞ്ഞ ലയനത്തിലൂടെ ബാങ്കിന്റെ വിശ്വാസ്യതയാണ് നഷ്ടമാകുന്നത്. അക്കൗണ്ട് ഹോൾഡേഴ്സ് എസ്.ബി.ഐ.-യിൽ നിൽക്കുന്നതിനുപകരം വ്യാപകമായി മറ്റ് ബാങ്കുകളിലേയ്ക്ക് പോകുന്ന നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ജീവനക്കാർ കൂട്ടവിരമിക്കലിലേയ്ക്കെത്തുന്നു. വിദേശ രാജ്യങ്ങളിൽ ഒരു ലക്ഷം പേർക്ക് മുപ്പത് ബാങ്കുകളും 90 എ.റ്റി.എം.-കളും ഉണ്ട്. ഈ ലയനത്തിലൂടെ ഏതാണ്ട് നാനൂറിലടുത്ത് ശാഖകൾ നഷ്ടമാകുന്നുണ്ട്. ഇന്ത്യയിൽ ഇതിന്റെ ആവറേജ് എന്നുപറയുന്നത് ഒരു ലക്ഷം പേർക്ക് നാല് ബാങ്കും ഏഴ് എ.റ്റി.എം.-ഉം മാത്രമാണ് നിലവിലുള്ളത്. ലയനത്തിലൂടെ ബാങ്കുകളുടെ എണ്ണത്തിലുണ്ടാകുന്ന ഈ വലിയ കുറവ് പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ സ്വീകരിക്കാൻ ആഗ്രഹിക്കുന്ന നടപടികളെന്തെല്ലാമാണ്? ക്യാഷ് ലെസ് ഇന്ത്യയാണ് നമ്മൾ വിഭാവനം ചെയ്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ക്യാഷ് ലെസ് ഇന്ത്യ വന്നപ്പോൾ ബാങ്കുകൾ ഇടപാടുകാരെ പലരൂപത്തിൽ വലിയ തോതിൽ കൊള്ളയടിക്കുന്നുണ്ട്. എ.ടി.എം.-ൽ പണമില്ലായെന്ന് പറയുന്നതിനുപോലും ചാർജ് ഈടാക്കുന്ന സാഹചര്യം നിലനിൽക്കുന്നു. ബാങ്കുകളുടെ എണ്ണത്തിൽവന്ന കുറവ് പരിഹരിക്കുന്നതിനും ഇത്തരത്തിൽ ബാങ്കുകൾ നടത്തുന്ന കൊള്ളയിൽ ഇടപെടുന്നതിനുംവേണ്ടി ഗവൺമെന്റ് ആലോചിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് വ്യക്തമാക്കാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ എസ്.ബി.ടി. ലയനംമൂലം നമ്മുടെ എസ്.ബി.ടി.യുടെ പഴയ പല ശാഖകളും എ.ടി.എം.-കളും നിർത്തലാക്കും. അതിന്റെയൊക്കെ ഫലമായി ബാങ്കിംഗ് സാന്ദ്രത കേരളത്തിൽ കുറയുന്നതിനുള്ള സാധ്യതയുണ്ട്. പക്ഷെ ഇത് എത്രമാത്രം വരുമെന്നുള്ളത് കാത്തിരുന്ന് കാണണം. അങ്ങനെ സാന്ദ്രത കുറയുന്നത് തീർച്ചയായും ഇവിടത്തെ ബാങ്കിംഗ് ഇൻക്ലൂഷനേയും നമ്മുടെ സൗകര്യങ്ങളെയും പൊതുവിൽ ബാധിക്കുമെന്നുമാത്രമല്ല ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ എസ്.ബി.ഐ. അനധികൃതമായി ഒരുപാട് ചാർജുകൾ ഇടപാടുകാരുടെമേൽ അടിച്ചേൽപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇതിനുള്ള പരിഹാരമെന്ന നിലയിൽ സർക്കാർ തലത്തിൽ സഹകരണ പ്രസ്ഥാനത്തെ കൂടുതൽ ശക്തിപ്പെടുത്തുന്ന നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനുള്ള ആലോചനകൾ നടന്നുവരികയാണ്. ഇന്ന് നമ്മുടെ നിയന്ത്രണത്തിൽ, നമുക്ക് സ്വാധീനിക്കാൻ കഴിയുന്ന ബാങ്കുകൾ ഇല്ലെന്നുതന്നെ പറയാം. അതിന്റെ പശ്ചാത്തലത്തിൽ സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തലാണ് സർക്കാർ കാണുന്ന പ്രതിവിധി.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, എസ്.ബി.ടി.യിൽ വർഷങ്ങളായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലിചെയ്തിരുന്ന മൂവായിരത്തിലധികം ആളുകളുണ്ട്. ഇവരെ മുഴുവൻ പുറംകരാർ ജോലിക്കാരാക്കുന്നതിനുള്ള നീക്കമാണ് എസ്.ബി.ടി./എസ്.ബി.ഐ. ലയനത്തിന്റെ ഭാഗമായി എസ്.ബി.ഐ. നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പുറംകരാർ ജോലിയിലേയ്ക്ക് ഇവർ പോകുമ്പോൾ ഇവർക്ക് കിട്ടിക്കൊണ്ടിരുന്ന എണ്ണായിരം രൂപയിൽ നിന്ന് രണ്ടായിരം രൂപ കുറഞ്ഞ് നാലായിരം മുതൽ ആറായിരം രൂപയ്ക്ക് വരെ ജോലിചെയ്യേണ്ട സാഹചര്യമുണ്ടാകുന്നുണ്ട്. സ്ഥിരം സ്വഭാവമുള്ള ജോലികൾ ഒരുകാരണവശാലും പുറം കരാറുകാർക്ക് കൊടുക്കാൻ പാടില്ല എന്നുള്ളതാണ് നമ്മുടെ രാജ്യത്തെ നിയമം. എന്നാൽ എല്ലാ തൊഴിൽ നിയമങ്ങളും കാറ്റിൽപ്പറത്തിക്കൊണ്ട് ഇത്തരത്തിൽ വർക്ക് ഔട്ട്സോഴ്സ് ചെയ്യുന്നതിനുള്ള ഒരു നിലപാടാണ് എസ്.ബി.ഐ.യുടെ ഭാഗത്തുനിന്നുണ്ടാകുന്നത്. ഇതിന് ഇരകളായി മാറുന്നത് ബഹുഭൂരിപക്ഷം സ്ത്രീകളും എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട ആളുകളുമാണ്. അവരാണ് ഈ ചെറിയ ജോലികൾ ചെയ്യുന്നതിനുവേണ്ടി പോകുന്നത്. ഈ വിഷയത്തിൽ ഇടപെടാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ട്. ഇവിടെ തൊഴിൽ നിയമങ്ങളുണ്ട്. താൽക്കാലിക ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. ഈ ലയനത്തിന്റെ ഉദ്ദേശ്യംതന്നെ ബാങ്കിംഗ് ചെലവ് കുറയ്ക്കുക എന്നതാണ്. ചെലവ് കുറയ്ക്കുന്നതിനുള്ള പല മാർഗ്ഗങ്ങളിൽ പ്രധാനപ്പെട്ട ഒന്ന് റാഷണലൈസേഷനാണ്. ബ്രാഞ്ചുകൾ തമ്മിൽ സംയോജിപ്പിക്കുക, തുടക്കമെന്ന രീതിയിൽ താൽക്കാലികമായി ജോലിചെയ്യുന്നവരെ കരാറുകാരാക്കി മാറ്റുക, അത്തരത്തിലുള്ള പുനഃസംഘടനയിലൂടെ ലക്ഷ്യമിടുന്നത് ചെലവ് കുറയ്ക്കൽ തന്നെയാണ്. ഇതുതന്നെയാണ് ട്രേഡ് യൂണിയനുകൾ ഉയർത്തിയിരുന്ന ഏറ്റവും പ്രധാനപ്പെട്ട വിമർശനവും. ഇത് യാഥാർത്ഥ്യമാകുന്ന പശ്ചാത്തലത്തിൽ തൊഴിൽ വകുപ്പിന് ഏത് രീതിയിൽ ഇടപെടാൻ കഴിയും, തൊഴിലാളികളെ എങ്ങനെ സഹായിക്കാൻ കഴിയും തുടങ്ങിയ കാര്യങ്ങളെക്കുറിച്ചും ആലോചിക്കുന്നുണ്ട്.

ശ്രീ. ഇ. കെ. വിജയൻ: സർ, നമ്മുടെ രാജ്യത്ത് നടപ്പാക്കുന്ന സാമ്രാജ്യത്വ വികസന നയത്തിന്റെ ഭാഗമായാണ് ഈ ലയനവും വന്നിട്ടുള്ളത്. കോർപ്പറേറ്റുകൾക്ക് വായ്പകൾ നൽകാനുള്ള സൗകര്യമൊരുക്കുകയാണ്. ശ്രീ. വിജയ് മല്യയ്ക്ക് വായ്പ നൽകിയത് സംബന്ധിച്ച ഓർമ്മ നമ്മുടെ മുന്നിലുണ്ട്. ഇത്തരം സമീപനങ്ങൾ

കൈക്കൊണ്ടതിന്റെ ഭാഗമായി ലേമാൻ ബാങ്കിന്റെ തകർച്ചയും നമ്മുടെ മുന്നിലുണ്ട്. ഇവിടെ മന്ത്രിയുടെ മറുപടിയിൽ എസ്.ബി.ടി. എടുത്ത നിലപാടുകൾ സൂചിപ്പിക്കുകയുണ്ടായി. അതായത് "ദാരിദ്ര്യ ലഘൂകരണം, വിദ്യാഭ്യാസം, സ്വയംതൊഴിൽ, ചെറുകിട വ്യവസായം, പരമ്പരാഗത തൊഴിൽ തുടങ്ങിയ മേഖലകളിൽ സർക്കാർ നടപ്പിലാക്കിയ പദ്ധതികളിൽ കൃത്യമായ വായ്പ ഇടപെടലിലൂടെ എസ്.ബി.ടി. വഹിച്ച പങ്ക് സ്തുത്യർഹമാണ്" എന്ന് സൂചിപ്പിച്ചിട്ടുണ്ട്. കേരള ബാങ്കിംഗിനെക്കുറിച്ച് നേരത്തെ പറയുകയുണ്ടായി. ഈയൊരു സാഹചര്യത്തിൽ കേരള ഗവൺമെന്റ് മുൻകൈയെടുത്ത് ഇതിന് പരിഹാരമെന്ന നിലയിൽ കേരള ബാങ്കിന്റെ പ്രവർത്തനത്തെ പര്യാപ്തമായ രീതിയിൽ മുന്നോട്ടു കൊണ്ടുപോകുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മാനിഫെസ്റ്റോയിലും സർക്കാരിന്റെ നയപ്രഖ്യാപനങ്ങളിലും ബഡ്ജറ്റിലുമെല്ലാം കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനെക്കുറിച്ച് കൃത്യമായി പറഞ്ഞിട്ടുണ്ട്. ഇതുസംബന്ധിച്ച പഠനം അതിന്റെ അവസാന ഘട്ടത്തിലാണ്. ഏതാനും ദിവസങ്ങൾക്കുള്ളിൽ അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുമെന്നാണ് കരുതുന്നത്. അതിന്റെ സാരാംശം എന്നുപറയുന്നത് പുതിയൊരു ബാങ്ക് എന്ന അർത്ഥത്തിലല്ല, കേരളത്തിൽ ത്രിതല സഹകരണ സംവിധാനമുണ്ട്. അത് ദ്വിതല സഹകരണ സംവിധാനമായി മാറുന്നു. കേരളം ചെറിയ സംസ്ഥാനമെന്നുള്ള നിലയിൽ അങ്ങനെ മാറുന്നതാണ് അഭികാമ്യമെന്ന് അഞ്ചാം പഞ്ചവത്സര പദ്ധതിയുടെ ടാസ്ക് ഫോഴ്സ് പറഞ്ഞിട്ടുണ്ട്. റിസർവ് ബാങ്കിന്റെ പഠനവും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 1998- ൽ രഞ്ജിത്ത് കമ്മിറ്റിയും ഇത് അടിവരയിട്ട് പറഞ്ഞിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ഈ റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ സർക്കാർ അതിന്റെ നിർദ്ദേശങ്ങൾ പരിഗണിച്ച് പ്രായോഗികമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, കേരള സംസ്ഥാനത്തെ ബാങ്കിംഗ് ബിസിനസ്സിന്റെ നാലിലൊന്ന് ഭാഗം കയ്യാളിയിരുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ പ്രാദേശിക വികസനത്തിൽ നിർണ്ണായക പങ്കാണ് വഹിച്ചിരുന്നത്. കർഷകർ, ചെറുകിട കച്ചവടക്കാർ, സ്വയംതൊഴിൽ സംരംഭകർ തുടങ്ങി അടിസ്ഥാന വിഭാഗങ്ങൾക്ക് വായ്പ നൽകുന്നത് എസ്.ബി.ടി. ആയിരുന്നു. എസ്.ബി.ടി-എസ്.ബി.ഐ. ലയനത്തിനുശേഷവും ഈ ആനുകൂല്യങ്ങൾ ജനങ്ങൾക്ക് ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ലയനത്തിനുശേഷവും എസ്.ബി.ഐ ഒരു പൊതുമേഖലാ ബാങ്കുതന്നെയാണ്. അതുകൊണ്ട് അതിന്റെ മേധാവികളുമായി സർക്കാർ സംസാരിക്കും. നമ്മൾ വളരെ ക്ലോസ്സായി അവരുടെ വായ്പ കുറയുന്നുണ്ടോ ഇല്ലയോ എന്ന് നിരീക്ഷിക്കും. അങ്ങനെ കുറവു വരികയാണെങ്കിൽ അക്കാര്യം എസ്.എൽ.ബി.സി.-യിൽ ശക്തമായി ഉന്നയിക്കും. അതോടൊപ്പം നമ്മളുമായി കൂടുതൽ വൈകാരിക ബന്ധമുള്ള ധനകാര്യ സ്ഥാപനം കേരളത്തിൽ വേണം. സഹകരണ സംഘങ്ങളുണ്ടല്ലോയെന്ന് ചിന്തിച്ചാലും ബാങ്കിംഗ് മേഖലയിൽ ഇടപെടാൻ കഴിയുന്ന വലിപ്പവും ശേഷിയുമുള്ള ഒന്നായിരിക്കണം ആ സ്ഥാപനം. അതുകൊണ്ടാണ് കേരള കോ-ഓപ്പറേറ്റീവ് ബാങ്കിനെക്കുറിച്ച് ആലോചിക്കുന്നത്. അതും ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച ചോദ്യത്തിനുള്ള പ്രതികരണമായി കണക്കാക്കാം.

ശ്രീ. എൽദോ എബ്രഹാം: സർ, ഏഴ് പതിറ്റാണ്ടിന്റെ ചരിത്രമുള്ള എസ്.ബി.ടി. മലയാളികളുടെ സ്വന്തം ബാങ്കായിരുന്നു. ആ ബാങ്ക് ഏപ്രിൽ മാസം ഒന്നാം തീയതി മുതൽ ഇല്ലാതായി. ഒരു വലിയ ബന്ധം മലയാളികൾക്ക് എസ്.ബി.ടി.യുമായി ഉണ്ട്. നോട്ട് നിരോധനത്തിലൂടെ കേരളത്തിലെ സഹകരണ മേഖലയെ തകർക്കുക എന്ന ലക്ഷ്യത്തോടുകൂടി ആർ.ബി.ഐ.യെ കൂട്ടുപിടിച്ച് കേന്ദ്രം നടത്തിയ നീക്കം കേരളത്തിന് വലിയ പ്രത്യാഘാതമുണ്ടാക്കിയിട്ടുണ്ട്. ലയനത്തെത്തുടർന്ന് ഗ്രാമങ്ങളിൽ ആയിരം രൂപയും ചെറിയ നഗരങ്ങളിൽ രണ്ടായിരം രൂപയും നഗരങ്ങളിൽ മൂവായിരം രൂപയും മെട്രോ നഗരങ്ങളിൽ അയ്യായിരം രൂപയും അക്കൗണ്ടിൽ മിനിമം ബാലൻസ് വേണമെന്ന് എസ്.ബി.ഐ. നിഷ്കർഷിക്കുകയാണ്. ഇത്തരം വിഷയങ്ങളിൽ എങ്ങനെ നമുക്ക് പ്രതിരോധിക്കാൻ കഴിയും; ഇത്തരം കടന്നുകയറ്റമുണ്ടാകുമ്പോൾ കേരളത്തിലെ സഹകരണ മേഖലയുമായി ബന്ധപ്പെട്ട് നമുക്ക് നടത്താൻ കഴിയുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇത് വളരെ തെറ്റായ ഒരു നടപടിയാണ്. ജനങ്ങൾ സമ്പാദിക്കുന്നതിന് പിഴ ഈടാക്കുന്നത് ഒട്ടും അഭിലഷണീയമായ കാര്യമല്ല. കേവലം വരുമാനത്തിനുള്ള ഒരു മാർഗ്ഗമായി ഇതിനെ കാണുകയാണ്. നമ്മുടെ സഹകരണ മേഖലയെ ശക്തിപ്പെടുത്തിക്കൊണ്ടാണ് നമുക്ക് ഇതിനോട് പ്രതികരിക്കാൻ കഴിയുക. ഇത്തരത്തിലുള്ള അനാവശ്യമായ പിഴകളും പിരിവുകളുമൊന്നും ഇല്ലാത്ത ഒരു ജനകീയ സംവിധാനമായി സഹകരണപ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്നുള്ളതു തന്നെയാണ് നമ്മുടെ ലക്ഷ്യം.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### നികുതി ഭരണം കാര്യക്ഷമമാക്കാൻ നടപടി

4(*34) ശ്രീ. കെ. ദാസൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നികുതി പിരിച്ചെടുക്കുന്നതിലെ അഴിമതിയും കെടുകാര്യസ്ഥതയും കൊണ്ട് പദ്ധതി അടങ്കലിന്റെ മൂന്നിലൊന്നു മാത്രം ചെലവഴിക്കാൻ സാധ്യമാകുകയും അതുവഴി വികസന മുരടിപ്പിനിട യാക്കുകയും ചെയ്ത സാഹചര്യം തിരുത്തി, നികുതി ഭരണം കാര്യക്ഷമമാക്കാനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനം നേരിടുന്ന സാമ്പത്തിക മുരടിപ്പിൽ നിന്ന് കരകയറുവാനായി എടുത്ത നടപടികൾ എന്തൊക്കെയാണ്;

(സി) വികസന പദ്ധതികൾക്കുള്ള മൂലധന ചെലവ് നിശ്ചിത രീതിയിൽ സാധ്യമാകുന്നുണ്ടോ എന്ന് അറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ) നികുതി ഭരണം കാര്യക്ഷമമാക്കാനായി സർക്കാർ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു.

2. ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹി പ്പിക്കുന്ന നടപടികൾ സ്വീകരിച്ചു. അതുപോലെതന്നെ കമ്പ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ് ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി നിയമനിർമ്മാണം നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരിച്ചു.

4. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.

5. റിട്ടേൺ സ്കൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.

6. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.

7. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.

8. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി.

9. 60 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള അന്തർസംസ്ഥാന നികുതിദായകർക്ക് ആംനസ്റ്റി പദ്ധതി നടപ്പിലാക്കി.

10. നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉത്പാദനം, വിതരണം, വിപണനം എന്നിവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് മുഖേന നടത്തിവരുന്നു.

11. ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടയ്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തി.

12. കാലപ്പഴക്കം ചെന്ന വാഹനങ്ങൾക്ക് ഗ്രീൻ ടാക്സ് ഏർപ്പെടുത്തിയതിലൂടെയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെയും, നികുതി അടയ്ക്കാത്തതിനാൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ ലേലം ചെയ്ത് അതിൽ നിന്നും കുടിശ്ശിക വസൂലാക്കുന്നതിലൂടെയും മോട്ടോർ വാഹന വകുപ്പ് മുഖേനയുള്ള നികുതി വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി മേൽ സൂചിപ്പിച്ച അടിയന്തര നടപടികൾ സ്വീകരിച്ചതിനു പുറമെ പശ്ചാത്തല സൗകര്യ മേഖലയിൽ അനിവാര്യമായ മൂലധനചെലവിനുള്ള പണം കണ്ടെത്തുന്നതിലേയ്ക്കായി 'കിഫ്ബി' പോലുള്ള പ്രത്യേക നിക്ഷേപ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്താൻ മുൻകൈയെടുത്തിട്ടുണ്ട്. ഇതിനായി സമഗ്രമായ നിയമനിർമ്മാണം പൂർത്തീകരിക്കുകയും സാർവ്വത്രിക അംഗീകാരമുള്ള വിദഗ്ദ്ധരടങ്ങുന്ന ഡയറക്ടർ ബോർഡിന് രൂപം നൽകുകയും ചെയ്തു. ഫണ്ടിൽ സമാഹരിക്കുന്ന നിക്ഷേപങ്ങൾ വകമാറ്റി ചെലവഴിക്കുന്നില്ലെന്ന് ഉറപ്പുവരുത്താനും പ്രവർത്തനങ്ങൾ നിയമാനുസൃതമാണെന്ന് സാക്ഷ്യപ്പെടുത്താനും ഫണ്ട്സ് ട്രസ്റ്റി ഉപദേശക കമ്മീഷന് രൂപം നൽകിയിട്ടുണ്ട്.

(സി) ആധുനിക സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി കൂടുതൽ കാര്യക്ഷമമായി പദ്ധതികൾ ആസൂത്രണം ചെയ്യുകയും ഘട്ടം ഘട്ടമായി നടത്തിപ്പ് പുരോഗതി വിലയിരുത്തുകയും ചെയ്യുന്നതിലൂടെ വികസന പദ്ധതികൾക്കുള്ള മൂലധന ചെലവ് നിശ്ചിത രീതിയിൽ സാധ്യമാക്കാനാകുമെന്ന് കരുതുന്നു.

## സഹകരണ സംഘങ്ങളെ തകർക്കാനുള്ള ശ്രമങ്ങൾക്കെതിരെ നടപടി

5(*35) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ഗ്രാമീണ സമ്പദ് വ്യവസ്ഥയിൽ നിർണ്ണായക പങ്ക് വഹിക്കുന്ന സഹകരണ സംഘങ്ങളെ തകർക്കാനുള്ള ശ്രമങ്ങളെ അതിജീവിക്കു വാനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഇതിനായി സാങ്കേതിക, പ്രവർത്തന മേഖലകളിൽ ആവശ്യമായ നവീകരണങ്ങൾ എന്തെല്ലാമാണ്;

(സി) കോർ ബാങ്കിംഗ്, നെറ്റ് വർക്ക് ബാങ്കിംഗ് തുടങ്ങിയ സംവിധാനങ്ങളിൽ ഐകരൂപ്യമുണ്ടാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകാനുദ്ദേശി ക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സഹകരണ സംഘങ്ങളുടെ കാര്യക്ഷമതയും സുതാര്യതയും ഉയർത്തുന്നതിനായി സമഗ്ര സഹകരണ നിയമഭേദഗതി കൊണ്ടുവരും. അഴിമതിയും ക്രമവിരുദ്ധ പ്രവർത്തനങ്ങളും നടത്തുന്ന സംഘങ്ങളിലെ ഭരണസമിതിയും ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥരും വ്യക്തിപരമായി തന്നെ പ്രസ്തുത കുറ്റങ്ങൾക്ക് ബാധ്യതയുള്ളവരായിരിക്കും. കേരളത്തിലെ സഹകരണ സംവിധാനത്തിൽ കാർഷിക വായ്പകൾ കൂടുതലായും നേരിട്ട് കർഷകർക്ക് നൽകുന്നത് പ്രാഥമിക സഹകരണ ബാങ്കുകൾ മുഖേനയാണ്. പ്രാഥമിക സഹകരണ സംഘങ്ങൾ ഡിജിറ്റൽ സംവിധാനത്തിലേയ്ക്ക് എത്തിക്കുന്ന തിലേയ്ക്കായി സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോർ ബാങ്കിംഗ് സംവിധാനം പൂർത്തിയാക്കുന്നത് അനുസരിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ജില്ലാ സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ സാധ്യതകൾ പരിശോധിച്ചുവരുന്നു.

കാർഷിക വായ്പാ വിതരണത്തിനായി കിസാൻ ക്രെഡിറ്റ് കാർഡ് അക്കൗണ്ടുകൾ റുപേ കിസാൻ കാർഡുകളാക്കി മാറ്റുന്നതിന്മേൽ നടപടി പുരോഗമിച്ചുവരുന്നു. അംഗങ്ങൾക്ക് ജില്ലാ സഹകരണ ബാങ്ക് (DCB) കളിൽ mirror (zero balance) account ആരംഭിച്ചു. ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ജില്ലാ സഹകരണ ബാങ്ക് വഴി നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഇടപാടുകാരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിക്ഷേപം സമാഹരിക്കുന്നതിനുമായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. വായ്പാ സംഘങ്ങളിൽ Know Your Customer (KYC) നടപ്പാക്കണമെന്ന് കർശന നിർദ്ദേശം നൽകി.

(ബി) സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും ഒരു കോമൺ സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന്റെ സാധ്യത പരിശോധിച്ചു വരികയാണ്. സംസ്ഥാനത്തെ 14 ജില്ലാ സഹകരണ ബാങ്കുകളും കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും ചേർന്ന് ഡിജിറ്റൽ ട്രാൻസാക്ഷൻസ് (Digital Transactions) പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളെയും, ഒരു ഏകീകൃത സോഫ്റ്റ് വെയർ സംവിധാനത്തിന് കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഒരു കോമൺ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കാനായി 9 അംഗങ്ങൾ അടങ്ങിയ ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ഈ കമ്മിറ്റി വിവിധ വിഭാഗങ്ങളുമായി ചർച്ചകൾ നടത്തിവരികയും ചെയ്യുന്നു.

കോമൺ സോഫ്റ്റ് വെയറിലേയ്ക്ക് എല്ലാ ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും എത്തിക്കുന്നതിലേയ്ക്കായി സഹകരണ സംഘം രജിസ്ട്രാർ കൺവീനറായി 9 അംഗങ്ങൾ അടങ്ങിയ ഒരു സ്റ്റിയറിംഗ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

## നികുതി പിരിവിന് വേണ്ടിവരുന്ന ചെലവ്

6(*36) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. പി. ഉബൈദുള്ള :

ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി പിരിവിന് വേണ്ടിവരുന്ന ചെലവ് അഖിലേന്ത്യാ ശരാശരിയുമായി താരതമ്യം ചെയ്ത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) രജിസ്ട്രേഷൻ ഫീസ്, സംസ്ഥാന എക്സൈസ് നികുതി എന്നിവയുടെ പിരിവിനുള്ള ചെലവുകൾ കൂടിവരികയാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ചരക്ക് സേവന നികുതി നിയമം പ്രാബല്യത്തിലാവുമ്പോൾ ഇക്കാര്യത്തിൽ എന്തൊക്കെ മാറ്റം വരുമെന്നും അതുമൂലം നികുതി പിരിവ് ചെലവിൽ വരാവുന്ന മാറ്റം സംസ്ഥാന വികസനത്തിന് ഉപയുക്തമാക്കാൻ വരുത്തേണ്ട പരിഷ്കാരങ്ങളെയും കുറിച്ച് പരിശോധിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ) പരിശോധിച്ചിട്ടുണ്ട്. കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ 2015 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ സ്റ്റേറ്റ് ഫിനാൻസിന്റെ ആഡിറ്റ് റിപ്പോർട്ട് പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടിയിലും രജിസ്ട്രേഷൻ ഫീസ് ഇനത്തിലും എക്സൈസ് നികുതിയിനത്തിലും നികുതി പിരിവിന് വേണ്ടി വരുന്ന ചെലവ് അഖിലേന്ത്യാ ശരാശരിയേക്കാൾ കൂടുതലാണ്.

| 2014-15 | സംസ്ഥാനത്തിനുണ്ടാകുന്ന ചെലവ് (ശതമാനത്തിൽ) | അഖിലേന്ത്യാ ശരാശരി (ശതമാനത്തിൽ) |
|---|---|---|
| സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും | 5.74 | 3.59 |
| എക്സൈസ് നികുതി | 10.54 | 2.09 |

വാണിജ്യ നികുതിയിനത്തിലും വാഹന നികുതിയിനത്തിലും നികുതി പിരിവിന് വേണ്ടിവരുന്ന ചെലവ് അഖിലേന്ത്യാ ശരാശരിയേക്കാൾ കുറവാണ്.

| 2014-15 | സംസ്ഥാനത്തിനുണ്ടാകുന്ന ചെലവ് (ശതമാനത്തിൽ) | അഖിലേന്ത്യാ ശരാശരി (ശതമാനത്തിൽ) |
|---|---|---|
| വാണിജ്യ നികുതി | 0.75 | 0.91 |
| വാഹന നികുതി | 3.74 | 6.08 |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എക്സൈസ്, രജിസ്ട്രേഷൻ എന്നീ വകുപ്പുകളിൽ നികുതി പിരിവിനുള്ള ചെലവ് ദേശീയ ശരാശരിയേക്കാൾ കൂടാൻ കാരണം പ്രാഥമിക വിലയിരുത്തലിൽ സംസ്ഥാനത്തെ ആളോഹരി ഭൂമിയുടമസ്ഥതയുടെ വിസ്തൃതി കുറവും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി സംസ്ഥാനത്തിൽ എക്സൈസ് വകുപ്പ്, അബ്കാരി നിയമം തുടങ്ങിയവയുടെ എൻഫോഴ്സ്മെന്റ് ചുമതലകൾ എന്നിവ കൂടി വഹിക്കുന്നതുകൊണ്ടാണ്.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് മൂലധന പങ്കാളിത്തമുള്ള കമ്പനി നിയമത്തിലെ വകുപ്പ് 25 പ്രകാരം രജിസ്റ്റർ ചെയ്ത GSTN എന്ന കമ്പനിയാണ് ഇന്ത്യയിലെ കേന്ദ്ര-സംസ്ഥാന വകുപ്പുകളിൽ രജിസ്ട്രേഷനുള്ള എല്ലാ വ്യാപാരികൾക്കും റിട്ടേൺ ഫയൽ ചെയ്യുന്നതിനും ഇ-പേമെന്റ് ചെയ്യുന്നതിനും വേണ്ട IT സംവിധാനമായ common portal തയ്യാറാക്കുന്നത്. ഇതിനായി GSTN-ന് മൊത്തം ചെലവിന്റെ 50% കേന്ദ്ര സർക്കാരും 50% സംസ്ഥാന കേന്ദ്രഭരണ പ്രദേശങ്ങളും നൽകേണ്ടതുണ്ട്. 2015 മെയ് മാസത്തിലെ നികുതിദായകരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാനം നാല് കോടി തൊണ്ണൂറ്റിനാലു ലക്ഷം രൂപ GSTN-ന് നൽകേണ്ടതുണ്ട്. ഇതോടൊപ്പം തന്നെ സംസ്ഥാനത്തിലെ വാണിജ്യ നികുതി വകുപ്പിലും പുനഃസംഘടന അനിവാര്യമാണ്. ഇതിനുള്ള നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. ആ ക്രമീകരണം പൂർത്തീകരിച്ച ശേഷമേ നികുതി പിരിവിന് വേണ്ടിവരുന്ന ചെലവ് കൃത്യമായി തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

## സംസ്ഥാനം നേരിടുന്ന വൈദ്യുതി പ്രതിസന്ധി

7(*37) ശ്രീമതി സി. കെ. ആശ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ച രൂക്ഷമായ സാഹചര്യത്തിൽ സംസ്ഥാനം നേരിടുന്ന വൈദ്യുതി പ്രതിസന്ധിയുടെ ചിത്രം വ്യക്തമാക്കുമോ;

(ബി) വേനൽക്കാലത്ത് വൈദ്യുതി ലഭ്യതയിൽ പ്രകടമാകുന്ന കുറവ് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതി ഉപഭോഗം വേനൽക്കാലത്ത് വർദ്ധിക്കുമെന്നത് കണക്കിലെടുത്ത്, വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുവാൻ ആലോചിക്കുന്നുണ്ടോ;

(ഡി) സംസ്ഥാനത്ത് പവർകട്ടും, ലോഡ്ഷെഡിംഗും ഏർപ്പെടുത്തേണ്ട സാഹചര്യം ഉണ്ടാകുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) അന്തർ സംസ്ഥാന പവർ പർച്ചേസ് വഴി കേരളത്തിന് ആവശ്യമായ വൈദ്യുതി താരതമ്യേന കുറഞ്ഞ നിരക്കിൽ കേരളത്തിൽ എത്തിക്കുവാൻ നടപടി സ്വീകരിച്ചിട്ടുള്ളതിനാൽ വരൾച്ച രൂക്ഷമായ ഈ സാഹചര്യത്തിൽ സംസ്ഥാനം നേരിടുന്ന വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

കാലവർഷത്തിലുണ്ടായ കുറവുമൂലം സംസ്ഥാനത്ത് പ്രതീക്ഷിച്ചിരുന്ന നീരൊഴുക്കിന്റെ ഏകദേശം 50 ശതമാനം മാത്രമാണ് ലഭ്യമായത്. ഇതുമൂലം ഏകദേശം 3288 ദശലക്ഷം യൂണിറ്റിന്റെ കുറവാണ് ഈ ജലവർഷം ഏപ്രിൽ 18 വരെയുള്ള കണക്കനുസരിച്ച് ഉണ്ടായിട്ടുള്ളത്. ലോഡ്ഷെഡ്ഡിംഗോ പവർകട്ടോ കൂടാതെ ഈ കുറവ് നികത്തി സംസ്ഥാനത്തിന്റെ ആവശ്യകത നിറവേറ്റാനുള്ള ആസൂത്രണം 2016 ആഗസ്റ്റ് മാസം മുതൽ തന്നെ തുടങ്ങിയിരുന്നു. ഇതിന്റെ ഭാഗമായി ജലവൈദ്യുതി ഉല്പാദനം ക്രമീകരിച്ച് പരമാവധി ജലം ഇടുക്കി, ശബരിഗിരി, ഇടമലയാർ ജല സംഭരണികളിൽ സംഭരിക്കുകയും, കൂടുതൽ വൈദ്യുതി പുറമേ നിന്ന് കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. വൈദ്യുതി ലഭ്യതയിൽ കുറവ് വന്നിട്ടും താരതമ്യേന വില കൂടിയ കെ.ഡി.പി.പി, ബി.ഡി.പി.പി, കായംകുളം എന്നീ താപനിലയങ്ങളിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം ഒഴിവാക്കാൻ സാധിച്ചു. കേരള സംസ്ഥാനം ഈ വർഷം രൂക്ഷമായ വരൾച്ചയാണ് നേരിടേണ്ടി വന്നതെങ്കിലും സംസ്ഥാനത്ത് ഉണ്ടാകാമായിരുന്ന വൈദ്യുതി പ്രതിസന്ധി, മുൻകൂട്ടിയുള്ള ആസൂത്രണംകൊണ്ട് ഒഴിവാക്കാൻ സാധിച്ചു.

(ബി) സംസ്ഥാനത്ത് കാലവർഷവും തുലാവർഷവും ദുർബലമായതിനാൽ സംജാതമായ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് 100 മെഗാവാട്ട് വൈദ്യുതി 24 മണിക്കൂറും, 100 മെഗാവാട്ട് വൈദ്യുതി രാത്രി 6 മണിക്കൂറും ലഭിക്കുന്നതിനുവേണ്ടി DEEP (ഡീപ്പ്) ഇ-ബിഡ്ഡിംഗ് പോർട്ടൽ വഴി റിവേഴ്സ് ഓക്ഷനിൽ പങ്കെടുത്ത് താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തത് കാരണം നിലവിൽ വൈദ്യുതി പ്രതിസന്ധി ഇല്ല.

ഈ അധിക വൈദ്യുതി കൊണ്ടുവരുന്നതിനുള്ള കോറിഡോർ ലഭ്യതയ്ക്കായി പി.ജി.സി.ഐ.എൽ.-ന്റെ 400 കെ.വി അരിക്കോട് സബ്സ്റ്റേഷനിൽ താൽക്കാലികാടിസ്ഥാനത്തിൽ 315 എം.വി.എ. ശേഷിയുള്ള മൂന്നാമത്തെ ട്രാൻസ്ഫോർമർ മാർച്ച് മാസം മുതൽ തന്നെ പ്രവർത്തന സജ്ജമാക്കി. ഇതിനായി 3 കോടി രൂപ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പവർഗ്രിഡിനു നൽകിയിട്ടുണ്ട്. കൂടാതെ എസ്.ആർ.എൽ.ഡി.സി.-യിൽ നിന്നും ഇ-ബിഡ്ഡിംഗ് പ്രകാരം യൂണിറ്റിന് 1.25 രൂപ നിരക്കിൽ 85 മെഗാവാട്ട് വൈദ്യുതി കോറിഡോർ ലഭ്യത മാർച്ച് മാസത്തിൽ ഉറപ്പ് വരുത്തിയിരുന്നു. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിലും, പവർഗ്രിഡിലും സമ്മർദ്ദം ചെലുത്തി അംഗർ - ശ്രീകാകുളം, വാർദ്ധ – നിസാമാബാദ് - ഹൈദരാബാദ് 765 കെ.വി ലൈനും 400 കെ.വി ഡിച്ചിപ്പള്ളി - നിസാമാബാദ് ലൈനും ഭാഗികമായി പ്രവർത്തനക്ഷമമാക്കി കരാറിൽ ഏർപ്പെട്ട മുഴുവൻ വൈദ്യുതിയും മാർച്ച് മാസം മുതൽ തന്നെ ലഭ്യമാക്കാൻ സാധിച്ചു.

ഊർജ്ജം സംരക്ഷിച്ച് വൈദ്യുതി കുറവ് നേരിടുക എന്ന ലക്ഷ്യത്തോടെ 25 ലക്ഷം LED ബൾബുകൾ കേരളത്തിൽ ഈ വേനൽക്കാലത്ത് വിതരണം ചെയ്തിട്ടുണ്ട്. ഇതിനുമുമ്പ് ഒരു കോടി ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്. DELP പദ്ധതിയിൽപ്പെടുത്തി ഒന്നര കോടി ബൾബുകളാണ് വിതരണം ചെയ്യാനായി ലക്ഷ്യമിടുന്നത്. അവശേഷിക്കുന്ന 50 ലക്ഷം ബൾബുകളുംകൂടി വിതരണം ചെയ്യുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ ഊർജ്ജ സംരക്ഷണ ബോധവൽക്കരണ കാമ്പയിനും നടത്തിയിട്ടുണ്ട്.

സൗരോർജ്ജ പദ്ധതികളുടെ നിർമ്മാണം ത്വരിതഗതിയിലാക്കി ഈ വേനൽക്കാലത്ത് ഊർജ്ജ കുറവ് പരിഹരിക്കാനായി നടപടി സ്വീകരിച്ചിട്ടുണ്ട്. 2017 മാർച്ച് 31 വരെ 74.719 മെഗാവാട്ട് വൈദ്യുതി കേരള ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ 9.9773 മെഗാവാട്ട് ഗ്രിഡ് ബന്ധിതമല്ലാത്ത പദ്ധതികളും പൂർത്തിയായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

മേൽ വിവരിച്ച നിലയിൽ ഈ വേനൽക്കാലത്ത് ഊർജ്ജ പ്രതിസന്ധി പരിഹരിക്കാനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുവാനുള്ള പരമാധികാരം റെഗുലേറ്ററി കമ്മീഷനാണ്. വേനൽക്കാലത്ത് വർദ്ധിച്ചുവരുന്ന പവർ പർച്ചേസിന്റെ ചെലവ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വിശദമായ രേഖകളോട് കൂടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന് സമർപ്പിക്കുന്നതും കമ്മീഷൻ ഈ താരിഫ് പെറ്റീഷൻ പരിശോധിച്ച് ഉചിതമായ തീരുമാനത്തിൽ എത്തുന്നതുമാണ്.

(ഡി) സംസ്ഥാനത്തിന് നിലവിൽ ആവശ്യമായ വൈദ്യുതി ലഭിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തത് കാരണം നിലവിൽ പവർകട്ടും, ലോഡ്ഷെഡ്ഡിംഗും ഏർപ്പെടുത്തേണ്ട സാഹചര്യം ഇല്ല.

## അണ്ടർ-17 ഫുട്ബോൾ ലോകകപ്പിന്റെ സെമി ഫൈനൽ മത്സരം നഷ്ടപ്പെട്ട സാഹചര്യം

8(*38) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അണ്ടർ-17 ഫുട്ബോൾ ലോകകപ്പിന്റെ സെമി ഫൈനൽ മത്സരം കേരളത്തിന് നഷ്ടപ്പെട്ടത് പരിശോധിച്ചിട്ടുണ്ടോ;

(ബി) തയ്യാറെടുപ്പുകളിലെ മെല്ലെപ്പോക്ക് നയംമൂലമാണോ പ്രസ്തുത മത്സരം കേരളത്തിന് നഷ്ടമായത് എന്നത് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫുട്ബോൾ മേളയുടെ ഒരുക്കങ്ങളിൽ ആരുടെയൊക്കെ ഭാഗത്ത് നിന്നാണ് വീഴ്ചയുണ്ടായതെന്നും പ്രസ്തുത വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോയെന്നും വിശദമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :

(എ) അണ്ടർ-17 ഫുട്ബോൾ ലോകകപ്പിന്റെ മത്സരങ്ങൾ സംബന്ധിച്ച് ഔദ്യോഗികമായ അറിയിപ്പ് ലഭിച്ചത് മാർച്ച് 27-നാണ്. ഇതിനു മുമ്പ് മത്സരക്രമ സംബന്ധമായ യാതൊരുവിധ അറിയിപ്പുകളും ഫിഫ അധികൃതർ നൽകിയിട്ടില്ല. ക്വാർട്ടർ ഫൈനൽ അടക്കം ആകെ 8 മത്സരങ്ങൾ കൊച്ചിക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) അല്ല. തയ്യാറെടുപ്പുകളിൽ വേണ്ട ജാഗ്രത പുലർത്തിക്കൊണ്ട് ഫിഫ നിഷ്കർഷിച്ച തീയതിയായ മേയ് 15-നു മുമ്പ് തന്നെ സ്റ്റേഡിയവും മേയ് 31-ന് മുമ്പായി 4 പരിശീലന ഗ്രൗണ്ടുകളും സജ്ജമാക്കിവരുന്നു.

(സി) തയ്യാറെടുപ്പിന്റെ എല്ലാ ഘട്ടങ്ങളിലും ശുഷ്കാന്തി പ്രകടിപ്പിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ നടപടിക്രമങ്ങളിലും അനുബന്ധ കാര്യങ്ങളിലും നടപടിക്രമങ്ങൾ പാലിക്കുന്നതിനാവശ്യമായ സ്വാഭാവിക കാലതാമസം ഉണ്ടായിട്ടുണ്ട്. ഇപ്പോൾ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയത്തിലും പരിശീലന ഗ്രൗണ്ടുകളായ മഹാരാജാസ് ഗ്രൗണ്ട്, പനമ്പിള്ളി നഗർ സ്പോർട്സ് അക്കാദമി, ഫോർട്ടുകൊച്ചി വെളിഗ്രൗണ്ട്, പരേഡ് ഗ്രൗണ്ട് എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തികൾ പരമാവധി വേഗതയിൽ നടക്കുന്നു. ആയവ ഫിഫ നിഷ്കർഷിച്ച മേയ് 15, മേയ് 31 എന്നീ തീയതികൾക്കുള്ളിൽ പൂർത്തീകരിക്കുന്നതാണ്.

## തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും

9(*39) ശ്രീ. ആർ. രാജേഷ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധികാരങ്ങളും മുഖ്യ കർത്തവ്യങ്ങളും അറിയിക്കാമോ;

(ബി) പൊന്നമ്പലമേട്ടിൽ ക്ഷേത്രം നിർമ്മിക്കുമെന്ന ബോർഡ് പ്രസിഡന്റിന്റെ പ്രസ്താവനയും അതിനായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെ നേരിട്ട് സമീപിച്ചതും നിയമാനുസൃത അധികാര പ്രയോഗമാണോ;

(സി) കൃത്യമായി മത പാഠശാലകളിൽ പോകുന്നവർക്ക് മാത്രമേ ക്ഷേത്ര ഭരണസമിതി അംഗത്വം നൽകുകയുള്ളൂ എന്ന ദേവസ്വം ബോർഡ് പ്രസിഡന്റിന്റെ പ്രസ്താവന ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ഡി) ദേവസ്വം ബോർഡ് പ്രസിഡന്റിന്റെ നിലപാടുകൾ പലതും ധിക്കാരപൂർവവും നിയമവിരുദ്ധവും ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിനെ മറ്റ് ദേവസ്വം ബോർഡുകളെപ്പോലെ വിപുലപ്പെടുത്തി ജനാധിപത്യവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) 1950-ലെ ടി.സി.എച്ച്.ആർ.ഐ. ആക്ടിലെ 15, 15 എ വ്യവസ്ഥകളിൽ നിഷ്കർഷിച്ചിട്ടുള്ള അധികാരങ്ങളും മുഖ്യകർത്തവ്യങ്ങളുമാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിനുള്ളത്.

(ബി) ഇക്കാര്യം 1950-ലെ ടി.സി.എച്ച്.ആർ.ഐ. ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇത്തരം ചില പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേവസ്വം ബോർഡ് ജനാധിപത്യ രീതിയിൽ പ്രവർത്തിക്കണമെന്നാണ് സർക്കാർ താൽപ്പര്യപ്പെടുന്നത്. ഇതിന് ഭംഗം വരുന്നപക്ഷം നിയമാനുസൃത നടപടികൾ സ്വീകരിക്കാവുന്നതാണ്.

**സാമ്പത്തികമാന്ദ്യം മറികടക്കാനുള്ള ശ്രമങ്ങൾ**

10(*40) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ഇ. പി. ജയരാജൻ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസന ആവശ്യങ്ങളോടുള്ള കേന്ദ്ര അവഗണനയും കേന്ദ്ര സർക്കാരിന്റെ നിലപാടുമൂലം സംസ്ഥാന എക്സൈസ് നികുതിയിലും തൽഫലമായി വില്പന നികുതിയിലും ഉണ്ടാകുന്ന അപ്രതീക്ഷിതമായ വൻ ഇടിവും പൊതുചെലവ് വർദ്ധിപ്പിച്ച് സാമ്പത്തിക മാന്ദ്യം മറികടക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങളെ എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) മേൽ സൂചിപ്പിച്ച പ്രകാരമുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കാൻ കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ;

(സി) ക്ഷേമ പദ്ധതികളെയും വികസന പദ്ധതികളയും നികുതി ശോഷണം ഏതുതരത്തിൽ ബാധിക്കാനിടയുണ്ടെന്ന് വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സംസ്ഥാനത്തിന്റെ വികസന ആവശ്യങ്ങളോടുള്ള കേന്ദ്ര അവഗണനയും കേന്ദ്ര സർക്കാരിന്റെ നിലപാടുംമൂലം സംസ്ഥാന വാണിജ്യ നികുതിയിലും കുറവ് സംഭവിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 19% വർദ്ധനവ് ലഭിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ 9% വർദ്ധനവ് മാത്രമേ നേടാൻ കഴിഞ്ഞിട്ടുള്ളൂ. വിശദവിവരം ചുവടെ ചേർക്കുന്നു:

| വർഷം | പ്രതീക്ഷിച്ച വാണിജ്യ നികുതി വരുമാനം | | ലഭിച്ച നികുതി വരുമാനം | |
|---|---|---|---|---|
| | തുക കോടി രൂപയിൽ | ശതമാനം | തുക കോടി രൂപയിൽ | ശതമാനം |
| 2016-17 | 36963.92 | 19 | 34038.36 | 9 |

നോട്ട് നിരോധനം നിലവിൽ വന്നതിനുശേഷം 2016 നവംബർ 9 മുതൽ 2017 മാർച്ച് 31 വരെ എക്സൈസ് വകുപ്പ് മുഖേന പ്രതീക്ഷിച്ച വരുമാനം 924 കോടി രൂപയും ഈ കാലയളവിൽ ലഭിച്ച തുക 766.72 കോടി രൂപയുമാണ്. ടി കാലയളവിൽ എക്സൈസ് വകുപ്പ് മുഖേന പ്രതീക്ഷിച്ച വരുമാനത്തിൽ 17.02% കുറവുണ്ടായി. ടി കാലയളവിൽ 2015-16 സാമ്പത്തിക വർഷത്തിലെ സമാനകാലയളവിനെ അപേക്ഷിച്ച് നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടില്ലാത്തതാണ്. 2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2016-17 വർഷത്തിൽ ആകെ 4.59% മാത്രമാണ് വരുമാന വർദ്ധനവ് ഉണ്ടായിട്ടുള്ളത്. മുൻവർഷം പ്രസ്തുത വർദ്ധനവ് 7.97% ആയിരുന്നു.

(ബി) നികുതി നഷ്ടം സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലും കനത്ത ആഘാതമാണ് ഏൽപ്പിച്ചിരിക്കുന്നത്. തൻനിമിത്തം ഓരോ മേഖലയിലും ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം സംബന്ധിച്ച അന്തിമ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിൽനിന്നും നഷ്ടപരിഹാരം ആവശ്യപ്പെടുന്ന കാര്യം സർക്കാർ ആലോചിക്കുന്നതാണ്.

(സി) അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ 31-12-2016 വരെയുള്ള താല്ക്കാലിക കണക്കുകൾ പ്രകാരം 2016 നവംബറിൽ സംസ്ഥാന എക്സൈസ് നികുതി വളർച്ച മുൻ വർഷത്തെ അപേക്ഷിച്ച് 3.15 ശതമാനം കുറവ് രേഖപ്പെടുത്തിയപ്പോൾ ഡിസംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 34.63 ശതമാനത്തിന്റെ ഇടിവുണ്ടായി. 2016 ഒക്ടോബറിൽ 19.8% വളർച്ച രേഖപ്പെടുത്തിയ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ ഡിസംബറിൽ 2.35% വളർച്ച മാത്രമാണ് രേഖപ്പെടുത്തിയത്. 2016 ഒക്ടോബറിനെ അപേക്ഷിച്ച് രജിസ്ട്രേഷൻ നികുതിയിൽ നവംബർ മാസം 30.26 ശതമാനത്തിന്റെയും ഡിസംബറിൽ വില്പന നികുതിയിൽ 17.43 ശതമാനത്തിന്റെയും രജിസ്ട്രേഷൻ നികുതിയിൽ 26.40 ശതമാനത്തിന്റെയും വാഹനനികുതിയിൽ 11.44 ശതമാനത്തിന്റെയും ആകെ തനതു വരുമാനത്തിൽ 16.33 ശതമാനത്തിന്റെയും കുറവ് ഉണ്ടായിട്ടുണ്ട്. നോട്ട് അസാധുവാക്കലിന്റെ ഫലമായി കേന്ദ്രസർക്കാരിന്റെ സാമ്പത്തിക വളർച്ചയിലുണ്ടായ ഇടിവും നികുതി കുറയുന്നതിനുള്ള സാഹചര്യത്തിന് ഇടയാക്കി. സാമ്പത്തിക പ്രവർത്തനത്തിലുണ്ടായ മന്ദത, സ്റ്റാമ്പ് നികുതി സമാഹരണത്തിലുണ്ടായ കുറവ്, റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടായ തളർച്ച, മോട്ടോർ വാഹന നികുതി വരുമാനത്തിൽ വന്ന കുറവ് എന്നിവ കാരണം തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചിരുന്ന വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

## ചെറുകിട, ഇടത്തരം സൂക്ഷ്മവ്യവസായങ്ങളെ സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും പദ്ധതികൾ

11(*41) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പറേറ്റ് വൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്ന കേന്ദ്ര നയത്തിന്റെ കെടുതികളിൽനിന്ന് സംസ്ഥാനത്തെ ചെറുകിട, ഇടത്തരം സൂക്ഷ്മവ്യവസായങ്ങളെ സംരക്ഷിക്കാനും അവയെ പ്രോത്സാഹിപ്പിക്കാനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സംരംഭക സൗകര്യ (ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സ്) സൂചികയിൽ ഏറെ പിന്നിൽ നിൽക്കുന്ന നിലവിലെ അവസ്ഥ മാറ്റിയെടുക്കാനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) തൊഴിൽദാന ക്ഷമത ഏറിയതും പരിസ്ഥിതി നാശവും ഭൂവിനിയോഗം കുറഞ്ഞതുമായ പരമ്പരാഗത മേഖലയെ നവീകരിച്ച് മത്സര പ്രാപ്തി ഉയർത്താനായി പദ്ധതിയുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുന്നതിനും സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴി സാമ്പത്തിക സഹായം നൽകുന്നുണ്ട്. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, എമർജിംഗ് കേരള തുടങ്ങിയവ സംഘടിപ്പിക്കുകയും അതിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാധ്യത വർദ്ധിപ്പിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ സംസ്ഥാന തലങ്ങളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിക്കുന്നുമുണ്ട്.

(ബി) വ്യവസായ സംരംഭകർക്കുള്ള സൗകര്യങ്ങളുടെയും സമയബന്ധിതമായി അനുമതി നല്കുന്നതിന്റെയും അടിസ്ഥാനത്തിൽ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷന്റെ (ഡി.ഐ.പി.പി.) 2016-ലെ കണക്കുപ്രകാരം ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് സൂചികയിൽ കേരളത്തിന്റെ സ്ഥാനം 20 ആണ്. ആയത് മെച്ചപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും ബിസിനസ്സ് അനുകൂലമായ പരിഷ്കരണങ്ങൾ നടത്തുന്നതിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. നിയമങ്ങളും ചട്ടങ്ങളും ലഘൂകരിക്കുന്നതിനും നവീകരിക്കുന്നതിനും പഠനം നടത്തി ലഭിച്ച റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആവശ്യമായ ഭേദഗതികൾ വരുത്തേണ്ട ആക്ട്/റൂളുകൾ, ഉത്തരവുകൾ എന്നിവയിന്മേലുള്ള സൂക്ഷ്മ പരിശോധന നടന്നുവരുന്നു.

(സി) തൊഴിൽദാന ക്ഷമത ഏറിയതും പരിസ്ഥിതി നാശവും ഭൂവിനിയോഗവും കുറഞ്ഞതുമായ പരമ്പരാഗത മേഖലയെ നവീകരിച്ച് മത്സരപ്രാപ്തി ഉയർത്താനായുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. കരകൗശല ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പൊതുസേവന കേന്ദ്രങ്ങളും പരിശീലന പദ്ധതികളും കരകൗശല ഉൽപ്പന്നങ്ങൾക്ക് ദേശീയ അന്തർദ്ദേശീയ മാർക്കറ്റിൽ മത്സരിക്കുന്നതിനും വിപണനം നടത്തുന്നതിനും പദ്ധതികളും ആവിഷ്കരിച്ചു വരുന്നു.

**അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്ക് ബദൽ**

12(*42) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എം. ഷാജി :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുമായി മുന്നോട്ടുപോകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഈ പദ്ധതിക്ക് ബദലായി ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ മറ്റേതെങ്കിലും പദ്ധതി കെ. എസ്. ഇ. ബി. എൽ. ഉൾപ്പെടെ ഏതെങ്കിലും ഏജൻസി സർക്കാരിന്റെ പരിഗണനയിൽ കൊണ്ടുവന്നിട്ടുണ്ടോ;

(സി) എങ്കിൽ ആ ബദൽ പദ്ധതിയുടെ വിശദവിവരങ്ങൾ വിലയിരുത്തി യിട്ടുണ്ടോ; നിഗമനങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) :

(എ) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 1998-ലും 2005-ലും 2007-ലും പാരിസ്ഥിതിക അനുമതി നൽകിയിരുന്നു. തുടർന്ന് വിവിധ പൊതുതാല്പര്യ ഹർജികൾ പരിഗണിച്ച് മന്ത്രാലയം 2007-ൽ നൽകിയ പാരിസ്ഥിതിക അനുമതി റദ്ദാക്കാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് 4-1-2010-ൽ കെ.എസ്.ഇ.ബി.എൽ.-ന് നൽകുകയും ഇതിനുള്ള മറുപടി കെ.എസ്.ഇ.ബി.എൽ. 2010 ജനുവരി മാസം തന്നെ മന്ത്രാലയത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. ഈ നോട്ടീസ് പിന്നീട് 9-10-2015-ൽ കേന്ദ്ര-വനം-പരിസ്ഥിതി മന്ത്രാലയം പിൻവലിക്കുകയും, പാരിസ്ഥിതിക അനുമതി 18-7-2017 വരെ നീട്ടിതരികയും ചെയ്തിട്ടുണ്ട്.

(ബി) 163 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള അതിരപ്പിള്ളി പദ്ധതിക്ക് ബദലായി ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹാർദ്ദവുമായ പദ്ധതികളൊന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല. സർക്കാരിന്റെ പരിഗണനയിൽ അത്തരം പദ്ധതികളൊന്നും കൊണ്ടുവന്നിട്ടില്ല.

(സി) ബാധകമല്ല.

**കായിക നയം**

13(*43) ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക നയം പ്രഖ്യാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കായിക രംഗത്തെ വളർച്ചയ്ക്കും പുരോഗതിക്കും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്തുന്നതെന്ന് വിശദമാക്കുമോ;

(സി) കായിക നയം എന്നത്തേയ്ക്ക് പ്രഖ്യാപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :

(എ-സി) പുതുതായി സമഗ്രമായ ഒരു കായിക നയം രൂപീകരിക്കുന്നതു സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. "കായിക പരിശീലന സൗകര്യങ്ങൾ ഉറപ്പുവരുത്തിക്കൊണ്ട് യഥാർത്ഥ കായിക പ്രതിഭകളെ കണ്ടെത്തി സമഗ്ര പരിശീലനം ലഭ്യമാക്കുക" എന്നത് പുതിയ നയത്തിന്റെ ഭാഗമായിരിക്കും.

## വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

14(*44) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള ഊർജ്ജ പദ്ധതികളുടെ നവീകരണം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) സംസ്ഥാനത്ത് 2016-17 വർഷം സൗരോർജ്ജത്തിൽ നിന്ന് വൈദ്യുതി ഉല്പാദനത്തിനായി രണ്ട് പദ്ധതികൾ അനെർട്ട് മുഖേന നടപ്പിലാക്കിയിരുന്നു. ഗ്രിഡ് കണക്ടഡ് പദ്ധതി (Solar Connect) വഴി 5 മെഗാവാട്ടും ശൃംഖലാബന്ധിതമല്ലാത്ത പദ്ധതി (Offgrid-Solar Smart) വഴി 6.4 മെഗാവാട്ടുമാണ് വിഭാവനം ചെയ്തിരുന്നത്. ഈ പദ്ധതികളുടെ നിർവ്വഹണം പുരോഗമിക്കുന്നു.

അനെർട്ടിന്റെ ആഭിമുഖ്യത്തിൽ ഡെപ്പോസിറ്റ്-കൺസൾട്ടൻസി സ്കീമുകളിലായി വിവിധ സർക്കാർ കെട്ടിടങ്ങളുടെ റൂഫ് ടോപ്പിൽ ആകെ 586 കിലോവാട്ട് സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നതനുസരിച്ച് അനെർട്ട് ഇത്തരം സ്ഥാപനങ്ങളിൽ സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക സഹായം ചെയ്തുവരുന്നു.

കൂടാതെ അനെർട്ടിന്റെ പാലക്കാട് ജില്ലയിലെ കുഴൽമന്ദത്തുള്ള സ്വന്തം ഭൂമിയിൽ ആകെ 2 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഒരു സൗരോർജ്ജ പവർ പ്ലാന്റ് കമ്മീഷൻ ചെയ്ത് വൈദ്യുതി ഉല്പാദിപ്പിച്ചുവരുന്നു.

നിലവിൽ സംസ്ഥാനത്ത് കാറ്റിൽനിന്നും 59.275 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്. ഇതിനു പുറമേ 9 മെഗാവാട്ട് ശേഷിയിൽ വിന്റ് ഫാമുകൾ സ്ഥാപിക്കാൻ സാങ്കേതികാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. കൂടാതെ, 10 മെഗാവാട്ട് ശേഷിയുള്ള വിന്റ് ഫാമിന് സാങ്കേതികാനുമതി നൽകുവാനുള്ള നടപടി പുരോഗമിച്ചു വരുന്നു.

കേരളത്തിൽ കാറ്റിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുവാനായി സംസ്ഥാന സർക്കാരും, കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.എച്ച്.പി.സി.-യും തമ്മിൽ ഒപ്പുവച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി 82 മെഗാവാട്ട് ശേഷിയുള്ള വിന്റ് ഫാം പാലക്കാട് സ്ഥാപിക്കാനായുള്ള നടപടികൾ എൻ.എച്ച്.പി.സി. നടത്തിവരുന്നു.

2016-17 വർഷത്തെ പദ്ധതി പ്രകാരം അനെർട്ട് മുഖേന സംസ്ഥാന സർക്കാർ സബ്സിഡിയോടെ സോളാർ വാട്ടർ ഹീറ്ററുകൾ സ്ഥാപിച്ച നൽകാനും തദ്വാരാ വൈദ്യുതി ഉപയോഗിച്ച് വെള്ളം ചൂടാക്കുന്നതിലൂടെ ചെലവാകുന്ന വൈദ്യുതി ലാഭിക്കാനും കഴിയുന്നു. 100 ലിറ്റർ പ്രതിദിന ശേഷിയുള്ള ഏകദേശം 8900 എണ്ണം സോളാർ വാട്ടർ ഹീറ്ററുകളാണ് ഇത്തരത്തിൽ സ്ഥാപിച്ചു കൊണ്ടിരിക്കുന്നത്. ഇവ പ്രതിവർഷം ഏകദേശം ഒരു കോടി യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ പര്യാപ്തമാണ്.

25 മെഗാവാട്ടിൽ താഴെയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ പാരമ്പര്യേതര ഊർജ്ജ പദ്ധതികളായാണ് കണക്കാക്കിയിരിക്കുന്നത്. ഈ പദ്ധതികൾക്ക് കേന്ദ്ര മന്ത്രാലയത്തിന്റെ (MNRE) സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. ആകെ 59 മെഗാവാട്ട് സ്ഥാപിതശേഷിവരുന്ന 5 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം നടന്നുവരുന്നു. നിർമ്മാണം മുടങ്ങിക്കിടക്കുന്ന 6 മെഗാവാട്ടിന്റെ ചാത്തൻകോട്ടുനട-II പദ്ധതിയുടെ നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ ആകെ 116.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 14 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ KSEB പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു*.

സൗരോർജ്ജ പദ്ധതികളുടെ നിർമ്മാണം ത്വരിതഗതിയിലാക്കി ഈ വേനൽക്കാലത്ത് ഊർജ്ജക്കുറവ് പരിഹരിക്കാനായി KSEB നടപടി സ്വീകരിച്ചിട്ടുണ്ട്. 2017 മാർച്ച് 31 വരെ 74.719 മെഗാവാട്ട് വൈദ്യുതി കേരള ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ 9.9773 മെഗാവാട്ട് ഗ്രിഡ് ബന്ധിതമല്ലാത്ത പദ്ധതികളും അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ചെറുകിട ജലവൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന സ്മാൾ ഹൈഡ്രോ പ്രൊമോഷൻ സെൽ വഴി സർക്കാർ അനുമതിയോടുകൂടി സ്വകാര്യ സംരംഭകർക്ക് ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിച്ച് നൽകുകയും അവ നടപ്പിൽ വരുത്തുന്നതിനുള്ള സാങ്കേതിക സഹായങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. മത്സര ദർഘാസിലൂടെയാണ് ഇതിനുള്ള സംരംഭകരെ കണ്ടെത്തുന്നത്. IPP (Independent Power Project), CPP (Captive Power Project) വിഭാഗങ്ങളിലാണ് പദ്ധതികൾ അനുവദിക്കുന്നത്. ഇത്തരത്തിൽ ഏകദേശം 45 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 20 പദ്ധതികൾ അനുവദിക്കുന്നതിനുള്ള എനർജി മാനേജ്മെന്റ് സെന്ററിന്റെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം III-ൽ ചേർത്തിരിക്കുന്നു*.

MNRE-യുടെ ധനസഹായത്തോടെ നൂറോളം പീക്കോ ജലവൈദ്യുത പദ്ധതികൾ (5 കിലോവാട്ടിനു താഴെ) എനർജി മാനേജ്മെന്റ് സെന്റർ സ്ഥാപിച്ചുകഴിഞ്ഞു.

(ബി) കഞ്ചിക്കോട് 225 കി.വാട്ട് ശേഷിയുള്ള 9 കാറ്റാടി യന്ത്രങ്ങൾ നിലവിലുണ്ട്. അവയിൽ 5 എണ്ണം മാറ്റി പകരം ശേഷികൂടിയ 5 കാറ്റാടികൾ സ്ഥാപിച്ച് (850KWx3+600KWx2) സ്ഥാപിതശേഷി 2.625 മെഗാവാട്ട് കൂട്ടി 4.5 മെഗാവാട്ട് ആക്കുന്നതിനുള്ള പദ്ധതികളുടെ ദർഘാസ് ക്ഷണിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

നിലവിലുള്ള ഊർജ്ജ പദ്ധതികളുടെ നവീകരണം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. <u>പൊരിങ്ങൽക്കുത്ത് ജലവൈദ്യുത പദ്ധതി</u>

   (i) പ്രസ്തുത പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ 31-5-2015-ന് പൂർത്തിയായതിന് ശേഷം സ്ഥാപിത ശേഷി 32 MW-ൽ നിന്നും 36 MW (4x9 MW) ആയി വർദ്ധിച്ചു.

   (ii) പ്രസ്തുത പദ്ധതിയുടെ പെൻസ്റ്റോക്കുകളുടെ നവീകരണത്തിനായി 19-2-2015-ന് എസ്.എസ്.ഐ.പി.എൽ.-മായി കരാർ ഒപ്പിട്ടു. അതുപ്രകാരം നവീകരണ പ്രവൃത്തികൾ നടന്നുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. ഷോളയാർ (3x18 MW) ജലവൈദ്യുത പദ്ധതി

(i) ഇലക്ട്രോ മെക്കാനിക്കൽ പ്രവർത്തികൾക്കായി M/s. ഫ്ലവർ എനർജി പ്രൈവറ്റ് ലിമിറ്റഡ് ഫുയാൻ കൺസോർഷ്യവുമായി 6-7-2015-ന് 61.51 കോടി രൂപയ്ക്ക് കരാർ ഒപ്പിട്ടു. കരാർ കാലാവധി 33 മാസം ആണ്. ബന്ധപ്പെട്ട പ്രവർത്തികൾ സമയബന്ധിതമായി പുരോഗമിക്കുന്നു. സ്വിച്ച് യാർഡിന്റെ നവീകരണ പ്രവർത്തികളും നടന്നുവരുന്നു.

(ii) പെൻസ്റ്റോക്ക് നവീകരണ പ്രവർത്തികൾക്കായി M/s.പെസ് എൻജിനീയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് ഹൈദരാബാദ്-ന് 34,81,52,194 രൂപയ്ക്ക് വർക്ക് അവാർഡ് ചെയ്തു. കരാർ കാലാവധി 24 മാസം ആണ്. കരാർ ഒപ്പിടാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

3. ഇടുക്കി ഒന്നാം ഘട്ടം (3x130 MW) ജലവൈദ്യുത പദ്ധതി

പുനരുദ്ധാരണ നവീകരണ പ്രവർത്തികൾക്കായി M/s.ജി.ഇ.പവർ ഇൻഡ്യ ലിമിറ്റഡുമായി 24-9-2010-ന് 48.42 കോടി രൂപയ്ക്ക് കരാർ ഒപ്പിട്ടു. കരാർ കാലാവധി 42 മാസം ആണ്. ബന്ധപ്പെട്ട പ്രവർത്തികൾ സമയബന്ധിതമായി പുരോഗമിക്കുന്നു.

4. കുറ്റ്യാടി (3x25 MW) ജലവൈദ്യുത പദ്ധതി

കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ നവീകരണവുമായി ബന്ധപ്പെട്ട് AHEC, റൂർകീ നടത്തിയ RLA (ശിഷ്ടായുസ്) പഠനത്തിന്റെ അന്തിമ റിപ്പോർട്ട് അനുസരിച്ച് നവീകരണ പദ്ധതിക്ക് രൂപം നൽകിവരുന്നു. പ്രസ്തുത പുനരുദ്ധാരണ നവീകരണ പ്രവർത്തികൾ പൂർത്തിയാകുമ്പോൾ സ്ഥാപിത ശേഷിയുടെ 10 ശതമാനം കൂടി അധികശേഷി വിഭാവനം ചെയ്തിരിക്കുന്നു.

**സഹകരണ രംഗത്ത് ഘടനാപരമായ മാറ്റം**

15(*45) ശ്രീ. ഡി. കെ. മുരളി :
ശ്രീ. ബി. സത്യൻ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഏകകണ്ഠമായ ആവശ്യത്തെ അവഗണിച്ചുകൊണ്ട് എസ്.ബി.റ്റി.-യെ ഇല്ലാതാക്കിയതിന്റെയും നോട്ട് നിരോധനത്തിന്റെ മറവിൽ സഹകരണമേഖലയെ തകർക്കാൻ ശ്രമം നടത്തിയെന്ന ആക്ഷേപത്തിന്റെയും പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സഹകരണ രംഗത്ത് ഘടനാപരമായ മാറ്റത്തിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) കേരള ബാങ്ക് രൂപീകരിച്ച് സംസ്ഥാനത്തിന്റെ സ്വന്തം ബാങ്കാക്കി മാറ്റാനുള്ള ശ്രമത്തിന്റെ പുരോഗതി അറിയിക്കുമോ;

(സി) പ്രാഥമിക സംഘങ്ങളുടെ നവീകരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) സംസ്ഥാനത്തെ ഹ്രസ്വകാല മദ്ധ്യകാല വായ്പാ മേഖലയിൽ നിലവിലുള്ള ത്രിതല ഘടനയ്ക്കുപകരം സംസ്ഥാന സഹകരണ ബാങ്കിനേയും ജില്ലാ സഹകരണ ബാങ്കുകളേയും സംയോജിപ്പിക്കുന്നതുവഴി ദ്വിതല ഘടനയിലേയ്ക്കുള്ള മാറ്റമാണ് ഉദ്ദേശിക്കുന്നത്.

(ബി) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന്റെ സാധ്യതകളും വിവിധ വശങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ അഞ്ചംഗ വിദഗ്ദ്ധസമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി 2017 ഏപ്രിൽ അവസാനത്തോടെ റിപ്പോർട്ട് സമർപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രാഥമിക സംഘങ്ങളുടെ നവീകരണത്തിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്:

1. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ ഇടപാടുകാർക്ക് ജില്ലാ സഹകരണ ബാങ്കുകൾ വഴി റുപേ കിസാൻ കാർഡ് നൽകുന്നതിനുള്ള നിർദ്ദേശം നൽകുന്ന പദ്ധതി. അംഗങ്ങൾക്ക് ജില്ലാ ബാങ്കുകളിൽ മിറർ അക്കൗണ്ട് ആരംഭിച്ച് ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി.
2. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പദ്ധതി.
3. കോർ ബാങ്കിംഗ് സംവിധാനം പൂർത്തിയാക്കുന്നതിന് അനുസൃതമായി അംഗങ്ങൾക്ക് ആധുനിക സൗകര്യങ്ങൾ നൽകുന്നതിനുള്ള പദ്ധതികൾ.
4. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള പദ്ധതി.

## സ്വർണ്ണ വിനിമയത്തിലും പണം കൈമാറുന്നതിലും വരുത്തിയ അശാസ്ത്രീയമായ നിയന്ത്രണങ്ങൾ

16(*46) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണ വിനിമയത്തിലും പണം കൈമാറുന്നതിലും കേന്ദ്ര സർക്കാർ വരുത്തിയിട്ടുള്ള അശാസ്ത്രീയമായ നിയന്ത്രണങ്ങൾ സംസ്ഥാനത്തെ സമ്പദ്ഘടനയെ ഏത് വിധത്തിൽ ബാധിക്കുന്നുവെന്ന് വിശകലനം ചെയ്തിട്ടുണ്ടോ;

(ബി) ബാങ്കിംഗ് ഇടപാടുകൾ നിർബന്ധമാക്കിയ കേന്ദ്ര സർക്കാർ നയങ്ങളുടെ ഫലമായി ഇത്തരം ഇടപാടുകളിലേയ്ക്ക് തിരിഞ്ഞ സാധാരണ ജനങ്ങളെ ബാങ്കുകൾ സേവന നിരക്ക് ഈടാക്കി ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കാൻ വേണ്ട നടപടിയെടുക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) നോട്ട് നിരോധനത്തിന്റെ വിപരീത ഫലം നേരിടാൻ വേണ്ട ധനസഹായം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സ്വർണ്ണ വിനിമയത്തിലും പണം കൈമാറുന്നതിലും കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ സംസ്ഥാന സമ്പദ്ഘടനയെ ഏത് വിധത്തിൽ ബാധിക്കുന്നുവെന്ന് സർക്കാർ തലത്തിൽ വിശകലനം ചെയ്തിട്ടില്ല. എന്നാൽ പ്രസ്തുത നിയന്ത്രണങ്ങൾ സംസ്ഥാന സമ്പദ്ഘടനയുടെ സുപ്രധാന മേഖലകളെ പ്രത്യക്ഷമായും പരോക്ഷമായും ബാധിക്കുന്നതിനാൽ ചുവടെ ചേർക്കുന്ന ഭവിഷ്യത്തുകൾ പ്രതീക്ഷിക്കുന്നുണ്ട് :

1. സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പ്രധാന പങ്ക് വഹിക്കുന്ന പരമ്പരാഗത മേഖലകളായ മത്സ്യബന്ധനം, കയർ, കൈത്തറി, കശുവണ്ടി, കൃഷി, തോട്ടങ്ങൾ തുടങ്ങിയ പല മേഖലകളിലും പൂർണ്ണമായും കറൻസി വിനിമയം നിലനിൽക്കുന്നതിനാൽ ഇവയിൽ നിന്നുള്ള വരുമാനത്തെ ആശ്രയിച്ച് കഴിയുന്ന ലക്ഷക്കണക്കിനാളുകളെ പുതിയ നിയന്ത്രണങ്ങൾ സാരമായി ബാധിക്കും.

2. നോട്ട് ലഭ്യത കൂടുതൽ ആവശ്യമായ മേഖലകളായ ചെറുകിട വ്യാപാരം, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ഗതാഗതം എന്നിവയും കഴിഞ്ഞ കുറച്ചുവർഷങ്ങളായി മാന്ദ്യം നേരിടുകയായിരുന്ന കാർഷിക മേഖലയും ഈ നയം മാറ്റത്തിന്റെ നേരിട്ടുള്ള ആഘാതമേറ്റു വാങ്ങേണ്ടിവരും.

3. നിർമ്മാണ – ഗതാഗത - സംഭരണ മേഖലകളുടെ തിരിച്ചുവരവ് ഇനിയും താമസിച്ചേയ്ക്കും.

4. പുതിയ നിയന്ത്രണങ്ങൾ സാമ്പത്തിക പ്രവർത്തനത്തിലുണ്ടാക്കി യേയ്ക്കാവുന്ന മന്ദത, സ്റ്റാമ്പ് നികുതി സമാഹരണത്തിൽ വരാവുന്ന കുറവ്, റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടാക്കിയേയ്ക്കാവുന്ന തളർച്ച, മോട്ടോർവാഹന നികുതി വരുമാനത്തിലുണ്ടാക്കിയേക്കാവുന്ന കുറവ് എന്നിവ കാരണം തനതു നികുതി വരുമാനത്തിൽ പ്രതീക്ഷിക്കുന്ന വളർച്ച കൈവരിക്കാനുള്ള സാധ്യത കുറവാണ്.

(ബി) കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്.

(സി) നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലും കനത്ത അഘാതമാണ് ഏൽപ്പിച്ചിരിക്കുന്നത്. തൻനിമിത്തം ഓരോ മേഖലയിലും ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം സംബന്ധിച്ച അന്തിമ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്രസർക്കാരിൽനിന്നും നഷ്ടപരിഹാരം ആവശ്യപ്പെടുന്ന കാര്യം സർക്കാർ ആലോചിക്കുന്നതാണ്.

## പൊതുമേഖലാ ബാങ്കുകളിലെ ഉപഭോക്തൃസൗഹൃദമല്ലാത്ത നടപടികൾ

17(*47) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രമുഖ പൊതുമേഖലാ ബാങ്കുകളിൽ പലതും ഉപഭോക്തൃ സൗഹൃദമല്ലാത്ത നടപടികൾ സ്വീകരിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) നോട്ടുനിരോധന നടപടികൾക്കുശേഷം അമിതഫീസ് ഈടാക്കുക, വിവിധതരം പിഴകൾ ഏർപ്പെടുത്തുക, ഇടപാടുകളിൽ നിയന്ത്രണമേർപ്പെടുത്തുക തുടങ്ങിയ ബാങ്കുകളുടെ ജനവിരുദ്ധ നയങ്ങൾക്കെതിരെ സർക്കാർ തലത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ചുകിട്ടുന്നതിന് സർക്കാർ ഇടപെടൽ ഉണ്ടാകുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതുമേഖലാ ബാങ്കുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത് റിസർവ് ബാങ്കും ഭാരത സർക്കാരുമാണ്. അതുകൊണ്ട് ബാങ്കുകൾ അവരുടെ സേവനങ്ങൾക്ക് ഏകപക്ഷീയമായി ഏർപ്പെടുത്തുന്ന അമിതമായ ഫീസും പിഴയും ഒഴിവാക്കുന്നതിനോ കുറയ്ക്കുന്നതിനോ വേണ്ട നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

(സി) ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

**വൈദ്യുതി ഉല്പാദന വർദ്ധനവിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ**

18(*48) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആവശ്യമുള്ളതിന്റെ 30 ശതമാനം വൈദ്യുതി മാത്രം ഉല്പാദിപ്പിക്കുന്ന സാഹചര്യത്തിൽ ഉല്പാദന വർദ്ധനവിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉല്പാദന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) വീടുകളുടെയും സർക്കാർ സ്ഥാപനങ്ങളുടെയും മേൽക്കൂരകളിൽ സോളാർപാനൽ സ്ഥാപിച്ച് ബാറ്ററികൾ കൂടാതെ നേരിട്ട് വിതരണ ശൃംഖലയിലേക്ക് വൈദ്യുതി ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന പദ്ധതി അവലോകനം ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ ഏതൊക്കെയെന്നും അവ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ യാണെന്നും വെളിപ്പെടുത്താമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ&ബി) സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദന വർദ്ധനവിനായി 16 പുതിയ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാനായി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതുവഴി 156.5 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധനവാണ് ലക്ഷ്യമിടുന്നത്. പദ്ധതികളുടെ വിശദവിവരം അനുബന്ധം (1) ആയി ചേർക്കുന്നു*. കൂടാതെ 163 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി സമവായത്തിലൂടെ നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ നവീകരണവുമായി ബന്ധപ്പെട്ട് AHEC, റൂർകീ നടത്തിയ RLA (ശിഷ്ടായുസ്) പഠനത്തിന്റെ അന്തിമ റിപ്പോർട്ട് അനുസരിച്ച് നവീകരണ പദ്ധതിക്ക് രൂപം നൽകിവരുന്നു. പ്രസ്തുത റിപ്പോർട്ട് പ്രകാരം കുറ്റ്യാടി എക്സ്റ്റൻഷൻ സ്കീം (1X50MW) പദ്ധതിക്കുവേണ്ടി മാത്രം ഒരു പുതിയ പെൻസ്റ്റോക്ക് നിർമ്മിക്കുവാനുള്ള നിർദ്ദേശം സ്വീകരിച്ചുകൊണ്ട് കുറ്റ്യാടി ജലവൈദ്യുത പദ്ധതി (3X25MW), 75MW പുനരുദ്ധാരണ നവീകരണ പ്രവർത്തിയുടെ പ്രാരംഭ നടപടികൾ ആസൂത്രണം ചെയ്തുവരുന്നു. പ്രസ്തുത പുനരുദ്ധാരണ നവീകരണ പ്രവൃത്തികൾ പൂർത്തിയാകുമ്പോൾ സ്ഥാപിത ശേഷിയുടെ 10% കൂടി അധികശേഷി വിഭാവനം ചെയ്തിരിക്കുന്നു.

പാരമ്പര്യേതര സ്രോതസ്സുകളായ കാറ്റ്, ചെറുകിട ജലവൈദ്യുത പദ്ധതികൾ എന്നിവയെ സംബന്ധിക്കുന്ന പട്ടിക അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു*.

സൗരോർജ്ജ പദ്ധതികളുടെ നിർമ്മാണം ത്വരിതഗതിയിലാക്കി ഈ വേനൽക്കാലത്ത് ഊർജ്ജക്കുറവ് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. 2017 മാർച്ച് 31 വരെ വിവിധ സൗരോർജ്ജ പദ്ധതികളിൽ നിന്നായി 74.719 മെഗാവാട്ട് വൈദ്യുതി കേരള ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ 9.9773 മെഗാവാട്ട് ഗ്രിഡുമായി ബന്ധിപ്പിക്കാത്ത സൗരോർജ്ജ പദ്ധതികളും പൂർത്തിയായിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം (3) ആയി ചേർത്തിരിക്കുന്നു*.

പൂവാറിൽ 1 മെഗാവാട്ട് ശേഷിയുള്ള മൈക്രോവിൻഡ് പദ്ധതിയും കഞ്ചിക്കോട് നിലവിലുള്ള 0.225 മെഗാവാട്ട് 5 മെഷീനുകൾ മാറ്റി ശേഷി കൂടിയ (0.85MWX3 + 0.6MWX2) മെഷീനുകൾ സ്ഥാപിച്ച് കാറ്റാടിപ്പാടത്തിന്റെ ശേഷി 2.625 മെഗാവാട്ട് വർദ്ധിപ്പിക്കുന്നതിനും 2.5 മെഗാവാട്ട് ശേഷിയുള്ള പുതിയ മെഷീൻ സ്ഥാപിക്കുന്നതിനുമുള്ള ദർഘാസ് ക്ഷണിക്കുന്നതിനുമുള്ള പ്രാരംഭ നടപടികൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ആരംഭിച്ചിട്ടുണ്ട്. സ്വകാര്യ സംരംഭകർ വഴി വിവിധ പദ്ധതികളിലൂടെ 32 മെഗാവാട്ട് വൈദ്യുതിയും കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പോളിസി പ്രകാരം മത്സര ദർഘാസിന്റെ അടിസ്ഥാനത്തിൽ ഏകദേശം 45MW സ്ഥാപിതശേഷി വരുന്ന 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യ മേഖലയിലൂടെ 30 വർഷത്തേയ്ക്ക് 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ അനുവദിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം (4) ആയി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സംസ്ഥാനത്ത് 2016-17 വർഷം റൂഫ് ടോപ്പ് വഴി സൗരോർജ്ജത്തിൽനിന്ന് വൈദ്യുതി ഉല്പാദനത്തിന് രണ്ട് പദ്ധതികൾ നടപ്പിലാക്കിയിരുന്നു. ഗ്രിഡ് കണക്റ്റഡ് പദ്ധതി (Solar Connect) വഴി 5 മെഗാവാട്ടും ശൃംഖലാബന്ധിതമല്ലാത്ത പദ്ധതി (Offgrid-Solar Smart) വഴി 6.4 മെഗാവാട്ടുമാണ് വിഭാവനം ചെയ്തിരുന്നത്. ഈ പദ്ധതികളുടെ നിർവ്വഹണം പുരോഗമിക്കുന്നു.

കേരളത്തിൽ കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.എച്ച്.പി.സി.-യുമായി സംസ്ഥാന സർക്കാർ ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. ഇതിൻപ്രകാരം ആദ്യഘട്ടത്തിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടങ്ങൾ പാലക്കാട് ജില്ലയിൽ നല്ലസിംഗം, കോട്ടത്തറ പ്രദേശങ്ങളിൽ സ്ഥാപിക്കുവാനുള്ള നടപടികൾ എൻ.എച്ച്.പി.സി-യുടെ ഭാഗത്തുനിന്നും പുരോഗമിക്കുന്നു. നിലവിലുള്ള കാറ്റാടി വൈദ്യുതി നിലയങ്ങൾക്ക് പുറമേ 9 മെഗാവാട്ട് ശേഷിയുള്ള വിന്റ് ഫാമിന് സാങ്കേതികാനുമതി നൽകുകയും 10 മെഗാവാട്ടിന് സാങ്കേതികാനുമതി നൽകാനായി നടപടി പുരോഗമിക്കുകയും ചെയ്യുന്നു. കൂടാതെ ഇടുക്കി ജില്ലയിലെ രാമക്കൽമേട് പ്രദേശത്ത് കാറ്റാടി നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതയും പരിശോധിച്ചുവരികയാണ്.

ഇതിനുമുമ്പായി നടപ്പാക്കിയ പതിനായിരം സൗരഗൃഹ പദ്ധതിയിൽ 9.83 മെഗാവാട്ട് ഓഫ് ഗ്രിഡ് സ്ഥാപിത ശേഷി കൈവരിച്ചുകഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്ത് നിലവിൽ കാറ്റിൽനിന്നും 59.275 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്ന കാറ്റാടിപ്പാടങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

അനെർട്ടിന്റെ ആഭിമുഖ്യത്തിൽ ഡെപ്പോസിറ്റ് - ടെക്നിക്കൽ കൺസൾട്ടൻസി സ്കീമിലുൾപ്പെടുത്തി വിവിധ സർക്കാർ കെട്ടിടങ്ങളുടെ റൂഫ് ടോപ്പിൽ ആകെ 586 കിലോവാട്ട് സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

കൂടാതെ അനെർട്ടിന്റെ പാലക്കാട് ജില്ലയിലെ കുഴൽമന്ദത്തുള്ള സ്വന്തം ഭൂമിയിൽ ആകെ 2 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള ഒരു സൗരോർജ്ജ പ്ലാന്റ് കമ്മീഷൻ ചെയ്തു വൈദ്യുതി ഉല്പാദിപ്പിച്ചുവരുന്നു.

(സി) ബാറ്ററികൾ ഇല്ലാതെ പ്രവർത്തിക്കുന്ന സൗരോർജ്ജ പദ്ധതികൾ 2014-15 മുതൽ കേരളത്തിൽ അനെർട്ട് നടപ്പിലാക്കിവരുന്നുണ്ട്. ഈ ഇനത്തിൽ ഇതുവരെ ആകെ 3.3 മെഗാവാട്ട് പ്ലാന്റുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇതിൽ വരുന്ന കാലതാമസം പരിഹരിക്കുന്നതിലേയ്ക്കായി പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കുന്നതിനുവേണ്ടി ഒരു ഓൺ ലൈൻ പോർട്ടൽ അനെർട്ടിന്റെ നേതൃത്വത്തിൽ രൂപപ്പെടുത്തിവരുന്നു. ഇതിനു പുറമേ അനെർട്ടിന്റെ ആഭിമുഖ്യത്തിൽ ഡെപ്പോസിറ്റ്-കൺസൾട്ടൻസി സ്കീമുകളിലായി കേരള യൂണിവേഴ്സിറ്റി കാര്യവട്ടം ക്യാമ്പസിൽ 100 കിലോവാട്ടും, തൃശ്ശൂർ കോർപ്പറേഷനിലെ ജയ്ഹിന്ദ് ബിൽഡിംഗിൽ 200 കിലോവാട്ടും ബാറ്ററികൾ കൂടാതെ നേരിട്ട് ഗ്രിഡിലേയ്ക്ക് വൈദ്യുതി ഉല്പാദിപ്പിച്ചു നൽകുന്ന പദ്ധതികൾ സ്ഥാപിച്ചിട്ടുണ്ട്. ഇവ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ജനറേഷൻ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ 0.78 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ട്. വിതരണ-പ്രസരണ വിഭാഗത്തിലെ കെട്ടിടങ്ങളുടെ മേൽക്കൂരകളിലായി 1.37 മെഗാവാട്ട് സൗരോർജ്ജ നിലയങ്ങളുടെ നിർമ്മാണം അന്തിമഘട്ടത്തിലും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ മറ്റ് കെട്ടിടങ്ങളുടെ മുകളിലായി 1.12 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയങ്ങളും, സ്വകാര്യ/സർക്കാർ വീടുകൾ/കെട്ടിടങ്ങളുടെ മേൽക്കൂരകളിലായി 6.192 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയങ്ങളും ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത്/സർക്കാർ കെട്ടിടങ്ങളുടെ മുകളിൽ 1292.5 കിലോവാട്ട് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) നിലവിൽ തോട്ടിയാർ (40 മെഗാവാട്ട്), ചാത്തൻകോട്ടുനട-II (6 മെഗാവാട്ട്) എന്നീ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം മുടങ്ങി ക്കിടക്കുകയാണ്. പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീമിന്റെ (60 മെഗാവാട്ട്) നിർമ്മാണം 11-4-2017-ൽ പുനരാരംഭിച്ചിട്ടുണ്ട്.

മുടങ്ങിക്കിടക്കുന്ന തോട്ടിയാർ, ചാത്തൻകോട്ടുനട-II എന്നീ പദ്ധതികളുടെ കരാറുകൾ ഫോർക്ലോസ് ചെയ്യുവാൻ കെ.എസ്.ഇ.ബി. ലിമിറ്റഡിനെ അനുവദിച്ചു കൊണ്ട് സർക്കാർ ഉത്തരവ് നമ്പർ (കൈ)7/2016/ഊവ തീയതി 4/3/2016 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബാക്കി ജോലികൾ പൂർത്തിയാക്കി പദ്ധതി കമ്മീഷൻ ചെയ്യുവാനായി പുതിയ ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## കെ.എസ്.എഫ്.ഇ.-യുടെ പ്രവാസി ചിട്ടി

19(*49) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടി നടത്തുവാൻ കെ.എസ്.എഫ്.ഇ.-ക്ക് റിസർവ് ബാങ്ക് അനുമതി നൽകിയത് എന്നാണ്; അത് സംബന്ധിച്ച് റിസർവ് ബാങ്ക് നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) 1980-ലെ കേന്ദ്ര ചിട്ടി നിയമവും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളുടെ വ്യവസ്ഥകളും അനുസരിച്ചാണോ കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി നടത്തുന്നത്; ഇല്ലെങ്കിൽ ഏതെല്ലാം വ്യവസ്ഥകൾക്ക് റിസർവ് ബാങ്ക് ഇളവ് അനുവദിച്ചിട്ടുണ്ട്;

(സി) കെ.എസ്.എഫ്.ഇ.-ക്ക് പ്രവാസി ചിട്ടികൾ നടത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്; പ്രവാസി ചിട്ടി നടത്തുന്നതിന് കെ.എസ്.എഫ്.ഇ. എന്തെല്ലാം പരസ്യങ്ങൾ നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) കെ.എസ്.എഫ്.ഇ. ചിട്ടി നടത്തുന്നതിനുള്ള സെക്യൂരിറ്റി തുകയും ചിറ്റാളന്മാരായ പ്രവാസികളിൽനിന്ന് പിരിക്കുന്ന ചിട്ടി തുകകളും കിഫ്ബിയുടെ നിധിയിൽ നിക്ഷേപിക്കുന്നതിലേയ്ക്കായി സർക്കാർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഇ) ഇതിലേയ്ക്ക് കേന്ദ്രസർക്കാരിന്റെയും റിസർവ് ബാങ്കിന്റെയും അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) റിസർവ് ബാങ്കിന്റെ 2-3-2015-ലെ Notification No.FEMA. 337/2015-RB പ്രകാരം ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് റെഗുലേഷൻ 2000-ൽ വരുത്തിയ ഭേദഗതി പ്രകാരം പ്രവാസി ഇന്ത്യാക്കാർക്ക് ബാങ്കിംഗ് ഉപാധികൾ വഴി ചിട്ടിയിൽ ചേരാവുന്നതാണ്. പ്രസ്തുത നോട്ടിഫിക്കേഷന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) 1982-ലെ കേന്ദ്ര ചിട്ടി നിയമവും അതിനു കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളും, 29-7-2015-ലെ G.O.(MS) No.136/2015/TD-ലെ വ്യവസ്ഥകളും അനുസരിച്ചാണ് കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി വിഭാവനം ചെയ്യുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) റിസർവ് ബാങ്കിന്റെ 2-3-2015-ലെ Notification No. FEMA. 337/2015-RB പ്രകാരം പ്രവാസികളെ ചിട്ടിയിൽ ചേർക്കുന്നതിന് 29-7-2015-ലെ G.O.(MS)No.136/2015/TD പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. പ്രവാസി ചിട്ടി നടത്തുന്ന രീതിയെപ്പറ്റി അന്തിമ രൂപമായിട്ടില്ല. ആയതിനാൽ കെ.എസ്.എഫ്.ഇ. പരസ്യങ്ങൾ ഒന്നും നൽകിയിട്ടില്ല.

(ഡി&ഇ) പ്രവാസി ചിട്ടി ആരംഭിച്ചിട്ടില്ല. അതുകൊണ്ടുതന്നെ പ്രവാസികളിൽ നിന്ന് പിരിക്കുന്ന ചിട്ടിത്തുകകൾ കിഫ്ബിയിലേയ്ക്ക് നിക്ഷേപിച്ച് തുടങ്ങിയിട്ടില്ല.

**ടൂറിസം നയം**

20(*50) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ടൂറിസം നയം ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ടൂറിസം മേഖലയുടെ വളർച്ചയ്ക്കും വികസനത്തിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നയം എന്നത്തേയ്ക്ക് പ്രഖ്യാപിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഉണ്ട്. 2012-ൽ ആവിഷ്കരിച്ച ടൂറിസം നയത്തിന്മേൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതുതായി വേണ്ടുന്നത് ഉൾപ്പെടുത്തി പുതിയ ടൂറിസം വികസനത്തിനായുള്ള സമഗ്ര നയം രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) കേരള സംസ്ഥാനത്തിന്റെ സാംസ്കാരിക പൈതൃകത്തിനിണങ്ങുന്ന നിലയിൽ കേരളത്തിന്റെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ സഹായകവും ടൂറിസം മേഖലയിലെ സ്വകാര്യ നിക്ഷേപകർക്ക് ശക്തമായ പിന്തുണ നൽകുന്നതുമായ ഒരു കേരള വിനോദസഞ്ചാര നയമാണ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. ടൂറിസം മേഖലയുടെയും അനുബന്ധ മേഖലകളുടെയും സമഗ്ര വികസനം, ടൂറിസം രംഗവുമായി പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ ക്ഷേമം, തൊഴിൽ സാധ്യത, പരിസ്ഥിതി സൗഹൃദ വികസനം, ഹോസ്പിറ്റാലിറ്റി, മാർക്കറ്റിംഗ്, പദ്ധതി രൂപീകരണം, ഉത്തരവാദിത്ത ടൂറിസം, ടൂറിസം കേന്ദ്രങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ എന്നിവയും ആധുനികവും നൂതനവുമായ മാർഗ്ഗങ്ങൾ ഉപയോഗപ്രദമാക്കിയുള്ള വികസന പദ്ധതികൾ തുടങ്ങിയവയാണ് പുതിയ ടൂറിസം നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

(സി) ഇതിനായുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

**സംസ്ഥാനത്തെ നോട്ടുക്ഷാമം**

21(*51) ശ്രീ. പി. ടി. എ. റഹീം :

ശ്രീ. രാജു എബ്രഹാം :

ശ്രീ. കെ. കുഞ്ഞിരാമൻ :

ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മിക്ക ട്രഷറികളിലും പണം ഇല്ലാതെ പെൻഷൻകാർ ബുദ്ധിമുട്ടിലായതിന്റെ കാരണം അറിയിക്കാമോ; കേന്ദ്ര സർക്കാരിന്റെ നയ വൈകല്യങ്ങൾ കാരണം ബാങ്കുകളുടെ എ.ടി.എമ്മുകളിൽ കറൻസി നോട്ടില്ലാതെ ജനങ്ങൾ ദുരിതത്തിലായതായ ആക്ഷേപം കേന്ദ്ര സർക്കാരിന്റെയും റിസർവ് ബാങ്കിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ;

(ബി) ഉത്സവകാലത്തുണ്ടായ നോട്ടുക്ഷാമം പൊതുജനങ്ങളെ ദുരിതത്തിലാക്കിയതിനോടൊപ്പം സർക്കാരിന്റെ നികുതി വരവിനെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ;

(സി) മദ്യ വിപണനശാല നിരോധനവും കറൻസി ക്ഷാമവും സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ ഉണ്ടാക്കിയ ആഘാതത്തിന് കേന്ദ്ര സർക്കാരിൽ നിന്ന് നഷ്ടപരിഹാരം നേടിയെടുക്കാൻ നടത്തിയ ശ്രമങ്ങൾ അറിയിക്കാമോ;

(ഡി) കറൻസി നൽകാതെ ജനങ്ങളെ നിർബന്ധിതമായി ഡിജിറ്റൽ ഇടപാടിന് പ്രേരിപ്പിക്കുകയും അതോടൊപ്പം ഇത്തരം ഇടപാടുകൾക്ക് ധനകാര്യ സ്ഥാപനങ്ങൾ സർവീസ് ചാർജ്ജ് വർദ്ധിപ്പിക്കുകയും ചെയ്ത് ജനങ്ങളെ കൊള്ളയടിക്കാൻ അനുവാദം നൽകുന്നതായി ആക്ഷേപമുള്ള കേന്ദ്ര സർക്കാർ നയം അടിയന്തരമായി തിരുത്താൻ ആവശ്യപ്പെടുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സംസ്ഥാനത്തെ മിക്ക ട്രഷറികളിലും പണം ലഭിക്കാതെ പെൻഷൻകാർക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ട്രഷറികളിൽ ഇടപാട് നടത്തുന്നതിന് ആവശ്യമായ പണം ട്രഷറികളുടെ ഏജൻസി ബാങ്കിൽ നിന്നാണ് ലഭിക്കുന്നത്. നോട്ട് നിരോധനത്തിനു ശേഷം, ഏജൻസി ബാങ്കിനോട് ആവശ്യപ്പെടുന്ന തുകയുടെ പകുതിയിൽ കുറവു തുക മാത്രമാണ് ലഭിക്കുന്നത്. പെൻഷൻകാർ ഉൾപ്പെടെയുള്ള ട്രഷറി ഇടപാടുകാർ നോട്ട് ക്ഷാമംമൂലം നേരിടുന്ന പ്രയാസങ്ങൾ പല പ്രാവശ്യം റിസർവ് ബാങ്ക് അധികാരികളെ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

(ബി) നോട്ടുക്ഷാമം സർക്കാരിന്റെ നികുതി വരവിനെ കാര്യമായി ബാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ നോട്ട് നിരോധനം പ്രഖ്യാപിച്ച 2016 നവംബർ മാസം രജിസ്ട്രേഷൻ വകുപ്പിലെ റവന്യൂ വരുമാനത്തിൽ മാത്രം മുൻ മാസത്തെ അപേക്ഷിച്ച് 100 കോടി രൂപയുടെ കുറവുണ്ടായിരുന്നു. 2016 ഏപ്രിൽ മുതൽ 2016 ഒക്ടോബർ വരെയുള്ള പ്രതിമാസ ശരാശരി വരുമാനം 220.98 കോടി രൂപയും 2016 നവംബർ മുതൽ 2017 ജനുവരി വരെയുള്ള പ്രതിമാസ ശരാശരി വരുമാനം 175.87 കോടി രൂപയുമാണ്. നോട്ടു നിരോധനത്തിനു ശേഷം പ്രതിമാസ ശരാശരി വരുമാനത്തിൽ 45.11 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

കറൻസി ക്ഷാമംമൂലം ഭാഗ്യക്കുറി വിൽപ്പനയിൽ ഗണ്യമായ കുറവുണ്ടായി. തന്മൂലം ഡിസ്കൗണ്ട്/കമ്മീഷൻ/ഏജന്റ്സ് പ്രൈസ് എന്നീ ഇനങ്ങളിൽ ഏജന്റുമാർക്കും വിൽപ്പനക്കാർക്കും സംഭവിക്കാവുന്ന നഷ്ടം കണക്കിലെടുത്ത് ടിക്കറ്റ് വിൽപ്പനയിൽ ഏർപ്പെടുത്തിയിട്ടുള്ള സർവ്വീസ് ടാക്സ് ഒഴിവാക്കി നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

നോട്ട് നിരോധനം നിലവിൽ വന്നതിനുശേഷം 2016 നവംബർ 9 മുതൽ 2017 മാർച്ച് 31 വരെ എക്സൈസ് വകുപ്പ് മുഖേന പ്രതീക്ഷിച്ച വരുമാനം 924 കോടി രൂപയും ഈ കാലയളവിൽ ലഭിച്ച തുക 766.72 കോടി രൂപയുമാണ്. ടി കാലയളവിൽ എക്സൈസ് വകുപ്പ് മുഖേന പ്രതീക്ഷിച്ച വരുമാനത്തിൽ 17.02% കുറവുണ്ടായി. ടി കാലയളവിൽ 2015-16 സാമ്പത്തിക വർഷത്തിലെ സമാന കാലയളവിനെ അപേക്ഷിച്ച് നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടില്ല.

(സി) പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഈ വിഷയങ്ങളിലുള്ള ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്.

**പരമ്പരാഗത വ്യവസായ മേഖലയുടെ സംരക്ഷണം**

22(*52) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായമേഖലയിൽ മുതൽ മുടക്കിയിട്ടുള്ളവരും തൊഴിലാളികളും നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് ഈ സർക്കാർ പഠനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലയുടെ തകർച്ച ഇന്നത്തെ നിലയിൽ തുടർന്നാൽ വൻ സാമ്പത്തിക ദുരന്തത്തിന് ഇടയാകുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് പരമ്പരാഗത മേഖലയിലെ വ്യവസായങ്ങളുടെയും തൊഴിലാളികളുടെയും സംരക്ഷണത്തിന് എന്തെങ്കിലും പാക്കേജ് ആവിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എ. സി. മൊയ്തീൻ)</u> :

(എ) പരമ്പരാഗത വ്യവസായ മേഖലയിലെ പ്രതിസന്ധികൾ കൃത്യമായി വിലയിരുത്തി അവ പരിഹരിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇക്കാര്യത്തിൽ പ്രത്യേകം പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

(ബി) പരമ്പരാഗത വ്യവസായ മേഖലയെ തകർച്ചയിൽനിന്നും സംരക്ഷിക്കുന്നതിനും ഈ മേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനും ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(സി) വിവിധ മേഖലകളിലെ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. കൈത്തറി മേഖലയിൽ ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി, നെയ്ത്തുകാർക്ക് വിദഗ്ധപരിശീലനം നൽകുന്നതിനുള്ള പദ്ധതി, നെയ്ത്തുകാർക്കും മറ്റ് അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന സഹായ പദ്ധതി, കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനുമുള്ള പദ്ധതി, വിപണി കയറ്റുമതി പ്രോത്സാഹന പദ്ധതി തുടങ്ങിയവ നടപ്പിലാക്കി വരുന്നു. കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്നതിനും അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയും നടപ്പിലാക്കിവരുന്നു.

കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 'Assistance Scheme for Handicrafts Artisans (ASHA)' എന്ന പദ്ധതി, വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതി, കരകൗശല മേഖലയിൽ ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡ് തുക 50,000 രൂപയായി വർദ്ധിപ്പിച്ച് ആദ്യമായി നടപ്പിലാക്കി.

ഈറ്റ - പനമ്പ് നെയ്ത്ത് മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഈ മേഖലയിലെ പൊതുമേഖലാസ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ മുഖേന സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളുടെ ശാക്തീകരണം, സ്ലീവറിംഗ് യൂണിറ്റുകളുടെ സ്ഥാപനം, ഫീഡർ യൂണിറ്റുകൾ/പ്രീ-പ്രോസസിംഗ് യൂണിറ്റുകൾ പുനഃക്രമീകരിച്ച് ശക്തിപ്പെടുത്തൽ, മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. ഖാദി ഗ്രാമവ്യവസായ മേഖലയിൽ വായ്പാ പദ്ധതികൾ നടപ്പാക്കിവരുന്നു.

കയർ മേഖലയിൽ തൊഴിലാളികളുടെ ഉൽപ്പാദന ക്ഷമതയും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിനും ആഭ്യന്തര വിദേശ വിപണികൾ ശക്തിപ്പെടുത്തുന്നതിനും പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവൽക്കരണം നടത്തുന്നതിനും വില വ്യതിയാനം പരിഹരിക്കുന്നതിനും കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം നടത്തുന്നതിനും ക്ലസ്റ്റർ വികസന പദ്ധതി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പരമ്പരാഗത കശുവണ്ടി മേഖലയിൽ തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള നടപടികൾ കശുവണ്ടി വികസന കോർപ്പറേഷൻ, കാപെക്സ് എന്നീ സ്ഥാപനങ്ങൾ മുഖേന സ്വീകരിച്ചുവരുന്നു. ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി പരമാവധി സംഭരിച്ച് തൊഴിലാളികൾക്ക് തൊഴിൽദിനങ്ങൾ നൽകുന്നത് ലക്ഷ്യമിടുന്നു.

**കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അനുമതി ലഭിച്ച ടൂറിസം പദ്ധതികൾ**

23(*53) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം ടൂറിസം പ്രൊപ്പോസലുകളാണ് കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചതെന്നും അവയ്ക്ക് ഓരോന്നിനും എത്ര തുകയുടെ അനുമതിയാണ് ലഭിച്ചതെന്നും വ്യക്തമാക്കാമോ;

(സി) കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽ നിന്നും ഉറപ്പ് ലഭിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തിയ ഗുരുവായൂർ ക്ഷേത്ര വികസനം സംബന്ധിച്ച പദ്ധതി പ്രൊപ്പോസൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽ സമർപ്പിക്കുകയുണ്ടായി. ഈ പദ്ധതിക്ക് കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽനിന്നും 4614.20 ലക്ഷം രൂപയുടെ അനുമതി ലഭിക്കുകയും ആദ്യ ഗഡുവായി 922.84 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) നിലവിൽ മറ്റ് പദ്ധതികൾ ഒന്നും തന്നെയില്ല.

**ഉദയ് പദ്ധതി**

24(*54) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ വിതരണ കമ്പനികളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കാനായുള്ള ഉദയ് പദ്ധതിക്ക് സംസ്ഥാന സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) ഉദയ് പദ്ധതി പ്രകാരം വൈദ്യുതി വിതരണ കമ്പനികളുടെ നടത്തിപ്പിലും ധനകാര്യ ഭദ്രതയ്ക്കായും സംസ്ഥാന സർക്കാർ നടത്തേണ്ട പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും അതിനായി നിശ്ചയിച്ചിട്ടുള്ള സമയരേഖയും വ്യക്തമാക്കാമോ;

(സി) പാദ വാർഷികാടിസ്ഥാനത്തിൽ നിരക്ക് പരിഷ്കരണം വേണമെന്നും വൈദ്യുതി ഉല്പാദന വിതരണത്തിന്റെ ചെലവ് പൂർണ്ണമായും ലഭിക്കത്തക്ക രീതിയിൽ വില ഈടാക്കണമെന്നുമുള്ള കേന്ദ്ര സർക്കാർ വ്യവസ്ഥക്ക് മാറ്റം വരുത്തിയിട്ടുണ്ടോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) ഊർജ്ജ വിതരണ കമ്പനികളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കാനുള്ള ഉദയ് പദ്ധതിയിൽ സാമ്പത്തിക ഭാഗം ഒഴിവാക്കി പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുക മാത്രം ലക്ഷ്യമാക്കി ആയതിൽ ചേരുന്നതിനുള്ള ധാരണാ പത്രത്തിൽ 15-3-2017-ൽ സംസ്ഥാന സർക്കാർ ഒപ്പ് വച്ചിട്ടുണ്ട്.

(ബി) ഉദയ് പദ്ധതിയിലെ സാമ്പത്തിക ഭാഗം ഒഴിവാക്കി പ്രവർത്തന മികവ് വർദ്ധിപ്പിക്കാനുള്ള ഭാഗത്തിൽ പങ്ക് ചേരുന്നതിനുള്ള കേരളത്തിന്റെ സന്നദ്ധത കേന്ദ്ര സർക്കാരിനെ അറിയിക്കുകയും അതുപ്രകാരം ഉദയ് പദ്ധതിയിൽ കേരളം ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. സാമ്പത്തിക ക്ഷമത വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ധാരണാപത്രത്തിൽനിന്ന് ഒഴിവാക്കിയിട്ടുള്ളതിനാൽ കടപത്രം ഇറക്കുന്നതുൾപ്പെടെയുള്ള ഉത്തരവാദിത്വങ്ങളിൽനിന്ന് സംസ്ഥാനത്തെ ഒഴിവാക്കിയിട്ടുണ്ട്. ഉദയ് പദ്ധതിക്കുവേണ്ടിയുള്ള ധാരണാപത്രം അനുസരിച്ച് സംസ്ഥാന സർക്കാർ വിതരണ കമ്പനിയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള കാര്യങ്ങൾ ചുവടെ ചേർത്തിരിക്കുന്നു :

(1) എല്ലാ മുൻസിപ്പൽ ടൗണുകളിലെയും സ്ട്രീറ്റ് ലൈറ്റുകൾ എൽ.ഇ.ഡി. ലൈറ്റുകൾ ആക്കി മാറ്റുക.

(2) സംസ്ഥാനത്തെ വൈദ്യുത ഉല്പാദക കമ്പനികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക.

(3) സർക്കാർ വകുപ്പുകൾക്ക് വൈദ്യുതി നൽകിയതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.എൽ.-ന് നൽകാനുള്ള മുഴുവൻ കുടിശ്ശികയും 31-3-2019-ന് മുമ്പ് കൊടുത്തു തീർക്കുക.

(4) കാലാകാലങ്ങളിൽ നടപ്പാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള താരിഫ് റിവിഷനുകൾ നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.

(5) ധാരണപത്രത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രവർത്തന മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.

(6) കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തനങ്ങൾ എല്ലാ മാസവും ഫിനാൻസ് കാര്യാലയത്തിന്റെ സാന്നിദ്ധ്യത്തിൽ വിലയിരുത്തുക.

(സി) ഇന്ധന വിലയിൽ വർദ്ധനവുണ്ടാവുകയാണെങ്കിൽ ആയത് പരിഹരിക്കുന്നതിന് പാദവാർഷികാടിസ്ഥാനത്തിൽ നിരക്ക് പരിഷ്കരണത്തിന് ഉദയ് ധാരണാപത്രത്തിൽ നിർദ്ദേശമുണ്ട്. വിതരണ കമ്പനിയുടെ വൈദ്യുതി വാങ്ങലിലും വിൽക്കലിലും ഉള്ള ശരാശരി വിലയിലെ അന്തരം സമയബന്ധിതമായി പരിഹരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

**വ്യവസായ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് നിയമനിർമ്മാണം**

25(*55) ശ്രീ. കെ. രാജൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് എന്ന പേരിൽ വ്യവസായ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത നിയമനിർമ്മാണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) വ്യവസായ സ്ഥാപനങ്ങൾക്ക് എൻ.ഒ.സി.-യും സ്റ്റോപ്പ് മെമ്മോയും നൽകുന്നതിനുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം ഇല്ലാതാക്കുന്നതിന് പ്രസ്തുത നിയമത്തിൽ വ്യവസ്ഥയുണ്ടോ; വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുവാൻ വേണ്ടി വിവിധ രാജ്യങ്ങളിൽ നടപ്പിലാക്കിവരുന്ന 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്' സംരംഭം കേരളത്തിൽ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിനു കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷൻ (ഡി.ഐ.പി.പി.)-ന്റെ നിർദ്ദേശമുണ്ട്. അവരുടെ റാങ്കിംഗിന് അനുസൃതമായി കേരളത്തിൽ വാണിജ്യ വ്യവസായ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തേണ്ടി യിരിക്കുന്നു. വ്യവസായ സംരംഭകർക്കുള്ള സൗകര്യങ്ങൾ സമയബന്ധിതമായി നൽകുന്നതിന്റെ അടിസ്ഥാനത്തിലാണ് ഡി.ഐ.പി.പി. സംസ്ഥാനങ്ങളെ പട്ടികപ്പെടുത്തിയിരിക്കുന്നത്. ഇതിനായി വിവിധ മേഖലകളിൽ ചട്ടങ്ങളും വ്യവസായ നിയമങ്ങളുമനുസരിച്ച് നവീകരണം നടപ്പിലാക്കാനാവശ്യമായ നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും കണ്ടെത്തി മികച്ച രീതിയിൽ ഇത് മുന്നോട്ടുകൊണ്ടുപോകാൻ പഠനം നടത്തിയിരുന്നു. കേരളത്തിൽ വാണിജ്യ വ്യവസായങ്ങൾ സുഗമമായി നടത്തുവാൻ ആവശ്യമായ സാഹചര്യം സൃഷ്ടിക്കുകയാണ് ഈ പഠനത്തിന്റെ പ്രധാന ലക്ഷ്യം. പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെ ചട്ടങ്ങളും നിയമങ്ങളും ലഘൂകരിച്ച്

ക്ലിയറൻസിനുള്ള കാലതാമസം ഒഴിവാക്കി സംസ്ഥാനത്ത് വ്യവസായ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും ആയതിലൂടെ വാണിജ്യ വ്യവസായങ്ങൾ സുഗമമായും വേഗത്തിലും നടത്തുവാൻ ആവശ്യമായ പാരിസ്ഥിതിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമായി കേരള 'ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് ' എന്ന പേരിൽ നിയമനിർമ്മാണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. അതുവഴി വ്യവസായ മേഖലയിലെ അനുമതികൾ സംബന്ധിച്ച് നിലവിലുള്ള സർക്കാർ നിയമങ്ങൾ/ചട്ടങ്ങൾ, ഉത്തരവുകൾ നിലവിലുള്ള ഏകജാലക നിയമം, അടിസ്ഥാന സൗകര്യമേഖലയിലെ പുരോഗതി, അനുമതിക്കാവശ്യമായ പൊതു അപേക്ഷാ ഫോറം തുടങ്ങിയവ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ നിലവിലുള്ള ഏകജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിന് 'ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് ' (ഐ.പി.എഫ്.എ.) ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിന് ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു സ്ഥിരം സെൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനിൽ (കെ.എസ്.ഐ.ഡി.സി.) പ്രവർത്തിക്കുന്നതാണ്. ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗികമാക്കുന്നതിനായി ജില്ലാ കളക്ടർ തലവനായി ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥൻമാർ ഉൾപ്പെടുന്ന ഒരു ജില്ലാതല സമിതി രൂപീകരിക്കുക, ബന്ധപ്പെട്ട വകുപ്പുകളിലേയും ഏജൻസികളിലെയും അപേക്ഷാഫോറങ്ങൾ ഏകീകരിച്ച് ഒരു പൊതു ഏകീകൃത അപേക്ഷാ ഫോറം കൊണ്ടുവരുന്നതിനായും നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) അപ്രകാരം ഒരു വ്യവസ്ഥ ഇല്ല. എന്നാൽ വ്യവസായ നടത്തിപ്പിനെ കുറിച്ച് ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി വ്യവസ്ഥകൾ പ്രസ്തുത നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് മുൻകരുതൽ

26(*56) ശ്രീ. കെ. മുരളീധരൻ :

ശ്രീ. റോജി എം. ജോൺ :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം മുൻകരുതലാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി കൊണ്ടുവരുവാനും ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുവാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) കേന്ദ്ര വിഹിതമായി ലഭിക്കേണ്ട വൈദ്യുതി എത്രയാണെന്നും അധികവൈദ്യുതി ലഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സംസ്ഥാനം കൈക്കൊണ്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) :

(എ) കാലവർഷക്കുറവുമൂലം ഉണ്ടായേക്കാവുന്ന വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുവാനായി മദ്ധ്യകാല ദീർഘകാല കരാറുകൾ മുഖേന (ഡി.ബി.എഫ്.ഒ.ഒ. പ്രകാരം) 2016 ഡിസംബർ മുതൽ ലഭ്യമാക്കേണ്ടിയിരുന്ന വൈദ്യുതി ജൂൺ 2016 മുതൽ ലഭ്യമാക്കുക വഴി വെള്ളം വരും മാസങ്ങളിലേയ്ക്ക് സംഭരിക്കാൻ സാധിച്ചിട്ടുണ്ട്. അതുകൂടാതെ സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി കൊണ്ടുവരുന്നതിനുള്ള ദീർഘകാല-ഹ്രസ്വകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 865 മെഗാവാട്ടിന്റെ ദീർഘകാല കരാറും 300 മെഗാവാട്ടിന്റെ റൗണ്ട് ദ ക്ലോക്ക് അടിസ്ഥാനത്തിലും 100 മെഗാവാട്ട് പീക്ക് സമയത്തും ലഭിക്കുവാൻ ഹ്രസ്വകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 315 മെഗാവാട്ട് വൈദ്യുതി ദീർഘകാലാടിസ്ഥാനത്തിൽ 6-12-2016-ൽ ലഭിച്ചു തുടങ്ങി. 2017 മാർച്ച് മുതൽ ജൂൺ വരെയുള്ള 200 മെഗാവാട്ട് വൈദ്യുതി ഹ്രസ്വകാല കരാർ പ്രകാരം ലഭിച്ചു തുടങ്ങി. കൂടാതെ 2017 മാർച്ച് മുതൽ മേയ് അവസാനം വരെ 100 മെഗാവാട്ട് 24 മണിക്കൂറും, 100 മെഗാവാട്ട് രാത്രി 6 മണിക്കൂറും ഹ്രസ്വകാല കരാർ പ്രകാരം ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നു. ഇത് കഴിഞ്ഞുള്ള വൈദ്യുതി കമ്മി പവർ എക്സ്ചേഞ്ച്, അൺഷെഡ്യൂൾഡ് ഇന്റർചേഞ്ച്, കപ്പാസിറ്റർ അഡ്ജസ്റ്റ്മെന്റ് എന്നിവ വഴി നികത്താനാണ് ഉദ്ദേശിക്കുന്നത്.

ഊർജ്ജം സംരക്ഷിച്ച് വൈദ്യുതി കുറവ് നേരിടുക എന്ന ലക്ഷ്യത്തോടെ 25 ലക്ഷം എൽ.ഇ.ഡി ബൾബുകൾ കേരളത്തിൽ ഈ വേനൽക്കാലത്ത് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ DELP പദ്ധതിയിൽപ്പെടുത്തി ഒന്നരക്കോടി ബൾബുകൾ വിതരണം ചെയ്യാനായി ലക്ഷ്യമിടുന്നു. അവശേഷിക്കുന്ന 50 ലക്ഷം ബൾബുകളും കൂടി വിതരണം ചെയ്യുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിനു പുറമെ ഊർജ്ജസംരക്ഷണ ബോധവൽക്കരണ കാമ്പയിനും നടത്തിയിട്ടുണ്ട്.

സൗരോർജ്ജ പദ്ധതികളുടെ നിർമ്മാണം ത്വരിതഗതിയിലാക്കി ഈ വേനൽക്കാലത്ത് ഊർജ്ജക്കുറവ് പരിഹരിക്കാനായി നടപടി സ്വീകരിച്ചിട്ടുണ്ട്. 2017 മാർച്ച് 31 വരെ 74.719 മെഗാവാട്ട് വൈദ്യുതി കേരള ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ 9.9773 മെഗാവാട്ട് ഗ്രിഡ് ബന്ധിതമല്ലാത്ത പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തിനു പുറത്തുനിന്നും വൈദ്യുതി വാങ്ങുന്നതിനുള്ള വിവിധ കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. വൈദ്യുതി കൊണ്ടുവരുന്നതിനായി കോറിഡോർ ലഭ്യത ആവശ്യമാണ്. 400 കെ.വി. അരീക്കോട് സ്റ്റേഷനിലെ മൂന്നാമത്തെ ട്രാൻസ്ഫോർമർ താൽക്കാലികാടിസ്ഥാനത്തിൽ സ്ഥാപിച്ച് കൂടുതൽ വൈദ്യുതി കൊണ്ടുവരുന്നതിനായുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ചെലവിലേയ്ക്ക് കെ.എസ്.ഇ.ബി.എൽ. 3 കോടി രൂപ പവർ ഗ്രിഡിന് നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര പവർ മന്ത്രാലയത്തിലും പവർ ഗ്രിഡിലും സമ്മർദ്ദം ചെലുത്തി 2018-ലേയ്ക്ക് പണി പൂർത്തിയാക്കാൻ ഉദ്ദേശിച്ചിരുന്ന അംഗുൾ-ശ്രീകാകുളം, വാർദ്ധ-നിസാമബാദ് 765 കെ.വി. ലൈനുകളുടെ പ്രവർത്തനം ഭാഗികമായി തുടങ്ങുകയും ചെയ്തു.

(സി) നിലവിൽ കേന്ദ്ര വൈദ്യുതോൽപ്പാദന നിലയങ്ങളിൽനിന്നും പ്രതിദിനം ശരാശരി 1300 മെഗാവാട്ട് വൈദ്യുതിയാണ് കുറഞ്ഞ നിരക്കിൽ ലഭ്യമാകുന്നത്. താരതമ്യേന വിലക്കുറവുള്ള വൈദ്യുതി വാങ്ങൽക്കരാർ നിലവിലുള്ളതിനാൽ അധിക കേന്ദ്രവിഹിതം ലഭ്യമാക്കുന്നതിനുള്ള കരാറുകളിൽ ഇപ്പോൾ ഏർപ്പെട്ടിട്ടില്ല.

**കൂടംകുളം - കൊച്ചി - ഇടമൺ പവർ ഹൈവേ പദ്ധതി**

27(*57) <u>ശ്രീ. സി. എഫ്. തോമസ്</u> :

<u>ഡോ. എൻ. ജയരാജ്</u> :

<u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടംകുളം - കൊച്ചി - ഇടമൺ പവർ ഹൈവേ പദ്ധതി മുഖേന കേരളത്തിന് ലഭിക്കുന്ന വൈദ്യുതി എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ലഭിക്കുന്ന വൈദ്യുതിയുടെ അളവും ചെലവാകുന്ന തുകയും താരതമ്യം ചെയ്തിട്ടുണ്ടോ; ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ തുക എത്രയെന്ന് അറിയിക്കുമോ;

(സി) ലൈൻ കടന്നുപോകുന്ന പ്രദേശത്തെ വൃക്ഷനാശവും കൃഷിനാശവും കണക്കാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) ലാഭകരമായ ബദൽ മാർഗങ്ങൾ ഏതെങ്കിലും പരിഗണിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പദ്ധതിപ്രദേശത്തെ ജനങ്ങളുമായോ ആക്ഷൻകൗൺസിൽ പ്രതിനിധികളുമായോ ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) നിർദ്ദിഷ്ട കൂടംകുളം - ഇടമൺ - കൊച്ചി പവർ ഹൈവേ പദ്ധതി മുഖേന കേരളത്തിലേയ്ക്ക് ഏകദേശം 800 മുതൽ 1000 മെഗാവാട്ട് വൈദ്യുതി അധികമായി കൊണ്ടുവരാൻ സാധിക്കും.

(ബി) കേന്ദ്ര വൈദ്യുതി നിലയങ്ങളിൽനിന്നും സംസ്ഥാനത്തിന് ലഭിക്കുന്നതും മറ്റ് സംസ്ഥാനങ്ങളിൽനിന്നും കുറഞ്ഞ വിലയ്ക്ക് ലഭ്യമാകുന്നതുമായ വൈദ്യുതി സുഗമമായി കേരളത്തിലേക്ക് എത്തിക്കുന്നതിനുള്ള പ്രസരണ ശൃംഖലയുടെ ഭാഗമാണ് കൂടംകുളം - ഇടമൺ - കൊച്ചി പവർ ഹൈവേ. കേരളത്തിന്റെ വൈദ്യുതി സുരക്ഷയ്ക്ക് ഈ പദ്ധതി അനിവാര്യമായതിനാലും ബദൽ മാർഗ്ഗങ്ങൾ ലഭ്യമല്ലാത്തതിനാലും താരതമ്യ പഠനത്തിന് പ്രസക്തിയില്ല. ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നില്ല. എന്നാൽ ലൈൻ കടന്നുപോകുന്ന ഇടനാഴിയിലെ ഉയരം കൂടിയ വൃക്ഷങ്ങൾ മുറിക്കേണ്ടിവരും. ഇപ്രകാരം മുറിക്കുന്ന മരങ്ങൾക്കുള്ള നഷ്ടപരിഹാരമായും സ്ഥലത്തിന്റെ വിനിയോഗക്ഷമതയിലുണ്ടാകുന്ന കുറവിനത്തിലുമായി നൽകേണ്ടുന്ന നഷ്ടപരിഹാര തുക 30-7-2015-ലെ സർക്കാർ ഉത്തരവ് നമ്പർ (കൈ)29/15/ഊ.വ പ്രകാരം 1020 കോടി രൂപയെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) മുറിക്കേണ്ട വൃക്ഷങ്ങളുടെ എണ്ണം റവന്യൂ വകുപ്പ് കണക്കാക്കി വരുന്നു. കൃഷി നാശം സംബന്ധിച്ച് കൃത്യമായ കണക്കുകൾ ജോലികൾ പൂർത്തീകരിച്ചതിനു ശേഷമേ ലഭ്യമാകുകയുള്ളൂ.

(ഡി) സംസ്ഥാനത്തിന്റെ വൈദ്യുതി സുരക്ഷയ്ക്ക് ആവശ്യമായ വൈദ്യുതി എത്തിക്കുന്നതിന് ഉതകുന്നതും സാങ്കേതികമായും സാമ്പത്തികമായും മെച്ചപ്പെട്ടതുമായ ബദൽ നിർദ്ദേശങ്ങൾ ലഭ്യമല്ലാത്തതിനാൽ അവ പരിഗണനയിലില്ല. ഇടമൺ-കൊച്ചി പാതയ്ക്ക് വിശദമായ സാങ്കേതിക-സാമ്പത്തിക പഠനങ്ങൾ നടത്തിയതിന് ശേഷമാണ് കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റി അനുമതി നൽകിയിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായ തിരുനെൽവേലി മുതൽ ഇടമൺ വരെയും കൊച്ചി മുതൽ തൃശ്ശൂർ വരെയുമുള്ള ലൈൻ നിർമ്മാണം പൂർത്തീകരിച്ച് ചാർജ്ജ് ചെയ്തിട്ടുള്ളതാണ്. കൂടാതെ ഇടമൺ - കൊച്ചി പാതയുടെ 30 ശതമാനം ടവർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബന്ധപ്പെട്ട എം.എൽ.എ.മാരെയും ആക്ഷൻ കൗൺസിൽ പ്രതിനിധികളെയും ഉൾപ്പെടുത്തി 19-7-2016-ൽ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് ചർച്ചകൾ നടത്തിയിട്ടുണ്ട്. മിനിട്സിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വ്യവസായ നയം

28(*58) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ വ്യവസായ നയം വ്യക്തമാക്കുമോ;

(ബി) 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് ' സൂചികയിൽ സംസ്ഥാനത്തിന്റെ സ്ഥാനം എത്രയാണ്; അത് മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) 1999-ലെ സിംഗിൾ വിൻഡോ ക്ലിയറൻസ് നിയമത്തിൽ മാറ്റം ആവശ്യമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) വ്യവസായ, കരകൗശല മേഖലകളിൽ സത്വരവും ഊർജ്ജസ്വലവുമായ വളർച്ചയ്ക്ക് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിന് ഉതകുന്ന തരത്തിലും പാരിസ്ഥിതിക/മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാകാത്തതും കുറഞ്ഞ വൈദ്യുതി ഉപഭോഗം ആവശ്യമുള്ളതും യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യുന്ന തരത്തിലും നിലവിലുള്ള വ്യവസായ നയത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി സംസ്ഥാനത്ത് ഒരു പുതിയ വ്യവസായ നയം നടപ്പിലാക്കുവാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നു.

(ബി) വ്യവസായ സംരംഭകർക്കുള്ള സൗകര്യങ്ങളുടെയും സമയബന്ധിതമായി അനുമതി നൽകുന്നതിന്റെയും അടിസ്ഥാനത്തിൽ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷന്റെ (ഡി.ഐ.പി.പി) 2016-ലെ കണക്കുപ്രകാരം ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സൂചികയിൽ കേരളത്തിന്റെ സ്ഥാനം 20 ആണ്. ആയത് മെച്ചപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും ബിസിനസ് അനുകൂലമായ പരിഷ്കരണങ്ങൾ നടത്തുന്നതിന് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. നിയമങ്ങളും ചട്ടങ്ങളും ലഘൂകരിക്കുന്നതിനും നവീകരിക്കുന്നതിനും ആവശ്യമായ പഠനം നടത്തി ലഭിച്ച റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആവശ്യമായ ഭേദഗതികൾ വരുത്തേണ്ട ആക്ട്/റൂളുകൾ, ഉത്തരവുകൾ എന്നിവയിന്മേലുള്ള സൂക്ഷ്മ പരിശോധന നടന്നുവരുന്നു.

(സി) നിലവിലുള്ള ഏകജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിന് 'ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്റർ' (ഐ.എഫ്.പി.സി.) വഴി ശക്തിപ്പെടുത്തേണ്ടതുണ്ട്. ആയതിന് ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു സ്ഥിരം സെൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനിൽ (കെ.എസ്.ഐ.ഡി.സി) പ്രവർത്തിക്കുന്നതാണ്. ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗിക മാക്കുന്നതിനായി ജില്ലാ കളക്ടർ തലവനായി പ്രസ്തുത വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥൻമാർ ഉൾപ്പെട്ട ഒരു ജില്ലാ സമിതി രൂപീകരിക്കുന്നതാണ്. ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലേയും, ഏജൻസികളിലേയും അപേക്ഷാ ഫാറങ്ങൾ ഏകീകരിക്കുന്നതിന്റെ ഭാഗമായി ഒരു പൊതു ഏകീകൃത അപേക്ഷാ ഫാറം കൊണ്ടുവരുന്നതിനായി തീരുമാനമുണ്ട്.

**എല്ലാ വീട്ടിലും വൈദ്യുതിയെന്ന പദ്ധതി**

29(*59) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ വീട്ടിലും വൈദ്യുതിയെന്ന പദ്ധതി ഫലപ്രദമാക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;

(സി) "എല്ലാ വീടുകളിലും വൈദ്യുതി എത്തുന്ന ആദ്യത്തെ സംസ്ഥാനമാകും കേരളം" എന്ന പ്രഖ്യാപനം എന്നു നടപ്പിലാക്കാൻ കഴിയുമെന്നാണ് കരുതുന്നത്;

(ഡി) രൂക്ഷമായ വൈദ്യുതി ക്ഷാമം നേരിടുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതി നടത്തിപ്പിനുള്ള വൈദ്യുതി എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) 2017-ൽ കേരളത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യത്തോടെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കി വരികയാണ്. ഇതിനായി ഗുണഭോക്താക്കളെ കണ്ടെത്തുക, ധന സ്രോതസ്സുകൾ കണ്ടെത്തുക, വിതരണ ശൃംഖല വിപുലീകരിക്കാൻ സാധ്യമായ സ്ഥലങ്ങളിലെല്ലാം ആ വിധത്തിലും, ആയത് സാധ്യമാകാത്ത സ്ഥലങ്ങളിൽ വികേന്ദ്രീകൃത വൈദ്യുതി ഉത്പാദനവും വിതരണവും വഴിയും വൈദ്യുതി എത്തിക്കുക, വയറിംഗ് പൂർത്തിയാക്കാൻ പണം കണ്ടെത്താനാകാത്ത ഗുണഭോക്താക്കൾക്ക് ആയതിനുള്ള

ധന സ്രോതസ്സ് കണ്ടെത്താൻ സഹായിക്കുക, വയറിംഗ് പൂർത്തിയാക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുക എന്നിങ്ങനെ സാമൂഹിക ഉന്നമനത്തിനായി ഒരു ബൃഹത് പദ്ധതിയാണ് സമ്പൂർണ വൈദ്യുതീകരണംകൊണ്ട് ഉദ്ദേശിക്കുന്നത്. കൂടാതെ വൈദ്യുതി എത്തിയിട്ടില്ലാത്ത ഉൾനാടൻ ഗ്രാമങ്ങൾ, വനാന്തര മേഖലകൾ, ഒറ്റപ്പെട്ട മേഖലകൾ എന്നിവയിൽ വസിക്കുന്ന ജന വിഭാഗങ്ങൾക്കുകൂടി വൈദ്യുതി ലഭ്യമാക്കുന്നതിലേയ്ക്ക് സൗരോർജ്ജ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) ഉപഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്. ഇതിനായി വിപുലമായ സംവിധാനങ്ങൾ KSEBL ഏർപ്പെടുത്തി. സെക്ഷൻ ഓഫീസ് വഴിയും ജനപ്രതിനിധികൾ മുഖേനയും ഉപഭോക്താക്കൾക്ക് അപേക്ഷ സമർപ്പിക്കാൻ അവസരം നൽകിയിരുന്നു. കൂടാതെ കെ.എസ്.ഇ.ബി.എൽ.-ന്റെ " Customer Care Centre" ലേയ്ക്ക് അപേക്ഷകർ Missed Call നൽകുമ്പോൾ ഓപ്പറേറ്റർ തിരികെ വിളിച്ച് അപേക്ഷ രജിസ്റ്റർ ചെയ്യുക എന്ന രീതിയും നടപ്പിലാക്കി. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലൂടെ 31-3-2017 വരെ 1,51,875 ഉപഭോക്താക്കൾ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(സി) 31-3-2017-നു മുമ്പ് ലഭിച്ച അപേക്ഷകളിൽ വനത്തിനുള്ളിൽക്കൂടി വൈദ്യുതി ലൈൻ വലിക്കേണ്ടുന്ന സാഹചര്യങ്ങളിൽ വനം വകുപ്പിന്റെ അനുമതി ലഭിച്ച് ഒരു മാസത്തിനുള്ളിലും, മറ്റ് വസ്തു ഉടമകളുടെ എതിർപ്പ് നിലനിൽക്കുന്ന സാഹചര്യങ്ങളിൽ അധികാരപ്പെട്ട റവന്യൂ ഉദ്യോഗസ്ഥന്റെ അനുമതി ലഭിച്ച് ഒരാഴ്ചയ്ക്കുള്ളിലും വയറിംഗ് പൂർത്തിയാകാത്ത വീടുകളിൽ ആയത് പൂർത്തിയാകുന്ന മുറയ്ക്കും കണക്ഷനുകൾ നൽകാനാകുമെന്ന് കണക്കാക്കുന്നു.

പദ്ധതി കാലാവധി തീരുന്നതിന് തൊട്ടുമുമ്പായി (മാർച്ച് 2017 അവസാനത്തോടുകൂടി) 30000-ത്തോളം അപേക്ഷകൾ അധികമായി ലഭിച്ചിരുന്നതിനാലും മാർച്ച് മാസത്തിലെ ഏതാനും ആഴ്ചകളിൽ അപ്രതീക്ഷിതമായി പ്രതികൂലമായ കാലാവസ്ഥ സംജാതമായതിനാലും ഇതിനകം നൽകാൻ സാധിക്കാത്ത കണക്ഷനുകളും വരുന്ന ഏതാനും ദിവസങ്ങൾക്കുള്ളിൽ നൽകാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) കടുത്ത വരൾച്ചയെ തുടർന്ന് ഈ വേനൽക്കാലത്ത് വൈദ്യുതി ലഭ്യതയിൽ കുറവ് വന്നിട്ടുണ്ടെങ്കിലും, സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യമിടുന്നത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗാർഹിക ഉപഭോക്താക്കളെ ആണെന്നതിനാലും, മെച്ചപ്പെട്ടതും വൈദ്യുത ഉപഭോഗം കുറച്ചുമാത്രം ആവശ്യമുള്ള LED ബൾബുകളും മറ്റും ഉപഭോക്താക്കൾ ഉപയോഗിക്കുമെന്ന് പ്രതീക്ഷിക്കുന്നതിനാലും, പ്രസ്തുത പദ്ധതിമൂലം വരുന്ന അധിക വൈദ്യുത ഉപഭോഗം താരതമ്യേന കുറവായിരിക്കുമെന്നും അതിനാൽ വൈദ്യുത ലഭ്യതയിൽ വന്ന കുറവ് പരിഹരിക്കാൻ കഴിയുമെന്നുമാണ് കരുതുന്നത്.

ഓഫ് ഗ്രിഡ് പുരപ്പുറ സൗരോർജ്ജ പദ്ധതി വഴി സൗരോർജ്ജ പ്ലാന്റ് വീടുകളിൽ സ്ഥാപിച്ച് സ്വയം പര്യാപ്തത ഭവനങ്ങൾ കണ്ടെത്താനും ഉദ്ദേശിക്കുന്നു.

## സംസ്ഥാനത്തിന്റെ വായ്പാ പരിധി

30(*60) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വായ്പാ പരിധി ഉയർത്തുന്ന കാര്യത്തിൽ എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽനിന്നും അനുകൂലമായ മറുപടി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇക്കാര്യത്തിൽ കേന്ദ്രം അനുകൂല നിലപാട് സ്വീകരിച്ചില്ലെങ്കിൽ അത് കിഫ്ബിയുടെ പ്രവർത്തനത്തെ ബാധിക്കുമെന്ന് കരുതുന്നുണ്ടോ: ഉണ്ടെങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ധനഉത്തരവാദിത്വ ബഡ്ജറ്റ് മാനേജ്മെന്റ് (FRBM) നിയമം ഭേദഗതി വരുത്തിക്കൊണ്ട് നിലവിലെ കടമെടുപ്പ് പരിധി 3 ശതമാനത്തിൽനിന്നും 4 ശതമാനമായി വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ നിലവിലുള്ള നിശ്ചിത സംഖ്യാടിസ്ഥാനത്തിലുള്ള ധനകമ്മി ജി.എസ്.ഡി.പി.ലക്ഷ്യം 4 മുതൽ 6 വരെയുള്ള പരിധിക്കുള്ളിൽ നിജപ്പെടുത്തണ മെന്നും സമ്പദ്ഘടനയുടെ വളർച്ചയെ ബന്ധപ്പെടുത്തി ധനകമ്മി ലക്ഷ്യങ്ങൾ നിശ്ചയിക്കണമെന്നും കേന്ദ്ര സർക്കാർ നിയമിച്ച എഫ്.ആർ.ബി.എം. കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്ന് അനുകൂലമായ മറുപടി ലഭിച്ചിട്ടില്ല. എന്നാൽ 2017-18 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ വായ്പാപരിധി താൽക്കാലികമായി 18,524 കോടി രൂപയായി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ജി.എസ്.ഡി.പി.-യുടെ യഥാർത്ഥ കണക്ക് ലഭ്യമാകുന്നതോടുകൂടി വായ്പാ പരിധി പുനർ നിർണ്ണയിച്ച് നൽകുന്നതാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(സി) നബാർഡ് എൻ.ഐ.ഡി.എ. വായ്പകൾ, കെ.എസ്.എഫ്.ഇ., എൻ.ആർ.ഐ. ചിട്ടി ബോണ്ടുകൾ, ബഡ്ജറ്റിന് പുറമെയുള്ള മറ്റു നൂതന ധനസമാഹരണ മാർഗ്ഗങ്ങൾ, മോട്ടോർ വാഹന നികുതി വിഹിതം, പെട്രോളിയം സെസ്സ്, വിവിധ പദ്ധതികളിൽ നിന്നുള്ള വരവ് എന്നീ വിഭവ സമാഹരണത്തിലൂടെയാണ് വിവിധ പദ്ധതികൾ കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ആയതിനാൽ സംസ്ഥാനത്തിന്റെ വായ്പാ പരിധി കിഫ്ബിയുടെ പ്രവർത്തനത്തെ യാതൊരു വിധത്തിലും ബാധിക്കുകയില്ല.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ബാലുശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികൾ

1 (353) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി എത്ര പ്രവൃത്തികളാണ് ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; ഇതിൽ കോഴിക്കോട് ജില്ലയിലുള്ള ബാലുശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾക്ക് മിനിമം തുക നിശ്ചയിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് എത്ര കോടി രൂപയാണെന്ന് അറിയിക്കാമോ;

(സി) അടിയന്തരമായി പരിഗണിക്കേണ്ട ചെറിയ റോഡുകളുടെയും പാലങ്ങളുടെയും പ്രവൃത്തികൾ കിഫ്ബി വഴി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളും, 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി വഴി നടപ്പിലാക്കും എന്ന് പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളാണ് നിലവിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജക മണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ബോർഡ് ഇതുവരെ അംഗീകാരം നൽകിയ പദ്ധതികളുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരവും 8-8-2016-ലെ സ.ഉ.(കൈ)നമ്പർ 315/16/ധന ഉത്തരവു പ്രകാരവും കിഫ് ബോർഡ് വഴി നടപ്പിലാക്കേണ്ട അർഹമായ പദ്ധതികൾ 100 കോടിയിൽ കവിയുന്ന മൂല്യമുള്ളതായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മൂല്യം നിർണ്ണയിക്കുന്ന ആവശ്യത്തിലേയ്ക്കായി, പത്ത് കോടി രൂപയിൽ കുറയാത്ത പ്രോജക്ടുകളെ 'ട്രാഞ്ചസ്' ആയി തരംതിരിക്കാവുന്നതും അവയിലോരോന്നും 100 കോടി രൂപയിൽ കവിയുന്നതും ആയിരിക്കേണ്ടതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കിഫ്ബി മുഖേന നടപ്പിലാക്കേണ്ടതും, ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം അർഹമായതുമായ പദ്ധതികൾ 8-8-2016-ലെ സ.ഉ.(കൈ) നമ്പർ 315/2016/ധന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടുള്ള പദ്ധതികളാണ് കിഫ്ബി നടപ്പിലാക്കുന്നത്.

**കിഫ്ബി**

2 (354) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതികൾക്കായി ധനസമാഹരണം നടത്തിയിട്ടുണ്ടോ; ഇതുവരെ സമാഹരിച്ച വിഭവം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ഭരണാനുമതി ലഭിച്ച പദ്ധതികൾക്കായി ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2015-16, 2016-17 വർഷങ്ങളിൽ ബഡ്ജറ്റിൽ വൻകിട വികസന പദ്ധതികളുടെ നടപ്പിലാക്കലിനായി 5475-00-800-92 (പ്ലാൻ) ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്ന തുകയിൽ അവശേഷിച്ച 2498.41 കോടി, പുനഃസംഘടിപ്പിക്കപ്പെട്ട കിഫ്ബി വഴിയുള്ള പ്രവർത്തന സാക്ഷാത്കാരത്തിന്റെ ആദ്യ നടപടി എന്ന നിലയിൽ കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മേൽ സൂചിപ്പിച്ച ഭേദഗതി ചെയ്ത കിഫ് ആക്ടിലെ ഖണ്ഡിക 7 പ്രകാരം, മുൻ വർഷത്തെ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനമായ 281.43 കോടി രൂപയും, പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള മുഴുവൻ സെസ് തുകയായ 448.1 കോടി രൂപയും ഉൾപ്പെടെ ആകെ 3227.94 കോടി രൂപ കിഫ്ബിയുടെ അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ട്. ഇതിനുപുറമെ ജനറൽ ഒബ്ലിഗേഷൻ ബോണ്ട്സ്, റവന്യൂ ഒബ്ലിഗേഷൻ ബോണ്ട്സ്, വാണിജ്യ/സഹകരണ ബാങ്കുകളിൽനിന്ന് ടേം ലോൺ എന്നിവ വഴി ധനസമാഹരണത്തിനുള്ള ശ്രമങ്ങളും കിഫ്ബിയുടെ പരിഗണനയിലാണ്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ കൂടിയ കിഫ്ബിയുടെ 27-ാം ജനറൽ ബോർഡ് 48 പദ്ധതികൾക്കും 28-ാം ജനറൽ ബോർഡ് നിബന്ധനകൾക്ക് വിധേയമായി 53 പദ്ധതികൾക്കും അംഗീകാരം നൽകിയിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതി വിശദാംശങ്ങളുടെ പട്ടിക അനുബന്ധം ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഭേദഗതി ചെയ്ത കിഫ് ആക്ട് 2016 പ്രകാരം ബോർഡ് അംഗീകരിച്ച പദ്ധതികൾക്കുള്ള ധനസഹായം അനുവദിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസികൾ (SPV) പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ ഓൺലൈനായി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുണ്ട്. ഈ സംവിധാനമനുസരിച്ച് പ്രോജക്ട് നിർവ്വഹണ ചെലവുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഘട്ടങ്ങളിൽ നേരിട്ട് സപ്ലയർ, കോൺട്രാക്ടർ, സേവന ദാതാവ് മുതലായവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കാനുള്ള ഡയറക്ട് പേയ്മെന്റ് സംവിധാനം കിഫ്ബിയിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കിഫ് ബോർഡിന്റെ 27-ാമത് ബോർഡ് യോഗം അംഗീകരിച്ച പദ്ധതികളുടെ നടത്തിപ്പിന് ആദ്യ ഘട്ടത്തിൽ ആവശ്യമായ തുക നിലവിലെ ഫണ്ടിൽനിന്നും കണ്ടെത്തുവാൻ കിഫ്ബി പ്രാപ്തമാണ്. കൂടാതെ 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുള്ള 10% മോട്ടോർ വാഹന നികുതിയും, പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള സെസ്സും കിഫ്ബി അക്കൗണ്ടിൽ ലഭ്യമാക്കിയിട്ടുണ്ട്. നൂതന സംവിധാനമനുസരിച്ചുള്ള നടപടിക്രമങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കിഫ്ബി ധനസഹായം നൽകുന്നതാണ്.

## നികുതി പിരിവിലെ വർദ്ധന

3 (355) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നികുതി പിരിവിൽ വർദ്ധനവുണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ നയംമൂലമുണ്ടായ നോട്ട് പ്രതിസന്ധി ഇക്കാര്യത്തിൽ എത്രമാത്രം തടസ്സമായിട്ടുണ്ട്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാണിജ്യ നികുതി ഇനത്തിൽ 10 ശതമാനം വർദ്ധനവുണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. രജിസ്ട്രേഷൻ നികുതി പിരിവിൽ മുൻവർഷത്തെ അപേക്ഷിച്ച് 117.34 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. എക്സൈസ് നികുതിയിനത്തിൽ 2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2016-17 വർഷത്തിൽ ആകെ 4.59% മാത്രമാണ് വരുമാന വർദ്ധനവ് ഉണ്ടായിട്ടുള്ളത്. മോട്ടോർ വാഹന വകുപ്പിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഉണ്ടായതിനേക്കാൾ നികുതി പിരിവിൽ 10.40% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ അടിസ്ഥാന ഭൂനികുതി ഒഴികെയുള്ള മറ്റ് നികുതികൾ, കെട്ടിട നികുതി, തോട്ട നികുതി, ആഡംബര നികുതി എന്നീയിനങ്ങളിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ ഉണ്ടാക്കിയ ഇടിവ് എത്രത്തോളമുണ്ടെന്ന് കൃത്യമായി തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ 31-12-2016 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം 2016 നവംബറിൽ സംസ്ഥാന എക്സൈസ് നികുതി വളർച്ച മുൻവർഷത്തെ അപേക്ഷിച്ച് 3.15 ശതമാനം കുറവ് രേഖപ്പെടുത്തിയപ്പോൾ ഡിസംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 34.63 ശതമാനത്തിന്റെ ഇടിവുണ്ടായി. 2016 ഒക്ടോബറിൽ 19.8 ശതമാനം വളർച്ച രേഖപ്പെടുത്തിയ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം ഡിസംബറിൽ കുറിച്ചത് (17.45 ശതമാനം താഴ്ന്ന) 2.35 ശതമാനം വളർച്ച മാത്രമാണ്. 2016 ഒക്ടോബറിനെ അപേക്ഷിച്ച് നവംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 30.26 ശതമാനത്തിന്റേയും ഡിസംബറിൽ വില്പന നികുതിയിൽ 17.43 ശതമാനത്തിന്റെയും രജിസ്ട്രേഷൻ നികുതിയിൽ 26.40 ശതമാനത്തിന്റെയും വാഹന നികുതിയിൽ 11.44 ശതമാനത്തിന്റെയും ആകെ തനത് വരുമാനത്തിൽ 16.33 ശതമാനത്തിന്റെയും കുറവ് ഉണ്ടായിട്ടുണ്ട്.

**മണലൂർ എം.എൽ.എ. ശിപാർശ ചെയ്ത പ്രവൃത്തികൾ**

4 (356) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ എം. എൽ. എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മണലൂർ എം. എൽ. എ. ശിപാർശ ചെയ്തിട്ടുള്ള എല്ലാ പ്രവൃത്തികൾക്കും സാമ്പത്തികാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്ക് ഇതുവരെ ഭരണാനുമതി നൽകുകയുണ്ടായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17-ലെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മണലൂർ എം.എൽ.എ.-13 (പതിമൂന്ന്) പ്രവൃത്തികളാണ് ശിപാർശ ചെയ്തിട്ടുള്ളത്. ഇവയിൽ പത്തു പ്രവൃത്തികൾക്ക് ധനാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി നൽകുന്നു.*

(ബി) എളവള്ളി ഗ്രാമപഞ്ചായത്തിലെ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ പുതിയ കെട്ടിട നിർമ്മാണം, മണലൂർ മണ്ഡലത്തിലെ 11 സ്ഥലങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, എരനെല്ലൂർ ഫാത്തിമമാത പള്ളി റോഡ് നിർമ്മാണം, കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തോട് അനുബന്ധിച്ച് പുതിയ ബ്ലോക്ക് നിർമ്മാണം എന്നീ നാലു പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എൽ.എ.സി.-എ.ഡി.എസ്. ഉപയോഗിച്ച് ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി പുതുതായി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

5 (357) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാർക്കായുള്ള എൽ.എ.സി.-എ.ഡി .എസ്. ഉപയോഗിച്ച് ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി പുതുതായി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾക്കായി പി.ഡബ്ല്യൂ .ഡി തയ്യാറാക്കിയ സ്പെസിഫിക്കേഷനിലെ അതേ ഉപകരണങ്ങൾ പൊതു മേഖലാ സ്ഥാപനങ്ങൾ വളരെ കുറഞ്ഞ റേറ്റിൽ നൽകുന്നുണ്ട് എന്നിരിക്കെ പി.ഡബ്ല്യൂ.ഡി.-ക്ക് നൽകുന്നതിലൂടെ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടവും ലൈറ്റുകൾ സ്ഥാപിക്കുന്നതിലുണ്ടാവുന്ന കാലതാമസവും പരിഹരിക്കാൻ എന്തുനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

### ഉത്തരം

(എ) ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി പുതുതായി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ.മാർ നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എം.എൽ.എ.-മാർ ശിപാർശ ചെയ്ത ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾക്ക് സ.ഉ.(പി)നമ്പർ 27/2017/ധന. തീയതി 26-2-2017 ഉത്തരവനുസരിച്ച് ധനാനുമതിയും ഭരണാനുമതിയും നൽകിവരുന്നുണ്ട്. ഭരണാനുമതി നൽകിയ പ്രവൃത്തികൾ ടെണ്ടർ ചെയ്തശേഷം കാലതാമസം കൂടാതെ പൂർത്തീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനാൽ ഗുണനിലവാരവും ഏറ്റവും കുറഞ്ഞ റേറ്റും നിർദ്ദേശിക്കുന്ന സ്ഥാപനങ്ങൾക്കാണ് അവ നൽകിവരുന്നത്.

### ജി.എസ്.ടി. നിയമം

6 (358) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചതെന്നും ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ എന്തെല്ലാം അഭിപ്രായങ്ങൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) നിയമം നടപ്പാക്കുന്നതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം നികത്തുവാൻ എന്തൊക്കെ പാക്കേജുകളാണ് കേന്ദ്രം സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദീകരിക്കുമോ;

(സി) ജി.എസ്.ടി. നടപ്പാക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ടതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതിനുവേണ്ടി പാസ്സാക്കിയ 101-ാം ഭരണഘടനാ ഭേദഗതി നിയമപ്രകാരം ഇതിനുവേണ്ടിയുള്ള നിയമ നിർമ്മാണം ചട്ടങ്ങൾ, നടപടിക്രമങ്ങൾ എന്നിവ ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശ പ്രകാരം ആയിരിക്കും. ജി.എസ്.ടി. കൗൺസിലിൽ കേന്ദ്ര ധനകാര്യ മന്ത്രിയും സംസ്ഥാന യൂണിയൻ ടെറിട്ടറീസ് ധനമന്ത്രിമാരും അംഗങ്ങളാണ്. കേന്ദ്ര ധനകാര്യമന്ത്രിക്ക് 1/3 വോട്ടിംഗ് വെയിറ്റേജും, ബാക്കിയുള്ളവർക്കെല്ലാം കൂടി 2/3 വോട്ടിംഗ് വെയിറ്റേജുമാണ് നിശ്ചയിച്ചിട്ടുള്ളത്. വോട്ടിംഗ് വേണ്ടി വന്നാൽ പാസ്സാക്കുന്നത് 3/4 വോട്ടിംഗ് വെയിറ്റേജിൽ ആണ്. ആയതിനാൽ കേന്ദ്രം എതിർക്കുന്ന ഒരു പ്രൊപ്പോസലും പാസ്സാകുകയില്ല.

ഇതിനകം പതിമൂന്ന് ജി.എസ്.ടി. കൗൺസിൽ യോഗങ്ങൾ നടന്നുകഴിഞ്ഞു. ഇതുവരെയും കേന്ദ്രമോ സംസ്ഥാനങ്ങളോ അവരുടെ അഭിപ്രായം അടിച്ചേൽപ്പിക്കുന്ന രീതിയിൽ ഒരു വോട്ടിംഗ് നിലയിലേയ്ക്ക് പോയിട്ടില്ല. പരമാവധി വിട്ടുവീഴ്ചകൾ ചെയ്ത് ഏകകണ്ഠമായ തീരുമാനം എടുക്കാനുള്ള സമീപനമാണ് രണ്ടുപേരും സ്വീകരിച്ചിട്ടുള്ളത്.

പ്രസ്തുത യോഗങ്ങളിൽ തീരക്കടലിൽ നടക്കുന്ന സപ്ലൈകൾ കേന്ദ്ര നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണമെന്ന നിർദ്ദേശം ഉണ്ടായി. കൂടാതെ നിലവിലുള്ള സേവന നികുതി ദാതാക്കളുടെയും അന്തർ സംസ്ഥാന സപ്ലൈകളുള്ള ഡീലർമാരുടെയും ഭരണനിർവ്വഹണം കേന്ദ്രത്തിന് മാത്രമായി വിട്ടുനൽകണമെന്നും കേന്ദ്രം അഭിപ്രായപ്പെടുകയുണ്ടായി. ഇതിനെ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ശക്തമായി എതിർക്കുകയും ഇതിന്റെ ഫലമായി ഒന്നര കോടി രൂപ വരെ വിറ്റുവരവുള്ള സപ്ലൈകളിൽ 9:1 എന്ന അനുപാതത്തിൽ സംസ്ഥാന കേന്ദ്ര സർക്കാരുകളും അതിനു മുകളിലുള്ളവ 1:1 എന്ന അനുപാതത്തിലും വീതം വയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ചരക്ക് സേവന നികുതി പ്രാപ്യസ്ഥാന തത്വത്തിൽ ലഭിക്കുമെന്നതിനാലും സേവനങ്ങളിന്മേൽ നികുതി പിരിക്കാമെന്നുള്ളതിനാലും പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നികുതി നഷ്ടം ഉണ്ടാകാൻ സാധ്യത കുറവാണ്.

ജി.എസ്.ടി. നടപ്പാകുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം കേന്ദ്രം നികത്തണമെന്ന് സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ഈ ആവശ്യം തത്വത്തിൽ അംഗീകരിക്കുകയും ജി.എസ്.ടി. നടപ്പിലാക്കിയതിന് ശേഷമുള്ള ആദ്യത്തെ അഞ്ചുവർഷത്തേയ്ക്ക് സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം കേന്ദ്രം നികത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ജി.എസ്.ടി. നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ എസ്.ജി.എസ്.ടി. നിയമം പാസ്സാക്കേണ്ടതുണ്ട്. വ്യാപാരികളുടെ രജിസ്ട്രേഷൻ റിട്ടേൺ ഫയലിംഗ് ഇ-പേയ്മെന്റ് നടത്തുന്നതിനും വേണ്ട IT സംവിധാനമായ Common Portal GSTN തയ്യാറാക്കിവരുന്നു. എന്നാൽ സംസ്ഥാന സർക്കാർ backend module തയ്യാറാക്കേണ്ടതുണ്ട്. ഇതിനുവേണ്ട Software Application NIC-യുടെ സഹകരണത്തോടെ പുരോഗമിച്ചുവരുന്നു. വകുപ്പിലെ എല്ലാ ജീവനക്കാർക്കും ജി.എസ്.ടി. നിയമത്തെക്കുറിച്ചും സാങ്കേതികവിദ്യയെക്കുറിച്ചും പരിശീലനം നൽകേണ്ടതുണ്ട്. നിയമത്തെക്കുറിച്ചുള്ള പരിശീലനം അന്തിമഘട്ടത്തിലാണ്. സാങ്കേതിക പരിശീലനം GSTN-ന്റെ നിർദ്ദേശപ്രകാരം മേയ് ആദ്യവാരം മുതൽ ആരംഭിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ജി.എസ്.ടി. നടപ്പിൽ വരുമ്പോൾ ഉദ്യോഗസ്ഥ ക്രമീകരണങ്ങളും നടത്തേണ്ടതുണ്ട്.

## എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഭരണാനുമതി ലഭിച്ച കാസർഗോഡ് നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

7 (359) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2015 കാലയളവിൽ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ ഏതൊക്കെയാണ്;

(ബി) ഈ പ്രവൃത്തികളിൽ ഇനിയും പൂർത്തീകരിക്കാനുള്ളത് ഏതൊക്കെയാണ്; എഗ്രിമെന്റ് കാലാവധി കഴിഞ്ഞ പ്രവൃത്തികളുണ്ടോ; എങ്കിൽ പ്രവൃത്തികൾ ഏറ്റെടുത്തിരിക്കുന്ന കരാറുകാർ ആരൊക്കെയാണ്;

(സി) കരാർ കാലാവധി കഴിഞ്ഞിട്ടും കരാറുകാരൻ പ്രവൃത്തികൾ പൂർത്തിയാക്കാത്തത് എന്തുകൊണ്ടാണെന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ;

(ഡി) മുടങ്ങി കിടക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-ഡി) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

## എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട്

8 (360) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട് പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലാ കളക്ടറേറ്റുകളിൽ ഓരോ മണ്ഡലത്തിനും പ്രത്യേകമായി ട്രഷറി ബാങ്ക് അക്കൗണ്ടുകളുണ്ടോ;

(സി) ഇല്ലെങ്കിൽ മണ്ഡലാടിസ്ഥാനത്തിൽ ട്രഷറി ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട് പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് 27-5-2004-ലെ സ.ഉ.(പി)നമ്പർ 247/2004/ ധന. ഉത്തരവിൽ വിശദമായ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 20-11-2009-ലെ സ.ഉ.(പി)നമ്പർ 518/2009/ധന. പ്രകാരം ജില്ലാ കളക്ടറും നിർവ്വഹണ ഏജൻസികളുടെ പ്രതിനിധികളും അംഗങ്ങളായിട്ടുള്ള ഒരു കൺസൾട്ടേറ്റീവ് കമ്മിറ്റി ജില്ലാതലത്തിൽ രൂപവത്കരിക്കുകയും പ്രവൃത്തികളുടെ പുരോഗതി മേൽനോട്ടം നടത്തുകയും ചെയ്യണമെന്ന് ഉത്തരവായിട്ടുണ്ട്. 21-6-2012-ലെ സർക്കുലർ നമ്പർ 40/2012/ധന. പ്രകാരം പ്രതിമാസ ചെലവ് സ്റ്റേറ്റ്മെന്റ് അടുത്ത മാസം 5-ാം തീയതിക്ക് മുമ്പ് തന്നെ ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിന് സമർപ്പിക്കേണ്ടതാണെന്നും 4-6-2013-ലെ സർക്കുലർ നമ്പർ 50/2013/ധന. പ്രകാരം എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളെ സംബന്ധിച്ച് ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡുകൾ നാലുമാസത്തിലൊരിക്കൽ അതാതു ജില്ലകളിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിന് സമർപ്പിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇല്ല.

(സി) ഒരു ജില്ലയിലെ എല്ലാ മണ്ഡലങ്ങൾക്കുമായി എം.എൽ.എ. എസ്.ഡി.എഫ്.-ൽ അനുവദിക്കുന്ന തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് ജില്ലാ കളക്ടറുടെ പേരിൽ ഒരു റ്റി.എസ്.ബി. അക്കൗണ്ടാണ് ആരംഭിച്ചിട്ടുള്ളത്. ഓരോ എം.എൽ.എ.യ്ക്കും പ്രത്യേകം പ്രത്യേകം രജിസ്റ്ററുകൾ എല്ലാ ജില്ലാ കളക്ടറേറ്റുകളിലും സൂക്ഷിക്കുന്നുണ്ട്. മണ്ഡലാടിസ്ഥാനത്തിൽ റ്റി.എസ്.ബി. അക്കൗണ്ട് ആരംഭിക്കുന്നത് പ്രായോഗികമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും മരാമത്ത് പണികൾ

9 (361) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുതലായവ മരാമത്ത് പണികൾ ടെണ്ടർ ചെയ്ത് കൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്താറുണ്ടോ;

(ബി) എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും മരാമത്ത് പണികൾ ടെണ്ടർ ചെയ്തു കൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്തേണ്ടായെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇത്തരത്തിൽ നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പണികൾ ടെണ്ടർ ചെയ്ത് കൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്താറുണ്ട്.

(ബി) ഉണ്ട്. പ്രത്യേക വികസന നിധിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം എം.എൽ.എ. നിർദ്ദേശിക്കുന്ന പ്രവൃത്തികൾ സർക്കാർ സ്ഥാപനങ്ങൾ മുഖേനയോ സർക്കാർ അംഗീകരിച്ചിട്ടുള്ള സർക്കാരിതര സ്ഥാപനങ്ങൾ മുഖേനയോ ആണ് നടപ്പിലാക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ ലാഭകരമായും വേഗത്തിലും നടപ്പിലാക്കുന്നതിന് ഗുണഭോക്തൃ സമിതികൾ മുഖേനയാണ് ജില്ലാ കളക്ടർമാർ പ്രവൃത്തികൾ നടപ്പിലാക്കുന്നത്. അത്തരം ഗുണഭോക്തൃ സമിതികൾ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ കോൺട്രാക്ടർ മാർക്കുള്ള ലാഭം ഉൾപ്പെടുത്താറില്ല. ഇക്കാര്യം 29-2-2016-ലെ സ.ഉ.(പി.)നമ്പർ 30/2016/ധന. ഉത്തരവിൽ വീണ്ടും വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. 29-3-2017-ലെ 18/2017/ധന. സർക്കുലർ പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് മേൽ ഉത്തരവ് ബാധകമാക്കിക്കൊണ്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കേരള അടിസ്ഥാനസൗകര്യ വികസന നിധിയുടെ ബോർഡ് മീറ്റിംഗിൽ അംഗീകാരം നൽകിയ പദ്ധതികൾ**

10 (362) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അടിസ്ഥാനസൗകര്യ വികസന നിധിയുടെ രണ്ടാമത്തെ ബോർഡ് മീറ്റിംഗിൽ അംഗീകാരം നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ആദ്യ ബോർഡ് യോഗത്തിൽ തീരുമാനിച്ച പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വിശദീകരിക്കാമോ;

(സി) പ്രസ്തുത അംഗീകാരപ്രകാരം അനുവദിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിന് നിയോഗിച്ചിട്ടുള്ള വകുപ്പ്/ഏജൻസികളുടെ വിവരങ്ങളും അവർ നാളിതുവരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുമോ?

ഉത്തരം

(എ) 21-3-2017-ൽ കൂടിയ കിഫ് ബോർഡിന്റെ 2-ാമത്തെ യോഗം 8041.65 കോടി രൂപയുടെ 53 പദ്ധതികൾക്ക് അപാകതകൾ പരിഹരിക്കണമെന്ന നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകിയിട്ടുണ്ട്.

(ബി&സി) കിഫ്ബിയിലേയ്ക്ക് പദ്ധതികൾ സമർപ്പിക്കേണ്ട പദ്ധതി രേഖ പ്രതിപാദിക്കുന്ന 8-8-2016 തീയതിയിലെ സ.ഉ.(കൈ)നമ്പർ 315/2016/ധന ഉത്തരവ് പ്രകാരം, പദ്ധതിയുടെ വിശദാംശങ്ങൾ കിഫ് വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്ന വേളയിൽ ഭരണ വകുപ്പിൽ നിന്നുള്ള ഭരണാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. ആദ്യ ബോർഡ് യോഗം അംഗീകരിച്ച പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* കിഫ്ബി അംഗീകാരം നൽകിയ പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.*

**വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ**

11 (363) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ സർക്കാർ വകുപ്പുകളുടേയും എത്ര ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഒരു സാമ്പത്തിക വർഷം എത്ര തുക വാടകയിനത്തിൽ ചെലവിടുന്നുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പരിശോധിച്ചിട്ടില്ല. സർക്കാരിന്റെ വിവിധ വകുപ്പുകൾ, സർക്കാരിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, ബോർഡുകൾ, സർക്കാർ സഹായം ലഭിക്കുന്ന ഏജൻസികൾ എന്നിവിടങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ, സർക്കാർ ഉത്തരവുകളുടേയും ചട്ടങ്ങളുടേയും ലംഘനം, സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം എന്നിവ സംബന്ധിച്ച് ലഭിക്കുന്ന പരാതികളെ അടിസ്ഥാനമാക്കിയാണ് ധനകാര്യ പരിശോധനാ വിഭാഗം പരിശോധന നടത്തിവരുന്നത്.

ലഭ്യമായ രേഖകൾ പ്രകാരം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 18 സർക്കാർ ഓഫീസുകളിൽ ധനകാര്യ പരിശോധനാ വിഭാഗം പരിശോധന നടത്തിയിട്ടുണ്ട്.

(ബി) സാമ്പത്തിക വർഷം വാടകയിനത്തിൽ ശരാശരി 35.94 കോടി രൂപ ചെലവിടുന്നുണ്ട്.

**ആസ്തി വികസന പദ്ധതി**

12 (364) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി 2011-2016 കാലയളവിൽ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; ടി പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഈ കാലയളവിൽ വിവിധ കാരണങ്ങളാൽ ഭരണാനുമതി നൽകാതിരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തി 2011-2016 കാലയളവിൽ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ധനാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ഭരണാനുമതി നൽകിയ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആസ്തി വികസന ഫണ്ടിൽ നിർദ്ദേശിക്കപ്പെട്ട പ്രൊപ്പോസലുകൾ

13 (365) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ട നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിർദ്ദേശിക്കപ്പെട്ട പ്രൊപ്പോസലുകൾ ഭരണാനുമതി ലഭിക്കുന്നതിനായി ഭരണ വകുപ്പിൽനിന്നും ധനകാര്യ വകുപ്പിലേയ്ക്ക് എത്തുമ്പോൾ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കാലതാമസം ഒഴിവാക്കാൻ മതിയായ ഉദ്യോഗസ്ഥരെ നിയമിക്കുമോ;

(സി) ധനകാര്യ വകുപ്പിൽ എത്തുന്ന ഇത്തരം ഫയലുകളിൽ പരമാവധി എത്ര ദിവസം കൊണ്ട് തീരുമാനം എടുക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനകം ധനകാര്യവകുപ്പിലെത്തിയ എല്ലാ പ്രൊപ്പോസലുകൾക്കും അംഗീകാരം നൽകുമെന്ന് ഉറപ്പുവരുത്തുമോ?

### ഉത്തരം

(എ) ഇല്ല.

(ബി&സി) 22-7-2015-ലെ സർക്കുലർ നമ്പർ 67/2015/ധന. പ്രകാരം ആസ്തി വികസന പദ്ധതിയിൻ കീഴിൽ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*).

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനായി 2016 ഡിസംബർ 31-ന് മുമ്പായി എം.എൽ.എ. മാരുടെ ശിപാർശകൾ ധനവകുപ്പിൽ സമർപ്പിക്കേണ്ടതാണെന്ന് 7-9-2016-ലെ സർക്കുലർ നമ്പർ 74/2016/ധന. പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം സമർപ്പിച്ചിട്ടുള്ള ശിപാർശകൾക്ക് വിശദമായ എസ്റ്റിമേറ്റ് ഭരണവകുപ്പിലെ ശിപാർശയോടുകൂടി ലഭ്യമാകുന്ന മുറയ്ക്ക് ധനാനുമതിയും ഭരണാനുമതിയും പുറപ്പെടുവിച്ച് വരുന്നുണ്ട്. സർക്കുലർ നമ്പർ 19/2017/ധന. തീയതി 29-3-2017 പ്രകാരം ആസ്തിവികസന പദ്ധതി 2016-17-ന് കീഴിൽ സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് ധനാനുമതിയും ഭരണാനുമതിയും നൽകാനുള്ള അവസാന തീയതി 31-5-2017 വരെ നീട്ടിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികൾ

14 (366) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എം.എൽ.എ. നിർദ്ദേശിച്ച മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദ വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതികൾക്ക് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എം.എൽ.എ. നിർദ്ദേശിച്ച മാവേലിക്കര മണ്ഡലത്തിലെ ധനാനുമതി നൽകിയ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു*. കൂടാതെ ബാക്കി പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ധനാനുമതി നകുന്നതാണ്.

## ദേശീയ ദുരന്ത നിവാരണ ഫണ്ടിൽനിന്നും ലഭ്യമായ തുക

15 (367) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേശീയ ദുരന്ത നിവാരണ ഫണ്ടിൽനിന്നും എന്തു തുക ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ തുക ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് വകയിരുത്തി യിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തിന്റെ എസ്.ഡി.ആർ.എഫ്.-ൽ നിന്ന് ഈ സർക്കാരിന്റെ കാലയളവിൽ എന്തു തുക ചെലവഴിച്ചെന്നും ഇനിയെത്ര മിച്ചമുണ്ടെന്നും വിശദീകരിക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം ദേശീയ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും 175 കോടി രൂപ ലഭ്യമായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ദേശീയ ദുരന്തനിവാരണ നിധിയിൽ നിന്നുള്ള വരവ് 1601-01-109 എന്ന ശീർഷകത്തിലും ഇതിലേയ്ക്കുള്ള ചെലവ് 2245- പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസം എന്ന മുഖ്യശീർഷകത്തിൻ കീഴിലുള്ള വിവിധ ശീർഷകങ്ങളിലുമായി വകയിരുത്തുന്നു.

(സി) 2016-17 സാമ്പത്തിക വർഷം സംസ്ഥാന ദുരന്ത നിവാരണ നിധി (SDRF)-യിൽ നിന്നും സംസ്ഥാന വിഹിതം ഉൾപ്പെടെ 136.88 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. SDRF-ലേയ്ക്കുള്ള മിച്ച തുക പൊതു കണക്കിനത്തിന് കീഴിൽ വരുന്ന '8121- കരുതൽ നിധി ' എന്ന മുഖ്യ ശീർഷകത്തിൻ കീഴിലാണ് വരുന്നത്. ഇതു സംബന്ധിച്ച കണക്കുകൾ സൂക്ഷിക്കുന്നത് അക്കൗണ്ടന്റ് ജനറലാണ്. 28-2-2017-ൽ നിയമസഭയിൽ സമർപ്പിച്ച 2015-16 വർഷത്തേയ്ക്കുള്ള ഫിനാൻസ് അക്കൗണ്ട്സ് പ്രകാരം 31-3-2016 വരെ സംസ്ഥാന ദുരന്ത നിവാരണ നിധി (SDRF)-യിലെ മിച്ച തുക 72.52 കോടി രൂപയാണ്.

**കേരളാ ബാങ്കിന്റെ ഘടന**

16 (369) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പുതുതായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കേരളാ ബാങ്കിന്റെ ഘടന വ്യക്തമാക്കുമോ;

(ബി) ഇതിനായി ഏതെങ്കിലും പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ കാതലായ ഭാഗങ്ങൾ വിശദീകരിക്കുമോ;

(സി) ദേശസാത്കൃത ബാങ്കുകളിൽ ഉള്ള സംസ്ഥാനത്തിൻെറ നിക്ഷേപങ്ങൾ കേരളാ ബാങ്കിലേയ്ക്ക് മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കേരളാ ബാങ്കിന്റെ രൂപീകരണത്തോടെ ദേശസാത്കൃത ബാങ്കുകളെ പൂർണ്ണമായി ഒഴിവാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;വിശദമാക്കുമോ?

ഉത്തരം

(എ&ബി) സഹകരണ ബാങ്കിംഗ് മേഖലയിൽ സർക്കാർ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന കാതലായ മാറ്റം നിലവിലെ ത്രിതല ഘടനയിൽനിന്നും ദ്വിതല ഘടനയിലേയ്ക്കുള്ള മാറ്റമാണ്. അതിലേയ്ക്കായി പഠനം നടത്തി വിശദമായ ശിപാർശകൾ സർക്കാരിനു സമർപ്പിക്കുന്നതിനായി 5 അംഗങ്ങൾ ഉൾപ്പെട്ട ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി&ഡി) ഇതുസംബന്ധിച്ച ആലോചനകളൊന്നും തന്നെ സർക്കാർ നടത്തിയിട്ടില്ല.

## മങ്കട മണ്ഡലത്തിനുവേണ്ടി തുക വകയിരുത്തിയ പദ്ധതികൾ

17 (370) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ൽ സംസ്ഥാന ബജറ്റ് പ്രസംഗത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി മങ്കട മണ്ഡലത്തിനു വേണ്ടി തുക വകയിരുത്തിയ പദ്ധതികളിൽ എത്ര പദ്ധതികൾക്ക് കിഫ്ബി ബോർഡ് അംഗീകാരം നൽകി;

(ബി) മങ്കട മണ്ഡലത്തിലെ ഉൗതപ്പുഴയിൽ നിലാപ്പറമ്പിൽ തടയണ നിർമ്മിക്കുന്നതിന് 65 കോടി അനുവദിച്ചതിന് ബോർഡ് അംഗീകാരം നൽകിയിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ&ബി) 2017-18-ൽ കിഫ്ബി വഴി നടപ്പിലാക്കാനായി പ്രഖ്യാപിച്ച പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*. ഈ പദ്ധതികൾ കിഫ്ബിയിലേയ്ക്ക് സമർപ്പിക്കുന്നത് സംബന്ധിച്ച പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നതേയുള്ളൂ.

(സി) കിഫ്ബി പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതുൾപ്പെടെയുള്ള നടപടികൾ ബന്ധപ്പെട്ട ഭരണവകുപ്പുകളാണ് സ്വീകരിക്കേണ്ടത്.

## സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം

18 (371) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ക്ഷേമപെൻഷനുകൾ എത്രമാസം കുടിശ്ശികയുണ്ടായിരുന്നു എന്ന് തരം തിരിച്ച് അറിയിക്കുമോ;

(ബി) ഈ സർക്കാർ എത്രമാസത്തെ ക്ഷേമപെൻഷനുകൾ വിതരണം നടത്തി എന്ന് അറിയിക്കുമോ;

(സി) ഇതിലേയ്ക്കായി എത്ര തുക ചെലവഴിച്ചു എന്ന് അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരം ഏൽക്കുമ്പോൾ 2014 നവംബർ മുതൽ 2015 ജനുവരി വരെയുള്ള പെൻഷൻ തുക വിതരണം ചെയ്യപ്പെടാതെ വാർദ്ധക്യകാല പെൻഷൻ, വിധവ പെൻഷൻ, വികലാംഗ പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ എന്നിവ കുടിശ്ശികയുണ്ടായിരുന്നു. കർഷക തൊഴിലാളി പെൻഷൻ 2014 ഡിസംബർ മാസത്തെ തുക കുടിശ്ശികയായി ട്ടുണ്ടായിരുന്നു. 2015 ഫെബ്രുവരി മുതലുള്ള തുക ഗുണഭോക്താക്കൾക്ക് ഡി ബി റ്റി സംവിധാനത്തിൽ വിതരണം ചെയ്ത് വരികയായിരുന്നു. ഡി ബി റ്റി സംവിധാനത്തിൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്താത്തതുമൂലവും തെറ്റായ രേഖപ്പെടുത്തലുകൾ ബാങ്ക് അക്കൗണ്ടുകളുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സങ്ങൾ എന്നീ കാരണങ്ങളാൽ വിതരണം ചെയ്ത തുക ലഭിക്കാതെ വന്നതുമൂലവും കുടിശ്ശിക ഉണ്ടായിട്ടുണ്ട്. കുടിശ്ശിക ഇനത്തിൽ 1389.58 കോടി രൂപ നൽകിയിട്ടുണ്ട്.

(ബി) 2014 നവംബർ മുതലുള്ള കുടിശ്ശികയും 2016 ജൂൺ മുതൽ 2017 മാർച്ച് വരെ 10 മാസത്തെ പെൻഷനും ഈ സർക്കാർ വിതരണം ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം 4628 കോടി രൂപ ഇതിലേയ്ക്കായി ചെലവഴിച്ചിട്ടുണ്ട്.

**സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം**

19 (372) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പെൻഷനുകൾ ആധാർ കാർഡ് ഇല്ലാത്ത കാരണത്താൽ ഗുണഭോക്താവിന് വിതരണം ചെയ്യാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പല കാരണങ്ങളാൽ ആധാർ കാർഡ് എടുക്കാൻ സാധിക്കാത്ത രോഗികളും, വൃദ്ധരുമായ പെൻഷൻകാർക്ക് തുടർന്നും പെൻഷൻ വിതരണം ചെയ്യുവാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 6-2-2017-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.) നമ്പർ 67/2017/ ധന ഉത്തരവ് പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നോട്ട് ക്ഷാമം മറികടക്കാൻ സ്വീകരിച്ച നടപടികൾ

20 (373) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് ക്ഷാമം മറികടക്കാനായി പ്രതിദിന ലോട്ടറി കളക്ഷൻ, ബിവറേജസ് കോർപ്പറേഷന്റെ കളക്ഷൻ എന്നിവ ട്രഷറികളിൽ അടയ്ക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രതിദിനം ശരാശരി എത്ര കോടി രൂപയാണ് പ്രസ്തുത വകുപ്പുകൾ ബാങ്കുകളിൽ അടച്ചു വരുന്നത്;

(സി) നോട്ട് ക്ഷാമം മറികടക്കാൻ എന്തെല്ലാം നടപടികൾ ഭാവിയിൽ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നോട്ട് ക്ഷാമം മറികടക്കാനായി പ്രതിദിന ലോട്ടറി കളക്ഷൻ, ബിവറേജസ് കോർപ്പറേഷന്റെ കളക്ഷൻ എന്നിവ ട്രഷറികളിൽ അടയ്ക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 12-4-2017-ലെ എസ്.എൽ. 2/43/2017-FIN നമ്പർ കത്ത്, 12-4-2017-ലെ എസ്.എൽ.2/42/2017-FIN നമ്പർ കത്ത് എന്നിവ പ്രകാരമാണ് യഥാക്രമം ലോട്ടറി ഡിപ്പാർട്ടുമെന്റിനും ബിവറേജസ് കോർപ്പറേഷനും നിർദ്ദേശങ്ങൾ നൽകിയത്.

(ബി) ലോട്ടറി വകുപ്പ് ഏജന്റുമാർ മുഖേന പ്രതിദിനം ബാങ്കിൽ ഒടുക്കുന്നത് ശരാശരി 7.92 കോടി രൂപയാണ്. (1-4-2017 മുതൽ 15-4-2017 വരെയുള്ള പ്രവർത്തി ദിനങ്ങളിലെ കണക്കുകളുടെ അടിസ്ഥാനത്തിൽ)

ബിവറേജസ് കോർപ്പറേഷൻ എഫ്.എൽ.-1 ഷോപ്പുകളിൽ നിന്നുള്ള വിറ്റുവരവ് തുകയായി ശരാശരി 7,98,31,091 രൂപ പ്രതിദിനം ബാങ്കിൽ അടച്ചുവന്നിരുന്നത് ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ അടച്ചിട്ടുണ്ട്. (19-4-2017 മുതൽ 21-4-2017 വരെയുള്ള പ്രവർത്തി ദിനങ്ങളിലെ കണക്കുകളുടെ അടിസ്ഥാനത്തിൽ)

(സി) ഭാവിയിൽ നോട്ട് ക്ഷാമം ഗുരുതരമാകുന്നപക്ഷം, ആയത് മറികടക്കാനായി നിർദ്ദേശങ്ങൾ മറ്റ് സ്ഥാപനങ്ങൾക്കും നൽകുന്നത് പരിഗണിക്കുന്നതാണ്.

## കിഫ്ബി - റോഡുകൾക്കുള്ള മാനദണ്ഡങ്ങൾ

21 (374) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്തു വകുപ്പിനു കീഴിലുള്ള റോഡുകൾ, കിഫ്ബി വഴി പ്രവൃത്തി നടത്തുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കായി പൊതുവായൊരു മാനദണ്ഡം 8-8-2016-ലെ സ.ഉ. (കൈ) നമ്പർ 315/2016/ധന പ്രകാരം ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

## നോട്ട് രഹിത സമ്പദ്ഘടന

22 (375) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് രഹിത സമ്പദ്ഘടനയിലേക്കുള്ള മാറ്റം ലക്ഷ്യം വച്ച് റിസർവ്വ ബാങ്ക് ബോധപൂർവ്വം നോട്ട് അച്ചടി വൈകിപ്പിക്കുകയാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സർക്കാർ നിത്യേന ആവശ്യപ്പെടുന്ന കറൻസിയുടെ ഏകദേശം 30 ശതമാനം മാത്രമാണ് റിസർവ് ബാങ്ക് അനുവദിക്കുന്നതെന്ന റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ നോട്ട് ലഭ്യതയുടെ കുറവ് സർക്കാരിന്റെ ദൈനംദിന സാമ്പത്തിക ഇടപാടുകൾക്ക് പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) അത്തരം ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) ഏജൻസി ബാങ്കുകളിൽനിന്നും ആവശ്യത്തിന് ഇംപ്രസ്റ്റ് തുക ലഭിക്കാത്തത് കാരണം ട്രഷറി ഇടപാടുകൾക്ക് അവർ ആവശ്യപ്പെടുന്ന തുക ട്രഷറികളിൽ നിന്നും നൽകാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചരക്ക് സേവന നികുതി നിയമം

23 (376) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി നിയമം സംസ്ഥാനത്തിന് ഏതൊക്കെ തരത്തിൽ നേട്ടമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പുതിയ സംവിധാനത്തിൽ ഇ- കോമേഴ്സ് വഴി കേരളത്തിലേയ്ക്ക് വരുന്ന ഉല്പന്നങ്ങളുടെമേലുള്ള നികുതി സംസ്ഥാനത്തിന് ലഭ്യമാകുമോയെന്ന് അറിയിക്കുമോ;

(സി) സേവനമേഖല സുപ്രധാന പങ്ക് വഹിക്കുന്ന സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ സേവന നികുതിയുടെ പങ്ക് ലഭ്യമാകുന്നതിന് ചരക്ക്-സേവന നികുതി സംവിധാനത്തിൽ വ്യവസ്ഥയുണ്ടോ ?

### ഉത്തരം

(എ) ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമേ സേവനങ്ങൾക്ക് മേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ടെലികമ്മ്യൂണിക്കേഷൻസ്, ഇൻഷ്വറൻസ്, ഫിനാൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗ നിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നായതിനാൽ കേരളം നേട്ടം പ്രതീക്ഷിക്കുന്നു. കൂടാതെ ജി. എസ്. ടി. നടപ്പാക്കുമ്പോൾ നികുതി നഷ്ടം ഉണ്ടായാൽ തന്നെ 2015-16-ലെ നികുതി വളർച്ച 14% ആയി കണക്കാക്കി ആദ്യ അഞ്ച് വർഷത്തെ നികുതി നഷ്ടം കേന്ദ്രം നികത്താമെന്ന് അംഗീകരിച്ചിട്ടുണ്ട്.

(ബി) ജി.എസ്.ടി. സംവിധാനത്തിൽ ഇ-കോമേഴ്സ് വഴി കേരളത്തിലേയ്ക്ക് വരുന്ന ഉല്പന്നങ്ങളുടെ മേലുള്ള നികുതി സംസ്ഥാനത്തിന് ലഭ്യമാകും. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇ-കോമേഴ്സ് വഴിയുള്ള ഉപഭോഗത്തിൽ കേരളം മുൻപന്തിയിലായതിനാൽ ഇതുവഴി ലഭിക്കുന്ന നികുതി പിരിവ് കേരളത്തിന് ഗുണകരമായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ജി.എസ്.ടി. നടപ്പിലാക്കുന്നതുവഴി സംസ്ഥാന സർക്കാരുകൾക്ക് സേവനങ്ങൾക്കുമേലുള്ള നികുതി പിരിക്കാൻ അവകാശം ലഭിക്കുന്നു. ബാങ്കിംഗ്, ടെലികമ്മ്യൂണിക്കേഷൻസ്, ഇൻഷ്വറൻസ്, ഫിനാൻസ് തുടങ്ങിയ സേവന മേഖലകളിൽ നിന്നും കേരളം ഗണ്യമായ നികുതിപിരിവ് പ്രതീക്ഷിക്കുന്നു.

**വേയ്സ് ആന്റ് മീൻസ് അഡ്വാൻസ്**

24 (377) <u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തിട്ടുണ്ടോ;

(ബി) ക്ഷേമനിധിയിൽനിന്നും മറ്റും വായ്പ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെ നിന്ന് എടുത്തുവെന്നും എത്ര തുക എടുത്തുവെന്നും വിശദമാക്കുമോ;

(സി) സഹകരണ ബാങ്കുകളിൽനിന്നും വായ്പ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016 നവംബർ മാസത്തിൽ ഒരു ദിവസവും നടപ്പു സാമ്പത്തിക വർഷത്തിൽ (2017-18), 20-4-2017 വരെയുള്ള കാലയളവിൽ രണ്ട് ദിവസവും വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തിട്ടുണ്ട്.

(ബി&സി) ഇല്ല.

**പദ്ധതിവിഹിതം പൂർണ്ണമായും കേന്ദ്രം മടക്കി നൽകുന്ന പദ്ധതികൾ**

25 (378) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികളിൽ പദ്ധതി വിഹിതം പൂർണ്ണമായും കേന്ദ്രം മടക്കിനൽകുന്ന പദ്ധതികൾ ഏതൊക്കെയാണ്;

(ബി) 2016-17-ൽ ഇപ്രകാരമുള്ള ഓരോ പദ്ധതിയിലും വകയിരുത്തിയ തുകയെത്രയെന്നും അതിൽ എത്ര തുക 31-3-2017 വരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികളിൽ പദ്ധതി വിഹിതം പൂർണ്ണമായും കേന്ദ്രം മടക്കി നൽകുന്നവയിൽ വകയിരുത്തിയ തുകയും 2017 മാർച്ച് 31 വരെ ചെലവഴിച്ച തുകയും ഉൾക്കൊള്ളുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.* പൂർണ്ണമായും കേന്ദ്രസഹായം ലഭിക്കുന്നതും എന്നാൽ DBT സംവിധാനം വഴി ഗുണഭോക്താക്കൾക്ക് നേരിൽ കൈമാറുന്നതുമായ പദ്ധതികൾ ഇതിനു പുറമേയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നികുതി പിരിവ് കാര്യക്ഷമമാക്കുവാൻ സ്വീകരിച്ച നടപടികൾ

26 (379) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നികുതി പിരിവ് കാര്യക്ഷമമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) ഇതിന്റെ ഭാഗമായി മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് നികുതി പിരിവിൽ വന്ന വർദ്ധനവെത്രയെന്നു(ശതമാനവും തുകയും പ്രത്യേകമായി) വ്യക്തമാക്കുമോ?

ഉത്തരം

(എ) നികുതി ഭരണം കാര്യക്ഷമമാക്കാനായി സർക്കാർ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.
2. ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചു. അതുപോലെതന്നെ കമ്പ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ്‌ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി നിയമ നിർമ്മാണം നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.
3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
4. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.
5. റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.
6. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.
7. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.
8. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി.
9. 60 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള അനുമാന നികുതിദായകർക്ക് ആംനസ്റ്റി പദ്ധതി നടപ്പിലാക്കി.
10. നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉത്പാദനം, വിതരണം, വിപണനം ഇവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് മുഖേന നടത്തിവരുന്നു.

11. എക്സൈസ് വകുപ്പ് വഴി നൽകുന്ന എല്ലാ ലൈസൻസുകൾക്കും പെർമിറ്റുകൾക്കും മുൻകൂറായി ഫീസ്/നികുതി ഈടാക്കിയ ശേഷമാണ് അനുമതി നൽകുന്നത്. കെ.എസ്.ബി.സി., കൺസ്യൂമർ ഫെഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ഷോപ്പുകളുടെ ലൈസൻസ് ഫീസും റെന്റൽ തുകയും മുൻകൂറായി വാങ്ങിയ ശേഷമാണ് ലൈസൻസുകളുടെ കാലാവധി ദീർഘിപ്പിച്ച് നൽകുന്നത്. എഫ്.എൽ1 ഷോപ്പുകളുടെ ആകെ റെന്റൽ തുകയുടെ 50% ഓരോ വർഷത്തേയും ലൈസൻസ് നൽകുന്ന സമയത്തും ബാക്കി 50% എട്ട് തുല്യ ഗഡുക്കളായി ജൂലൈ മാസം മുതൽ ഫെബ്രുവരി മാസം വരെയായി ഒടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

12. ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടയ്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തി.

13. 1-1-1986 മുതൽ 31-3-2010 വരെ കുടിശ്ശിക ഉണ്ടായിരുന്ന അണ്ടർ വാല്യൂവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനായി ജി.ഒ.(പി) നമ്പർ 74/16/റ്റി.ഡി ഉത്തരവ് പ്രകാരവും ഫ്ലാറ്റുകളുടെ അണ്ടർ വാല്യൂവേഷൻ കുടിശ്ശിക തീർപ്പാക്കുവാൻ ജി.ഒ.(പി) നമ്പർ 75/16/റ്റി.ഡി ഉത്തരവ് പ്രകാരവും 'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' നടപ്പിൽ വരുത്തി. ഫ്ലാറ്റുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട റവന്യൂ നഷ്ടം തടയുന്നതിനായി സെൻട്രൽ പി.ഡബ്ള്യൂ.ഡി. മാനദണ്ഡ പ്രകാരമുള്ള വിലനിർണ്ണയത്തിനായി കേരള മുദ്രപത്ര നിയമത്തിൽ 28 (ബി) എന്ന പുതിയ സെക്ഷൻ കൂട്ടിച്ചേർത്തു. 2016-ലെ ഫിനാൻസ് ബില്ലിലൂടെ വിലയാധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി 6-ൽ നിന്ന് 8 ശതമാനമായി വർദ്ധിപ്പിച്ചു.

14. കാലപ്പഴക്കം ചെന്ന വാഹനങ്ങൾക്ക് ഗ്രീൻ ടാക്സ് ഏർപ്പെടുത്തിയതിലൂടെയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെയും നികുതി അടയ്ക്കാത്തതിനാൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ ലേലം ചെയ്ത് അതിൽ നിന്നും കുടിശ്ശിക വസൂലാക്കുന്നതിലൂടെയും മോട്ടോർ വാഹന വകുപ്പ് മുഖേനയുള്ള നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ ഡിസംബർ 31 വരെ ലഭിച്ച നികുതി വരുമാനത്തിൽ വന്ന വർദ്ധനവ് (ശതമാനവും തുകയും) അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നികുതി വരുമാനം

27 (380) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിൽ നികുതി വരുമാനത്തിൽ എത്ര വളർച്ചയുണ്ടായി; ബഡ്ജറ്റിൽ ലക്ഷ്യമിട്ടിരുന്ന വളർച്ച നേടിയോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ മാസവും നികുതി വരുമാനത്തിലുണ്ടായ വർദ്ധനവ് ശതമാനക്കണക്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം അവതരിപ്പിച്ച പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്ത് തനത് നികുതി വരുമാനത്തിൽ 4.81 ശതമാനം വർദ്ധനവ് ലക്ഷ്യമിട്ടിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2016 ഡിസംബർ 31 വരെ സംസ്ഥാനത്ത് തനത് നികുതി വരുമാനത്തിൽ മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 8.98 ശതമാനം വളർച്ച നേടുവാൻ കഴഞ്ഞു.

(ബി) ഓരോ മാസവും നികുതി വരുമാനത്തിലുണ്ടായ വർദ്ധനവിന്റെ ശതമാനക്കണക്ക് അനുബന്ധമായി ചേർക്കുന്നു*.

## കിഫ്ബി വഴിയുള്ള പദ്ധതികൾ

28 (381) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ രണ്ടു ബജറ്റിലൂടെ കിഫ്ബി വഴി നടത്തുന്നതിന് ഏതെല്ലാം പദ്ധതികൾ തെരഞ്ഞെടുത്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് മുൻപ് കിഫ്ബി ബോർഡിന്റെ അംഗീകാരം നേടിയിരുന്നോ; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) ഈ പദ്ധതികളിൽ സർക്കാർ പ്ലാൻ ഫണ്ടിൽനിന്ന് നടപ്പാക്കി കൊണ്ടിരുന്നവ ഏതെല്ലാമാണ്; പട്ടിക തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്ലാൻ ഫണ്ടിൽനിന്ന് നടപ്പാക്കി കൊണ്ടിരുന്ന പദ്ധതികൾ കിഫ്ബി വഴി നടത്താൻ ഏറ്റെടുക്കുമ്പോൾ കിഫ്ബിയുടെ തനതായ ധനസഹായം ലഭ്യമാണോ; എങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് കിഫ്ബിയുടെ തനതായ ധനസഹായം ലഭ്യമാക്കിയതെന്ന് വ്യക്തമാക്കാമോ;

(ഇ) കിഫ്ബി ധനസഹായം നല്കുന്നതിലേയ്ക്ക് നാളിതുവരെ എത്ര തുക കടം വാങ്ങിയിട്ടുണ്ട്; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും, 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിലും കിഫ്ബി വഴി നടപ്പിലാക്കാൻ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുടെ പട്ടിക അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികൾ തെരഞ്ഞെടുക്കുന്നത് സർക്കാരിന്റെ വിവേചനാധികാരത്തിൽ നിക്ഷിപ്തമാണ്. പദ്ധതികൾ ഉൾപ്പെടുത്തുന്നതിന് കിഫ് ബോർഡിന്റെ അംഗീകാരം തേടേണ്ടതില്ല. 2016-ലെ കിഫ് ഭേദഗതി ആക്ടിലോ, കിഫ്ബിയിലേയ്ക്ക് പദ്ധതികൾ സമർപ്പിക്കുന്ന നടപടിക്രമം വിശദീകരിക്കുന്ന സ.ഉ.(കൈ)നമ്പർ 315/2016/ധന ഉത്തരവിലോ കിഫ്ബിയിലേയ്ക്ക് പദ്ധതികൾ തെരഞ്ഞെടുക്കുന്നതിന് ബോർഡിന് പ്രത്യേക അധികാരം പ്രതിപാദിക്കുന്നില്ല.

(സി&ഡി) സർക്കാർ നിലവിൽ പ്ലാൻ ഫണ്ട് മുഖേന നടത്തിവരുന്ന പദ്ധതികൾക്ക് കിഫ്ബിയിലൂടെ ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നില്ല. ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളാണ് നിലവിൽ കിഫ്ബി വഴി നടപ്പിലാക്കുന്നത്.

(ഇ) കിഫ്ബി ഏറ്റെടുത്ത പദ്ധതികൾക്കായി നാളിതുവരെ വായ്പകൾ ഒന്നും തന്നെ എടുത്തിട്ടില്ല. ബോർഡിന്റെ തനത് ഫണ്ടിന്റെ ലഭ്യതയും പദ്ധതികൾക്ക് വേണ്ടി വരുന്ന ചെലവും വിലയിരുത്തി ആവശ്യത്തിനനുസരിച്ച് മാത്രമാണ് വായ്പയെടുക്കാൻ ഉദ്ദേശിക്കുന്നത്. ഇപ്പോൾ ലഭ്യമായ ഫണ്ട് അംഗീകാരം നൽകിയ പ്രവൃത്തികളുടെ ആദ്യ ഗഡു നൽകുന്നതിന് പര്യാപ്തമാണ്.

**വാറ്റ് കുടിശ്ശിക**

29 (382) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റ് കുടിശ്ശികയായി വ്യാപാരികളിൽനിന്നും എന്തു തുക ലഭിക്കാനുണ്ട്;

(ബി) ചരക്ക് സേവന നികുതി (ജി.എസ്.ടി.) നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി വാറ്റ് കുടിശ്ശിക പിഴയും പലിശയും ഒഴിവാക്കി പിരിച്ചെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 31-3-2017-ലെ കണക്കനുസരിച്ച് വാറ്റ് കുടിശ്ശികയായി വ്യാപാരികളിൽ നിന്നും 5327.54 കോടി രൂപ ലഭിക്കാനുണ്ട്.

(ബി) ചരക്ക് സേവന നികുതി (ജി.എസ്.ടി.) സമ്പ്രദായം നിലവിൽ വരുന്നതിനുമുമ്പ് വാറ്റ് നികുതി സംബന്ധമായ അസ്സസ്സ്മെന്റുകളും റീ അസ്സസ്സ്മെന്റുകളും പൂർത്തീകരിച്ച് പിഴയിലും പലിശയിലും ഇളവ് നൽകി തർക്കങ്ങൾ ഒത്തുതീർക്കുന്നതിന് വിപുലമായൊരു ആംനെസ്റ്റി പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുപ്രകാരം വാറ്റ് വ്യാപാരികൾക്ക് 2005-06 മുതൽ 2010-11 സാമ്പത്തിക വർഷം വരെയുള്ള കുടിശ്ശികകൾ പൂർണ്ണമായും അടച്ചുതീർത്താൽ കുടിശ്ശികയുടെ പലിശയും പിഴ തുകയുടെ 70 ശതമാനവും പിഴയുടെ പലിശയും ഇളവ് ചെയ്യുന്നതാണ്. ഈ കാലയളവിലെ കേന്ദ്രവില്പന നികുതി പ്രകാരമുള്ള കുടിശ്ശികയും ഈ പദ്ധതിയിൽപ്പെടുത്തി തീർപ്പാക്കാവുന്നതാണ്.

കെ.ജി.എസ്.ടി. പ്രകാരമുള്ള കുടിശ്ശികകൾ തീർക്കുവാനുള്ള ആംനെസ്റ്റി പദ്ധതിയുടെ കാലാവധി 2017 ഡിസംബർ 31 വരെ നീട്ടിയിട്ടുണ്ട്. കാർഷികാദായ നികുതി, ആഡംബര നികുതി എന്നിവയിൽ 2010-11 വരെയുള്ള നികുതി കുടിശ്ശിക പൂർണ്ണമായും അടച്ചാൽ കുടിശ്ശികയുടെ പലിശയും പിഴ തുകയുടെ 70 ശതമാനവും പിഴയുടെ പലിശയും ഇളവ് ചെയ്തുകൊണ്ടുള്ള ആംനെസ്റ്റി പദ്ധതിയും പ്രഖ്യാപിച്ചിട്ടുണ്ട്.

**കിഫ്ബി മുഖേനയുള്ള പദ്ധതികൾ**

30 (383) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി മുഖേന എത്ര പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ:

(ബി) പ്രസ്തുത പദ്ധതികൾക്കായി എത്ര തുക ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ച പദ്ധതികളുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ടുകൾ (ഡി.പി.ആർ.) കിഫ്ബിക്ക് സമർപ്പിക്കുകയും അവയുടെ വിശദമായ പരിശോധനയ്ക്കുശേഷം 7-11-2016-ൽ കൂടിയ കിഫ് ബോർഡിന്റെ 27-ാമത് ബോർഡ് യോഗം 4004.86 കോടി രൂപ മുതൽ മുടക്കുള്ള 48 പദ്ധതികൾക്ക് അംഗീകാരം നൽകി. തുടർന്ന് 21-3-2017-ൽ കൂടിയ കിഫ് ബോർഡിന്റെ 28-ാമത് ബോർഡ് യോഗം 8041.65 കോടി രൂപ മുതൽമുടക്കുള്ള 53 പദ്ധതികൾക്ക് നിബന്ധനകൾക്ക് വിധേയമായും അംഗീകാരം നൽകി. പകർപ്പ് * ഉള്ളടക്കം ചെയ്യുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കിഫ്ബി ഡയറക്ടർ ബോർഡ് അംഗീകരിച്ച പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസികൾ (SPV) പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ ഓൺലൈനായി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുണ്ട്. ഈ സംവിധാനമനുസരിച്ച് പ്രോജക്ട് നിർവ്വഹണ ചെലവുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഘട്ടങ്ങളിൽ നേരിട്ട് സപ്ലയർ, കോൺട്രാക്ടർ, സേവന ദാതാവ് മുതലായവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കാനുള്ള ഡയറക്ട് പേയ്മെന്റ് സംവിധാനം കിഫ്ബിയിൽ ഏർപ്പെടുത്തു ന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. നൂതന സംവിധാനമനുസരിച്ചുള്ള നടപടിക്രമങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കിഫ്ബി ധനസഹായം നൽകുന്നതാണ്.

## നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കൽ

31 (384) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കൽ എത്ര കോടി രൂപയുടേതായിരുന്നു;

(ബി) ഏറ്റവുമൊടുവിൽ മന്ത്രിസഭായോഗം അംഗീകരിച്ച 2017-18 ലെ വാർഷികപദ്ധതി എത്ര കോടി രൂപയുടേതാണ്;

(സി) ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതമെത്ര;

(ഡി) 2015-16 വർഷത്തെ അടങ്കലും അത് മുൻവർഷത്തേക്കാൾ എത്ര ശതമാനം വർദ്ധനയോടുകൂടിയതാണെന്നും വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ഇ) വാർഷിക പദ്ധതിയിൽ അനുവദിച്ച പണം മുൻവർഷങ്ങളിൽ പാഴാക്കിയതിന്റെ പേരിൽ ഏതെല്ലാം വകുപ്പുകളുടെ 2016-17-ലെ അടങ്കലിൽ എത്ര ശതമാനം വീതം കുറവുവരുത്തുകയുണ്ടായി;

(എഫ്) വിലവർദ്ധനയും മറ്റുംമൂലം പദ്ധതി നിർവ്വഹണച്ചെലവിൽ ഉണ്ടാകാവുന്ന സ്വാഭാവിക വർദ്ധനകൂടി പരിഗണിച്ചാൽ ഫലത്തിൽ പദ്ധതി അടങ്കലിൽ വർദ്ധന ഉണ്ടാകുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി 2016-17 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കൽ 24,000 കോടി രൂപയാണ്.

(ബി) ഏറ്റവുമൊടുവിൽ മന്ത്രിസഭായോഗം അംഗീകരിച്ച 2017-18-ലെ സംസ്ഥാന വാർഷിക പദ്ധതി 26,500 കോടി രൂപയുടേതാണ്.

(സി) 2017-18-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 6,227.50 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ഡി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഇ) വാർഷിക പദ്ധതിയിൽ അനുവദിച്ച പണം മുൻവർഷങ്ങളിൽ പാഴാക്കിയതിന്റെ പേരിൽ ഒരു വകുപ്പിന്റെയും അടങ്കലിൽ കുറവ് വരുത്തിയിട്ടില്ല.

(എഫ്) പദ്ധതി ചെലവ്, പുതിയ പദ്ധതികളുടെ സാധ്യതകൾ, വരും വർഷങ്ങളിലെ പദ്ധതി ചെലവ് തുടങ്ങിയവയുടെ വിശകലനങ്ങൾക്ക് വിധേയമാക്കി സംസ്ഥാന ആസൂത്രണ ബോർഡിൽ വിവിധ തലങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥർ, വകുപ്പുതല മേധാവികൾ, സെക്രട്ടറിമാർ, മന്ത്രിമാർ, തുടങ്ങിയവരുമായുള്ള ചർച്ചയുടേയും പദ്ധതി അവലോകനത്തിന്റെയും അടിസ്ഥാനത്തിലാണ് ഓരോ വർഷവും പദ്ധതി അടങ്കലിൽ വർദ്ധനവ് വരുത്തി വാർഷിക പദ്ധതി തയ്യാറാക്കുന്നത്.

**കഴിഞ്ഞ സാമ്പത്തിക വർഷത്തെ മൂലധനച്ചെലവ്**

32 (385) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ മൂലധനച്ചെലവ് മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം കൂടുതലായിരിക്കണം എന്നായിരുന്നു ബജറ്റിൽ പ്രതീക്ഷിച്ചിരുന്നത്;

(ബി) കഴിഞ്ഞ ഏഴ് സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ ആകെ ചെലവിന്റെ എത്ര ശതമാനം തുക മൂലധനച്ചെലവുണ്ടായി എന്നു വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നടപ്പ് സാമ്പത്തിക വർഷത്തെ മൂലധനച്ചെലവ് മുൻവർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിനെ അപേക്ഷിച്ച് 3.83% കൂടുതലായിരിക്കുമെന്നാണ് ഈ സർക്കാർ അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ 7 സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ ആകെ ചെലവിലെ മൂലധന ചെലവിന്റെ ശതമാന കണക്ക് ചുവടെ ചേർക്കുന്നു :

| | |
|---|---|
| 2010-11 | 8.67 |
| 2011-12 | 7.57 |
| 2012-13 | 7.77 |
| 2013-14 | 6.48 |
| 2014-15 | 5.54 |
| 2015-16 | 8.62 |
| 2016-17 (അക്കൗണ്ടന്റ് ജനറലിന്റെ ഡിസംബർ 31 വരെയുള്ള കണക്കുകൾ പ്രകാരം) | 7.08 |

**കഴിഞ്ഞ സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ വരുമാനം**

33 (386) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനം പ്രതീക്ഷിച്ച വരുമാനം ഏതെല്ലാം സ്രോതസ്സുകളിലൂടെ എത്ര കോടി രൂപ വീതമായിരുന്നു; കേന്ദ്ര ഗവൺമെന്റ് വഴിയുള്ളവ ഓരോ ഇനവും എത്ര വീതമെന്നും സംസ്ഥാനത്ത് നിന്നുള്ളവ ഓരോ ഇനവും എത്രവീതമെന്നും വിശദമാക്കുമോ;

(ബി) പ്രതീക്ഷിച്ച വരുമാനത്തിൽ കേന്ദ്ര ഗവൺമെന്റ് വഴിയും സംസ്ഥാന ഗവൺമെന്റ് വഴിയും 31.3.2017 വരെ ലഭിച്ച തുക ഓരോ ഇനത്തിലും എത്ര വീതമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) 2016-17 സാമ്പത്തിക വർഷം വിവിധ സ്രോതസ്സുകളിൽ നിന്നും പ്രതീക്ഷിച്ച വരുമാനവും അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2016 ഡിസംബർ 31 വരെ ഓരോ ഇനത്തിലും ലഭിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ )

| | 2016-17-ൽ പ്രതീക്ഷിച്ചത് | 2016 ഡിസംബർ 31 വരെ ലഭിച്ചത് |
|---|---|---|
| സംസ്ഥാനത്തിന്റെ തനത് വരുമാനം | 47613.61 | 30214.66 |
| സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനം | 11359.52 | 5277.54 |
| കേന്ദ്ര നികുതി വിഹിതം | 14282.00 | 9567.59 |
| കേന്ദ്ര ധനസഹായം | 11361.72 | 5347.70 |

**നികുതി നിർണ്ണയം സംബന്ധിച്ച പരാതി**

34 (387) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നികുതി നിർണ്ണയം സംബന്ധിച്ച് ശ്രീ. സി. ജി. വേണുഗോപാൽ സമർപ്പിച്ച പരാതിയിന്മേൽ (5-4-2017-ലെ 1356515/2017/എം (ഫിൻ &കയർ ) വാണിജ്യ നികുതി വകുപ്പ് കമ്മീഷണർ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച വിശദാംശം നൽകാമോ?

ഉത്തരം

നികുതി നിർണ്ണയം സംബന്ധിച്ച് ശ്രീ. സി. ജി. വേണുഗോപാൽ സമർപ്പിച്ച പരാതി 15-4-2017-ൽ വാണിജ്യ നികുതി കമ്മീഷണർക്ക് ലഭിക്കുകയും, ടി പരാതിയിന്മേൽ എറണാകുളം ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്)-നോട് 20-4-2017-ൽ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

**കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ മണ്ഡലം ആസ്തിവികസന ഫണ്ടായി ഓരോ മണ്ഡലത്തിലും അനുവദിച്ച തുക**

35 (388) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ബജറ്റിൽ മണ്ഡലം ആസ്തി വികസന ഫണ്ടായി ഓരോ മണ്ഡലത്തിലും എത്ര കോടി രൂപ വീതം അനുവദിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്;

(ബി) ഈ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്;

(സി) ഇതിൽ വാട്ടർ അതോറിറ്റി, വിദ്യാഭ്യാസം, പൊതുമരാമത്ത്, ആരോഗ്യം എന്നീ മേഖലകളിൽ ഭരണാനുമതി നൽകിയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തികവർഷം ആസ്തിവികസന ഫണ്ടായി നോമിനേറ്റഡ് എം.എൽ.എ. ഉൾപ്പെടെ ഓരോ എം.എൽ.എ.-യ്ക്കും 5 കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(ബി&സി) 2016-17 സാമ്പത്തിക വർഷത്തെ ആസ്തിവികസന പദ്ധതിക്കായി 705 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആസ്തി വികസന പദ്ധതി 2016-17-ന് കീഴിൽ 141 എം.എൽ.എ. മാരിൽ നിന്നും 2102 പ്രവൃത്തികൾക്കുള്ള ശിപാർശകൾ ധനകാര്യ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. സർക്കുലർ നമ്പർ 19/2017/ധന. തീയതി 29-3-2017 പ്രകാരം പ്രസ്തുത പ്രവൃത്തികൾക്ക് ധനാനുമതിയും ഭരണാനുമതിയും നൽകുന്നതിനുള്ള സമയപരിധി 31-5-2017 ആയി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ആസ്തിവികസന പദ്ധതിയിൻ കീഴിലെ പ്രവൃത്തികൾ കൈകാര്യം ചെയ്യുന്നതിനായി വികസിപ്പിച്ചിട്ടുള്ള ഓൺലൈൻ പോർട്ടലിൽ (www.ads.kerala.gov.in) ലഭ്യമായ വിവരം അനുസരിച്ച് ആസ്തി വികസന പദ്ധതി 2016-17-ന് കീഴിൽ ഇതിനോടകം 292.79 കോടി രൂപ ആകെ അടങ്കലിൽ 863 പ്രവൃത്തികൾക്ക് ധനാനുമതി നൽകിയിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| പൊതുമരാമത്ത് | - | 166.08 കോടി രൂപ |
| വിദ്യാഭ്യാസം | - | 40.78 കോടി രൂപ |
| ആരോഗ്യം | - | 26.63 കോടി രൂപ |
| വാട്ടർ അതോറിറ്റി | - | 11.95 കോടി രൂപ |

പ്രസ്തുത പ്രവൃത്തികൾക്കുള്ള ഭരണാനുമതി പുറപ്പെടുവിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ്. ധനാനുമതി നൽകിയ 80 ശതമാനത്തോളം പ്രവൃത്തികൾക്ക് ഇതിനോടകം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്.

## കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക

36 (389) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇറിഗേഷൻ, പി.ഡബ്ല്യു.ഡി. തുടങ്ങിയ വകുപ്പുകളിലെ കരാറുകാർക്ക് സർക്കാർ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കുടിശ്ശികകൾ കൊടുത്തു തീർക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇറിഗേഷൻ, പി.ഡബ്ല്യു.ഡി. തുടങ്ങിയ വകുപ്പുകളിലെ കരാറുകാർക്ക് കൊടുത്തു തീർക്കാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വകുപ്പ് | കുടിശ്ശിക (കോടിയിൽ ) |
|---|---|
| പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പ് | 637.97 |
| പൊതുമരാമത്ത് (കെട്ടിടം) വകുപ്പ് | 246.70 |
| ഇറിഗേഷൻ വകുപ്പ് | 129.30 |
| ആകെ | 1013.97 |

(ബി) കുടിശ്ശിക സമയബന്ധിതമായി കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കരാറുകാർക്ക് സെപ്റ്റംബർ 2016 വരെയുള്ള ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

## കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നിയോജകമണ്ഡലം ആസ്തിവികസന ഫണ്ടിൽ ഭരണാനുമതി

37 (390) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ എത്ര കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച കണക്ക് വ്യക്തമാക്കുമോ;

(സി) 2017 മാർച്ച് 31-ന് ചെലവഴിക്കപ്പെടാത്ത തുക അടുത്ത സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ;

(ഡി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി എം.എൽ.എ.-മാർ ഉദ്ദേശിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിക്കായി 705 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആസ്തി വികസന പദ്ധതി 2016-17-ന് കീഴിൽ 141 എം.എൽ.എ. മാരിൽ നിന്നും 2102 പ്രവൃത്തികൾക്കുള്ള ശിപാർശകൾ ധനകാര്യ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. സർക്കുലർ നമ്പർ 19/2017/ധന. തീയതി 29-3-2017 പ്രകാരം പ്രസ്തുത പ്രവൃത്തികൾക്ക് ധനാനുമതിയും ഭരണാനുമതിയും നൽകുന്നതിനുള്ള സമയപരിധി 31-5-2017 ആയി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ആസ്തി വികസന പദ്ധതിയിൻ കീഴിലെ പ്രവൃത്തികൾ കൈകാര്യം ചെയ്യുന്നതിനായി വികസിപ്പിച്ചിട്ടുള്ള ഓൺലൈൻ പോർട്ടലിൽ (www.ads.kerala.gov.in) ലഭ്യമായ വിവരം അനുസരിച്ച് ആസ്തി വികസന പദ്ധതി 2016-17-ന് കീഴിൽ ഇതിനോടകം 292.79 കോടി രൂപ ആകെ അടങ്കലിൽ 863 പ്രവൃത്തികൾക്ക് ധനാനുമതി നൽകിയിട്ടുണ്ട്. നിയോജകമണ്ഡല അടിസ്ഥാനത്തിലുള്ള കണക്ക് പോർട്ടലിൽ ലഭ്യമാണ്. പ്രസ്തുത പ്രവൃത്തികൾക്കുള്ള ഭരണാനുമതി പുറപ്പെടുവിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ്. ധനാനുമതി നൽകിയ 80 ശതമാനത്തോളം പ്രവൃത്തികൾക്ക് ഇതിനോടകം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലർ നമ്പർ 67/2015/ധന തീയതി 22-7-2015 പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് അടുത്ത 15 ദിവസത്തിനുള്ളിൽ തന്നെ സാങ്കേതികാനുമതി നൽകുകയും കാലതാമസം കൂടാതെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ താമസംവിനാ പൂർത്തീകരിക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

## ബജറ്റ് പ്രസംഗത്തിലെ പദ്ധതികൾ നടപ്പിലാക്കൽ

38 (391) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ പ്രഖ്യാപിക്കുന്ന എല്ലാ പദ്ധതികളും നടപ്പിലാക്കുന്നതിനായി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ബജറ്റിലെ പദ്ധതികളുടെ നടപ്പിലാക്കൽ നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്;

(സി) ബജറ്റിൽ പ്രഖ്യാപിക്കുന്ന എല്ലാ പദ്ധതികളും നടപ്പിലാക്കുന്നുണ്ടെന്ന കാര്യം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ബന്ധപ്പെട്ട ഭരണവകുപ്പുകൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ചീഫ് സെക്രട്ടറി തലത്തിലും സാമ്പത്തിക ആസൂത്രണ വകുപ്പുതലത്തിലും ആസൂത്രണ ബോർഡ് തലത്തിലും ഭരണവകുപ്പുതലത്തിലും നിരീക്ഷണവും അവലോകനവും നടത്തുന്നുണ്ട്.

(സി) ചീഫ് സെക്രട്ടറി തലത്തിൽ കൃത്യമായ അവലോകനം നടത്തുന്നുണ്ട്. ഇതിൻപ്രകാരം ഭരണവകുപ്പുകളിൽനിന്നും വിശദാംശങ്ങൾ ശേഖരിക്കുകയും പദ്ധതി നടപ്പിലാക്കാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു.

**നോട്ട് അസാധുവാക്കൽ**

39 (392) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. അനൂപ് ജേക്കബ്</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് അസാധുവാക്കലിനെത്തുടർന്നുള്ള സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ എന്തെല്ലാം ആഘാതമേല്പിച്ചു എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നോട്ട് അസാധുവാക്കലിനെ തുടർന്നുള്ള മാന്ദ്യം മറികടക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽനിന്ന് സാമ്പത്തിക സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേലുള്ള കേന്ദ്രത്തിന്റെ പ്രതികരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഏൽപ്പിച്ച ഹ്രസ്വകാല ദീർഘകാല ആഘാതങ്ങൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) നോട്ട് അസാധുവാക്കലിനെ തുടർന്നുള്ള നിലവിലെ പ്രതിസന്ധി മറികടക്കുന്നതിന് ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്.

ഹ്രസ്വകാല അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ

1. നോട്ട് അസാധുവാക്കലിനോടനുബന്ധിച്ച് ട്രഷറി ഇടപാടുകൾക്കുണ്ടായിരുന്ന പ്രതിബന്ധങ്ങൾ പരിഹരിക്കുന്നതിന്, റിസർവ് ബാങ്ക് പുറപ്പെടുവിച്ച ഉത്തരവുകൾക്ക് വിധേയമായി അടിയന്തര നടപടികൾ സ്വീകരിച്ചിരുന്നു. നോട്ട് പിൻവലിച്ചതിന്റെ ഫലമായുണ്ടായ കറൻസി ക്ഷാമം ലഘൂകരിക്കുവാൻ ഇതുമൂലം സാധിച്ചു.

2. നോട്ട് റദ്ദാക്കലിന്റെ ദുരിതം ലഘൂകരിക്കുന്നതിനായി പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി ട്രഷറി സേവിംഗ്സ് ബാങ്കിലൂടെ നൽകുന്നതിനായി ജില്ലാ കളക്ടർമാർക്ക് പലിശരഹിത പ്രത്യേക റ്റി.എസ്.ബി. അക്കൗണ്ട് തുറന്നു കൊണ്ട് പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി നൽകുന്നതിന് നിർദ്ദേശം നൽകി.

3. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ട് ഉള്ളവർക്ക് പണം പിൻവലിക്കാൻ കഴിയാതെ വന്നതിന് താൽക്കാലിക പരിഹാരമുണ്ടാക്കാനായി എല്ലാ പ്രാഥമിക സഹകരണ സംഘം അംഗങ്ങൾക്കും ഓരോ മിറർ അക്കൗണ്ട് ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ തുറക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കി.

4. സർക്കാരിന്റെ നയപരമായ നടപടികളിലൂടെ ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനോടൊപ്പം സർക്കാർ സ്വതന്ത്രമായ ഇടപെടലിലൂടെ കറൻസി രഹിത ധനവ്യവഹാരങ്ങൾ വാണിജ്യ ബാങ്കുകളിലും സഹകരണ ബാങ്കുകളിലും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി.

5. ട്രഷറികളിലെ കറൻസി ക്ഷാമം പരിഹരിക്കുന്നതിനായി കെ.എസ്.എഫ്.ഇ., ലോട്ടറി, ബിവറേജസ് കോർപ്പറേഷൻ എന്നിവയുടെ വരുമാനം കറൻസിയിൽ ട്രഷറികളിൽ ഒടുക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ ഫലമായി ട്രഷറികളിലെ കറൻസി ക്ഷാമം ഒരു പരിധിവരെ പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ട്.

<u>ദീർഘകാല അടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ</u>

1. കറൻസി പിൻവലിക്കൽ ബഡ്ജറ്റിന്മേൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ പരിഹരിക്കുന്ന തരത്തിൽ പദ്ധതി ചെലവുകൾ നിശ്ചിത ലക്ഷ്യത്തിൽ നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

2. നോട്ടു നിരോധനത്തിന്റെ ഫലമായുള്ള സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിനായി സംസ്ഥാനത്തിന്റെ പശ്ചാത്തല വികസന മേഖലയിൽ സ്തംഭനാവസ്ഥയിലായിരുന്ന പല പ്രമുഖ പദ്ധതികളും അതിവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡിന്റെ (കെ.ഐ.ഐ.എഫ്.ബി.) നാലായിരത്തി ലധികം കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിവരുന്നു.

4. സംസ്ഥാന ട്രഷറിയിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്.) നടപ്പിലാക്കി. നടപ്പുസാമ്പത്തിക വർഷം മുതൽ ഇത് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകും. ട്രഷറി സേവിംഗ്സ് ബാങ്കിംഗിനായുള്ള കോർ ബാങ്കിംഗ് സിസ്റ്റം എല്ലാ ട്രഷറികളിലും പൂർത്തിയാക്കി.

5. നിലവിലെ തൊഴിൽ ക്ഷാമം പരിഹരിക്കുവാൻ പ്രതിവർഷം നേരിട്ടും അല്ലാതെയുമുള്ള 1000-ന് മേൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഏറ്റവും കുറഞ്ഞത് 1000 സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ വർഷംതോറും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന ആരംഭിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആലോചനയിലാണ്.

6. കോർ-ബാങ്കിംഗ് നെറ്റ് വർക്ക് ഉൾപ്പെടെയുള്ള എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളോടുകൂടി നടപ്പുവർഷം കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്. സഹകരണ മേഖലയിൽ ഡിജിറ്റൽ ഇടപാടുകൾ പ്രോൽസാഹിപ്പിക്കും. സഹകരണ മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നത് തുടരുകയും നിക്ഷേപങ്ങൾക്ക് ഗ്യാരണ്ടി ലഭ്യമാക്കുന്നത് പരിഗണിക്കുന്നതുമാണ്.

(സി) നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലും കനത്ത ആഘാതമാണ് ഏൽപ്പിച്ചിരിക്കുന്നത്. തൻനിമിത്തം ഓരോ മേഖലയിലും ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം സംബന്ധിച്ച അന്തിമ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിൽനിന്നും നഷ്ടപരിഹാരം ആവശ്യപ്പെടുന്ന കാര്യം സർക്കാർ ആലോചിക്കുന്നതാണ്.

**സംസ്ഥാന പദ്ധതി അടങ്കൽ തുക**

40 (393) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തെ ബജറ്റ് അനുസരിച്ച് സംസ്ഥാന പദ്ധതി അടങ്കൽ തുക കേന്ദ്ര വിഹിതമുൾപ്പെടെ ആകെ എത്രയാണ്; വ്യക്തമാക്കുമോ;

(ബി) ഇതിൽ എസ്.സി./എസ്.റ്റി. വിഭാഗത്തിനായി നീക്കിവച്ചിട്ടുള്ളത് എത്ര തുകയാണ്;

(സി) ഇതിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നീക്കിവച്ചിട്ടുള്ള തുക എത്ര; വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എസ്.സി. /എസ്.റ്റി. മേഖലയ്ക്ക് വേണ്ടി എന്തു തുക ചെലവഴിച്ചുവെന്നും ഇത് ആകെ അനുവദിച്ച തുകയുടെ എത്ര ശതമാനമാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അനുസരിച്ച് സംസ്ഥാന പദ്ധതി അടങ്കൽ തുക കേന്ദ്ര വിഹിതമുൾപ്പെടെ ആകെ 34,566.95 കോടി രൂപയാണ്.

(ബി) ഇതിൽ എസ്.സി/എസ്.റ്റി വിഭാഗത്തിനായി 2915.69 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

(സി) ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി 6227.50 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എസ്.സി./എസ്.റ്റി. മേഖലയ്ക്ക് വേണ്ടി 2051.52 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് ആകെ അനുവദിച്ച തുകയുടെ 79% ആണ്.

**സംസ്ഥാന പദ്ധതി അടങ്കൽ തുക**

41 (394) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന പദ്ധതി അടങ്കൽ എത്ര കോടി രൂപ വീതമായിരുന്നു; ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ളത് എത്ര കോടി ആയിരുന്നു;

(ബി) 2015-16-ലെ പദ്ധതിച്ചെലവ് എ.ജി.-യുടെ കണക്കനുസരിച്ച് എത്ര കോടി ആയിരുന്നു; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ യഥാർത്ഥ പദ്ധതി ചെലവ് എത്രയായിരുന്നു?

<u>ഉത്തരം</u>

(എ) 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന പദ്ധതി അടങ്കൽ തുക യഥാക്രമം 20,000, 24,000 കോടി രൂപ വീതമാണ്. ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടങ്കൽ തുക യഥാക്രമം 4,800, 5,500 കോടി രൂപ വീതമാണ്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ കണക്കനുസരിച്ച് 2015-16 സാമ്പത്തിക വർഷത്തെ പദ്ധതിച്ചെലവ് 15,632.38 കോടി രൂപയാണ്. ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ് 2,820.97 കോടി രൂപയാണ്.

**കാരുണ്യ ബെനവലന്റ് ഫണ്ട്**

42 (395) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിലൂടെ 2017 മാർച്ച് 31 വരെ എത്ര രൂപയുടെ ചികിത്സാ സഹായം നൽകിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം സ്വകാര്യ ആശുപത്രികളിലാണ് കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്ന് ചികിത്സാ സഹായം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2017 മാർച്ച് 31 വരെ ചികിത്സാ സഹായം അനുവദിച്ചതിന്റെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം-എ ആയി ചേർക്കുന്നു*.

(ബി) കാരുണ്യ ബെനവലന്റ് ഫണ്ടിൽ അക്രെഡിറ്റ് ചെയ്തിട്ടുള്ള തിരുവനന്തപുരം ജില്ലയിലെ ചികിത്സാ ധനസഹായം ലഭിക്കുന്ന സ്വകാര്യ ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധം-ബി ആയി ചേർക്കുന്നു*.

**കാരുണ്യ ബെനവലന്റ് ഫണ്ട്**

43 (396) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലേറുമ്പോൾ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽനിന്നും റീ-ഇംപേഴ്സ്മെന്റ് തുക ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ് പെൻഡിംഗിലുണ്ടായിരുന്നത്; ഈ അപേക്ഷകളിൽ സർക്കാർ എന്തു തീരുമാനം ആണ് എടുത്തത്; ഇതിൽ എത്ര അപേക്ഷകൾക്ക് തീർപ്പുകൽപ്പിച്ചു; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ മറ്റാശുപത്രികളിൽ അടിയന്തര ചികിത്സ തേടിയവർക്ക് കാരുണ്യ ബെനവലന്റ് പദ്ധതിയിൽനിന്നും തുകയനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിലേറുമ്പോൾ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ 825 റീ-ഇംമ്പേഴ്സ്മെന്റ് അപേക്ഷകളാണ് പെൻഡിംഗിലുണ്ടായിരുന്നത്. സർക്കാർ ആശുപത്രികൾ ഒഴികെ ത്രിതല ആശുപത്രികളായ തിരുവനന്തപുരം ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & ടെക്നോളജി, തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി, സഹകരണ ആശുപത്രി, കണ്ണൂർ, പരിയാരം മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലെ റീ-ഇംമ്പേഴ്സ്മെന്റ് അപേക്ഷകളിൽ G.O.(Rt)No.822/2016/TD, തീയതി 23-10-2016 ഉത്തരവിന്റെ അടിസ്ഥാനത്തിൽ റീ-ഇംമ്പേഴ്സ്മെന്റ് അനുവദിച്ചു വരുന്നു. പെൻഡിംഗിലുണ്ടായിരുന്നവയിൽ 209 അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

(ബി) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും പദ്ധതിയിൽ നിലവിൽ അക്രെഡിറ്റേഷനുള്ള 96 സ്വകാര്യ ആശുപത്രികളിലും ചികിത്സയ്ക്ക് ധനസഹായം അനുവദിക്കുന്നുണ്ട്.

**കാരുണ്യ ബെനവലന്റ് പദ്ധതി**

44 (397) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് പദ്ധതിയിൽ കൂടുതൽ അസുഖങ്ങളെ ഉൾപ്പെടുത്തുന്നതിനും കൂടുതൽ ധനസഹായം നൽകുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഒരു കുടുംബത്തിന് നൽകിവരുന്ന ധനസഹായം രണ്ട് ലക്ഷം രൂപയിൽനിന്ന് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പരിശോധിച്ച് തീരുമാനിക്കുന്നതാണ്. എന്നാൽ ടി പദ്ധതി പ്രകാരം വൃക്കരോഗികൾക്കുള്ള ചികിത്സാ ധനസഹായം 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ഹീമോഫീലിയ രോഗികൾക്ക് പരിധിയില്ലാതെ തുക നൽകിവരുന്നുണ്ട്.

## നോട്ട് പ്രതിസന്ധി

45 (T 398) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് പ്രതിസന്ധിയുടെ തുടർച്ചയായി സംസ്ഥാനത്തെ എ.ടി.എം.-കളിൽ കാശില്ലാത്ത സ്ഥിതി ജനങ്ങളെ കൂടുതൽ ദുരിതത്തിലാക്കിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നോട്ട് നിരോധനത്തെത്തുടർന്ന് സംസ്ഥാനത്ത് സാമ്പത്തിക മേഖലയിൽ ഉണ്ടായിട്ടുള്ള ആഘാതം എത്രത്തോളം എന്നത് വിലയിരുത്തിയിട്ടുണ്ടോ;

(സി) നോട്ട് നിരോധനത്തിന്റെ ഫലമായി സർക്കാർ നേരിട്ട പ്രതിസന്ധികളോട് കേന്ദ്ര സർക്കാർ സ്വീകരിച്ച സമീപനം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നോട്ട് നിരോധനം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ഏൽപ്പിച്ച ഹ്രസ്വകാല ദീർഘകാല ആഘാതങ്ങൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡ് ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്.

(സി) നോട്ട് നിരോധനത്തിന്റെ ഫലമായി സർക്കാർ നേരിട്ട പ്രതിസന്ധികളോട് കേന്ദ്ര സർക്കാരിന്റെ സമീപനം ക്രിയാത്മകമായിരുന്നില്ല.

## ചടയമംഗലം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

46 (399) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം നിയോജകമണ്ഡലത്തിൽ 'കിഫ്ബി' മുഖേന എത്ര പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

വാർഷിക ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതും ബന്ധപ്പെട്ട ഭരണവകുപ്പ് കിഫ്ബി വഴി നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കി വരുന്നത്. ബോർഡ് ഇതുവരെ അംഗീകാരം നൽകിയ പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു* .

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്രത്യേക സാമ്പത്തിക സഹായം അനുവദിച്ചു കിട്ടുന്നതിനായി കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ച പദ്ധതികൾ

47 (400) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ സർക്കാർ പ്രത്യേക സാമ്പത്തിക സഹായം അനുവദിച്ചു കിട്ടുന്നതിനായി നാളിതുവരെ കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ച പദ്ധതികളുടെ വകുപ്പു തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം പ്രൊപ്പോസലുകൾ കേന്ദ്ര ഗവൺമെന്റ് പരിഗണിക്കുകയും സഹായം അനുവദിക്കുകയും ചെയ്യുകയുണ്ടായി; വകുപ്പ് തിരിച്ച് ലഭ്യമായ തുകയുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ)

1. ധന ഉത്തരവാദിത്ത ബഡ്ജറ്റ് മാനേജ്മെന്റ് (FRBM) നിയമം ഭേദഗതി വരുത്തിക്കൊണ്ട് നിലവിലെ കടമെടുപ്പ് പരിധി 3%-ത്തിൽ നിന്നും 4%-മായി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

2. നോട്ട് പിൻവലിക്കൽമൂലം അസംഘടിത മേഖലയിൽ ധാരാളം പേർക്ക് തൊഴിൽ നഷ്ടപ്പെടുകയുണ്ടായി. നിലവിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ 40 മുതൽ 50 ദിവസം വരെ തൊഴിൽ നൽകുന്നതിനുള്ള ഫണ്ട് മാത്രമേ കേന്ദ്രത്തിൽനിന്ന് അനുവദിക്കുന്നുള്ളൂ. ആയതിനാൽ 100 ദിവസത്തേയ്ക്കും തൊഴിൽ നൽകുന്നതിനാവശ്യമായ തുക വർദ്ധിപ്പിച്ചു നൽകുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGA)-ൻ കീഴിൽ തൊഴിൽ ദിനം 100 ദിവസമായി ഉയർത്തുന്നതിനായി ഫണ്ട് വർദ്ധിപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

3. നോട്ട് പിൻവലിക്കൽമൂലം സംസ്ഥാനത്തിന്റെ സഹകരണ മേഖല സ്തംഭനാവസ്ഥയിലായി. സഹകരണ മേഖലയെ പൂർവ്വ സ്ഥിതിയിലാക്കുന്നതിന് നടപടി കൈക്കൊള്ളണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

4. വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി റബ്ബറിന് മിനിമം വില ഉറപ്പുവരുത്തുന്നതിനായി ഒരു റബ്ബർ വിലസ്ഥിരതാ പദ്ധതിയുടെ സഹായത്തിനായി ആവശ്യപ്പെട്ടിട്ടുണ്ട്.

5. നോട്ട് പിൻവലിക്കൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തെ വളരെയധികം ദോഷകരമായി ബാധിച്ചതിനാൽ കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിലും സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര സഹായ ഇനത്തിലുമുള്ള വിഹിതത്തിൽ വർദ്ധനയുണ്ടാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

6. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ FACT-ന് കൂടുതൽ വിഹിതം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) വിലയിടിവിൽനിന്നും റബ്ബർ കർഷകരെ സഹായിക്കുന്നതിനായി സംസ്ഥാനത്ത് പാലക്കാട് ജില്ലയ്ക്കായി ഒരു റവന്യൂ ഇൻഷ്വറൻസ് സ്കീം 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

**കോതമംഗലം മണ്ഡലത്തിലെ പ്രവൃത്തികൾ**

48 (401) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി കോതമംഗലം മണ്ഡലത്തിൽ അനുവദിച്ചിരുന്ന പ്രവൃത്തികൾ ഏതെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാരിന്റെ 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിച്ചിരുന്നത്. ഇത് ഒരു പ്രത്യേക നിയോജകമണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. നടപ്പു സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിലും കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ കൂടാതെ ബഹുമാനപ്പെട്ട മന്ത്രിസഭാ യോഗം കിഫ്ബി വഴി നടപ്പിലാക്കാൻ നിർദ്ദേശിക്കുന്ന പദ്ധതികൾക്കും 8-8-2016-ലെ സ.ഉ.(കൈ)നമ്പർ 315/2016/ധന ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് സൂക്ഷ്മ പരിശോധന നടത്തി കിഫ്ബി ധനസഹായം നൽകുന്നതാണ്. ബോർഡ് അംഗീകരിച്ച പദ്ധതികളുടെ പട്ടിക ഇതോടൊപ്പം ചേർക്കുന്നു:*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കിഫ്ബിയുടെ 27-ാം ജനറൽ ബോർഡ് അംഗീകാരം നൽകിയ ഒന്നാംഘട്ട പ്രോജക്ടുകളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരികയാണ്. വകുപ്പ് തിരിച്ചുള്ള പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു*. 28-ാം ബോർഡ് അംഗീകാരം നൽകിയ രണ്ടാംഘട്ട പ്രോജക്ടുകളുടെ നിർവ്വഹണം പ്രാരംഭ ഘട്ടത്തിലാണ്.

**പഴയങ്ങാടി സബ്ട്രഷറി കെട്ടിട നിർമ്മാണം**

49 (402) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ചിട്ടും മുടങ്ങിക്കിടക്കുന്ന പഴയങ്ങാടി സബ്ട്രഷറി കെട്ടിട നിർമ്മാണം ഇൻകെൽ വഴി കിഫ്ബി നിക്ഷേപം ഉപയോഗിച്ച് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന് കിഫ്ബിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി) ലഭ്യമായിട്ടില്ല. ട്രഷറി വകുപ്പ് ലഭ്യമാക്കിയ പ്രോജക്ട് റിപ്പോർട്ട് കിഫ്ബി മാനദണ്ഡപ്രകാരം പര്യാപ്തമല്ലാത്തതിനാൽ പരിഷ്കരിച്ച് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

**ചാലക്കുടി മണ്ഡലത്തിൽ ആസ്തിവികസന ഫണ്ടുപയോഗിച്ചുള്ള പ്രൊപ്പോസലുകൾ**

50 (403) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽ 2016-17 വർഷത്തിൽ ആസ്തി വികസന ഫണ്ടുപയോഗിച്ച് നടപ്പാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകളിൽ ഏതിനെല്ലാമാണ് ഭരണാനുമതി നൽകിയിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ബി) മറ്റുള്ളവയ്ക്ക് ഉടൻ അനുമതി നൽകുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

(എ) ചാലക്കുടി മണ്ഡലത്തിൽ 2016-17 വർഷത്തിൽ ആസ്തി വികസന ഫണ്ടുപയോഗിച്ച് നടപ്പാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകളിൽ തിരുമുടിക്കുന്ന് സെന്റ് ആന്റണീസ് നഗർ റോഡ് നവീകരണം-വാർഡ്-8-കൊരട്ടി ഗ്രാമപഞ്ചായത്ത്, പേരാമ്പ്ര-കൊടകര ഗവൺമെന്റ് ആയുർവേദ ആശുപത്രി- പുതിയ ബ്ലോക്ക് നിർമ്മാണം - കൊടകര ഗ്രാമപഞ്ചായത്ത്, കുലയിടം-രാജീവ് ഗാന്ധി റോഡ് നവീകരണം- വാർഡ്-10, 12-കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത് എന്നീ മൂന്ന് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) മറ്റുള്ള പ്രവൃത്തികളുടെ LAC-ADS മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായ എസ്റ്റിമേറ്റുകൾ സമർപ്പിക്കുവാനായി വിവിധ ഭരണവകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കിഫ്ബിയിലെ നിയമനം

51 (404) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കിഫ്ബിയിൽ നാളിതുവരെ എത്ര ഉദ്യോഗസ്ഥരേയും കൺസൾട്ടന്റുമാരെയും സാങ്കേതിക വിദഗ്ദ്ധരെയും നിയമിച്ചിട്ടുണ്ട്; ഇവരുടെ വേതനത്തിനും ഫീസിനും മറ്റുചെലവുകൾക്കുമായി പ്രതിമാസം എത്ര രൂപ ചെലവ് വരുമെന്ന് വിശദമാക്കാമോ;

(ബി) ഉദ്യോഗസ്ഥരേയും കൺസൾട്ടന്റുമാരെയും സാങ്കേതിക വിദഗ്ദ്ധരെയും നിയമിക്കുവാൻ അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; എഴുത്തു പരീക്ഷയോ ഇന്റർവ്യൂവോ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ് നടത്തിയത്;

(സി) ഇത്തരം ഉദ്യോഗസ്ഥരെ നിയമിച്ചതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ;

(ഡി) മുംബൈയിലെ ഫോർട്രെസ്സ് ക്യാപിറ്റൽ മാനേജ്മെന്റ് സർവീസസ് പ്രൈവറ്റ് ലിമിറ്റഡിന്റെ കൺസൾട്ടൻസി സേവനം ഇപ്പോഴും ഉപയോഗിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നാളിതുവരെ അവർക്കു നൽകിയ വേതനവും മറ്റ് ആനുകൂല്യങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഇ) കിഫ്ബിക്കും അതിലെ ഉദ്യോഗസ്ഥന്മാർക്കുമായി നാളിതുവരെ എത്ര വാഹനങ്ങൾ വാങ്ങി ഉപയോഗിക്കുന്നുണ്ട്; ഇതിലേയ്ക്ക് ചെലവായ തുക വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 14-2-2017-ലെ സ.ഉ.(കൈ)നമ്പർ 77/2016/ധന ഉത്തരവ് പ്രകാരം കിഫ്ബിയുടെ പ്രോജക്റ്റ് അപ്രൈസൽ വിഭാഗത്തിൽ ധനകാര്യവകുപ്പിൽനിന്നും ഒരു അഡീഷണൽ സെക്രട്ടറിയെ ജനറൽ മാനേജർ തസ്തികയിലും ഒരു അണ്ടർ സെക്രട്ടറിയെ പ്രോജക്ട് മാനേജർ തസ്തികയിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. ഇവരുടെ വേതനം സർക്കാർ തസ്തികയിൽ നിശ്ചയിച്ചിട്ടുള്ള അതേ നിരക്കിലാണ് നൽകിവരുന്നത്. കൂടാതെ കിഫ്ബിയുടെ ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് ഗ്രൂപ്പിലേയ്ക്ക് അസിസ്റ്റന്റ് മാനേജർ തസ്തികയിൽ സെബിയിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരാളെ നിയമിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനത്തിന് നിശ്ചയിച്ചിട്ടുള്ള അതേ നിരക്കിൽ വേതനം നൽകിവരുന്നു. കിഫ്ബിയിൽ സമർപ്പിക്കുന്ന പദ്ധതികളുടെ അവലോകനത്തിനായി 16-3-2017-ലെ ജോയിന്റ് ഫണ്ട് മാനേജർ, കിഫ്ബിയുടെ നടപടിക്രമമനുസരിച്ച് ടെറനസ് കൺസൾട്ടന്റ് പ്രൈവറ്റ് ലിമിറ്റഡിന്റെ സേവനം മണിക്കൂർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. വിവരസാങ്കേതിക സേവനത്തിനായി പൊതു മേഖലാ സ്ഥാപനമായ കെ.എസ്.ഐ.ഇ. യുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. 14-2-2017-ലെ സ.ഉ.(കൈ)നമ്പർ 77 ഉത്തരവ് പ്രകാരം ധനകാര്യ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് ഇന്റർവ്യൂ, എഴുത്തുപരീക്ഷ എന്നിവ ബാധകമല്ല. കൺസൾട്ടന്റുമാരെ ഷോർട്ട് ക്വട്ടേഷൻ മുഖാന്തരമാണ് നിയമിച്ചിട്ടുള്ളത്. മറ്റ് തസ്തികകളിലേയ്ക്ക് ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് മാത്രമേ നിയമനം നടത്തുകയുള്ളൂ.

(സി) കിഫ്ബിയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് 7-11-2016-ൽ കൂടിയ കിഫ്ബിയുടെ 27-ാമത് ബോർഡ് യോഗം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 14-2-2017-ലെ സ.ഉ.(കൈ)നമ്പർ 77/17/ധന ഉത്തരവ് പ്രകാരം കിഫ്ബിയിൽ സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ ആവശ്യാനുസരണം നിയമനം നടത്തുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) മുംബൈയിലെ ഫോർട്രെസ്റ്റ് ക്യാപിറ്റൽ മാനേജ്മെന്റ് സർവ്വീസസ് ലിമിറ്റഡിനെ കിഫ്ബിയിൽ കൺസൾട്ടന്റായി നിയമിച്ചിട്ടില്ല.

(ഇ) കിഫ്ബിയിൽ ഔദ്യോഗിക ആവശ്യത്തിലേയ്ക്കായി മാസം 30,000 രൂപ വ്യവസ്ഥയിൽ കരാർ അടിസ്ഥാനത്തിൽ രണ്ട് വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ട്.

## കിഫ്ബിയുടെ ധനാഗമ മാർഗ്ഗങ്ങൾ

52 (405) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ഫണ്ടിലേയ്ക്ക് നാളിതുവരെ ബജറ്റിൽനിന്ന് എത്ര തുക നൽകിയിട്ടുണ്ട്; ഇതിൽ മോട്ടോർ വാഹന നികുതി, പെട്രോൾ സെസ്സ് , മദ്യനികുതി എന്നിവ ഒരോന്നിൽനിന്നും നൽകിയ തുകയെത്ര;

(ബി) കിഫ്ബി നാളിതുവരെ കടം വാങ്ങിയും ബോണ്ട് ഇഷ്യൂ ചെയ്തും മറ്റ് ധനാഗമ മാർഗങ്ങളിലൂടെയും സമാഹരിച്ച തുകവിവരം പട്ടിക തിരിച്ച് വിശദമാക്കാമോ;

(സി) കിഫ്ബി നിധിയിൽ 2017 മാർച്ച് 31-ന് എത്ര തുക മിച്ചമുണ്ട്; വിശദമാക്കാമോ;

(ഡി) കിഫ്ബി നിധിയിൽനിന്നും ഏതെല്ലാം പദ്ധതിയേതര ആവശ്യങ്ങൾക്കാണ് നാളിതുവരെ തുക ചെലവഴിച്ചിട്ടുള്ളത്; പട്ടിക തിരിച്ച വിശദമാക്കാമോ;

(ഇ) കിഫ്ബി കടം വാങ്ങിയ തുകയുടെ തിരിച്ചടവിന് കിഫ്ബിയുടെ നിലവിലുള്ള ധനാഗമ മാർഗ്ഗങ്ങളെക്കുറിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ വൻകിട വികസന പദ്ധതികളുടെ നടപ്പിലാക്കലിനായി 5475-00-800-92 (പ്ലാൻ) ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്ന തുകയിൽ അവശേഷിച്ച 2498.41 കോടി പുനഃസംഘടിപ്പിക്കപ്പെട്ട കിഫ്ബി വഴിയുള്ള പ്രവർത്തന സാക്ഷാത്കാരത്തിന്റെ ആദ്യ നടപടി എന്ന നിലയിൽ കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഭേദഗതി ചെയ്ത കിഫ് ആക്ടിലെ ഖണ്ഡിക 7 പ്രകാരം മുൻവർഷത്തെ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനമായ 281.43 കോടി രൂപയും പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള മുഴുവൻ സെസ് തുകയായ 448.1 കോടി രൂപയും ഉൾപ്പെടെ ആകെ 3227.94 കോടി രൂപ കിഫ്ബിയുടെ അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ട്. മദ്യനികുതിയുടെ വിഹിതം കിഫ്ബിക്ക് നൽകാൻ നിലവിൽ തീരുമാനം ഇല്ല.

(ബി) പുനഃസംഘടിപ്പിക്കപ്പെട്ട കിഫ്ബി ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ ആദ്യഘട്ട ചെലവുകൾക്കായി നിലവിലെ ധനസ്ഥിതി പര്യാപ്തമാണ്. പദ്ധതികൾക്കായി കൂടുതൽ ഫണ്ട് ആവശ്യമായി വരുന്നപക്ഷം കടം വാങ്ങൽ, ബോണ്ട് ഇഷ്യൂ ചെയ്യൽ തുടങ്ങിയ ധനാഗമ മാർഗ്ഗങ്ങളിലൂടെ ഉള്ള ധനസമാഹരണം നടത്തുന്നതാണ്.

(സി) കിഫ്ബി നിധിയിൽ 2017 മാർച്ച് 31 തീയതിയിൽ 3227.94 കോടി രൂപ അവശേഷിക്കുന്നുണ്ട്. വിശദവിവരം (എ) പിരിവിന്റെ മറുപടിയിൽ പ്രതിപാദിച്ചിട്ടുണ്ട്.

(ഡി) ദൈനംദിന പ്രവർത്തന ചെലവൊഴികെ പദ്ധതിയേതര ആവശ്യങ്ങൾക്കായി നാളിതുവരെ കിഫ്ബി നിധിയിൽനിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ഇ) കിഫ്ബി ഏറ്റെടുത്ത പദ്ധതികൾക്കായി നാളിതുവരെ വായ്പകൾ ഒന്നുംതന്നെ എടുത്തിട്ടില്ല. ബോർഡിന്റെ തനത് ഫണ്ടിന്റെ ലഭ്യതയും പദ്ധതികൾക്ക് വേണ്ടിവരുന്ന ചെലവും വിലയിരുത്തി ആവശ്യത്തിനനുസരിച്ച് മാത്രമാണ് വായ്പയെടുക്കാൻ ഉദ്ദേശിക്കുന്നത്. ഇപ്പോൾ ലഭ്യമായ ഫണ്ട് അംഗീകാരം നൽകിയ പ്രവർത്തികളുടെ ആദ്യ ഗഡു നൽകുന്നതിന് പര്യാപ്തമാണ്.

**ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

53 (406) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയത്; വിശദാംശം നൽകാമോ;

(ബി) ഓരോ പ്രവൃത്തിയുടേയും കാലിക സ്ഥിതി വിശദീകരിക്കാമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതും 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കാൻ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുമാണ് നിലവിൽ കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജകമണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടു കൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. 7-11-2016-ൽ കൂടിയ കിഫ് ബോർഡിന്റെ 27-ാമത് ബോർഡ് യോഗം 4004.86 കോടി രൂപ മുതൽ മുടക്കുള്ള 48 പദ്ധതികൾക്ക് അംഗീകാരം നൽകി. 21-3-2017-ൽ കൂടിയ കിഫ് ബോർഡിന്റെ 28-ാമത് ബോർഡ് യോഗം 8041.65 കോടി രൂപ മുതൽ മുടക്കുള്ള 53 പദ്ധതികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകി. പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(ബി) കിഫ് ബോർഡിന്റെ 27-ാമത് ബോർഡ് യോഗം അംഗീകരിച്ച പദ്ധതികളുടെ പ്രവർത്തന പുരോഗതി റിപ്പോർട്ട് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു*. 28-ാമത് ബോർഡ് യോഗം വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിച്ച പദ്ധതികളുടെ പ്രവർത്തന നിർവ്വഹണം പ്രാഥമിക ഘട്ടത്തിലാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ബാങ്കിംഗ് രംഗത്തെ പുതിയ പരിഷ്കാരങ്ങൾ**

54 (407) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിസ്സാര കാര്യങ്ങൾക്ക് വരെ പിഴയും ഫീസും നിശ്ചയിച്ചുകൊണ്ടുള്ള ബാങ്കിങ്ങ് രംഗത്തെ പുതിയ പരിഷ്കാരങ്ങൾ കാരണം ജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് മറികടക്കാൻ കറൻസി നോട്ടുകൾ വൻതോതിൽ കയ്യിൽ സൂക്ഷിക്കുന്ന പ്രവണത ജനങ്ങളിൽ വർദ്ധിച്ചു വരുന്നതായി കരുതുന്നുണ്ടോ;

(സി) എങ്കിൽ ഇത് കറൻസി നോട്ടുകളുടെ ഒഴുക്കിനെ തടയുകയും അതുവഴി നോട്ട് ക്ഷാമത്തിന് കാരണമായതായും കരുതുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കറൻസി ക്ഷാമവും ബാങ്കുകൾ പുതിയ സർവ്വീസ് ചാർജ്ജുകളും പിഴകളും നിശ്ചയിച്ചതും നിമിത്തം ജനങ്ങൾ വൻതോതിൽ കറൻസി നോട്ടുകൾ കയ്യിൽ സൂക്ഷിക്കുന്ന സാഹചര്യം തള്ളിക്കളയാനാകില്ല. ഇതു കറൻസി നോട്ടുകളുടെ ഒഴുക്കിനെ തടയുന്നതിനും അതുവഴി കറൻസി ക്ഷാമത്തിനും കാരണമായിട്ടുണ്ടാകും.

**ലോട്ടറിയിൽ നിന്നുള്ള വരുമാനം**

55 (408) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തിൽ ലോട്ടറി ടിക്കറ്റ് വിൽപ്പന വഴി സർക്കാരിന് എത്ര കോടി രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് പ്രസ്തുത വർദ്ധനവ് എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തികവർഷം ലോട്ടറി ടിക്കറ്റ് വിൽപ്പനയിലൂടെ സർക്കാരിന് 7394.90 കോടി രൂപയുടെ വരുമാനം (ആകെ വിറ്റുവരവ്) ലഭിച്ചിട്ടുണ്ട്.

(ബി) 2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2016-17 സാമ്പത്തിക വർഷം ലോട്ടറി ടിക്കറ്റ് വിൽപ്പനയിൽ 17.05% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## കിഫ്ബിയിലെ പദ്ധതികൾ

56 (409) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഏതൊക്കെ പദ്ധതികളാണ് ഏറ്റെടുക്കുന്നതെന്നും അതിനു വേണ്ടി ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുക എത്രയെന്നും വെളിപ്പെടുത്തുമോ;

(ബി) പദ്ധതികളുടെ നടത്തിപ്പിനുള്ള തുക എങ്ങനെ സമാഹരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിവരിക്കുമോ?

### ഉത്തരം

(എ) ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം വാർഷിക ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളോ, കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി സർക്കാർ നിർദ്ദേശിക്കുന്ന പദ്ധതികളോ ആണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കി വരുന്നത്. ഈ ആക്ട് പ്രകാരം കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ 100 കോടിയിൽ കവിയുന്ന മൂല്യമുള്ളതായിരിക്കണമെന്നും എന്നാൽ മൂല്യം നിർണ്ണയിക്കുന്ന ആവശ്യത്തിലേയ്ക്കായി 10 കോടി രൂപയിൽ കുറയാത്ത പ്രോജക്ടുകളെ ട്രാഞ്ചസ് ആയി തരംതിരിക്കാവുന്നതും ആകെ മൂല്യം 100 കോടിയിൽ കവിയുന്ന തായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെടുന്ന ഇത്തരം പദ്ധതികളിൽ 8-8-2016-ലെ സ.ഉ.(കൈ) നമ്പർ 315/2016/ധന. ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമായവയെ കിഫ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. നിലവിൽ ബോർഡ് അംഗീകാരം നൽകിയ പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(ബി&സി) 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ വൻകിട വികസന പദ്ധതികളുടെ നടപ്പിലാക്കലിനായി 5475-00-800-92 (പ്ലാൻ) ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്ന തുകയിൽ അവശേഷിച്ച 2498.41 കോടി പുനഃസംഘടിപ്പിക്കപ്പെട്ട കിഫ്ബി വഴിയുള്ള പ്രവർത്തന സാക്ഷാത്കാരത്തിന്റെ ആദ്യ നടപടി എന്ന നിലയിൽ കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഭേദഗതി ചെയ്ത കിഫ് ആക്ടിലെ ഖണ്ഡിക 7 പ്രകാരം മുൻവർഷത്തെ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനമായ 281.43 കോടി രൂപയും പെട്രോളിയം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉൽപ്പന്നങ്ങളിന്മേലുള്ള മുഴുവൻ സെസ് തുകയായ 448.1 കോടി രൂപയും ഉൾപ്പെടെ ആകെ 3227.94 കോടി രൂപ കിഫ്ബിയുടെ അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ട്. ഈ തുക കിഫ് ബോർഡ് ഇതുവരെ അംഗീകരിച്ച പദ്ധതികൾക്ക് ആദ്യഗഡു നൽകാൻ പര്യാപ്തമാണ്. ഇതിനു പുറമെ ജനറൽ ഒബ്ലിഗേഷൻ ബോണ്ട്സ്, റവന്യൂ ഒബ്ലിഗേഷൻ ബോണ്ട്സ്, വാണിജ്യ/സഹകരണ ബാങ്കുകളിൽനിന്ന് ടേം ലോൺ എന്നിവ വഴി ധനസമാഹരണത്തിനുള്ള ശ്രമങ്ങളും കിഫ്ബിയുടെ പരിഗണനയിലാണ്. കൂടാതെ സർക്കാർ കെ.എസ്.എഫ്.ഇ.-യുമായി ചേർന്ന് എൻ.ആർ.ഐ. ചിട്ടി ആരംഭിക്കുന്നതിനും ഉദ്ദേശിച്ചിട്ടുണ്ട്.

**സാമ്പത്തിക ക്രമക്കേട് കേസുകളിൽ അന്വേഷണം**

57 (410) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര സാമ്പത്തിക ക്രമക്കേട് കേസുകൾ ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽ പ്പെടുകയുണ്ടായി; വ്യക്തമാക്കുമോ;

(ബി) ഈ കേസുകളിൽ ഏതിലെല്ലാം ധനകാര്യ വകുപ്പ് അന്വേഷണം നടത്തിയെന്നും ക്രമക്കേടുകൾക്ക് ഉത്തരവാദികളായിട്ടുള്ളവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്നും വിശദമാക്കുമോ;

(സി) സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നവർക്കെതിരെ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ; സ്ഥാനമാന പരിഗണനകൾ കൂടാതെ സാമ്പത്തിക കുറ്റവാളികൾക്കെതിരെ നടപടിയെടുക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട 156 പരാതികൾ ധനകാര്യ വകുപ്പിൽ ലഭിച്ചു.

(ബി) ഈ കേസുകളുമായി ബന്ധപ്പെട്ട് 91 ഓഫീസുകളിൽ ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തുകയുണ്ടായി. (വിശദാംശങ്ങൾ അനുബന്ധം-1-ൽ ചേർത്തിട്ടുണ്ട്.*)

അന്വേഷണം നടത്തി പരിശോധനാ റിപ്പോർട്ടുകൾ അംഗീകരിച്ചവ സ.ഉ.(പി)നമ്പർ 506/92/ധന. തീയതി 20-8-1992, സ.ഉ.(പി)നമ്പർ 2981/98/ധന. തീയതി 25-11-1998, സർക്കുലർ നമ്പർ 56/FIW-ജി1/08/ധന. തീയതി 30-8-2008 എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി തുടർനടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഭരണവകുപ്പുകൾക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(സി) സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നവർക്കെതിരെ സ്ഥാനമാന പരിഗണനകൾ കൂടാതെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കോഴിക്കോട് ജില്ലയിൽ ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികൾ**

58 (411) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ കോഴിക്കോട് ജില്ലയിൽ ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികൾ ഏതെല്ലാം;

(ബി) എം. എൽ. എ.-മാർ നിർദ്ദേശിച്ച പദ്ധതികൾക്ക് 31-5-2017-നകം ഭരണാനുമതി പുറപ്പെടുവിക്കണമെങ്കിൽ എത്ര മാത്രം നടപടികൾ ഭരണാനുമതി ലഭിക്കാതെ അവശേഷിക്കുന്ന ഓരോ പദ്ധതിയിലും പൂർത്തീകരിക്കേണ്ടതായിട്ടുണ്ട് എന്നത് വിശദമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിലെ നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിയിൻകീഴിൽ കോഴിക്കോട് ജില്ലയിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) 31-5-2017- നകം ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് ഭരണാനുമതി ലഭിക്കാതെ അവശേഷിക്കുന്ന ഓരോ പ്രവൃത്തിയുടെയും വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ടും അനുബന്ധ രേഖകളും ആസ്തിവികസന പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായ ഉചിതമായ തലത്തിലുള്ള ശിപാർശയോടെ ഭരണവകുപ്പ് വഴി സമയബന്ധിതമായി സമർപ്പിച്ച് ഭരണാനുമതിക്കുള്ള ധനാനുമതി വാങ്ങേണ്ടതാണ്.

**പൊതുമേഖലാ ബാങ്കുകൾ ഈടാക്കുന്ന അമിത സർവ്വീസ് ചാർജ്**

59 (412) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണം കൊണ്ടുള്ള ക്രയവിക്രയങ്ങൾ നിയമംമൂലം നിയന്ത്രിക്കുന്നതിലൂടെ ബാങ്കുകളെ ആശ്രയിക്കുന്നതിന് ജനങ്ങൾ നിർബന്ധിതരായിരിക്കുന്ന സാഹചര്യം മുതലെടുത്ത് എസ്.ബി.ഐ. പോലുള്ള പൊതുമേഖലാ ബാങ്കുകൾ പോലും സർവ്വീസ് ചാർജ്ജുകൾ വൻതോതിൽ വർദ്ധിപ്പിച്ച് ജനങ്ങളെ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ചൂഷണരീതി താഴ്ന്ന വരുമാനമുള്ള വലിയൊരു ജനവിഭാഗത്തെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതിനാൽ അവർക്കായി സീറോ ബാലൻസ് ട്രഷറി സേവിംഗ്സ് അക്കൗണ്ടുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ട്രഷറി ബാങ്കിങ്ങ് ആധുനികവൽക്കരിക്കുന്നതിനും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് കൂടുതൽ ജനകീയമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) സർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് ബത്തകളും നിർബന്ധമായും ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളിലൂടെ നൽകുന്നതിന് നടപടി സ്വീകരിച്ച് സംസ്ഥാന ട്രഷറിയുടെ ധനമിച്ച നില മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ പൗരന്മാർക്കും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഏതു ട്രഷറിയിലും തുടങ്ങാവുന്നതാണ്. ഇതിന് പ്രത്യേക നിയന്ത്രണങ്ങളൊന്നുമില്ല. 100 രൂപ മിനിമം ബാലൻസ് ആവശ്യമുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് സംവിധാനമാണ് ട്രഷറിയിൽ നിലനിൽക്കുന്നത്. സീറോ ബാലൻസ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് സംവിധാനം ട്രഷറികളിൽ നിലവിലില്ല.

(സി) ട്രഷറി സേവിംഗ്സ് ബാങ്കിംഗ് സംവിധാനം ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി 1-11-2016-ൽ കോർ ബാങ്കിംഗ് സംവിധാനം നിലവിൽ വന്നു. ഇതിൻപ്രകാരം ട്രഷറി സേവിംഗ്സ് ബാങ്ക് ചെക്കുകൾ ഏത് ട്രഷറിയിൽ നിന്ന് മാറിയെടുക്കുവാനും ട്രഷറി സേവിംഗ്സ് അക്കൗണ്ടിലേയ്ക്ക് ഏത് ട്രഷറിയിൽ നിന്നും തുക അടയ്ക്കുവാനും സാധിക്കും. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിന്നും ഐ.എഫ്.എസ്. കോഡുള്ള ബാങ്കുകളിലേയ്ക്ക് തുക മാറ്റുവാൻ കഴിയും. ട്രഷറി സേവിംഗ്സ് ബാങ്കിന് ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനവും മൊബൈൽ ആപ്ലിക്കേഷനും കൊണ്ടുവരുന്നതിനുള്ള നടപടികൾ ഏറെക്കുറെ പൂർത്തിയായിക്കഴിഞ്ഞു. ഇത് പൂർത്തിയായാൽ യൂട്ടിലിറ്റി ചാർജ്ജുകളായ ഇലക്ട്രിസിറ്റി, വാട്ടർ ചാർജ് മുതലായവയുടെ പേയ്മെന്റുകൾ ഈ സംവിധാനത്തിലൂടെ നടത്തുവാൻ കഴിയും. ഇത്തരത്തിലുള്ള പദ്ധതികളിലൂടെ ട്രഷറി സേവിംഗ്സ് ബാങ്ക് ആധുനികവത്കരണ പ്രക്രിയയിൽ മുന്നോട്ടുപോയി കൂടുതൽ ജനകീയമാക്കുവാനും കഴിയും.

(ഡി) സർക്കാർ ജീവനക്കാരിൽ നാല്പത്തയ്യായിരത്തോളം ജീവനക്കാർ ഇപ്പോൾത്തന്നെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴിയാണ് ശമ്പളവും മറ്റ് അലവൻസുകളും മാറുന്നത്. ശമ്പളവും അലവൻസുകളും ഒപ്ഷണലായി ട്രഷറി സേവിംഗ്സ് ബാങ്ക് വഴി സ്വീകരിക്കുന്നതിന് ഗസറ്റഡ് ഓഫീസർമാർക്ക് നിലവിലുണ്ടായിരുന്ന സംവിധാനം നോൺ ഗസറ്റഡ് ഓഫീസർമാർക്ക് കൂടി വ്യാപിപ്പിച്ചുകൊണ്ട് 22-4-2017-ലെ സ.ഉ.(പി) നമ്പർ 53/2017/ധന. ഉത്തരവ് പ്രകാരം അനുമതി നൽകിക്കഴിഞ്ഞു. സർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പളം നിർബന്ധമായും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴി നൽകിയശേഷം ബാങ്ക് എ.ടി.എം. വഴിയും അത് പിൻവലിക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**ഒറ്റപ്പാലം നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട്**

60 (413) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി എത്ര കോടി രൂപയ്ക്ക് ഇതിനകം ഭരണാനുമതി നല്കിയിട്ടുണ്ട്; ഓരോന്നിന്റേയും വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ എന്നാണ് സമർപ്പിക്കപ്പെട്ടത്; ഓരോന്നിന്റേയും വിശദാംശം ലഭ്യമാക്കാമോ;

(സി) ഏതെല്ലാം പ്രവൃത്തിയുടെ ഡി.പി.ആർ. ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിൽ ഒറ്റപ്പാലം നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണം എന്ന പ്രവൃത്തിക്കായി 17-4-2017 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 135/2017/ഊ.വ പ്രകാരം 20 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഒറ്റപ്പാലം മണ്ഡലത്തിലെ ആസ്തിവികസന ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ 2016 നവംബർ 7, 8, ഡിസംബർ 12, 2017 ജനുവരി 11 എന്നീ തീയതികളിലായി സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) ഒറ്റപ്പാലം മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണം (20 ലക്ഷം രൂപ), തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിൽ പഴഞ്ചീരി ജി.എൽ.പി. സ്കൂൾ കെട്ടിട നിർമ്മാണം (44 ലക്ഷം രൂപ), ഒറ്റപ്പാലം കണ്ണിയംപുറം ആയുർവ്വേദ ആശുപത്രിക്ക് പുതിയ ബ്ലോക്ക് നിർമ്മാണം (40 ലക്ഷം രൂപ ) എന്നീ 3 പ്രവൃത്തികളുടെ ഡി.പി.ആർ. ധനകാര്യ വകുപ്പിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ പ്രവൃത്തികൾക്ക് ഭരണാനുമതിക്കായുള്ള ധനാനുമതി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**നികുതിയേതര വരുമാനത്തിലെ വർദ്ധനവ്**

61 (414) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നികുതിയേതര വരുമാനത്തിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) നികുതിയേതര വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ കൈകൊണ്ടിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2015-16 സാമ്പത്തിക വർഷത്തെ ഡിസംബർ 31 വരെയുള്ള സമാഹരണവുമായി താരതമ്യം ചെയ്യുമ്പോൾ 2016-17 സാമ്പത്തിക വർഷം ഡിസംബർ 31 വരെ 16.46% തുക കൂടുതലായി സമാഹരിച്ചിട്ടുണ്ട്. (2017 ജനവരി മുതലുള്ള കണക്കുകൾ അക്കൗണ്ടന്റ് ജനറൽ ഔദ്യോഗികമായി പുറപ്പെടുവിച്ചിട്ടില്ല). ലഭ്യമായ വരുമാനത്തിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) 23-9-2014-ലെ സ.ഉ.(പി) നമ്പർ 409/2014/ധന. പ്രകാരമാണ് അവസാനമായി നികുതിയേതര നിരക്കുകൾ പുതുക്കി നിശ്ചയിച്ചത്. നിലവിലെ നിരക്കുകൾ പുനഃപരിശോധിക്കേണ്ട സാഹചര്യം നിലവിലില്ല.

**നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ് പദ്ധതി**

62 (415) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ പരിഗണനയ്ക്കായി നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് മാനവേദൻ ഹൈസ്കൂളിൽ നിലമ്പൂർ മിനിസ്റ്റേഡിയം കോംപ്ലക്സ് എന്ന പദ്ധതി സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ നിർദ്ദേശിക്കപ്പെട്ട മതിപ്പുതുക എത്രയെന്ന് വിശദമാക്കാമോ;

(ബി) കിഫ്ബി വഴി നടപ്പാക്കാനുദ്ദേശിക്കുന്ന നിലമ്പൂർ മിനിസ്റ്റേഡിയം കോംപ്ലക്സ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഏതുസ്ഥാപനമാണ് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കിഫ്ബി വഴി സമർപ്പിക്കുന്ന പദ്ധതികളുടെ ഫീസിബിലിറ്റി, ഡിജിറ്റൽ സർവ്വെ, പ്രീ ഡീറ്റെയ്ല്ഡ് പ്രോജക്റ്റ് റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നത് ആരാണ്; ഇതിനുള്ള പണം എങ്ങനെയാണ് കണ്ടെത്തേണ്ടതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനത്തിലെ 126-ാം ഖണ്ഡിക പ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിലുൾപ്പെടുത്തി ആകെ 135 കോടി രൂപ 25 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനായി വകയിരുത്തിയിട്ടുണ്ട്. ഇതിൽ 10-ാം ഇനമായി നിലമ്പൂർ മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ മാനവേദൻ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള നിലമ്പൂർ മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി അപൂർണ്ണമായ പദ്ധതി വിശദാംശങ്ങളാണ് കിഫ്ബിയുടെ വെബ് സൈറ്റിൽ സമർപ്പിച്ചിട്ടുള്ളത്. 17.26 കോടി രൂപയുടെ മതിപ്പു തുകയാണ് കിഫ് ബോർഡിന്റെ അംഗീകാരത്തിനായി മുന്നോട്ടുവച്ചിട്ടുള്ളത്. പദ്ധതി സമർപ്പണം അപൂർണ്ണമായതിനാൽ 2-ാമത്തെ ബോർഡിന്റെ പരിഗണനയ്ക്ക് പദ്ധതി സമർപ്പിച്ചിട്ടില്ല.

(ബി) 8-8-2016-ലെ സ.ഉ.(കൈ) നമ്പർ 315/2016/ധന. ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ നടത്തിപ്പിനായി ബന്ധപ്പെട്ട ഭരണ വകുപ്പ് പദ്ധതി നിർവ്വഹണ ഏജൻസി (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ)-യെ കണ്ടെത്തേണ്ടതാണ്. എന്നാൽ നിലമ്പൂർ മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണ പദ്ധതിയുടെ നടത്തിപ്പിനായി ബന്ധപ്പെട്ട ഭരണ വകുപ്പായ സ്പോർട്സും, യുവജനക്ഷേമ വകുപ്പ് പദ്ധതി നിർവ്വഹണ ഏജൻസിയുടെ വിശദാംശങ്ങളൊന്നും കിഫ്ബിക്ക് സമർപ്പിച്ചിട്ടില്ല.

(സി) 8-8-2016-ലെ സ.ഉ.(കൈ) നമ്പർ 315/2016/ധന. ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട്, പ്രീ ഫീസിബിലിറ്റി തുടങ്ങിയ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ തയ്യാറാക്കേണ്ടത് അതാത് എസ്.പി.വി.കളാണ്. ഇതിനുള്ള പണം 3475-00-800-96(പി.വി.) ടെക്നിക്കൽ അസിസ്റ്റൻസ് ഫണ്ട് എന്ന ശീർഷകത്തിൽ നിന്നും ഭരണ വകുപ്പ് ധന വകുപ്പിന്റെ അംഗീകാരത്തോടെ അനുവദിക്കാവുന്നതാണ്. ഇതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശം ധന (ഇൻഫ്രാസ്ട്രക്ചർ) വകുപ്പ് പുറപ്പെടുവിക്കുന്നതാണ്.

**പദ്ധതികൾ അംഗീകരിക്കുന്നതിനുള്ള കിഫ്ബിയിലെ നടപടിക്രമങ്ങൾ**

63 (416) <u>ശ്രീ. കെ. എം. മാണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നടപ്പാക്കാൻ തീരുമാനിക്കുന്ന പദ്ധതികൾക്ക് കിഫ്ബി പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണ്;

(ബി) ഇതിലേക്ക് കിഫ്ബി നിയമം അനുസരിച്ച് എന്തെങ്കിലും സ്കീം തയ്യാറാക്കി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്ത്;

(സി) കിഫ്ബി പദ്ധതികൾ ബോർഡ് അംഗീകരിച്ചതിനു ശേഷമാണോ സർക്കാരിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ ചേർക്കുന്നത്; ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) ഭരണഘടനയിലെ ആർട്ടിക്കിൾ 202 അനുസരിച്ച് ഗവർണർ സഭയുടെ മേശപ്പുറത്തുവച്ച വാർഷിക ധനവിവര പത്രികകളിൽ കിഫ്ബി വഴി നടത്തുന്ന ഏതെല്ലാം പദ്ധതികൾക്ക് തുക വകയിരുത്തിയിട്ടുണ്ട്; വിശദമാക്കാമോ;

(ഇ) കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കുന്നത് ആരാണ്; ഡി.പി.ആർ. അനുസരിച്ചുള്ള പദ്ധതികൾ നടപ്പിലാക്കുന്നതും മേൽനോട്ടം വഹിക്കുന്നതും ആരാണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 8-8-2016-ലെ സ. ഉ. (കൈ) നമ്പർ 315/2016/ധന ഉത്തരവു പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 19-8-2016-ലെ 1464-ാം നമ്പർ ഗസറ്റ് വിജ്ഞാപനത്തിലൂടെ നിലവിൽ വന്ന കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് (ഭേദഗതി) ആക്ട് അനുസരിച്ച് ഭേദഗതികളോടെ 1999-ലെ കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് സ്കീം തയ്യാറാക്കിവരുന്നു.

(സി) വാർഷിക ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ളതോ, സർക്കാർ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ളതോ ആയ പദ്ധതികളുടെ വിശദാംശങ്ങൾ കിഫ്ബിയുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ഭേദഗതിചെയ്ത കിഫ് ആക്ട് പ്രകാരം യോഗ്യമായവയെ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. ഇതുസംബന്ധിച്ച മാർഗ്ഗ നിർദ്ദേശം 8-8-2016-ലെ സ.ഉ.(കൈ) നമ്പർ 315/16/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) കിഫ്ബി വഴി ധനസമാഹരണം നടത്തുന്ന പദ്ധതികളുടെ ചെലവ് ആർട്ടിക്കിൾ 202-ന്റെ പരിധിയിൽ വരുന്നതല്ല.

(ഇ) കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പ് നിശ്ചയിച്ചിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസികളോ വകുപ്പ് അംഗീകരിച്ച മറ്റ് അംഗീകൃത ഏജൻസികളോ ആണ്. ഡി.പി.ആർ. അനുസരിച്ചുള്ള പദ്ധതികൾ നടപ്പിലാക്കുന്നതും മേൽനോട്ടം വഹിക്കുന്നതും ബന്ധപ്പെട്ട എസ്.പി.വി.-കളാണ്.

**സംസ്ഥാനത്തെ നികുതി പിരിവ്**

64 (417) ശ്രീ. ആർ. രാജേഷ് :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാരിൻെറ കാലത്ത് നികുതിയിലുണ്ടായ ചോർച്ചയും മന്ദഗതിയിലുള്ള പരിശോധനയും മേൽനോട്ടവുംമൂലം നികുതി പിരിവിൽ ഭീമമായ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നികുതി വരുമാന ചോർച്ച തടയുന്നതിനായി സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകൾ അഴിമതി രഹിതമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിണി സാധ്യമാക്കുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു.

2. ഉപഭോക്താക്കൾ ബിൽ ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചു. അതുപോലെതന്നെ കമ്പ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ് ലോഡ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി നിയമ നിർമ്മാണം നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

4. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.

5. റിട്ടേൺ സ്ക്രൂട്ടിണി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.

6. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.

7. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.

8. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി.

9. 60 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള അനുമാന നികുതിദായകർക്ക് ആംനസ്റ്റി പദ്ധതി നടപ്പിലാക്കി.

10. നികുതിചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉല്പാദനം, വിതരണം, വിപണനം എന്നിവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് മുഖേന നടത്തിവരുന്നു.

11. എക്സൈസ് വകുപ്പ് വഴി നൽകുന്ന എല്ലാ ലൈസൻസുകളും പെർമിറ്റും മുൻകൂറായി ഫീസ്/ നികുതി ഈടാക്കിയ ശേഷമാണ് അനുമതി നൽകുന്നത്. കെ.എസ്.ബി.സി., കൺസ്യൂമർ ഫെഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ഷോപ്പുകളുടെ ലൈസൻസ് ഫീസും റെന്റൽ തുകയും മുൻകൂറായി വാങ്ങിയ ശേഷമാണ് ലൈസൻസുകളുടെ കാലാവധി ദീർഘിപ്പിച്ച് നൽകുന്നത്. എഫ്.എൽ1 ഷോപ്പുകളുടെ ആകെ

റെന്റൽ തുകയുടെ 50% ഓരോ വർഷത്തേയ്ക്കും ലൈസൻസ് നൽകുന്ന സമയത്തും ബാക്കി 50% എട്ട് തുല്യ ഗഡുക്കളായി ജൂലൈ മാസം മുതൽ ഫെബ്രുവരി മാസം വരെയായി ഒടുക്കി വരുന്നു.

12. ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടയ്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തി.

13. 1-1-1986 മുതൽ 31-3-2010 വരെ കുടിശ്ശിക ഉണ്ടായിരുന്ന അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനായി ജി.ഒ.(പി)നമ്പർ 74/16/റ്റി.ഡി. ഉത്തരവ് പ്രകാരവും ഫ്ലാറ്റുകളുടെ അണ്ടർ വാല്യുവേഷൻ കുടിശ്ശിക തീർപ്പാക്കുവാൻ ജി.ഒ.(പി) നമ്പർ 75/16 റ്റി.ഡി. ഉത്തരവ് പ്രകാരവും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിൽ വരുത്തി. ഫ്ലാറ്റുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട റവന്യൂ നഷ്ടം തടയുന്നതിനായി സെൻട്രൽ പി.ഡബ്ല്യൂ.ഡി. മാനദണ്ഡപ്രകാരമുള്ള വില നിർണ്ണയത്തിനായി കേരള മുദ്രപത്ര നിയമത്തിൽ 28(ബി) എന്ന പുതിയ സെക്ഷൻ കൂട്ടിച്ചേർത്തു. 2016-ലെ ഫിനാൻസ് ബില്ലിലൂടെ വിലയാധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി 6-ൽ നിന്ന് 8 ശതമാനമായി വർദ്ധിപ്പിച്ചു.

14. കാലപ്പഴക്കം ചെന്ന വാഹനങ്ങൾക്ക് ഗ്രീൻ ടാക്സ് ഏർപ്പെടുത്തി യതിലൂടെയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെയും നികുതി അടയ്ക്കാത്തതിനാൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ ലേലം ചെയ്ത് അതിൽനിന്നും കുടിശ്ശിക വസൂലാക്കു ന്നതിലൂടെയും മോട്ടോർ വാഹന വകുപ്പ് മുഖേനയുള്ള നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് ലക്ഷ്യമിട്ട നികുതി വരുമാനം കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ചെക്ക്പോസ്റ്റുകൾ അഴിമതിരഹിതമാക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റുകളുടെ പരിസരത്ത് ഇന്റലിജൻസ് വിഭാഗം സ്ക്വാഡുകളെ വിന്യസിച്ച് ചെക്ക്പോസ്റ്റ് കടന്നുവരുന്ന വാഹനങ്ങളെ ഓവർ ചെക്ക് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചരക്കുസേവന നികുതി സംവിധാനം നിലവിൽ വരുമ്പോൾ വാണിജ്യ നികുതി വകുപ്പിൽ ചെക്ക്പോസ്റ്റ് സംവിധാനം ഇല്ലാതാകുന്നതാണ്.

## ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ട്

65 (418) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽനിന്നും ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട് ലഭിച്ച പ്രൊപ്പോസലുകൾ ഏതെല്ലാം; ഇതിൽ ഭരണാനുമതി ലഭിച്ചതേതെല്ലാം; ഭരണാനുമതി ലഭിക്കാത്തവ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; അതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ടിൽ പണി പൂർത്തീകരിച്ചവ ഏതെല്ലാം; പേയ്മെന്റ് നൽകിയിട്ടുള്ളത് ഏതിനെല്ലാം;

(സി) ഏതെല്ലാം പ്രവൃത്തികൾ എഗ്രിമെന്റ് വെച്ച് പണി ആരംഭിച്ചു; വിശദമാക്കുമോ;

(ഡി) 2016-17 ബജറ്റിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപ അനുവദിച്ച കിളിമാനൂർ രാജാ രവിവർമ്മ സാംസ്കാരിക നിലയത്തിലെ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുമോ; നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട് ലഭിച്ച പ്രൊപ്പോസലുകളുടെ വിശദവിവരവും, ധനാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദവിവരവും അനുബന്ധമായി ചേർക്കുന്നു.* ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദവിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി -ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## സംസ്ഥാനത്തെ നികുതി വരുമാനത്തിൽ കുറവ്

66 (419) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനത്തിനു ശേഷം സംസ്ഥാനത്തെ നികുതി വരുമാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) നോട്ട് നിരോധനം എതെല്ലാം മേഖലകളെയാണ് ദോഷകരമായി ബാധിച്ചതെന്ന് വ്യക്തമാക്കുമോ; ഇത് മൂലം തൊഴിൽ നഷ്ടം സംഭവിച്ചിട്ടുണ്ടോ;

(സി) നോട്ട് നിരോധനം കേരളത്തിന്റെ സാമ്പത്തിക മേഖലയിലുണ്ടാക്കിയ ആഘാതം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കേന്ദ്ര സർക്കാർ കറൻസി പിൻവലിച്ച ശേഷം ഓരോ വകുപ്പും പ്രതീക്ഷിച്ച നികുതി വരുമാനത്തിൽ വന്ന കുറവ് ചുവടെ ചേർക്കുന്നു:

വാണിജ്യനികുതി വകുപ്പ്:- 2016-17 സാമ്പത്തിക വർഷം ഡിസംബർ ജനുവരി മാസങ്ങളിൽ പ്രതീക്ഷിച്ച ആകെ നികുതി വരുമാനം 6329 കോടി രൂപയായിരുന്നു. എന്നാൽ 5479.39 കോടി രൂപയാണ് ലഭിച്ചത്. 849.61 കോടി രൂപയുടെ കുറവുണ്ടായി.

എക്സൈസ് വകുപ്പ്:- പ്രതീക്ഷിച്ച നികുതി വരുമാനം 541.22 കോടി രൂപയായിരുന്നു. എന്നാൽ ഈ കാലയളവിൽ ലഭിച്ച തുക 439.65 കോടി രൂപയാണ്. പ്രതീക്ഷിച്ച നികുതി വരുമാനത്തിൽ 101.57 കോടി രൂപയുടെ കുറവുണ്ടായി.

രജിസ്ട്രേഷൻ വകുപ്പ് :- പ്രതീക്ഷിച്ച നികുതി വരുമാനം 839.40 കോടി രൂപയായിരുന്നു. എന്നാൽ 527.6 കോടി രൂപയാണ് നികുതി വരുമാനമായി ലഭിച്ചത്. അതായത് 311.80 കോടി രൂപയുടെ കുറവുണ്ടായി.

ലാന്റ് റവന്യൂ വകുപ്പ് :- ഈ ഇനത്തിൽ 295.14 കോടി രൂപ പ്രതീക്ഷിച്ചതിൽ 230.56 കോടി രൂപ മാത്രമേ പിരിച്ചെടുക്കാൻ സാധിച്ചിട്ടുള്ളൂ. 64.58 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പ്:- പ്രസ്തുത കാലയളവിൽ പ്രതീക്ഷിച്ച നികുതി വരുമാനം 722.04 കോടി രൂപയായിരുന്നു. അതിൽ 605.56 കോടി രൂപയാണ് പിരിച്ചെടുത്തിട്ടുള്ളത്. 116.48 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

(ബി) നോട്ട് നിരോധനം കാർഷിക മേഖലയേയും വിനോദസഞ്ചാര മേഖലയേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നോട്ട് അസാധുവാക്കലിന്റെ ഫലമായി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സ്ഥിതി ദുർബലപ്പെടുന്നത് സംസ്ഥാനങ്ങൾക്കുള്ള ഗ്രാന്റുകളെ ബാധിക്കും. ഇതിനുപുറമെ, ആസന്നമായ സാമ്പത്തിക വളർച്ചയിലുണ്ടായ ഇടിവ് കേന്ദ്ര സർക്കാരിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി സ്വാധീനിക്കും. തന്മൂലം സംസ്ഥാനത്തിലേയ്ക്കുള്ള നികുതി കൈമാറ്റം കുറയുന്നതിനുള്ള സാഹചര്യത്തിനിടയാക്കും. നോട്ട് റദ്ദാക്കലിന് ശേഷമുള്ള, സാമ്പത്തിക പ്രവർത്തനത്തിലുണ്ടായ മന്ദത, സ്റ്റാമ്പ് നികുതി സമാഹരണത്തിൽ വന്ന കുറവ്, റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടായ തളർച്ച, മോട്ടോർ വാഹന നികുതി വരുമാനത്തിൽ വന്ന കുറവ് എന്നിവ കാരണം നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചിരുന്ന വളർച്ച കൈവരിക്കാൻ സാധിച്ചില്ല. ചുരുക്കത്തിൽ, നോട്ട്

റദ്ദാക്കൽ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെ രൂക്ഷമായി ബാധിക്കുന്നുണ്ട്. ഇതിനെല്ലാം പുറമെ നോട്ട് റദ്ദാക്കലിന് ശേഷം ദൈനംദിന ആവശ്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടുന്ന കറൻസിയുടെ ലഭ്യതക്കുറവും വലിയ വെല്ലുവിളി ഉയർത്തി. നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും നിശ്ചലാവസ്ഥയിലാക്കുകയും സമ്പദ്‌വ്യവസ്ഥയെ മാന്ദ്യത്തിലേയ്ക്ക് തള്ളിയിടുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത മാന്ദ്യം തരണം ചെയ്യുന്നതിന് സർക്കാർ പദ്ധതികളിലൂടെയുള്ള ചെലവഴിക്കൽ വർദ്ധിപ്പിക്കുകയെന്നത് അത്യന്താപേക്ഷിതമായി കാണുന്നു. എന്നാൽ നോട്ട് അസാധുവാക്കൽ നികുതി വരുമാനത്തിലുണ്ടാക്കിയ വൻ ഇടിവ് മേൽ ദിശയിലുള്ള പ്രവർത്തനത്തിന്റെ വ്യാപ്തിയെ സാരമായി ബാധിച്ചിട്ടുണ്ട്. പക്ഷെ, ഈ പരിമിതമായ സാഹചര്യത്തിലും പരമാവധി പൊതുപണം സമ്പദ്ഘടനയിലേയ്ക്ക് ഒഴുകുന്നതിന് ആത്മാർത്ഥവും ഊർജ്ജിതവുമായ പരിശ്രമം സർക്കാർ നടത്തിയിരുന്നു.

കാർഷിക മേഖലയിലെ ഭൂരിഭാഗം സാമ്പത്തിക ഇടപാടുകളും രൊക്കം പണത്തിലാണ് നടക്കുന്നത്. അതുകൊണ്ട് നോട്ടുകളുടെ ലഭ്യതക്കുറവ്, വിളവ് വിൽപ്പന, വിത്ത് വാങ്ങൽ, കൃഷിയുമായി ബന്ധപ്പെട്ട മറ്റ് അനുബന്ധ ഇടപാടുകൾ എന്നിവയെ സാരമായി ബാധിച്ചിട്ടുണ്ട്. കമ്പോളത്തിലെ പണമിടപാടുകളിലുണ്ടായ കാലതാമസവും ഉല്പന്നങ്ങളുടെ വില ഇടിഞ്ഞതും ഇതര സംസ്ഥാന തൊഴിലാളികൾ കൂലി ലഭിക്കാത്തതിനാൽ ജോലി ഉപേക്ഷിച്ച് നാട്ടിലേയ്ക്ക് മടങ്ങിപ്പോയതും കാർഷിക മേഖലയെ വളരെ ഗുരുതരമായ പ്രതിസന്ധിയിലേയ്ക്കാണ് തള്ളിയിട്ടിട്ടുള്ളത്.

കേരള സമ്പദ്‌വ്യവസ്ഥയുടെ പ്രധാന ചാലകശക്തിയായ വിനോദസഞ്ചാര മേഖലയ്ക്ക് നോട്ട് നിരോധനം കനത്ത പ്രഹരമാണ് ഏൽപ്പിച്ചിട്ടുള്ളത്. വിനോദസഞ്ചാര വകുപ്പിന്റെ ത്വരിത പരിശോധനയിൽ ആഭ്യന്തര വിദേശ സഞ്ചാരികളുടെ എണ്ണത്തിൽ നോട്ട് അസാധുവാക്കലിനുശേഷം ഇടിവ് വന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(സി) നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി എല്ലാ വകുപ്പുകളും സത്വരമായ നടപടി സ്വീകരിച്ചതിനുപുറമെ പശ്ചാത്തല സൗകര്യമേഖലയിൽ അനിവാര്യമായ മൂലധന ചെലവിനുള്ള പണം കണ്ടെത്തുന്നതിലേയ്ക്കായി 'കിഫ്ബി' പോലുള്ള പ്രത്യേക നിക്ഷേപ സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്താൻ മുൻകൈ യെടുത്തിട്ടുണ്ട്. ഇതിനായി സമഗ്രമായ നിയമനിർമ്മാണം പൂർത്തീകരിക്കുകയും സാർവ്വത്രിക അംഗീകാരമുള്ള വിദഗ്ദ്ധരടങ്ങുന്ന ഡയറക്ടർ ബോർഡിന് രൂപം നൽകുകയും ചെയ്തു. ഫണ്ടിൽ സമാഹരിക്കുന്ന നിക്ഷേപങ്ങൾ വകമാറ്റി ചെലവഴിക്കുന്നില്ലെന്ന് ഉറപ്പുവരുത്താനും പ്രവർത്തനങ്ങൾ നിയമാനുസൃതമാണെന്ന് സാക്ഷ്യപ്പെടുത്താനും ഫണ്ട്സ് ട്രസ്റ്റി ഉപദേശക കമ്മീഷന് രൂപം നൽകിയിട്ടുണ്ട്.

## സർക്കാർ വായ്പയെടുത്ത തുക

67 (420) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ എത്ര തുകയാണ് കടപ്പത്രങ്ങൾ വഴിയും മറ്റും വായ്പയെടുത്തിട്ടുള്ളത്;

(ബി) ഇതിൽ മൂലധന ചെലവിനായി മുടക്കിയത് എത്ര; ആകെ കടം വാങ്ങിയതിന്റെ എത്ര ശതമാനമാണ് ഇത്;

(സി) സർക്കാരിന്റെ ദൈനംദിന ചെലവിന് വായ്പ എടുത്ത തുക വിനിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കടമെടുത്ത തുകയുടെ എത്ര ശതമാനം ഇക്കാര്യത്തിനായി വിനിയോഗിച്ചു?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തതിനുശേഷം 20-4-2017 വരെ കടപ്പത്രങ്ങൾ വഴി 16,500 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ 31-12-2016 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം 1-5-2016 മുതൽ 31-12-2016 വരെ കടപ്പത്രങ്ങൾ മുഖേന സമാഹരിച്ചതടക്കം 13574.64 കോടി രൂപ വായ്പയായി എടുത്തിട്ടുണ്ട്.

(ബി) 31-12-2016 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ മൂലധന ചെലവ് 4535.63 കോടി രൂപയാണ്. മൂലധന ചെലവ് വായ്പയുടെ 28.11 ശതമാനം വരും.

(സി) വായ്പയെടുക്കുന്ന തുകയിൽ ഒരു ഭാഗം സർക്കാരിന്റെ ദൈനംദിന ചെലവിന് വിനിയോഗിക്കാറുണ്ട്. വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിതനിധിയിൽ മറ്റ് വരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്രവീതം വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല.

## സംസ്ഥാനത്തെ നികുതി വരുമാനം

68 (421) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ടുനിരോധനം നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം നോട്ടുനിരോധനം കാരണം പ്രതീക്ഷിച്ച നികുതി വരുമാനത്തേക്കാൾ എത്ര കുറവ് ഉണ്ടായി; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) നികുതി ഭരണം കാര്യക്ഷമമാക്കാനായി സർക്കാർ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്കൂട്ടിണി സാധ്യമാക്കുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.
2. ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചു. അതുപോലെതന്നെ കമ്പ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ് ലോഡ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി നിയമനിർമ്മാണം നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.
3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
4. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.
5. റിട്ടേൺ സ്കൂട്ടിണി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.
6. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.
7. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.
8. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി.
9. 60 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള അനുമാന നികുതിദായകർക്ക് ആംനസ്റ്റി പദ്ധതി നടപ്പിലാക്കി.
10. നികുതിചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉല്പാദനം, വിതരണം, വിപണനം എന്നിവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് മുഖേന നടത്തിവരുന്നു.

11. എക്സൈസ് വകുപ്പ് വഴി നൽകുന്ന എല്ലാ ലൈസൻസുകളും പെർമിറ്റുകൾക്കും മുൻകൂറായി ഫീസ്/ നികുതി ഈടാക്കിയ ശേഷമാണ് അനുമതി നൽകുന്നത്. കെ.എസ്.ബി.സി., കൺസ്യൂമർ ഫെഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ഷോപ്പുകളുടെ ലൈസൻസ് ഫീസും റെന്റൽ തുകയും മുൻകൂറായി വാങ്ങിയ ശേഷമാണ് ലൈസൻസുകളുടെ കാലാവധി ദീർഘിപ്പിച്ച് നൽകുന്നത്. എഫ്.എൽ1 ഷോപ്പുകളുടെ ആകെ റെന്റൽ തുകയുടെ 50% ഓരോ വർഷത്തേയ്ക്കും ലൈസൻസ് നൽകുന്ന സമയത്തും ബാക്കി 50% എട്ട് തുല്യ ഗഡുക്കളായി ജൂലൈ മാസം മുതൽ ഫെബ്രുവരി മാസം വരെയായി ഒടുക്കിവരുന്നു.

12. ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടയ്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തി.

13. 1-1-1986 മുതൽ 31-3-2010 വരെ കുടിശ്ശിക ഉണ്ടായിരുന്ന അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനായി ജി.ഒ.(പി) നമ്പർ 74/16/റ്റി.ഡി. ഉത്തരവ് പ്രകാരവും ഫ്ലാറ്റുകളുടെ അണ്ടർ വാല്യുവേഷൻ കുടിശ്ശിക തീർപ്പാക്കുവാൻ ജി.ഒ.(പി)നമ്പർ 75/16/റ്റി.ഡി. ഉത്തരവ് പ്രകാരവും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിൽ വരുത്തി. ഫ്ലാറ്റുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട റവന്യൂ നഷ്ടം തടയുന്നതിനായി സെൻട്രൽ പി.ഡബ്ല്യൂ.ഡി. മാനദണ്ഡപ്രകാരമുള്ള വില നിർണ്ണയത്തിനായി കേരള മുദ്രപത്ര നിയമത്തിൽ 28(ബി) എന്ന പുതിയ സെക്ഷൻ കൂട്ടിച്ചേർത്തു. 2016-ലെ ഫിനാൻസ് ബില്ലിലൂടെ വിലയാധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി 6-ൽ നിന്ന് 8 ശതമാനമായി വർദ്ധിപ്പിച്ചു.

14. കാലപ്പഴക്കം ചെന്ന വാഹനങ്ങൾക്ക് ഗ്രീൻ ടാക്സ് ഏർപ്പെടുത്തിയതിലൂടെയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെയും നികുതി അടയ്ക്കാത്തതിനാൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ ലേലം ചെയ്ത് അതിൽനിന്നും കുടിശ്ശിക വസൂലാക്കുന്നതിലൂടെയും മോട്ടോർ വാഹന വകുപ്പ് മുഖേനയുള്ള നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാർ കറൻസി പിൻവലിച്ചശേഷം ഓരോ വകുപ്പും പ്രതീക്ഷിച്ച നികുതി വരുമാനത്തിൽനിന്നും വന്ന കുറവ് ചുവടെ ചേർക്കുന്നു:

വാണിജ്യനികുതി വകുപ്പ്:- 2016-17 സാമ്പത്തിക വർഷം ഡിസംബർ ജനുവരി മാസങ്ങളിൽ പ്രതീക്ഷിച്ച ആകെ നികുതി വരുമാനം 6329 കോടി രൂപയായിരുന്നു. എന്നാൽ 5479.39 കോടി രൂപയാണ് ലഭിച്ചത്. 849.61 കോടി രൂപയുടെ കുറവുണ്ടായി.

എക്സൈസ് വകുപ്പ്:- പ്രതീക്ഷിച്ച നികുതി വരുമാനം 541.22 കോടി രൂപയായിരുന്നു. എന്നാൽ ഈ കാലയളവിൽ ലഭിച്ച തുക 439.65 കോടി രൂപയാണ്. പ്രതീക്ഷിച്ച നികുതി വരുമാനത്തിൽ 101.57 കോടി രൂപയുടെ കുറവുണ്ടായി.

രജിസ്ട്രേഷൻ വകുപ്പ്:- പ്രതീക്ഷിച്ച നികുതി വരുമാനം 839.40 കോടി രൂപയായിരുന്നു. എന്നാൽ 527.6 കോടി രൂപയാണ് നികുതി വരുമാനമായി ലഭിച്ചത്. അതായത് 311.80 കോടി രൂപയുടെ കുറവുണ്ടായി.

ലാന്റ് റവന്യൂ വകുപ്പ് :- ഈ ഇനത്തിൽ 295.14 കോടി രൂപ പ്രതീക്ഷിച്ചതിൽ 230.56 കോടി രൂപ മാത്രമേ പിരിച്ചെടുക്കാൻ സാധിച്ചിട്ടുള്ളൂ. 64.58 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പ്:- പ്രസ്തുത കാലയളവിൽ പ്രതീക്ഷിച്ച നികുതി വരുമാനം 722.04 കോടി രൂപയായിരുന്നു. അതിൽ 605.56 കോടി രൂപയാണ് പിരിച്ചെടുത്തിട്ടുള്ളത്. 116.48 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

## കിഫ്ബിയിൽ ലഭ്യമായിട്ടുള്ള തുക

69 (422) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളിതുവരെ കിഫ്ബിയിൽ ലഭ്യമായിട്ടുള്ള ആകെ തുക എത്രയാണ്; ഏതെല്ലാം വിഹിതമായിട്ടാണ് ഈ തുക ലഭിച്ചിട്ടുള്ളത്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കിഫ്ബി വഴി വിവിധ പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുള്ളത് ആകെ എത്ര തുകയാണ്; എത്ര തുക ആകെ അവശേഷിക്കുന്നുണ്ട്;

(സി) നാളിതുവരെ ആകെ എത്ര തുക നിക്ഷേപമായി കിഫ്ബിയിൽ ലഭിച്ചിട്ടുണ്ട്; പ്രവാസികളുടെ നിക്ഷേപമായി എത്ര തുക ലഭിച്ചിട്ടുണ്ട്; നിക്ഷേപത്തിന്റെ വിഹിതം ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ഡി) ഈ സാമ്പത്തിക വർഷം നിക്ഷേപമായി എത്ര തുക ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; മുൻ വർഷത്തെ അപേക്ഷിച്ച് നിക്ഷേപത്തിൽ എത്ര ശതമാനം വർദ്ധനവാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ വൻകിട വികസന പദ്ധതികളുടെ നടപ്പിലാക്കലിനായി 2475-00-800-92 (പ്ലാൻ) ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്ന തുകയിൽ അവശേഷിച്ച 2498.41 കോടി, കിഫ്ബി വഴിയുള്ള പ്രവർത്തന സാക്ഷാത്കാരത്തിന്റെ ആദ്യ നടപടിയെന്ന നിലയിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഭേദഗതി ചെയ്ത കിഫ് ആക്ടിലെ ഖണ്ഡിക 7 പ്രകാരം മുൻ വർഷത്തെ മോട്ടോർ വാഹന നികുതിയുടെ 10 ശതമാനമായ 281.43 കോടി രൂപയും, പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള മുഴുവൻ സെസ് തുകയായ 448.1 കോടി രൂപയും ഉൾപ്പെടെ ആകെ 3227.94 കോടി രൂപ കിഫ്ബിയുടെ അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ട്.

(ബി) ഭേദഗതി ചെയ്ത കിഫ് ആക്ട് 2016 പ്രകാരം ബോർഡ് അംഗീകരിച്ച പദ്ധതികൾക്കുള്ള ധനസഹായം അനുവദിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസികൾ (എസ്.പി.വി.) പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ ഓൺലൈനായി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുണ്ട്. ഈ സംവിധാനമനുസരിച്ച് പ്രോജക്ട് നിർവ്വഹണ ചെലവുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഘട്ടങ്ങളിൽ നേരിട്ട് സപ്ലെയർ, കോൺട്രാക്ടർ, സേവന ദാതാവ് മുതലായവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കാനുള്ള ഡയറക്ട് ബെനിഫിറ്റ് സംവിധാനം കിഫ്ബിയിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. നൂതന സംവിധാനമനുസരിച്ചുള്ള നടപടിക്രമങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കിഫ്ബി ധനസഹായം നൽകുന്നതാണ്.

(സി) നാളിതുവരെ കിഫ്ബിയിൽ നിക്ഷേപമായി തുകയൊന്നുംതന്നെ ലഭിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ നടത്തിപ്പിലേയ്ക്കായി പ്രവാസികൾക്കായി കെ.എസ്.എഫ്.ഇ. വഴി സർക്കാർ എൻ.ആർ.ഐ. ചിട്ടി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) കെ.എസ്.എഫ്.ഇ. വഴിയുള്ള ധനസമാഹരണത്തിനുള്ള രൂപരേഖ തയ്യാറാക്കിക്കൊണ്ടിരിക്കുന്നതിനാൽ ഈ ഘട്ടത്തിൽ എത്ര പണം സമാഹരിക്കാൻ കഴിയുമെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

## കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയതും പ്രവൃത്തി തുടങ്ങി പൂർത്തീകരിച്ചതുമായ പദ്ധതികൾ

70 (423) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയതും പ്രവൃത്തി തുടങ്ങിയതും പൂർത്തീകരിച്ചതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; മണ്ഡലം തിരിച്ചുള്ള കണക്കുകൾ നൽകാമോ;

(സി) ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞത് കൂടാതെ കിഫ്ബി ഡയറക്ടർ ബോർഡ് യോഗം ചേർന്ന് ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് കണക്കുകൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) ഒരു പ്രത്യേക നിയോജകമണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല കിഫ്ബിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. 7-11-2016-ൽ കൂടിയ കിഫ് ബോർഡിന്റെ 27-ാമത് ബോർഡ് യോഗം (പുനഃസംഘടിപ്പിച്ച കിഫ് ബോർഡിന്റെ ആദ്യ ബോർഡ് യോഗം) 4004.86 കോടി രൂപ മുതൽമുടക്കുള്ള 48 പദ്ധതികൾ അംഗീകരിക്കുകയും 21-3-2017-ൽ കൂടിയ കിഫ് ബോർഡിന്റെ 28-ാമത് ബോർഡ് യോഗം 8041.65 കോടി രൂപ മുതൽമുടക്കുള്ള 53 പദ്ധതികൾക്ക് നിബന്ധനകൾക്കുവിധേയമായി അംഗീകാരം നൽകിയിട്ടുണ്ട്. പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(സി) ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ളതും ബന്ധപ്പെട്ട ഭരണവകുപ്പ് നിർദ്ദേശിച്ചിട്ടുള്ളതുമായ പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി ബോർഡ് അംഗീകാരം നൽകിയിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണം**

71 (424) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനുവേണ്ടി എന്തൊക്കെ സഹായങ്ങളാണ് ധനകാര്യ വകുപ്പ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിനായി ഏറ്റവും മുന്തിയ പരിഗണന നൽകിക്കൊണ്ട് വൻകിട ഇടത്തരം വ്യവസായങ്ങൾക്കുള്ള അടങ്കൽ തുക നടപ്പ് സാമ്പത്തിക വർഷം 482 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2016-17-ൽ ടി ഇനത്തിൽ 291 കോടി രൂപയായിരുന്നു വകയിരുത്തിയിരുന്നത്. നഷ്ടത്തിലായ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിന് മുന്തിയ പരിഗണന നൽകുന്നതിന്റെ ഭാഗമായി കഴിഞ്ഞ സാമ്പത്തികവർഷം 100 കോടി രൂപ പദ്ധതി വിഹിത ഇനത്തിൽ വകയിരുത്തിയിരുന്ന സ്ഥാനത്ത് ഈ സർക്കാർ അത് 270 കോടി രൂപയായി വർദ്ധനവ് വരുത്തിയിട്ടുണ്ട്.

**നോട്ടുക്ഷാമം**

72 (425) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ആവശ്യമായ കറൻസി ലഭിക്കാത്തതിന്റെ കാരണങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഈ സ്ഥിതിവിശേഷം മറികടക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; പ്രസ്തുത നടപടികളിലൂടെ പ്രശ്നപരിഹാരത്തിനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) നോട്ടുനിരോധനത്തിന്റെ ഫലമായി രാജ്യത്ത് നിലനിൽക്കുന്ന കറൻസി ക്ഷാമം സംസ്ഥാനത്തെയും കാര്യമായി ബാധിച്ചിട്ടുണ്ട്. സർക്കാർ ട്രഷറി വഴി നടത്തുന്ന പണമിടപാടുകൾക്ക് ആവശ്യമായ കറൻസി ലഭ്യമാക്കുന്നതിന് ഏജൻസി ബാങ്കുകൾക്ക് സാധിക്കാതെ വന്നത് ശമ്പള/പെൻഷൻ വിതരണത്തെ ബാധിച്ചിട്ടുണ്ട്.

(ബി) ഏജൻസി ബാങ്കുകളിൽ നിന്നും ആവശ്യത്തിന് ഇംപ്രസ്റ്റ് തുക ലഭിക്കാത്തത് കാരണമുണ്ടായ ട്രഷറികളിലെ നോട്ട് ക്ഷാമത്തിന് കെ.എസ്.എഫ്.ഇ-യിൽ നിന്നും ബിവറേജസ് കോർപ്പറേഷനിൽ നിന്നും ലോട്ടറി ഏജന്റുമാരിൽനിന്നും സർക്കാർ നിർദ്ദേശപ്രകാരം കളക്ഷൻ തുക സ്വീകരിച്ച് തുടങ്ങിയതിലൂടെ ഒരു പരിധി വരെ പരിഹാരമായിട്ടുണ്ട്.

## നബാർഡിന്റെ വിവിധ പദ്ധതികൾ

73 (426) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ വിവിധ പദ്ധതികൾ എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട്, സ്പെഷ്യൽ ഡവലപ്മെന്റ് ഫണ്ട് എന്നിവയിൽ നിന്നും വിഹിതം അനുവദിച്ച് നടപ്പാക്കാനാവുമോ; ഉണ്ടെങ്കിൽ നടപടിക്രമങ്ങളെങ്ങനെയാണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ത്രിതല പഞ്ചായത്തുകളുടെ മാതൃകയിൽ എം.എൽ.എ.മാരുടെ വിഹിതം വിനിയോഗിച്ച് നടപ്പിലാക്കാനാവുകയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 15-3-2007-ലെ സ.ഉ.(അ) നമ്പർ 112/2007/ധന. ഉത്തരവ് പ്രകാരം പഞ്ചായത്തുകൾ ഏറ്റെടുത്ത നബാർഡ് ആർ.ഐ.ഡി.എഫ്. പ്രവൃത്തികളുടെ 20% വരെയുള്ള പദ്ധതി തുക എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും പ്രത്യേക വികസന നിധിയുടെ വ്യവസ്ഥകൾക്കും നടപടിക്രമങ്ങൾക്കും വിധേയമായി വിനിയോഗിക്കാവുന്നതാണ്.

11-6-2012-ലെ സ.ഉ (അ) നമ്പർ 332/2012/ധന. ഉത്തരവിലെ പൊതു നിർദ്ദേശങ്ങളിലെ ഇനം - 7 പ്രകാരം ആസ്തി വികസന ഫണ്ട് മറ്റ് ഫണ്ടുകളുമായി ചേർത്ത് വിനിയോഗിക്കുവാൻ വ്യവസ്ഥയില്ല. (ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു*.)

(ബി) 27-5-2004-ലെ സ.ഉ.(അ) നമ്പർ 247/2004/ധന. ഉത്തരവിലെ ഖണ്ഡിക 6.4 പ്രകാരം എം.എൽ.എ.യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രത്യേക വികസന നിധിയുടെ മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ പ്രവൃത്തികൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന സർക്കാരിന്റെ വിഹിതമായി പ്രത്യേക വികസന നിധി തങ്ങളുടെ നിയോജക മണ്ഡലത്തിൽ വിനിയോഗിക്കാവുന്നതാണ്.

11-6-2012-ലെ സ.ഉ (അ) നമ്പർ 332/2012/ധന. ഉത്തരവിലെ പൊതു നിർദ്ദേശങ്ങളിലെ ഇനം - 7 പ്രകാരം ആസ്തി വികസന ഫണ്ട് മറ്റ് ഫണ്ടുകളുമായി ചേർത്ത് വിനിയോഗിക്കുവാൻ വ്യവസ്ഥയില്ല. (ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു*.)

## കേരളത്തിന്റെ നികുതി വിഹിതത്തിൽ കുറവുകൾ

74 (427) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ കേന്ദ്ര ബജറ്റ് അനുസരിച്ച് കേരളത്തിന്റെ നികുതി വിഹിതത്തിൽ കുറവുകൾ സംഭവിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഇനത്തിൽ ഈ വർഷം കുറവുകൾ അനുഭവപ്പെട്ടുമെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഏതെങ്കിലും ഇനത്തിൽ നികുതികൾ ഈ വർഷം കൂടുതൽ പ്രതീക്ഷിക്കാമോ; എങ്കിൽ എത്ര വീതമെന്ന് വ്യകതമാക്കുമോ?

ഉത്തരം

(എ&ബി) കേന്ദ്ര സർക്കാർ അവതരിപ്പിച്ച 2017-18-ലെ ബഡ്ജറ്റ് കണക്കുകൾ അനുസരിച്ച് സംസ്ഥാനത്തിനുള്ള കേന്ദ്ര നികുതി വിഹിതത്തിൽ കുറവ് സംഭവിച്ചതായി കാണുന്നില്ല. 2017-18 കേന്ദ്ര സർക്കാരിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം ഓരോ ഇനത്തിലും പ്രതീക്ഷിക്കുന്ന തുക ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| | |
|---|---|
| കോർപ്പറേഷൻ നികുതി | 4984.75 |
| ആദായ നികുതി | 4357.96 |
| സമ്പത്ത് നികുതി | -0.15 |
| ചുങ്കം | 2379.19 |
| കേന്ദ്ര എക്സൈസ് തീരുവകൾ | 2486.93 |
| സേവന നികുതി | 2683.07 |

ചരക്ക് സേവന നികുതി (GST) നടപ്പിലാക്കുന്നതോടെ 2017-18 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന കേന്ദ്ര നികുതി വിഹിതത്തിൽ മാറ്റം വന്നേയ്ക്കാം.

**കറൻസി ക്ഷാമം**

75 (428) ശ്രീ. സി. ദിവാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാര്യമായ കറൻസിക്ഷാമം പ്രത്യേകിച്ചും വിഷു, ഈസ്റ്റർ ഉത്സവകാലങ്ങളിൽ നേരിട്ടുവോ; എങ്കിൽ കറൻസിയുടെ എത്ര ശതമാനം കുറവാണുണ്ടായതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ശമ്പളവിതരണത്തിനും പെൻഷൻ വിതരണത്തിനുമായി ആവശ്യമായ കറൻസി നല്കുന്നതിൽ റിസർവ് ബാങ്ക് വീഴ്ച വരുത്തുന്നതായി അഭിപ്രായമുണ്ടോ;

(സി) സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തെ കറൻസിക്ഷാമം ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കറൻസി ക്ഷാമം നേരിട്ടിട്ടുണ്ട്. ട്രഷറികളിലൂടെ ശമ്പളവും പെൻഷനും വിതരണം ചെയ്യുവാനായി ഏജൻസി ബാങ്കുകളിൽനിന്നും ഇംപ്രസ്റ്റ് തുക ആവശ്യപ്പെടുമ്പോൾ മിക്ക ദിവസവും 40 ശതമാനത്തോളം തുക മാത്രമേ ലഭിക്കുകയുണ്ടായുള്ളൂ.

(ബി) ഉണ്ട്. ട്രഷറികൾ ആവശ്യപ്പെടുന്ന തുകയുടെ ഏകദേശം 40 ശതമാനത്തോളം മാത്രമേ ബാങ്കിൽ നിന്ന് നിലവിൽ ലഭിക്കുന്നുള്ളൂ.

(സി) ബാധിച്ചിട്ടുണ്ട്. സാമൂഹ്യക്ഷേമ പെൻഷനുകൾ ട്രഷറികൾ വഴി വിതരണം ചെയ്യുന്നതിൽ കറൻസി ക്ഷാമംമൂലം തടസ്സം നേരിട്ടിട്ടുണ്ട്.

**തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി**

76 (429) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ നിലവിലെ അവസ്ഥ എന്തെന്ന് അറിയിക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഇതുവരെ ഭരണാനുമതി നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) ഇനിയും ഭരണാനുമതി ലഭിക്കാനുള്ള പ്രവൃത്തികൾ ഏതെന്നും ഇവയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസത്തിന്റെ കാരണവും അറിയിക്കുമോ;

(ഡി) അടിയന്തരമായി ഈ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതി 2016-17-ന് കീഴിൽ അനുമതിക്കായി 16 പ്രവൃത്തികൾ (ആകെ അടങ്കൽ തുക 5 കോടി രൂപ) സമർപ്പിച്ചിട്ടുണ്ട്. ഇവയിൽ എരൂർ പെരീക്കാട് വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് റീട്ടൈനിംഗ് വാൾ നിർമ്മാണം, എരൂർ വെട്ടുവേലിക്കടവ് ബോട്ട് ജെട്ടി, വെയ്റ്റിംഗ് ഷെൽട്ടർ, ടോയ്‌ലെറ്റ് എന്നിവയുടെ നിർമ്മാണം എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടുണ്ട്. ധനാനുമതിക്കായി പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. മറ്റു പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ധനാനുമതിക്കും ഭരണാനുമതിക്കും നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## സർക്കാരിന്റെ കടബാധ്യതകൾ

77 (430) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കടപ്പത്രങ്ങൾ വഴിയും മറ്റും എത്ര തുക വായ്പയെടുത്തു;

(ബി) ഈ സർക്കാർ വായ്പ എടുത്ത തുക, കടബാധ്യതകൾ തീർക്കുന്നതിനു വേണ്ടി ചെലവഴിക്കുകയുണ്ടായോ; എങ്കിൽ എത്ര തുക മറ്റാവശ്യങ്ങൾക്കായി ചെലവഴിക്കുകയുണ്ടായി;

(സി) സർക്കാർ പുറപ്പെടുവിച്ച ധവളപത്രത്തിൽ കടം എടുത്ത തുക നിത്യനിദാന ചെലവുകൾക്ക് ഉപയോഗിക്കുന്നതിനെ വിമർശിച്ചിട്ടുണ്ടായിരുന്നുവോ;

(ഡി) എങ്കിൽ ധവളപത്രത്തിലൂടെ മുൻ സർക്കാരിനെതിരെ നടത്തിയ വിമർശനങ്ങൾ പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തതിനുശേഷം 20-4-2017 വരെ കടപ്പത്രങ്ങൾ വഴി 16,500 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ 31-12-2016 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം 1-5-2016 മുതൽ 31-12-2016 വരെ കടപ്പത്രങ്ങൾ മുഖേന സമാഹരിച്ചതടക്കം 13574.64 കോടി രൂപ വായ്പയായി എടുത്തിട്ടുണ്ട്.

(ബി) വായ്പയെടുക്കുന്ന തുകയിൽ ഒരു ഭാഗം സർക്കാരിന്റെ ദൈനംദിന ചെലവിന് വിനിയോഗിക്കാറുണ്ട്. വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിതനിധിയിൽ മറ്റു വരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്രവീതം വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല.

(സി&ഡി) ഇല്ല.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക

78 (431) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി 2014-15, 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിൽ ബജറ്റിൽ വകയിരുത്തപ്പെട്ട തുകയും യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ സാമ്പത്തിക വർഷവും പഞ്ചായത്തുകൾ, ബ്ലോക്കുകൾ, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവ വഴി ചെലവഴിക്കാൻ ബജറ്റിൽ വകയിരുത്തപ്പെട്ട തുക എത്ര വീതമായിരുന്നുവെന്നും പദ്ധതി നിർവ്വഹണം നടന്നിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ മാത്രം ഇവ ഓരോന്നും വഴി ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ)

| ധനവിന്യാസത്തിലൂടെ അനുവദിക്കപ്പെട്ട തുകയും അതിന്മേലുള്ള ചെലവും (തുക കോടിയിൽ) | | |
|---|---|---|
| വർഷം | വകയിരുത്തിയിരുന്ന തുക | ചെലവായ തുക |
| 2014-15 | 7507.47 | 4598.78 |
| 2015-16 | 7664.78 | 5017.78 |
| 2016-17 | 8904.14 | 6148.19 (താൽക്കാലികം) |

(ബി)

| 2014-15 (തുക കോടിയിൽ) | | |
|---|---|---|
| ഇനങ്ങൾ | ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക | ചെലവഴിച്ച തുക |
| ഗ്രാമപഞ്ചായത്ത് | 2595.60 | 1126.94 |
| ബ്ലോക്ക് പഞ്ചായത്ത് | 622.99 | 315.26 |
| ജില്ലാ പഞ്ചായത്ത് | 622.99 | 261.49 |
| മുനിസിപ്പാലിറ്റി | 482.38 | 185.11 |
| മുനിസിപ്പൽ കോർപ്പറേഷൻ | 376.05 | 114.85 |
| ആകെ | 4700.01 | 2003.65 |

2015-16 (തുക കോടിയിൽ)

| ഇനങ്ങൾ | ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക | ചെലവഴിച്ച തുക |
|---|---|---|
| ഗ്രാമപഞ്ചായത്ത് | 2677.40 | 2286.33 |
| ബ്ലോക്ക് പഞ്ചായത്ത് | 622.98 | 536.84 |
| ജില്ലാ പഞ്ചായത്ത് | 622.98 | 515.68 |
| മുനിസിപ്പാലിറ്റി | 497.18 | 488.89 |
| മുനിസിപ്പൽ കോർപ്പറേഷൻ | 378.18 | 311.47 |
| ആകെ | 4798.72 | 4139.21 |

| 2016-17 (തുക കോടിയിൽ) | | |
|---|---|---|
| ഇനങ്ങൾ | ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക | ചെലവഴിച്ച തുക |
| ഗ്രാമപഞ്ചായത്ത് | 2978.50 | 2050.84 |
| ബ്ലോക്ക് പഞ്ചായത്ത് | 658.59 | 460.68 |
| ജില്ലാ പഞ്ചായത്ത് | 658.59 | 453.90 |
| മുനിസിപ്പാലിറ്റി | 841.31 | 542.54 |
| മുനിസിപ്പൽ കോർപ്പറേഷൻ | 587.73 | 347.65 |
| ആകെ | 5724.72 | 3855.61 (താൽക്കാലികം) |

**അന്തർസംസ്ഥാന ചെക്ക്പോസ്റ്റുകൾക്ക് സമാന്തരമായിട്ടുള്ള നികുതി വെട്ടിപ്പ്**

79 (432) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അന്തർസംസ്ഥാന ചെക്ക്പോസ്റ്റുകൾക്ക് സമാന്തരമായിട്ടുള്ള വഴികളിലൂടെ നികുതി വെട്ടിച്ച് വലിയ വാഹനങ്ങൾ അതിർത്തി കടന്നുവരുന്നത് നിയന്ത്രിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) നികുതിവെട്ടിപ്പ് തടയുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) വാണിജ്യ നികുതി വകുപ്പിലെ വിവിധ അതിർത്തി ചെക്ക്പോസ്റ്റുകളുടെ പരിസരത്ത് ഇന്റലിജൻസ് സ്ക്വാഡുകളെ വിന്യസിച്ച് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. ചെക്ക്പോസ്റ്റ് കടന്നുവരുന്ന വാഹനങ്ങളെ ഓവർ ചെക്ക് ചെയ്യുന്നതിനും സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി)

1. വാണിജ്യ നികുതി വകുപ്പിലെ അതിർത്തി ചെക്ക്പോസ്റ്റുകളുടെ പരിസരത്ത് ഇന്റലിജൻസ് സ്ക്വാഡുകളെ വിന്യസിച്ച് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. ചെക്ക്പോസ്റ്റ് കടന്നുവരുന്ന വാഹനങ്ങളെ ഓവർ ചെക്ക് ചെയ്യുന്നതിനും സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
2. റെയിൽവേ വഴിയുള്ള കള്ളക്കടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്.
3. റെയിൽവേ വഴി സംസ്ഥാനത്തിന് പുറത്തേയ്ക്ക് കൊണ്ടുപോകുന്ന ചരക്കുകൾക്കും ഇ-ഡിക്ലറേഷൻ നിർബന്ധമാക്കിയിട്ടുണ്ട്.
4. ബിൽ പരിശോധന, ഗോഡൗൺ പരിശോധന, ടൂറിസ്റ്റ് ബസ്സുകൾ വഴിയുള്ള കള്ളക്കടത്ത് തടയുന്നതിനുള്ള പരിശോധന എന്നിവ പതിവായി നടത്തുന്നുണ്ട്.
5. ഇറച്ചിക്കോഴി കള്ളക്കടത്ത് തടയുന്നതിനായി ഇന്റലിജൻസ് സ്ക്വാഡുകൾക്കും ചെക്ക് പോസ്റ്റുകൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.
6. മെറ്റൽ ക്രഷർ യൂണിറ്റുകൾ, മറ്റ് നിർമ്മാണ യൂണിറ്റുകൾ, രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മൈനിംഗ് & ജിയോളജി വകുപ്പ്, ഇൻകം ടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

7. അന്തർ സംസ്ഥാന വിൽപ്പനയുടെ കാര്യത്തിൽ സി-ഫോം വെരിഫൈ ചെയ്യുന്നതിനായി ഒരു പ്രത്യേക ടീമിനെ നിയോഗിച്ച് പരിശോധന നടത്തുകയും വ്യാജ ഫോമുകൾ കണ്ടെത്തുന്ന കേസുകളിൽ ഉയർന്ന നിരക്കിൽ നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

8. ഇ-റിട്ടേണുകളിലും മറ്റ് രേഖകളിലുമുള്ള പൊരുത്തക്കേടുകൾ കണ്ടു പിടിക്കുന്നതിനുള്ള സോഫ്റ്റ്‌വെയറിന്റെ വികസനം അവസാനഘട്ടത്തിലാണ്.

9. ഓൺലൈൻ തട്ടിപ്പുകളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായുള്ള സൈബർ ഫോറൻസിക് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**സംസ്ഥാനത്തിന്റെ നികുതി വരുമാനം**

80 (433) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നികുതി വരുമാനത്തിൽ എത്രശതമാനം വർദ്ധനവാണ് 2016-17-ലെ ബഡ്ജറ്റിൽ ലക്ഷ്യമിട്ടിരുന്നത്;

(ബി) 31-3-2017 വരെ നികുതി വരുമാനത്തിൽ എത്ര വളർച്ച നേടുവാൻ കഴിഞ്ഞു; ബഡ്ജറ്റിൽ ലക്ഷ്യമിട്ടിരുന്ന വളർച്ച നേടുവാൻ കഴിയാതിരുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) 2016 നവംബർ മാസത്തിനുശേഷം ഓരോ മാസവും നികുതി വരുമാനത്തിലുണ്ടായ വളർച്ച എത്രയാണ്;

(ഡി) നോട്ട് അസാധുവാക്കുന്നതിന് മുമ്പിലുള്ള ഓരോ മാസവും നികുതിവരുമാനത്തിലുണ്ടായ വർദ്ധനവ് എത്ര ശതമാനമായിരുന്നു?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിനെ അപേക്ഷിച്ച് 2016-17 സാമ്പത്തിക വർഷം അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തെ തനത് നികുതി വരുമാനത്തിൽ 4.81% വർദ്ധനവ് ലക്ഷ്യമിട്ടിരുന്നു.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2016 ഡിസംബർ 31 വരെയുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 8.98% വളർച്ച നേടാൻ കഴിഞ്ഞു. സമ്പദ്‌വ്യവസ്ഥയിൽ പൊതുവിൽ നിലനിൽക്കുന്ന മാന്ദ്യവും നോട്ട് അസാധുവാക്കൽ നടപടിയെ തുടർന്ന് ഉടലെടുത്ത പ്രതിസന്ധിയും നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം ഡിസംബർ മാസം വരെയുള്ള നികുതി വരുമാനത്തിലുള്ള വളർച്ചാ നിരക്ക് 8.98% ആണെങ്കിലും ഡിസംബർ മാസത്തെ വളർച്ചാ നിരക്ക് 2.35% ആയി കുറഞ്ഞിട്ടുണ്ട്. നോട്ട് അസാധുവാക്കൽ പ്രതിസന്ധിയാണ് വളർച്ചാ നിരക്ക് കുറയുന്നതിനുള്ള കാരണമായി വിലയിരുത്തുന്നത്.

(സി&ഡി) അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ ഡിസംബർ 31 വരെയുള്ള ഓരോ മാസവും ലഭിച്ച നികുതി വരുമാനം ചുവടെ ചേർക്കുന്നു :

| മാസം | നികുതി വരുമാനം | |
|---|---|---|
| | 2015-16 (തുക കോടി രൂപയിൽ) | 2016-17 (തുക കോടി രൂപയിൽ) |
| ഏപ്രിൽ | 2534.23 | 2199.63 |
| മേയ് | 3128.41 | 1990.26 |
| ജൂൺ | 3005.05 | 5082.14 |
| ജൂലൈ | 3197.63 | 3400.77 |
| ആഗസ്റ്റ് | 3069.49 | 3391.01 |
| സെപ്റ്റംബർ | 3480.54 | 2654.05 |
| ഒക്ടോബർ | 3218.13 | 3855.44 |
| നവംബർ | 2939.18 | 4415.58 |
| ഡിസംബർ | 3151.64 | 3225.80 |

## സംസ്ഥാനത്തിന്റെ ധനകമ്മി

81 (434) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ധനകമ്മി സംബന്ധിച്ച വിശദാംശം 2011 മുതൽ 2016 വരെയുള്ള വർഷങ്ങളിലേത് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ സർക്കാരിന്റെ പൊതുകടം എത്രയായിരുന്നു; 2016 മാർച്ച് 31-ലെ കണക്ക് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ഡി) 2011 മുതൽ 2016 വരെയുള്ള വർഷങ്ങളിലെ നികുതി വരുമാനത്തിന്റെ കണക്ക് വാർഷികാടിസ്ഥാനത്തിൽ ഓരോ നികുതിയും ഇനം തിരിച്ച് നൽകാമോ ?

### ഉത്തരം

(എ) 2011 മുതൽ 2016 വരെയുള്ള സംസ്ഥാനത്തിന്റെ ധനകമ്മി ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

| വർഷം | ധനകമ്മി | വർഷം | ധനകമ്മി |
|---|---|---|---|
| 2010-11 | 7730.45 | 2013-14 | 16944.12 |
| 2011-12 | 12814.77 | 2014-15 | 18641.73 |
| 2012-13 | 15002.46 | 2015-16 | 17818.39 |

(ബി) മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ സർക്കാരിന്റെ പൊതുകടം 2016 മാർച്ച് 31-ലെ അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം 157370.32 കോടി രൂപയായിരുന്നു.

(സി) അധിക വിഭവ സമാഹരണത്തിലൂടെയും അനാവശ്യ ചെലവ് നിയന്ത്രണത്തിലൂടെയും നികുതി പിരിവ് ഊർജ്ജിതമാക്കിയും അടിയന്തര പ്രാധാന്യമുള്ള വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. വൻകിട ഇൻഫ്രാസ്ട്രക്ചർ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും

ആർ.ബി.ഐ.യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കിയിട്ടുണ്ട്. കിഫ്ബിയുടെ കീഴിൽ പൊതുമരാമത്ത്, ആരോഗ്യം, ഉന്നത വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലായി 15,000 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 20,000 കോടി രൂപയുടെ മറ്റ് വൻകിട പദ്ധതികൾ കിഫ്ബിയുടെ പരിഗണനയിലാണ്. നിലവിലുള്ള നികുതി സമാഹരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാരിലേയ്ക്കുള്ള പണമൊടുക്കലും സർക്കാരിൽ നിന്നുള്ള പണ വിതരണം ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള ഇ-ട്രഷറി സംവിധാനം നടപ്പിലാക്കി കഴിഞ്ഞു. ഇതുവഴി ഉപഭോക്താക്കൾക്ക് എപ്പോൾ വേണമെങ്കിലും സർക്കാരിലേയ്ക്ക് പണം അടയ്ക്കുന്നതിന് സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. ധനകാര്യ വകുപ്പ്, മറ്റ് വകുപ്പുകൾ, ബഡ്ജറ്റ്, ഭാരതീയ റിസർവ് ബാങ്ക്, അക്കൗണ്ടന്റ് ജനറൽ, വിവിധ ബാങ്കുകൾ, വിവിധ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർ തുടങ്ങിയ എല്ലാവരെയും ഒരു കുടക്കീഴിൽ സംയോജിപ്പിച്ച് ഇടപാടുകൾ പരസ്പരം ഓൺലൈനായി നടത്തുന്നതിനായി ഒരു ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

**സംസ്ഥാനത്തിന്റെ പ്രതിമാസ ചെലവും വരവും**

82 (435) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പ്രതിമാസ ചെലവും വരവും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(ബി) 2016-17 വർഷം വാർഷിക പദ്ധതിക്കുവേണ്ടി വാങ്ങിയ വായ്പകൾ ആവർത്തന ചെലവുകൾ നേരിടാൻ വേണ്ടി വകമാറ്റേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 2016 ഡിസംബർ 31 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ ശരാശരി പ്രതിമാസ വരവ് 5615.67 കോടി രൂപയും ശരാശരി പ്രതിമാസ ചെലവ് 7142.31 കോടി രൂപയുമാണ്.

(ബി) വാർഷിക പദ്ധതികൾക്കുവേണ്ടി എടുക്കുന്ന വായ്പകൾ ആവർത്തന ചെലവുകൾ നേരിടാൻ വേണ്ടി വകമാറ്റാറില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## നികുതിയിനത്തിലെ കുടിശ്ശിക

83 (436) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂണിൽ പുറത്തിറക്കിയ ധവളപത്രത്തിൽ ടേബിൾ 11.8-ൽ പിരിച്ചെടുക്കാത്ത നികുതിയായി സൂചിപ്പിച്ച 13,019 കോടി രൂപയുടെ കുടിശ്ശികയിൽ നാളിതുവരെ എത്ര തുക പിരിച്ചെടുക്കാൻ സാധിച്ചു; ഈയിനത്തിൽ ഇപ്പോഴുള്ള കുടിശ്ശിക എത്രയാണ് ;

(ബി) ധവളപത്രത്തിൽ ടേബിൾ 11.9-ൽ വിവിധ അപ്പീൽ കേസുകളിൽപ്പെട്ട് പിരിച്ചെടുക്കാൻ കഴിയാതെ മുടങ്ങികിടക്കുന്നതായി സൂചിപ്പിച്ച 3720 കോടി രൂപയുടെ നികുതിയിൽ നാളിതുവരെ എത്ര രൂപ പിരിച്ചെടുക്കാൻ സാധിച്ചു; ഈയിനത്തിൽ ഇപ്പോഴുള്ള കുടിശ്ശിക എത്രയാണ് ;

(സി) മേൽപ്പറഞ്ഞ ഇനങ്ങളിലെ നികുതി കുടിശ്ശിക മുഴുവനായും പിരിച്ചെടുക്കാൻ കഴിയാത്തതിന് പ്രത്യേക കാരണങ്ങൾ വല്ലതുമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 2016 ജൂണിൽ പുറത്തിറക്കിയ ധവളപത്രത്തിൽ ടേബിൾ 11.8-ൽ പിരിച്ചെടുക്കാത്ത നികുതിയായി സൂചിപ്പിച്ച 13,019 കോടി രൂപയുടെ കുടിശ്ശികയിൽ 31-3-2017 വരെ 179.08 കോടി രൂപ വാണിജ്യ നികുതി വകുപ്പിൽ പിരിച്ചെടുക്കാൻ സാധിച്ചു. ഈയിനത്തിൽ വാണിജ്യ നികുതി വകുപ്പിൽ 31-3-2017 വരെയുള്ള കുടിശ്ശിക 7582.36 കോടി രൂപയാണ്.

(ബി) പിരിച്ചെടുത്ത തുക ഇനം തിരിച്ച് കണക്കാക്കിയിട്ടില്ല. ഈയിനത്തിൽ ഇപ്പോഴുള്ള കുടിശ്ശിക 47010 കേസ്സുകളിലായി [ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ) & അസിസ്റ്റന്റ് കമ്മീഷണർ (അപ്പീൽ), വില്പന നികുതി അപ്പലേറ്റ് ട്രൈബ്യൂണൽ, സുപ്രീംകോടതി, ഹൈക്കോടതി എന്നിവ ഉൾപ്പെടെ] 4872.26 കോടി രൂപയാണ്.

(സി) കോടതികളിൽ നിന്നുള്ള സ്റ്റേ ഉള്ളതാണ് മുഴുവൻ തുകയും പിരിച്ചെടുക്കാൻ കഴിയാത്തതിന് കാരണം.

## സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി

84 (437) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ഏതെല്ലാം ഇനങ്ങളിൽ എന്തു തുക വീതം വരവും ചെലവുമുണ്ടായെന്ന് അറിയിക്കുമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാരിന്റെ സമാഹൃത വിഭവങ്ങളിൽ വികസനത്തിനുവേണ്ടി ചെലവഴിച്ചത് എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ;

(ഡി) 2016-17-ൽ പ്രതീക്ഷിച്ച മൂലധനച്ചെലവ് എത്ര; ഇതുവരെ ഉണ്ടായ മൂലധനച്ചെലവ് എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾപ്രകാരം 31-12-2016 വരെയുള്ള കാലയളവിലെ നികുതി വരുമാനത്തിലെ വളർച്ച മുൻവർഷത്തെ അപേക്ഷിച്ച് 10.02 ശതമാനമാണ്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 8.98 ശതമാനം വളർച്ച രേഖപ്പെടുത്തിയപ്പോൾ സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിന് 16.47 ശതമാനം വളർച്ചയുണ്ടായി. ഈ കാലയളവിൽ സർക്കാരിന്റെ ആകെ ചെലവ് മുൻവർഷത്തെ അപേക്ഷിച്ച് 13.32 ശതമാനം കൂടിയിട്ടുണ്ട്. 31-12-2016-ലെ റവന്യൂ കമ്മി 8901 കോടി രൂപയും ധനകമ്മി 13739.72 കോടി രൂപയുമാണ്.

(ബി) 31-12-2016 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ തനത് വരുമാനം 30214.66 കോടി രൂപയും നികുതിയേതര വരുമാനം 5277.54 കോടി രൂപയും കേന്ദ്ര നികുതി വിഹിതം 9567.59 കോടി രൂപയും കേന്ദ്ര ധനസഹായം 5347.70 കോടി രൂപയുമാണ്. 1-4-2016 മുതൽ 31-12-2016 വരെയുള്ള കാലയളവിലെ ആകെ റവന്യൂ ചെലവ് 59308.49 കോടി രൂപയും മൂലധന ചെലവ് 4535.63 കോടി രൂപയും വായ്പാ ചെലവ് 303.09 കോടി രൂപയുമാണ്.

(സി) സംസ്ഥാനത്തെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 1-4-2016 മുതൽ 31-12-2016 വരെയുള്ള കാലയളവിൽ 36311.05 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രകാരം പ്രതീക്ഷിച്ച മൂലധന ചെലവ് 9572.92 കോടി രൂപയും 31-12-2016 വരെയുള്ള കാലയളവിലെ ചെലവ് 4535.63 കോടി രൂപയുമാണ്.

## നോട്ടുനിരോധനംമൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധി

85 (438) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ടുനിരോധനംമൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത നടപടി മൂലം പ്രതിസന്ധി എത്രത്തോളം മറികടക്കുവാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) കേരളത്തിന് ഈ പ്രതിസന്ധി മറികടക്കുവാൻ ഇനി എത്രകാലം വേണ്ടിവരും; ഇത് സംബന്ധിച്ചുള്ള സാധ്യതാ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും നിശ്ചലാവസ്ഥയിലാക്കുകയും സമ്പദ് വ്യവസ്ഥയെ മാന്ദ്യത്തിലേയ്ക്ക് തള്ളിയിടുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത മാന്ദ്യം തരണംചെയ്യുന്നതിന് സർക്കാർ പദ്ധതി കളിലൂടെയുള്ള ചെലവഴിക്കൽ വർദ്ധിപ്പിക്കുകയെന്നത് അത്യന്താപേക്ഷിതമായി കാണുന്നു. എന്നാൽ നോട്ട് അസാധുവാക്കൽ നികുതി വരുമാനത്തിലുണ്ടാക്കിയ വൻ ഇടിവ് മേൽ ദിശയിലുള്ള പ്രവർത്തനത്തിന്റെ വ്യാപ്തിയെ സാരമായി ബാധിച്ചിട്ടുണ്ട്. പക്ഷേ ഈ പരിമിതമായ സാഹചര്യത്തിലും പരമാവധി പൊതുപണം സമ്പദ്ഘടനയിലേയ്ക്ക് ഒഴുക്കുന്നതിന് ആത്മാർത്ഥവും ഊർജ്ജിതവുമായ പരിശ്രമം സർക്കാർ നടത്തിയിരുന്നു. എന്നാൽ റിസർവ് ബാങ്കിന്റെ നിയന്ത്രണങ്ങൾ മൂലം ട്രഷറിയിലെ ക്രയവിക്രയം ഒരു പരിധിവരെ തടസ്സപ്പെട്ടിരുന്നു. ട്രഷറി ഇടപാടുകൾക്ക് ഏർപ്പെടുത്തിയ നിയന്ത്രണംമൂലം സംസ്ഥാനത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ വേഗത മന്ദീഭവിക്കുകയും സംസ്ഥാനത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങളെ മൊത്തത്തിൽ പിന്നോട്ടടിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും നിലവിലെ പ്രതിസന്ധി മറികടക്കുന്നതിന് ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്.

ഹ്രസ്വകാല അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ

1. നോട്ട് അസാധുവാക്കലിനോടനുബന്ധിച്ച് ട്രഷറി ഇടപാടുകൾ ക്കുണ്ടായിരുന്ന പ്രതിബന്ധങ്ങൾ പരിഹരിക്കുന്നതിന്, റിസർവ് ബാങ്ക് പുറപ്പെടുവിച്ച ഉത്തരവുകൾക്ക് വിധേയമായി, അടിയന്തര നടപടികൾ സ്വീകരിച്ചിരുന്നു. നോട്ട് പിൻവലിച്ചതിന്റെ ഫലമായുണ്ടായ കറൻസി ക്ഷാമം ലഘൂകരിക്കുവാൻ ഇതുമൂലം സാധിച്ചു.

2. നോട്ട് റദ്ദാക്കലിന്റെ ദുരിതം ലഘൂകരിക്കുന്നതിനായി പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി ട്രഷറി സേവിംഗ്സ് ബാങ്കിലൂടെ നൽകുന്നതിനായി ജില്ലാ കളക്ടർമാർക്ക് പലിശരഹിത പ്രത്യേക റ്റി.എസ്.ബി. അക്കൗണ്ട് തുറന്നുകൊണ്ട് പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി നൽകുന്നതിന് നിർദ്ദേശം നൽകി.

3. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ട് ഉള്ളവർക്ക് പണം പിൻവലിക്കാൻ കഴിയാതെ വന്നതിന് താൽക്കാലിക പരിഹാരമുണ്ടാക്കാനായി എല്ലാ പ്രാഥമിക സഹകരണ സംഘം അംഗങ്ങൾക്കും ഓരോ മിറർ അക്കൗണ്ട് ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ തുറക്കുന്നതിനുള്ള സൗകര്യമുണ്ടാക്കി.

4. സർക്കാരിന്റെ നയപരമായ നടപടികളിലൂടെ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനോടൊപ്പം, സർക്കാർ സ്വതന്ത്രമായ ഇടപെടലിലൂടെ കറൻസി രഹിത ധനവ്യവഹാരങ്ങൾ വാണിജ്യ ബാങ്കുകളിലും സഹകരണ ബാങ്കുകളിലും വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി.

<u>ദീർഘകാല അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ</u>

1. കറൻസി പിൻവലിക്കൽ ബഡ്ജറ്റിന്മേൽ സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ പരിഹരിക്കുന്ന തരത്തിൽ പദ്ധതി ചെലവുകൾ നിശ്ചിത ലക്ഷ്യത്തിൽ നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

2. നോട്ട് നിരോധനത്തിന്റെ ഫലമായുള്ള സാമ്പത്തിക മാന്ദ്യം മറികടക്കുന്നതിനായി സംസ്ഥാനത്തിന്റെ പശ്ചാത്തല വികസന മേഖലയിൽ സ്തംഭനാവസ്ഥയിലായിരുന്ന പല പ്രമുഖ പദ്ധതികളും അതിവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബോർഡിന്റെ (കെ.ഐ.ഐ.എഫ്.ബി.) നാലായിരത്തിലധികം കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി.

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിവരുന്നു.

4. സംസ്ഥാന ട്രഷറിയിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്.) നടപ്പിലാക്കി. നടപ്പ് സാമ്പത്തിക വർഷം മുതൽ ഇത് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകും. ട്രഷറി സേവിംഗ്സ് ബാങ്കിംഗിനായുള്ള കോർ ബാങ്കിംഗ് സിസ്റ്റം എല്ലാ ട്രഷറികളിലും പൂർത്തിയാക്കി.

5. നിലവിലെ തൊഴിൽക്ഷാമം പരിഹരിക്കുവാൻ പ്രതിവർഷം നേരിട്ടും അല്ലാതെയുമുള്ള 1000-ന് മേൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഏറ്റവും കുറഞ്ഞത് 1000 സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ വർഷംതോറും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന ആരംഭിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആലോചനയിലാണ്.

6. കോർ-ബാങ്കിംഗ് നെറ്റ്‌വർക്ക് ഉൾപ്പെടെയുള്ള എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളോടുകൂടി നടപ്പുവർഷം കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള ശ്രമത്തിലാണ്. സഹകരണ മേഖലയിൽ ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കും. സഹകരണ മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നത് തുടരുകയും നിക്ഷേപങ്ങൾക്ക് ഗ്യാരന്റി ലഭ്യമാക്കുന്നത് പരിഗണിക്കുന്നതുമാണ്.

നോട്ട് റദ്ദാക്കിയതുമൂലമുള്ള അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിന് ഹ്രസ്വകാല നടപടികൾക്കൊണ്ട് ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്. ദീർഘകാല നടപടികളുടെ ഗുണഫലം വരും ദിനങ്ങളിൽ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) നോട്ട് നിരോധനം കേരളത്തിന്റെ സമ്പദ്ഘടനയിൽ ഏൽപ്പിച്ചിട്ടുള്ള ഗുരുതര പ്രതിസന്ധി മറികടക്കുവാൻ ഇനിയെത്ര കാലം വേണ്ടിവരുമെന്ന് നിലവിലെ സാഹചര്യത്തിൽ കണക്കാക്കുവാൻ സാധിക്കുകയില്ല. ഇത് സംബന്ധിച്ച് സർക്കാർ തലത്തിൽ സാധ്യതാ പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നിരുന്നാലും നോട്ട് നിരോധനം സമ്പദ്‌വ്യവസ്ഥയുടെ സമസ്ത മേഖലകളെയും സാരമായി ബാധിച്ചിട്ടുള്ള പശ്ചാത്തലത്തിൽ ആയതുമൂലമുള്ള സാമ്പത്തിക മാന്ദ്യത്തിൽനിന്ന് മുക്തമാകുവാൻ ഇനിയും വർഷങ്ങൾ വേണ്ടിവന്നേയ്ക്കാം.

**തദ്ദേശസ്ഥാപനങ്ങൾക്കായി പുതുക്കിയ വാർഷിക പദ്ധതി**

86 (439) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം തദ്ദേശസ്ഥാപനങ്ങൾക്കായി പുതുക്കിയ വാർഷിക പദ്ധതിയിൽ എത്ര കോടി രൂപയാണ് നീക്കിവച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം അവസാനിക്കാൻ ദിവസങ്ങൾ മാത്രം അവശേഷിക്കെ ഇതിൽ എത്ര ശതമാനം ചെലവഴിക്കപ്പെട്ടു എന്നും ഇത് പദ്ധതി ചെലവിനായി സർക്കാർ നിശ്ചയിച്ചിരുന്ന ലക്ഷ്യത്തിന്റെ അടുത്ത് എത്തിയോ എന്നും വ്യക്തമാക്കുമോ;

(സി) സാമ്പത്തികവർഷത്തിന്റെ അവസാനമാസത്തിൽ പണത്തിന്റെ ഭൂരിഭാഗവും തിരക്കിട്ട് ചെലവാക്കുന്ന രീതി പദ്ധതി പ്രവർത്തനങ്ങളുടെ സുതാര്യതയും കാര്യക്ഷമതയും ഇല്ലാതാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ?

ഉത്തരം

(എ) 5724.72 കോടി.

(ബി) 2016-17 സാമ്പത്തിക വർഷം വകയിരുത്തിയ 5724.72 കോടി രൂപയിൽ 3973.95 കോടി രൂപ (താൽക്കാലികം) (72%) ചെലവഴിച്ചു. 2017 മാർച്ച് 31-നകം 100% ചെലവഴിക്കണം എന്നാണ് സർക്കാർ നിർദ്ദേശിച്ചിരുന്നത്.

(സി) ധൃതിപിടിച്ച് ചെലവാക്കുന്ന രീതി സൃഷ്ടിക്കുന്ന പരിമിതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

## 2011-2016-ൽ നോമിനേറ്റഡ് എം.എൽ.എ.വഴി ഭരണാനുമതി നൽകിയ പ്രവൃത്തികൾ

87 (440) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലഘട്ടത്തിൽ നോമിനേറ്റഡ് എം.എൽ.എ. വഴി ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## 2016-17 സാമ്പത്തിക വർഷത്തെ നികുതിയേതര വരുമാനം

88 (441) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തെ 31-3-2017 വരെയുള്ള നികുതിയേതര വരുമാനം എത്രയാണ്; വിശദാംശം നൽകുമോ;

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിച്ച നികുതിയേതര വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(ഡി) 2017-18 സാമ്പത്തിക വർഷം നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2016 ഡിസംബർ 31 വരെയുള്ള നികുതിയേതര വരുമാനം 5277,53,89,189 രൂപയാണ്. (2017 ജനുവരി മുതലുള്ള കണക്കുകൾ ഔദ്യോഗികമായി അക്കൗണ്ടന്റ് ജനറൽ പുറപ്പെടുവിച്ചിട്ടില്ല.)

(ബി) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2016-17 സാമ്പത്തിക വർഷം പ്രതീക്ഷിത വരുമാനത്തിന്റെ 46.46 ശതമാനം 2016 ഡിസംബർ 31 വരെ ലഭിച്ചിട്ടുണ്ട്.

(സി) നോട്ട് പിൻവലിച്ചതുമൂലം നടപ്പുസാമ്പത്തികവർഷം മുൻവർഷങ്ങളെ അപേക്ഷിച്ച് ലഭിച്ചുകൊണ്ടിരുന്ന നികുതിയേതര വരുമാനത്തിൽ പ്രതീക്ഷിച്ച വർദ്ധനവിൽ കുറവുണ്ടായിട്ടുണ്ട്. നികുതിവരുമാന വളർച്ചാനിരക്കിലും കുറവുണ്ടായിട്ടുണ്ട്.

(ഡി) 23-9-2014-ലെ സ.ഉ.(പി) നമ്പർ 409/2014/ധന. പ്രകാരമാണ് അവസാനമായി നികുതിയേതര നിരക്കുകൾ പുതുക്കി നിശ്ചയിച്ചത്. നിലവിലെ നിരക്കുകൾ പുനഃപരിശോധിക്കേണ്ട സാഹചര്യം നിലവിലില്ല.

## 2016-17 ബഡ്ജറ്റ് പ്രസംഗത്തിലെ പുതിയ പദ്ധതികൾ

89 (442) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പുതിയതായി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) അവയിൽ നാളിതുവരെ ഭരണാനുമതി നൽകിയിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാം;

(സി) പ്രസ്തുത പദ്ധതികളിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയവ എത്ര;

(ഡി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുകയും നടപടികൾ ആരംഭിക്കാതിരിക്കുകയും ചെയ്ത പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) ശേഖരിച്ച് നൽകുന്നതാണ്.

## 2016-17 സാമ്പത്തിക വർഷം ബജറ്റിൽ ചെലവഴിക്കാൻ അനുവദിച്ച തുക

90 (443) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം ഓരോ വകുപ്പിനും ധനാഭ്യർത്ഥനയിലൂടെ ബജറ്റിൽ അനുവദിച്ച തുക എത്ര വീതമായിരുന്നു;

(ബി) 31-3-2017 വരെയുള്ള കണക്കുകൾ പ്രകാരം ഓരോ വകുപ്പും ചെലവഴിച്ച തുക എത്ര വീതമാണെന്നും ചെലവഴിച്ച തുക വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനമാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ&ബി) 2016-17 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്കായി ധനാഭ്യർത്ഥനയിലൂടെ വകയിരുത്തിയ തുകയും അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2016 ഡിസംബർ 31 വരെയുള്ള ചെലവും ചെലവഴിച്ച തുകയുടെ ശതമാനത്തിലുള്ള കണക്കും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

## 2016-17 സാമ്പത്തിക വർഷത്തെ പുതിയ ബഡ്ജറ്റ് നിർദ്ദേശങ്ങൾ

91 (444) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് നിർദ്ദേശങ്ങളിൽ നടപ്പിലാക്കാൻ സാധിക്കാതിരുന്നത് ഏതൊക്കെയായിരുന്നുവെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) 2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് നിർദ്ദേശങ്ങളിൽ ഇതുവരെ നടപ്പിലാക്കിയവ ഏതൊക്കെയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കിവരുന്നു.

(ബി) വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## 2016-17 സാമ്പത്തിക വർഷത്തെ നികുതി പിരിവ്

92 (445) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിൽ 31-3-2017 വരെ നികുതി യിനത്തിൽ പിരിച്ചെടുത്ത തുക എത്ര ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് പിരിച്ചെടുക്കുവാൻ ഉദ്ദേശിച്ചിരുന്നത്; വിശദമാക്കുമോ;

(സി) നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച വന്നതായി കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) തമിഴ്നാട്ടിൽനിന്നും നികുതി വെട്ടിച്ച് സാധനങ്ങൾ കേരളത്തിലേക്ക് കൊണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ ചെക്പോസ്റ്റുകളിൽ എന്തൊക്കെ ക്രമീകരണങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സാങ്കേതിക പ്രശ്നങ്ങൾ കാരണം സംസ്ഥാനത്തെ ചില ട്രഷറികളിലെ കണക്കുകൾ അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായിട്ടില്ല. ആയതിനാൽ 2016-17 ഡിസംബർ 31 വരെയുള്ള കണക്കുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. 2016-17 സാമ്പത്തിക വർഷം തനത് നികുതി വരുമാനമായി 47613.61 കോടി രൂപയാണ് പിരിച്ചെടുക്കാൻ ഉദ്ദേശിച്ചിരുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ 31-12-2016 വരെ തനത് നികുതി വരുമാനമായി 30214.66 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച വന്നതായി കരുതുന്നില്ല. എന്നാൽ നോട്ട് നിരോധനംമൂലവും ബാർ ഹോട്ടലുകൾ അടച്ചതുമൂലവും നികുതി വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്.

(ഡി) തമിഴ്നാട്ടിൽ നിന്നും നികുതി വെട്ടിച്ച് സാധനങ്ങൾ കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നത് തടയുന്നതിനായി വിവിധ ചെക്ക് പോസ്റ്റുകളുടെ പരിസരത്ത് ഇന്റലിജൻസ് സ്ക്വാഡുകളെ വിന്യസിച്ച് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. ചെക്ക്പോസ്റ്റ് കടന്നുവരുന്ന വാഹനങ്ങളെ ഓവർചെക്ക് ചെയ്യുന്നതിനും സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ബിൽ പരിശോധന, ടൂറിസ്റ്റ് ബസ്സുകൾ പരിശോധന എന്നിവ പതിവായി നടത്തുന്നുണ്ട്. ഇതോടൊപ്പം അന്തർ സംസ്ഥാന വില്പനയുടെ കാര്യത്തിൽ സി-ഫോറം വെരിഫൈ ചെയ്യുന്നതിനായി ഒരു പ്രത്യേക ടീമിനെ നിയോഗിച്ച് പരിശോധന നടത്തുകയും വ്യാജ ഫോമുകൾ കണ്ടെത്തുന്ന കേസ്സുകളിൽ ഉയർന്ന നിരക്കിൽ നികുതി ഈടാക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി 2016-17

93 (446) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിക്കായി എത്ര കോടി രൂപയാണ് നീക്കിവച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) വാർഷിക പദ്ധതിയിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി രൂപ ഓരോ വകുപ്പുകളും ചെലവഴിച്ചെന്ന് വിശദമാക്കുമോ;

(സി) വാർഷിക പദ്ധതിയിൽ 31-3-2017 വരെ എന്ത് തുക ചെലവിടണമെന്നാണ് നിഷ്കർഷിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ഡി) വാർഷിക പദ്ധതിയുടെ ചെലവ് കൂട്ടാൻ ഏതെങ്കിലും പ്രത്യേക ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത ഉത്തരവുകളിലെ പ്രധാന നിർദ്ദേശങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിക്കായി 30,534.17 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്.

(ബി) വാർഷിക പദ്ധതിയിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഓരോ വകുപ്പും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) വാർഷിക പദ്ധതിയിൽ 31-3-2017 വരെ മുഴുവൻ തുകയും ചെലവിടണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്.

(ഡി&ഇ) 12-1-2017-ലെ 02/2017/ധന. നമ്പർ സർക്കുലർ പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചെലവ് വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര വിഹിതം ലഭ്യമാകുന്നതുവരെ കാത്തുനിൽക്കാതെ സംസ്ഥാന വിഹിതം റിലീസ് ചെയ്ത് നൽകുന്നതിനുള്ള നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 30-3-2017-ലെ 20/2017/ധന നമ്പർ സർക്കുലർ പ്രകാരം സാമ്പത്തിക വർഷത്തിന്റെ അവസാന പാദാന്ത്യത്തിൽ പ്രത്യേകിച്ച് മാർച്ച് മാസത്തിൽ വർദ്ധിച്ച തോതിൽ ചെലവഴിക്കുന്നത് ഒഴിവാക്കിക്കൊണ്ട് കാര്യക്ഷമമായി പ്ലാൻ ഫണ്ട് ചെലവഴിക്കുന്നതിനും മെച്ചപ്പെട്ട ധന മാനേജ്മെന്റ് ഉറപ്പുവരുത്തുന്നതിനുമായി എല്ലാ സാമ്പത്തിക വർഷവും മാർച്ച് മാസത്തിനു മുമ്പായി പ്ലാൻ ഫണ്ടിന്റെ 85 ശതമാനം ചെലവഴിച്ചിരിക്കണമെന്നും അവസാന പാദാന്ത്യത്തിൽ 33 ശതമാനം എന്ന നിബന്ധനയോടെ ബാക്കി നിൽക്കുന്ന 15 ശതമാനം മാർച്ച് മാസത്തിൽ ചെലവഴിക്കണമെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. (പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## 2016-17 ബജറ്റ് പ്രസംഗത്തിൽ കിഫ്ബി മുഖേന അനുവദിച്ച പദ്ധതികളുടെ വിഹിതം

94 (447) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബജറ്റ് പ്രസംഗത്തിൽ ഓരോ വകുപ്പിനും കിഫ്ബി മുഖേന എത്ര തുകയുടെ വീതം പദ്ധതികളാണ് പ്രഖ്യാപിച്ചത്;

(ബി) അതുപ്രകാരം ഓരോ വകുപ്പും കിഫ്ബിയിലേയ്ക്ക് എത്ര തുകയുടെ പദ്ധതികളുടെ ഡി.പി.ആർ. സമർപ്പിക്കുകയുണ്ടായി;

(സി) ഓരോ വകുപ്പും സമർപ്പിച്ച ഡി.പി.ആർ പ്രകാരം ഓരോ വകുപ്പിന്റെയും എത്ര തുകയുടെ പദ്ധതികൾക്ക് കിഫ്ബി ഫണ്ട് ലഭ്യമാക്കി ഭരണാനുമതി നൽകുകയുണ്ടായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 ബജറ്റ് പ്രസംഗത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ച പദ്ധതികളുടെ പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി&സി) 2016-17-ലെ ബജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ച പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആർ.) കിഫ്ബിക്ക് സമർപ്പിക്കുകയും അവയുടെ വിശദമായ പരിശോധനയ്ക്കുശേഷം 7-11-2016-ൽ കൂടിയ കിഫ്ബോർഡിന്റെ 27-ാമത് ബോർഡ് യോഗം 4004.86 കോടി രൂപ മുതൽമുടക്കുള്ള 48 പദ്ധതികൾക്ക് അംഗീകാരം നൽകുകയും ചെയ്തു. തുടർന്ന് 21-3-2017-ൽ കൂടിയ കിഫ്ബോർഡിന്റെ 28-ാമത് ബോർഡ് യോഗം 8041.65 കോടി രൂപ മുതൽമുടക്കുള്ള 53 പദ്ധതികൾക്ക് നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകി. കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ പട്ടിക ഉള്ളടക്കം ചെയ്യുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേന്ദ്ര നികുതികളുടെയും ഗ്രാന്റുകളുടെയും 2017-18-ൽ പ്രതീക്ഷിക്കുന്ന സംസ്ഥാന വിഹിതം

95 (448) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തേക്കുള്ള കേന്ദ്ര ബജറ്റ് പ്രകാരം കേരളത്തിന് 2017-18-ൽ ലഭിക്കുമെന്ന് കരുതാവുന്ന തുക ഓരോ ഇനത്തിലും എത്ര വീതമാണെന്ന് വിശദമാക്കുമോ;

(ബി) കേന്ദ്ര നികുതികളുടെയും ഗ്രാന്റുകളുടെയും 2017-18-ൽ പ്രതീക്ഷിക്കുന്ന സംസ്ഥാന വിഹിതം ഓരോ ഇനത്തിലും എത്ര കോടി രൂപ വീതമായിരിക്കുമെന്ന് വിശദമാക്കുമോ;

(സി) 2016-17-ൽ സംസ്ഥാനം കേന്ദ്രത്തിൽനിന്നും പ്രതീക്ഷിച്ചിരുന്ന തുക ഓരോ ഇനത്തിലും എത്രയായിരുന്നു; അതിൽ കുറവ് വന്നത് ഏതെല്ലാം ഇനത്തിൽ; കൂടിയവ ഏതെല്ലാം ഇനത്തിൽ എന്ന് വ്യക്തമാക്കുമോ;

(ഡി) 2017-18-ൽ കേന്ദ്ര ബജറ്റിലെ പ്രൊവിഷൻ അനുസരിച്ച് സംസ്ഥാനം പ്രതീക്ഷിച്ചിരുന്ന ഗ്രാന്റുകളിലും നികുതികളിലും കുറവുണ്ടാകുന്ന ഇനങ്ങൾ ഏവ; വർദ്ധന ഉണ്ടാകാൻ സാധ്യതയുള്ള ഇനങ്ങൾ ഏവ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള കേന്ദ്ര ബഡ്ജറ്റ് പ്രകാരം കേരളത്തിന് 2017-18-ൽ ഓരോ ഇനത്തിലും ലഭിക്കുമെന്ന് കരുതാവുന്ന തുക താഴെ ചേർക്കുന്നു:

(തുക കോടിയിൽ)

| | |
|---|---|
| കേന്ദ്ര നികുതി വിഹിതം | 16891.75 |
| ഗ്രാന്റ്-ഇൻ-എയ്ഡ് | |
| 1. വരുമാനകമ്മി | 1529.00 |
| 2. തദ്ദേശസ്വയംഭരണം | 1508.36 |
| 3. ദുരന്ത നിവാരണം | 153.00 |

(ബി) കേന്ദ്ര നികുതികളുടെയും ഗ്രാന്റുകളുടെയും 2017-18-ൽ പ്രതീക്ഷിക്കുന്ന സംസ്ഥാനവിഹിതം താഴെ ചേർക്കുന്നു:

| | |
|---|---|
| കേന്ദ്ര നികുതി വിഹിതം | 19346.00 |
| ഗ്രാന്റ്-എൻ-എയ്ഡ് | |
| 1. വരുമാനകമ്മി | 1529.00 |
| 2. തദ്ദേശസ്വയംഭരണം | 1508.36 |
| 3. ദുരന്തനിവാരണം | 153.00 |

(സി) 2016-17 സംസ്ഥാനം കേന്ദ്രത്തിൽനിന്നും പ്രതീക്ഷിക്കുന്ന തുക ലഭിച്ചത്, വ്യത്യാസം വന്നത് എന്നിവ താഴെ ചേർക്കുന്നു:

| ഇനം | പ്രതീക്ഷിച്ചത് | ലഭിച്ചത് | വ്യത്യാസം |
|---|---|---|---|
| കേന്ദ്ര നികുതി വിഹിതം | 14282 | 15225 | 943 (+) |
| ഗ്രാന്റ് -ഇൻ-എയ്ഡ് | | | |
| 1. വരുമാനകമ്മി | 3350 | 3350 | ഇല്ല |
| 2. തദ്ദേശസ്വയംഭരണം | 1310.05 | 1066.5711 | 243.4789(-) |
| 3. ദുരന്തനിവാരണം | 145.50 | 72.75 | 72.75 (-) |

(ഡി) 2017-18-ൽ കേന്ദ്ര ബഡ്ജറ്റിലെ പ്രൊവിഷൻ അനുസരിച്ച് സംസ്ഥാനം പ്രതീക്ഷിച്ചിരുന്ന ഗ്രാന്റുകളിലും നികുതികളിലും കുറവുണ്ടാകുന്ന ഇനങ്ങളും വർദ്ധനവുണ്ടാകാൻ സാധ്യതയുള്ളതുമായ ഇനങ്ങൾ ഇവയാണ്.

| ഇനം | കമ്മീഷൻ ശിപാർശ ചെയ്തത് | കേന്ദ്ര ബഡ്ജറ്റിൽ വകയിരുത്തിയത് | വ്യത്യാസം |
|---|---|---|---|
| കേന്ദ്ര നികുതി വിഹിതം | 19346.00 | 16891.75 | 2454.25 |
| ഗ്രാന്റ് -ഇൻ-എയ്ഡ് | | | |
| 1. വരുമാനകമ്മി | 1529.00 | 1529.00 | ഇല്ല |
| 2.തദ്ദേശസ്വയംഭരണം | 1508.28 | 1508.36 | ഇല്ല |
| 3. ദുരന്തനിവാരണം | 153.00 | 153.00 | ഇല്ല |

## 2017-18-ലെ ബജറ്റിൽ കോങ്ങാട് മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ

96 (449) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ ബജറ്റിൽ കോങ്ങാട് മണ്ഡലത്തിലേയ്ക്കായി അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരം നൽകുമോ;

(ബി) ഓരോ പദ്ധതികൾക്കും എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിലേയ്ക്കായി നിയോജകമണ്ഡലം - ആസ്തി വികസന പദ്ധതിയുടെ കീഴിൽ (LAC-ADS) കോങ്ങാട് നിയോജകമണ്ഡലത്തിനായി 5 കോടി രൂപ 2017-18-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കമ്പ-ചളിക്കടമ്പ് പാലത്തിന് 20 കോടി രൂപയും, കരിമ്പ സമഗ്ര കുടിവെള്ള പദ്ധതിക്ക് 25 കോടി രൂപയും കിഫ്ബി വഴി അനുവദിച്ചിട്ടുണ്ട്. മറ്റ് പദ്ധതികളെക്കുറിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

## 2017-18 സാമ്പത്തിക വർഷത്തിന്റെ ആദ്യ 5 ദിവസം അനുമതി നൽകിയ പദ്ധതികൾ

97 (450) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിന്റെ ആദ്യ 5 ദിവസം കൊണ്ട് എത്ര കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകിയെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വകുപ്പ് തലത്തിൽ നൽകുന്ന പണികൾക്കപ്പുറം ഓരോ നിയോജക മണ്ഡലങ്ങളിലും ഇതിന്റെ ഗുണഫലങ്ങൾ ലഭിക്കുമോ; വിശദീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ അടങ്ങുന്ന ഗ്രീൻബുക്കിന്റെ പ്രസക്ത ഭാഗങ്ങൾ വിശദീകരിക്കാമോ?

ഉത്തരം

(എ-സി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## 2017 മാർച്ച് 31-ലെ കണക്കുപ്രകാരം വകുപ്പുകൾ ചെലവഴിച്ച തുക

98 (451) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മാർച്ച് 31-ലെ കണക്കുപ്രകാരം ഓരോ വകുപ്പും ചെലവഴിച്ച തുകയുടെ വിശദവിവരം ബജറ്റ് വിഹിതവുമായി താരതമ്യപ്പെടുത്തി നൽകുമോ; ഓരോ വകുപ്പും ചെലവഴിച്ച തുകയുടെ ശതമാനക്കണക്ക് ലഭ്യമാണോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത കണക്ക് 2016-17 വർഷത്തെ കണക്കുമായി താരതമ്യ പ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) 2016-17 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്കായി ധനാഭ്യർത്ഥനയിലൂടെ വകയിരുത്തിയ തുകയും അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2016 ഡിസംബർ 31 വരെയുള്ള ചെലവും, ചെലവഴിച്ച തുകയുടെ ശതമാനത്തിലുള്ള കണക്കും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

## കേന്ദ്ര സർക്കാരിന്റെ സ്റ്റാന്റ്അപ്പ് ഇന്ത്യ സ്കീം

99 (452) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ Standup India Scheme (പുതിയ വ്യവസായ സംരംഭം തുടങ്ങുന്നതിന് വനിതകൾക്കും, എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കും സെക്യൂരിറ്റിയില്ലാതെ നൽകുന്ന വ്യവസായ വായ്പ) കേരളത്തിലെ വിവിധ ദേശസാത്കൃത ബാങ്കുകളിലൂടെ നടപ്പാക്കിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) Standup India Scheme തുടങ്ങുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെ യെന്ന് വിശദമാക്കുമോ; ഇതിലേക്ക് എന്തൊക്കെ കാര്യങ്ങൾ അപേക്ഷകർ ബാങ്കിൽ കൊടുക്കണമെന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വായ്പ ബാങ്കുകളിൽനിന്നും അപേക്ഷകർക്ക് എത്രയും വേഗം കൊടുക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിൽനിന്നും ബാങ്കുകൾക്ക് ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി മുഖാന്തിരം വായ്പ എടുക്കുന്ന വനിതകൾക്കും, എസ്.സി./എസ്.ടി. വിഭാഗക്കാർക്കും കേന്ദ്ര സർക്കാരിൽ നിന്നും ഏതെങ്കിലും വിധത്തിലുള്ള സബ്സിഡി നൽകുന്നുണ്ടോ; വിശദമാക്കുമോ;

(ഇ) ഈ പദ്ധതിക്ക് എത്ര ശതമാനം പലിശയാണ് ബാങ്കുകൾ ഈടാക്കുന്നത്; വിശദമാക്കുമോ;

(എഫ്) എത്ര കോടി രൂപ വരെയാണ് ഓരോ പ്രോജക്ടിന്റെയും വെളിച്ചത്തിൽ ഈ പദ്ധതിക്ക് ബാങ്കുകൾ വായ്പ നൽകുന്നത്; വിശദമാക്കുമോ; കേന്ദ്ര സർക്കാരിന്റെ പ്രസ്തുത വായ്പയ്ക്ക് ഏതെങ്കിലും വിധത്തിലുള്ള സെക്യൂരിറ്റി ബാങ്കുകാർ ആവശ്യപ്പെടുന്നതായി വാർത്തകൾ ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) വനിതാ, എസ്.സി./എസ്.ടി. വ്യവസായ സംരംഭം കേരളത്തിൽ വളർത്തുന്നതിന്റെ ഭാഗമായി വായ്പ എത്രയും വേഗം കൊടുത്ത് സംരംഭകരെ സഹായിക്കാൻ എന്തൊക്കെ ചെയ്യുവാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്റ്റാന്റ്അപ്പ് ഇന്ത്യ സ്കീമിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ www.standupmitra.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) ബാങ്കുകൾക്ക് അവരുടെ ഹെഡ് ഓഫീസ് മുഖേനയും എസ്.എൽ.ബി.സി. വഴിയും നിർദ്ദേശങ്ങൾ സർക്കാർ നൽകിയിട്ടുണ്ട്.

(ഡി) ഇതുസംബന്ധിച്ച വിശദാംശങ്ങൾ www.standupmitra.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ഓരോ ബാങ്കിനും ബേസ് റേറ്റിൽ വ്യത്യാസമുള്ളതിനാൽ ബാങ്കുകൾ ഈടാക്കുന്ന പലിശ നിരക്കുകളും വ്യത്യസ്തമായിരിക്കും. ബേസ് റേറ്റ് (എം.സി.എൽ.ആർ.) + 3% + Tenor premium എന്ന നിരക്കിലാണ് പൊതുവിൽ ബാങ്കുകൾ പലിശ ഈടാക്കുന്നത്.

(എഫ്) സ്റ്റാന്റ്അപ്പ് ഇന്ത്യ സ്കീം പ്രകാരം 10 ലക്ഷത്തിനും 1 കോടിക്കും ഇടയിലാണ് ബാങ്കുകൾ വായ്പ നൽകുന്നത്. പ്രൈമറി സെക്യൂരിറ്റി കൂടാതെ ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട് സ്കീം ഫോർ സ്റ്റാന്റ്അപ്പ് ഇന്ത്യ ലോൺസ് സെക്യൂരിറ്റി കൂടി എടുക്കാറുണ്ട്.

(ജി) പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജി.എസ്.ടി. രജിസ്ട്രേഷൻ

100 (453) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മാർച്ച് 31 വരെ സംസ്ഥാനത്തെ എത്ര ശതമാനം വ്യാപാരികൾ ജി.എസ്.ടി. രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്;

(ബി) പ്രസ്തുത രജിസ്ട്രേഷൻ ചെയ്യുവാനായി കാലാവധി നീട്ടി നൽകിയിട്ടുണ്ടോ;

(സി) ജി.എസ്.ടി. രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലഘൂകരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് 70 ശതമാനം വ്യാപാരികൾ ജി.എസ്.ടി. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) 2017 ഏപ്രിൽ 30 വരെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്.

(സി) നിലവിൽ വാറ്റ് രജിസ്ട്രേഷനുള്ള എല്ലാ വ്യാപാരികൾക്കും ജി.എസ്.ടി. രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് നിലവിലുള്ള രജിസ്ട്രേഷൻ നടപടികൾ നടത്തിവരുന്നത്. ഇതിനുള്ള സൗകര്യം ദേശീയാടിസ്ഥാനത്തിൽ ഒരുക്കിയിരിക്കുന്നത് കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ഓഹരി പങ്കാളിത്തമുള്ള ജി.എസ്.ടി.എൻ. എന്ന കമ്പനിയാണ്. നിലവിലുള്ള വ്യാപാരികൾക്ക് ജി.എസ്.ടി. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിനുവേണ്ടി താൽക്കാലിക ഐ.ഡി.-യും പാസ്‌വേർഡും ഇതിനോടകം നൽകിക്കഴിഞ്ഞിട്ടുണ്ട്.

## ചരക്ക് സേവന നികുതി (ജി.എസ്.ടി)

101 (454) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി (ജി.എസ്.ടി.) സംസ്ഥാനത്ത് എന്നുമുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ജി.എസ്.ടി.-യുടെ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ:

(സി) ജി.എസ്.ടി. പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ കാര്യക്ഷമമായ കമ്പ്യൂട്ടർ സംവിധാനം പരിപാലിക്കുന്നതിന് ഏതെങ്കിലും ഏജൻസികളെ ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരണം നൽകാമോ?

<u>ഉത്തരം</u>

(എ) 1-7-2017 മുതൽ രാജ്യമൊട്ടാകെ നടപ്പിലാക്കാനാണ് നിലവിലുള്ള തീരുമാനം.

(ബി) ജി.എസ്.ടി. നടപ്പിലാകുന്നതോടെ ചരക്കുകളുടെയും സേവനങ്ങളുടെയും കൈമാറ്റങ്ങളിൽ ഒരേ സമയം നികുതി ചുമത്താൻ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും അധികാരം ലഭിക്കുന്നതാണ്. സംസ്ഥാനത്തിനകത്തുള്ള കൈമാറ്റങ്ങളിൽ സംസ്ഥാനം എസ്.ജി.എസ്.ടി.യും ചുമത്തുന്നതാണ്. അന്തർ സംസ്ഥാന കൈമാറ്റങ്ങളിൽ കേന്ദ്രം ഐ.ജി.എസ്.ടി. ചുമത്തുന്നതാണ്. സി.ജി.എസ്.ടി. ഒരു പ്രാപ്യസ്ഥാന നികുതിയാണ്. അന്തർ സംസ്ഥാന കൈമാറ്റങ്ങളിൽ നൽകിയ നികുതി, വാങ്ങിയ വ്യാപാരിക്ക് അവർ തുടർ വില്പന നടത്തുമ്പോൾ ക്രെഡിറ്റ് എടുക്കാവുന്നതാണ്. നികുതിക്കുമേൽ നികുതി എന്ന അവസ്ഥ ഏതാണ്ട് പൂർണ്ണമായി ഒഴിവാകുന്നതാണ്. ഇത് വ്യാപാര സ്ഥാപനങ്ങൾ തമ്മിലുള്ള മത്സരം വർദ്ധിപ്പിക്കാൻ ഇടയാകുകയും ഉപഭോക്താക്കൾക്ക് ഗുണപ്രദമാവുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ കേരളം പ്രധാനമായും ഒരു ഉപഭോക്തൃ സംസ്ഥാനമാകയാൽ പ്രാപ്യസ്ഥാന തത്വം കേരളത്തിന്റെ നികുതി പിരിവിന് ഗുണപ്രദമാകും. കൂടാതെ telecommunication, finance, insurance എന്നീ സേവന മേഖലകളിൽനിന്നും കേരളം ഗണ്യമായ നികുതി പിരിവ് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിനകത്തുള്ള എല്ലാ കൈമാറ്റങ്ങളിലും എസ്.ജി.എസ്.ടി.യും സി.ജി.എസ്.ടിയും ഉള്ളതിനാൽ രണ്ട് നികുതി നിർണ്ണയ അധികാരികളുടെ മുമ്പിൽ വ്യാപാരികൾ കണക്ക് കാണിക്കേണ്ട സ്ഥിതി വരും. ചെറുകിട വ്യാപാരികളെ ഈ ബുദ്ധിമുട്ടിൽനിന്നും ഒഴിവാക്കുന്നതിനായി കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി.കൗൺസിലിൽ ശക്തമായ സമ്മർദ്ദം ചെലുത്തുകയുണ്ടായി. അതിനെത്തുടർന്ന് ഇത്തരം വ്യാപാരികളുടെ 90 ശതമാനം ഫയലുകളും സംസ്ഥാനങ്ങൾക്ക് കൈകാര്യം ചെയ്യാനുള്ള അധികാരം നൽകാമെന്ന് തത്വത്തിൽ സമ്മതിച്ചിട്ടുണ്ട്. ബാക്കിയുള്ള ഫയലുകൾ 1:1 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ വീതിക്കാമെന്നുമാണ് ഉണ്ടാക്കിയിരിക്കുന്ന ധാരണ. അടച്ച നികുതിയുടെ input tax credit flow സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനും തങ്ങൾക്ക് അർഹമായ നികുതി സമയാസമയങ്ങളിൽ ട്രാൻസ്ഫർ ചെയ്യപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ഇത് സഹായിക്കും.

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് മൂലധന പങ്കാളിത്തമുള്ള കമ്പനി നിയമത്തിലെ വകുപ്പ് 25 പ്രകാരം രജിസ്റ്റർ ചെയ്ത ജി.എസ്.ടി.എൻ. എന്ന കമ്പനിയാണ് കേന്ദ്ര-സംസ്ഥാന വകുപ്പുകളിൽ രജിസ്ട്രേഷനുള്ള എല്ലാ വ്യാപാരികൾക്കും രജിസ്ട്രേഷൻ നൽകുന്നതിനും റിട്ടേൺ ഫയൽ ചെയ്യുന്നതിനും ഇ-പേമെന്റ് നടത്തുന്നതിനും വേണ്ട ഐ.ടി. സംവിധാനമായ common portal തയ്യാറാക്കുന്നത്.

**ചരക്ക് സേവന നികുതി (ജി.എസ്.ടി.)നിയമം**

102 (455) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി (ജി.എസ്.ടി.) നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ള തെന്നും ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം എന്താണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമം നടപ്പിലാക്കുന്നതുമൂലം സർക്കാരിന് ഉണ്ടാകുന്ന നികുതി നേട്ടം എത്രയാണ്; നേട്ടമില്ലെങ്കിൽ നിയമം നടപ്പാക്കുന്നതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന വരുമാന നഷ്ടം നികത്താൻ എന്തെങ്കിലും പ്രത്യേക പാക്കേജ് നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ജി.എസ്.ടി. നടപ്പിലാക്കാൻ സംസ്ഥാനം എന്തെങ്കിലും നിയമ നിർമ്മാണം നടത്തേണ്ടതുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതിനുവേണ്ടി പാസ്സാക്കിയ 101-ാം ഭരണഘടനാ ഭേദഗതി നിയമപ്രകാരം ഇതിനുവേണ്ടിയുള്ള നിയമ നിർമ്മാണചട്ടങ്ങൾ, നടപടി ക്രമങ്ങൾ എന്നിവ ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശപ്രകാരം ആയിരിക്കും. ജി.എസ്.ടി. കൗൺസിലിൽ കേന്ദ്ര ധനകാര്യ മന്ത്രിയും സംസ്ഥാന/യൂണിയൻ ടെറിട്ടറീസ് ധനമന്ത്രിമാരും അംഗങ്ങളാണ്. കേന്ദ്ര ധനകാര്യ മന്ത്രിക്ക് 1/3 വോട്ടിംഗ് വെയിറ്റേജും ബാക്കിയുള്ളവർക്കെല്ലാം കൂടി 2/3 വോട്ടിംഗ് വെയിറ്റേജുമാണ് നിശ്ചയിച്ചിട്ടുള്ളത്. വോട്ടിംഗ് വേണ്ടിവന്നാൽ പാസ്സാക്കുന്നത് ¾ വോട്ടിംഗ് വെയിറ്റേജിൽ ആണ്. ആയതിനാൽ കേന്ദ്രം എതിർക്കുന്ന ഒരു പ്രൊപ്പോസലും പാസ്സാകുകയില്ല.

ഇതിനകം പതിമൂന്ന് ജി.എസ്.ടി. കൗൺസിൽ യോഗങ്ങൾ നടന്നുകഴിഞ്ഞു. കരട് നിയമത്തിന്റെ വകുപ്പ് തിരിച്ചുള്ള വിശദമായ ചർച്ച, നഷ്ടപരിഹാര നിയമത്തെപ്പറ്റിയുള്ള ചർച്ച എന്നിവ നടന്നുവരുന്നു. ഇതുവരെയും കേന്ദ്രമോ സംസ്ഥാനങ്ങളോ അവരുടെ അഭിപ്രായം അടിച്ചേൽപ്പിക്കുന്ന രീതിയിൽ ഒരു വോട്ടിംഗ് നിലയിലേയ്ക്ക് പോയിട്ടില്ല. പരമാവധി വിട്ടുവീഴ്ചകൾ ചെയ്ത് ഏകകണ്ഠമായ തീരുമാനം എടുക്കാനുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

പ്രസ്തുത യോഗങ്ങളിൽ തീരക്കടലിൽ നടക്കുന്ന സപ്ലൈകൾ കേന്ദ്ര നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണമെന്ന നിർദ്ദേശമുണ്ടായി. കൂടാതെ നിലവിലുള്ള സേവന നികുതി ദാതാക്കളുടെയും അന്തർ സംസ്ഥാന സപ്ലൈകളുള്ള ഡീലർമാരുടെയും ഭരണ നിർവ്വഹണം കേന്ദ്രത്തിന് മാത്രമായി വിട്ടുനൽകണ മെന്നും കേന്ദ്രം അഭിപ്രായപ്പെടുകയുണ്ടായി. ഇതിനെ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ശക്തമായി എതിർക്കുകയും ഇതിന്റെ ഫലമായി ഒന്നര കോടി രൂപ വരെ വിറ്റുവരവുള്ള സപ്ലൈകളിൽ 9:1 എന്ന അനുപാതത്തിൽ സംസ്ഥാന കേന്ദ്ര സർക്കാരുകളും അതിനു മുകളിലുള്ളവ 1:1 എന്ന അനുപാതത്തിലും വീതം വയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ചരക്ക് സേവന നികുതി പ്രാപ്യസ്ഥാന തത്വത്തിൽ ലഭിക്കു മെന്നതിനാലും സേവനങ്ങളിന്മേൽ നികുതി പിരിക്കാമെന്നുള്ളതിനാലും പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നികുതി നഷ്ടം ഉണ്ടാകാൻ സാധ്യത കുറവാണ്.

ജി.എസ്.ടി. നടപ്പാകുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം കേന്ദ്രം നികത്തണമെന്ന് സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ഈ ആവശ്യം അംഗീകരിക്കുകയും ജി.എസ്.ടി. നടപ്പിലാക്കിയതിന് ശേഷമുള്ള ആദ്യത്തെ അഞ്ചു വർഷത്തേയ്ക്ക് സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം കേന്ദ്രം നികത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുമുണ്ട്.

(സി) ജി.എസ്.ടി. നടപ്പാക്കാൻ സംസ്ഥാനങ്ങൾ എസ്.ജി.എസ്.ടി. നിയമം പാസ്സാക്കേണ്ടതുണ്ട്.

**ചരക്ക് സേവന നികുതി സമ്പ്രദായം**

103 (456) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി സമ്പ്രദായം നടപ്പിൽ വരുന്നതോടെ കേന്ദ്ര - സംസ്ഥാന സാമ്പത്തികബന്ധങ്ങളിൽ വരുന്ന മാറ്റങ്ങൾ എന്തൊക്കെയാണ്;

(ബി) അതിൻെറ ഗുണവശങ്ങളും ദോഷവശങ്ങളും എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ചരക്ക് സേവന നികുതി സമ്പ്രദായം വരുന്നതോടെ സംസ്ഥാനത്തി നകത്തുള്ള എല്ലാ കൈമാറ്റങ്ങളിലും എസ്.ജി.എസ്.ടി.-യും സി.ജി.എസ്.ടി.-യും ഉൾപ്പെടും. ആയതിനാൽ രണ്ട് നികുതി നിർണ്ണയ അധികാരികളുടെ മുമ്പിലും വ്യാപാരികൾ കണക്ക് കാണിക്കേണ്ടിവരും. ഈ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ശക്തമായ സമ്മർദ്ദം ചെലുത്തുകയും അതിനെത്തുടർന്ന് ഇത്തരം വ്യാപാരികളുടെ 90 ശതമാനം ഫയലുകളും സംസ്ഥാനങ്ങൾക്ക് കൈകാര്യം ചെയ്യാനുള്ള അധികാരം നൽകാൻ സമ്മതിച്ചിട്ടുണ്ട്. ചരക്ക് സേവന നികുതി നിലവിൽ വരുമ്പോൾ സേവന മേഖലയിൽ നിന്നുമുള്ള നികുതി പിരിക്കുവാൻ സംസ്ഥാനങ്ങൾക്ക് അവകാശമുണ്ട്.

(ബി) ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ജി.എസ്.ടി. ഗുണകരമാണ്.ഇതിനുപുറമെ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ടെലികമ്മ്യൂണിക്കേഷൻസ്, ഇൻഷ്വറൻസ്, ഫിനാൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗ നിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നായതിനാൽ കേരളം നേട്ടം പ്രതീക്ഷിക്കുന്നു.

ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടം കേന്ദ്രം നികത്തുമെന്ന് അംഗീകരിച്ചിട്ടുണ്ട്. ജി.എസ്.ടി. നടപ്പാക്കുമ്പോൾ 2015-16-ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14 ശതമാനം വർദ്ധനവ് വർഷംതോറും കണക്കാക്കി ആദ്യ അഞ്ച് വർഷത്തേയ്ക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകുന്ന രീതിയിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാസ്സാക്കി. ആയതിനാൽ സംസ്ഥാനത്തിന്റെ വരുമാനത്തെ ജി.എസ്.ടി. പ്രതികൂലമായി ബാധിക്കുക യില്ലെന്നാണ് കരുതുന്നത്.

**നികുതി പിരിവ്**

104 (457) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി പിരിവുകൾ ഊർജ്ജിതമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ ഗുണം ചെയ്തിട്ടുണ്ടോ;

(ബി) ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ കൃത്യസമയത്ത് നികുതി തുക അടയ്ക്കുന്നതിനായുള്ള സുതാര്യവും സൗകര്യപ്രദവുമായ മെച്ചപ്പെട്ട മാർഗ്ഗങ്ങൾ ആലോചനയിലുണ്ടോ;

(സി) നികുതി കുടിശ്ശിക വരുത്തുന്നവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) വൻതുകയുടെ നികുതി കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് കർശന നടപടി കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. വാണിജ്യ നികുതി, രജിസ്ട്രേഷൻ ഫീസ് തുടങ്ങിയവ അടയ്ക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ലാന്റ് റവന്യൂ, റവന്യൂ റിക്കവറി ഇനങ്ങളിൽ പിരിക്കേണ്ട ടാർജറ്റ് നിശ്ചയിച്ച് നൽകുകയും കെട്ടിട/ആഡംബര നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള കർമ്മ പരിപാടി ആവിഷ്കരിക്കുകയും ചെയ്തു.

(സി) നികുതി കുടിശ്ശിക വരുത്തുന്നവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) വൻതുകയുടെ നികുതി കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**സംസ്ഥാനത്ത് ജി.എസ്.ടി.നടപ്പിലാക്കൽ**

105 (458) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് ; വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര ശതമാനം വ്യാപാരികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) രജിസ്ട്രേഷനിൽ ഉണ്ടാകുന്ന കുറവ് നികുതി പിരിവിനെ ബാധിക്കുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ഉണ്ടെങ്കിൽ അത് തരണം ചെയ്യാൻ എന്തെല്ലാം ബദൽ സംവിധാനങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) 2017 ജൂലൈ 1 മുതൽ ചരക്ക് സേവന നികുതി (ജി.എസ്.ടി.) നടപ്പിലാക്കണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിനായി സംസ്ഥാന സർക്കാർ എസ്.ജി.എസ്.ടി. നിയമം പാസ്സാക്കേണ്ടതുണ്ട്. പ്രസ്തുത നിയമം നടപ്പിലാക്കുന്നതിനാവശ്യമായ back-end IT ചട്ടക്കൂടുകളുടെ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനായി വിവര സാങ്കേതിക വിദഗ്ദ്ധരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയും, എൻ.ഐ.സി.-യുടെ സഹകരണത്തോടെ ഇതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ മോഡൽ ജി.എസ്.ടി. നിയമത്തെക്കുറിച്ച് വകുപ്പിലെ ജീവനക്കാർക്കുള്ള പരിശീലനം പൂർത്തിയായിവരുന്നു. സാങ്കേതിക പരിശീലനം മേയ് ആദ്യവാരം മുതൽ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) 70 ശതമാനം വ്യാപാരികൾ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ജി.എസ്.ടി.-യിൽ രജിസ്ട്രേഷൻ പരിധി 20 ലക്ഷമായി നിജപ്പെടുത്തിയിരിക്കുന്നതിനാൽ രജിസ്ട്രേഷനിൽ കുറവുണ്ടാകും. എന്നാൽ സേവന മേഖലയിലുള്ള വ്യാപാരികൾ രജിസ്ട്രേഷൻ എടുക്കുമ്പോൾ ഈ കുറവ് നികത്തപ്പെട്ടു മെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ജി.എസ്.ടി. കൗൺസിലിൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് 2015-16-ലെ നികുതി പിരിവിൽ 14 ശതമാനം വർദ്ധനവ് കണക്കാക്കി സംസ്ഥാന സർക്കാരിന് നികുതി പിരിവിൽ കുറവുണ്ടാകുകയാണെങ്കിൽ ആദ്യത്തെ അഞ്ച് വർഷം പൂർണ്ണമായും നികത്താമെന്ന് കേന്ദ്രം അംഗീകരിച്ചിട്ടുണ്ട്.

**വാണിജ്യ നികുതി വകുപ്പിൽ ഓഫീസ് അറ്റൻഡന്റുമാരുടെ റേഷ്യോ പ്രൊമോഷൻ**

106 (459) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യനികുതി വകുപ്പിൽ ഓഫീസ് അറ്റൻഡന്റുമാരുടെ റേഷ്യോ പ്രൊമോഷൻ സമയബന്ധിതമായി നടപ്പിലാക്കിയിട്ടുണ്ടോ; അവസാനമായി റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കിയതെന്നാണ്;

(ബി) റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കിയിട്ടില്ലെങ്കിൽ എന്താണ് നടപ്പിലാക്കാത്തതിന് കാരണം; ഇതുമൂലം ഈ തസ്തികയിൽ ജോലി ചെയ്യുന്നവർക്കും വിരമിച്ചവർക്കും ഏതെങ്കിലും വിധത്തിലുള്ള സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ടോ ;എങ്കിൽ ആ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(സി) ഈ വകുപ്പിൽ റേഷ്യോ പ്രൊമോഷൻ ബാധകമായ മറ്റേതെല്ലാം തസ്തികകളിലാണ് റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കിയിട്ടുള്ളത്; ഇത് യഥാസമയം അനുവദിച്ചിട്ടുണ്ടോ;

(ഡി) വാണിജ്യനികുതി വകുപ്പിൽ ഓഫീസ് അറ്റൻഡന്റുമാരുടെ റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കിയിട്ടില്ലെങ്കിൽ അടിയന്തരമായി ആയത് നടപ്പിലാക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇല്ല. അവസാനമായി ഓഫീസ് അറ്റൻഡന്റുമാരുടെ റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കിയത് 2008-ലാണ്.

(ബി) ഓഫീസ് അറ്റൻഡന്റുമാരുടെ സീനിയോരിറ്റി സംബന്ധിച്ച് ധാരാളം തർക്കങ്ങൾ ഉള്ളതിനാലാണ് നടപ്പിലാക്കാൻ താമസം നേരിട്ടത്. ഓഫീസ് അറ്റൻഡന്റുമാർക്ക് സമയബന്ധിത ഹയർ ഗ്രേഡ് ലഭിച്ചതിനാൽ സാമ്പത്തികമായ നഷ്ടം സംഭവിച്ചിട്ടില്ലെന്നാണ് കരുതുന്നത്.

(സി) കൊമേഴ്സ്യൽ ടാക്സ് ഇൻസ്പെക്ടർ, കൊമേഴ്സ്യൽ ടാക്സ് ഓഫീസർ, അസിസ്റ്റന്റ് കമ്മീഷണർ, ഡെപ്യൂട്ടി കമ്മീഷണർ എന്നീ തസ്തികകളിലാണ് റേഷ്യോ പ്രൊമോഷൻ നടപ്പിലാക്കിയിട്ടുള്ളത്. ഇത് യഥാസമയം അനുവദിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുന്നതിന് വാണിജ്യ നികുതി കമ്മീഷണർക്ക് സർക്കാരിൽനിന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**നോട്ട് ക്ഷാമം**

107 (460) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനുഭവപ്പെടുന്ന നോട്ട് ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ:

(ബി) ആവശ്യമായ നോട്ട് ലഭിക്കാത്തതുമൂലം സംസ്ഥാനത്ത് ട്രഷറികളുടെ പ്രവർത്തനം തടസ്സപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ട്രഷറികളിലൂടെ ശമ്പളവും പെൻഷനും വിതരണം ചെയ്യുവാനായി ഏജൻസി ബാങ്കുകളിൽ നിന്നും ഇംപ്രസ്റ്റ് തുക ആവശ്യപ്പെടുമ്പോൾ മിക്ക ദിവസവും 40 ശതമാനത്തോളം തുക മാത്രമേ ലഭിക്കുകയുണ്ടായിട്ടുള്ളൂ. ഈ കറൻസി ക്ഷാമം പരിഹരിക്കുന്നതിനായി ബിവറേജസ് കോർപ്പറേഷൻ, ലോട്ടറി, കെ.എസ്.എഫ്.ഇ. എന്നിവയുടെ വരുമാനം ട്രഷറികളിൽ നേരിട്ട് അടയ്ക്കുന്നതിനും ബാങ്കിംഗ് ട്രഷറികളിൽ ചെലാനുകൾ നേരിട്ട് ട്രഷറി കൗണ്ടറുകൾ മുഖേന സ്വീകരിക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ട്രഷറികളുടെ പ്രവർത്തനത്തിൽ തടസ്സം നേരിട്ടിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച നടപടികൾമൂലം ട്രഷറികൾക്ക് ലഭ്യമായ കറൻസി ഉപയോഗ പ്പെടുത്താൻ സാധിച്ചുവഴി ഒരു പ്രതിസന്ധി ഒഴിവാക്കാനായിട്ടുണ്ട്. കോർ ബാങ്കിംഗ് സംവിധാനം വഴി ട്രഷറികളെ പരസ്പരം ബന്ധിപ്പിച്ചതും പ്രതിസന്ധിക്ക് അയവുണ്ടാക്കിയിട്ടുണ്ട്. തുടർച്ചയായി ആവശ്യപ്പെടുന്ന കറൻസി ലഭ്യമാക്കാത്ത സ്ഥിതിവിശേഷം ഗുരുതരമായ പ്രതിസന്ധി സൃഷ്ടിക്കും. ഇക്കാര്യം അതത് സമയത്ത് ആർ.ബി.ഐ.യുടെയും കേന്ദ്ര സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

**സംസ്ഥാനത്ത് നോട്ട് ക്ഷാമം**

108 (461) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോട്ട് ക്ഷാമം ഇപ്പോഴും നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഏജൻസി ബാങ്കുകളിൽനിന്നും ആവശ്യത്തിന് ഇംപ്രസ്റ്റ് തുക ലഭിക്കാത്തതുകാരണമുണ്ടായ ട്രഷറികളിലെ നോട്ട് ക്ഷാമത്തിന് പരിഹാരമായി കെ.എസ്.എഫ്.ഇ., ബിവറേജസ് കോർപ്പറേഷൻ, ലോട്ടറി ഏജന്റുമാരിൽനിന്നുള്ള കളക്ഷൻ തുക എന്നിവ ട്രഷറി കൗണ്ടറുകൾ മുഖേന സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

**പയ്യന്നൂർ ട്രഷറി ഓഫീസിന് പുതിയ കെട്ടിടം**

109 (462) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ ട്രഷറി ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനായുള്ള ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കി കെട്ടിട നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പയ്യന്നൂർ ട്രഷറി ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബി ധനസഹായം ലഭ്യമാകുന്നതിനായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ ഇൻകെലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടില്ല.

(സി) ഡി.പി.ആർ. തയ്യാറാകുന്ന മുറയ്ക്ക് എത്രയും വേഗം ഭരണാനുമതി (അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ) നൽകുന്നതാണ്.

**സംസ്ഥാനത്ത് കറൻസി ക്ഷാമം**

110 (463) <u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കറൻസിക്ഷാമം നേരിടുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കറൻസി പ്രതിസന്ധി സംസ്ഥാനത്തുണ്ടാകാനിടയായ കാരണങ്ങൾ എന്തൊക്കെയാണെന്ന് വിവരിക്കുമോ;

(സി) ഓരോ മാസവും ആവശ്യമായി വരുന്ന കറൻസി സംസ്ഥാനത്തെ ട്രഷറികളിലും ബാങ്കുകളിലും മുൻകരുതലായി ഉറപ്പാക്കുവാൻ വേണ്ട നടപടി കൈക്കൊണ്ടിരുന്നുവോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനം നേരിടുന്ന കറൻസി ക്ഷാമം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കറൻസി ക്ഷാമം നേരിടുന്നുണ്ട്. ട്രഷറികളിലൂടെ ശമ്പളവും പെൻഷനും വിതരണം ചെയ്യുവാനായി ഏജൻസി ബാങ്കുകളിൽനിന്നും ഇംപ്രസ്റ്റ് തുക ആവശ്യപ്പെടുമ്പോൾ മിക്കവാറും ദിവസങ്ങളിൽ 40 ശതമാനത്തോളം തുക മാത്രമേ ലഭിക്കുകയുണ്ടായുള്ളൂ.

(ബി) ട്രഷറികളിലൂടെയുള്ള പണമിടപാടുകൾ നടത്തുന്നതിനായി ഏജൻസി ബാങ്കുകളിൽനിന്നും ഇംപ്രസ്റ്റ് തുക ആവശ്യപ്പെടുമ്പോൾ മിക്ക ദിവസങ്ങളിലും 40 ശതമാനത്തോളം തുക മാത്രമേ ലഭിക്കുകയുണ്ടായുള്ളൂ. ബാങ്കുകളിലും എ.ടി.എം.കളിലും കടുത്ത കറൻസി ക്ഷാമം അനുഭവപ്പെടുന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ കാരണങ്ങൾ ഔപചാരികമായി സൂക്ഷ്മമായി പഠിച്ചിട്ടില്ല. കറൻസി സപ്ലൈ കുറഞ്ഞതും കറൻസിയുടെ ചംക്രമണം കുറഞ്ഞതും കറൻസി ക്ഷാമത്തിന് കാരണമായിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്.

(സി) നടപടി കൈക്കൊണ്ടിരുന്നു. ഓരോ മാസവും ആവശ്യമായി വരുന്ന കറൻസിയുടെ വിവരങ്ങൾ റിസർവ് ബാങ്കിനേയും ട്രഷറികളോട് ബന്ധപ്പെട്ടിട്ടുള്ള ഏജൻസി ബാങ്കുകളേയും കാലേക്കൂട്ടി അറിയിച്ചിട്ടുണ്ട്. അതാത് ദിവസത്തെ ആവശ്യകതയ്ക്കനുസരിച്ച് ഇംപ്രസ്റ്റ് തുക ബാങ്കിൽനിന്നും എടുക്കുകയാണ് നിലവിലെ സംവിധാനം.

(ഡി) ട്രഷറികളിൽ കറൻസി ക്ഷാമം പരിഹരിക്കുന്നതിനായി സർക്കാർ നിർദ്ദേശാനുസരണം ബിവറേജസ് കോർപ്പറേഷൻ, ലോട്ടറി, കെ.എസ്.എഫ്.ഇ. എന്നിവയുടെ വരുമാനം ട്രഷറികളിൽ നേരിട്ട് അടയ്ക്കുന്നതിനും ബാങ്കിംഗ് ട്രഷറികളിൽ ചെലാനുകൾ നേരിട്ട് ട്രഷറി കൗണ്ടറുകൾ മുഖേന സ്വീകരിക്കുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

**ട്രഷറികളിൽ ഹെൽപ്പ് ഡെസ്ക് സംവിധാനം**

111 (464) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഡിസ്ട്രിക്റ്റ് ട്രഷറി പോലുള്ള പ്രധാന ട്രഷറികളിൽ ഹെൽപ് ഡസ്ക് സംവിധാനം ഏർപ്പെടുത്തിയ ശേഷം പാസ് ബുക്കുകൾ അപ്ഡേറ്റ് ചെയ്തുകിട്ടാൻ അക്കൗണ്ട് ഉടമകൾക്ക് ബുദ്ധിമുട്ട് ഏറിയിട്ടുണ്ടെന്ന പരാതികൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) കമ്പ്യൂട്ടറൈസേഷൻ സേവന സൗകര്യങ്ങൾ വേഗത്തിലുള്ളതാക്കുമ്പോൾ ഇവിടെ നേരെ മറിച്ചാണ് അനുഭവമെന്ന ആവലാതികളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇതുമൂലം ബന്ധപ്പെട്ട എല്ലാ കൗണ്ടറുകളിൽനിന്നും മാനുവൽ അപ്ഡേറ്റിംഗ് നടത്തി പാസ് ബുക്കുകൾ തിരിച്ചു നല്കിയിരുന്ന സംവിധാനത്തിൽ ആവശ്യമായതിലേറെ സമയം വൃദ്ധരായവരുൾപ്പെടെയുള്ള അക്കൗണ്ട് ഉടമകൾ കാത്തുനിൽക്കേണ്ടിവരുന്ന സാഹചര്യം പരിശോധിച്ച് ആവശ്യമായ പരിഹാരം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. പുതിയ സംവിധാനം ഏർപ്പെടുത്തിയതോടെ പാസ് ബുക്കുകൾ പതിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) അക്കൗണ്ട് ഉടമകളുടെ പാസ് ബുക്ക് പതിച്ചു നൽകുന്നതിനായി എല്ലാ ട്രഷറികൾക്കും പാസ് ബുക്ക് പ്രിന്ററുകൾ ഇതിനോടകം വിതരണം ചെയ്തുകഴിഞ്ഞു. പ്രസ്തുത പ്രിന്ററുകൾ ഉപയോഗിച്ച് പാസ് ബുക്കുകൾ പതിച്ചു നൽകുന്നതിനുള്ള സംവിധാനം ട്രഷറി കമ്പ്യൂട്ടർ ശൃംഖലയിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ട്രഷറികൾക്ക് സ്വന്തമായി കെട്ടിടം**

112 (465) ഡോ. എൻ. ജയരാജ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോ: വിശദമാക്കാമോ:

(ബി) സ്ഥലം ലഭ്യമായ ട്രഷറികളിൽ ഓഫീസുകൾ സ്വന്തം കെട്ടിടങ്ങളിലേക്ക് മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ:

(സി) ഇതിനായി എത്ര തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 78 ട്രഷറികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) ഉദ്ദേശിക്കുന്നുണ്ട്.

(സി) 2016-17-ലെ ധനകാര്യ വകുപ്പുമന്ത്രിയുടെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ 216-ാം ഖണ്ഡികയിൽ "2011-ൽ രൂപം നൽകിയ ട്രഷറി കെട്ടിട സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽനിന്ന് 150 കോടി രൂപ നീക്കിവയ്ക്കുന്നു. നടപ്പുവർഷം 25 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു." എന്ന് പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക നിക്ഷേപ പദ്ധതിയിൽ (കിഫ്ബി) ഉൾപ്പെടുത്തുന്നതിലേയ്ക്കായി 36 ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണത്തിനും 19 ട്രഷറി കെട്ടിടങ്ങളുടെ നവീകരണത്തിനും സർക്കാർ ഉത്തരവായിട്ടുണ്ട്. 22-3-2017-ലെ G.O. (RT) No.2363/2017/Fin പ്രകാരം ആദ്യ ഘട്ടമായി 10 ട്രഷറി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി 21,14,15,000 രൂപയുടെ (ഇരുപത്തിയൊന്നു കോടി പതിനാലു ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2017-18 ബഡ്ജറ്റിൽ ട്രഷറികളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ കെട്ടിട നിർമ്മാണത്തിനായി 7 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

**സർക്കാരിന്റെ അധികാരപരിധിയിൽ പ്രവർത്തിക്കുന്ന ട്രഷറികൾ**

113 (466) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽ പ്രവർത്തിക്കുന്ന ട്രഷറികൾ, സഹകരണസ്ഥാപനങ്ങൾ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ കേന്ദ്രസർക്കാരിന്റെ നോട്ടുനിരോധനം ഏതുതരത്തിൽ ബാധിച്ചു എന്നു വിലയിരുത്തിയോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തി ജനങ്ങൾക്ക് വേണ്ടുന്ന സേവനം ഉറപ്പുവരുത്താൻ എന്ത് നടപടി സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) നടപ്പു വർഷം ട്രഷറി പ്രവർത്തനങ്ങൾ ആദ്യദിനം തുടങ്ങി വിഷു/ഈസ്റ്റർ ദിവസങ്ങൾ ഉൾപ്പെടെ ട്രഷറികളിൽനിന്നും ജീവനക്കാർക്കുള്ള ശമ്പളവും പെൻഷൻകാർക്കുള്ള പെൻഷനും മറ്റ് സാമ്പത്തിക ക്രയവിക്രയങ്ങളും തടസ്സപ്പെടാനിടയായ റിസർവ് ബാങ്ക് പ്രവൃത്തി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ കേന്ദ്രസർക്കാരിന്റെയും റിസർവ് ബാങ്കിന്റെയും ഇത്തരം നടപടികൾ തുടരാതിരിക്കാനായി എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ട്രഷറികളുടെ സാമ്പത്തിക ഇടപാടുകളെ കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധനം ബാധിച്ചിട്ടുണ്ട്. ബാങ്കുകളിൽ നിന്നും പിൻവലിക്കാവുന്ന തുകയ്ക്ക് പരിധി നിശ്ചയിച്ചതിനാലും, ഈ വ്യവസ്ഥകൾ ട്രഷറികൾക്ക് ബാധകമാക്കിയതിനാലും ട്രഷറികളിലെ സേവിംഗ്സ് ബാങ്ക്/പെൻഷനേഴ്സ് സേവിംഗ്സ് ബാങ്ക് എന്നിവയിൽനിന്നും നിക്ഷേപകർക്കും പെൻഷൻകാർക്കും തുക പിൻവലിക്കാൻ ബുദ്ധിമുട്ടുണ്ടായി.

8-11-2016 അർദ്ധരാത്രി മുതൽ സഹകരണ സംഘങ്ങൾക്ക് അവരുടെ പക്കലുള്ള 500, 1000 രൂപ കറൻസികൾ കൈമാറ്റം ചെയ്യാൻ സാധിക്കാത്ത അവസ്ഥ സംജാതമായി. 9-11-2016-ന് സഹകരണ സംഘങ്ങളിൽ സാമ്പത്തിക ഇടപാടുകൾ നടന്നിട്ടില്ല. 10-11-2016 മുതൽ 14-11-2016 വരെ പ്രാഥമിക സഹകരണ സംഘങ്ങൾ സ്വീകരിച്ച 500, 1000 കറൻസികൾ ജില്ലാ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കാൻ കഴിയാത്ത അവസ്ഥയുണ്ടായി. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും ഒരാഴ്ചയിൽ 24,000 രൂപ മാത്രമേ ഒരു അക്കൗണ്ടിൽനിന്നും പിൻവലിക്കാൻ കഴിഞ്ഞുള്ളൂ. സഹകരണ മേഖലയിലെ 1.90 കോടി ഇടപാടുകാരുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിന് തുച്ഛമായ ഈ തുക തികച്ചും അപര്യാപ്തമായിരുന്നു. ഒരു പ്രാഥമിക സംഘത്തിൽ ശരാശരി 10,000-ത്തോളം ഇടപാടുകാരുണ്ട്. സാധുവായ കറൻസി ഉപയോഗിച്ച് (പുതിയ 2,000 നോട്ടുൾപ്പെടെ) നാമമാത്രമായ ഇടപാടുകൾ മാത്രമേ സംഘങ്ങളിൽ നടന്നുള്ളൂ. സംഘങ്ങളുടെ പ്രധാന ബിസിനസ്സായ വായ്പാ വിതരണവും തിരിച്ചടവും, നിക്ഷേപവുമുൾപ്പെടെയുള്ള ഇടപാടുകൾ തടസ്സപ്പെട്ടു. വായ്പേതര പ്രവർത്തനങ്ങൾ ഉൾപ്പെടെ (കൺസ്യൂമർ, സ്റ്റോർ, നീതിസ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ, വളം ഡിപ്പോ, ക്ലിനിക്കൽ ലാബ് തുടങ്ങിയവ) പ്രാഥമിക സംഘങ്ങൾ നടത്തുന്ന ദൈനംദിന പ്രവർത്തനങ്ങൾ എല്ലാം ബുദ്ധിമുട്ടിലായി. വിവാഹം, ചികിത്സ തുടങ്ങിയ ആവശ്യങ്ങൾക്ക് സഹകരണ ബാങ്കുകളിൽനിന്നും

വായ്പയെടുത്ത ആളുകൾക്ക് വായ്പാ തുക യഥാസമയം നൽകുവാൻ സാധിച്ചില്ല. കെട്ടിടനിർമ്മാണം, വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കായി സംഘങ്ങളിൽ നിന്നും നിക്ഷേപ തുക പിൻവലിക്കാനായില്ല. കാർഷിക വായ്പാ വിതരണവും തിരിച്ചടവും പൂർണ്ണമായും നിലച്ചത് കർഷകരെ ദുരിതത്തിലാക്കി. പ്രാഥമിക സഹകരണ സംഘങ്ങളിൽ അക്കൗണ്ടുള്ള അംഗങ്ങൾ അവരുടെ എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ച നിരോധിച്ച കറൻസി ജില്ലാ സഹകരണ ബാങ്കിലെ കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ട സാഹചര്യം വന്നു. ഇത് പ്രാഥമിക സംഘങ്ങൾക്ക് പലിശ നഷ്ടത്തിന് കാരണമായി. സഹകരണ ബാങ്കിലെ സ്വർണ്ണ പണയം ഉൾപ്പെടെയുള്ള വായ്പകൾക്ക് പണം നൽകാൻ സഹകരണ സംഘങ്ങൾക്ക് കഴിഞ്ഞില്ല.

(ബി) ട്രഷറികളിലൂടെ ശമ്പളവും പെൻഷനും വിതരണം ചെയ്യുവാനായി ഏജൻസി ബാങ്കുകളിൽനിന്നും ഇംപ്രസ്റ്റ് തുക ആവശ്യപ്പെടുമ്പോൾ മിക്ക ദിവസങ്ങളിലും 40 ശതമാനത്തോളം തുക മാത്രമേ ലഭിക്കുകയുണ്ടായുള്ളൂ. ഈ കറൻസി ക്ഷാമം പരിഹരിക്കുന്നതിനായി സർക്കാർ നിർദ്ദേശാനുസരണം ബിവറേജസ് കോർപ്പറേഷൻ, ലോട്ടറി, KSFE എന്നിവയുടെ വരുമാനം കറൻസിയായി ട്രഷറികളിൽ നേരിട്ട് അടയ്ക്കുന്നതിനും ബാങ്കിംഗ് ട്രഷറികളിൽ ചെലാനുകൾ നേരിട്ട് ട്രഷറി കൗണ്ടർ മുഖേന സ്വീകരിക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ക്രയവിക്രയങ്ങൾക്ക് ആവശ്യമായ ഇംപ്രസ്റ്റ് തുക ബാങ്കുകളിൽനിന്ന് ലഭ്യമാക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതുമൂലം ബിവറേജസ് കോർപ്പറേഷൻ, ലോട്ടറി, KSFE എന്നിവയുടെ വരുമാനം ട്രഷറികളിൽ ലഭ്യമാക്കി പരിഹാരം കാണുന്നതിന് സർക്കാർ നിർദ്ദേശം നൽകിയതനുസരിച്ച് തുക ട്രഷറികളിൽ സ്വീകരിച്ചുവരുന്നു.

**കാരുണ്യ ബനവലന്റ് ഫണ്ട്**

114 (467) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് ഫണ്ടിന്റെ ആനുകൂല്യം ഏതെല്ലാം രോഗങ്ങൾക്കാണ് ലഭിക്കുക;

(ബി) സ്വകാര്യ ആശുപത്രിയിൽ അടിയന്തര ചികിത്സയ്ക്ക് വിധേയരായവർക്ക് കാരുണ്യ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുമോ?

ഉത്തരം

(എ) കാരുണ്യ പദ്ധതി മുഖേന ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം, ശ്വാസകോശ രോഗങ്ങൾ, ഹീമോഫീലിയ, തുടങ്ങിയ രോഗങ്ങൾക്കും തലച്ചോർ ശസ്ത്രക്രിയ, ഹൃദയം, കരൾ, വൃക്ക എന്നീ അവയവ മാറ്റ ശാസ്ത്രക്രിയകൾക്കും നട്ടെല്ല്, സുഷുമ്നാനാഡി തുടങ്ങിയവയ്ക്ക് വരുന്ന ഗുരുതര ക്ഷതങ്ങൾക്കുള്ള ചികിത്സയ്ക്കും ഡയാലിസിസിനും ധനസഹായം ലഭിക്കുന്നതാണ്.

(ബി) സ്വകാര്യ ആശുപത്രിയിൽ അടിയന്തര ചികിത്സയ്ക്ക് വിധേയരാകുന്നവർക്ക് കാരുണ്യ പദ്ധതി പ്രകാരം ചികിത്സാ സഹായം നൽകുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം വ്യവസ്ഥയില്ല. പദ്ധതി പ്രകാരം അക്രെഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് അതാത് ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ അപേക്ഷിച്ച് ചികിത്സാ പാക്കേജ് അനുസരിച്ചുള്ള തുകയുടെ അനുമതി പത്രം ആശുപത്രികൾക്ക് നൽകിയതിനുശേഷം മാത്രമേ ചികിത്സ തുടങ്ങുവാൻ സാധിക്കുകയുള്ളു.

**സംസ്ഥാന സർക്കാരിന്റെ ഭാഗ്യക്കുറി വകുപ്പ് നേരിടുന്ന പ്രശ്നങ്ങൾ**

115 (468) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഭാഗ്യക്കുറി, കേന്ദ്രസർക്കാരിന്റെ നിഷേധാത്മകനയങ്ങൾകൊണ്ട് ഭീഷണി നേരിടുന്നതായ ആക്ഷേപം പരിഹരിക്കാനായി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഏത് വിധത്തിലുള്ള ഇടപെടലുകൾ ആണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) സേവന നികുതി ഒഴിവാക്കി കിട്ടുന്നതിനും അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് വില്പന നടത്താൻ അനുമതി നൽകാതിരിക്കാനും കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നോ; പ്രതികരണം എന്തായിരുന്നെന്ന് അറിയിക്കാമോ;

(സി) ഭാഗ്യക്കുറിയുടെ സമ്മാനഘടന ആകർഷകമാക്കുന്നതിനും ക്ഷേമനിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന ജി.എസ്.ടി. നിയമം സംസ്ഥാന ഭാഗ്യക്കുറിക്ക് ഭീഷണിയാണ്. ടി നിയമം നടപ്പിലാക്കിക്കഴിയുമ്പോൾ പരിശോധിച്ച് സംസ്ഥാന ഭാഗ്യക്കുറിയെ സംരക്ഷിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നതാണ്. ജി.എസ്.ടി. നടപ്പിലാകുന്ന സാഹചര്യത്തിൽ ഭാഗ്യക്കുറി മേഖലയിൽ ഉളവാകുന്ന സാഹചര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി കേന്ദ്ര ധനമന്ത്രിയെ സംസ്ഥാന ധനമന്ത്രി നേരിൽ കണ്ട് ചർച്ച നടത്തിയിട്ടുണ്ട്.

(ബി) നോട്ട് നിരോധനത്തോടനുബന്ധിച്ച് സംസ്ഥാനത്ത് നോട്ട് ക്ഷാമം രൂക്ഷമായ സമയത്ത് (9-11-2016 മുതൽ 31-12-2016 വരെ) ലോട്ടറി ടിക്കറ്റുകളിന്മേലുള്ള സേവന നികുതി ഒഴിവാക്കിത്തരണമെന്ന് കാണിച്ച് 30-11-2016-ലെ നമ്പർ:1039981/എച്ച്.1/16/റ്റി.ഡി. പ്രകാരം കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് ഫിനാൻസ്, സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് റവന്യൂ, ചെയർമാൻ, സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് & കസ്റ്റംസ് എന്നിവർക്ക് കത്ത് നൽകിയിട്ടുള്ളതുമാകുന്നു. അതുകൂടാതെ എം.പി.-മാരുടെ കോൺഫറൻസിൽ ഇക്കാര്യം നിരന്തരം ഉന്നയിച്ചിട്ടുണ്ട്. അന്യ സംസ്ഥാന ലോട്ടറികളിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനുള്ള അധികാരവും ലോട്ടറി (റെഗുലേഷൻ) ആക്ടിന്റെ ലംഘനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരവും സംസ്ഥാന ഗവൺമെന്റിന് നൽകുംവിധം കേന്ദ്ര ലോട്ടറി (റെഗുലേഷൻ) റൂൾ 2010-ലും കേന്ദ്ര ലോട്ടറി (റെഗുലേഷൻ) ആക്ട് 1998-ലും ആവശ്യമായ ഭേദഗതികൾ വരുത്തുന്നത് ചൂണ്ടിക്കാട്ടി കേന്ദ്ര സർക്കാരിന് കത്ത് അയച്ചിട്ടുണ്ട്. ഇതിനൊന്നും നാളിതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല.

(സി) ഭാഗ്യക്കുറി ഏജന്റുമാരുടെയും ഈ മേഖലയിലെ ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടും ടിക്കറ്റ് വില്പനയെ സഹായിക്കുന്ന തരത്തിലും, സർക്കാർ തീരുമാനത്തിന് വിധേയമായി പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാന ഘടനകൾ കാലാകാലങ്ങളിൽ പരിഷ്കരിക്കാറുണ്ട്. 30 രൂപ മുഖവിലയുള്ള പൗർണ്ണമി, വിൻ വിൻ ഭാഗ്യക്കുറികളുടെ സമ്മാന ഘടനകൾ 2016 നവംബർ മാസത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരുത്തി ഏറ്റവും ഒടുവിലായി പരിഷ്കരിച്ചിട്ടുണ്ട്.

21-4-2017-ലെ ഭാഗ്യനിധി 286-ാമത് നറുക്കെടുപ്പ് മുതൽ പ്രസ്തുത ഭാഗ്യക്കുറി റദ്ദ് ചെയ്തു കൊണ്ടും ഭാഗ്യനിധിക്ക് പകരമായി നിർമ്മൽ ദ്വൈവാര ഭാഗ്യക്കുറിയെ നിലവിലുള്ള മുഖവിലയോടും (രൂപ 50) സമ്മാന ഘടനയോടും കൂടി പ്രതിവാര ഭാഗ്യക്കുറിയാക്കി മാറ്റി 21-4-2017 മുതൽ വെള്ളിയാഴ്ചകളിൽ നറുക്കെടുപ്പ് നടത്തുന്നതിന് അനുമതി നൽകിക്കൊണ്ടും 25-3-2017-ലെ സ.ഉ. (സാധാ) നമ്പർ 237/2017/നി.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് മുഖേന 2016-ലെ ഓണം ബോണസ് ഇനത്തിൽ 17 കോടി രൂപ വിതരണം ചെയ്തു. ഓണം ബോണസ് ഉൾപ്പെടെ വിവിധ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി 23.5 കോടി രൂപ 2016-17-ൽ ചെലവഴിച്ചു. പുതിയ ക്ഷേമ പദ്ധതികളായ അംഗപരിമിതർക്കുള്ള മോട്ടോറൈസ്ഡ് ട്രൈസ്കൂട്ടർ വിതരണ പദ്ധതി, അംഗങ്ങൾക്കുള്ള സൗജന്യ യൂണിഫോം പദ്ധതി എന്നിവ നടപ്പാക്കലിന്റെ പ്രാരംഭ ഘട്ടത്തിലാണ്. അംഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതിയും നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**ലോട്ടറിയുടെ ഘടനയിലുള്ള പരിഷ്കരണം**

116 (469) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ലോട്ടറിയുടെ വിലയിലുൾപ്പെടെ ഘടനയിൽ എന്തൊക്കെ മാറ്റത്തിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ജി. എസ്. ടി. നിലവിൽ വരുമ്പോൾ മറ്റ് സംസ്ഥാനങ്ങളുടെ ലോട്ടറികൾ സംസ്ഥാനത്ത് വരുവാനുള്ള സാധ്യത പരിഗണിക്കുമോ, കേരളാ ലോട്ടറിയെ ഏതുവിധത്തിലാണ് ഇത് ബാധിക്കുക; വിശദമാക്കാമോ?

ഉത്തരം

(എ) 50 രൂപ മുഖവിലയുള്ള സ്ത്രീ ശക്തി, കാരുണ്യപ്ലസ്, നിർമ്മൽ, കാരുണ്യ, എന്നീ പ്രതിവാര ഭാഗ്യക്കുറികളുടെ വില 30 രൂപയാക്കി കുറച്ചുകൊണ്ടും സമ്മാനങ്ങളുടെ എണ്ണത്തിലും സമ്മാനം നൽകുന്ന ശതമാനത്തിലും വർദ്ധനവ് വരുത്തിയും 3 സ്ലാബുകളിലായി കിഴിവ് അനുവദിച്ചുകൊണ്ടും (2000 ടിക്കറ്റുകൾ വരെ 26%, 2001 മുതൽ 10000 വരെ 27%, 10000-നു മുകളിൽ 28%) എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാന ഘടന പരിഷ്കരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(ബി) "Kerala Tax on Paper Lotteries 2005" GST നിലവിൽ വരുമ്പോൾ അപ്രസക്തമാകും. ഈ പ്രതിസന്ധി മറികടക്കുന്നതിന് പുതിയ നിയമ സാധ്യതകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2016-17-ലെ ലോട്ടറി വിറ്റുവരവ് 7395 കോടി രൂപയാണ്. ആയതുമായി ബന്ധപ്പെട്ട Service Tax കണക്കാക്കുന്നത് Compounding Tax System-ത്തിലാണ്. GST നിലവിൽ വരുമ്പോൾ Tax System-ത്തിലുണ്ടാകുന്ന മാറ്റങ്ങൾ നിയമം നടപ്പിലാക്കിയതിനുശേഷം മാത്രമേ വ്യക്തമാക്കാൻ സാധിക്കുകയുള്ളൂ.

**കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ലോൺ**

117 (470) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എഫ്.സി.-യിൽ നിന്നും വിവിധ പദ്ധതികൾക്കായി എത്ര കോടി രൂപ ലോൺ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും ലോൺ ഇനത്തിൽ 3740.03 കോടി രൂപ വിവിധ സംരംഭങ്ങൾക്കായി അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു :

| ജില്ല | എണ്ണം | അനുവദിച്ച തുക (രൂപ) |
|---|---|---|
| തിരുവനന്തപുരം | 689 | 6,12,18,44,949 |
| കൊല്ലം | 196 | 1,71,62,61,000 |
| പത്തനംതിട്ട | 177 | 2,24,45,79,000 |
| ആലപ്പുഴ | 224 | 1,53,92,85,500 |
| കോട്ടയം | 217 | 1,82,38,79,350 |
| ഇടുക്കി | 310 | 2,10,04,52,250 |
| എറണാകുളം | 692 | 5,96,92,58,419 |
| തൃശ്ശൂർ | 263 | 2,31,83,86,225 |
| പാലക്കാട് | 283 | 1,72,11,85,000 |
| മലപ്പുറം | 389 | 2,45,99,84,582 |
| കോഴിക്കോട് | 483 | 3,92,33,62,209 |
| വയനാട് | 391 | 1,87,87,00,029 |
| കണ്ണൂർ | 388 | 1,71,56,60,654 |
| കാസർഗോഡ് | 361 | 1,86,75,09,500 |
| ആകെ | 5063 | 37,40,03,48,667 |

**കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി**

118 (471) ഡോ. എൻ. ജയരാജ് :

ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ, എന്നത്തേക്ക് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ, ഇതുവഴി കിഫ്ബിയിലേക്ക് പണം സ്വരൂപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ചിട്ടി നടത്തിപ്പിലൂടെ കിഫ്ബിയിലേക്ക് എന്നത്തേക്ക് പണം ലഭ്യമാകുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പ്രവാസികൾക്ക് വേണ്ടിയുള്ള ഒരു പ്രത്യേക ചിട്ടി പദ്ധതി 2017 ജൂൺ മാസത്തോടെ കെ.എസ്.എഫ്.ഇ. മുഖേന തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

(ബി) കേരളത്തിന്റെ തനത് സാമ്പത്തിക വ്യവഹാരമായ ചിട്ടിയുടെ ഗുണഫലങ്ങൾ പ്രവാസികൾക്ക് ലഭ്യമാക്കുക എന്നതാണ് ഈ ചിട്ടി പദ്ധതിയുടെ പ്രധാന ലക്ഷ്യം. പ്രവാസി ചിട്ടികളുടെ പണം കിഫ്ബിയിലേയ്ക്ക് മാറ്റുകയും ആവശ്യം വരുമ്പോൾ കോർ ബാങ്ക് സംവിധാനം ഉപയോഗിച്ച് കെ.എസ്.എഫ്.ഇ.-ക്ക് ആവശ്യമായ പണം കിഫ്ബിയിൽ നിന്ന് പിൻവലിക്കാൻ സാധിക്കുന്നതുമായ ഒരു സംവിധാനമാണ് ഉദ്ദേശിക്കുന്നത്. ബാക്കിയുള്ള ഫ്രീ ഫ്ളോട്ട് ആയ സംഖ്യ കിഫ്ബിയിൽ ഉണ്ടാകുകയും ചെയ്യും.

(സി) പ്രവാസി ചിട്ടികൾ നടപ്പിൽ വരുന്നതോടെ കിഫ്ബിക്ക് പണം ലഭ്യമായിത്തുടങ്ങുമെന്നാണ് കരുതുന്നത്.

**കെ.എസ്.എഫ്.ഇ. ശാഖ ആരംഭിക്കുന്നത് സംബന്ധിച്ച്**

119 (472) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിലെ മങ്കട, കൊളത്തൂർ എന്നീ സ്ഥലങ്ങളിൽ പുതിയ കെ.എസ്.എഫ്.ഇ. ശാഖകൾ ആരംഭിക്കുന്നത് സംബന്ധിച്ച് മലപ്പുറം റീജിയൺ അസിസ്റ്റന്റ് ജനറൽ മാനേജർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിന് കാലതാമസം നേരിട്ടത് സർക്കാർ പരിശോധിക്കുമോ;

(സി) റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ ശാഖകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(സി) മലപ്പുറം റീജിയണൽ അസിസ്റ്റന്റ് ജനറൽ മാനേജർ നൽകിയ റിപ്പോർട്ട് പ്രകാരം മങ്കട, കൊളത്തൂർ എന്നീ സ്ഥലങ്ങളിൽ പുതിയ കെ.എസ്.എഫ്.ഇ. ശാഖകൾ ആരംഭിക്കുന്നത് കമ്പനിയുടെ പുലാമന്തോൾ, മക്കരപറമ്പ, അങ്ങാടിപ്പുറം, പാണ്ടിക്കാട് എന്നീ ശാഖകളുടെ ബിസിനസ്സിനെ ബാധിക്കുമെന്നതിനാൽ പുലാമന്തോൾ, മക്കരപറമ്പ, അങ്ങാടിപ്പുറം, പാണ്ടിക്കാട് എന്നീ ശാഖകളുടെ പ്രവർത്തനം മെച്ചപ്പെട്ട് വരുന്നതനുസരിച്ച് പുതിയ ശാഖകൾ മങ്കട, കൊളത്തൂർ എന്നീ സ്ഥലങ്ങളിൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്സിന്റെ ഏകാംഗ ശാഖകൾ**

120 (473) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ ഏകാംഗ ശാഖകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) ഏകാംഗ ശാഖകളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്;

(സി) ഇത്തരം ശാഖകൾക്ക് ചിട്ടി ആരംഭിക്കുന്നതിന് കഴിയുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ-സി) ഏകാംഗ ശാഖകൾ എന്ന രീതിയിൽ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ശാഖകൾ തുറന്നിട്ടില്ല.

**ജീവനക്കാർക്ക് ആരോഗ്യ ഇൻഷ്വറൻസ്**

121 (474) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) സർക്കാർ ജീവനക്കാർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് 20-4-2017-ലെ മന്ത്രിസഭാ യോഗത്തിൽ തീരുമാനം കൈക്കൊള്ളുകയുണ്ടായി. ആയത് നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**കയർ മേഖലയിലെ പദ്ധതികൾ**

122 (475) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർ മേഖലയിൽ എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ മേഖലയിൽ ചുവടെ പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു:

1. കയർ വ്യവസായ രംഗത്ത് പരിപൂർണ്ണ യന്ത്രവത്കരണ പദ്ധതി ആരംഭിച്ചു. എന്നാൽ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയും, കൂലിയെയും ബാധിക്കാതിരിക്കാൻ കയർഫെഡുവഴി സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവൻ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

2. എൻ.സി.ഡി.സി.-യിൽ നിന്നും കയർ സഹകരണ സംഘങ്ങളുടെ രണ്ടാം പുനഃസംഘടനയ്ക്ക് 100 കോടി രൂപ ലഭ്യമാക്കുന്നതിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്.

3. ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നം മുഴുവൻ കയർ കോർപ്പറേഷൻ അംഗീകൃത ക്രയവിലക്ക് സംഭരിക്കുന്നതിനുള്ള നടപടി ആരംഭിച്ചു. ഇത് റിബേറ്റ് നൽകി വിറ്റഴിക്കുന്നതിനുള്ള വിലസ്ഥിരതാ ഫണ്ട് 17 കോടിയിൽ നിന്നും 77 കോടിയായി ഉയർത്തി അനുവദിച്ചിട്ടുണ്ട്. 2017-18 വർഷം 2 ലക്ഷം ക്വിന്റൽ കയറും 200 കോടി രൂപയുടെ ഉൽപ്പന്നങ്ങളും സർക്കാർ സംഭരിക്കുന്നതാണ്. അതിനായി 48 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

4. ജി.ഒ.(ആർടി.) നമ്പർ 583/ഐഡി, തീയതി 31/03/2017 പ്രകാരം കയർ സഹകരണ സംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡി നൽകുന്ന പുതിയ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

5. കുടുംബശ്രീ യൂണിറ്റുകളുടെ സഹായത്തോടെ ഡീഫൈബറിംഗ് മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നെന്മാറ മണ്ഡലത്തിൽ 60000 തൊണ്ട് ചകിരിയാക്കാൻ ശേഷിയുള്ള ഡി.എഫ്. മില്ലിന്റെ നിർമ്മാണം തുടങ്ങിക്കഴിഞ്ഞു.

6. MGNREGS പദ്ധതിയിലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മോഡൽ പ്രോജക്ടുകൾക്കും പരിശീലനത്തിനുമായി 3.77 കോടി രൂപ എൻ.സി.ആർ.എം.ഐ.-ക്ക് നൽകിയിട്ടുമുണ്ട്.

**കയർ വ്യവസായത്തെ ആധുനികവത്കരിക്കുന്നതിന് നടപടി**

123 (476) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായത്തെ ആധുനികവത്കരിക്കുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദമാക്കുമോ;

(ബി) ചകിരിക്ഷാമം പരിഹരിക്കുന്നതിന് നടപ്പിലാക്കിവരുന്ന നടപടികൾ വിശദീകരിക്കുമോ;

(സി) കയർ ഉത്പാദനമേഖലയിൽ യന്ത്രവത്കരണം നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) തൊഴിൽ നഷ്ടപ്പെട്ട കയർത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കയർ വ്യവസായത്തിൽ സംസ്ഥാനത്തിനുണ്ടായിരുന്ന ആധിപത്യം തിരിച്ചുപിടിക്കുന്നതിന് ആവശ്യമായ സമ്പൂർണ്ണ ആധുനീകരണം സമയബന്ധിതമായി നടപ്പിലാക്കുകയാണ് സർക്കാർ ലക്ഷ്യം. ഇതിനനുഗുണമാകുന്ന തരത്തിൽ സമഗ്ര പുനഃസംഘടനയ്ക്കാണ് മുൻഗണന. നിലവിലുള്ള സ്കീമുകൾ, പരിപാടികൾ എല്ലാം ഉപയോഗപ്പെടുത്തിയാകും പുനഃസംഘടന നടപ്പിലാക്കുക. ആധുനീകരണവും യന്ത്രവത്കരണവും പരമ്പരാഗതമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിച്ചുകൊണ്ടാണ് നടപ്പിലാക്കുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർമേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. രണ്ടാം പുനഃസംഘടനാ പദ്ധതി
2. എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിച്ചുകൊണ്ടുള്ള സമ്പൂർണ്ണ യന്ത്രവത്കരണം.
3. കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് ചകിരി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
4. കയർ കോമ്പസിറ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്ന പദ്ധതിയും നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

പുനഃസംഘടനയുടെ ഭാഗമായി സഹകരണ നിയമപ്രകാരം പ്രവർത്തന ക്ഷമമല്ലാത്ത സംഘങ്ങളെ പ്രവർത്തനക്ഷമമായവയോട് കൂട്ടിച്ചേർക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

സമ്പൂർണ്ണ യന്ത്രവത്കരണം കയർ മേഖലയിൽ നടപ്പാക്കുകയാണ്. ഈ നടപടി പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ തൊഴിലിനെയും വേതനത്തെയും ബാധിക്കാതിരിക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നു. ഇതിന്റെ ഭാഗമായി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് കയർ ഉൽപ്പന്നങ്ങൾ നെയ്യുന്നവരുടെ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ ക്രയവില സ്ഥിരതാപദ്ധതി വഴി സംഭരിക്കും. അവ ഡിസ്കൗണ്ട് നൽകി വിറ്റഴിക്കും. 2016-17 വർഷത്തിൽ 17 കോടി രൂപ ആയിരുന്ന ബഡ്ജറ്റ് വിഹിതം പുതുക്കി 77 കോടി രൂപ ആയി ഉയർത്തി ചെലവഴിച്ചിട്ടുണ്ട്.

(ബി) ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതാണ്. 2017-18 വർഷത്തിൽ സംസ്ഥാനത്ത് 100 ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. നാളികേര ബോർഡുമായി ചേർന്ന് തൊണ്ടുസംഭരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പാലക്കാട് ജില്ലയിലെ നെന്മാറയിലും (പൊന്നാനി പ്രോജക്ട്) കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ട് ചകിരി ആക്കാൻ കഴിയുന്ന രണ്ട് മെഷീനുകൾ ഉൾക്കൊള്ളുന്ന ഫാക്ടറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ ഡി.എഫ്. മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിക്ക് മെഷീനുകൾ നിർമ്മിക്കുന്നതിനായി 2016-17 വർഷത്തിൽ 4,20,91,250 രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

(സി) നിയന്ത്രിത യന്ത്രവത്കരണം എന്നതിൽനിന്നും സമ്പൂർണ്ണ യന്ത്രവത്കരണം കയർ മേഖലയിൽ നടപ്പാക്കുകയാണ്. ഈ നടപടി പരമ്പരാഗതമേഖലയിലെ തൊഴിലാളികളുടെ തൊഴിലിനെയും വേതനത്തെയും ബാധിക്കാതിരിക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നു. ഇതിന്റെ ഭാഗമായി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് കയർ ഉൽപ്പന്നങ്ങൾ നെയ്യുന്നവരുടെ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ ക്രയവിലസ്ഥിരതാ പദ്ധതി വഴി സംഭരിക്കും. അവ ഡിസ്കൗണ്ട് നൽകി വിറ്റഴിക്കും. 2016-17 വർഷത്തിൽ 17 കോടി രൂപ ആയിരുന്ന ബഡ്ജറ്റ് വിഹിതം പുതുക്കി 77 കോടി രൂപ ആയി ഉയർത്തി ചെലവഴിച്ചിട്ടുണ്ട്.

(ഡി) കയർ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി ഈ സർക്കാർ ഒരു രണ്ടാം പുനഃസംഘടനാ പദ്ധതി നടപ്പിലാക്കുന്നുണ്ട്. പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങളെ പ്രവർത്തനക്ഷമമായവയോട് സംയോജിപ്പിക്കുമ്പോൾ കൂടുതൽ പേർക്ക് തൊഴിൽ നൽകാനാകും. എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിച്ചുകൊണ്ടായിരിക്കും യന്ത്രവൽക്കരണം നടപ്പിലാക്കുന്നത്. യന്ത്രവത്കരണം വഴി ഉൽപ്പാദന വർദ്ധനവ് കൈവരിക്കാനാകും. തന്മൂലം സംഘങ്ങളിൽ കൂലി വർദ്ധനവ് നടപ്പാക്കാനും കഴിയും. കൂടാതെ ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉത്പാദനം വർദ്ധിപ്പിച്ച് തൊഴിലാളികളെ സംരക്ഷിക്കും.

## ഹരിത കേരളം പദ്ധതിയുടെ ഭാഗമായുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ

124 (477) ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ദാസൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വിപണിക്ക് ഊന്നൽ നൽകികൊണ്ട് ആലപ്പുഴയിൽ കയർമേള സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഹരിത കേരളം പദ്ധതിയുടെ ഭാഗമായുള്ള മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) കയർ ഭൂവസ്ത്രങ്ങൾ റോഡ് നിർമ്മാണത്തിന് ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ആലപ്പുഴയിൽ ഭൂവസ്ത്ര നിർമ്മാണം പരിശീലിപ്പിക്കുന്നതിന് കയർഫെഡിന്റെയും എൻ.സി.ആർ.എം.ഐ. യുടെയും ആഭിമുഖ്യത്തിൽ ഭൂവസ്ത്ര സ്കൂൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ആലപ്പുഴയിൽ വച്ച് കയർ കേരള 2017 രാജ്യാന്തര മേള സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ.ഉ.(സാധാ) നമ്പർ 1353/16/ഐഡി. തീയതി 30-12-2016 പ്രകാരം നടത്തിപ്പ് ചുമതല കയർ കോർപ്പറേഷനെ ഏൽപ്പിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ഹരിത കേരളം പദ്ധതിയുടെ ഭാഗമായുള്ള മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. MGNREGS പദ്ധതി പ്രകാരം പഞ്ചായത്തുകളിലെ കൃഷി, മണ്ണ്, ജല സംരക്ഷണ, റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) കയർ ഭൂവസ്ത്രങ്ങൾ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കാവുന്നതാണ്. ഈ പരിശ്രമം വിജയിച്ചാൽ കേരളത്തിലെ മുഴുവൻ കയർ തൊഴിലാളികൾക്കും 200 ദിവസത്തെ തൊഴിൽ ഉറപ്പുനൽകാനാകുമെന്ന് പ്രതീക്ഷിക്കുന്നു. കയർ ഭൂവസ്ത്രത്തിന്റെ വിനിയോഗം സാധ്യമാക്കുന്നതിന് മാതൃകാ പ്രോജക്ടുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ചെയ്തു നൽകുന്നതിനും പരിശീലനത്തിനുമായി 3.778 കോടി രൂപ എൻ.സി.ആർ.എം.ഐ.-യ്ക്ക് അനുവദിച്ചു നൽകിക്കഴിഞ്ഞു.

(ഡി) തൊഴിലുറപ്പ് ഉദ്യോഗസ്ഥരെ പരിശീലിപ്പിക്കുന്നതിന് കയർഫെഡിന്റെയും എൻ.സി.ആർ.എം.ഐ.-യുടെയും ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ ഒരു ഭൂവസ്ത്ര സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സംസ്ഥാനത്തെ കയർ മേഖലയുടെ അഭിവൃദ്ധി

125 (478) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ മേഖലയുടെ അഭിവൃദ്ധിക്കും വികസനത്തിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കയറിന്റെ ആഭ്യന്തര, വിദേശ വിപണി വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(സി) സ്വകാര്യ സംരംഭകരുടെ സഹകരണം ഈ മേഖലയുടെ വികസനത്തിന് എങ്ങനെ പ്രയോജനപ്പെടുത്താനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായമാണ് കയറിന്റേയും കയർ ഉൽപ്പന്നങ്ങളുടേയും നിർമ്മാണം. ഈ മേഖലയിൽ ഒരു രണ്ടാം പുനഃസംഘടന സർക്കാർ ലക്ഷ്യം വയ്ക്കുന്നു. നിലവിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/പ്രവർത്തനമൂലധനം നൽകുന്നു.
2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകിവരുന്നു.
3. കയറും കയറുല്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എംഡിഎ) നൽകിവരുന്നു.
4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ നൽകുന്നു.
5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി) നൽകിവരുന്നു.
6. കയർ വ്യവസായത്തിൽ സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു. പരമ്പരാഗത കയർ തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിച്ചുകൊണ്ടാവും ഇത്.
7. ഉൽപ്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.

8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് 17 കോടിയിൽ നിന്നും 77 കോടിയായി വർദ്ധിപ്പിച്ച് 2017 മാർച്ച് 31-നകം കയർഫെഡ്, കയർ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

9. കയർമേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കിവരുന്നു.

10. കയർ ജിയോ ടെക്സ്റ്റൈൽസ് പദ്ധതി നടപ്പിലാക്കിവരുന്നു.

11. കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

12. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിവരുന്നു.

ഇവയ്ക്കു പുറമെ ഈ സാമ്പത്തിക വർഷം കയർമേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ കൂടി നടപ്പിലാക്കിവരുന്നു:

2017-18-ൽ കയർ രണ്ടാം പുനഃസംഘടനാ സ്കീം നടപ്പിലാക്കിവരുന്നു. കയർ വ്യവസായത്തെ യുദ്ധകാലാടിസ്ഥാനത്തിൽ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കയർ സഹകരണ സംഘങ്ങൾക്ക് 90% സബ്സിഡിയിലും സ്വയം സഹായ സംഘങ്ങൾക്കും മറ്റും 75% സബ്സിഡിയിലും സ്വകാര്യ വ്യക്തികൾക്ക് 50% സബ്സിഡിയിലും ഡീഫൈബറിംഗ് യന്ത്രങ്ങൾ ലഭ്യമാക്കുന്നതിന് വിഭാവനം ചെയ്യുന്നു. നെന്മാറ മണ്ഡലത്തിലെ വടവന്നൂരിൽ പ്രതിദിനം 60,000 തൊണ്ട് ചകിരിയാക്കാനുള്ള ശേഷിയോടെ ഈ സ്കീം പ്രകാരമുള്ള ആദ്യത്തെ മില്ല് മേയ് മാസത്തിൽ പ്രവർത്തനം ആരംഭിക്കും. 2017-18-ൽ 100 ചകിരി മില്ലുകൾ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്.

ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സംഘങ്ങൾക്ക് മാത്രം ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. സ്വകാര്യ നിക്ഷേപകർക്ക് കയർബോർഡ് നൽകുന്ന സഹായത്തിനുപുറമെ സംസ്ഥാന സർക്കാർ സബ്സിഡിയുമുണ്ടാകും. 2017-18 ഫോം മാറ്റിംഗ്സ് ലിമിറ്റഡിന്റെ കീഴിൽ കയർ കോമ്പസിറ്റ് ഫാക്ടറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. പുതിയൊരു കയർ മാട്രസ്സ് ഡിവിഷന് രൂപം നൽകുന്നതിനും കയർ മെഷീൻ ഫാക്ടറി ആദ്യമായി പൂർണ്ണശേഷിയിൽ പ്രവർത്തിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ഈ സാങ്കേതിക നവീകരണംമൂലം കയർപിരിക്കാർക്കും, നെയ്ത്തുകാർക്കും തൊഴിൽ നഷ്ടപ്പെടില്ലെന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ അവരുടെ ഉൽപ്പന്നങ്ങൾ മിനിമം കൂലി ഉറപ്പുവരുത്തുന്ന വിലയ്ക്ക് വാങ്ങി സംഭരിക്കും. ആദ്യഘട്ടത്തിൽ സഹകരണ മേഖലയിൽ നിന്നുള്ള ഉൽപ്പന്നങ്ങളാണ് സംഭരിക്കുക. നടപ്പു സാമ്പത്തിക വർഷം കയർഫെഡ് 2 ലക്ഷം ക്വിന്റൽ കയർ സംഭരിക്കുന്നതിനും കയർ കോർപ്പറേഷൻ 200 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇവ വിറ്റഴിക്കുന്നതിന് സബ്സിഡി നൽകുന്നതിനായി 48 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ആലപ്പുഴയിലെ കയർമേള ആഭ്യന്തര വിപണിക്ക് ഊന്നൽ നൽകിക്കൊണ്ട് സെപ്തംബർ മാസത്തിൽ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കയറിന്റെ പുതിയ ഡിമാന്റ് ഹരിത കേരളം പദ്ധതിയുടെ ഭാഗമായുള്ള മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന കയർ ഭൂവസ്ത്രങ്ങളിൽ നിന്നായിരിക്കും. റോഡ് നിർമ്മാണത്തിനും കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്താം. ഈ പരിശ്രമം വിജയിച്ചാൽ കേരളത്തിലെ മുഴുവൻ കയർ തൊഴിലാളികൾക്കും 200 ദിവസത്തെ തൊഴിൽ ഉറപ്പുനൽകാനാകും. ഇതിനായി ആലപ്പുഴയിൽ തൊഴിലുറപ്പ് ഉദ്യോഗസ്ഥരെ പരിശീലിപ്പിക്കുന്നതിന് കയർഫെഡിന്റെയും, എൻ.സി.ആർ.എം.ഐ.-യുടെയും ആഭിമുഖ്യത്തിൽ ഭൂവസ്ത്ര സ്കൂൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

രണ്ടാം പുനഃസംഘടനാ സ്കീമിന്റെ ഭാഗമായി പുനരുദ്ധരിക്കുന്ന കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനവും മാനേജീരിയൽ സബ്സിഡിയും നൽകുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ഇതിനുവേണ്ടി എൻ.സി.ഡി.സി.-ക്ക് ഒരു പ്രോജക്ട് സമർപ്പിക്കുന്നതാണ്. ഇപ്പോൾ പ്രവർത്തനമൂലധനം നൽകുന്നതിന് 12 കോടി രൂപയും മാനേജീരിയൽ സബ്സിഡിക്ക് 3 കോടി രൂപയും അധികമായി വകയിരുത്തിയിട്ടുണ്ട്. കയർ സഹകരണ സംഘങ്ങളുടെ കൈയ്യിൽ മുൻകാലത്ത് വിവിധ സ്കീമുകളിലായി ലഭിച്ച പണത്തിൽ മിച്ചമുള്ളത് പ്രവർത്തനമൂലധനമായി ഉപയോഗിക്കാൻ അനുവാദം നൽകും. കയർമേഖലയ്ക്കായി ആകെ 128 കോടി രൂപയും, ഇതിനുപുറമെ കയർ ഉൽപ്പാദക സംഘങ്ങളുടെ പുനഃസംഘാടനത്തിനായി എൻ.സി.ഡി.സി. മുഖാന്തിരം ലഭ്യമാക്കുന്ന 100 കോടി രൂപയും ഉപയോഗപ്പെടുത്തും.

(ബി) കയറിന്റെ അഭ്യന്തര വിദേശ വിപണി വിപുലപ്പെടുത്തുന്നതിൽ പ്രദർശനങ്ങളിൽ പങ്കെടുക്കുക, ബയർ-സെല്ലർ മീറ്റുകളിൽ പങ്കെടുക്കുക, വിദേശ വിപണിക്കാവശ്യമായ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുക തുടങ്ങിയ നടപടികൾ

ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലി., കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ വഴി സ്വീകരിച്ചുവരുന്നു. പുതിയ ഷോറൂമുകൾ വിവിധ സംസ്ഥാനങ്ങളിൽ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. 2017 സെപ്റ്റംബറിൽ ആലപ്പുഴയിൽ വച്ച് കയർ കേരള രാജ്യാന്തരമേള നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സ.ഉ.(സാധാ)നമ്പർ 1353/16/ഐഡി, തീയതി 30-12-2016-ാം നമ്പർ ഉത്തരവുപ്രകാരം നടത്തിപ്പ് ചുമതല കയർ കോർപ്പറേഷനെ ഏൽപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഉത്സവകാലങ്ങളിൽ റിബേറ്റ് നൽകി കയർ ഉൽപ്പന്നങ്ങൾ വിറ്റഴിച്ചുവരുന്നു. പ്രാദേശിക ഉത്സവങ്ങളോടനുബന്ധിച്ചുള്ള വിപണന മേളകളിൽ സജീവമായി പങ്കെടുത്തുവരുന്നു. കൂടാതെ ഇതര സംസ്ഥാന മാർക്കറ്റിംഗ് ഫെഡറേഷനുകളുമായി ചേർന്ന് വിപണി കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. യു.പി. സ്റ്റേറ്റ് ഹാൻഡ്‌ലൂം ഫെഡറേഷനുമായി ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്.

(സി) നിയന്ത്രിത യന്ത്രവത്കരണം എന്ന പദ്ധതിയിൽനിന്നും സമ്പൂർണ്ണ യന്ത്രവത്കരണം കയർ മേഖലയിൽ നടപ്പാക്കുകയാണ്. സ്വകാര്യ സംരംഭകർക്ക് ചകിരി ഉൽപ്പാദനത്തിനായി ഡി.എഫ്. മെഷീനുകൾ 50% സബ്സിഡി നിരക്കിൽ ലഭ്യമാക്കും. സ്വകാര്യ നിക്ഷേപകർക്ക് കയർബോർഡ് നൽകുന്ന സഹായത്തിനുപുറമേ സംസ്ഥാന സർക്കാർ സബ്സിഡി നൽകും. നിലവിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ സ്വകാര്യ സംരംഭകർക്കുകൂടി ലഭ്യമാക്കും. കയർ മഷിനറികൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നു.

**കയർ തൊഴിലാളികളുടെ സംരക്ഷണം**

126 (479) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(ബി) കയർത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ആലോചിക്കുന്നു എന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) കയർ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി ഈ സർക്കാർ ഒരു രണ്ടാം പുനഃസംഘടനാ പദ്ധതി നടപ്പിലാക്കുന്നുണ്ട്. പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങളെ പ്രവർത്തനക്ഷമമായവയോട് സംയോജിപ്പിക്കുമ്പോൾ കൂടുതൽ പേർക്ക് തൊഴിൽ നൽകാനാകും. എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിച്ചുകൊണ്ട് സമ്പൂർണ്ണ യന്ത്രവത്കരണം നടപ്പിലാക്കുവാനാണ് വിഭാവനം ചെയ്യുന്നത്. യന്ത്രവത്കരണം വഴി ഉൽപ്പാദന വർദ്ധനവ് കൈവരിക്കാനാകും. തന്മൂലം സംഘങ്ങളിൽ കൂലി വർദ്ധനവ് നടപ്പാക്കാനും കഴിയും. സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് കയർ ഉൽപ്പന്നങ്ങൾ നെയ്യുന്നവരുടെ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ ക്രയവിലസ്ഥിരതാ പദ്ധതി വഴി സംഭരിക്കും. അവ ഡിസ്കൗണ്ട് നൽകി വിറ്റഴിക്കും. ആയതിനായി 2016-17 വർഷത്തിൽ 77 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉത്പാദനം വർദ്ധിപ്പിച്ച് തൊഴിലാളികളെ സംരക്ഷിക്കും.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പേരിൽ അന്യസംസ്ഥാനങ്ങളിൽ ഭൂമി**

127 (480) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പേരിൽ അന്യ സംസ്ഥാനങ്ങളിൽ ഭൂമി കൈവശമുണ്ടോയെന്ന് വ്യക്തമാക്കുമോ ; എങ്കിൽ ഇത് ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളുടെ പേരിലാണെന്നും, എവിടെയെല്ലാ മാണെന്നും എത്ര ഭൂമി വീതമുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഇവ ഓരോന്നിന്റെയും നിലവിലെ അവസ്ഥയെക്കുറിച്ച് വിശദീകരിക്കുമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അന്യസംസ്ഥാനങ്ങളിൽ ഭൂമി കൈവശമില്ല.

(ബി) ബാധകമല്ല.

## ഉദുമ സ്പിന്നിങ് മിൽ

128 (481) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായപരമായി പിന്നോക്കം നിൽക്കുന്ന കാസർഗോഡ് ജില്ലയിലെ ഉദുമയിൽ കഴിഞ്ഞ എൽ. ഡി. എഫ്. സർക്കാർ നിർമ്മാണം പൂർത്തീകരിച്ച പൊതു മേഖലാ വ്യവസായ സ്ഥാപനമായ ഉദുമ സ്പിന്നിങ് മില്ലിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനത്തിലേയ്ക്കായി കഴിഞ്ഞ എൽ. ഡി. എഫ്. സർക്കാർ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽനിന്നും ഉദ്യോഗാർത്ഥികളെ നിയമിക്കാൻ നടപടികൾ ഉണ്ടാകുമോ?

ഉത്തരം

(എ) 33.94 കോടി അടങ്കൽ തുകയുള്ള പുതുക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് ഭരണാനുമതി ലഭിക്കുകയും ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള കേസുകളിൽ തീരുമാനം ഉണ്ടാകുകയും ചെയ്യുന്ന മുറയ്ക്ക് മില്ലിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്.

(ബി) ഹൈക്കോടതിയിലെ കേസുകളിന്മേൽ തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

## മങ്കട നിയോജകമണ്ഡലത്തിൽ വ്യവസായ സോൺ

129 (482) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ വ്യവസായ സോൺ സ്ഥാപിക്കുന്നതിനായി സർക്കാർ ഭൂമി ഏറ്റെടുക്കുമെന്ന് 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളപ്രകാരം മങ്കട നിയോജക മണ്ഡലത്തിലെ മങ്കട വില്ലേജിൽപ്പെട്ട 690 ഏക്കർ സ്ഥലം റവന്യൂ വകുപ്പിൽനിന്നും ലഭ്യമാക്കുന്നതിനായി കിൻഫ്രയും വ്യവസായ വകുപ്പും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഭൂമി കൈമാറി ലഭിച്ചാൽ ഏത് തലത്തിലുള്ള വികസന പ്രവർത്തനങ്ങൾ ആരംഭിക്കുവാനാണ് കിൻഫ്ര ഉദ്ദേശിക്കുന്നത്; വിശദീകരിക്കുമോ;

(സി) വ്യവസായ സോൺ ആരംഭിക്കുന്നത് സംബന്ധിച്ച് കിൻഫ്ര പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) മങ്കട നിയോജകമണ്ഡലത്തിൽ വ്യവസായ സോൺ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 690 ഏക്കർ ഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് വ്യവസ്ഥകൾ പാലിച്ച് ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമി കിൻഫ്ര ഇതുവരെ ഏറ്റെടുത്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട തുടർ നടപടികൾ ഏകോപിപ്പിക്കുന്നത് റവന്യൂ അധികൃതരാണ്. റവന്യൂ വകുപ്പിൽനിന്ന് ഇത് സംബന്ധിച്ച് അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാനാണ് കിൻഫ്ര ഉദ്ദേശിക്കുന്നത്.

(ബി) കിൻഫ്രയ്ക്ക് ഭൂമി കൈമാറിയ ശേഷം കിൻഫ്രയുടെ സാങ്കേതിക ടീം പ്രസ്തുത ഭൂമി പരിശോധിച്ച ശേഷം മാത്രമേ പ്രോജക്ടുകൾ തീരുമാനിക്കുകയുള്ളൂ.

(സി) ഇതുമായി ബന്ധപ്പെട്ട് കിൻഫ്ര പഠന റിപ്പോർട്ട് ഒന്നും തയ്യാറാക്കിയിട്ടില്ല.

**വ്യവസായ നയം**

130 (483) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയൊരു വ്യവസായ നയത്തിന് രൂപം നൽകാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ വ്യവസായ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യമൊരുക്കാൻ എന്തൊക്കെ കാര്യങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നയം എന്നത്തേക്ക് പ്രഖ്യാപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. യുവാക്കളെ തൊഴിൽ അന്വേഷകരിൽനിന്നും തൊഴിൽ ദാതാക്കളാക്കി മാറ്റുക എന്ന ലക്ഷ്യം മുൻ നിർത്തിയുള്ളതാണ് സർക്കാരിന്റെ പരിഗണനയിലുള്ള വ്യവസായ നയം. വ്യവസായ, കരകൗശല മേഖലകളിൽ സത്വരവും ഊർജ്ജസ്വലവുമായ വളർച്ചയ്ക്ക് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിന് ഉതകുന്ന തരത്തിലും, പാരിസ്ഥിതിക/മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാക്കാത്തതും കുറഞ്ഞ വൈദ്യുതി ഉപഭോഗം ആവശ്യമുള്ളതും യുവജനങ്ങൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യുന്ന തരത്തിലും നിലവിലുള്ള വ്യവസായ നയത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി സംസ്ഥാനത്ത് ഒരു പുതിയ വ്യവസായ നയം നടപ്പിലാക്കുവാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നു. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതികളും ക്ലിയറൻസുകളും ഓൺലൈൻ സംവിധാനങ്ങൾ വഴി നൽകുക, ഭൂമി അനുവദിക്കുന്നതിന് അലോട്ട്മെന്റ് പോളിസി, നിക്ഷേപ സൗഹൃദ എക്സിറ്റ് പോളിസി, വിദ്യാർത്ഥി, യുവ, വനിത സംരംഭകർക്ക് പ്രോത്സാഹനം, പാരമ്പര്യ വ്യവസായങ്ങൾക്ക് പ്രത്യേക പദ്ധതികൾ, ലൈഫ് സയൻസ് ഭക്ഷ്യ സംസ്കരണം ഫാർമസ്യൂട്ടിക്കൽസ് മേഖലകൾക്ക് ഊന്നൽ, നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കൽ തുടങ്ങിയ കാര്യങ്ങൾക്ക് ടി നയത്തിൽ പ്രാധാന്യം നൽകുവാൻ ഉദ്ദേശിക്കുന്നു.

(സി) വ്യവസായ നയത്തിന്റെ കരട് സർക്കാർ സജീവമായി പരിശോധിച്ചു വരുന്നു.

**വ്യവസായ മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് പുതിയ പദ്ധതികൾ**

131 (484) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം വ്യവസായ മേഖലകളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(സി) പദ്ധതി നടത്തിപ്പിനുള്ള ധനം എങ്ങനെ സമാഹരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വ്യവസായ മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ താഴെ സൂചിപ്പിക്കുന്നു:

സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യവുമായി സംരംഭകത്വ സഹായ പദ്ധതി നടപ്പിലാക്കിവരുന്നു. ചില വ്യവസായങ്ങളെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി സംരംഭകത്വ സഹായ പദ്ധതി വഴി അവയ്ക്ക് അധിക സാമ്പത്തിക സഹായം നൽകിവരുന്നു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പരിപാടി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉത്പന്ന വിപണന മേളകൾ തുടങ്ങിയ പരിപാടികൾ നടത്തുന്നുണ്ട്. സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ വഴി ധനസഹായം നൽകിവരുന്നു.

(ബി) സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലകൾ.

(സി) സംസ്ഥാന ബഡ്ജറ്റിൽ വിവിധ പദ്ധതികളിലായി ഇതിനായി തുക വകയിരുത്തിയിട്ടുണ്ട്.

**കൊരട്ടി കിൻഫ്രയുടെ വികസനം**

132 (485) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി കിൻഫ്രയുടെ വികസനത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടികൾ ഏതുഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(ബി) കൊരട്ടിയിലെ ഗവൺമെന്റ് ഓഫ് ഇന്ത്യ പ്രസ്സിന്റെ ഉപയോഗ ശൂന്യമായ സ്ഥലം കിൻഫ്രയുടെ വികസനത്തിനായി വിട്ടുകിട്ടുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൊരട്ടി കിൻഫ്ര പാർക്കിന്റെ രണ്ടാം ഘട്ട വികസനത്തിനുള്ള നടപടികൾ കിൻഫ്ര സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 68000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു ബഹുനില ഫാക്ടറി സമുച്ചയം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കൊരട്ടി കിൻഫ്ര പാർക്കിനോട് ചേർന്നുള്ള കേന്ദ്ര നഗര വികസന മന്ത്രാലയത്തിന്റെ അധീനതയിലുള്ള ഭൂമി കിൻഫ്രയ്ക്ക് നൽകുന്നതിനായി സർക്കാർ കേന്ദ്ര നഗര വികസന മന്ത്രാലയവുമായി ബന്ധപ്പെട്ടിരുന്നു. എന്നാൽ കൊരട്ടി ഗവൺമെന്റ് പ്രസ്സ് ഉൾപ്പെടെ കേന്ദ്ര സർക്കാർ പ്രസ്സുകളുടെ അടച്ചുപൂട്ടൽ സംബന്ധിച്ച് തീരുമാനമെടുക്കുന്ന മുറയ്ക്ക് മാത്രമെ സ്ഥലം കൈമാറ്റം സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് കഴിയുകയുള്ളൂവെന്ന് കേന്ദ്ര നഗര വികസന മന്ത്രാലയം അറിയിച്ചിട്ടുണ്ട്.

**പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്)**

133 (486) <u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> :
<u>ശ്രീ. എം. നൗഷാദ്</u> :
<u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ മേഖലയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമ മാക്കുന്നതിന്റെ ഭാഗമായി പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

(ബി) റിയാബിന്റെ പുനഃസംഘടനയ്ക്കുശേഷം വ്യവസായ മേഖലയിലെ ഏതെല്ലാം പ്രവൃത്തികളാണ് ത്വരിതപ്പെടുത്തുന്നതിനുവേണ്ടി തെരഞ്ഞെടുത്തിട്ടുള്ള തെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വ്യവസായ വകുപ്പിന്റെ ജി.ഒ.(ആർ.ടി.)നമ്പർ 492/2016/വ്യവ. തീയതി 3-6-2016 ഉത്തരവ് പ്രകാരം റിയാബ് പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) മുഖേന വിശദമായി വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, ധനപരമായ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പുനരുദ്ധാരണം, സ്ഥാപനങ്ങൾ തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികൾ സത്വരമായി നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

മുൻകാലങ്ങളിലെ മോശം പ്രവർത്തനം കാരണം ബാങ്കുകളിൽനിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സഹായം ലഭിക്കുന്ന സ്ഥിതിയിലല്ല മിക്ക സ്ഥാപനങ്ങളും. ആയതിനാൽ കൂടുതൽ ധനസഹായം ബഡ്ജറ്റിൽനിന്നും നൽകുകയുണ്ടായി. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകിയിരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ നവീകരണ വിപുലീകരണ പദ്ധതികൾക്കായുള്ള പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തി വകയിരുത്തിയിട്ടുണ്ട്.

വിപണന മൂല്യമുള്ള ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന വിപുലീകരണത്തിലൂടെയും, നവീന സാങ്കേതിക വിദ്യയിലൂടെ ഉൽപ്പാദനക്ഷമത കൂട്ടിയും, ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്കരണത്തിലൂടെ വിപണന സാധ്യതകൾ ഉറപ്പുവരുത്തിയും മാത്രമേ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വിപണിയിലെ കടുത്ത മത്സരത്തെ അതിജീവിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് അടുത്ത സാമ്പത്തിക വർഷം മുതൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ വിപുലമായ നവീകരണ വിപുലീകരണ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. ഇപ്രകാരം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി സുസ്ഥിരമായ വികസന പാതയിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തി പ്പെടുത്തുന്നതിനായി സർക്കാർ മുൻഗണന നൽകി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിന് റിയാബ് മുഖേന നടത്തി വരുന്ന പ്രവർത്തന നിരീക്ഷണ സംവിധാനവും, അവലോകന സംവിധാനവും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

റിയാബ് മുഖേന മാസം തോറും നടത്തിവരുന്ന പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെന്റ് നടപടിക്രമങ്ങൾ മറ്റുള്ള സ്ഥാപനങ്ങളിലേയ്ക്കും പകർന്നു നൽകുവാൻ സഹായകമായിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തന പുരോഗതി നേടുന്നതിനായുള്ള വിവിധ ഘടകങ്ങളിൽ റിയാബ് നിർവ്വഹിച്ചുവരുന്ന ചുമതലകൾക്കും പ്രാധാന്യമുണ്ട്.

സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് റിയാബ് സമർപ്പിക്കുന്ന വിശകലന റിപ്പോർട്ടുകളുടെയും ചർച്ചകളുടെയും കൂടി അടിസ്ഥാനത്തിലാണ് സർക്കാർ ഈ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ നിർണ്ണായകമായ തീരുമാനങ്ങൾ കൈക്കൊണ്ടുവരുന്നത്.

**പരമ്പരാഗത വ്യവസായങ്ങളുടെ പ്രോത്സാഹനം**

134 (487) ശ്രീ. എ. എം. ആരിഫ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽശക്തികേന്ദ്രീകൃതമായ പരമ്പരാഗത വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) കഠിനമായ തൊഴിൽ സാഹചര്യവും പരിതാപകരമായ വേതന ഘടനയുമെന്ന നിലവിലെ സ്ഥിതി മെച്ചപ്പെടുത്താനായി എന്തെല്ലാം പരിഹാര മാർഗ്ഗങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) തൊഴിലാളികളെ പുറന്തള്ളാത്ത വിധത്തിലുള്ള ആധുനികവത്കരണവും യന്ത്രവത്കരണവും വഴി അധ്വാനം ലഘൂകരിക്കുന്നതിനോടൊപ്പം ഉല്പാദനക്ഷമത വർദ്ധനവും സാമ്പത്തിക നേട്ടവും പ്രാപ്യമാക്കാൻ പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവയെ സംരക്ഷിക്കുന്നതിനും ക്രിയാത്മകമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കൈത്തറി മേഖലയിൽ നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ യാൺ ബാങ്കുകൾ വഴി ലഭ്യമാക്കുന്നതിനായി സബ്സിഡിയും മാർജിൻമണി വായ്പയും നൽകുന്ന പദ്ധതി, കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ പദ്ധതി, നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി, കൈത്തറി തൊഴിലാളികൾക്കുള്ള ഉൽപ്പാദന പ്രോത്സാഹന ധനസഹായ പദ്ധതി, കൈത്തറി ഗ്രാമവും സമഗ്ര കൈത്തറി ഗ്രാമവും പദ്ധതി, അംശദായ സമ്പാദ്യ പദ്ധതി, കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി, വിപണന-കയറ്റുമതി പ്രോത്സാഹന പദ്ധതി, കൈത്തറി സംഘങ്ങളുടെ ആധുനികവത്കരണ പദ്ധതി, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹന പദ്ധതി, പരിശീലനം നൈപുണ്യം ശേഷിവികസന പദ്ധതി, ഒരു വീട്ടിൽ ഒരു തറി പദ്ധതി, പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം, ഹാന്റെക്സ് ഹാന്റ് വീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം എന്നിവ നടപ്പാക്കിവരുന്നു.

കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 'ASHA' എന്ന പദ്ധതി, വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതി, കരകൗശല ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി എന്നിവയും നടപ്പാക്കിവരുന്നു. കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുന്ന പദ്ധതിയും നടപ്പാക്കിവരുന്നു.

ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഈ മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ മുഖേന സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളുടെ ശാക്തീകരണം, സ്ലീവറിംഗ് യൂണിറ്റുകളുടെ സ്ഥാപനം, ഫീഡർ യൂണിറ്റുകൾ/പ്രീ-പ്രോസസ്സിംഗ് യൂണിറ്റുകൾ പുനഃക്രമീകരിച്ച് ശക്തിപ്പെടുത്തൽ, മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. ഖാദി ഗ്രാമ വ്യവസായ മേഖലയിൽ മിനിമം വേതന പദ്ധതി, നൂൽപ്പ് തൊഴിലാളികൾക്ക് ഇൻസെന്റീവ് പദ്ധതി, വായ്പ പദ്ധതികൾ എന്നിവ നടപ്പാക്കിവരുന്നു.

കയർ മേഖലയിൽ കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധനം, അടിസ്ഥാന സൗകര്യവികസനത്തിനായി ധനസഹായം, വിപണി വികസന സഹായം, കയർമേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ, പ്രത്യേക നിക്ഷേപ സഹായ പദ്ധതി, ഉൽപ്പാദനവും വിപണന പ്രചോദനവും പദ്ധതി, വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി, ക്ലസ്റ്റർ വികസന പദ്ധതി, കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ വഹിക്കുന്ന രീതിയിൽ ഇൻകം സപ്പോർട്ട് സ്കീം, കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. കൂടാതെ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവത്കരണം നടത്തുന്നതിനും വില വ്യതിയാനം പരിഹരിക്കുന്നതിനും കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം നടത്തുന്നതിനും ക്ലസ്റ്റർ വികസന പദ്ധതി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പരമ്പരാഗത മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യം ലഭ്യമാക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൈത്തറി മേഖലയിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി, ഉൽപ്പാദന വർദ്ധനവിനനുസരിച്ച് പ്രൊഡക്ഷൻ ഇൻസെന്റീവ്, ആരോഗ്യപരമായ പ്രശ്നങ്ങൾക്ക് പരിഹാരമായി ഇൻഷ്വറൻസ് പരിരക്ഷ, വീടിനോടു ചേർന്ന് പണിപ്പുര സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം, സ്കൂൾ തലത്തിൽ പഠിക്കുന്ന നെയ്ത്തുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ്, ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി എന്നിവ നടപ്പാക്കിവരുന്നു.

കരകൗശല മേഖലയിലെ തൊഴിലാളികളുടെ സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റെ കുറവും ഉൽപ്പാദനക്ഷമത കുറവും, ആധുനിക സാങ്കേതിക വിദ്യയുടെ അഭാവവും, മെച്ചപ്പെട്ട പണിയായുധങ്ങളുടെ അഭാവം എന്നിവ പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റേയും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കരകൗശല മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുവാൻ കുടുംബാംഗങ്ങൾക്ക് അനുബന്ധ മേഖലയിൽ വിദഗ്ദ്ധ പരിശീലനം നൽകി സ്വയം സംരംഭങ്ങൾ ആരംഭിക്കുവാൻ സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയെ സംരക്ഷിക്കുന്നതിനും തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി ഈ മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപറേഷൻ മുഖേന സാമൂഹ്യ യന്ത്രവത്കൃത പനമ്പു നെയ്ത്ത് കേന്ദ്രങ്ങളുടെ ശാക്തീകരണം, സ്ലീവറിംഗ് യൂണിറ്റുകളുടെ സ്ഥാപനം, മിനിമം വേജസ് പദ്ധതി/ഡി.എ. ആനുകൂല്യം എന്നിവ നടപ്പിലാക്കിവരുന്നു.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി ചർക്കകളുടേയും തറികളുടേയും ആധുനിക വത്കരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിലൂടെ ഉൽപ്പാദന ക്ഷമതയും വേതനവർദ്ധനവും കൈവരിക്കുവാൻ കഴിയുമെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഈ മേഖലയിൽ മിനിമം വേതനം നടപ്പിലാക്കിയിട്ടുണ്ട്.

കയർമേഖലയിൽ സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കയറും മിനിമം കൂലി ഉറപ്പുവരുത്തി സംഭരിക്കുന്നതിനും ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾ ന്യായവില നൽകി സംഭരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവത്കരണം നടത്തുന്നതിനും വില വ്യതിയാനം പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പരമ്പരാഗത തൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ട് അവരുടെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിനായി ഉചിതമായ തോതിൽ യന്ത്രവത്കരണം നടത്തുന്നതിനും പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിനും അവരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതിനും സാങ്കേതിക സഹായം നൽകുന്നതിനും സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

## കുന്നത്തറ ടെക്സ്റ്റയിൽസിന്റെ ഇപ്പോഴത്തെ ബാധ്യത

135 (488) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി മണ്ഡലത്തിൽ ഉൾപ്പെടുന്ന കുന്നത്തറ ടെക്സ്റ്റയിൽസിന്റെ ഇപ്പോഴത്തെ ബാധ്യത എത്രയാണെന്ന് ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ;

(ബി) കുന്നത്തറ ടെക്സ്റ്റയിൽസിന് ബാധ്യതയുള്ള പല സ്ഥാപനങ്ങളും ഇന്ന് നിലവിലില്ലാത്തതും അവരുടെ ബാധ്യത പെരുപ്പിച്ച് കാണിച്ചതാണെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുന്നത്തറ ടെക്സ്റ്റയിൽസിന്റെ കോടിക്കണക്കിന് രൂപ വിലമതിക്കുന്ന ഭൂമിയും അനുബന്ധവസ്തുക്കളും സ്വകാര്യ വ്യക്തികൾ കയ്യടക്കാനുള്ള ശ്രമം തടയുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത ഭൂമി സർക്കാർ ഏറ്റെടുത്ത് പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. പരിശോധിച്ചുവരുന്നു.

(സി&ഡി) കുന്നത്തറ ടെക്സ്റ്റയിൽസിന്റെ ആസ്തികൾ സംബന്ധിച്ച് പുതുക്കിയ വില നിർണ്ണയം നടത്തി ആയവയുടെ യഥാർത്ഥ മൂല്യം അടിയന്തരമായി സർക്കാരിന് സമർപ്പിക്കുവാൻ കോഴിക്കോട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയത്തിൽ തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

## വ്യാവസായിക രംഗത്ത് സ്വകാര്യ നിക്ഷേപം

136 (489) ശ്രീ. പി. ടി. തോമസ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാവസായിക രംഗത്ത് സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ വ്യവസായം, തൊഴിൽ എന്നീ രംഗത്തുള്ള അനാരോഗ്യപരമായ കാര്യങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനും കർശന നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ;

(സി) ഈ രംഗത്തെ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുവാൻ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന കാര്യത്തിൽ എന്തെല്ലാം നടപടികൾ ഈ സർക്കാർ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വ്യാവസായിക രംഗത്ത് സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സൂക്ഷ്മ ചെറുകിട-ഇടത്തര സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്ന സംരംഭകത്വ സഹായപദ്ധതി നടപ്പിലാക്കി വരുന്നു. പൊതു വിഭാഗത്തിൽപ്പെട്ട ഈ സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15 ശതമാനവും വനിതാ സംരംഭങ്ങൾക്കും പട്ടികജാതി പട്ടിക വർഗ്ഗ സംരംഭങ്ങൾക്കും യുവസംരംഭങ്ങൾക്കും സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20 ശതമാനവും സാമ്പത്തിക സഹായം നൽകുന്നു. യുവസംരംഭകരെ വളർത്തി യെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. ജില്ലാ വ്യവസായ വകുപ്പ് മുഖേന ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം നടത്തിവരുന്നു. കെ-ബിപ്പ് മുഖേന സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായികൾക്ക് വിപണി ലഭ്യമാക്കുന്നതിനായി ബി ടു ബി മീറ്റുകൾ, ദേശീയ അന്തർദ്ദേശീയ മേളകൾ എന്നിവ സംഘടിപ്പിച്ചുവരുന്നു.

സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കിൻഫ്ര 22 വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ മേഖലകളിൽ വ്യവസായം തുടങ്ങുന്നതുമായി ബന്ധപ്പെട്ട് നവീകരണം നടപ്പിലാക്കാനാവശ്യമായ പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് സംരംഭം നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.-യെ നിയോഗിച്ചിട്ടുണ്ട്.

(ബി) ഈ മേഖലകളിലെ അനാരോഗ്യപരമായ കാര്യങ്ങൾ തൊഴിൽ വകുപ്പിന്റെ സഹായത്തോടുകൂടി വ്യവസായ സംരംഭകരും തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് പരിഹരിച്ചുവരുന്നു.

(സി) വ്യവസായ ഏരിയകളിലെ സ്ഥല ദൗർലഭ്യം കണക്കിലെടുത്ത് വ്യവസായ ഏരിയ/പ്ലോട്ടുകളിലായി ബഹുനില എസ്റ്റേറ്റുകളുടെ നിർമ്മാണത്തിനായി 82.79 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ, ആഭ്യന്തര റോഡുകളുടെ റിപ്പയറിനും മെയിന്റനൻസിനുമായി 33.81 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. വ്യവസായ വികസന പ്ലോട്ടിനായി പുതുതായി ഏറ്റെടുത്ത കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറയിലെ 20.43 ഏക്കർ ഭൂമിയിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 4.05 കോടി രൂപയും തൃശ്ശൂർ ജില്ലയിലെ വരവൂരിലെ 8.55 ഏക്കർ സ്ഥലത്തെ രണ്ടാംഘട്ട പ്രവർത്തനത്തിന് 3.32 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

കെ.എസ്.ഐ.ഡി.സി.-യുടെ ചേർത്തല വ്യവസായ വളർച്ചാ കേന്ദ്രത്തിൽ കേന്ദ്ര സഹായത്തോടുകൂടി 125 കോടി രൂപ മുടക്കിൽ ഒരു മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കുന്നു. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതിനായി 25 കോടി രൂപയോളം വിനിയോഗിച്ചുകഴിഞ്ഞു.

കെ.എസ്.ഐ.ഡി.സി.-യുടെ കോഴിക്കോട് വ്യവസായ വളർച്ചാ കേന്ദ്രത്തിൽ ഫാക്ടറി മൊഡ്യൂളുകൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 60000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. ഏകദേശം 14 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കൂടാതെ 6.5 കോടി രൂപ ചെലവിൽ 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണവും നടക്കുന്നു. ഇതുകൂടാതെ 32 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

കെ.എസ്.ഐ.ഡി.സി.-യുടെ പാലക്കാട് വ്യവസായ പാർക്കിൽ 16.5 കോടി രൂപ ചെലവിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി ബിൽഡിംഗിന്റെ നിർമ്മാണം ഫെബ്രുവരി 2017-ൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇവിടെ രണ്ടാമത്തെ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി പണിയുന്നതിന് സർക്കാർ ബഡ്ജറ്റിൽ അനുമതി നൽകിയിട്ടുണ്ട്.

കെ.എസ്.ഐ.ഡി.സി.-യുടെ കണ്ണൂർ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ വ്യവസായികൾക്ക് ആവശ്യത്തിന് വൈദ്യുതി ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 13 കോടി രൂപ ചെലവിൽ 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. ഇതുകൂടാതെ, വനിതാ ജീവനക്കാർക്കുവേണ്ടി 9 കോടി രൂപ ചെലവിൽ ഒരു വിമെൻസ് ഹോസ്റ്റൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

തിരുവനന്തപുരത്ത് തോന്നയ്ക്കലിൽ നടപ്പിലാക്കുന്ന ലൈഫ് സയൻസ് പാർക്ക് പദ്ധതിയുടെ പുരോഗതിയുമായി ബന്ധപ്പെട്ട് ജലം, വൈദ്യുതി എന്നീ അടിസ്ഥാന സൗകര്യങ്ങളുടെ വിവിധ ജോലികൾ നടന്നുകൊണ്ടിരിക്കുന്നു.

വനിതാ വ്യവസായ സംരംഭകർക്കുവേണ്ടി 42000 സ്ക്വയർ ഫീറ്റ് അപ്പാരൽ പാർക്ക് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## റാന്നിക്ക് അനുവദിച്ച കിൻഫ്ര അപ്പാരൽ പാർക്ക്

137 (490) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നിക്ക് അനുവദിച്ച കിൻഫ്ര അപ്പാരൽ പാർക്ക് യാഥാർത്ഥ്യമാക്കാൻ കഴിയാതെ പോയതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) അപ്പാരൽ പാർക്കിനായി റാന്നി ഉതിമൂട്ടിൽ എത്ര സ്ഥലമാണ് സർക്കാർ ഏറ്റെടുത്തിരിക്കുന്നത്; സ്ഥലം ഏറ്റെടുക്കുമ്പോൾ റവന്യൂ വകുപ്പുമായി ഉണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) എത്ര രൂപയാണ് ഇതിന് പാട്ടത്തുകയായി പ്രതിവർഷം അടയ്ക്കേണ്ടത്; എന്നാണ് ഭൂമി ഏറ്റെടുത്തത്; നാളിതുവരെയുള്ള പാട്ടത്തുക അടയ്ക്കുന്നതിൽ എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടോ; ഓരോ വർഷവും പാട്ടത്തുക റവന്യൂവിൽ അടച്ച തീയതി ലഭ്യമാക്കുമോ;

(ഡി) ഈ ഭൂമിയിൽ അപ്പാരൽ പാർക്ക് അല്ലാതെ മറ്റെന്തെങ്കിലും ആരംഭിക്കാൻ പാട്ടക്കരാർ തടസ്സമാകുമോ; ഇല്ലായെങ്കിൽ എന്ത് വ്യവസായമാണ് ഇവിടെ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഇ) മറ്റെന്തെങ്കിലും ആരംഭിക്കാൻ കരാറനുസരിച്ച് തടസ്സം ഉണ്ടെങ്കിൽ കരാർ പ്രകാരമുള്ള വസ്ത്ര വ്യവസായ യൂണിറ്റ് തന്നെ സ്ഥാപിക്കാനോ അല്ലെങ്കിൽ കരാർ വ്യവസ്ഥയിൽ മാറ്റം വരുത്താനോ ആയി എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) റാന്നിയിൽ അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനായി 1.40558 ഏക്കർ സ്ഥലമാണ് കിൻഫ്ര ഏറ്റെടുത്തിരിക്കുന്നത്. കേരളത്തിൽ കൂടുതൽ അപ്പാരൽ പാർക്ക് തുടങ്ങുക പ്രായോഗികമല്ലെന്നും ജോലിക്കാരെ ലഭിക്കാത്ത സാഹചര്യത്തിൽ മറ്റേതെങ്കിലും പദ്ധതിയാണ് അവിടെ യോജിച്ചതെന്നും 17-7-2014-ൽ ബഹു. വ്യവസായ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ വിലയിരുത്തുകയുണ്ടായി. ഇതേ തുടർന്നാണ് റൂറൽ അപ്പാരൽ പാർക്ക് എന്ന പദ്ധതി മാറ്റിയത്.

(ബി) റാന്നിയിൽ അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനായി 1.40558 ഏക്കർ സ്ഥലമാണ് കിൻഫ്ര ഏറ്റെടുത്തിരിക്കുന്നത്. 1-3-2011-ലെ സ.ഉ. (എം.എസ്.) നമ്പർ 135/2011/റവന്യൂ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് ഭൂമി കിൻഫ്രയ്ക്ക് പാട്ടത്തിന് നൽകിയത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) പാട്ടത്തുക ഇനത്തിൽ 24,856 രൂപയാണ് ത്രിവർഷ പാട്ടത്തുകയായി അടച്ചിട്ടുള്ളത്. 2011-ലാണ് ഭൂമി ഏറ്റെടുത്തത്. പാട്ടത്തുക അടച്ച തീയതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | തീയതി |
|---|---|
| 2011-12 | 8-8-2011 |
| 2012-13 | 23-7-2012 |
| 2013-14 | 6-6-2015 |
| 2014-15 | 6-6-2015 |
| 2015-16 | 6-6-2015 |
| 2016-17 | 22-3-2016 |
| 2017-18 | 15-4-2017 |

(ഡി) സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച ആവശ്യത്തിന് മാത്രമേ ഭൂമി ഉപയോഗിക്കാൻ പാടുള്ളൂ എന്നതാണ് വ്യവസ്ഥ. അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി 30 വർഷത്തേക്ക് പാട്ട വ്യവസ്ഥയിലാണ് ഭൂമി നൽകിയിട്ടുള്ളത്. ആയതിനാൽ മറ്റെന്തെങ്കിലും വ്യവസായങ്ങൾ ആരംഭിക്കണമെങ്കിൽ ടി ഉത്തരവിൽ ഭേദഗതി ആവശ്യമാണ്.

(ഇ) നിലവിലെ കരാർ അനുസരിച്ച് അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനാണ് ഭൂമി നൽകിയിട്ടുള്ളത്. ആയതിനാൽ അപ്പാരൽ പാർക്കിനു പകരം മറ്റ് വ്യവസായങ്ങൾക്കായി ഭൂമി ഉപയോഗിക്കണമെങ്കിൽ ഉത്തരവിൽ ഭേദഗതി വരുത്തേണ്ടതായിട്ടുണ്ട്. ആയത് ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കോഴിക്കോട് നല്ലളത്തുള്ള ബാംബൂ ഫ്ലോറിംഗ് ടൈൽ കമ്പനി

138 (491) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പറേഷന് അടയ്ക്കുവാനുള്ള നികുതി/ലീസ് കുടിശ്ശിക കാരണം കോഴിക്കോട് നല്ലളത്തുള്ള ബാംബൂ ഫ്ലോറിങ് ടൈൽ കമ്പനി അടച്ചുപൂട്ടുന്നതിന് കോർപ്പറേഷൻ നടപടികൾ സ്വീകരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിഷയത്തിൽ വ്യവസായ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) നല്ലളം ബാംബൂ ബോർഡ് ഫാക്ടറിയിൽ കോഴിക്കോട് കോർപ്പറേഷൻ സ്വീകരിച്ചുവരുന്ന റിക്കവറി നടപടികൾ നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന് നൽകിയ അപേക്ഷയിൽ 29-3-2017-ലെ സ.ഉ.(സാധാ) നമ്പർ 957/2017/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം കുടിശ്ശിക ഇനത്തിൽ 5 ലക്ഷം രൂപ ഉടൻ അടയ്ക്കുവാനും വാടക കുടിശ്ശിക 3 മാസത്തിനുള്ളിലും, അവശേഷിക്കുന്ന നികുതി കുടിശ്ശിക ആറു തുല്യ മാസ തവണകളായും അടയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 29-3-2017-ന് 5 ലക്ഷം രൂപ നല്ലളം ഫാക്ടറി കോഴിക്കോട് കോർപ്പറേഷനിൽ അടവാക്കിയിട്ടുള്ളതാണ്.

## നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഐ.ടി. ഇലക്ട്രോണിക് പാർക്ക്

139 (492) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ച, വ്യവസായ വകുപ്പിന് കീഴിലുള്ള ഐ.ടി. ഇലക്ട്രോണിക് പാർക്ക് നിലമ്പൂർ നിയോജകമണ്ഡലത്തിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(ബി) എത്ര സ്ഥലമാണ് ഇലക്ട്രോണിക് പാർക്കിനായി ആവശ്യമായി വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനാവശ്യമായ സ്ഥലം വിലയ്ക്ക് ലഭ്യമാക്കിയാൽ നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഇലക്ട്രോണിക് ഹാർഡ്വെയർ പാർക്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള ഐ.ടി. ഇലക്ട്രോണിക് പാർക്ക് നിലമ്പൂർ നിയോജകമണ്ഡലത്തിൽ ആരംഭിക്കുന്നതിന് നിലവിൽ പദ്ധതികളൊന്നും പരിഗണനയിലില്ല.

(ബി&സി) ബാധകമല്ല.

**ആറ്റിങ്ങൽ മാമത്തെ സ്റ്റീൽ പ്ലാന്റ് നവീകരണം**

140 (493) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മാമത്ത് ദേശീയപാതയോരത്ത് സ്ഥിതി ചെയ്യുന്ന സ്റ്റീൽ പ്ലാന്റ് നവീകരിക്കണമെന്ന നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്റ്റീൽ പ്ലാന്റ് നവീകരിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള എം.എസ്.എം.ഇ.-യുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ&ബി) ആറ്റിങ്ങൽ മാമത്തെ സ്റ്റീൽ പ്ലാന്റ് നവീകരണവുമായി ബന്ധപ്പെട്ട് ഈ വകുപ്പിൽ നിവേദനങ്ങളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ മാമം സ്റ്റീൽ കോംപ്ലക്സിൽ കേന്ദ്ര സർക്കാരിന്റെ (എം.എസ്.എം.ഇ.) സഹകരണത്തോടെ ഒരു വ്യാവസായിക പരിശീലനകേന്ദ്രം അനുവദിക്കുന്നതിനുള്ള നടപടികൾക്കായി ലഭിച്ച നിവേദനത്തിന്മേൽ നടപടികൾ സ്വീകരിച്ചുവരികയാണ്.

**ധാതുമണലിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് വ്യവസായ കോംപ്ലക്സ്**

141 (494) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ധാതുമണലിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങൾക്ക് വ്യവസായ കോംപ്ലക്സ് സ്ഥാപിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മിറ്റിയുടെ പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത സമിതിയുടെ ഘടനയും പഠന വിഷയങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) സംസ്ഥാനത്തെ തീരപ്രദേശത്തെ ധാതുമണലിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഒരു വ്യവസായ കോംപ്ലക്സ് സ്ഥാപിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാനാണ് 11-1-2017 തീയതിയിലെ G.O. (Rt)No.61/2017/ID സർക്കാർ ഉത്തരവ് പ്രകാരം ചുവടെ പറയുന്നവർ അംഗങ്ങളായി ഒരു കമ്മിറ്റി രൂപീകരിച്ചത്:

| | | |
|---|---|---|
| ഡോ.എം.പി. സുകുമാരൻ നായർ, ചെയർമാൻ, RIAB | - | ചെയർമാൻ |
| ഡോ.എം.ബീന, മാനേജിംഗ് ഡയറക്ടർ, KSIDC, KINFRA & KEMDEL | - | മെമ്പർ |
| ശ്രീ. സഞ്ജയ് കൗൾ, ഐ.എ.എസ്. സ്പെഷ്യൽ സെക്രട്ടറി (വ്യവസായ വകുപ്പ്) | - | മെമ്പർ |
| മാനേജിംഗ് ഡയറക്ടർ, KMML | – | മെമ്പർ |
| മാനേജിംഗ് ഡയറക്ടർ, TTPL | – | മെമ്പർ |
| മാനേജിംഗ് ഡയറക്ടർ, IRE Ltd | - | മെമ്പർ |
| ഡയറക്ടർ, മൈനിംഗ് & ജിയോളജി | - | മെമ്പർ |

**നഷ്ടത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ**

142 (495) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഷ്ടത്തിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾ എന്ന് വ്യക്തമാക്കാമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിലാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2015-16 സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്, സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ 2016-17-ൽ ലാഭകരമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് വിശദമായ പഠനം പൊതുമേഖല വ്യവസായ പുനഃസംഘടന ബോർഡ് (RIAB) നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഉത്പാദന സംവിധാനങ്ങളുടെയും

സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉത്പന്നങ്ങളുടെ വൈവിധ്യവത്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, പൊതു മേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിറ്ററിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്പനികളുടെ മൊത്തം നഷ്ടം 2015-16-ലെ 131.60 കോടി രൂപയിൽനിന്നും 2016-17-ൽ 71.34 കോടി രൂപയായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

## തിരുവനന്തപുരം ജില്ലയിൽ വ്യവസായ പാർക്കുകൾ

143 (496) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് വ്യവസായ പാർക്കുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയതായി വ്യവസായ പാർക്കുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടി ക്രമങ്ങളും വ്യക്തമാക്കുമോ?

### ഉത്തരം

(എ) കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്ക്-തുമ്പ, കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്- തുമ്പ, കിൻഫ്ര ഫിലിം & വീഡിയോ പാർക്ക്, കഴക്കൂട്ടം എന്നിവയാണ് തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന വ്യവസായ പാർക്കുകൾ.

(ബി) അനുയോജ്യമായ ഭൂമി, അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി എന്നിവയുടെ ലഭ്യതയും അനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്.

(സി) സർക്കാർ തീരുമാനത്തിന് വിധേയമായി വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് ബന്ധപ്പെട്ട റവന്യൂ അധികാരികൾ വഴി ഭൂമി കണ്ടെത്തി സൈറ്റ് സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയ്ക്കനുസരിച്ച് സ്ഥലം അക്വയർ ചെയ്യുകയും വ്യവസായ മേഖലയായി പ്രഖ്യാപിച്ച് വ്യവസായ വാണിജ്യ ഡയറക്ടർക്ക് കൈമാറുകയും ചെയ്യുന്നു. തുടർന്ന് അവിടെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി വ്യവസായ പാർക്കുകളാക്കി മാറ്റുന്നു.

## കല്ല്യാശ്ശേരി കെൽട്രോണിൽ കെ.പി.പി. നമ്പ്യാർ സ്മാരക മ്യൂസിയം

144 (497) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ 1 കോടി രൂപ വകയിരുത്തിയ കെൽട്രോൺ സ്ഥാപക ചെയർമാനും മാനേജിംഗ് ഡയറക്ടറുമായിരുന്ന കെ.പി.പി. നമ്പ്യാരുടെ സ്മാരക മ്യൂസിയം കല്ല്യാശ്ശേരി കെൽട്രോണിൽ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

കെ. പി. പി. നമ്പ്യാരുടെ സ്മാരക മ്യൂസിയം കല്ല്യാശ്ശേരി കെൽട്രോൺ കംപോണന്റ് കോംപ്ലക്സിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്; ഇലക്ട്രോണിക്സ് മേഖലയിൽ വൈദഗ്ധ്യം നേടിയിട്ടുള്ള യുവാക്കൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്ന സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അവസരമായി രൂപപ്പെടുത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇതിന്റെ ഭാഗമായി കെ.പി.പി. നമ്പ്യർ ഫൗണ്ടേഷൻ രൂപീകരിക്കുന്നതിനുവേണ്ടി കെൽട്രോൺ സമർപ്പിച്ച പദ്ധതിയുടെ രൂപരേഖ സർക്കാർ പരിശോധിച്ചുവരികയാണ്.

## യുവസംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ

145 (498) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവസംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്തെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ലാഭ നഷ്ടക്കണക്കുകൾ ലഭ്യമാക്കുമോ;

(സി) നിലവിൽ ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും ലാഭം എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് താഴെപറയുന്ന പദ്ധതികൾ സർക്കാർ നടപ്പിലാക്കുന്നു:

1. സംരംഭകത്വസഹായ പദ്ധതി പ്രകാരം സ്ഥിര നിക്ഷേപത്തിന്റെ 15 ശതമാനമാണ് സബ്സിഡി നൽകുന്നത്. എങ്കിലും യുവ സംരംഭകർക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായമായി പരമാവധി 30 ലക്ഷം രൂപ നൽകുന്നു.

2. കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.ഇ.ജി.പി. പ്രകാരം യുവജനങ്ങൾക്ക് ബാങ്ക് വായ്പയും അനുബന്ധമായി സബ്സിഡിയും അനുവദിക്കുന്നു.

3. യുവവിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇ.ഡി. ക്ലബ്ബുകൾ രൂപീകരിക്കുകയും അവയ്ക്ക് സാമ്പത്തിക സഹായവും ചെയ്യുന്നത് കൂടാതെ ബോധവത്കരണ പരിപാടികളും സംഘടിപ്പിക്കുന്നു.

4. വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഇ.ഡി.പി., ടെക്നോളജി ക്ലിനിക്ക്, ഇൻവെസ്റ്റേഴ്സ് മീറ്റുകൾ, സെമിനാറുകൾ എന്നിവയിലും യുവാക്കൾക്കാണ് കൂടുതൽ പ്രാതിനിധ്യം നൽകുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2015-16 സാമ്പത്തിക വർഷത്തിൽ ലഭ്യമായ ആഡിറ്റിനു മുമ്പുള്ള കണക്കുകൾ പ്രകാരം 10 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലും 30 പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലുമാണ് പ്രവർത്തിച്ചത്. ഇവയുടെ പേരുവിവരവും ലാഭ നഷ്ടകണക്കുകളും അനുബന്ധമായി ചേർക്കുന്നു.*

(സി) താഴെ പറയുന്ന 13 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു വരുന്നു.

രൂപ കോടിയിൽ

| സ്ഥാപനങ്ങൾ | ലാഭം |
|---|---|
| കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് | 40.37 |
| കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 32.06 |
| ട്രാവൻകൂർ റ്റൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് | 8.53 |
| ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് | 6.33 |
| മലബാർ സിമെന്റ്സ് ലിമിറ്റഡ് | 3.52 |
| കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2.20 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | |
|---|---|
| സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിങ്സ് ലിമിറ്റഡ് | 2.14 |
| ട്രാകോ കേബിൾ കമ്പനി ലിമിറ്റഡ് | 1.55 |
| ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് | 1.06 |
| ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് | 0.70 |
| കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് | 0.41 |
| സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് | 0.06 |
| കേരള ആർട്ടിസാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 0.92 |

**പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ടക്കണക്ക്**

146 (499) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾ ഏതെല്ലാം എന്നും അവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ, നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എന്നിവ ഏതെല്ലാം എന്നും, ലാഭം എത്ര, നഷ്ടം എത്ര എന്നും വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ അധികാരമൊഴിയുമ്പോഴുള്ള പ്രസ്തുത സ്ഥാപനങ്ങളുടെ അവസ്ഥ എന്തായിരുന്നെന്നും, അക്കാലയളവിൽ അടച്ചുപൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമായിരുന്നെന്നും വ്യക്തമാക്കുമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലാഭകരമാക്കാനുള്ള എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചു വരുന്നത് എന്നും, ഇതുമൂലമുണ്ടായ പ്രവർത്തനപുരോഗതി എന്തെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ അധീനതയിൽ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനടക്കം 42 പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്. ഇവയുടെ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.* ഇവയിൽ അവലോകനത്തിനായി പരിഗണിച്ചുവരുന്ന 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ 2016-17 കാലയളവിൽ 13 സ്ഥാപനങ്ങൾ ലാഭത്തിലും 27 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിച്ചുവരുന്നു. ഇവയുടെ വിവരം അനുബന്ധം II ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ ഇവയിൽ 10 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലും 30 പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലുമാണ് പ്രവർത്തിച്ചത്. ഇവയുടെ വിവരം അനുബന്ധം III ആയി ചേർക്കുന്നു.* ഈ കാലയളവിൽ സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളൊന്നും അടച്ചുപൂട്ടിയിട്ടില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്പനികളുടെ മൊത്തം നഷ്ടം 2015-16-ലെ 131.60 കോടി രൂപയിൽ നിന്നും 2016 -17-ൽ 71.34 കോടി രൂപയായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച വിശദമായ വിശകലനം പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) മുഖേന നടത്തിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. അതിനു പുറമേ ഓരോ സ്ഥാപനങ്ങളേയും പ്രത്യേകം പ്രവർത്തന അവലോകനത്തിനു വിധേയമാക്കി. ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നിവയിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. തൽഫലമായി ഉണ്ടായ പ്രവർത്തന പുരോഗതി അനുബന്ധം IV ആയി ചേർക്കുന്നു.*

## 2011-2016 കാലയളവിൽ സംസ്ഥാനത്ത് അടച്ചുപൂട്ടിയ വ്യവസായങ്ങൾ

147 (500) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലയളവിൽ സംസ്ഥാനത്ത് അടച്ചുപൂട്ടിയ വ്യവസായങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ പുതിയതായി ആരംഭിച്ച വ്യവസായ സംരംഭങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2011-2016 കാലയളവിൽ താഴെപ്പറയുന്ന വിഭാഗത്തിൽ പ്പെടുന്ന സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങൾ അടച്ചുപൂട്ടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. ടെക്സ്റ്റയിൽസ് & ഗാർമെന്റ്സ്

2. ഗ്ലാസ്സ് & സെറാമിക്സ്

3. മെക്കാനിക്കൽ/ജനറൽ/ലൈറ്റ് എഞ്ചിനീയറിംഗ്

4. ഐ.ടി.ഹാർഡ്‌വെയേർസ്

5. റബ്ബർ ഉല്പന്നങ്ങൾ

6. കെമിക്കൽ

7. പ്ലാസ്റ്റിക്

8. പേപ്പർ ഉല്പന്നങ്ങൾ

9. പഴവർഗ്ഗങ്ങളും ഭക്ഷ്യോത്പന്നങ്ങളും

10. തടി ഉല്പന്നങ്ങൾ

11. പ്രിന്റിംഗ് &അലൈഡ്

12. ബിൽഡിംഗ് മെറ്റീരിയൽസ്

13. തടി വ്യവസായം

14. റെക്സിം /തുകൽ ഉല്പന്നങ്ങൾ

15. ഇലക്ട്രോണിക്കൽ/ഇലക്ട്രോണിക്സ്

16. ഫാർമസ്യൂട്ടിക്കൽസ്

17. ആയുർവേദ ഉൽപ്പന്നങ്ങൾ

18. സേവന പ്രവർത്തനങ്ങൾ

19. ഫുഡ് &ആഗ്രോ ബെയ്സ്ഡ് പ്രോഡക്ട്സ്

20. സിമന്റ് ഉല്പന്നങ്ങൾ

21. മെഴുകുതിരി വ്യവസായം.

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്താകമാനം ഏകദേശം 52105 പുതിയ വാണിജ്യ വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്. അവയുടെ താലൂക്ക്/ജില്ലാ തലത്തിലുള്ള എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്*. സ്ഥാപനങ്ങളുടെ സ്വഭാവം, ഉൽപ്പന്നങ്ങൾ, പൂർണ്ണ വിലാസം, മറ്റ് പ്രധാന വിവരങ്ങൾ എന്നിവ വ്യവസായ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## 2016-17 സാമ്പത്തിക വർഷം ലാഭത്തിൽ പ്രവർത്തിച്ച പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ

148 (501) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് 2015-16 സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ വ്യവസായ മേഖലയിൽ ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചതെന്നും അവയുടെ പേരുവിവരവും 2016-17-ലെ ലാഭവിഹിതം എത്രയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് 2015-16 സാമ്പത്തിക വർഷത്തിൽ 30 പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാണ് പ്രവർത്തിച്ചത്. ഇവയുടെ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) 2016-17 കാലഘട്ടത്തിൽ 13 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചുവരുന്നു. ഇവയുടെ വിവരം അനുബന്ധം II ആയി ചേർക്കുന്നു.*

## കാസർഗോഡ് BHEL യൂണിറ്റ് അഭിമുഖീകരിക്കുന്ന പ്രതിസന്ധി

149 (502) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് BHEL യൂണിറ്റ് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾ എന്താണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുവാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് BHEL യൂണിറ്റ് നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾ ചർച്ച ചെയ്യാൻ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എപ്പോഴാണ് ഇത്തരത്തിൽ യോഗം വിളിച്ചുചേർക്കാൻ ഉദ്ദേശിക്കുന്നത്; പ്രസ്തുത യോഗത്തിൽ ആരെയെല്ലാമാണ് ക്ഷണിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ഭെൽ യൂണിറ്റ് സംസ്ഥാന വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ അല്ലാത്ത ഒരു സംയുക്ത സംരംഭമാണ്. പ്രവർത്തന മൂലധനത്തിന്റെ അഭാവവും, കാലഹരണപ്പെട്ടുകൊണ്ടിരിക്കുന്ന ഉൽപ്പന്നങ്ങളും, സാങ്കേതിക വിദ്യയും, പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങൾ വിപണിയിൽ സംയോചിതമായി എത്തിക്കുന്നതിലും ഭെൽ-ന്റെ ഭാഗത്തു നിന്നുള്ള നിസ്സഹകരണം എന്നിവയാണ് കമ്പനി നേരിടുന്ന പ്രധാന പ്രശ്നങ്ങൾ.

(ബി) സംയുക്ത സംരംഭത്തിന്റെ കരാർ പ്രകാരം സംയുക്ത സംരംഭത്തിലെ രണ്ടാമത്തെ ഓഹരി ഉടമയ്ക്ക് മുഴുവൻ ഓഹരിയും ഏറ്റെടുക്കുവാനുള്ള അവസരം ആദ്യം നൽകണം എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ കേരള സർക്കാരിന് കത്ത് നൽകിയതിനെ തുടർന്ന് അതിന്റെ വിവിധ വശങ്ങളെക്കുറിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ഇല്ല.

(ഡി) യോഗം വിളിക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

**നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ മണലിന്റെ ദൗർലഭ്യം**

150 (503) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വ്യവസായങ്ങൾക്കും, വീട് നിർമ്മിക്കുന്നതിനും ആവശ്യമായ മണൽ സംസ്ഥാനത്ത് നിലവിൽ ലഭ്യമല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യങ്ങൾക്കായുള്ള മണൽ വാരുന്നതിന് സംസ്ഥാനത്ത് നിരോധനവും നിയമ നടപടികളും നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വീട് വയ്ക്കുന്നതിന് ആവശ്യമായ മണൽ പോലും അന്യസംസ്ഥാനത്ത് നിന്ന് കൊണ്ടുവരുന്നത് തടസ്സപ്പെടുത്തുന്നതിന്റെ കാരണം വിശദമാക്കുമോ;

(സി) സാധാരണക്കാർക്കുപോലും വീട് നിർമ്മിക്കുന്നതിന് ആവശ്യത്തിന് മണൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഇത് അന്യസംസ്ഥാനങ്ങളിൽനിന്ന് അതിർത്തി ചെക്പോസ്റ്റുകളിലൂടെ കൊണ്ടുവരുന്നതിന് നിലവിലുള്ള തടസ്സം ഒഴിവാക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ബഹു. സുപ്രീം കോടതി വിധിപ്രകാരം എല്ലാവിധ ഖനന പ്രവർത്തനങ്ങൾക്കും പാരിസ്ഥിതികാനുമതി നിർബന്ധമാണ്. സംസ്ഥാനത്തെ നദികളിൽനിന്നും പാരിസ്ഥിതികാനുമതി ലഭിക്കുന്ന മുറയ്ക്ക് മണൽ വാരുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ അനുമതി നൽകുന്നുണ്ട്. മതിയായ രേഖകളോടെ നിർമ്മാണാവശ്യങ്ങൾക്ക് സംസ്ഥാനത്തിന് പുറത്തുനിന്ന് മണൽ കൊണ്ടു വരുന്നതിന് അനുമതി നൽകിവരുന്നുണ്ട്. ഇക്കാര്യത്തിൽ തടസ്സങ്ങളൊന്നും നിലവിലില്ല.

**സംസ്ഥാനത്ത് മണ്ണ് ഖനനം നിയന്ത്രിക്കുന്നതിന് നടപടി**

151 (504) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണ്ണ് ഖനനം നിയന്ത്രിക്കുന്നതിന് മാർഗ്ഗനിർദ്ദേശം ഉണ്ടാക്കണമെന്ന് കാണിച്ച് ഹൈക്കോടതി എന്തെങ്കിലും നിർദ്ദേശം സർക്കാരിന് നൽകിയിരുന്നോ; എങ്കിൽ എന്നാണ് നിർദ്ദേശം നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഏത് കേസിലാണ് ഹൈക്കോടതി ഇത്തരമൊരു നിർദ്ദേശം സർക്കാരിന് നൽകാനിടയായത്;

(സി) ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചു; വിശദവിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) നൽകിയിരുന്നു. WP(C) 29710/2014 നമ്പർ കേസിൽ 11-11-2014-ൽ പുറപ്പെടുവിച്ച വിധിന്യായത്തിലാണ് ബഹു. ഹൈക്കോടതി സർക്കാരിന് നിർദ്ദേശം നൽകിയിട്ടുള്ളത്.

(സി) മണ്ണ് ഖനനത്തിന് മാർഗ്ഗനിർദ്ദേശം ഉണ്ടാക്കണമെന്ന ബഹു. ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**കൈത്തറി സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ പെൻഷൻ ഫണ്ട്**

152 (505) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ പെൻഷൻ ഫണ്ടിലേക്ക് സർക്കാർ തുക ഒടുക്കിവരുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) അതത് കാലങ്ങളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ കൈത്തറി മേഖലയ്ക്കും തൊഴിലാളികൾക്കും അനുവദിക്കുന്ന ആനുകൂല്യങ്ങളിൽ ഒരു വിഹിതം കൈത്തറി സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ പെൻഷൻ ഫണ്ടിലേക്ക് നിക്ഷേപിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കൈത്തറി സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ പെൻഷൻ ഫണ്ടിലേയ്ക്ക് സർക്കാർ തുക ഒടുക്കിവരുന്നില്ല. എന്നാൽ ഫാക്ടറി ടൈപ്പ് സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായുള്ള അപേക്ഷകളിൽ പ്രസ്തുത സംഘങ്ങളുടെ ഇ.പി.എഫ്./ഇ.എസ്.ഐ. ഇതുവരെയുള്ള കുടിശ്ശിക തീർക്കാൻ ധനസഹായം നൽകിയിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**സ്കൂൾ യൂണിഫോം കൈത്തറിവൽക്കരണം**

153 (506) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സബ്സിഡി നൽകി സ്കൂൾ യുണിഫോം കൈത്തറിവല്ക്കരിക്കാനുള്ള പദ്ധതി ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഇല്ല. സൗജന്യമായി സ്കൂൾ വിദ്യാർത്ഥികൾക്ക് സ്കൂൾ യൂണിഫോം നൽകുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു.

**മെത്തപ്പായ നിർമ്മാണ സഹകരണ സംഘങ്ങളുടെ പ്രവർത്തനം**

154 (507) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ തഴവ, കുലശേഖരപുരം ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തിച്ചിരുന്ന മെത്തപ്പായ നിർമ്മാണ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വളരെ അധികം പ്രതിസന്ധികൾ നേരിടുന്ന പ്രസ്തുത മേഖലയുടെ പുനരുജ്ജീവനത്തിനുവേണ്ടി നടപടി സ്വീകരിക്കുമോ;

(ബി) തഴപ്പായ നെയ്ത്ത് വ്യവസായം നിലനിർത്തുന്നതിനും പ്രസ്തുത സംഘങ്ങളുടെ ഉത്പന്നങ്ങൾക്ക് വിപണി ലഭിക്കുന്നതിനുമായി അടിയന്തര നടപടി സ്വീകരിക്കാമോ; വിശദവിവരം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ തഴവ, കുലശേഖരപുരം ഗ്രാമപഞ്ചായത്തുകൾ കേന്ദ്രീകരിച്ച് നേരത്തെ നിരവധി സംഘങ്ങൾ പ്രവർത്തിച്ചിരുന്നുവെങ്കിലും നിലവിൽ കരുനാഗപ്പള്ളി മഹിള ഹാന്റി ക്രാഫ്റ്റ്സ് സ്ക്രൂപൈൻ സി.ഐ.എൻ.ഡി. (ക്യൂ) 212 എന്ന സംഘം മാത്രമാണ് വ്യവസായ വകുപ്പിന്റെ കീഴിൽ കൊല്ലം ജില്ലയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നത്. വിദഗ്ദ്ധ തൊഴിലാളികളുടെയും അസംസ്കൃത വസ്തുക്കളുടെയും അഭാവം സംഘങ്ങളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുള്ളതായി കാണുന്നു. ഇത്തരത്തിലുള്ള സംഘങ്ങൾ ഉൾപ്പെടെയുള്ളവയുടെ പുനരുദ്ധാരണം ലക്ഷ്യമിട്ട് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തഴപ്പായ, ബനാന ഫൈബർ തുടങ്ങിയ പ്രകൃതിദത്ത നാരുകളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള കരകൗശല മേഖലയുടെ വികസനത്തിന് ക്ലസ്റ്റർ അടിസ്ഥാനത്തിൽ പദ്ധതി രൂപീകരിച്ചുവരുന്നു. വിപണനത്തിന് അപ്പെക്സ് സഹകരണ സംഘമായ സുരഭി വഴിയും വകുപ്പ് നടത്തുന്ന വിപണനമേളകൾ വഴിയും അവസരങ്ങൾ ലഭ്യമാക്കുന്നുണ്ട്.

## പി.പി.എസ്തോസ് സ്മാരക മുനിസിപ്പൽ സ്റ്റേഡിയം

155 (508) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ പി.പി. എസ്തോസ് സ്മാരക മുനിസിപ്പൽ സ്റ്റേഡിയം നവീകരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും ആയതിന്റെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) മൂവാറ്റുപുഴ മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നവീകരണം സംബന്ധിച്ച് സ്ഥലം എം.എൽ.എ.-യുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ കായിക യുവജന കാര്യാലയത്തിനു കീഴിലുള്ള സ്പോർട്സ് എഞ്ചിനീയറിംഗ് വിഭാഗം 23-2-2017 തീയതിയിൽ സ്ഥലം പരിശോധിക്കുകയും പ്രസ്തുത പദ്ധതിക്കായി 1,250 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**പുതിയ സ്റ്റേഡിയങ്ങൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

156 (509) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സ്റ്റേഡിയങ്ങൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) മണലൂർ നിയോജകമണ്ഡലത്തിൽ പുതിയ സ്റ്റേഡിയം നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുതിയ സ്റ്റേഡിയങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ച് പ്രത്യേക മാനദണ്ഡങ്ങളോ നടപടിക്രമങ്ങളോ നിലവിലില്ല. എന്നാൽ പഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കി നൽകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയും, പ്രദേശത്തിന്റെ ആവശ്യകതയും അനുസരിച്ച് സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള പദ്ധതി പരിശോധിക്കുകയാണ്.

(ബി) പദ്ധതി തയ്യാറാക്കിയിട്ടില്ല.

**മഞ്ചേരി ഫുട്ബോൾ സ്റ്റേഡിയത്തിൽ ഫ്ലഡ് ലൈറ്റ്**

157 (510) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ഫുട്ബോൾ സ്റ്റേഡിയത്തിൽ ഫ്ലഡ് ലൈറ്റ് സ്ഥാപിക്കുന്നതിനായി ജി.ഒ.(ആർ.റ്റി.) നമ്പർ 68/16/എസ്.& വൈ. എ. ഉത്തരവ് പ്രകാരം അനുവദിച്ച തുക നാളിതുവരെയും ചെലവഴിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത തുക ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരുന്നത്; വ്യക്തമാക്കുമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത ഫ്ലഡ് ലൈറ്റ് എന്നത്തേക്ക് സ്ഥാപിക്കാനാകും എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) മഞ്ചേരി പയ്യനാട് സ്പോർട്സ് കോംപ്ലക്സ് ഫുട്ബോൾ സ്റ്റേഡിയത്തിൽ ഫ്ലഡ് ലൈറ്റ് സ്ഥാപിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ 1-3-2016-ലെ ജി.ഒ. (ആർ.ടി.) നമ്പർ 68/16/S&YA ഉത്തരവ് പ്രകാരം 4,01,30,216 രൂപയുടെ ഭരണാനുമതി നൽകുക മാത്രമാണുണ്ടായത്. 31-3-2017-ന് മാത്രമേ മഞ്ചേരി സ്പോർട്സ് കോംപ്ലക്സ് ഫുട്ബോൾ അക്കാഡമി നിർമ്മാണ ചുമതലയുള്ള കമ്മിറ്റിയുടെ അക്കൗണ്ടിൽ ടി തുക വന്നുചേർന്നിട്ടുള്ളൂ. മലപ്പുറം പാർലമെന്റ് ഉപതെരഞ്ഞെടുപ്പ് ആയിരുന്നതിനാൽ 2017 ഏപ്രിൽ 17 വരെ തുടർനടപടികൾ എടുക്കുവാൻ സാധിച്ചിട്ടില്ല. എത്രയും പെട്ടെന്ന് ഫ്ലഡ് ലൈറ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## കുളങ്ങൾ നവീകരിച്ച് നീന്തൽ കുളങ്ങൾ ആക്കുന്ന പദ്ധതി

158 (511) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലുള്ള രണ്ട് ഏക്കറോളം വിസ്തൃതിയുള്ള അഞ്ചോളം കുളങ്ങൾ നവീകരിച്ച് സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനത്തിനായി ഉപയോഗിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഇത്തരത്തിൽ കുളങ്ങൾ നവീകരിച്ച് നീന്തൽ കുളങ്ങൾ ആക്കുന്നതിന് വേണ്ടി ഗവൺമെന്റ് തലത്തിൽ ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കുളങ്ങൾ നവീകരിച്ച് നീന്തൽ കുളങ്ങൾ നിർമ്മിച്ചുനൽകുന്ന പദ്ധതി ഇപ്പോൾ കായിക വകുപ്പിൽ നിലവിലില്ല.

## ഒളിമ്പിക്സ് മെഡൽ നേടുന്നതിനായുള്ള പദ്ധതികൾ

159 (512) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒളിംപിക്സ് മെഡൽ നേടുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിക്കുന്ന പദ്ധതികളുണ്ടോ; ഇതിനാവശ്യമായ പരിപാടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

ഒളിമ്പിക്സ് മെഡൽ ലക്ഷ്യമാക്കി നിലവിൽ അത്‌ലറ്റിക്സ് (എലൈറ്റ് അത്‌ലറ്റിക് ട്രെയിനിംഗ് സെന്റർ), വോളീബോൾ (ഹൈ പെർഫോമൻസ് ട്രെയിനിംഗ് സെന്റർ), സ്വിമ്മിംഗ് (സ്പെഷ്യൽ എഫർട്ട് ട്രെയിനിംഗ് പ്രോഗ്രാം ഇൻ സ്വിമ്മിംഗ് (SETT), ഫെൻസിംഗ് എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. 2020, 2024 വർഷങ്ങളിൽ നടക്കുന്ന ഒളിമ്പിക്സിൽ കേരളീയ താരങ്ങളെ മെഡൽ നേടുന്നതിന് പര്യാപ്തമാക്കുന്നത് ലക്ഷ്യമിട്ടാണ് പദ്ധതി തയ്യാറാക്കിവരുന്നത്. കേരളത്തിലെ മികച്ച കായിക പ്രതിഭകളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത്, ഒളിമ്പിക്സ് എന്നീ രാജ്യാന്തര കായിക മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വാർത്തെടുക്കുക എന്നതാണ് എലൈറ്റ് സ്കീമിലൂടെ ലക്ഷ്യമിടുന്നത്. വിദേശ പരിശീലകന്റെ കീഴിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും, പരിശീലനവും താമസവും, ഭക്ഷണവും മറ്റ് ഉന്നത നിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങളും പദ്ധതിയിൽ കായികതാരങ്ങൾക്ക് ലഭ്യമാക്കിവരുന്നുണ്ട്.

കൂടാതെ 2020-2024-ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആർച്ചറി, അത്ലറ്റിക്സ്, ബാഡ്മിന്റൺ, ബോക്സിംഗ്, കനോയിംഗ് ആന്റ് കയാക്കിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, റോവിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റസ്‌ലിംഗ് എന്നീ 11 കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി "ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി"യും ആവിഷ്കരിച്ചിട്ടുണ്ട്.

2020-2024 ഒളിമ്പിക്സ് വരെയുള്ള പരിശീലന പദ്ധതിയാണിത്. പ്രസ്തുത പദ്ധതിക്കായി 2017-18 മുതൽ 2024-25 വരെ 440 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. മേൽ സൂചിപ്പിച്ച 11 കായിക ഇനങ്ങളിലായി ഏകദേശം 250 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിൽ റസ്‌ലിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിൽ പെൺകുട്ടികൾക്ക് മാത്രമാണ് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്. ഓപ്പറേഷൻ ഒളിമ്പിയ പദ്ധതിയിൽ തെരഞ്ഞെടുത്ത 11 ഇനങ്ങളിൽ പരിശീലനം നൽകുന്നതിനായി കേരളത്തിലെ വിവിധ ജില്ലകളിലായി 13 ഒളിമ്പിക്സ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.

## കാലിക്കട്ട് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തൽ

160 (513 ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കട്ട് യൂണിവേഴ്സിറ്റി സ്റ്റേഡിയം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസലുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിൽ ഫ്ളഡ് ലൈറ്റും സ്പോർട്സ് പവലിയനും നിർമ്മിച്ച് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ബഹു. എം.എൽ.എ. ശ്രീ. അബ്ദുൽ ഹമീദ്. പി. സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

(ബി) വിഷയം പരിഗണിച്ചുവരുന്നു.

**കേരളോത്സവത്തിന് യുവജനക്ഷേമ ബോർഡിൽനിന്നും ധനസഹായം**

161 (514) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളോത്സവത്തിന് വേണ്ടി കേരള സംസ്ഥാന യുവജന ക്ഷേമ ബോർഡിൽ നിന്നും ധനസഹായം നൽകാറുണ്ടോ;

(ബി) എങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ നൽകാനുദ്ദേശിച്ചിട്ടുള്ള ധന സഹായത്തെക്കുറിച്ച് വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. കേരളോത്സവം പ്രാദേശിക തലത്തിൽ സംഘടിപ്പി ക്കുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽനിന്നും ഗ്രാന്റ് അനുവദിക്കാറുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ചുനൽകിയ ഗ്രാന്റ് തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ഗ്രാമപഞ്ചായത്ത് | - | 15,000 രൂപ വീതം |
| ബ്ലോക്ക് പഞ്ചായത്ത് | - | 30,000 രൂപ വീതം |
| മുനിസിപ്പാലിറ്റി | - | 30,000 രൂപ വീതം |
| കോർപ്പറേഷൻ | - | 30,000 രൂപ വീതം |
| ജില്ലാ പഞ്ചായത്ത് | - | 2,00,000 രൂപ വീതം |

(സി) കേരളോത്സവത്തിന്റെ സംഘാടനവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് അനുവദിക്കുന്ന ഗ്രാന്റ് കാലോചിതമായി വർദ്ധിപ്പിക്കണമെന്ന ആവശ്യം ശക്തമാണ്. ഈ ആവശ്യം പരിഗണിച്ച് നടപ്പ് സാമ്പത്തിക വർഷത്തിൽ (2017-18) കേരളോത്സവം സംഘടിപ്പിക്കുന്നതിനായി 625 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ടി തുകയിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം അനുവദിക്കുന്നതാണ്.

## വൈദ്യുതി പ്രതിസന്ധി തരണം ചെയ്യാൻ നടപടി

162 (515) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ വരൾച്ചമൂലം സംസ്ഥാനം നേരിടുന്ന വൈദ്യുതി പ്രതിസന്ധി തരണം ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ പ്രതിദിന വൈദ്യുതി ഉപഭോഗം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഏപ്രിൽ, മേയ് മാസങ്ങളിലെ വൈദ്യുതി ഉപഭോഗം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ഇപ്പോൾ എവിടെയെല്ലാമാണ് വൈദ്യുതി ഉല്പാദിപ്പിക്കുന്ന തെന്നും എവിടെനിന്നെല്ലാമാണ് വൈദ്യുതി വാങ്ങുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) വൈദ്യുതി പ്രതിസന്ധി നേരിടുന്നതിനായി കേന്ദ്ര വിഹിതം വർദ്ധിപ്പിക്കാൻ സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കാലവർഷക്കുറവുമൂലം ഉണ്ടായേയ്ക്കാവുന്ന വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുവാനായി മദ്ധ്യകാല ദീർഘകാല കരാറുകൾ മുഖേന (ഡി.ബി.എഫ്.ഒ.ഒ.) പ്രകാരം 2016 ഡിസംബർ മുതൽ ലഭ്യമാക്കേണ്ടിയിരുന്ന വൈദ്യുതി ജൂൺ 2016 മുതൽ ലഭ്യമാക്കുക വഴി, ഡാമുകളിൽ വെള്ളം വേനൽക്കാലത്തേയ്ക്ക് സംഭരിക്കാൻ സാധിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി കൊണ്ടുവരുന്നതിനുള്ള ദീർഘകാല-ഹ്രസ്വകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 865 മെഗാവാട്ടിന്റെ ദീർഘകാല കരാറും 300 മെഗാവാട്ട് റൗണ്ട് ദ ക്ലോക്ക് അടിസ്ഥാനത്തിലും 100 മെഗാവാട്ട് പീക്ക് സമയത്തും ഹ്രസ്വകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 315 മെഗാവാട്ട് വൈദ്യുതി ദീർഘകാലാടി സ്ഥാനത്തിൽ 6-12-2016-ൽ ലഭിച്ചുതുടങ്ങി. 1-3-2017 മുതൽ 30-6-2017 വരെ ലഭിക്കേണ്ട 200 മെഗാവാട്ട് ഹ്രസ്വകാല കരാർ അനുസരിച്ച് ലഭിക്കുന്നുണ്ട്. കൂടാതെ മാർച്ച് 2017 മുതൽ മേയ് 2017 അവസാനംവരെ 100 മെഗാവാട്ട് വൈദ്യുതി 24 മണിക്കൂറും 100 മെഗാവാട്ട് രാത്രി 6 മണിക്കൂറും ലഭിക്കുന്ന മറ്റൊരു ഹ്രസ്വകാല കരാറുപ്രകാരം ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇത് കഴിഞ്ഞുള്ള വൈദ്യുതി കമ്മി പവർ എക്സ്ചേഞ്ച്, അൺഷെഡ്യൂൾഡ് ഇന്റർചേഞ്ച്, കപ്പാസിറ്റർ അഡ്ജസ്റ്റ്മെന്റ് എന്നിവ വഴി നികത്താനാണ് ഉദ്ദേശിക്കുന്നത്.

ഊർജ്ജം സംരക്ഷിച്ച് വൈദ്യുതി കുറവ് നേരിടുക എന്ന ലക്ഷ്യത്തോടെ 25 ലക്ഷം എൽ.ഇ.ഡി. ബൾബുകൾ കേരളത്തിൽ ഈ വേനൽക്കാലത്ത് വിതരണം ചെയ്തിട്ടുണ്ട്. ഇതിനുമുമ്പ് ഒരു കോടി ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്.

ഡി.ഇ.എൽ.പി. പദ്ധതിയിൽപ്പെടുത്തി ഒന്നരക്കോടി ബൾബുകളാണ് വിതരണം ചെയ്യാനായി ലക്ഷ്യമിടുന്നത്. അവശേഷിക്കുന്ന അമ്പത് ലക്ഷം ബൾബുകളും കൂടി വിതരണം ചെയ്യുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഊർജ്ജ സംരക്ഷണ ബോധവത്കരണ ക്യാമ്പയിനും നടത്തിയിട്ടുണ്ട്.

സൗരോർജ്ജ പദ്ധതികളുടെ നിർമ്മാണം ത്വരിതഗതിയിലാക്കി ഈ വേനൽക്കാലത്ത് ഊർജ്ജക്കുറവ് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ 9.9970 മെഗാവാട്ട് ഗ്രിഡ് ബന്ധമില്ലാത്ത പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്.

കടുത്ത ജലദൗർലഭ്യംമൂലം വൈദ്യുതി ഉൽപ്പാദനത്തിന് കുറവ് വരുന്നതിനാൽ വൈദ്യുതി ഉപയോഗം പരമാവധി കുറയ്ക്കുവാൻ വിവിധ ഊർജ്ജസംരക്ഷണ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി ഗാർഹിക മേഖലയിലും വ്യവസായ മേഖലയിലും വാണിജ്യ മേഖലയിലും വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്.

- സംസ്ഥാനത്തിലെ വൈദ്യുതി ഉപയോഗത്തിന്റെ പകുതിയും ഗാർഹിക മേഖലയിലായതിനാൽ ഗാർഹിക ഉപഭോക്താക്കൾക്ക് വിവിധ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

- വൈകുന്നേരങ്ങളിൽ പരമാവധി വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അടങ്ങിയ പരസ്യങ്ങൾ എഫ്.എം. റേഡിയോ വഴി നൽകിവരുന്നുണ്ട്.

- ഗാർഹിക ഊർജ്ജ ഉപഭോക്താക്കൾക്ക് ഊർജ്ജ സംരക്ഷണ ബോധവൽക്കരണം നൽകുന്നതിന് സ്ത്രീകളായ 1750 എനർജി ക്ലിനിക് വോളണ്ടിയർമാർക്ക് പരിശീലനം നൽകി വീടുകൾതോറും ഊർജ്ജ സംരക്ഷണ ബോധവൽക്കരണം നടത്തിവരുന്നു.

(ബി) 2017 ഏപ്രിൽ 23-ാം തീയതി വരെയുള്ള കണക്കനുസരിച്ച് പ്രതിദിന ശരാശരി ഉപഭോഗം 73.53 ദശലക്ഷം യൂണിറ്റാണ്. ഇപ്പോഴത്തെ കാലാവസ്ഥ സാഹചര്യം കണക്കിലെടുത്താൽ ഈ ഏപ്രിൽ മാസത്തിൽ പ്രതീക്ഷിക്കുന്ന പ്രതിദിന ശരാശരി ഉപഭോഗം 73.5 ദശലക്ഷം യൂണിറ്റാണ്. മേയ് മാസത്തിൽ പ്രതീക്ഷിക്കുന്ന പ്രതിദിന ശരാശരി ഉപഭോഗം 70.3 ദശലക്ഷം യൂണിറ്റാണ്.

(സി) സംസ്ഥാനത്തെ എല്ലാ ജലവൈദ്യുത പദ്ധതികളിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തുള്ള എല്ലാ സൗരോർജ്ജ പദ്ധതികളിൽ നിന്നും കാറ്റാടി പാടങ്ങളിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്. താപനിലയങ്ങളിൽ ഉൽപ്പാദനം നടത്തുന്നില്ല. കൂടാതെ പവർ എക്സ്ചേഞ്ച് വഴി ദിവസേന വില കുറവുള്ള സമയങ്ങളിൽ പരമാവധി വൈദ്യുതി വാങ്ങുന്നുണ്ട്. വൈദ്യുതി വാങ്ങുന്നത് സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ലോഡ് ഷെഡിംഗ്

163 (516) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോഡ് ഷെഡിംഗ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) രൂക്ഷമായ വരൾച്ചമൂലം ജലസംഭരണികളിലെ ജലത്തിന്റെ അളവ് കുറഞ്ഞ സാഹചര്യത്തിൽ ലോഡ് ഷെഡിംഗ് എപ്രകാരം ഒഴിവാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി കൊണ്ടുവരുന്നതുൾപ്പടെ എന്തെല്ലാം ബദൽ മാർഗ്ഗങ്ങളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) രൂക്ഷമായ വരൾച്ച കണക്കിലെടുത്ത് ജല വൈദ്യുതി ഉൽപ്പാദനം മുൻകൂട്ടി നിയന്ത്രിക്കുകയും പകരം ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിരുന്നു. ഇതുകൂടാതെ കേരളത്തിന് പുറത്തുനിന്നും വൈദ്യുതി വാങ്ങി എത്തിച്ച് വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി വാങ്ങുവാനുള്ള വിവിധ കരാറുകളിലേർപ്പെട്ടിട്ടുണ്ട്. ഇപ്രകാരമുള്ള വൈദ്യുതി കൊണ്ടുവരുന്നതിനായി കോറിഡോർ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. പവർ ഗ്രിഡിൽ സമ്മർദ്ദം ചെലുത്തി 400 കെ.വി. അരീക്കോട് സ്റ്റേഷനിലെ മൂന്നാമത്തെ ട്രാൻസ്ഫോർമർ താൽക്കാലികാടിസ്ഥാനത്തിൽ സ്ഥാപിച്ച് കൂടുതൽ വൈദ്യുതി കൊണ്ടുവരുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിരിക്കുന്നു. ഇതിന്റെ ചെലവിലേയ്ക്ക് കെ.എസ്.ഇ.ബി.എൽ. 3 കോടി രൂപ പവർ ഗ്രിഡിന് നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര പവർ മന്ത്രാലയത്തിലും പവർ ഗ്രിഡിലും സമ്മർദ്ദം ചെലുത്തി 2018-ലേയ്ക്ക് പണി പൂർത്തിയാക്കാൻ ഉദ്ദേശിച്ചിരുന്ന അംഗുൽ-ശ്രീകാകുളം, വാർദ്ധ-നിസാമാബാദ് 765 കെ.വി. ലൈനുകളുടെ പ്രവർത്തനം ഭാഗികമായി തുടങ്ങുകയും ചെയ്തു. കൂടാതെ പവർ എക്സ്ചേഞ്ച് വഴി ദിവസേന വില കുറവുള്ള സമയങ്ങളിൽ പരമാവധി വൈദ്യുതി വാങ്ങുന്നുണ്ട്.

## വൈദ്യുതി ബോർഡിന്റെ കാര്യക്ഷമത സംബന്ധിച്ച് ഐ.ഐ.എം. കോഴിക്കോട് നടത്തിയ പഠനം

164 (517) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ. ബാബു :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡിൻെറ കാര്യക്ഷമത സംബന്ധിച്ച് ഐ.ഐ.എം. കോഴിക്കോട് പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഠനത്തിന് ഐ.ഐ.എം. കോഴിക്കോടിനെ ഏൽപ്പിക്കാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ഐ.ഐ.എം. കോഴിക്കോട് പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ ശിപാർശകൾ സംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പഠനത്തിന് എത്ര തുക ചെലവായിട്ടുണ്ടെന്ന് കണക്കാക്കി യിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കാര്യക്ഷമതയും സേവന നിലവാരവും മെച്ചപ്പെടുത്തുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്ന തിലേയ്ക്കായി ഇത്തരം വിഷയങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാൻ ഉചിതമായ ഒരു സ്ഥാപനം എന്ന നിലയിലാണ് ഐ.ഐ.എം. കോഴിക്കോടിനെ ചുമതലപ്പെടുത്തിയത്.

(സി) സമർപ്പിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ ആരാഞ്ഞിട്ടില്ല.

(ഡി) 57,57,326 രൂപ മൊത്തം ചെലവിലാണ് ഐ.ഐ.എം. കോഴിക്കോടുമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കരാറിലേർപ്പെട്ടത്. ആദ്യ ഗഡുവായി 25,90,663 രൂപ നൽകിയിട്ടുണ്ട്.

## ആറ്റിങ്ങൽ മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

165 (518) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ആറ്റിങ്ങൽ മണ്ഡലത്തിൽ ഓരോ തദ്ദേശ സ്വയംഭരണസ്ഥാപന പരിധിയിലും എത്ര വീടുകളാണ് വൈദ്യുതീകരിച്ചതെന്ന് വിശദമാക്കുമോ; ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനവും എത്ര തുക വീതമാണ് പദ്ധതിക്ക് നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതി നടത്തിപ്പിനുശേഷവും വൈദ്യുതി ലഭിക്കാത്ത വീടുകളുണ്ടെങ്കിൽ അവർക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കുമോ;

(സി) തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കാമെന്നറിയിച്ച ആലംകോട്, കിളിമാനൂർ എന്നിവിടങ്ങളിൽ സെക്ഷൻ ഓഫീസുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയ വൈദ്യുതി കണക്ഷനുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയ തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണസ്ഥാപനം | നൽകിയ തുക | നൽകിയ വൈദ്യുതി കണക്ഷനുകൾ |
|---|---|---|---|
| 1 | ആറ്റിങ്ങൽ മുനിസിപ്പൽ കോർപ്പറേഷൻ | 4,25,000 | 91 |
| 2 | ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് | 4,55,340 | 131 |
| 3 | കരവാരം ഗ്രാമപഞ്ചായത്ത് | 5,93,792 | 137 |
| 4 | ഒറ്റൂർ ഗ്രാമപഞ്ചായത്ത് | 2,47,094 | 66 |
| 5 | മണമ്പൂർ ഗ്രാമപഞ്ചായത്ത് | 5,50,000 | 120 |
| 6 | വക്കം ഗ്രാമപഞ്ചായത്ത് | 1,35,512 | 64 |
| 7 | കിളിമാനൂർ ഗ്രാമപഞ്ചായത്ത് | 4,21,284 | 173 |
| 8 | പുളിമാത്ത് ഗ്രാമപഞ്ചായത്ത് | 10,50,000 | 220 |
| 9 | നഗരൂർ ഗ്രാമപഞ്ചായത്ത് | 7,10,000 | 168 |
| 10 | പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് | 7,00,000 | 178 |
| | ആകെ | 52,88,022 | 1348 |

(ബി) 2017 മാർച്ച് 31 വരെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. അതിനുശേഷമുള്ള അപേക്ഷകർക്ക് കേന്ദ്ര സർക്കാരിന്റെ ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന കണക്ഷനുകൾ അതിന്റെ മാനദണ്ഡമനുസരിച്ച് വൈദ്യുതി കണക്ഷൻ നൽകുന്നതാണ്.

(സി) പുതുതായി സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## അറ്റകുറ്റപ്പണികൾക്കിടയിൽ അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് നഷ്ടപരിഹാരം

166 (519) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ മേഖലയിൽ അറ്റകുറ്റപ്പണികൾക്കിടയിൽ അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരം അനുവദിച്ചിട്ടുള്ള സഹായങ്ങളാണ് ഇപ്പോഴും മാനദണ്ഡമാക്കിയിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിയമം കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും അപകടത്തിൽപ്പെടുന്നവർക്ക് ചികിത്സാസഹായവും അവശതാനഷ്ടപരിഹാരവും സമയബന്ധിതമായി നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കേന്ദ്ര നിയമമായ തൊഴിലാളി നഷ്ടപരിഹാര നിയമം 1923-ൽ കാലാകാലങ്ങളിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ (തൊഴിലാളി നഷ്ടപരിഹാര (ഭേദഗതി) നിയമം 2000, തൊഴിലാളി നഷ്ടപരിഹാര (ഭേദഗതി) നിയമം 2009) പ്രകാരം വർദ്ധനവ് വരുത്തിയിട്ടുള്ള നഷ്ടപരിഹാരവും ശവസംസ്കാര ചെലവുകളും, അപകടത്തിൽ മരണപ്പെടുന്ന കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തൊഴിലാളികൾക്കും, 3 ലക്ഷം രൂപയിൽ കുറഞ്ഞ അടങ്കൽ തുകയുള്ള ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാർ തൊഴിലാളികൾക്കും പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾക്കും, കോടതി ഉത്തരവുകൾക്കും, ആയതുമായി ബന്ധപ്പെട്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ മാനദണ്ഡങ്ങൾക്ക് വിധേയമായും നിലവിൽ അനുവദിച്ചുവരുന്നു. പ്രസ്തുത നിയമം കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള അധികാരം കേന്ദ്ര ഗവൺമെന്റിൽ നിക്ഷിപ്തമാണ്.

## കെ.എസ്.ഇ.ബി. ജീവനക്കാരുടെ പെൻഷൻ പ്രായം

167 (520) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ജീവനക്കാരുടെ പെൻഷൻ പ്രായം എത്രയാണ്; ഇത് ഉയർത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കമ്പനി നിയമപ്രകാരം പെൻഷൻ പ്രായം എത്ര വയസ്സാണ്; ഇത് നിലവിൽ കമ്പനിയായ കെ.എസ്.ഇ.ബി.-ൽ നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പെൻഷൻ പ്രായം ഉയർത്തണമെന്ന് ആവശ്യപ്പെട്ട് ജിവനക്കാർ കോടതിയിൽ കേസ് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ; ഇതിൽ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാരുടെ പെൻഷൻ പ്രായം 56 വയസ്സാണ്. പെൻഷൻ പ്രായം ഉയർത്തുന്നത് ഇപ്പോൾ പരിഗണനയിലില്ല.

(ബി) ജീവനക്കാരുടെ പെൻഷൻ പ്രായം സംബന്ധിച്ച വ്യവസ്ഥകളോ പരാമർശങ്ങളോ കമ്പനി ആക്ടിൽ പ്രതിപാദിച്ചിട്ടില്ല. ആയതിനാൽ കമ്പനി ആക്ട് പ്രകാരം പെൻഷൻ പ്രായം ഉയർത്തുന്നത് സംബന്ധിച്ച് വ്യവസ്ഥകളുടെ അഭാവത്തിൽ ടി വിഷയം സംബന്ധിച്ച നടപടികൾ കൈക്കൊള്ളുന്നത് ഇപ്പോൾ പരിഗണനയിലില്ല.

(സി) ഉണ്ട്. മുൻവർഷങ്ങളിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ജീവനക്കാർ പെൻഷൻ പ്രായം ഉയർത്തണമെന്ന ആവശ്യം ഉന്നയിച്ച് നിരവധി കേസ്സുകൾ നൽകിയിരുന്നു. പെൻഷൻ പ്രായം നിശ്ചയിക്കുക എന്നത് ബോർഡിന്റെ നയപരമായ തീരുമാനമാണ് എന്ന് ചൂണ്ടിക്കാട്ടി കോടതി കേസ്സുകൾ എല്ലാംതന്നെ തള്ളി ഉത്തരവായിട്ടുള്ളതാണ്. എന്നാൽ അതിനെതിരെ 6 റിട്ട് അപ്പീലുകൾ നൽകിയിട്ടുണ്ട്.

ഈ വർഷം പെൻഷൻ പ്രായം ഉയർത്തണമെന്ന ആവശ്യം ഉന്നയിച്ച് ജീവനക്കാർ WP(C) No.3140/2017 ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. 22-8-2014-ലെ നമ്പർ 15528/ബി.പി.ഇ.3/13/പ്ലാനിംഗ്, അനൗദ്യോഗിക കുറിപ്പിലെ വ്യവസ്ഥകൾ പ്രകാരം നിലവിലുള്ള വിരമിക്കൽ പ്രായം കെ.എസ്.ഇ.ബി. ലിമിറ്റഡിൽ തുടരണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം മുൻനിർത്തി നിലവിലെ വിരമിക്കൽ പ്രായത്തിൽ മാറ്റങ്ങൾ വരുത്തുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## കെ.എസ്.ഇ.ബി.-യുടെ ലാഭപ്രഭ പദ്ധതി

168 (521) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ ലാഭപ്രഭ പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ലാഭപ്രഭ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ മുഴുവൻ ഉപഭോക്താക്കൾക്കും ബൾബുകൾ വിതരണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ എന്നത്തേക്ക് ഇതിന്റെ വിതരണം പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്. കെ.എസ്.ഇ.ബി.-യുടെ ലാഭപ്രഭ പദ്ധതിയുടെ മൂന്നാം ഘട്ടം ഇപ്പോൾ നടപ്പാക്കിവരുന്നു. നാഷണൽ എൽ.ഇ.ഡി. മിഷൻ പങ്കാളികളായ എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡ് (ഇ.ഇ.എസ്.എൽ.) എന്ന കേന്ദ്ര സ്ഥാപനവുമായി ചേർന്ന് ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം എന്ന പദ്ധതിയാണ് ഈ ഘട്ടത്തിൽ നടപ്പിലാക്കിവരുന്നത്. പദ്ധതി പ്രകാരം 1.5 കോടി എൽ.ഇ.ഡി. ബൾബുകൾ 75 ലക്ഷം ഉപഭോക്താക്കൾക്ക് സൗജന്യ നിരക്കിൽ നൽകിവരുന്നു. നോൺ പേയിംഗ് വിഭാഗക്കാർക്കും 1000 വാട്സ് കണക്ടഡ് ലോഡും പ്രതിമാസം 40 യൂണിറ്റ് വരെ വൈദ്യുതി ഉപഭോഗവുമുള്ള ബി.പി.എൽ. വിഭാഗക്കാർക്കും ബൾബുകൾ സൗജന്യമായി വീടുകളിൽ എത്തിച്ചുകൊടുക്കുന്നു. ഇതുവരെ ഒരു കോടിയോളം ബൾബുകൾ വിതരണം ചെയ്തുകഴിഞ്ഞു.

(ബി) പദ്ധതി പ്രകാരം 7 ലക്ഷത്തോളം ബൾബുകൾ തിരുവനന്തപുരം ജില്ലയിൽ വിതരണം നടത്തിയിട്ടുണ്ട്.

(സി) ബാക്കിയുള്ളവയുടെ വിതരണത്തിനുവേണ്ട തയ്യാറെടുപ്പുകൾ പൂർത്തിയായി വരുന്നു. ഇ.ഇ.എസ്.എൽ. ഇവ എത്തിക്കുന്ന മുറയ്ക്ക് വിതരണം പൂർത്തിയാക്കുന്നതാണ്.

## കെ.എസ്.ഇ.ബി.-ക്ക് വൈദ്യുതി ചാർജ്ജിനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക തുക

169 (522) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-ക്ക് 31-3-2017 വരെ വൈദ്യുതി ചാർജ്ജിനത്തിൽ എത്ര തുക പിരിഞ്ഞുകിട്ടുവാനുണ്ട്;

(ബി) ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും കുടിശ്ശികയായി പിരിഞ്ഞു കിട്ടുവാനുള്ള തുകയെത്രയാണ്;

(സി) കേന്ദ്ര സർക്കാർ സ്ഥാപനങ്ങളും, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളും എത്ര തുക കുടിശ്ശികയിനത്തിൽ നൽകുവാനുണ്ട്;

(ഡി) കുടിശ്ശിക തുക ഈടാക്കുവാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഇ) ജനറേറ്റർ സംവിധാനമടക്കം സൗകര്യമുള്ള സ്വകാര്യ സ്ഥാപനങ്ങൾ കുടിശ്ശിക വരുത്തിയ വൈദ്യുതി തുക ഈടാക്കുവാൻ കർശന നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) 31-12-2016-ൽ അവസാനിക്കുന്ന ത്രൈമാസ കണക്കുപ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 2044.78 കോടി രൂപ (പലിശ ഉൾപ്പെടുത്താതെ) കുടിശ്ശികയുണ്ട്. ത്രൈമാസ കണക്കുകളായാണ് കുടിശ്ശിക തുക ക്രോഡീകരിക്കപ്പെടുന്നത്. 31-3-2017 വരെയുള്ള കണക്കുകൾ തയ്യാറാക്കി വരുന്നതേയുള്ളൂ.

2016 ഡിസംബർ 31 വരെയുള്ള ത്രൈമാസ കണക്കുപ്രകാരം വിവിധ സ്ഥാപനങ്ങൾ അടയ്ക്കേണ്ട കുടിശ്ശിക തുക താഴെപ്പറയും പ്രകാരമാണ് :

| | | |
|---|---|---|
| പൊതുമേഖലാ സ്ഥാപനങ്ങൾ (വാട്ടർ അതോറിറ്റി ഉൾപ്പെടെ) | - | 1177.13 കോടി രൂപ |
| കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ | - | 32 കോടി രൂപ |
| കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ | - | 41.94 കോടി രൂപ |

(ഡി&ഇ) സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയപരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വസൂലാക്കാറുണ്ട്. ഇതിൽനിന്നും വസൂലാക്കാൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുണ്ട്. കൂടാതെ ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽനിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി ആവിഷ്കരിച്ചിരുന്നു.

## കെ.എസ്.ഇ.ബി.-യുടെ അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കുന്നതിന് നടപടി

170 (523) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി.-ക്ക് എത്ര ഏക്കർ ഭൂമിയുണ്ടെന്ന കണക്കുകൾ സൂക്ഷിക്കുന്നുണ്ടോ; എങ്കിൽ ഈ വസ്തുക്കൾ എവിടെയെന്ന് ജില്ല തിരിച്ച് വിസ്തീർണ്ണം സഹിതം വിശദമാക്കുമോ;

(ബി) കെ.എസ്.ഇ.ബി.-യുടെ ഭൂമി അന്യാധീനപ്പെട്ടതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) കെ.എസ്.ഇ.ബി.-യുടെ ഭൂമി അന്യാധീനപ്പെട്ടിട്ടുണ്ടെങ്കിൽ അത് വീണ്ടെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉൽപ്പാദന പദ്ധതിയുടെ ഭാഗമായും പ്രസരണ സബ്സ്റ്റേഷനുകളുടെയും വിവിധ ഓഫീസ് സംവിധാനങ്ങളുടെയും ഭാഗമായും ഏകദേശം 50,000 ഏക്കറോളം ഭൂമി കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിലുണ്ട്. വനം വകുപ്പ് അടക്കമുള്ള വിവിധ സർക്കാർ വകുപ്പുകളിൽനിന്നും ലീസ് അടിസ്ഥാനത്തിൽ ലഭിച്ചിട്ടുള്ള 24000 ഏക്കറോളം ഭൂമിയും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കൈവശമുണ്ട്. ഇതുസംബന്ധിച്ച കണക്കുകൾ പരിശോധിച്ച് കേന്ദ്രീകൃതമായ രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള പൂർണ്ണ വിവരങ്ങൾ ലഭ്യമായിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇടുക്കി ജില്ലയിൽ 7.67 ഏക്കർ ഭൂമി കയ്യേറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിൽ വിവിധ പദ്ധതി പ്രദേശങ്ങളിലായി ആയിരത്തി ഇരുന്നൂറോളം കയ്യേറ്റങ്ങൾ നടന്നിട്ടുണ്ട്. കയ്യേറിയ സ്ഥലങ്ങളുടെ അതിരുകൾ തിട്ടപ്പെടുത്തുന്നതിനുള്ള സർവ്വേ നടത്തുന്നതിനായി റവന്യൂ വകുപ്പിൽ പണം ഒടുക്കിയിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിൽ 25.44 ഏക്കറും, എറണാകുളം ജില്ലയിൽ ഏകദേശം 5 ഏക്കർ ഭൂമിയിലും കയ്യേറ്റം നടന്നിട്ടുണ്ട്. ജില്ല തിരിച്ചുള്ള കൂടുതൽ വിവരങ്ങൾ തയ്യാറാക്കുന്നുണ്ട്.

(സി) കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി റവന്യൂ, പോലീസ് ഉദ്യോഗസ്ഥരുടെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ ഇതുസംബന്ധിച്ച് വിവിധ കോടതികളിൽ കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ട്.

## ലോഡ് ഷെഡ്ഡിംഗും പവർകട്ടും

171 (524) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ജനുവരി മുതൽ ഏപ്രിൽ വരെയുള്ള കാലഘട്ടത്തിൽ ലോഡ് ഷെഡ്ഡിംഗും പവർകട്ടും ഏർപ്പെടുത്തിയിരുന്നോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ലോഡ്ഷെഡ്ഡിംഗ് / പവർകട്ട് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടോ?

### ഉത്തരം

(എ) യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഏപ്രിൽ 2012 മുതൽ മേയ് 2012 വരെയുള്ള കാലയളവിൽ ലോഡ് ഷെഡ്ഡിംഗ് ഉണ്ടായിരുന്നു.

2013 ഏപ്രിൽ, മെയ് മാസങ്ങളിൽ പകൽ സമയത്ത് 1 മണിക്കൂർ വീതം 9 മണി മുതൽ 5 മണി വരെ ലോഡ് ഷെഡ്ഡിംഗ് ഉണ്ടായിരുന്നു.

2013 ഏപ്രിൽ, മേയ് മാസങ്ങളിൽ എല്ലാ എച്ച്.റ്റി., ഇ.എച്ച്.റ്റി. ഉപഭോക്താക്കളുടെയും ഊർജ്ജ ഉപഭോഗം അവരുടെ ശരാശരി ഊർജ്ജ ഉപഭോഗത്തിന്റെ 75 ശതമാനം ആയി പവർകട്ട് ഏർപ്പെടുത്തിയിരുന്നു.

(ബി) ഇല്ല.

## ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന വഴി പുതിയ സേവനങ്ങൾ

172 (525) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന വഴി നൽകാൻ ഉദ്ദേശിച്ചിട്ടുള്ള പുതിയ സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) ഏതെല്ലാം മേഖലകളിലാണ് ഇതിന്റെ സേവനം ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ;

(സി) 2017-18 ബഡ്ജറ്റിൽ ഇതിനായി നീക്കിവച്ചിട്ടുള്ള ഫണ്ടിനെക്കുറിച്ച് വിവരിക്കാമോ?

### ഉത്തരം

(എ) ഗ്രാമീണ മേഖലയിൽ 98,000 ബി.പി.എൽ. കണക്ഷനുകൾ ഉൾപ്പെടെ 161,000 ഗാർഹിക കണക്ഷനുകൾ അനുബന്ധ പ്രവൃത്തികൾ ഉൾപ്പെടെ നൽകുവാനും 14 ജില്ലകളിലെയും പാർലമെന്റംഗങ്ങൾ തെരഞ്ഞെടുത്ത വില്ലേജുകളിൽ സൻസദ് ആദർശ് ഗ്രാമ യോജന (എസ്.എ.ജി.വൈ.) പ്രകാരം വിവിധ പ്രവൃത്തികൾ നടത്തുവാനും, ഗ്രാമപ്രദേശങ്ങളിലെ വൈദ്യുതി ശൃംഖല ശക്തിപ്പെടുത്തുന്നതിനായി 33 കെ.വി. സബ്സ്റ്റേഷൻ ഉൾപ്പെടെയുള്ള വിവിധ പ്രവൃത്തികളും വൈദ്യുതി വിതരണ നഷ്ടം കുറയ്ക്കുന്നതിനായി കേടായ മീറ്ററുകൾ, ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകൾ എന്നിവ മാറ്റിവയ്ക്കുന്ന പ്രവൃത്തികളും ഉദ്ദേശിച്ചിട്ടുണ്ട്.

(ബി) ഗ്രാമീണ മേഖലയിലെ ഗാർഹിക ഉപഭോക്താക്കൾക്കാണ് പ്രധാനമായും ഈ പദ്ധതിയുടെ സേവനം ലഭ്യമാകുന്നത്.

(സി) 2017-18-ലെ സംസ്ഥാന ബഡ്ജറ്റിൽ 'ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന' (DDUGJY)-ക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ബഡ്ജറ്റിൽ പ്രസ്തുത പദ്ധതിക്കായി 250 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**എല്ലാ കർഷകർക്കും വൈദ്യുതി നൽകാൻ നടപടി**

173 (526) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം എത്ര പേർക്ക് ഗാർഹിക കണക്ഷൻ നൽകിയിട്ടുണ്ട്;

(ബി) ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) ഗാർഹിക ഉപഭോക്താക്കൾക്ക് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കിയതുപോലെ, കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി, കൃഷി വകുപ്പുമായി ചേർന്ന് എല്ലാ കർഷകർക്കും വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 21-4-2017-ലെ കണക്കുകൾ അനുസരിച്ച് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം 144065 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്.

സമ്പൂർണ്ണ വൈദ്യുതീകരണ സൗരോർജ്ജ പദ്ധതി പ്രകാരം 257 പേർക്ക് ഗാർഹിക കണക്ഷനുകൾ നൽകാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ പണി പുരോഗമിച്ചു വരികയാണ്.

പ്രാഥമിക കണക്കുപ്രകാരം 174.0 കോടി രൂപയാണ് പദ്ധതി ചെലവായി പ്രതീക്ഷിക്കുന്നത്. പദ്ധതി പൂർത്തിയായ ശേഷമേ കൃത്യമായ കണക്കുകൾ ലഭ്യമാവുകയുള്ളൂ.

സൗരോർജ്ജ ഗാർഹിക കണക്ഷനുകൾക്കായി ഉദ്ദേശം 2.8247 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

(സി) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**ഹൈഡൽ ടൂറിസം**

174 (527) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ കക്കയം സന്ദർശന വേളയിൽ ബാണാസുരസാഗർ, കക്കയം, പെരുവണ്ണാമൂഴി പ്രദേശങ്ങളുടെ ഹൈഡൽ ടൂറിസം വികസനത്തിന് 300 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. ഈ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാലതാമസം എന്നറിയിക്കാമോ?

ഉത്തരം

ഇല്ല. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ഏജൻസിയെ നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഊർജ്ജ ലഭ്യത വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ**

175 (528) ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കൃഷ്ണൻ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്ഷയ ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, പവനോർജ്ജം, ജൈവോർജ്ജം തുടങ്ങിയവ കാര്യക്ഷമമായി ഉപയോഗപ്പെടുത്തി ഊർജ്ജ ലഭ്യത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) അക്ഷയ ഊർജ്ജ പദ്ധതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനും, വിവിധ പ്രചരണ പ്രവർത്തനങ്ങളിലൂടെ സർക്കാർ നൽകുന്ന സേവനങ്ങൾ ജനങ്ങൾക്കും, സന്നദ്ധ സംഘടനകൾക്കും, സംരംഭകർക്കും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വിവിധ അക്ഷയ ഊർജ്ജ സംവിധാനങ്ങളും, ഉപകരണങ്ങളും പ്രദർശിപ്പിക്കുന്നതിനും, അവ വ്യാപകമായ തോതിൽ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും, സാങ്കേതിക സഹായവും, പൊതുജനങ്ങൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, സംരംഭകർക്കും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് അക്ഷയ ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, പവനോർജ്ജം, ജൈവോർജ്ജം തുടങ്ങിയവ കാര്യക്ഷമമായി ഉപയോഗപ്പെടുത്തി ഊർജ്ജ ലഭ്യത വർദ്ധിപ്പിക്കുന്നതിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

(i) സൗരോർജ്ജ പദ്ധതികൾ:-

നാളിതുവരെ 14 പദ്ധതികളിൽ നിന്നായി 9.264 എം.ഡബ്ല്യു. ശേഷിയുള്ള സൗരോർജ്ജ നിലയങ്ങളുടെ നിർമ്മാണം കെ.എസ്.ഇ.ബി.എൽ. പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 9.66 എം.ഡബ്ല്യു. ശേഷിയുള്ള 13 സൗരോർജ്ജ നിലയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 4.71 എം.ഡബ്ല്യു. ശേഷിയുള്ള 6 പദ്ധതികളുടെ ദർഘാസ് നടപടികളും പുരോഗമിക്കുന്നു.

കൂടാതെ കാസർഗോഡ് ജില്ലയിൽ 200 എം.ഡബ്ല്യു. ശേഷിയുള്ള സോളാർ പാർക്ക് പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിൽ 36 എം.ഡബ്ല്യു.-ന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ചീമേനിയിൽ 200 എം.ഡബ്ല്യു. സോളാർ പാർക്കിനുവേണ്ട അനുമതിക്കായി കേന്ദ്ര സർക്കാരിന് പദ്ധതി നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

(ii) പവനോർജ്ജം:-

കഞ്ചിക്കോട് കാറ്റാടിപ്പാടത്തിൽ ഉത്പാദനം നടത്തിവരുന്ന 225 KW ശേഷിയുള്ള 9 കാറ്റാടികളിൽ 5 എണ്ണം മാറ്റി പകരം ശേഷി കൂടിയ 5 കാറ്റാടികൾ (3x850 KW+23x600 KW) സ്ഥാപിക്കുന്നതിനും 2.5 MW ശേഷിയുള്ള പുതിയ കാറ്റാടി യന്ത്രം സ്ഥാപിക്കുന്നതിനും പൂവാർ കടൽതീരത്ത് ചെറു കാറ്റാടികൾ ഉപയോഗിച്ച് 1 MW ശേഷിയുള്ള പുതിയ കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിനുമുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

(iii) ജൈവോർജ്ജ പദ്ധതികൾ :-

കേരളത്തിലെ സാധ്യതകൾ ഉപയോഗിച്ച് ജൈവോർജ്ജത്തിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികളുടെ സാധ്യത കെ.എസ്.ഇ.ബി. പഠനം നടത്തിവരുന്നു.

2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക് - സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (1 മെഗാവാട്ട് മുതൽ 3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 17.35 കോടി രൂപയുടെ പദ്ധതിയുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാ ബന്ധിത സോളാർ പവർ പ്ലാന്റുകൾ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനും 10.50 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു.

(ബി) അക്ഷയ പദ്ധതികളെക്കുറിച്ച് അവബോധം നൽകുന്നതിനും പ്രചരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും കെ.എസ്.ഇ.ബി.എൽ. ലഘുലേഖകൾ വിതരണം ചെയ്ത് പൊതുജന ബോധവത്കരണം നടത്തുന്നുണ്ട്.

2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ ലഭ്യത, പരിപാലനം എന്നിവ സംബന്ധമായി വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ നടത്താൻ പദ്ധതിയുണ്ട്. അക്ഷയ ഊർജ്ജ മേഖല സംബന്ധമായി പോർട്ടൽ സംവിധാനം ഒരുക്കുന്നതിനും, കോൾസെന്റർ ഫെസിലിറ്റി നടപ്പിലാക്കുന്നതിനും ടോൾ ഫ്രീ നമ്പരിലൂടെ പൊതുജനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങളും വിവരങ്ങളും ലഭ്യമാക്കുന്നതിനും വിവിധ പ്രചരണ പരിപാടികൾ, സെമിനാറുകൾ, സഞ്ചരിക്കുന്ന പ്രദർശനശാലകൾ എന്നിവ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനും ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങളിലൂടെ വേണ്ട പ്രചരണം നൽകുന്നതിനും അനെർട്ട് ഉദ്ദേശിക്കുന്നു.

(സി) വിവിധ പ്രദർശന നഗരികളിൽ അക്ഷയ ഊർജ്ജ സംവിധാനങ്ങളും ഉപകരണങ്ങളും പ്രദർശിപ്പിക്കുകയും ഇവയുടെ മേന്മയും ഇവ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നൽകുവാനും സഹായകരമായ രീതിയിൽ കെ.എസ്.ഇ.ബി.എൽ. സ്റ്റാളുകൾ ഏർപ്പെടുത്തി വരുന്നുണ്ട്. വൈദ്യുതി ഭവന് മുകളിൽ ചെറുകാറ്റാടികൾ സ്ഥാപിച്ച് മാധ്യമങ്ങൾ വഴി മികച്ച രീതിയിൽ പ്രചാരണം നൽകുകയുണ്ടായി. പൊതുജനങ്ങൾക്കിടയിൽ അവബോധം വളർത്തുന്നതിനായി ക്ലാസ്സുകൾ സംഘടിപ്പിക്കുകയും റാലികൾ നടത്തുകയും ചെയ്ത്, അക്ഷയ ഊർജ്ജ സംവിധാനങ്ങളെ സംബന്ധിച്ച സന്ദേശം പൊതുജനങ്ങളിലെത്തിക്കാനുള്ള യത്നം കെ.എസ്.ഇ.ബി.എൽ. നടത്തിവരുന്നുണ്ട്.

അനെർട്ടിന്റെ വിവിധ ഓഫീസുകൾ മുഖേന അക്ഷയ ഊർജ്ജ സംവിധാനങ്ങൾ പ്രചരിപ്പിക്കുന്നതിന് പ്രദർശനങ്ങൾ, പരിശീലന പരിപാടികൾ, ബോധവത്കരണ പരിപാടികൾ എന്നിവ നടത്തിവരുന്നു. 2017-18 സാമ്പത്തിക വർഷം അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനും നിർമ്മാതാക്കളെ എം-പാനൽ ചെയ്യുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഉദ്ദേശിക്കുന്നു. കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾക്കും സംരംഭകർക്കും ഇൻസെന്റീവ് നൽകി അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വ്യാപകമായി പ്രചരിപ്പിക്കുന്നതിനും പദ്ധതിയുണ്ട്. ജില്ലാ തലത്തിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ഇന്റഗ്രേറ്റഡ് റെന്യൂവബിൾ എനർജി കോംപ്ലക്സുകൾ സ്ഥാപിക്കുന്നതിനും അനെർട്ട് ഉദ്ദേശിക്കുന്നു.

## ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതി

176 (529) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷനിലെ ആനക്കയത്ത് 7 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടു കൊണ്ടുള്ള 'ആനക്കയം' ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം അനുമതി ലഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ തടസ്സങ്ങൾ നീക്കി പദ്ധതി യാഥാർത്ഥ്യമാക്കുവാൻ ആവശ്യമായ സത്വര നടപടികൾ സർക്കാർ സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ (സിവിൽ) നിർമ്മാണ ജോലികൾക്കുള്ള ടെൻഡർ 30-12-2009-ൽ ക്ഷണിക്കുകയും മുംബൈ ആസ്ഥാനമായ M/s. Vakcha Engineering Limited എന്ന കമ്പനിക്ക് 17-1-2011-ൽ ഇതിന്റെ നിർമ്മാണത്തിനുള്ള വർക്ക് ഓർഡർ നൽകുകയും ചെയ്തിരുന്നു. എന്നാൽ പദ്ധതിക്കാവശ്യമായ 8 ഹെക്ടർ വനഭൂമി ലഭ്യമാക്കാത്തതിനാൽ പ്രസ്തുത കമ്പനിയുമായി നിർമ്മാണത്തിനുള്ള എഗ്രിമെന്റ് വയ്ക്കുവാൻ സാധിച്ചിട്ടില്ല. കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ സ്റ്റേജ്-1 അനുമതി 1990-ൽ ലഭ്യമായിരുന്നെങ്കിലും പുതുക്കിയ അനുമതി വേണമെന്ന വനം വകുപ്പിന്റെ നിർദ്ദേശപ്രകാരം അപേക്ഷ സമർപ്പിക്കുകയും വ്യവസ്ഥകൾക്ക് വിധേയമായ സ്റ്റേജ് -1 അനുമതി 1-7-2013-ൽ ലഭിക്കുകയുമുണ്ടായി. 17-3-2014-ൽ സ്റ്റേജ് -II അനുമതിയും കർശന വ്യവസ്ഥകൾക്ക് വിധേയമായി ലഭിച്ചു. പാറപൊട്ടിക്കുന്നതിനും ടണൽ നിർമ്മാണത്തിനും സ്ഫോടക വസ്തുക്കൾ ഉപയോഗിക്കാൻ പാടില്ല എന്ന കർശന വ്യവസ്ഥ പാലിച്ചുകൊണ്ട് പണി ചെയ്യുകയെന്നത് ബുദ്ധിമുട്ടാണെന്നും ഈ വ്യവസ്ഥ ടെൻഡറിൽ പറയാത്തതു മാണെന്ന കാരണത്താൽ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത കമ്പനി അവരെ കരാറിൽനിന്ന് ഒഴിവാക്കി കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയും ഇതിൻപ്രകാരം 30-12-2014-ൽ പ്രസ്തുത കമ്പനിയെ കരാറിൽനിന്ന് ഒഴിവാക്കുകയുമുണ്ടായി.

ഈ പദ്ധതിക്ക് ആവശ്യമായ വനഭൂമി കൈമാറുന്നതിനായി കെ.എസ്.ഇ.ബി.എൽ. വനം വകുപ്പിലേയ്ക്ക് 'Seignorate value' 17-3-2016-ൽ അടച്ചെങ്കിലും നാളിതുവരെ മരങ്ങൾ വെട്ടിമാറ്റി സ്ഥലം കൈമാറുന്നതിനുള്ള യാതൊരു നടപടികളും വനം വകുപ്പ് സ്വീകരിച്ചിട്ടില്ല. കൂടാതെ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നിഷ്കർഷിച്ചിട്ടുള്ള പാറപൊട്ടിക്കൽ സംബന്ധിച്ചുള്ള ഉപാധികൾ ലഘൂകരിക്കേണ്ടതായിട്ടുണ്ട്. ഇതിനായി സംസ്ഥാന സർക്കാരും വൈദ്യുതി ബോർഡും കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തെ സമീപിച്ചിട്ടുണ്ട്.

## ചെറുകിട ജലവൈദ്യുത പദ്ധതി വികസന സാധ്യതകൾ കണ്ടെത്തുന്നതിന് നടപടി

177 (530) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറിയ നീരൊഴുക്കുകളിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാധ്യത കൂടുതൽ ഉള്ളതിനാൽ ഇത്തരത്തിലുള്ള മാതൃകാ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഓരോ നദികളിലുമുള്ള ചെറുകിട ജലവൈദ്യുത പദ്ധതി വികസന സാധ്യതകൾ കണ്ടെത്തുന്നതിനും, മുൻഗണന നൽകുന്നതിനുമായി എന്തെങ്കിലും പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വിദൂര ഗ്രാമീണ മേഖലകളിൽ സൂക്ഷ്മ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി എത്ര രൂപ വകയിരുത്തി യിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ നാല് നദീതടങ്ങളിലെ ചെറുകിട ജലവൈദ്യുത പദ്ധതി വികസന സാധ്യതകൾ കണ്ടെത്തുന്നതിനും ഇതിൽനിന്നും മുൻഗണനാക്രമം അനുസരിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള പഠനം നടത്തുന്നതിനുമുള്ളവരെ തെരഞ്ഞെടുക്കുന്നതിനുള്ള ദർഘാസ് നടപടികളുടെ രണ്ടാം ഘട്ടത്തിലാണ്.

(സി) ഇതിനോടകം ഏതാണ്ട് നൂറോളം സൂക്ഷ്മ ജലവൈദ്യുത പദ്ധതികൾ (പീക്കോ 1 KW മുതൽ 5 KW വരെ) കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ (CFA) നടപ്പിലാക്കിക്കഴിഞ്ഞു. ഇതിനായി 164.55 ലക്ഷം രൂപ കേന്ദ്ര സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. 20 പദ്ധതികൾകൂടി ഇക്കൊല്ലം നടപ്പിലാക്കുവാനുള്ള MNRE സബ്സിഡിയായി 41.25 ലക്ഷം രൂപ കേന്ദ്ര സാമ്പത്തിക സഹായം (CFA) അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാന പദ്ധതി വിഹതിമായി വിദൂരഗ്രാമങ്ങളിൽ സൂക്ഷ്മ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് 16 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## ഊർജ്ജ സംരക്ഷണത്തിന് സ്വീകരിച്ച നടപടികൾ

178 (531) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഊർജ്ജ സംരക്ഷണത്തിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ജനകീയാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് പഞ്ചായത്തുകളുമായി സഹകരിച്ച് പുതിയ പദ്ധതി ആവിഷ്കരിക്കുമോ;

(സി) ഊർജ്ജ സംരക്ഷണം സംബന്ധിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 2016-17-ൽ 740 ലക്ഷം രൂപയും 2017-18-ൽ 814 ലക്ഷം രൂപയും ഇ.എം.സി.-ക്ക് വകയിരുത്തിയിട്ടുണ്ട്.

2016 ഡിസംബർ 14 ദേശീയ ഊർജ്ജ സംരക്ഷണ ദിനത്തോടനുബന്ധിച്ച് നാഷണൽ സർവ്വീസ് സ്കീം ആന്റ് എനർജി മാനേജ്മെന്റ് സെന്റർ, എനർജി കൺസർവേഷൻ സൊസൈറ്റി, വിവിധ റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ പങ്കാളിത്തത്തോടെ കെ.എസ്.ഇ.ബി. സംസ്ഥാനമൊട്ടാകെ താഴെപ്പറയുന്ന ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി:

1. ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും എത്തിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ സൈക്കിൾ റാലി സംഘടിപ്പിച്ചു.

2. ഊർജ്ജ സംരക്ഷണ ക്യാമ്പയിന്റെ ഭാഗമായി ഡിസംബർ പതിനാലാം തീയതി സെക്രട്ടേറിയറ്റ് കവാടത്തിൽ രണ്ടായിരത്തോളം ആളുകളുടെ ഒപ്പ് ശേഖരണം നടത്തി.

3. സ്കൂളുകളിലും വിവിധ റെസിഡന്റ്സ് അസോസിയേഷനുകളിലും ഊർജ്ജ സംരക്ഷണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ക്ലാസ്സുകളിൽ പങ്കെടുത്തവർക്ക് സി.എഫ്.എൽ. സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു.

4. ഡിസംബർ 14-ന് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും മാസ് റാലി സംഘടിപ്പിച്ചു.

5. കെ.എസ്.ഇ.ബി.എൽ.-ന്റെ ഓൺലൈൻ സംവിധാനത്തിലൂടെ ഉപഭോക്താക്കൾക്ക് ഊർജ്ജ സംരക്ഷണ സന്ദേശം അയച്ചു.

(ബി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുക എന്ന ലക്ഷ്യത്തോടുകൂടി അതാത് പഞ്ചായത്തുകളുമായി സഹകരിച്ച് എനർജി മാനേജ്മെന്റ് സെന്റർ ഊർജ്ജ കിരൺ, ഊർജ്ജ ക്ലിനിക് എന്നീ പരിപാടികൾ നടത്തിവരുന്നു. എൻ.ജി.ഒ.-കൾ പൊതുജനവായനശാലകൾ എന്നിവയുമായി സഹകരിച്ചാണ് ഊർജ്ജ കിരൺ പരിപാടി നടത്തുന്നത്. ഇ.എം.സി.-യിൽനിന്ന് പരിശീലനം ലഭിച്ച വനിതാ വോളന്റിയർമാർ മുഖേനയാണ് ഊർജ്ജ ക്ലിനിക് പരിപാടി നടത്തുന്നത്. കൂടാതെ വേനൽക്കാലത്ത് ഊർജ്ജ സംരക്ഷണത്തിലൂടെ ഊർജ്ജ ദൗർലഭ്യം കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി ഓരോ ബ്ലോക്ക് പഞ്ചായത്തിലും ഒരു ബോധവൽക്കരണ പരിപാടി എന്ന നിലയിൽ നടത്തി വരുന്നുണ്ട്. കൂടാതെ കേരളത്തിലെ 10 പഞ്ചായത്തുകൾ ജനപങ്കാളിത്തത്തോടുകൂടി ഊർജ്ജ കാര്യക്ഷമതയുള്ള പഞ്ചായത്തുകളായി മാറ്റുന്നതിനുള്ള പരിപാടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

(സി) സ്കൂളുകളിൽ കുട്ടികൾക്ക് ഊർജ്ജ സംരക്ഷണ ബോധവൽക്കരണം നടത്തുന്നതിനായി സ്മാർട്ട് എനർജി പ്രോഗ്രാം (SEP) എന്ന പദ്ധതി ഇ.എം.സി. നടപ്പിലാക്കിവരുന്നുണ്ട്. 4400 സ്കൂളുകൾ എസ്.ഇ.പി.-യുടെ ഭാഗമായിട്ടുണ്ട്.

ദേശീയ ഊർജ്ജ സംരക്ഷണ ദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥികളിൽ ഊർജ്ജ സംരക്ഷണ ബോധവൽക്കരണം നടത്തുന്നതിന് കെ.എസ്.ഇ.ബി.എൽ. വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ സൈക്കിൾ റാലി സംഘടിപ്പിച്ചു. കൂടാതെ കെ.എസ്.ഇ.ബി.എൽ.-ന്റെ ഡി.എസ്.എം. സെല്ലിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## ചേലക്കര നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം

179 (532) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ചേലക്കര നിയോജകമണ്ഡലത്തിൽ എത്ര ഗാർഹിക കണക്ഷനുകൾ 2017 മാർച്ച് 31 വരെ നൽകിയിട്ടുണ്ട്;

(ബി) ഇതിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരുന്നതെന്നും എത്ര കി.മീ. പുതിയതായി ലൈൻ വലിക്കേണ്ടിവന്നുവെന്നും എത്ര ഇലക്ട്രിക് പോസ്റ്റുകൾ ആവശ്യമായി വന്നുവെന്നുമുള്ളതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി മാർച്ച് 31 വരെ 1670 വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) ചേലക്കര നിയോജകമണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി 1095 ഇലക്ട്രിക് പോസ്റ്റുകൾ ഉപയോഗിച്ച് 27.28 കി.മീ. എൽ.റ്റി. ലൈൻ നിർമ്മിക്കുകയുണ്ടായി. ഇതിന് 1.38 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

## വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിന് നടപടി

180 (533) <u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീ. പി. വി. അൻവർ</u> :
<u>പ്രൊഫ. കെ. യു. അരുണൻ</u> :
<u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി എല്ലാ വീടുകളിലും എത്തിക്കുന്നതോടൊപ്പം ലഭിക്കുന്ന വൈദ്യുതിയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വോൾട്ടേജ് വർദ്ധിപ്പിക്കുന്നതിനും, പഴയ ലൈനുകൾ പുതുക്കി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിതരണ ശൃംഖല നവീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വിതരണ തടസ്സം കുറയ്ക്കുന്നതിന് ഫീഡർ അടിസ്ഥാനത്തിൽ പ്രത്യേക കർമ്മസേന രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾ (RAPDRP, DDUGJY, IPDS തുടങ്ങിയവ) സംസ്ഥാന സർക്കാരിന്റെ കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം (KPIS) പദ്ധതി, മറ്റ് ഏജൻസികൾ, എസ്റ്റിമേറ്റ് തുക ഒടുക്കുന്നവ, ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചിട്ടുള്ള വാർഷിക പദ്ധതി എന്നിവയിലൂടെയാണ് വൈദ്യുത വിതരണം സുഗമവും കാര്യക്ഷമവുമാക്കാൻ ഉദ്ദേശിക്കുന്നത്. 11 കെ.വി. ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, കൂടുതൽ ശേഷിയുള്ള കമ്പികൾ ഉപയോഗിച്ച് വിതരണ ശൃംഖല ശക്തിപ്പെടുത്തുക (റീ കണ്ടക്ടറിംഗ്), സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റൽ എന്നീ പ്രവൃത്തികളാണ് ടി പദ്ധതികൾ വഴി നടപ്പിലാക്കുന്നത്. വിതരണ നഷ്ടം കുറയ്ക്കുന്നതിനായി ലൈനിൽ വേണ്ട അറ്റകുറ്റപ്പണികൾ നടത്തുകയും അപകട സാധ്യതയുള്ള സ്ഥലങ്ങളിലും മരച്ചില്ലകളും മറ്റും കൂടുതലായുള്ള സ്ഥലങ്ങളിലും ആവശ്യമെങ്കിൽ ABC/ഭൂഗർഭ കേബിൾ പോലുള്ള സംവിധാനങ്ങൾ ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്.

(സി) വിതരണ തടസ്സം കുറയ്ക്കുന്നതുൾപ്പെടെ വൈദ്യുതി വിതരണരംഗം മെച്ചപ്പെടുത്തുന്നതിനുതകുന്ന മാർഗ്ഗങ്ങൾ ചർച്ച ചെയ്യുന്നതിനും നിർദ്ദേശങ്ങൾ ശിപാർശ ചെയ്യുന്നതിനും വിതരണ വിഭാഗം ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു 12 അംഗ സമിതിക്ക് (Distribution Core Committee) കെ.എസ്.ഇ.ബി. രൂപം നൽകിയിട്ടുണ്ട്.

**വൈദ്യുതി നഷ്ടം കുറച്ചുകൊണ്ടുവരുന്നതിന് പ്രചാരണ പ്രവർത്തനങ്ങൾ**

181 (534) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ പ്രതിസന്ധിയുടെ കാലഘട്ടത്തിൽ സംസ്ഥാനത്തെ സർക്കാർ-സ്വകാര്യ സ്ഥാപനങ്ങളിൽ കാര്യക്ഷമതയില്ലാത്ത യന്ത്രങ്ങളുടെ ഉപയോഗത്തെ ത്തുടർന്ന് വൈദ്യുതി പാഴാകുന്നത് സർക്കാർ ഗൗരവമായിക്കാണുന്നുണ്ടോ;

(ബി) കാര്യക്ഷമതയേറിയ യന്ത്രങ്ങളുടെയും, ഇലക്ട്രിക് ഉപകരണങ്ങളുടെയും പുതുക്കിവാങ്ങലിലൂടെയും വൈദ്യുതി നഷ്ടവും, ധനനഷ്ടവും കുറച്ചുകൊണ്ടു വരുന്നതിന് എന്തെങ്കിലും പ്രചാരണ പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ നടത്തുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ സർക്കാർ-സ്വകാര്യ സ്ഥാപനങ്ങളിൽ വൈദ്യുതിയുടെ ഉപയോഗം കാര്യക്ഷമമാക്കുന്നതിലേയ്ക്കായി അവരുടെ അപേക്ഷയിൻ പ്രകാരം എനർജി ഓഡിറ്റ് നടത്തുകയും വൈദ്യുതിയുടെ ഉപയോഗം കാര്യക്ഷമമാക്കുന്നതിലേയ്ക്കുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നതോടൊപ്പം എഞ്ചിനീയർമാർ മറ്റ് ഉദ്യോഗസ്ഥർ എന്നിവർക്ക് ഇ.എം.സി.-യുടെ നേതൃത്വത്തിൽ വിവിധ പരിശീലന പരിപാടികൾ നടത്തിവരുന്നു. ഇതിനുപുറമെ ഊർജ്ജ കാര്യക്ഷമത കൂടിയ ബി.ഇ.ഇ. സ്റ്റാർ റേറ്റഡ് ഉപകരണങ്ങൾ ഉപയോഗിച്ച് ഊർജ്ജ ലാഭം നേടുന്നതിനെക്കുറിച്ച് ഇ.എം.സി. പ്രചരണ പരിപാടികൾ നടത്തിവരുന്നുണ്ട്.

കൂടാതെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വിവിധ ഓഫീസുകൾ നിലവിലുള്ള ഊർജ്ജക്ഷമത കുറഞ്ഞ ഫാനുകൾ മാറ്റി ഊർജ്ജക്ഷമത കൂടിയ സ്റ്റാർ റേറ്റഡ് ഫാനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി അവസാന ഘട്ടത്തിലാണ്.

## വൈദ്യുതി ലൈനിലെ അറ്റകുറ്റപ്പണിക്കൾക്കിടെ സംഭവിക്കുന്ന അത്യാഹിതങ്ങൾ

182 (535) <u>ശ്രീ. എസ്. ശർമ്മ</u> :
<u>ശ്രീ. വി. ജോയി</u> :
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> :
<u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലൈനിലെ അറ്റകുറ്റപ്പണിക്കൾക്കിടെ വൈദ്യുതാഘാതമേറ്റുള്ള അത്യാഹിതങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അറ്റകുറ്റപ്പണികളിലേർപ്പെടുന്നവർക്ക് മെച്ചപ്പെട്ട രീതിയിലുള്ള സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കൃത്യനിർവ്വഹണത്തിനിടയിൽ അപകടം സംഭവിക്കുന്ന കരാർ തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും സംരക്ഷണം നൽകുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വൈദ്യുതി ലൈനുകളിലെ അറ്റകുറ്റപ്പണികളിലേർപ്പെടുന്ന ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും സുരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടി 'permit to work' (PTW) സംവിധാനം വിതരണ മേഖലയിൽകൂടി കർശനമായി നടപ്പാക്കിയിട്ടുണ്ട്. ടി സംവിധാനം പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനായി surprise inspections നടത്തുന്നതിന് വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തന്റേയും മറ്റ് ഓഫീസിന്റെയും കീഴിലുള്ള ജോലിസ്ഥലങ്ങളിൽ മിന്നൽ പരിശോധനകൾ നടത്തി റിപ്പോർട്ട് നൽകുന്നുണ്ട്. അതനുസരിച്ച് വീഴ്ച വരുത്തുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉൽപ്പാദന, പ്രസരണ, വിതരണ വിഭാഗങ്ങളിലെ എല്ലാ ഓഫീസുകളിലും ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ (Safety Cloves, Safety Belt, Safety Shoes, Earthing/Discharge Rod, Earthing Chain, First Aid Kit, Rain Coat, Ladder etc.) ലഭ്യമാക്കിയിട്ടുണ്ട്. വിതരണ വിഭാഗത്തിലെ കരാർ തൊഴിലാളികൾക്കും ആവശ്യം വേണ്ട സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ സെക്ഷൻ ഓഫീസിൽ സൺറൈസ് മീറ്റിംഗിൽ അന്നത്തെ ജോലികളിൽ സ്വീകരിക്കേണ്ടതായ മുൻകരുതലുകളെക്കുറിച്ച് ചർച്ച ചെയ്ത് സുരക്ഷാ പ്രതിജ്ഞ എടുക്കുന്നുണ്ട്. കൂടാതെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ സുരക്ഷാ അവലോകനം ചെയ്യുന്നതിനായി തൊഴിലാളി സംഘടനാ പ്രതിനിധികളെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് മാസംതോറും ഡിവിഷൻ തല സുരക്ഷാ മീറ്റിംഗുകളും സംഘടിപ്പിക്കുന്നുണ്ട്.

സുരക്ഷാ പാലനം ഉറപ്പുവരുത്തുന്നതിനായി സബ് എഞ്ചിനീയർ മുതൽ ഇലക്ട്രിസിറ്റി വർക്കർ വരെയുള്ള ജീവനക്കാർക്ക് കൃത്യമായ ഇടവേളകളിൽ പരിശീലന ക്ലാസ്സുകൾ നടത്തിയും ജോലിസ്ഥലങ്ങളിൽ കൊണ്ടുപോയി പരിശീലനം നടത്തിയും സുരക്ഷാ നടപടികളെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുന്നുണ്ട്. വൈദ്യുതി ലൈനുകളിലും പ്രതിഷ്ഠാപനങ്ങളിലും പണിയെടുക്കുമ്പോൾ ഉണ്ടായേയ്ക്കാവുന്ന അപകടങ്ങളും അവ ഒഴിവാക്കേണ്ട രീതികളും സ്വീകരിക്കേണ്ട മുൻകരുതലുകളും ഈ പരിശീലന പരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അപകട സാധ്യതകളെക്കുറിച്ച് മനസ്സിലാക്കുന്നതിനായി കരാർ തൊഴിലാളികൾക്കും ബോർഡിലെ ജീവനക്കാർക്കും വീഡിയോ ഡി.വി.ഡി. ഉൾപ്പെടെ ഉപയോഗിച്ച് ധാരാളം സുരക്ഷാ ക്ലാസ്സുകൾ ഫീൽഡ് ഓഫീസ് തലങ്ങളിൽ നടത്തി പരിശീലനം നൽകിവരുന്നു. Safety Belt പോലുള്ള സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുവാനും ഈ ക്ലാസ്സുകളിൽ പരിശീലിപ്പിക്കുന്നുണ്ട്. ബോർഡ് ജീവനക്കാർക്ക് ഡോക്ടർ, ഫയർഫോഴ്സ് ഉദ്യോഗസ്ഥർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തി first aid പരിശീലനം നൽകുന്നുണ്ട്.

(സി) ജോലിക്കിടയിൽ അപകടമോ അപകടമരണമോ സംഭവിക്കുന്ന ചെറുകിട കരാർ തൊഴിലാളികളുടെ (3 ലക്ഷം രൂപയ്ക്ക് താഴെയുള്ള അടങ്കൽ തുകയുള്ള കരാർ) ആശ്രിതർക്ക് പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരവും (3,97,480 രൂപ മുതൽ 9,14,160 രൂപ വരെ) അംഗവൈകല്യം സംഭവിക്കുന്നവർക്ക് അവശതാ നഷ്ടപരിഹാരവും ചികിത്സാ കാലയളവിലേയ്ക്ക് അർദ്ധവാർഷിക നഷ്ടപരിഹാരവും 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽനിന്നും നൽകിവരുന്നു.

3 ലക്ഷം രൂപയ്ക്ക് മുകളിലുള്ള കരാർ ജോലിയിൽ സംഭവിക്കുന്ന അപകടങ്ങൾക്ക് കരാറുകാരൻ എടുത്തിട്ടുള്ള അപകട ഇൻഷ്വറൻസ് സംരക്ഷയിൽനിന്നും നഷ്ടപരിഹാരം അനുവദിച്ചുവരുന്നു.

## വൈദ്യുതി ഉത്പാദനം

183 (536) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉദ്പാദിപ്പിക്കുവാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉദ്പാദിപ്പിക്കുന്ന പദ്ധതികൾ കമ്മീഷൻ ചെയ്തു?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ ഏജൻസികൾ മുഖാന്തിരം സ്വകാര്യ സ്ഥാപനങ്ങൾ അടക്കം ആകെ 87.978 MW വൈദ്യുതിയാണ് അധികമായി ഉൽപ്പാദിപ്പിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

<u>കെ.എസ്.ഇ.ബി.എൽ.</u>

| | | |
|---|---|---|
| ഹൈഡ്രോ (കെ.എസ്.ഇ.ബി.എൽ.) | - | 42.761 മെഗാവാട്ട് |
| സോളാർ (കെ.എസ്.ഇ.ബി.എൽ.) | - | 1.16 മെഗാവാട്ട് |
| ആകെ | | 43.921 മെഗാവാട്ട് |

<u>എനർജി മാനേജ്മെന്റ് സെന്റർ</u>

| | | | |
|---|---|---|---|
| 1. | കാരിക്കയം ഒന്നാം ഘട്ടം | - | 10.5 MW |
| 2. | മീൻവല്ലം | - | 3.0 MW |
| 3. | 64 പീക്കോ ജലവൈദ്യുത പദ്ധതികളിൽ കേന്ദ്ര സഹായത്തോടെ സ്ഥാപിച്ച (68KW) | | |

അനെർട്ട്

അനെർട്ടിന്റെ റൂഫ് ടോപ് സോളാർ പദ്ധതി വഴി 7.5 മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി കപ്പാസിറ്റി അധികമായി ഉല്പാദിപ്പിച്ചു.

അനെർട്ടിന്റെ ഡെപ്പോസിറ്റ് - കൺസൾട്ടൻസി സ്കീമുകളിലായി ആകെ 0.389 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പദ്ധതികൾ സർക്കാർ കെട്ടിടങ്ങളുടെ റൂഫ് ടോപ്പിൽ സ്ഥാപിച്ചു. കൂടാതെ 13 MW സോളാർ വൈദ്യുതി സ്വകാര്യ സ്ഥാപനങ്ങൾ കൂട്ടിച്ചേർത്തിട്ടുണ്ട്. 9.6 MW കാറ്റാടി നിലയവും സ്വകാര്യ സംരംഭകർ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ ഭരണകാലത്ത് വിവിധ ഏജൻസികൾ ഇതുവരെ ആകെ 62.62 MW വൈദ്യുതി അധികമായി ഉൽപ്പാദിപ്പിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കെ.എസ്.ഇ.ബി.എൽ.

| | | |
|---|---|---|
| ഹൈഡ്രോ (വെള്ളത്തുവൽ) | - | 3.6 മെഗാവാട്ട് |
| സോളാർ | - | 2.69 മെഗാവാട്ട് |
| ആകെ | | 6.29 മെഗാവാട്ട് |

എനർജി മാനേജ്മെന്റ് സെന്റർ

1. 8 MW-ന്റെ പാതംകയം ചെറുകിട ജലവൈദ്യുത പദ്ധതി 17-1-2017-ൽ ഉദ്ഘാടനം ചെയ്തു.

2. 4.5 MW-ന്റെ കാരിക്കയം, ചെറുകിട പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ കമ്മീഷനിംഗിനായി തയ്യാറായിവരുന്നു.

3. 30 പീക്കോ ചെറുകിട ജലവൈദ്യുത പദ്ധതികൾ (30 KW) കേന്ദ്ര സഹായത്തോടെ സ്ഥാപിച്ചു.

അനെർട്ട്

അനെർട്ടിന്റെ റൂഫ് ടോപ് സോളാർ പദ്ധതി വഴി ഇതുവരെ 5.6 മെഗാവാട്ട് സൗരോർജ്ജ പവർ പ്ലാന്റുകൾ അധികമായി സ്ഥാപിച്ചിട്ടുണ്ട്.

അനെർട്ടിന്റെ ടെക്നിക്കൽ കൺസൾട്ടൻസി സ്കീമിൽ ഉൾപ്പെടുത്തി തൃശ്ശൂർ കോർപ്പറേഷന്റെ ജയ്ഹിന്ദ് മാർക്കറ്റ് കെട്ടിടങ്ങളിൽ 0.200 മെഗാവാട്ട് ഗ്രിഡ് കണക്ടഡ് റൂഫ് ടോപ് സോളാർ പ്ലാന്റും അനെർട്ടിന്റെ സ്വന്തം ഭൂമിയായ കുഴൽമന്ദത്ത് 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഒരു സൗരോർജ്ജ പവർ പ്ലാന്റും കമ്മീഷൻ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ കാസർഗോഡ് 200 MW സോളാർ പാർക്കിൽ 36 മെഗാവാട്ട് പദ്ധതി പൂർത്തിയായിട്ടുണ്ട്.

## വൈദ്യുതി വകുപ്പിൽ പുതിയതായി ആരംഭിച്ച സെക്ഷൻ ഓഫീസുകൾ

184 (537) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി ആരംഭിച്ച സെക്ഷൻ ഓഫീസുകൾ മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) കാസർകോട് ജില്ലയിൽ പുതിയ സെക്ഷൻ ഓഫീസുകൾ തുടങ്ങാൻ ആലോചനയുണ്ടെങ്കിൽ എവിടെയാണെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള സെക്ഷനിൽ എത്ര ഉപഭോക്താക്കൾ ആകുമ്പോഴാണ് പുതിയ സെക്ഷൻ ആരംഭിക്കുക; ഈ മാനദണ്ഡപ്രകാരം ഏതൊക്കെ സെക്ഷനുകൾ വിഭജിക്കാൻ ഉണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച സെക്ഷൻ ഓഫീസുകളുടെ മണ്ഡലം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| സെക്ഷന്റെ പേര് | നിയോജകമണ്ഡലം |
|---|---|
| റാന്നി പെരിനാട് | റാന്നി |
| വെണ്മണി | ചെങ്ങന്നൂർ |
| വള്ളികുന്നം | മാവേലിക്കര |
| ഉടുമ്പൻചോല | ഉടുമ്പൻചോല |
| ആലക്കോട്-തൊടുപുഴ | തൊടുപുഴ |
| മഞ്ഞള്ളൂർ | മൂവാറ്റുപുഴ |
| കോറോം | മാനന്തവാടി |
| സീതംഗോളി | മഞ്ചേശ്വരം |
| ചെറുപുഴ | പയ്യന്നൂർ |
| നെല്ലിക്കുഴി | കോതമംഗലം (ഔപചാരിക ഉദ്ഘാടനം നടന്നത് 15-10-2016-ന്) |
| എടത്തല | ആലുവ (ഔപചാരിക ഉദ്ഘാടനം നടന്നിട്ടില്ല) |
| കുമ്പാറ | തിരുവമ്പാടി |
| വാളയാർ | മലമ്പുഴ |

(ബി&സി) കസ്റ്റമർ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനും നിലവിലുള്ള സെക്ഷൻ ഓഫീസുകൾ പുനഃക്രമീകരിച്ച് സേവനം മെച്ചപ്പെടുത്തുന്നതിനുമാണ് ബോർഡ് മുൻഗണന നൽകുന്നത്. പുതിയ സെക്ഷനുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കസ്റ്റമർ കെയർ സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച പരിശോധനകൾക്ക് വിധേയമായാണ് പരിശോധിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾ പുനഃപരിശോധിച്ച് വരികയാണ്. കാസർഗോഡ് ജില്ലയിൽ പുതിയ സെക്ഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് ഇപ്പോൾ പരിഗണനയിലില്ല.

## കോയിക്കര മാത്യുവിന് നഷ്ടപരിഹാരം നൽകാൻ നടപടി

185 (538) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വഴിക്കടവ് മാമാങ്കര പ്രദേശത്ത് കോയിക്കര മാത്യു എന്നയാൾ 2016 ഫെബ്രുവരി മാസത്തിൽ വൈദ്യുതാഘാതമേറ്റ് മരണമടഞ്ഞത് സംബന്ധിച്ച് ഇലക്ട്രിസിറ്റി ബോർഡിന് ലഭിച്ചിട്ടുള്ള പരാതിയുടെ വിശദാംശം നൽകാമോ;

(ബി) ഇദ്ദേഹത്തിന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്ന കാര്യം ബോർഡിന്റെ പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ; ഇല്ലെങ്കിൽ ഇദ്ദേഹത്തിന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വഴിക്കടവ് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് പരിധിയിൽ മാമാങ്കര കാളപ്പൂട്ടുകണ്ടം എന്ന സ്ഥലത്ത് ശ്രീ. മാത്യു എന്നയാൾ തന്റെ ഉടമസ്ഥതയിലുള്ള കൃഷി സ്ഥലത്ത് മരിച്ചുകിടക്കുന്നത് കണ്ടെത്തിയത് സംബന്ധിച്ച് എടക്കര ഇലക്ട്രിക്കൽ സബ് ഡിവിഷൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി വ്യക്തിയുടെ ശരീര ഭാഗങ്ങളിൽ പൊള്ളലേറ്റിട്ടുള്ളതായി കാണപ്പെട്ടതായും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. ടി വ്യക്തി മരണപ്പെട്ടത് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനത്തിൽ നിന്നുമാണോ മറ്റേതെങ്കിലും രീതിയിൽ വൈദ്യുതാഘാതമേറ്റിട്ടാണോ എന്നതും, യഥാർത്ഥ മരണകാരണവും റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല.

(ബി) അറിവില്ലായ്മമൂലവും അശ്രദ്ധ കാരണവും മനഃപൂർവ്വമല്ലാത്ത പ്രവൃത്തിമൂലവും കെ.എസ്.ഇ.ബി. ലിമിറ്റഡ് എന്ന പ്രതിഷ്ഠാപനത്തിൽനിന്നും പൊതുജനങ്ങൾ വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന സാഹചര്യത്തിൽ നിലവിലെ നിയമമനുസരിച്ച് വ്യവസ്ഥകൾക്ക് വിധേയമായി ആശ്വാസ ധനസഹായം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്.

ടി അപകടം സംബന്ധിച്ച് മറ്റ് രേഖകൾകൂടി ലഭ്യമാക്കുന്ന മുറയ്ക്ക് (പോലീസ് എഫ്.ഐ.ആർ., ഇൻക്വസ്റ്റ് റിപ്പോർട്ട്, പോസ്റ്റ്മോർട്ടം റിപ്പോർട്ട്) നിലവിലെ ബോർഡ് ഉത്തരവിലെ വ്യവസ്ഥകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി വൈദ്യുതി സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് അർഹത പരിശോധിക്കുന്നതാണ്.

**പാറശ്ശാല മണ്ഡലത്തിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാൻ നടപടി**

186 (539) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണമേഖലയായ പാറശ്ശാല മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ സ്ഥിരമായി ഉണ്ടാകുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളുമോ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി പാറശ്ശാല മണ്ഡലത്തിൽ എവിടെയെല്ലാം പുതുതായി ട്രാൻസഫോമറുകൾ സ്ഥാപിച്ചിട്ടുണ്ട് എന്നുള്ള വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) പാറശ്ശാല മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം നേരിടുന്ന വിവിധ പ്രദേശങ്ങൾ പരിശോധിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷം ഈ മണ്ഡലത്തിൽ 8 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ നടപ്പ് സാമ്പത്തിക വർഷം 12 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി പാറശ്ശാല നിയോജകമണ്ഡലത്തിൽ പദ്ധതിക്കുവേണ്ടി ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടില്ല.

**ഇടമലയാർ ഹൈഡൽ ടൂറിസം പദ്ധതി**

187 (540) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ഇടമലയാർ ഹൈഡൽ ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ആദ്യഘട്ടമെന്ന നിലയിൽ ബോട്ടിങ്ങിനും ഗാർഡൻ ഒരുക്കുന്നതിനും വേണ്ട നടപടികൾ ഏത് ഘട്ടത്തിലെന്ന് വ്യക്തമാക്കാമോ;

(സി) ഹൈഡൽ ടൂറിസം പദ്ധതി എന്നത്തേക്ക് നടപ്പിലാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) പദ്ധതിക്കാവശ്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

## വൈദ്യുതി നിരക്ക് വർദ്ധനവ്

188 (541) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാൻ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇതിന് മുമ്പ് എന്നാണ് കെ. എസ്.ഇ. ബി. ലിമിറ്റഡ് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചത്; വ്യവസായം, ഗാർഹികം, കൃഷി തുടങ്ങിയ താരിഫിൽ എത്ര ശതമാനമാണ് കൂടിയത് എന്ന് വിശദമാക്കുമോ;

(സി) ഇപ്പോൾ എത്ര ശതമാനമാണ് കൂട്ടുവാൻ പോകുന്നതെന്ന് ഇനം തിരിച്ച് വിശദമാക്കുമോ;

(ഡി) ഈ വർദ്ധനവുമൂലം കെ.എസ്.ഇ.ബി. ലിമിറ്റഡിന് മാസം എത്ര കോടി രൂപ വരുമാനം കൂടുമെന്ന് വിശദമാക്കുമോ;

(ഇ) ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ ശിപാർശയോടെയാണോ ഈ ചാർജ്ജ് വർദ്ധനവ്; വിശദമാക്കുമോ?

ഉത്തരം

(എ) വൈദ്യുതി നിയമം 2003 പ്രകാരം താരിഫ് വർദ്ധിപ്പിക്കുന്നതിനുള്ള അധികാരം അതതു സംസ്ഥാനത്തെ വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ മാത്രമാണ്.

(ബി) ഇതിനുമുമ്പ് 2014-15 സാമ്പത്തിക വർഷത്തിൽ 16-8-2014 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധമാണ് റെഗുലേറ്ററി കമ്മീഷൻ താരിഫ് പരിഷ്കരിച്ചിരുന്നത്. ഈ താരിഫ് വർദ്ധനവിലൂടെ ഗാർഹിക വിഭാഗത്തിൽ 21.9 ശതമാനം വർദ്ധനവും, എൽ.റ്റി. വ്യാവസായികത്തിൽ 6.8 ശതമാനം വർദ്ധനവും, എച്ച്.റ്റി. വ്യാവസായികത്തിൽ 8.3 ശതമാനം വർദ്ധനവും, എൽ.റ്റി. കാർഷിക വിഭാഗത്തിൽ 30 ശതമാനം വർദ്ധനവും, എച്ച്.റ്റി. കാർഷിക വിഭാഗത്തിൽ 17.9 ശതമാനം വർദ്ധനവും വരുത്തിയിരുന്നു.

(സി) സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ 18-4-2017 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം 17-4-2017-ലെ താരിഫ് പരിഷ്കരണത്തിലൂടെ ഗാർഹിക വിഭാഗം ഉപഭോക്താക്കൾക്ക് 3.5 ശതമാനം മുതൽ 10 ശതമാനം വരെ വർദ്ധനവ് വരുത്തിയിട്ടുണ്ട്. എന്നാൽ പ്രതിമാസം 250 യൂണിറ്റുവരെ ഉപയോഗിക്കുന്ന 97 ശതമാനം ഉപഭോക്താക്കൾക്കും 5 ശതമാനം മാത്രമാണ് വർദ്ധനവ്. 1000 വാട്സ് വരെ കണക്റ്റഡ് ലോഡുള്ളതും പ്രതിമാസം 40 യൂണിറ്റു വരെ ഉപഭോഗമുള്ള ബി.പി.എൽ. വിഭാഗക്കാർക്ക് താരിഫ് വർദ്ധന വരുത്തിയിട്ടുമില്ല. വ്യാവസായിക വിഭാഗത്തിൽ 3.45 ശതമാനം മുതൽ 5.75 ശതമാനം വരെ വർദ്ധനവ് വരുത്തിയിട്ടുണ്ട്. എന്നാൽ കാർഷിക വിഭാഗത്തിൽ യാതൊരുവിധ വർദ്ധനവും വരുത്തിയിട്ടില്ല.

(ഡി) സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ 17-4-2017-ലെ ഉത്തരവിലൂടെ പ്രതിമാസം 45.83 കോടി രൂപയുടെ അധിക വരുമാനം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) സംസ്ഥാന സർക്കാർ അല്ല താരിഫ് പുതുക്കിയിട്ടുള്ളത്. സർക്കാരിന് അതിനുള്ള അധികാരമില്ല. സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ തന്നെ സ്വമേധയാ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് പരിഷ്കരണ ഉത്തരവിലൂടെയാണ് നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുള്ളത്.

**അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി**

189 (542) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ജലവൈദ്യുതപദ്ധതി ആരംഭിക്കുവാൻ വേണ്ടി സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) ഇതിനുവേണ്ടിയുള്ള സ്ഥലമേറ്റെടുപ്പ് ഏതുവരെയായി എന്ന് വ്യക്തമാക്കുമോ;

(സി) അതിരപ്പിള്ളി പദ്ധതി സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നയം എന്താണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) പദ്ധതിയുടെ വിശദമായ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്കുവേണ്ടിയുള്ള എല്ലാ പഠനങ്ങളും നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി ആരംഭിക്കാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) 138.6 ഹെക്ടർ വനഭൂമി വനേതര പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കാനുള്ള നടപടിക്കായി വനം വകുപ്പിനെ സമീപിച്ചിട്ടുണ്ട്.

(സി) പദ്ധതിക്കെതിരായി ചില ആശങ്കകൾ ഉയർത്തിക്കൊണ്ട് ചില പരിസ്ഥിതി സംഘടനകളും രാഷ്ട്രീയ സംഘടനകളും പ്രക്ഷോഭ രംഗത്തുണ്ട്. ഇത്തരം ആശങ്കകൾ അകറ്റി സമവായത്തിലൂടെ പദ്ധതി നടപ്പാക്കുന്നതിന് ശ്രമിക്കണമെന്നതാണ് വൈദ്യുതി വകുപ്പ് തീരുമാനിച്ചിട്ടുള്ളത്.

## അതിരപ്പിള്ളി പദ്ധതി - വനസമ്പത്തിനുണ്ടാകുന്ന നാശനഷ്ടങ്ങൾ

190 (543) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി പദ്ധതി നടപ്പാക്കിയാൽ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാവുമെന്നാണ് കണക്കാക്കുന്നത്;

(ബി) പ്രസ്തുത പദ്ധതിക്ക് വേണ്ടി വരുന്ന ചെലവ് എത്ര; ഒരു യൂണിറ്റ് വൈദ്യുതിയുടെ ഉല്പാദനച്ചെലവ് എത്രയായിരിക്കും;

(സി) ഡാം, ഓഫീസുകൾ, ഇൻസ്റ്റലേഷനുകൾ, റിസർവ്വോയർ, റോഡുകൾ എന്നിവയ്ക്കെല്ലാമായി എത്ര ഹെക്ടർ വനഭൂമി വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) വനസമ്പത്തിനുണ്ടാക്കുന്ന നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അതിരപ്പിള്ളി പദ്ധതി നടപ്പിലാക്കിയാൽ 163 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാകുമെന്ന് കണക്കാക്കുന്നു.

(ബി) നിലവിലെ നിരക്ക് അനുസരിച്ച് പദ്ധതിക്ക് 993.41 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇപ്പോഴത്തെ നിരക്ക് അനുസരിച്ച് ഉൽപ്പാദന ചെലവ് ഒരു യൂണിറ്റ് വൈദ്യുതിക്ക് 4.09 രൂപയാണ്. എന്നാൽ പദ്ധതിയുടെ മൂലധനച്ചെലവ് തിരിച്ചെടുത്തുകഴിഞ്ഞാൽ വൈദ്യുതിയുടെ ഉൽപ്പാദനച്ചെലവ് ഗണ്യമായി കുറയുന്നതാണ്.

(സി) ഓഫീസ് വനഭൂമിയിലല്ല സ്ഥിതി ചെയ്യുന്നത്. ഡാമിനായി 3 ഹെക്ടറും, റോഡിനായി 11.5 ഹെക്ടറും റിസർവ്വോയറിനായി 104.4 ഹെക്ടറും ഇൻസ്റ്റലേഷനായി 19.7 ഹെക്ടറും വനഭൂമി വേണ്ടി വരുമെന്നാണ് കണക്കാക്കുന്നത്. ആകെ 138.6 ഹെക്ടർ.

(ഡി) ഉണ്ട്. പദ്ധതിക്കായി TBGRI-യും WAPCOS-ഉം നടത്തിയ പരിസ്ഥിതി ആഘാത പഠനത്തിൽ ഈ കാര്യങ്ങളെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്.

## സംസ്ഥാനത്തെ വിവിധ വൈദ്യുത പദ്ധതികൾ

191 (544) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വൈദ്യുത പദ്ധതികളിൽനിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത്; പദ്ധതി തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) നിലവിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് അന്യസംസ്ഥാനങ്ങളിൽ നിന്ന് വാങ്ങുന്നത്; സംസ്ഥാനം തിരിച്ച് വ്യക്തമാക്കാമോ;

(സി) അന്യസംസ്ഥാന വൈദ്യുതിക്ക് യൂണിറ്റിന് എത്ര തുകയാണ് സർക്കാർ ഒടുക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) 2017 ഏപ്രിൽ മാസത്തിൽ വന്ന ഏറ്റവും ഉയർന്ന വൈദ്യുത ഉപഭോഗമായ (3865 മെഗാവാട്ട്) രേഖപ്പെടുത്തിയ ദിവസമായ 19-4-2017-ലെ ഏറ്റവും ഉയർന്ന ജലവൈദ്യുത ഉൽപ്പാദനം പദ്ധതി തിരിച്ച് താഴെ ചേർക്കുന്നു :

| പദ്ധതികൾ | ഉൽപ്പാദനം (മെഗാവാട്ട്) |
|---|---|
| (1) | (2) |
| കുറ്റ്യാടി | 137 |
| പെരിങ്ങൽകുത്ത് | 24 |
| ഷോളയാർ | 36 |
| ഇടമലയാർ | 57 |
| പള്ളിവാസൽ | 25 |
| ചെങ്കുളം | 23 |
| പന്നിയാർ | 30 |
| നേര്യമംഗലം | 41 |
| ലോവർപെരിയാർ | 128 |
| ഇടുക്കി | 702 |

| (1) | (2) |
|---|---|
| മലങ്കര | 5 |
| ശബരിഗിരി | 265 |
| കക്കാട് | 36 |
| കല്ലട | 4 |
| കുത്തുങ്കൽ | 7 |
| ആകെ | 1520 മെഗാവാട്ട് |

(ബി&സി) അന്യസംസ്ഥാനങ്ങളിലെ വൈദ്യുതി നിലയങ്ങളിൽനിന്നും വാങ്ങുന്ന വൈദ്യുതിയുടെ വിവരങ്ങൾ ഒടുക്കുന്ന തുക സഹിതം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം**

192 (545) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ എത്ര പുതിയ കണക്ഷനുകൾ നൽകി എന്ന് പഞ്ചായത്ത് തിരിച്ച് കണക്കുകൾ നൽകുമോ;

(ബി) നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി ആകെ എത്ര രൂപ ചെലവഴിച്ചു എന്നും ഏതെല്ലാം സ്രോതസുകളിൽ നിന്നുമാണ് പ്രസ്തുത തുക കണ്ടെത്തിയത് എന്നും വിശദമാക്കുമോ;

(സി) നിയോജകമണ്ഡലത്തിൽ എത്ര വൈദ്യുതികണക്ഷനുകൾ തർക്കംമൂലം നൽകാനായിട്ടില്ല എന്നതിന്റെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ നൽകിയിട്ടുള്ള പുതിയ കണക്ഷനുകളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | |
|---|---|---|
| കൊട്ടാരക്കര മുനിസിപ്പാലിറ്റി | - | 72 |
| നെടുവത്തൂർ പഞ്ചായത്ത് | - | 89 |
| മൈലം പഞ്ചായത്ത് | - | 183 |
| ഉമ്മന്നൂർ പഞ്ചായത്ത് | - | 195 |
| വെളിയം പഞ്ചായത്ത് | - | 127 |
| എഴുകോൺ പഞ്ചായത്ത് | - | 63 |
| കരിപ്ര പഞ്ചായത്ത് | - | 105 |
| കുളക്കട പഞ്ചായത്ത് | - | 114 |
| ആകെ | | 948 |

(ബി) പ്രാഥമിക കണക്കുകൾ പ്രകാരം കൊട്ടാരക്കര നിയോജകമണ്ഡലം വൈദ്യുതീകരണത്തിന് 78.10 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിനായി വിവിധ സ്രോതസ്സുകളിൽനിന്നും ലഭിച്ച തുക താഴെക്കൊടുക്കുന്നു:

| | | |
|---|---|---|
| എം.എൽ.എ. ഫണ്ട് | - | 17,74,270 |
| കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് | - | 2,00,000 |
| കൊട്ടാരക്കര മുനിസിപ്പാലിറ്റി | - | 1,00,000 |
| നെടുവത്തൂർ പഞ്ചായത്ത് | - | 1,00,000 |
| മൈലം പഞ്ചായത്ത് | - | 1,78,000 |
| കുളക്കട പഞ്ചായത്ത് | - | 1,50,000 |
| ഉമ്മന്നൂർ പഞ്ചായത്ത് | - | 1,75,000 |
| വെളിയം പഞ്ചായത്ത് | - | 1,00,000 |
| എഴുകോൺ പഞ്ചായത്ത് | - | 1,50,000 |
| കരീപ്ര പഞ്ചായത്ത് | - | 1,00,000 |
| ആകെ | | 30,27,270 |

ബാക്കി തുക കെ.എസ്.ഇ.ബി.-യുടെ തനത് ഫണ്ടിൽനിന്നും കേന്ദ്രാവിഷ്കൃത പദ്ധതിയായ DDUGJY-ൽ നിന്നും കണ്ടെത്താമെന്ന് കരുതുന്നു.

(സി) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ, തർക്കങ്ങൾ നിലനിൽക്കുന്നതുമൂലം നൽകാൻ കഴിഞ്ഞിട്ടില്ലാത്ത വൈദ്യുതി കണക്ഷനുകളുടെ പഞ്ചായത്ത് തിരിച്ചുള്ള എണ്ണം ചുവടെ ചേർത്തിരിക്കുന്നു. ഇതുസംബന്ധിച്ച് തീർപ്പിനായി എ.ഡി.എം.-ന്റെ പരിഗണനയ്ക്ക് വിട്ടിരിക്കുകയാണ്:

| | | |
|---|---|---|
| ഉമ്മന്നൂർ പഞ്ചായത്ത് | - | 1 എണ്ണം |
| കൊട്ടാരക്കര മുനിസിപ്പാലിറ്റി | - | 2 എണ്ണം |
| കുളക്കട പഞ്ചായത്ത് | - | 1 എണ്ണം |
| ആകെ | | 4 എണ്ണം |

## അതിരപ്പിള്ളി പദ്ധതി നടപ്പാക്കാൻ നടപടി

193 (546) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി പദ്ധതി നടപ്പാക്കാൻ ഈ സർക്കാർ നടപടികൾ സ്വീകരിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി എന്തൊക്കെ കാര്യങ്ങളാണ് വൈദ്യുതി വകുപ്പ് ചെയ്യുന്നതെന്ന് വിശദമാക്കുമോ;

(സി) അതിരപ്പിള്ളി പദ്ധതിയുടെ ഭാഗമായി എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്; ഈ ഓഫീസുകളുടെയും ഇവിടെ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) എത്ര നാളുകളായി ഈ ഓഫീസുകൾ പ്രവർത്തിക്കുന്നു എന്ന് വിശദമാക്കുമോ;

(ഇ) ഈ പദ്ധതിക്കായി വിവിധ ഓഫീസുകൾ തുടങ്ങിയതിലും ഇവിടുത്തെ ഉദ്യോഗസ്ഥർക്ക് ശമ്പളം കൊടുത്തതിലും മറ്റ് ചെലവുകൾക്കുമായി 31-3-2017 വരെ എത്ര കോടി രൂപ കെ.എസ്.ഇ. ബോർഡ് ചെലവാക്കിയിട്ടുണ്ട്; തുക ഇനം തിരിച്ച് വിശദാംശങ്ങൾ സഹിതം വെളിപ്പെടുത്തുമോ;

(എഫ്) കേരളത്തിലെ രൂക്ഷമായ വൈദ്യുതി ക്ഷാമം മനസ്സിലാക്കി എത്രയും പെട്ടെന്ന് ഈ പദ്ധതി നടപ്പിലാക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി സമവായത്തിലൂടെ നടപ്പാക്കാൻ കഴിയുമോ എന്നതാണ് വൈദ്യുതി വകുപ്പ് പരിശോധിക്കുന്നത്.

(ബി) പദ്ധതി തുടങ്ങുന്നതിനുവേണ്ട എല്ലാ അനുമതികളും കിട്ടിയിട്ടുണ്ട്. വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ. തയ്യാറാക്കുക, പരിസ്ഥിതി ആഘാത പഠനം നടത്തുക, ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ആവശ്യമായ അനുമതികൾ നേടുക തുടങ്ങിയ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(സി) ഈ പദ്ധതിയുടെ ഭാഗമായി കണ്ണൻകുഴിയിൽ ഒരു ഡിവിഷൻ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്.

| | | |
|---|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | - | 1 (അതിരപ്പിള്ളി, ആനക്കയം എന്നീ പദ്ധതികൾക്കായി) |
| സബ് എഞ്ചിനീയർ | - | 2 |

<u>സബ് ഡിവിഷൻ - അതിരപ്പിള്ളി</u>

| | | |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | - | 1 |
| അസിസ്റ്റന്റ് എഞ്ചിനീയർ | - | 1 |
| സബ് എഞ്ചിനീയർ | - | 1 |

(ഡി) ഇപ്പോൾ നിലവിലുള്ള ഡിവിഷൻ ഓഫീസ് ആഗസ്റ്റ് മാസം 2000 മുതൽ കണ്ണൻകുഴിയിൽ പ്രവർത്തിക്കുന്നു.

(ഇ) ഈ പദ്ധതിക്കായി ആകെ 14.45 കോടി രൂപ 31-3-2017 വരെ ചെലവാക്കിയിട്ടുണ്ട്. ഇതിൽ 87.7 ലക്ഷം രൂപ ഇൻവെസ്റ്റിഗേഷൻ ഇനത്തിലും ബാക്കി തുക പദ്ധതി ചെലവുകൾക്കും ജീവനക്കാരുടെ വേതനത്തിനും ആയിട്ടാണ് ചെലവഴിച്ചിട്ടുള്ളത്.

(എഫ്) പുറത്തുനിന്ന് വാങ്ങി എത്തിക്കാവുന്ന വൈദ്യുതി എത്തിക്കുന്നതിനോടൊപ്പം ആഭ്യന്തര വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

## അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി

194 (547) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി വൈദ്യുത പദ്ധതിക്കായുള്ള സ്ഥലമേറ്റെടുക്കൽ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; എത്ര കോടി രൂപയാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തുക;

(ബി) പദ്ധതി നടപ്പാക്കുമ്പോൾ വെള്ളത്തിലാവുന്ന വനത്തിനു പകരം മരങ്ങൾ വച്ചുപിടിപ്പിക്കാൻ കെ.എസ്.ഇ.ബി. വനം വകുപ്പിന് ഇതിനകം നൽകിയ തുക എത്ര;

(സി) തൃശ്ശൂർ ജില്ലയിലെ കണ്ണംകുഴിയിൽ അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുടെ പേരിൽ പ്രവർത്തിച്ചുവരുന്ന ഓഫീസ് ഏതു വർഷത്തിലാണ് പ്രവർത്തനമാരംഭിച്ചത്;

(ഡി) ഈ ഓഫീസിൽ ഏതൊക്കെ തസ്തികകളിൽ എത്ര ജീവനക്കാരുണ്ട്; ഇവർക്ക് ശമ്പളം നൽകുന്നതിനായി ഒരു മാസത്തിൽ ചെലവഴിക്കുന്ന തുക എത്ര;

(ഇ) അതിരപ്പിള്ളി വെള്ളച്ചാട്ടത്തെ ബാധിക്കാത്ത വിധം പദ്ധതി എപ്രകാരം നടപ്പാക്കാനാണ് വൈദ്യുതി ബോർഡ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) അതിരപ്പിള്ളി പദ്ധതിക്ക് ആകെ 138.6 ഹെക്ടർ വനഭൂമിയാണ് വേണ്ടത്. ഇതിന് വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിക്കാവശ്യമായ വനഭൂമിയിലുള്ള മരങ്ങൾ വനം വകുപ്പ് മുറിച്ചുമാറ്റി കെ.എസ്.ഇ.ബി.എൽ.-ന് കൈമാറിയിട്ടില്ല. പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 993.41 കോടി രൂപയാണ്.

(ബി) 1.14766 കോടി രൂപ

(സി) 24-8-2000 മുതൽ

(ഡി) <u>ഡിവിഷൻ ഓഫീസ്</u>

| | | |
|---|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | - | 1 (അതിരപ്പിള്ളി, ആനക്കയം എന്നീ പദ്ധതികൾക്കായി) |
| സബ് എഞ്ചിനീയർ | - | 2 |

<u>സബ് ഡിവിഷൻ അതിരപ്പിള്ളി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്</u>

| | | |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | - | 1 |
| അസിസ്റ്റന്റ് എഞ്ചിനീയർ | - | 1 |
| സബ് എഞ്ചിനീയർ | - | 1 |
| ശമ്പളം | - | 5.17 ലക്ഷം രൂപ (മാസത്തിൽ) |

(ഇ) അതിരപ്പിള്ളി വെള്ളച്ചാട്ടത്തെ ബാധിക്കാത്ത രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായി നിർദ്ദിഷ്ട അണക്കെട്ടിന് തൊട്ടുതാഴെയായി 3 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഡാം ടോ പവർ ഹൗസ് നിർമ്മിച്ച് 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിലൂടെ ചുരുങ്ങിയത് 7.65 മീറ്റർക്യൂബ് എന്ന തോതിൽ ബഹിർഗമിക്കുന്ന വെള്ളം ഇന്നുള്ളതുപോലെതന്നെ വെള്ളച്ചാട്ടം 365 ദിവസവും നിലനിർത്തുന്നതിന് പര്യാപ്തമാണ്.

**സംസ്ഥാനത്തെ സൗരോർജ്ജ വൈദ്യുതി നിലയങ്ങൾ**

195 (548) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരോർജ്ജ വൈദ്യുതി നിലയങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിലയങ്ങളിൽനിന്ന് എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സൗരോർജ്ജ പദ്ധതിയുടെയും മറ്റ് പദ്ധതികളുടെയും ഉല്പാദന ചെലവ് എത്രയാണെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് കൂടുതൽ സൌരോർജ്ജ നിലയങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡ് പൂർത്തീകരിച്ച സൗരോർജ്ജ നിലയങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.* കൂടാതെ 200 മെഗാവാട്ട് സോളാർപാർക്ക് പദ്ധതിയുടെ ഭാഗമായി 36 മെഗാവാട്ട് കാസർഗോഡ് പൂർത്തീകരിച്ചിട്ടുണ്ട്. സിയാൽ 20.4 മെഗാവാട്ടും ഹിൻഡാൽകൊ 1 മെഗാവാട്ടും അനെർട്ട് 2 മെഗാവാട്ടും സ്വകാര്യ വ്യക്തികൾ 6.192 മെഗാവാട്ടും സൗരോർജ്ജ നിലയങ്ങൾ വഴി ഗ്രിഡിലേയ്ക്ക് ബന്ധിപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 1 കിലോവാട്ട് സ്ഥാപിത ശേഷിയുള്ള ഓഫ് ഗ്രിഡിലുള്ള 9837 നിലയങ്ങളും 3.3 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഗ്രിഡ് കണക്ടഡ് നിലയങ്ങളും വിവിധ കെട്ടിട മേൽക്കൂരകളിൽ സ്ഥാപിച്ചിട്ടുണ്ട്.

കൂടാതെ അനെർട്ടിന്റെ പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് 2 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഒരു സൗരോർജ്ജ നിലയവും പ്രവർത്തിച്ചുവരുന്നു.

(സി) കേന്ദ്ര നവനവീകരണ ഊർജ്ജ മന്ത്രാലയം പുറപ്പെടുവിച്ച നിരക്ക് പ്രകാരം ഗ്രിഡ് ബന്ധിത റൂഫ് ടോപ്പ് സോളാർ നിലയങ്ങളുടെ ഉല്പാദന ചെലവ് 1 മെഗാവാട്ടിന് 6.5 കോടി രൂപയും ഗ്രൗണ്ട് മൗണ്ടഡ് സൗരോർജ്ജ നിലയങ്ങളുടെ ഉത്പാദന ചെലവ് 5.3 കോടി രൂപയുമാണ്.

(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കി പണി പുരോഗമിക്കുന്നതും വിഭാവനം ചെയ്തിട്ടുള്ളതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.* 200 മെഗാവാട്ട് ശേഷിയുള്ള സോളാർ പാർക്ക് പദ്ധതിയുടെ ഭാഗമായി 36 മെഗാവാട്ട് പൂർത്തീകരിച്ചിട്ടുണ്ട്. കാസർഗോഡ് ചീമേനിയിൽ 200 മെഗാവാട്ട് സോളാർ പാർക്ക് പദ്ധതി അനുമതിക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സ്വകാര്യ/പൊതുമേഖലാ സംരംഭകർ വഴി 2022-ഓടുകൂടി സ്ഥാപിതശേഷി 1104.17 മെഗാവാട്ട് ആയി ഉയർത്താനാണ് ലക്ഷ്യമിടുന്നത്.

സർക്കാർ കെട്ടിടങ്ങളുടെ മുകളിലും വീടുകളിലും വ്യവസായ സ്ഥാപനങ്ങളിലും സൗരോർജ്ജ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ അനെർട്ട് പ്രോത്സാഹിപ്പിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്ക് ചെലവായ തുക**

196 (549) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിൽ വൈദ്യുതീകരിച്ച വീടുകൾ എത്രയാണ്; ഇതിന് ചെലവായ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിനായി തുക കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; കണ്ടെത്തിയ തുക എത്രയാണ് ?

<u>ഉത്തരം</u>

(എ) 22-4-2017-ലെ കണക്കനുസരിച്ച് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ആകെയുള്ള 151649 അപേക്ഷകരിൽ ഇതിനോടകം 144065 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. പ്രാഥമിക കണക്കുകൾ പ്രകാരം 174.0 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന പദ്ധതി ചെലവ്.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി വൈദ്യുതി എത്താത്ത സ്ഥലത്ത് സോളാർ ഉപയോഗിച്ച് 257 വീടുകൾ വൈദ്യുതീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവയുടെ ജോലികൾ പുരോഗമിച്ചുവരുന്നു. ഇതിനുവേണ്ടി 1.73215 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ചെലവായ തുകയുടെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) ടി പദ്ധതിക്ക് 174 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഒരു മണ്ഡലത്തിൽ പ്രതീക്ഷിക്കുന്ന ചെലവിന്റെ 50 ശതമാനം (പരമാവധി ഒരു കോടി രൂപ) എന്ന നിരക്കിൽ 63.82 കോടി രൂപ കെ.എസ്.ഇ.ബി. വഹിക്കാനും ബാക്കി ആവശ്യമുള്ള തുക ചുവടെ ചേർത്തിരിക്കുന്ന മറ്റ് സ്രോതസ്സുകളിൽനിന്ന് കണ്ടെത്താനും തീരുമാനിച്ചിട്ടുണ്ട് :

| | | |
|---|---|---|
| 1 | പട്ടികജാതി ക്ഷേമ വകുപ്പ് | 15.7 കോടി രൂപ |
| 2 | പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് | 14.7 കോടി രൂപ |
| 3 | തദ്ദേശസ്വയംഭരണ വകുപ്പ് | 21.1 കോടി രൂപ |
| 4 | എം.എൽ.എ. ADF/SDF | 40.3 കോടി രൂപ |
| 5 | എം.പി. LAD | 7.3 കോടി രൂപ |
| 6 | മറ്റ് സ്രോതസ്സുകൾ | 10.92 കോടി രൂപ |

## ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം

197 (550) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിയുടെ ദുരുപയോഗം നിയന്ത്രിക്കുന്നതിനും, കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനുമുള്ള "ഡൊമസ്റ്റിക് എഫിഷ്യൻറ് ലൈറ്റിംഗ് പ്രോഗ്രാം " (ഡി.ഇ.എൽ.പി.)എന്ന കേന്ദ്ര പദ്ധതിയനുസരിച്ച് സംസ്ഥാനത്തിന് എന്തെല്ലാം സഹായങ്ങളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതനുസരിച്ച് ഇതുവരെ നടപ്പാക്കിയ പദ്ധതികളുടെ കാര്യക്ഷമത പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം എന്ന കേന്ദ്ര പദ്ധതിയനുസരിച്ച് സംസ്ഥാനത്തിന് ധനസഹായം ലഭിച്ചിട്ടില്ല. എന്നാൽ നാഷണൽ എൽ.ഇ.ഡി. മിഷൻ പങ്കാളികളായ എനർജി എഫിഷ്യൻസി സർവ്വീസസ് ലിമിറ്റഡ് (ഇ.ഇ.എസ്.എൽ.) എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമാണ് പദ്ധതിക്കാവശ്യമായ എൽ.ഇ.ഡി. ബൾബുകൾ എത്തിച്ചുതരുന്നത്.

(ബി) പദ്ധതി നടത്തിപ്പിലൂടെ 1.5 കോടി ബൾബുകൾ വിതരണം ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിലൂടെ പ്രതിവർഷം ശരാശരി 445 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ സാധിക്കുമെന്ന് കണക്കാക്കപ്പെടുന്നു. എന്നാൽ പദ്ധതിയുടെ കാര്യക്ഷമത മനസ്സിലാക്കാൻ പ്രത്യേക സംവിധാനങ്ങൾ നിലവിലില്ല.

(സി) പ്രസ്തുത പദ്ധതിപ്രകാരം ഇ.ഇ.എസ്.എൽ. എത്തിച്ചിട്ടുള്ള ഒരു കോടി ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 50 ലക്ഷം ബൾബുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഇ.ഇ.എസ്.എൽ.; എൽ.ഇ.ഡി. ബൾബുകൾ എത്തിക്കുന്ന മുറയ്ക്ക് വിതരണം പൂർത്തിയാക്കുന്നതാണ്.

**സമ്പൂർണ്ണ വൈദ്യുതീകരണം**

198 (551) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി പഞ്ചായത്തിലെ വിവിധ ആദിവാസി കോളനികളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(ബി) അരക്കാപ്പ്, വെട്ടുവിട്ടുകാട് ട്രൈബൽ കോളനികളിൽ ലൈൻ വലിച്ച് വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി പഞ്ചായത്തിലെ വിവിധ ആദിവാസി കോളനികളായ അരക്കാപ്പ്, വെട്ടുവിട്ടുകാട് എന്നീ സ്ഥലങ്ങളിലെ സമ്പൂർണ്ണ വൈദ്യുതീകരണ പുരോഗതി ചുവടെ ചേർക്കുന്നു:

<u>അരക്കാപ്പ് ആദിവാസി കോളനി:-</u> 756 മീറ്റർ 11 കെ.വി. ഓവർഹെഡ് ലൈൻ വലിക്കുന്ന ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. 3.46 കി.മീറ്റർ ഭൂഗർഭ കേബിൾ നിർമ്മിക്കാൻ ഉള്ളതിൽ 1 കി.മീറ്റർ പൂർത്തിയായിട്ടുണ്ട്. ബാക്കി പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുന്നു. കൂടാതെ 6.5 കി.മീറ്റർ എൽ.റ്റി. ലൈൻ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. ഈ മാസത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

<u>വെട്ടുവിട്ടുകാട് ആദിവാസി കോളനി:-</u> ഓഫ് ഗ്രിഡ് സൗരോർജ്ജ പദ്ധതി പ്രകാരം വൈദ്യുതി എത്തിക്കുന്ന പണി നടന്നുവരുന്നു.

**സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ**

199 (552) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മാർച്ച് 31-ന് മുമ്പ് സംസ്ഥാനത്തെ എല്ലാ വീടുകളും വൈദ്യുതീകരിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം പൂർണമായും നിറവേറ്റുന്ന കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇനിയും വൈദ്യുതീകരിക്കാനുള്ള വീടുകളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രഖ്യാപനം പൂർണമായും നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) വനം വകുപ്പിൽ നിന്നുള്ള അനുമതി ലഭിക്കേണ്ടത്, മറ്റുള്ളവരുടെ ഭൂമിയിലൂടെ ലൈൻ വലിക്കുന്നതിൽ തടസ്സമുള്ളത്, വയറിംഗ് പൂർത്തിയാക്കി അപേക്ഷ നൽകാൻ കഴിയാത്തത് തുടങ്ങിയ കാരണങ്ങളാൽ ബാക്കി നിൽക്കുന്നവ ഒഴിച്ച് പ്രായോഗികമായി കണക്ഷൻ നൽകുന്നതിന് കഴിയാവുന്ന മുഴുവൻ വീടുകൾക്കും വൈദ്യുതി നൽകിക്കൊണ്ട് സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ ബാക്കി വന്ന വീടുകൾക്കും കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ പദ്ധതിക്ക് വേണ്ടി വൈദ്യുതി കണക്ഷനുള്ള അപേക്ഷ ലഘൂകരിക്കൽ, 1000 സ്ക്വയർ മീറ്ററിൽ താഴെയുള്ള വീടുകൾക്ക് കൈവശാവകാശ രേഖകൾ ഒഴിവാക്കൽ തുടങ്ങി വിവിധ നടപടികളിലൂടെ മുൻകാലങ്ങളിൽ വൈദ്യുതി കണക്ഷൻ നൽകാൻ കഴിയാതിരുന്ന വീടുകൾക്ക് കൂടി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ വിവിധ കാരണങ്ങളാൽ ഇനിയും വൈദ്യുതീകരിക്കാനുള്ള വീടുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## അധികവൈദ്യുതി ഉത്പാദനത്തിന് ഉപയോഗിക്കുന്ന സ്രോതസ്സുകൾ

200 (553) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കെ.എസ്.ഇ.ബി.എൽ.-ന് വൈദ്യുതി ഏതെല്ലാം സ്രോതസ്സുകളിൽ നിന്നാണ് ലഭ്യമാകുന്നത് എന്നും, എത്ര യൂണിറ്റ് വീതം എന്നും, ഇതിൽ ഓരോ സ്രോതസ്സിൽ നിന്നും ലഭിക്കുന്ന വൈദ്യുതിക്ക് യൂണിറ്റിന് ഉണ്ടാകുന്ന ചെലവ് എത്ര എന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള സ്രോതസ്സുകളിൽ ഉല്പാദിപ്പിക്കാവുന്ന വൈദ്യുതി ഉപയോഗിച്ച് പവർകട്ട് ഒഴിവാക്കാൻ കഴിയുമോ എന്നും ഇല്ലെങ്കിൽ മറ്റ് ഏതെല്ലാം സ്രോതസ്സുകളിലൂടെ ഇതു പരിഹരിക്കുവാൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിനാവശ്യം വേണ്ടുന്ന അധികവൈദ്യുതി ഉല്പാദനത്തിന് ഈ സർക്കാർ ഏതെല്ലാം സ്രോതസ്സുകൾ ഉപയോഗിക്കുന്നതിനായി ഉദ്ദേശിക്കുന്നു; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കെ.എസ്.ഇ.ബി.എൽ. ലഭ്യമായ സ്രോതസ്സുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ഏപ്രിൽ 20 വരെയുള്ള കണക്കനുസരിച്ച് പ്രതിദിന ശരാശരി ഉപഭോഗം 73.69 ദശലക്ഷം യൂണിറ്റാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിലുള്ള സ്രോതസ്സുകളിൽ ഉല്പാദിപ്പിക്കാവുന്ന വൈദ്യുതി ഉപയോഗിച്ച് സംസ്ഥാനത്തിന്റെ ഉപഭോഗം നിറവേറ്റാൻ സാധ്യമല്ല. അതിനാൽ പുറത്തുനിന്ന് കൂടുതൽ വൈദ്യുതി കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ച് സംസ്ഥാനത്തിന്റെ ആവശ്യകത നിറവേറ്റുന്നു.

(സി) വൈദ്യുതി ഉത്പാദനത്തിന് സാധ്യമായ മുഴുവൻ സ്രോതസ്സുകളേയും ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിൽ ലഭ്യമായ പ്രധാന സ്രോതസ്സ് ജലമാണ്. ജലവൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നതിന് വലിയ പ്രാധാന്യമാണ് സർക്കാർ നൽകുന്നത്. 16 പുതിയ ജലവൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. പണി നടന്നുവരുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും സർക്കാർ വലിയ പ്രാധാന്യം നൽകുന്നു. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജോല്പാദനം ലക്ഷ്യമിട്ടുകൊണ്ട് കാറ്റിൽനിന്നും സൗരോർജ്ജത്തിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു. കൂടാതെ കാസർഗോഡ് ജില്ലയിൽ 200 മെഗാവാട്ട് സോളാർ പാർക്ക് പദ്ധതിയുടെ ഭാഗമായി 36 മെഗാവാട്ട് പൂർത്തീകരിച്ചിട്ടുണ്ട്. സിയാൽ 20.4 മെഗാവാട്ടും ഹിൻഡാൽക്കോ 1 മെഗാവാട്ടും അനെർട്ട് 2 മെഗാവാട്ടും സ്വകാര്യ വ്യക്തികൾ 6.192 മെഗാവാട്ടും സൗരോർജ്ജ നിലയങ്ങൾ ഗ്രിഡിലേയ്ക്ക് ബന്ധിപ്പിച്ചിട്ടുണ്ട്.

അനെർട്ട് മുഖേന 2016-17 സാമ്പത്തിക വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവ്വർ പ്ലാന്റുകൾ (ആകെ ശേഷി - 5000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്ഥാപിച്ചുനൽകാനും, 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ്ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി - 6400 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചു നൽകാനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ ഒറ്റപ്പെട്ട വിദൂര സ്ഥലങ്ങളായ 2000 വീടുകളിൽ സോളാർ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോ വോൾട്ടായിക് - സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (1 മെഗാവാട്ട് മുതൽ 3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനും സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ ആകെ 1.4 മെഗാവാട്ട് ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും പദ്ധതികളുണ്ട്.

**അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുമായി ബന്ധപ്പെട്ട പഠനം**

201 (554) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി സർക്കാർ പരിഗണനയിലുണ്ടോ;

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) പരിഗണനയിലുണ്ട്. സമവായത്തിലൂടെ പദ്ധതി നടപ്പിലാക്കുന്നതിന് കഴിയുമോ എന്നതാണ് വൈദ്യുതി വകുപ്പ് പരിശോധിക്കുന്നത്.

(ബി) ഉണ്ട്. പദ്ധതിയുടെ സാമ്പത്തിക സാങ്കേതിക കാര്യങ്ങൾ സംബന്ധിച്ച വിശദമായ പഠനം നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടിന് കേന്ദ്ര വൈദ്യുതി അതോറിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ പരിസ്ഥിതി ആഘാതം കണ്ടെത്തുന്നതിനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനുമായി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ നിബന്ധനയ്ക്ക് വിധേയമായി പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിന്റെ വെളിച്ചത്തിൽ കൂടിയാണ് പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അനുമതി നൽകിയിട്ടുള്ളത്.

**പെരുന്തേനരുവി ജലവൈദ്യുത പദ്ധതി**

202 (555) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുന്തേനരുവി ജലവൈദ്യുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാകുമെന്ന് അറിയിക്കുമോ ; എന്നാണ് ഇതിന്റെ നിർമ്മാണം ആരംഭിച്ചത്; എത്ര രൂപയാണ് നിർമ്മാണ ചെലവ്; ആർക്കാണ് നിർമ്മാണച്ചുമതല; എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇവിടെനിന്നും ഉൽപാദിപ്പിക്കുക; വിശദാംശം വ്യക്തമാക്കാമോ ;

(ബി) പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിച്ചോ; ട്രയൽ റൺ നടത്തിയോ;

(സി) ഇവിടെനിന്നും ഉല്പ്പാദിപ്പിക്കുന്ന വൈദ്യുതി എവിടെ വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി ഉത്പാദനത്തിന് ആവശ്യമായ ജലം ലഭ്യമായാൽ പെരുന്തേനരുവി ജലവൈദ്യുത പദ്ധതി 2017 മേയ് മാസം കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതിയുടെ നിർമ്മാണം മാർച്ച് 2012-ലാണ് ആരംഭിച്ചത്. ആകെ നിർമ്മാണ ചെലവ് 6790 ലക്ഷം രൂപയാണ്. സിവിൽ ജോലികളുടെ നിർമ്മാണ ചുമതല പൗലോസ് ജോർജ്ജ് കൺസ്ട്രക്ഷൻ കമ്പനി, കരിമുകൾ, എറണാകുളം, ഇലക്ട്രോ മെക്കാനിക്കൽ ജോലികളുടെ നിർമ്മാണ ചുമതല ഫ്ലോവൽ എനർജി ലിമിറ്റഡ് ഹരിദാബാദ് എന്നിവർക്കാണ്.

6 മെഗാവാട്ട് വൈദ്യുതിയാണ് ഇവിടെനിന്നും ഉൽപ്പാദിപ്പിക്കാനാകുന്നത് പ്രതിവർഷം ഉൽപ്പാദനം 25.77 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ്.

(ബി) പദ്ധതിയുടെ സിവിൽ ജോലികൾ പൂർത്തീകരിച്ചു. ഇലക്ട്രോ മെക്കാനിക്കൽ ജോലികൾ പൂർത്തീകരിച്ചുവരുന്നു. 2-ാം നമ്പർ യൂണിറ്റിന്റെ ട്രയൽ റൺ വിജയകരമായി പൂർത്തീകരിച്ചു. 1-ാം നമ്പർ യൂണിറ്റിന്റെ ട്രയൽ റൺ നടത്തുന്നതിനുള്ള ജോലികൾ പൂർത്തിയായിവരുന്നു.

(സി) പദ്ധതിയിൽനിന്ന് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി 33 കെ.വി. ലൈൻ വഴി മുക്കം സ്വിച്ചിംഗ് സ്റ്റേഷനിൽ എത്തിച്ചതിനുശേഷം അവിടെനിന്നും റാന്നി 110 കെ.വി. സബ്സ്റ്റേഷനിലേയ്ക്കും പെരുനാട് 33 കെ.വി. സബ്സ്റ്റേഷനിലേയ്ക്കും എത്തിച്ച് വിതരണം നടത്തേണ്ടതുണ്ട്. കൂടാതെ വെച്ചൂച്ചിറ ഇലക്ട്രിക്കൽ സെക്ഷൻ റാന്നി, പെരുനാട് ഇലക്ട്രിക്കൽ സെക്ഷൻ എന്നിവയുടെ പരിധിയിൽ പ്രാദേശിക വിതരണവും നടത്താൻ പദ്ധതിയിട്ടിട്ടുണ്ട്.

## പെരുന്തേനരുവി ജലവൈദ്യുത പദ്ധതി പരിസരപ്രദേശത്ത് ഇക്കോടൂറിസം നടപ്പാക്കുന്നതിന് നടപടി

203 (556) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുന്തേനരുവി വെള്ളച്ചാട്ടവും ടൂറിസ്റ്റ് കേന്ദ്രവും ആസ്വദിക്കാനെത്തുന്ന ടൂറിസ്റ്റുകൾക്ക് ജലവൈദ്യുതപദ്ധതിയുടെ ഡാമും പരിസരപ്രദേശങ്ങളും സന്ദർശിക്കുന്നതിന് അവസരമൊരുക്കിയാൽ കെ.എസ്.ഇ.ബി.-ക്ക് അധിക സാമ്പത്തിക നേട്ടം ഉണ്ടാകാൻ സാദ്ധ്യതയുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതിയെ പെരുന്തേനരുവി ടൂറിസം പദ്ധതിയുമായി ബന്ധപ്പെടുത്തി ഇക്കോടൂറിസം നടപ്പാക്കുന്നതിന് കെ.എസ്.ഇ.ബി. എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരള ഹൈഡൽ ടൂറിസം സെന്റർ മുഖാന്തരം പദ്ധതികൾ നടപ്പിലാക്കിയാൽ സാമ്പത്തികനേട്ടം ഉണ്ടാക്കുവാൻ സാധിക്കും.

(ബി) ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കാൻ കേരള ഹൈഡൽ ടൂറിസം സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ

204 (557) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ എന്നാണ് നിലവിൽ വന്നത്; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇത് തുടങ്ങുന്ന കാലത്ത് എത്ര ഉദ്യോഗസ്ഥർ ഇതിൽ ഉണ്ടായിരുന്നു; ഇവരുടെ തസ്തികകൾ ഏതൊക്കെ എന്ന് വിശദമാക്കുമോ;

(സി) ഈ കമ്മീഷൻ തുടങ്ങിയ കാലത്ത് ശമ്പളം, ടി.എ., ഡി.എ. എന്നീ ഇനങ്ങളിൽ ഒരു മാസം എത്ര ലക്ഷം രൂപ ചെലവ് ഉണ്ടായിരുന്നു; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഇപ്പോൾ നിലവിലുള്ള കമ്മീഷനിലെ അംഗങ്ങൾ, ഉദ്യോഗസ്ഥർ, മറ്റ് ഉദ്യോഗസ്ഥർ എത്ര പേരുണ്ട്; ഇവരുടെ പേരും, തസ്തികയും മാസ ശമ്പളവും തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ഇവർക്കായി ഇപ്പോൾ ശമ്പളം, മറ്റ് ചെലവുകൾ എല്ലാം കൂടി മാസം എത്ര ലക്ഷം രൂപ വേണ്ടിവരുന്നുണ്ട്; ഈ റെഗുലേറ്ററി കമ്മീഷന്റെ കർത്തവ്യങ്ങൾ എന്തൊക്കെ; ഈ കമ്മീഷൻ കൊണ്ട് കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഉണ്ടാകുന്ന നേട്ടങ്ങളും കോട്ടങ്ങളും വിശദമായി വിവരിക്കാമോ; ഈ കമ്മീഷനിൽ പെൻഷൻ പറ്റിയ ഉദ്യോഗസ്ഥർ എത്ര; ഇവർ ആരൊക്കെ; കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർ അല്ലാതെ ഈ കമ്മീഷനിൽ ജോലി ചെയ്യുന്ന ആളുകളുടെ പേരും തസ്തികയും വിശദമാക്കുമോ?

### ഉത്തരം

(എ) 2002 നവംബർ മാസത്തിലാണ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിലവിൽ വന്നത്. ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻസ് ആക്ട് 1998-ലെ 17-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ പുറപ്പെടുവിച്ച 14-11-2002-ലെ ജി.ഒ.(എം.എസ്.)34/2002/പി.ഡി. ഉത്തരവനുസരിച്ചാണ് കമ്മീഷൻ രൂപീകരിച്ചത്.

(ബി) കമ്മീഷൻ തുടങ്ങിയ കാലത്ത് 9 ഉദ്യോഗസ്ഥർ ഉണ്ടായിരുന്നു. അവരുടെ തസ്തികകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| സെക്രട്ടറി | - | 1 |
| അക്കൗണ്ട്സ് ഓഫീസർ | - | 1 |
| ഹെഡ് ക്ലാർക്ക് | - | 1 |
| കമ്പ്യൂട്ടർ ഓപ്പറേറ്റർ | - | 3 |
| കൺസൾട്ടന്റ് | - | 1 |
| പ്യൂൺ | - | 2 |

(സി) കമ്മീഷൻ തുടങ്ങിയ കാലത്ത് ശമ്പളയിനത്തിൽ പ്രതിമാസം 73,649 രൂപയും റ്റി.എ., ഡി.എ. ഇനത്തിൽ ഏകദേശം 15,000 രൂപയും ചെലവായിട്ടുണ്ട്.

(ഡി) ഇപ്പോൾ നിലവിലുള്ള കമ്മീഷനിലെ അംഗങ്ങൾ, ഉദ്യോഗസ്ഥർ, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ പേരും, തസ്തികയും മാസ ശമ്പളവും ചുവടെ ചേർക്കുന്നു:

| പേര് | തസ്തിക | ശമ്പളം (രൂപ) |
|---|---|---|
| | കമ്മീഷൻ | |
| (1) | (2) | (3) |
| ശ്രീ. മനോഹരൻ ടി. എം. | ചെയർമാൻ | 1,31,780 (പെൻഷൻ, ഡി.ആർ. എന്നിവ കഴിച്ച്) |
| ശ്രീ. വിക്രമൻ നായർ. കെ. | മെമ്പർ (എഞ്ചിനീയറിംഗ്) | 1,52,759 (പെൻഷൻ, ഡി.ആർ. എന്നിവ കഴിച്ച്) |
| ശ്രീ. വേണുഗോപാൽ എസ്. | മെമ്പർ (ഫിനാൻസ്) | 1,36,589 (പെൻഷൻ, ഡി.ആർ. എന്നിവ കഴിച്ച്) |
| ഉദ്യോഗസ്ഥർ | | |
| ശ്രീ. സന്തോഷ്കുമാർ കെ.ബി. | സെക്രട്ടറി | 54,708 (പെൻഷൻ, ഡി.ആർ. എന്നിവ കഴിച്ച്) |
| ശ്രീ. ശിവപ്രസാദ് പി.വി. | ഡയറക്ടർ (ടെക്നിക്കൽ) | 1,52,657 |
| ശ്രീ. ജയശങ്കർ ബി. | ഡയറക്ടർ (ഫിനാൻസ് & താരിഫ്) | 76,695 |
| ശ്രീ. ചെറിയാൻ വർഗ്ഗീസ് | കംപ്ലയൻസ് എക്സാമിനർ | 40,000 |
| ശ്രീ. താണു എസ്.എസ്. | ജോയിന്റ് ഡയറക്ടർ (ഫിനാൻസ് & താരിഫ്) | 62,358 |
| ശ്രീമതി സവിത കെ. എസ്. | ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) | 1,18,987 |
| ശ്രീ. പ്രസീദ്കുമാർ കെ. | അസിസ്റ്റന്റ് ഡയറക്ടർ (ലോ) | 83,418 |
| ശ്രീ. തുളസീധരൻ പിള്ള കെ. | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ) | 25,000 |

| (1) | (2) | (3) |
|---|---|---|
| ശ്രീ. ജയപ്രകാശ് കെ. | അക്കൗണ്ട്സ് ഓഫീസർ | 22,000 |
| ശ്രീ. വിനോദ്കുമാർ എസ്. | സീനിയർ ക്ലാർക്ക് | 18,500 |
| ശ്രീമതി ശ്രീദേവി പി.ജി. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 33,465 |
| ശ്രീ. ശ്രീലാൽ എസ്. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 14,000 |
| ശ്രീ. പ്രിയേഷ് പി.വി. | ഓഫീസ് അറ്റൻഡന്റ് | 24,849 |
| ശ്രീ. വിഷ്ണു എച്ച്.ആർ. | ഓഫീസ് അറ്റൻഡന്റ് | 24,849 |
| ശ്രീ. അനിൽകുമാർ കെ. | ഡ്രൈവർ | 21,650 (ഇപ്പോൾ ശൂന്യ വേതനാവധിയിൽ) |
| ശ്രീ. സാജൻ എസ്.ജെ. | ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് | 13,500 |
| ശ്രീ. രതീഷ് ആർ. | ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് | 13,500 |
| ശ്രീ. രതീഷ് മോഹൻ | ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് | 13,500 |
| ശ്രീ. വിജിൽ പ്രസാദ് സി.പി. കൺസൾട്ടൻഡ് | ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് | 13,500 |
| ശ്രീ. ബാബു കെ. | കൺസൾട്ടന്റ് (ലീഗൽ) | 27,500 |
| ശ്രീ. നെവിൻ എബ്രഹാം | ജൂനിയർ കൺസൾട്ടന്റ് (ഇക്കണോമിക്സ്) | 23,000 |
| ശ്രീ. വിജയകുമാർ എ. | ജൂനിയർ കൺസൾട്ടന്റ് (കോർട്ട് പ്രൊസീഡിംഗ്സ്) | 18,000 |
| ശ്രീ. വാസുദേവൻ പിള്ള യു. | ജൂനിയർ കൺസൾട്ടന്റ് (കൺസ്യൂമർ അഡ്വക്കസി) | 20,000 |

(ഇ) ഇവർക്കായി ശമ്പളയിനത്തിൽ 13,15,114 രൂപയും റ്റി.എ., ഡി.എ. തുടങ്ങിയവയ്ക്കായി 29,600 രൂപയും പ്രതിമാസം ചെലവാകുന്നുണ്ട്. 2003-ലെ ഇലക്ട്രിസിറ്റി ആക്ടിലെ വിവിധ വകുപ്പുകൾ, പ്രധാനമായി - 61, 62, 63, 86, 181 എന്നിവ ചുമതലപ്പെടുത്തിയിരിക്കുന്ന കർത്തവ്യങ്ങളാണ് കമ്മീഷൻ നിർവ്വഹിച്ചു വരുന്നത്. അവയിൽ പ്രധാനമായവ ചുവടെ ചേർത്തിരിക്കുന്നു :

കമ്മീഷന്റെ പ്രധാന കർത്തവ്യങ്ങൾ:-

1. സംസ്ഥാനത്തെ ഉൽപ്പാദന, പ്രസരണ, വിതരണ രംഗത്ത് താരിഫ് നിശ്ചയിക്കൽ;
2. വൈദ്യുതി വിതരണ ലൈസൻസികളുടെ വൈദ്യുതി വാങ്ങലും ആർജ്ജിക്കലും സംബന്ധിച്ച വില ഉൾപ്പെടെയുള്ള ഘടകങ്ങളിലെ നിയന്ത്രണം;
3. സംസ്ഥാനത്തിനകത്തെ വൈദ്യുതി പ്രസരണത്തിന് സൗകര്യം ഒരുക്കൽ;
4. സംസ്ഥാനത്തിനകത്ത് വൈദ്യുതി പ്രസരണം, വിതരണം തുടങ്ങിയവയ്ക്കും വൈദ്യുതി വിൽപ്പനയ്ക്കും ആവശ്യമായ ലൈസൻസ് നൽകൽ;
5. സൗരോർജ്ജം ഉൾപ്പെടെയുള്ള പുനരുപയുക്തമായ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതും പ്രസരണ-വിതരണ മേഖലയിലേയ്ക്ക് നൽകുന്നതും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ;
6. ലൈസൻസികളും ഉൽപ്പാദന കമ്പനികളും തമ്മിലോ ലൈസൻസികൾ തമ്മിലോ ഉള്ള തർക്കങ്ങൾക്ക് തീർപ്പ് കൽപ്പിക്കലും ആർബിട്രേഷന് അയയ്ക്കലും;
7. 2003-ലെ വൈദ്യുതി നിയമത്തിൽ അനുശാസിക്കുന്ന കാര്യങ്ങൾക്ക് ഫീസ് ഈടാക്കൽ;
8. സംസ്ഥാന ഗ്രിഡ് കോഡ് നിശ്ചയിക്കൽ;
9. ലൈസൻസികളുടെ സേവന, ഗുണമേന്മ തുടങ്ങിയവയ്ക്കുള്ള മാനദണ്ഡം നിശ്ചയിക്കലും നടപ്പാക്കലും;
10. ആവശ്യമെന്ന് കണ്ടാൽ സംസ്ഥാനത്തിനകത്തെ വൈദ്യുതി

വിൽപ്പനയിലെ ലാഭം നിശ്ചയിക്കൽ;

11. താഴെപ്പറയുന്ന കാര്യങ്ങളിൽ സംസ്ഥാന സർക്കാരിന് ഉപദേശം നൽകാനും കമ്മീഷന് ചുമതലയുണ്ട്.

1. വൈദ്യുതി വ്യവസായ രംഗത്ത് കാര്യക്ഷമത, ആരോഗ്യകരമായ മത്സരം തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നത്;

2. വൈദ്യുതി വ്യവസായ രംഗത്തെ മൂലധന നിക്ഷേപം;

3. സംസ്ഥാനത്തെ വൈദ്യുതി വ്യവസായത്തിന്റെ പുനഃസംഘടനയും പുനഃക്രമീകരണവും;

4. വൈദ്യുതി ഉൽപ്പാദന, പ്രസരണ, വിതരണ, വിൽപ്പന മേഖലയിലോ സംസ്ഥാന സർക്കാർ കമ്മീഷനെ ചുമതല പ്പെടുത്തുന്ന മറ്റ് ഏത് കാര്യത്തിലും; വൈദ്യുതി മേഖലയിലെ വിവിധ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ട റെഗുലേഷൻ പുറപ്പെടുവിക്കാൻ കമ്മീഷന് അധികാരവും ചുമതലയും ഉണ്ട്.

2003-ലെ ഇലക്ട്രിസിറ്റി ആക്ടിലെ വ്യവസ്ഥകൾക്കനുസരിച്ച്, സംസ്ഥാനത്തെ വൈദ്യുതി മേഖലയുടെ പൊതുവായ നിയമ വ്യവസ്ഥാപനത്തിനും ഉപഭോക്താക്കളുടെയും, കെ.എസ്.ഇ.ബി.എൽ. ഉൾപ്പെടെയുള്ള ലൈസൻസികളുടെയും, വൈദ്യുതി മേഖലയിലെ മറ്റ് ബന്ധപ്പെട്ട വ്യക്തികളുടെയും പൊതുതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടിയാണ് റെഗുലേറ്ററി കമ്മീഷൻ രൂപവൽക്കരിച്ചിരിക്കുന്നത്.

ഈ കമ്മീഷനിൽ പെൻഷൻ പറ്റിയ ഉദ്യോഗസ്ഥർ 6 പേരുണ്ട്. പേര് വിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1 | ശ്രീ. സന്തോഷ് കുമാർ കെ. ബി. | സെക്രട്ടറി |
| 2 | ശ്രീ. ചെറിയാൻ വർഗ്ഗീസ് | കംപ്ലയൻസ് എക്സാമിനർ |
| 3 | ശ്രീ. തുളസീധരൻ പിള്ള കെ. | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ |
| 4 | ശ്രീ. ജയപ്രകാശ് കെ. | അക്കൗണ്ട്സ് ഓഫീസർ |
| 5 | ശ്രീ. വിജയകുമാർ എ. | ജൂനിയർ കൺസൾട്ടന്റ്സ് (കോർട്ട് പ്രൊസീഡിംഗ്സ്) |
| 6 | ശ്രീ. വാസുദേവൻ പിള്ള യു. | ജൂനിയർ കൺസൾട്ടന്റ്സ് (കൺസ്യൂമർ അഡ്വക്കസി) |

## കെ. എസ്. ഇ. ബി. ജീവനക്കാർ അല്ലാതെ കമ്മീഷനിൽ ജോലി ചെയ്യുന്ന ആളുകളുടെ പേരും തസ്തികയും

| | | |
|---|---|---|
| 1 | ശ്രീ. സന്തോഷ് കുമാർ കെ. ബി. | സെക്രട്ടറി |
| 2 | ശ്രീ. ചെറിയാൻ വർഗ്ഗീസ് | കംപ്ലയൻസ് എക്സാമിനർ |
| 3 | ശ്രീ. ജയശങ്കർ ബി. | ഡയറക്ടർ (ഫിനാൻസ് & താരിഫ്) |
| 4 | ശ്രീ. താണു എസ്. എസ്. | ജോയിന്റ് ഡയറക്ടർ (ഫിനാൻസ് & താരിഫ്) |
| 5 | ശ്രീ. ബാബു കെ. | കൺസൾട്ടന്റ് (ലീഗൽ) |
| 6 | ശ്രീ. തുളസീധരൻ പിള്ള കെ. | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ |
| 7 | ശ്രീ. ജയപ്രകാശ് കെ. | അക്കൗണ്ട്സ് ഓഫീസർ |
| 8 | ശ്രീ. വിജയകുമാർ എ. | ജൂനിയർ കൺസൾട്ടന്റഡ് (കോർട്ട് പ്രൊസീഡിംഗ്സ്) |
| 9 | ശ്രീ. നെവിൻ എബ്രഹാം | ജൂനിയർ കൺസൾട്ടന്റ് (ഇക്കണോമിക്സ്) |
| 10 | ശ്രീ. വാസുദേവൻ പിള്ള യു. | ജൂനിയർ കൺസൾട്ടന്റ്സ് (കൺസ്യൂമർ അഡ്വക്കസി) |
| 11 | ശ്രീ. വിനോദ്കുമാർ എസ്. | സീനിയർ ക്ലാർക്ക് |
| 12 | ശ്രീ. ശ്രീലാൽ എസ്. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് |
| 13 | ശ്രീമതി ശ്രീദേവി പി.ജി. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (റെഗുലർ ജീവനക്കാർ) |
| 14 | ശ്രീ. പ്രിയേഷ് പി.വി. | ഓഫീസ് അറ്റൻഡന്റ് (റെഗുലർ ജീവനക്കാർ) |
| 15 | ശ്രീ. വിഷ്ണു എച്ച്.ആർ. | ഓഫീസ് അറ്റൻഡന്റ് (റെഗുലർ ജീവനക്കാർ) |
| 16 | ശ്രീ. അനിൽകുമാർ കെ. | ഡ്രൈവർ |
| 17 | ശ്രീ. സാജൻ എസ്.ജെ. | ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് |
| 18 | ശ്രീ. രതീഷ് ആർ. | ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് |
| 19 | ശ്രീ. രതീഷ് മോഹൻ | ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് |
| 20 | ശ്രീ. വിജിൽ പ്രസാദ് | ഡ്രൈവർ-കം-ഓഫീസ് അറ്റൻഡന്റ് |

വൈദ്യുതി ഉൽപ്പാദനം, വിതരണം, പ്രസരണം, വ്യാപാരം എന്നിവയുമായി ബന്ധപ്പെട്ട് ചട്ടങ്ങൾ നിർമ്മിക്കുന്നതിനും ചട്ടങ്ങൾ നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനും റെഗുലേറ്ററി കമ്മീഷന് ചുമതലയുണ്ട്. വൈദ്യുതി താരിഫ് നിശ്ചയിക്കുന്നതടക്കം വൈദ്യുതി മേഖലയുടെ പൊതു പ്രവർത്തനങ്ങളിൽ റെഗുലേറ്ററി സംവിധാനമായി പ്രവർത്തിക്കുന്നത് റെഗുലേറ്ററി കമ്മീഷനാണ്.

**വൈദ്യുതി പ്രതിസന്ധി നേരിടാൻ നടപടി**

205 (558) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരൂക്ഷമായ വരൾച്ച കാരണം വൈദ്യുത ഉപഭോഗത്തിലുള്ള വർദ്ധനവുമൂലം ഉണ്ടായ പ്രതിസന്ധി നേരിടാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ ?

<u>ഉത്തരം</u>

(എ) കാലവർഷക്കുറവുമൂലം ഉണ്ടായേക്കാവുന്ന വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുവാനായി മദ്ധ്യകാല-ദീർഘകാല കരാറുകൾ മുഖേന (ഡി.ബി.എഫ്.ഒ.ഒ. പ്രകാരം) 2016 ഡിസംബർ മുതൽ ലഭ്യമാക്കേണ്ടിയിരുന്ന വൈദ്യുതി ജൂൺ 2016 മുതൽ ലഭ്യമാക്കുക വഴി, ഡാമുകളിൽ വെള്ളം വേനൽകാലത്തേയ്ക്ക് സംഭരിക്കാൻ സാധിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി കൊണ്ടുവരുന്നതിനുള്ള ദീർഘകാല-ഹ്രസ്വകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 865 മെഗാവാട്ടിന്റെ ദീർഘകാല കരാറും 300 മെഗാവാട്ട് റൗണ്ട് ദ ക്ലോക്ക് അടിസ്ഥാനത്തിലും 100 മെഗാവാട്ട് പീക്ക് സമയത്തും ഹ്രസ്വകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 315 മെഗാവാട്ട് വൈദ്യുതി ദീർഘകാലാടിസ്ഥാനത്തിൽ 6-12-2016-ൽ ലഭിച്ചുതുടങ്ങി. 1-3-2017 മുതൽ 30-6-2017 വരെ ലഭിക്കേണ്ട 200 മെഗാവാട്ട് ഹ്രസ്വകാല കരാർ അനുസരിച്ച് ലഭിക്കുന്നുണ്ട്. കൂടാതെ മാർച്ച് 2017 മുതൽ മേയ് 2017 അവസാനം വരെ 100 മെഗാവാട്ട് വൈദ്യുതി 24 മണിക്കൂറും 100 മെഗാവാട്ട് രാത്രി 6 മണിക്കൂറും ലഭിക്കുന്ന മറ്റൊരു ഹ്രസ്വകാല കരാറുപ്രകാരം ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഇത് കഴിഞ്ഞുള്ള വൈദ്യുതി കമ്മി പവർ എക്സ്ചേഞ്ച്, അൺഷെഡ്യൂൾഡ് ഇന്റർചേഞ്ച്, കപ്പാസിറ്റർ അഡ്ജസ്റ്റ്മെന്റ് എന്നിവ വഴി നികത്താനാണ് ഉദ്ദേശിക്കുന്നത്.

ഊർജ്ജം സംരക്ഷിച്ച് വൈദ്യുതി കുറവ് നേരിടുക എന്ന ലക്ഷ്യത്തോടെ 25 ലക്ഷം എൽ.ഇ.ഡി. ബൾബുകൾ കേരളത്തിൽ ഈ വേനൽക്കാലത്ത് വിതരണം ചെയ്തിട്ടുണ്ട്. ഇതിനുമുമ്പ് ഒരു കോടി ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്. ഡി.ഇ.എൽ.പി. പദ്ധതിയിൽപ്പെടുത്തി ഒന്നരക്കോടി ബൾബുകളാണ് വിതരണം ചെയ്യുവാനായി ലക്ഷ്യമിടുന്നത്. അവശേഷിക്കുന്ന 50 ലക്ഷം ബൾബുകളും കൂടി വിതരണം ചെയ്യുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സൗരോർജ്ജ പദ്ധതികളുടെ നിർമ്മാണം ത്വരിതഗതിയിലാക്കി ഈ വേനൽക്കാലത്ത് ഊർജ്ജക്കുറവ് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ 9.97 മെഗാവാട്ട് ഗ്രിഡ് ബന്ധിതമല്ലാത്ത പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്.

കടുത്ത ജലദൗർലഭ്യംമൂലം വൈദ്യുതി ഉത്പാദനത്തിന് കുറവ് വരുന്നതിനാൽ വൈദ്യുതി ഉപഭോഗം പരമാവധി കുറയ്ക്കുവാൻ ഇ.എം.സി. ബോധവത്കരണം/പരിശീലനം, വിവിധ ഊർജ്ജ സംരക്ഷണ പരിപാടികൾ എന്നിവ ആസൂത്രണം ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

**വൈദ്യുതിചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുവാൻ നടപടി**

206 (559) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-ക്ക് വൈദ്യുതിചാർജ്ജ് ഇനത്തിൽ എത്ര തുക പിരിഞ്ഞു കിട്ടാനുണ്ട് ;

(ബി) ഇവയിൽ പൊതുമേഖലാസ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, വാട്ടർ അതോറിറ്റി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്വകാര്യ വ്യവസായ മേഖല, ഫ്ലാറ്റുകൾ, വ്യക്തികൾ തുടങ്ങി ഓരോ വിഭാഗങ്ങളിൽനിന്നും പിരിഞ്ഞു കിട്ടാനുള്ള വൈദ്യുതി ചാർജ്ജ് എത്രയെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(സി) ഇവരിൽനിന്നും പ്രസ്തുത വൈദ്യുതിചാർജ്ജ് പിരിച്ചെടുക്കുവാൻ എന്തു നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 31-12-2016-ൽ അവസാനിക്കുന്ന ത്രൈമാസ കണക്കുപ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് 2044.78 കോടി രൂപ (പലിശ ഉൾപ്പെടുത്താതെ) കുടിശ്ശിക ഉണ്ട്. ത്രൈമാസ കണക്കുകളായാണ് കുടിശ്ശിക തുക ക്രോഡീകരിക്കപ്പെടുന്നത്. 31-3-2017 വരെയുള്ള കണക്കുകൾ തയ്യാറാക്കി വരുന്നതേയുള്ളൂ.

(ബി) 2016 ഡിസംബർ 31 വരെയുള്ള ത്രൈമാസ കണക്ക് പ്രകാരം വിവിധ സ്ഥാപനങ്ങൾ അടയ്ക്കേണ്ട കുടിശ്ശിക തുക താഴെപ്പറയും പ്രകാരമാണ് :

| | | |
|---|---|---|
| 1 | പൊതുമേഖലാ സ്ഥാപനങ്ങൾ | 241.57 കോടി രൂപ |
| 2 | സർക്കാർ സ്ഥാപനങ്ങൾ | 135.50 കോടി രൂപ |
| 3 | വാട്ടർ അതോറിറ്റി | 935.56 കോടി രൂപ |
| 4 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | 5.50 കോടി രൂപ |
| 5 | സ്വകാര്യ വ്യവസായ മേഖല, ഫ്ലാറ്റുകൾ, വ്യക്തികൾ തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുള്ള പ്രൈവറ്റ് ഉപഭോക്താക്കൾ | 469.06 കോടി രൂപ |

(സി) സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയപരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അതിനു ശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വസൂലാക്കാറുണ്ട്. ഇതിൽനിന്നും വസൂലാക്കാൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുണ്ട്. കൂടാതെ ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽനിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടിയും ആവിഷ്കരിച്ചിരുന്നു.

## വൈദ്യുതി മോഷണക്കേസ്സുകൾ

207 (560) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016-17 വർഷം എത്ര വൈദ്യുതി മോഷണക്കേസ്സുകൾ കണ്ടെത്തി, എത്ര തുക പിഴ ഇനത്തിൽ ഈടാക്കി വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ പ്രസ്തുതവർഷം പിഴ ചുമത്തിയ വൻകിട, ചെറുകിട, ഗാർഹിക കേസുകൾ എത്ര എണ്ണം വീതമെന്ന് വിശദമാക്കുമോ;

(സി) വൈദ്യുതിബോർഡിന്റെ പ്രസരണനഷ്ടംമൂലം ഓരോ വർഷവും ഉണ്ടാകുന്ന നഷ്ടം എത്ര എന്നും, ഇതു പരിഹരിക്കുവാനും വിതരണ ശൃംഖല മെച്ചപ്പെടുത്തുവാനും ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തുള്ള വൈദ്യുതി മോഷണം തടയുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 2016-17 വർഷം 194 വൈദ്യുതി മോഷണ കേസുകൾ കണ്ടെത്തുകയും പിഴയിനത്തിൽ 1,44,15,070 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2016-17 വർഷം പിഴ ചുമത്തിയ വൻകിട, ചെറുകിട, ഗാർഹിക കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | |
|---|---|
| വൻകിട കേസ്സുകൾ | 0 |
| ചെറുകിട കേസ്സുകൾ | 53 |
| ഗാർഹിക കേസ്സുകൾ | 141 |

(സി) വൈദ്യുതി പ്രസരണ വിതരണ നഷ്ടത്തെ ടെക്നിക്കൽ ലോസ് (Technical loss) എന്നും കൊമേഴ്സ്യൽ ലോസ് (commercial loss) എന്നും രണ്ടായി തരംതിരിച്ചിട്ടുണ്ട്. വൈദ്യുതി പ്രസരണ ലൈനുകളിലൂടെയും ട്രാൻസ്ഫോർമറുകളിൽ കൂടിയും വൈദ്യുതി പ്രവഹിക്കുമ്പോഴുണ്ടാകുന്ന നഷ്ടത്തെയാണ് ടെക്നിക്കൽ ലോസ് (Technical loss) ആയി കണക്കാക്കുന്നത്. ടെക്നിക്കൽ ലോസ് (Technical loss) കുറയ്ക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ ബോർഡ് കാലാകാലങ്ങളായി നടപ്പാക്കിവരുന്നു:

i. എച്ച്.റ്റി. ലൈനുകളും എൽ.റ്റി. ലൈനുകളും തമ്മിലുള്ള അനുപാതം ഘട്ടംഘട്ടമായി മെച്ചപ്പെടുത്തുക.

ii. 11 കെ.വി., 33 കെ.വി. ശൃംഖലകൾ കൂടുതൽ ശക്തിപ്പെടുത്തുക.

iii. കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

iv. കൂടുതൽ സബ്സ്റ്റേഷനുകളും പ്രസരണ ലൈനുകളും സ്ഥാപിക്കുക.

v. എൽ.റ്റി. ലൈനിലും എച്ച്.റ്റി. ലൈനിലുമുള്ള പഴയ കണ്ടക്ടറുകൾ മാറ്റി മെച്ചപ്പെട്ട ശേഷിയുള്ള പുതിയ കണ്ടക്ടറുകൾ സ്ഥാപിക്കുക.

vi. സിസ്റ്റം പവർ ഫാക്ടർ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, വൈദ്യുതി മോഷണം, കേടായ എനർജി മീറ്ററുകൾ തുടങ്ങിയവ വൈദ്യുതി കൃത്യമായി രേഖപ്പെടുത്താത്തതു കാരണം യഥാർത്ഥ ഉപയോഗം കണക്കാക്കാൻ കഴിയാറില്ല. ടി കാരണങ്ങൾ കൊണ്ടുള്ള നഷ്ടത്തെയാണ് കൊമേഴ്സ്യൽ ലോസ് (commercial loss) ആയി കണക്കാക്കുന്നത്. കൊമേഴ്സ്യൽ ലോസ് കുറയ്ക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു:

- കേടായ എനർജി മീറ്ററുകളും, ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകളും മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക.
- ബോർഡിലെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക.
- ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകുന്നതും, റവന്യൂ കളക്ഷനും പൂർണ്ണമായി കമ്പ്യൂട്ടർവത്കരിക്കുക.
- എനർജി ഓഡിറ്റ് (ഫീഡർ തലത്തിലും ട്രാൻസ്ഫോർമർ തലത്തിലും) കൂടുതൽ വ്യാപകമാക്കുക.

2016-17 സാമ്പത്തിക വർഷം വൈദ്യുതി പ്രസരണ വിതരണ നഷ്ടം 14.10 ശതമാനത്തിലേയ്ക്ക് എത്തിക്കുന്നതിനാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ലക്ഷ്യമിട്ടിരുന്നത്. ഇതിനുവേണ്ടി 18 പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും, 367 സർക്യൂട്ട് കിലോമീറ്ററോളം പുതിയ ഇ.എച്ച്.റ്റി. ലൈനുകളും, 3050 കിലോമീറ്ററോളം എച്ച്.റ്റി. ലൈനുകളും, 3300 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും 3500 കിലോമീറ്റർ പുതിയ എൽ.ടി. ലൈനുകളും 14 ലക്ഷം കേടായ മീറ്ററുകളും മാറ്റി സ്ഥാപിക്കുന്നതിന് ബോർഡ് ലക്ഷ്യമിട്ടിരുന്നു. 2016-17 സാമ്പത്തിക വർഷത്തിലെ യഥാർത്ഥ പ്രസരണ വിതരണ നഷ്ടത്തിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

(ഡി) സംസ്ഥാനത്ത് വൈദ്യുതി മോഷണം തടയുന്നതിന് വൈദ്യുതി ബോർഡ് ലിമിറ്റഡിൽ ആവശ്യം വേണ്ട സജ്ജീകരണങ്ങളോടുകൂടി ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രത്യേക വിഭാഗം പ്രവർത്തിച്ചുവരുന്നു. ഇതിൽ എല്ലാ ജില്ലകളിലും പോലീസുകാർ കൂടി ഉൾപ്പെട്ട 14 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ സെക്ഷൻ തലത്തിലും, ഡിവിഷൻ തലത്തിലും നിരന്തരം പരിശോധനകൾ നടത്തിവരുന്നു. സെക്ഷൻ ഓഫീസുകളിൽ വൈദ്യുതി മോഷണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ അറിയിക്കുന്നതിനായി ബന്ധപ്പെട്ട ടെലിഫോൺ നമ്പറുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ പത്ര മാധ്യമങ്ങൾ മുഖേന വൈദ്യുതി മോഷണം സംബന്ധിച്ച് പൊതുജനങ്ങൾക്ക് വിവരങ്ങൾ വിളിച്ച് അറിയിക്കുന്നതിനുള്ള ബന്ധപ്പെട്ട നമ്പറുകൾ പ്രസിദ്ധപ്പെടുത്തി പ്രചാരം നൽകുന്നുണ്ട്. വൈദ്യുതി മോഷണം കൂടാതെ വൈദ്യുതി ഉപയോഗത്തിലെ ക്രമക്കേടുകൾ കൂടി പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

ഇതുകൂടാതെ വൈദ്യുതി മോഷണം തടയുന്നതിനായി ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തിയാൽ ആയത് സൂചിപ്പിക്കുവാൻ കഴിയുന്ന മീറ്ററുകൾ സ്ഥാപിക്കുകയും, മീറ്ററിന്റെ കവർ ഇളക്കി മാറ്റി വൈദ്യുതി മോഷണം നടത്തുന്നത് തടയുന്നതിനായി മീറ്ററുകൾ സീൽ ചെയ്യുന്നുണ്ട്. എ.പി.റ്റി. സ്ക്വാഡുകൾക്ക് വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിന് സഹായകമായി ആധുനിക സംവിധാനങ്ങളുള്ള സ്റ്റാൻഡേർഡ് റഫറൻസ് മീറ്റർ, കോമൺ മീറ്റർ റീഡിംഗ് ഉപകരണം, ടോങ് ടെസ്റ്റർ, മൾട്ടിമീറ്റർ തുടങ്ങിയ ഉപകരണങ്ങളും നൽകിയിട്ടുണ്ട്.

## കേരള ബാങ്ക് രൂപീകരിച്ചതിന്റെ ആവശ്യകതയും സഹകരണ ബാങ്കുകളുടെ പ്രവർത്തനവും

208 (561) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ധൃതി പിടിച്ച് കേരള ബാങ്ക് രൂപീകരിച്ചതിന്റെ ആവശ്യകത എന്തെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ കുറ്റമറ്റ രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ജില്ലാ ബാങ്കുകളുടെ ഭരണസമിതികളെ പിരിച്ചുവിട്ടത് സഹകരണ മേഖലയുടെ തകർച്ചയ്ക്ക് കാരണമാകുമെന്ന വിദഗ്ധ അഭിപ്രായം സർക്കാർ പരിശോധിക്കുമോ;

(സി) 14 ജില്ലാ ബാങ്കുകളുടെ നിലവിലെ ആസ്തി, നിക്ഷേപം, ലോൺ എന്നിവ എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന സഹകരണ ബാങ്കിന് നിലവിൽ എത്ര കോടി രൂപ കിട്ടാക്കടമുണ്ട്; ഇത് തിരിച്ചു കിട്ടുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്;

(ഇ) കോടിക്കണക്കിന് രൂപ കിട്ടാക്കടമായിട്ടുള്ള സംസ്ഥാന സഹകരണ ബാങ്കിനെ ജില്ലാ ബാങ്കിൽ ലയിപ്പിച്ചത് സംസ്ഥാനത്ത് സഹകരണബാങ്കുകളുടെ പ്രവർത്തനത്തെ മന്ദഗതിയിലാക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമായ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കേരള സഹകരണ ബാങ്ക് രൂപീകരിച്ചിട്ടില്ല.

(ബി) കേരള ഗവർണ്ണർ പ്രഖ്യാപിച്ച 4/17 നമ്പർ ഓർഡിനൻസിലെ വ്യവസ്ഥപ്രകാരം നിലവിലുള്ള ജില്ലാ സഹകരണ ബാങ്കുകളിലെ ഭരണസമിതിയുടെ ഘടനയിൽ മാറ്റം വന്നതിനാലാണ് ഓർഡിനൻസിലെ വ്യവസ്ഥയനുസരിച്ച് ഈ ബാങ്കുകളിൽ അഡ്മിനിസ്ട്രേറ്ററെ നിയമിച്ചിട്ടുള്ളത്. ഓർഡിനൻസിലെ വ്യവസ്ഥയനുസരിച്ച് ഭരണസമിതികളെ പിരിച്ചുവിട്ടിട്ടില്ല. ഭരണസമിതികളുടെ ഘടനാമാറ്റം മുഖേന ഭരണസമിതികൾ നിലവിലില്ലാതാകുകയാണ് ചെയ്തിട്ടുള്ളത്. ഇപ്രകാരം ഭരണസമിതികൾ ഇല്ലാതായത് സഹകരണ മേഖലയുടെ തകർച്ചയ്ക്ക് കാരണമാകുന്നില്ല.

(സി) 14 ജില്ലാ സഹകരണ ബാങ്കുകളുടെ ആസ്തി 63,622 കോടി രൂപയും, നിക്ഷേപം 52,456 കോടി രൂപയും, വായ്പ 27,946 കോടി രൂപയുമാണ്.

(ഡി) സംസ്ഥാന സഹകരണ ബാങ്കിന്റെ 31-3-2017-ലെ കണക്ക് പ്രകാരം 391.99 കോടി രൂപയുടെ നിഷ്ക്രിയ ആസ്തിയുണ്ട്. ടി തുക പരിച്ചെടുക്കുന്നതിന് "സർഫേസി" ആക്ട് പ്രകാരവും, കേരള സഹകരണ സംഘം നിയമപ്രകാരവുമുള്ള റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) നിലവിൽ സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും സംയോജിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ഇക്കാര്യം വിലയിരുത്തിയിട്ടില്ല.

**കൺസ്യൂമർ ഫെഡിന്റെ മാറ്റി സ്ഥാപിച്ച മദ്യവിൽപ്പന കേന്ദ്രങ്ങൾ**

209 (562) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ - സംസ്ഥാന പാതയോരങ്ങളിൽ പ്രവർത്തിക്കുന്ന മദ്യവില്പന കേന്ദ്രങ്ങൾ അടച്ചു പൂട്ടണമെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ കൺസ്യൂമർ ഫെഡിന്റെ എത്ര മദ്യവില്പനകേന്ദ്രങ്ങൾ ഇതുവരെ മാറ്റി സ്ഥാപിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ ഇനി എത്ര മദ്യ വില്പനശാലകൾ മാറ്റി സ്ഥാപിക്കാനുണ്ട്;

(സി) മദ്യ വില്പന കേന്ദ്രങ്ങൾ മാറ്റി സ്ഥാപിക്കുന്ന വേളയിൽ പൊതുജനങ്ങളിൽനിന്ന് എതിർപ്പ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എതിർപ്പിനെ തുടർന്ന് മാറ്റി സ്ഥാപിച്ച എത്ര വില്പന കേന്ദ്രങ്ങൾ അടച്ചു പൂട്ടേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്?

ഉത്തരം

(എ) 23 വിദേശമദ്യഷോപ്പും ഒരു ബിയർ ഷോപ്പുമാണ് സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ മാറ്റി സ്ഥാപിച്ചിട്ടുള്ളത്.

(ബി) 5 വിദേശമദ്യ ഷോപ്പും ഒരു ബിയർ ഷോപ്പുമാണ് ഇനിയും മാറ്റി സ്ഥാപിക്കുവാനുള്ളത്.

(സി) പൊതുജനങ്ങളിൽനിന്നും എതിർപ്പ് ഉണ്ടായിട്ടുണ്ട്. പേരൂർക്കട, ചിന്നക്കട, പത്തനംതിട്ട, ആലപ്പുഴ, കൊയിലാണ്ടി, വെഞ്ഞാറമൂട്, ഏറ്റുമാനൂർ, കൊടുങ്ങല്ലൂർ, കുന്നംകുളം എന്നീ ഒമ്പത് വിദേശ മദ്യഷോപ്പുകൾ മാറ്റി സ്ഥാപിച്ചിട്ടുള്ളതും പിന്നീട് പൊതുജനങ്ങളുടെ എതിർപ്പിനെ തുടർന്ന് അടച്ചിട്ടിരിക്കുകയുമാണ്.

## സഹകരണ ബാങ്കുകൾ, സംഘങ്ങൾ എന്നിവയിൽ നിന്നും വിദ്യാഭ്യാസ വായ്പകൾ നൽകുവാൻ നടപടി

210 (563) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശസാൽകൃത ബാങ്കുകൾ നൽകുന്നതുപോലെ വിദ്യാഭ്യാസ വായ്പകൾ സഹകരണബാങ്കുകളിൽനിന്നും പ്രൈമറി സഹകരണ സംഘങ്ങളിൽനിന്നും നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സഹകരണ ബാങ്കുകൾ നിലവിൽ നൽകുന്ന വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ;

(സി) നോട്ട് നിരോധനത്തിനുശേഷം സഹകരണ മേഖലയിലെ നിക്ഷേപകരുടെ കൊഴിഞ്ഞുപോക്ക് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സഹകരണ ബാങ്കുകൾ വഴിയും, പ്രൈമറി വായ്പാ സഹകരണ സംഘങ്ങൾ വഴിയും വിദ്യാഭ്യാസ വായ്പ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന ഇപ്പോൾ 9 ശതമാനം പലിശ നിരക്കിൽ വിദ്യാഭ്യാസ വായ്പ നൽകുന്നതിന് വ്യവസ്ഥയുണ്ട്. ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ ഡിപ്ലോമകൾ, ഗവേഷണങ്ങൾ, മെഡിക്കൽ, എഞ്ചിനീയറിംഗ്, അഗ്രികൾച്ചറൽ, വെറ്ററിനറി, നിയമം, ദന്തൽ, ബിസിനസ് മാനേജ്മെന്റ്, കമ്പ്യൂട്ടർ, ഇൻഫർമേഷൻ ടെക്നോളജി, മീഡിയ, നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ, ബി.ഫാം, സഹകരണ പ്രൊഫഷണൽ വിദ്യാഭ്യാസം, ടൂറിസം, ഹോട്ടൽ മാനേജ്മെന്റ് എന്നിവയിൽ കേരളത്തിലെ സർവ്വകലാശാലകൾ നടത്തുന്നതും സർക്കാർ അംഗീകരിച്ചിട്ടുള്ളതുമായ എല്ലാ കോഴ്സുകൾക്കും ഈ വായ്പ അനുവദിക്കാവുന്നതാണ്. ഇന്ത്യയ്ക്ക് അകത്തുള്ള പഠനത്തിന് പത്ത് ലക്ഷം രൂപ വരെയും വിദേശ പഠനത്തിന് 20 ലക്ഷം രൂപ വരെയും അനുവദിക്കാവുന്നതാണ്. കുടുംബവാർഷിക വരുമാനം 4 ലക്ഷം രൂപവരെയുള്ളവർക്ക് ഈട് സ്വീകരിക്കാതെ പരമാവധി 4.50 ലക്ഷം രൂപവരെയും വാർഷിക വരുമാനം 4 ലക്ഷം രൂപയിൽ അധികരിക്കുന്നവർക്ക് വായ്പ തുകയ്ക്ക് ആവശ്യമായ സ്വത്ത് ജാമ്യത്തിലോ ഉദ്യോഗസ്ഥ ജാമ്യത്തിലോ വായ്പ നൽകുന്നതാണ്.

(സി) നോട്ട് നിരോധനത്തിനുശേഷം സഹകരണ മേഖലയിൽ നിക്ഷേപകരുടെ കൊഴിഞ്ഞുപോക്ക് ഉണ്ടാകാതിരിക്കാൻ നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

## കേരള സഹകരണ ബാങ്ക്

211 (564) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ബാങ്ക് രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ ഇതുവരെ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(സി) ബാങ്കിന്റെ പ്രവർത്തനം എന്നു മുതൽ തുടങ്ങാനാകുമെന്നാണ് ലക്ഷ്യമിട്ടിട്ടുള്ളത്?

ഉത്തരം

(എ) സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ചുകൊണ്ട് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച സാധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ അഞ്ചംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

(സി) ബാങ്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തീയതി നിശ്ചയിച്ചിട്ടില്ല.

## കേരള സഹകരണ ബാങ്ക് രൂപീകരണം

212 (565) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനോട് ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള പ്രാരംഭ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) കേരള സഹകരണ ബാങ്ക് എന്ന് നിലവിൽ വരും എന്നറിയിക്കാമോ;

(സി) കേരള സഹകരണ ബാങ്കിലേയ്ക്കുള്ള ജീവനക്കാരുടെ നിയമന രീതിയെക്കുറിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ അഞ്ചംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി) വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ നിശ്ചയിക്കുന്നതാണ്. കേരള സഹകരണ ബാങ്ക് നിലവിൽ വരുന്നതിന് തീയതി നിശ്ചയിച്ചിട്ടില്ല.

(സി) റിപ്പോർട്ട് ലഭിച്ച ശേഷമേ ഇക്കാര്യങ്ങൾ പരിഗണിക്കാനാകൂ.

**കേരള ബാങ്ക്**

213 (566) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> :
<u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന കേരള ബാങ്കിനെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) കേരള ബാങ്കിന്റെ ഘടന എപ്രകാരമായിരിക്കുമെന്നും ബാങ്കിനുള്ള മൂലധന സമാഹരണം ഏത് വിധത്തിൽ ആയിരിക്കുമെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബാങ്ക് സംസ്ഥാനത്തെ സഹകരണ മേഖലയെ ഏതൊക്കെ തരത്തിൽ പരിപോഷിപ്പിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) കേരള ബാങ്ക് എന്നേയ്ക്ക് യാഥാർത്ഥ്യമാകുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന കേരള ബാങ്കിനെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) വിദഗ്ദ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്തതിനാൽ തീരുമാനമായിട്ടില്ല.

(സി) നിർദ്ദിഷ്ട ബാങ്ക് നിലവിൽ വരുമ്പോൾ ആവർത്തിത/ഇരട്ടിപ്പിന്റെ സ്വഭാവമുള്ള പല ചാർജ്ജുകളും ഒഴിവാക്കുകയോ, കുറയ്ക്കുകയോ ചെയ്യുന്നത് പലിശ നിരക്കിൽ ഗണ്യമായ കുറവ് സാദ്ധ്യമാകാനും ഇടയുണ്ട്. ഇത് സഹകരണ ബാങ്കുകളുടെ വായ്പാ വിഹിതം വർദ്ധിപ്പിക്കുകയും, വായ്പാക്കാരുടെ പലിശ ബാദ്ധ്യത കുറയ്ക്കാൻ സഹായിക്കുകയും ചെയ്യുമെന്ന് കരുതുന്നു. സഹകരണ ബാങ്കുകൾക്ക് നിലവിലുള്ള പല പരിമിതികളും സംയോജനത്തിലൂടെ മറി കടക്കാനാകുമെന്ന് കണക്കുകൂട്ടുന്നു.

സംയോജനത്തിലൂടെ ബാങ്കിന്റെ ആസ്തി വർദ്ധിക്കുന്നതിനാൽ ബാങ്കിംഗ് മേഖലയിലെ മറ്റ് സ്ഥാപനങ്ങളുമായി ആരോഗ്യപരമായ മത്സരം നടത്താനും, സംസ്ഥാനത്തിന്റെ വികസനം സാദ്ധ്യമാക്കുന്ന സുപ്രധാന പദ്ധതികൾക്ക് ധനസഹായം നൽകുവാനും പ്രസ്തുത ബാങ്കിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ബാങ്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തീയതി നിശ്ചയിച്ചിട്ടില്ല.

**കേരള ബാങ്ക് രൂപീകരണം**

214 (567) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കും പതിനാല് ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) കേരള ബാങ്കിന്റെ സാധ്യതകളും പ്രശ്നങ്ങളും പഠിക്കാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ഇതിനകം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത സമിതിയിലെ അംഗങ്ങൾ ആരൊക്കെയാണ്;

(ഡി) റിപ്പോർട്ട് ലഭിച്ചിട്ടില്ലെങ്കിൽ എന്നത്തേക്ക് ലഭ്യമാകുമെന്നാണ് കരുതുന്നത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സഹകരണ ബാങ്കും 14 ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. കേരള സഹകരണ ബാങ്ക് രൂപീകരണത്തെക്കുറിച്ച് വിശദ പഠനം നടത്തുന്നതിന് ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല. പ്രസ്തുത സമിതിയിലെ അംഗങ്ങൾ ചുവടെ ചേർക്കുന്നവരാണ് :

1. ശ്രീ. എം. എസ്. ശ്രീറാം, പ്രൊഫസർ, ഐ.എ.എം. ബാംഗ്ലൂർ- ചെയർമാൻ.

2. ശ്രീ. വി. എസ്. സെന്തിൽ ഐ.എ.എസ്., അഡീഷണൽ ചീഫ് സെക്രട്ടറി, പ്ലാനിംഗ് വകുപ്പ് - അംഗം.

3. ശ്രീ. സി. പി. മോഹൻ, ചീഫ് ജനറൽ മാനേജർ (റിട്ടയേർഡ്) നബാർഡ് - അംഗം.

4. ശ്രീ. റ്റി. പി. ബാലകൃഷ്ണൻ, ജനറൽ മാനേജർ (റിട്ടയേർഡ്) യൂണിയൻ ബാങ്ക് - അംഗം.

5. ശ്രീ. പി. വേണുഗോപാൽ ഐ.എ.എസ്., സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ് - മെമ്പർ സെക്രട്ടറി.

(ഡി) റിപ്പോർട്ട് 2017 ഏപ്രിൽ മാസം അവസാനിക്കുന്നതിന് മുമ്പ് ലഭ്യമാകുമെന്ന് കരുതുന്നു.

**കേരള ബാങ്ക് രൂപീകരണം**

215 (568) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണം എന്ന ലക്ഷ്യത്തിലേയ്ക്ക് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി ഈ വിഷയത്തിൽ ഇതിനകം നടത്തിയിട്ടുള്ള പഠനങ്ങൾ എന്തെല്ലാം; എന്തെല്ലാം പരിഗണനകളാണ് സർക്കാരിന്റെ മുൻപിൽ വന്നിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളേയും സംയോജിപ്പിച്ചുകൊണ്ട് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ അഞ്ചംഗ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി) സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയുടെ ഭരണസമിതി അംഗങ്ങൾ, ജീവനക്കാരുടെ സംഘടനകൾ, പി.എ.സി.എസ്. അസോസിയേഷൻ ഭാരവാഹികൾ, സംസ്ഥാന സഹകരണ യൂണിയൻ, പ്രമുഖ സഹകാരികൾ, അപെക്സ് സ്ഥാപനങ്ങളുടെ പ്രതിനിധികൾ, പ്ലാനിംഗ് ബോർഡ്, സഹകരണ പരിശീലന സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന്റെ മുമ്പിൽ പരിഗണനകൾ വന്നിട്ടില്ല.

## കേരള ബാങ്ക് രൂപവൽക്കരണത്തിന്റെ സാധ്യതയും പ്രശ്നങ്ങളും പഠിക്കാൻ വിദഗ്ദ്ധ സമിതി

216 (569) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപവൽക്കരണത്തിന്റെ സാധ്യതയും പ്രശ്നങ്ങളും പഠിക്കാൻ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ സമിതിയിലെ അംഗങ്ങൾ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) സമിതി എത്ര ദിവസത്തിനുള്ളിലാണ് റിപ്പോർട്ട് സമർപ്പിക്കേണ്ടത്; റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ കോപ്പി ലഭ്യമാക്കുമോ;

(സി) സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളിൽ എത്ര ജീവനക്കാർ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) രണ്ട് ബാങ്കുകൾക്കുമായി എത്ര ശാഖകളുണ്ട്; ശാഖകളെല്ലാം കേരള ബാങ്കിന്റേതാകുമ്പോൾ ജീവനക്കാരുടെ പുനർവിന്യാസം, വായ്പ, തീരുമാനത്തിലുണ്ടാകുന്ന കേന്ദ്രീകൃത നയം എന്നിവയെക്കുറിച്ച് നിലവിലുള്ള ആശങ്ക അകറ്റാൻ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാധ്യതകളും വിവിധ വശങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ ഒരു വിദഗ്ദ്ധസമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയിലെ അംഗങ്ങൾ ചുവടെ ചേർക്കുന്നവരാണ് :

1. ശ്രീ. എം. എസ്. ശ്രീറാം, പ്രൊഫസർ, ഐ.എ.എം. ബാംഗ്ലൂർ- ചെയർമാൻ.
2. ശ്രീ. വി. എസ്. സെന്തിൽ ഐ.എ.എസ്., അഡീഷണൽ ചീഫ് സെക്രട്ടറി, പ്ലാനിംഗ് വകുപ്പ് - അംഗം.
3. ശ്രീ. സി. പി. മോഹൻ, ചീഫ് ജനറൽ മാനേജർ (റിട്ടയേർഡ്) നബാർഡ് - അംഗം.
4. ശ്രീ. റ്റി. പി. ബാലകൃഷ്ണൻ, ജനറൽ മാനേജർ (റിട്ടയേർഡ്) യൂണിയൻ ബാങ്ക് - അംഗം.
5. ശ്രീ. പി. വേണുഗോപാൽ ഐ.എ.എസ്., സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ് - മെമ്പർ സെക്രട്ടറി.

(ബി) സമിതി 27-4-2017-നകം റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) സംസ്ഥാന സഹകരണ ബാങ്കിൽ 283 ജീവനക്കാരും, എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലുമായി 6097 ജീവനക്കാരുമുണ്ട്.

(ഡി) സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളിലുമായി 821 ശാഖകളുണ്ട്. ജീവനക്കാരുടെ പുനർവിന്യാസം, വായ്പ, തീരുമാനത്തിലുണ്ടാകുന്ന കേന്ദ്രീകൃത നയം എന്നിവയെക്കുറിച്ച് വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ച ശേഷമേ തീരുമാനത്തിന് പരിഗണിക്കാൻ കഴിയൂ.

## വിഷു-ഈസ്റ്റർ പ്രമാണിച്ച് കൺസ്യൂമർഫെഡ് മുഖേനയുള്ള വിൽപ്പന

217 (570) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷു-ഈസ്റ്റർ ആഘോഷങ്ങളോടനുബന്ധിച്ച് വില നിലവാരം പിടിച്ചു നിർത്തുന്നതിന് കൺസ്യൂമർ ഫെഡ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നു എന്ന് വിശദമാക്കാമോ;

(ബി) വിഷു-ഈസ്റ്റർ ചന്തകളിലും സൂപ്പർമാർക്കറ്റുകളിലും, അരിക്കടകളിലുമായി എത്രകോടി രൂപയുടെ സാധനങ്ങൾ വില്പന നടന്നിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിഷു-ഈസ്റ്റർ ആഘോഷങ്ങളോടനുബന്ധിച്ച് വിലനിലവാരം പിടിച്ചു നിർത്തുന്നതിനുവേണ്ടി അരിവില നിയന്ത്രിക്കുന്നതിന് കൺസ്യൂമർഫെഡ് സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 678 അരിക്കടകൾ ആരംഭിച്ച്, സുവർണ്ണമസൂരി ഒരു കിലോയ്ക്ക് 25 രൂപ നിരക്കിൽ വിതരണം ചെയ്യുന്ന അരിക്കടകൾ പ്രവർത്തിച്ചുവരുന്നു.

(ബി) വിഷു-ഈസ്റ്റർ കാലയളവിൽ പ്രത്യേക ചന്തകൾ സംഘടിപ്പിച്ചിട്ടില്ല. സൂപ്പർ മാർക്കറ്റുകളിലൂടെ 3.61 കോടി രൂപയുടെയും അരിക്കടകളിലൂടെ 1.84 കോടി രൂപയുടെയും വിൽപ്പന നടത്തിയിട്ടുണ്ട്.

## കോർ ബാങ്ക് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി

218 (571) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ ബാങ്കുകളും ജില്ലാ സഹകരണ ബാങ്കുകളും തമ്മിൽ കോർബാങ്ക് സംവിധാനം നിലവിലില്ലാത്തതുമൂലമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോർ ബാങ്കിങ് സൗകര്യം നിലവിലില്ലാത്തത് കാർഷിക വായ്പാ വിതരണത്തെ പ്രതികൂലമായി ബാധിക്കുന്ന സ്ഥിതിവിശേഷമുണ്ടാക്കിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുറ്റമറ്റ സോഫ്റ്റ് വെയർ സംവിധാനങ്ങളും കോർ ബാങ്കിങ് സൗകര്യവും എ.ടി.എം. സംവിധാനവും സംസ്ഥാനത്തെ എല്ലാ പ്രാഥമിക സഹകരണ ബാങ്കുകളിലും ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഹ്രസ്വകാല കാർഷിക വായ്പകൾ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേനയാണ് വിതരണം ചെയ്യുന്നത്. ആകെ വിതരണം ചെയ്യുന്ന വായ്പയുടെ 40 ശതമാനം നബാർഡ് പുനർ വായ്പയായി നൽകുന്നു. ബാക്കി തുക സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾ അവരുടെ സ്വന്തം ഫണ്ടിൽനിന്നും വഹിക്കുന്നു. കർഷകർക്ക് കാർഷിക വായ്പ കിസാൻ ക്രെഡിറ്റ് കാർഡായി വിതരണം ചെയ്യണമെന്നും, ആയത് Rupay Kissan Card മുഖേന പിൻവലിക്കുന്നതിനുള്ള സംവിധാനം 31-3-2017-നകം ഏർപ്പെടുത്തണമെന്നും നബാർഡ് നിഷ്കർഷിച്ചിരുന്നു. കേരളത്തിൽ സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും കോർ ബാങ്കിംഗ് സംവിധാനത്തിൻ കീഴിൽ വന്നിട്ടുണ്ട്. എന്നാൽ കാർഷിക വായ്പാ വിതരണം ചെയ്യുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകളുമായി ചേർന്ന് എ.റ്റി.എം./ഡെബിറ്റ് കാർഡ് വിതരണം ചെയ്യുന്നതിന് പൂർണ്ണമായും സാധിച്ചിട്ടില്ല. ഭാവിയിൽ ഇത് കാർഷിക വായ്പാ വിതരണത്തെ ബാധിച്ചേക്കാം.

(സി) സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളെയും ഒരു ഏകീകൃത സോഫ്റ്റ്‍വെയർ സംവിധാനത്തിന് കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഒരു കോമൺ സോഫ്റ്റ്‍വെയർ വികസിപ്പിക്കുന്നതിന്റെ സാധ്യതകൾ പരിശോധിക്കാനായി 9 അംഗങ്ങൾ അടങ്ങിയ ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ഈ കമ്മിറ്റി IFTAS (Indian Financial Technology and Allied Services)-ഉം ആയി നടത്തിയ ചർച്ചയെ തുടർന്ന് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

കോമൺ സോഫ്റ്റ്‍വെയറിലേയ്ക്ക് എല്ലാ ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും എത്തിക്കുന്നതിലേയ്ക്കായി സഹകരണ സംഘം രജിസ്ട്രാറെ കൺവീനറാക്കിക്കൊണ്ട് 9 അംഗങ്ങൾ അടങ്ങിയ ഒരു സ്റ്റിയറിംഗ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.

**സഹകരണ വകുപ്പ് ആരംഭിച്ച അരിക്കടകൾ**

219 (572) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരിവില വർദ്ധന പിടിച്ച് നിർത്തുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പ് സംസ്ഥാനത്ത് എത്ര അരിക്കടകൾ ആരംഭിച്ചു എന്ന് അറിയിക്കാമോ;

(ബി) മണലൂർ മണ്ഡലത്തിൽ എത്ര അരിക്കടകൾ അനുവദിക്കുകയുണ്ടായി;

(സി) നിലവിലെ അരിക്കടകൾ എത്രകാലം പ്രവർത്തിപ്പിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) അരിവില വർദ്ധന പിടിച്ച് നിർത്തുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പ് സംസ്ഥാനത്ത് 678 അരിക്കടകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) മണലൂർ മണ്ഡലത്തിൽ 3 അരിക്കടകൾ അനുവദിച്ചിട്ടുണ്ട്.

(സി) പൊതുവിപണിയിൽ അരിയുടെ വില സാധാരണ നിലയിലേയ്ക്ക് കുറയുന്നതുവരെ അരിക്കടകൾ പ്രവർത്തിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

**സഹകരണ ബാങ്കുകളിലെ റിസ്ക് ഫണ്ട്**

220 (573) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ വായ്പക്കാരൻ മരണപ്പെട്ടാൽ റിസ്ക് ഫണ്ട് ഉപയോഗിച്ച് വായ്പ കുടിശ്ശിക എഴുതിത്തള്ളാൻ വ്യവസ്ഥയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കാർഷിക/കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ, വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെട്ടാൽ നിബന്ധനകൾക്ക് വിധേയമായി റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും എഴുതിത്തള്ളാൻ വ്യവസ്ഥയുണ്ട്.

(ബി) റിസ്ക് ഫണ്ട് പദ്ധതിപ്രകാരം ബാങ്കുകളിൽ നിന്നും വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും റിസ്ക് ഫണ്ടിൽ നിന്ന് നൽകും. റിസ്ക് ഫണ്ട് നിയമാവലിയിൽ ഭേദഗതി വരുത്തുകയും മരണപ്പെട്ട വായ്പാക്കാർക്ക് മാത്രം ലഭ്യമായിരുന്ന ആനുകൂല്യം റിസ്ക് ഫണ്ട് നിയമാവലിയിൽ പരാമർശിച്ചിട്ടുള്ള 7 മാരകരോഗങ്ങളിൽ ഏതെങ്കിലും ബാധിച്ചവരുടെ വായ്പാ മുതൽ ഇനത്തിൽ 75,000 രൂപ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി നൽകും. റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്കിന് നൽകണം. സംഘം/ബാങ്ക് കമ്മിറ്റി തീരുമാനം കൈക്കൊണ്ട് സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ശിപാർശയോടെ സഹകരണ വികസന ക്ഷേമനിധി ബോർഡ് സെക്രട്ടറിക്ക് സമർപ്പിക്കണം. വായ്പയെടുത്തയാൾ മരണപ്പെട്ടതാണെങ്കിൽ മരണ സർട്ടിഫിക്കറ്റ് അപേക്ഷ യോടൊപ്പം സമർപ്പിക്കണം. റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി വായ്പ എടുക്കുന്ന സമയത്ത് വായ്പാത്തുകയുടെ 0.35 ശതമാനം എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും ഒറ്റത്തവണ റിസ്ക് ഫണ്ട് പ്രീമിയം/വിഹിതം അടച്ചിരിക്കണം. മരണപ്പെട്ടതോ/മാരകരോഗം പിടിപെട്ടതോ ആയ ആളിന്റെ പേരിലുള്ളതും, മരണപ്പെട്ട/മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പാക്കാരുടെ വായ്പകൾക്ക് മാത്രമാണ് യഥാക്രമം മരണാനന്തര ആനുകൂല്യം/ചികിത്സാ ധനസഹായം ലഭിക്കുക. വായ്പാ കാലാവധിയിൽ വായ്പയെടുത്തയാൾ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിക്ക് തൊട്ട് മുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും, വായ്പാ കാലാവധി കഴിഞ്ഞ് വായ്പാക്കാരൻ മരണപ്പെട്ടാൽ വായ്പാ കാലാവധി തീരുന്ന തീയതിക്ക് തൊട്ട് മുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ മുതലിൽ തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

## സഹകരണ ബാങ്കുകളിലെ നിയമന നിയന്ത്രണം

221 (574) ശ്രീ. മോൻസ് ജോസഫ് :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ, പുതിയ ശാഖകൾ ആരംഭിക്കുന്നതിനും കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനും സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പിൻവാതിൽ നിയമനത്തിലൂടെ ജില്ലാ ബാങ്കുകളിൽ കടന്നുകൂടിയവരെ സ്ഥിരപ്പെടുത്താൻ നീക്കമുണ്ടോ; എങ്കിൽ ആയതു അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ജില്ലാ സഹകരണ ബാങ്കുകളിൽ പുതിയ ശാഖകൾ ആരംഭിക്കുന്നതിനും കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള ഒഴിവുകളിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല.

(ബി) ഇല്ല.

## സഹകരണ ബാങ്കുകളിലെ നിക്ഷേപ പ്രോത്സാഹനം

222 (575) ശ്രീ. അടൂർ പ്രകാശ് :

ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. എൽദോസ് കുന്നപ്പിള്ളി :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലേക്കുള്ള നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) എന്തെല്ലാം പുതിയ പദ്ധതികളാണ് ഈ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ ഏതെല്ലാം പദ്ധതികളാണ് നിക്ഷേപ പ്രോത്സാഹന ത്തിനായി നടപ്പാക്കിക്കൊണ്ടിരിക്കുന്നതെന്ന് വിവരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലേയ്ക്കുള്ള നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി നിക്ഷേപ സുരക്ഷാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ആവശ്യമായ ഘട്ടങ്ങളിൽ നിക്ഷേപ സമാഹരണ യജ്ഞങ്ങൾ സംഘടിപ്പിക്കാറുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് നിക്ഷേപകരുടെ വിശ്വാസം നേടിയെടുക്കുന്നതിനായി സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. ഭവന സന്ദർശനം നടത്തി നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിലനിർത്തുന്നതിനും നടപടി സ്വീകരിച്ചു.

(സി) നിലവിൽ നിക്ഷേപ പ്രോത്സാഹനത്തിനായി നിക്ഷേപ സുരക്ഷാ സ്കീം നടപ്പിലാക്കിവരുന്നു. കൂടാതെ നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ നിരക്ക് നൽകിവരുന്നു.

**സഹകരണ ബാങ്കുകളിലെ കടാശ്വാസം**

223 (576) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ എല്ലാതരം വായ്പകൾക്കും കടാശ്വാസം അനുവദിക്കാനാവുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ബാങ്കുകളിലെ വായ്പകൾ തിരിച്ചടയ്ക്കാൻ സാധിക്കാതെ ജപ്തി ഭീഷണി നേരിടുന്നവരെക്കൂടി റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തി സഹായിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സഹകരണ ബാങ്കുകളിലെ എല്ലാതരം വായ്പകൾക്കും കടാശ്വാസം അനുവദിക്കുന്നതിന് വ്യവസ്ഥയില്ല.

സഹകരണ സംഘങ്ങൾ, ബാങ്കുകൾ എന്നിവയിൽനിന്നും കർഷകർ എടുത്തിട്ടുള്ള വായ്പകൾക്ക് കടാശ്വാസം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. കേരള കർഷക കടാശ്വാസ കമ്മീഷൻ പുറപ്പെടുവിക്കുന്ന അവാർഡ് പ്രകാരമാണ് സർക്കാർ കടാശ്വാസം അനുവദിക്കുന്നത്.

സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്നും പട്ടികജാതി വിഭാഗക്കാർ എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായി ട്ടുള്ളതുമായ 50,000 രൂപ വരെയുള്ള വായ്പകൾക്കും, 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾക്കും കടാശ്വാസം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാർ എടുത്തിട്ടുള്ളതും, 1-4-2006 മുതൽ 31-3-2014 വരെ കുടിശ്ശികയായിട്ടുള്ളതുമായ 1 ലക്ഷം രൂപ വരെയുള്ള വായ്പകൾക്കും കടാശ്വാസം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. പ്രസ്തുത കടാശ്വാസം അനുവദിക്കുന്നതിനുള്ള അപേക്ഷ, പട്ടികജാതി/പട്ടികവർഗ്ഗ കടാശ്വാസ കമ്മീഷനിലാണ് സമർപ്പിക്കേണ്ടത്.

സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്നും മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകൾക്ക്, മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ മുഖേന കടാശ്വാസം അനുവദിക്കുന്ന പദ്ധതിയും നിലവിലുണ്ട്.

(ബി) റിസ്ക് ഫണ്ട് പദ്ധതി വ്യത്യസ്തമായ സ്കീമായതിനാൽ ഇവ തമ്മിൽ യോജിപ്പിക്കുക പ്രായോഗികമല്ല.

**സഹകരണ ബാങ്കുകളിൽ നിന്നുള്ള വായ്പ എഴുതിത്തള്ളുന്നതിനുള്ള പദ്ധതികൾ**

224 (577) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ ബാങ്കുകളിൽനിന്നും വായ്പ എടുത്തിട്ടുള്ളയാൾ മരിച്ചുപോയാൽ ആ വായ്പ എഴുതിത്തള്ളുന്നതിനുള്ള ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്നും കാർഷിക/ കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ, വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന ബാധ്യതയിൽനിന്ന് വ്യവസ്ഥകൾക്ക് വിധേയമായി അവരെ ഒഴിവാക്കാവുന്ന കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി എന്ന പേരിൽ പദ്ധതി നിലവിലുണ്ട്.

## വായ്പ കുടിശ്ശികയിൽ ഇളവ് അനുവദിക്കുന്നതിനുള്ള വ്യവസ്ഥ

225 (578) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വികസനബാങ്ക്, സർവ്വീസ് സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ നിന്നും വിവിധ ആവശ്യങ്ങൾക്ക് വായ്പ എടുത്ത്, തിരിച്ചടവ് കാലയളവിൽ മരണപ്പെട്ട് പോകുന്ന സഹകാരിക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നിലവിലുള്ളത്;

(ബി) വായ്പ കുടിശ്ശികയിൽ ഇളവ് അനുവദിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണുള്ളത്;

(സി) കെ. കെ. ശ്രീധരൻ, കൈപ്പനാൽ (വീട്) കുറ്റിയഞ്ചാൽ കുട്ടമ്പുഴ എന്ന വ്യക്തി റിസ്ക് ഫണ്ട് ആനുകൂല്യത്തിനുവേണ്ടി നല്കിയ അപേക്ഷയുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ?

ഉത്തരം

(എ) വായ്പാ സഹകരണ സംഘങ്ങളിൽനിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ, വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ വ്യവസ്ഥയ്ക്ക് വിധേയമായി അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന തുക "കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി" പ്രകാരം ടി വായ്പാ കുടിശ്ശികയിൽനിന്നും ഇളവ് ലഭിക്കുന്നതാണ്.

(ബി) മേൽപ്രകാരം ഇളവ് ലഭിക്കുന്നതിന് വായ്പ എടുക്കുന്നയാൾ നിശ്ചിത റിസ്ക് ഫണ്ട് വിഹിതം ബാങ്കിൽ ഒടുക്കിയിരിക്കണം. വായ്പാക്കാരൻ മരിച്ചുകഴിഞ്ഞാൽ അനന്തരാവകാശി, മരണ സർട്ടിഫിക്കറ്റ് സഹിതം ബാങ്കിൽ അപേക്ഷ നൽകണം. ബാങ്ക് ഭരണസമിതി തീരുമാനപ്രകാരം ബന്ധപ്പെട്ട സഹകരണ വകുപ്പ് ഉദ്യോഗസ്ഥരുടെ ശിപാർശയോടെ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കണം. പ്രസ്തുത ബോർഡാണ് അപേക്ഷയിൽ തീരുമാനമെടുക്കുന്നത്.

(സി) ദേവികുളം താലൂക്ക് കാർഷിക ഗ്രാമ വികസന ബാങ്കിൽനിന്നും കെ. കെ. ശ്രീധരൻ നാല് വായ്പയെടുത്തിരുന്നു. കെ. കെ. ശ്രീധരൻ 9-11-2015-ൽ മരണപ്പെട്ടു. ടിയാൻ എടുത്ത എല്ലാ വായ്പകളിലും 6 മാസത്തിലധികരിച്ച് കുടിശ്ശികയുള്ളതിനാൽ ബാങ്ക് റിസ്ക് ഫണ്ട് ധനസഹായ അപേക്ഷ ഈ പദ്ധതി നടപ്പിലാക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിലേയ്ക്ക് അയച്ചിരുന്നില്ല. കേരള സഹകരണ റിസ്ക് ഫണ്ട് നിയമാവലിയിലെ വ്യവസ്ഥയനുസരിച്ച് വായ്പാ കാലാവധിയിൽ വായ്പാക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിക്ക് തൊട്ട് മുമ്പ് തുടർച്ചയായി 6 മാസത്തിൽ

അധികരിച്ചും, വായ്പാ കാലാവധി കഴിഞ്ഞ് വായ്പാക്കാരൻ മരണപ്പെട്ടാൽ വായ്പാ കാലാവധി തീരുന്ന തീയതിക്ക് തൊട്ട് മുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും വായ്പാ തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല. കെ. കെ. ശ്രീധരന്റെ ഭാര്യ 30-11-2016-ൽ സഹകരണ വകുപ്പുമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ബാങ്കിൽനിന്നും കെ. കെ. ശ്രീധരന്റെ റിസ്ക് ഫണ്ട് ധനസഹായത്തിനുള്ള നാല് അപേക്ഷകൾ 22-3-2017-ൽ കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ സമർപ്പിച്ചിരുന്നു. ഇപ്രകാരം ലഭിച്ച നാല് അപേക്ഷകളിലും ഉൾപ്പെട്ട വായ്പകളിൽ 6 മാസത്തിലധികരിച്ച് കുടിശ്ശിക ഉള്ളതിനാൽ റിസ്ക് ഫണ്ട് ധനസഹായം ലഭിക്കുന്നതിന് അർഹതയില്ല.

**ജില്ലാ സഹകരണ ബാങ്കുകളിൽ ക്ലാർക്ക്-കാഷ്യർ നിയമനം**

226 (579) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ പുതിയ ശാഖകൾ തുടങ്ങുന്നതിനും തസ്തികകൾ സൃഷ്ടിക്കുന്നതിനും നിലവിൽ നിരോധനമുണ്ടോ;

(ബി) പി. എസ്. സി. മുഖേന 2017 ജനുവരിയിൽ പതിനാല് ജില്ലാ സഹകരണ ബാങ്കുകളിലേയ്ക്ക് ക്ലാർക്ക്-കാഷ്യർ തസ്തികകളിലേയ്ക്കായി 6000 ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ലിസ്റ്റിൽ നിന്നുള്ള നിയമനത്തിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ;

(ഡി) ഉദ്യോഗാർത്ഥികൾക്ക് നിയമനം ഉറപ്പാക്കുവാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുവാനുദ്ദേശിക്കുന്നു; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ പുതിയ ശാഖകൾ തുടങ്ങുന്നതിനും തസ്തികകൾ സൃഷ്ടിക്കുന്നതിനും നിലവിൽ നിയന്ത്രണമുണ്ട്. നിലവിലുള്ള ഒഴിവുകളിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല.

(ബി) തൃശ്ശൂർ ജില്ലയിൽ 2016-ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. മറ്റ് 13 ജില്ലകളിൽ 2017 ജനുവരിയിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) നിലവിലുള്ള ഒഴിവുകൾ എല്ലാംതന്നെ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**മുക്കം പ്രാഥമിക സഹകരണ സംഘത്തിലെ ക്രമക്കേടുകൾ**

227 (580) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം പ്രാഥമിക സഹകരണ സംഘത്തിലെ ക്രമക്കേടുകൾ അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള, സംഘത്തിലെ അംഗങ്ങളുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) മേൽപരാതി അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിന് കോഴിക്കോട് ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന് അയച്ചു കൊടുത്തിരുന്നു. ആയതിന്മേൽ നടത്തിയ പ്രാഥമിക പരിശോധനയിൽ, സഹകരണ വിജിലൻസ് വിഭാഗമോ, പോലീസ് വിജിലൻസ് വിഭാഗമോ വിശദമായ ഒരു അന്വേഷണം നടത്തണമെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്.

**പ്രാഥമിക സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ്**

228 (581) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പ്രാഥമിക സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) എല്ലാ സഹകരണ സ്ഥാപനങ്ങളിലും എ.ടി.എം. സംവിധാനം ഏർപ്പെടുത്താൻ പദ്ധതിയുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 485 പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ നിലവിൽ കോർ ബാങ്കിംഗ് സംവിധാനം നിലവിലുണ്ട്.

(ബി) ഇടുക്കി, കോട്ടയം ജില്ലാ സഹകരണ ബാങ്കുകൾ ഒഴികെയുള്ള 12 ജില്ലാ സഹകരണ ബാങ്കുകളിലും എ.റ്റി.എം. സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇടുക്കി, കോട്ടയം ജില്ലാ സഹകരണ ബാങ്കുകളിൽ എ.റ്റി.എം. സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 58 പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ എ.റ്റി.എം. സംവിധാനം നിലവിലുണ്ട്.

## പ്രാഥമിക സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് സംവിധാനം

229 (582) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നോ;

(ബി) പ്രസ്തുത സംവിധാനം നടപ്പിലാക്കാൻ ചുമതലപ്പെടുത്തിയിരുന്നത് ആരെയാണ്;

(സി) കോർ ബാങ്കിംഗ് സംവിധാനം വഴി പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രവർത്തനം ഏതെല്ലാം തലത്തിൽ മെച്ചപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു.

(ബി) സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കാൻ സർക്കാർ ആരെയും പ്രത്യേകമായി ചുമതലപ്പെടുത്തിയിരുന്നില്ല. വിവിധ vendors ആണ് നിലവിൽ പ്രാഥമിക സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്.

(സി) പ്രാഥമിക സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുക വഴി പ്രവർത്തനത്തിൽ സുതാര്യതയും കൃത്യതയും കൈവരിക്കുന്നതിന് സാധിക്കും. കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള ജില്ലാ സഹകരണ ബാങ്കുകളുമായി ചേർന്ന് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലെ അംഗങ്ങൾക്ക് Digital transactions നടത്താൻ സാധിക്കുന്നു. ഉപഭോക്താക്കൾക്ക് കൂടുതൽ സേവനങ്ങൾ നൽകാൻ കഴിയും.

## പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താൻ നടപടി

230 (583) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കൺസ്യൂമർഫെഡ് മുഖേന പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് കൺസ്യൂമർഫെഡ് മുഖേന പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കൺസ്യൂമർഫെഡ് മുൻകയ്യെടുത്ത് 2000 നീതി സ്റ്റോറുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഇക്കാര്യം പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരേ ബ്രാൻഡും ലോഗോയും ഉപയോഗിച്ച് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച് ഒരു ശൃംഖല രൂപീകരിക്കുന്നതിനും ഇതുവഴി ശക്തമായ മാർക്കറ്റ് ഇടപെടൽ നടത്തുന്നതിനും വിലനിലവാരം പിടിച്ചുനിർത്തുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**പട്ടികജാതി സഹകരണ സംഘങ്ങൾ**

231 (584) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പട്ടികജാതി സഹകരണ സംഘങ്ങളാണ് ഉള്ളത്;

(ബി) നിലവിൽ എത്ര സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(സി) പട്ടികജാതി വിഭാഗക്കാരുടെ വായ്പ എഴുതിത്തള്ളുന്നതിന് പദ്ധതി നിലവിലുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 741 പട്ടികജാതി സംഘങ്ങളാണ് ഫെഡറേഷനിൽ അംഗങ്ങളായിട്ടുള്ളത്.

(ബി) 304 സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(സി) പട്ടികജാതി വിഭാഗക്കാരുടെ വായ്പ എഴുതിത്തള്ളുന്നതിനുള്ള പദ്ധതികളൊന്നും നിലവിലില്ല.

**കേപ്പിന്റെ കീഴിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റത്തിലെ അപാകതകൾ**

232 (585) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പിന്റെ കീഴിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റത്തിലെ അപാകതകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ജൂനിയർ സൂപ്രണ്ടുമാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് ലഭിച്ച എത്ര പരാതികൾ നിലവിൽ കേപ്പ് അധികൃതരുടെ പക്കലുണ്ട്; ഇതിൽ എത്ര എണ്ണം പരിഹരിച്ചു; ഇനി എത്ര എണ്ണം പരിഹരിക്കുവാനുണ്ട്;

(സി) കേപ്പ് അധികൃതർ തെറ്റായ രീതിയിൽ നടത്തിയ സ്ഥലം മാറ്റങ്ങൾ സർക്കാർ പരിശോധിക്കുമോ;

(ഡി) ഇത് സംബന്ധിച്ച് സഹകരണ വകുപ്പ് സെക്രട്ടറിക്ക് ലഭിച്ച പരാതികളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) കേപ്പിന്റെ കീഴിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റത്തിൽ അപാകതകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. നിലവിൽ ജൂനിയർ സൂപ്രണ്ടുമാരുടെ ഒഴിവ് ഇല്ലാത്തതിനാൽ പ്രസ്തുത പരാതി പരിഹരിച്ചിട്ടില്ല.

(സി) തെറ്റായ രീതിയിൽ സ്ഥലംമാറ്റങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പരാതികൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ കേപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സർക്കാർ ബാങ്ക് രൂപീകരണം**

233 (T 586) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്വന്തമായി ബാങ്ക് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത ബാങ്ക് രൂപീകരണത്തെക്കുറിച്ച് പഠിക്കാൻ വിദഗ്ധ സമിതിയെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സമിതി പഠന റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## കാസർഗോഡ് ജില്ലയിലെ സഹകരണ സംഘങ്ങൾ

234 (587) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലം കാസർഗോഡ് ജില്ലയിൽ എത്ര സഹകരണ സംഘങ്ങൾ പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഈ സംഘങ്ങളിൽ എത്രയെണ്ണം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ജില്ലയിൽ പുതുതായി എത്ര സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലം കാസർഗോഡ് ജില്ലയിൽ ആകെ 105 സംഘങ്ങൾ പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ സംഘങ്ങളിൽ 72 എണ്ണം മാത്രമേ കാര്യക്ഷമമായി പ്രവർത്തിക്കുന്നുള്ളൂ.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ 6 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## കൺസ്യൂമർഫെഡിന്റെ കീഴിലുള്ള അരിക്കടകൾ

235 (588) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൺസ്യൂമർ ഫെഡിന്റെ കീഴിൽ അരിക്കടകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇത്തരം എത്ര അരിക്കടകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടെന്നും പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത അരിക്കടകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു; അത് നേടാൻ സാധിച്ചിട്ടുണ്ടോ;

(ഡി) ഇവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കൺസ്യൂമർ ഫെഡിന്റെ കീഴിൽ സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അരിക്കട ആരംഭിച്ചിട്ടുണ്ട്. അരിയുടെ ക്ഷാമം പരിഹരിക്കുന്നതിന് കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് ഫലപ്രദമായി മാർക്കറ്റിൽ ഇടപെടുന്നതിന് തീരുമാനിക്കുകയും ഇതുവഴി അരിക്കടകൾ ആരംഭിച്ച് സുവർണ്ണമസൂരി അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ പൊതുജനങ്ങൾക്ക് വിൽപ്പന നടത്തിവരികയും ചെയ്തുവരുന്നു.

(ബി) ഇത്തരത്തിൽ 678 അരിക്കടകൾ സംസ്ഥാനത്ത് ആരംഭിച്ച് പ്രവർത്തിച്ചിട്ടുണ്ട്.

(സി) പ്രസ്തുത അരിക്കടകളുടെ ഉദ്ദേശ്യലക്ഷ്യം അരിയുടെ ക്ഷാമം പരിഹരിക്കുക വഴി പൊതുവിപണിയിലെ വില വർദ്ധനവ് പിടിച്ച് നിർത്തുക എന്നതാണ്. സഹകരണ സംഘങ്ങളുടെ കൂട്ടായ്മയിൽ ഇത്തരം വിപണികൾ ആരംഭിച്ചതിലൂടെ അരിയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും, വിവിധ ലോബികൾ നടത്തുന്ന പൊതു വിപണിയിലെ കടന്നുകയറ്റങ്ങളെ നിയന്ത്രിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(ഡി) വിലയിരുത്തിയിട്ടുണ്ട്. അരിക്കടകളുടെ പ്രവർത്തനം ഫലപ്രദമാണ്. ഇതിന് പൊതുജനങ്ങൾക്കിടയിൽ നല്ല സ്വീകരണമാണ് ലഭിച്ചിട്ടുള്ളത്. അതിന്റെ ഫലമായിട്ടാണ് കൂടുതൽ സംഘങ്ങൾക്ക് അരിക്കട ആരംഭിക്കുന്നതിനുള്ള അനുവാദം നൽകിയിട്ടുള്ളത്.

**ഓർഡിനൻസ് വഴി സഹകരണ നിയമത്തിൽ വരുത്തിയ മാറ്റങ്ങൾ**

236 (589) <u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. അനൂപ് ജേക്കബ്</u> :
<u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓർഡിനൻസിലൂടെ സഹകരണ നിയമത്തിൽ അടിസ്ഥനാപരമായി മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം മാറ്റങ്ങളാണ് നിയമത്തിൽ വരുത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) നിയമങ്ങളിൽ കാതലായ മാറ്റങ്ങൾ വരുത്തിയതിന്റെ അടിയന്തര സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി)

1. വകുപ്പ് 16 A സജീവ അംഗത്വം നിലനിർത്തുന്നതിനുള്ള വ്യവസ്ഥകൾ ഒഴിവാക്കി.

2. സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അർബൻ സഹകരണ ബാങ്കുകളും ഒഴികെ മറ്റ് വിഭാഗത്തിൽപ്പെട്ട സഹകരണ സംഘങ്ങളെ നാമമാത്ര അംഗങ്ങളാക്കി മാറ്റിക്കൊണ്ട് വകുപ്പ് 18 ഭേദഗതി വരുത്തി. വകുപ്പ് 2 (i a) യിലെ നിർവ്വചന പ്രകാരം ജില്ലാ സഹകരണ ബാങ്കുകളിലെ വോട്ടവകാശമുള്ള അംഗത്വം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും അർബൻ സഹകരണ ബാങ്കുകൾക്കുമായി പരിമിതപ്പെടുത്തി.

3. വകുപ്പ് 19 A പ്രകാരം ഒരു സഹകരണ സംഘത്തിന്റെ പൊതുയോഗത്തിൽ നിർബന്ധമായും പങ്കെടുക്കണമെന്ന വ്യവസ്ഥയും സംഘം നൽകുന്ന ഏതെങ്കിലും സേവനങ്ങളെങ്കിലും വിനിയോഗിക്കണമെന്ന വ്യവസ്ഥയും റദ്ദാക്കി.

4. വകുപ്പ് 28 Sub section (1) വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ വാർഡ് അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തണമെന്ന വ്യവസ്ഥ റദ്ദാക്കി.

5. ജില്ലാ സഹകരണ ബാങ്കുകളിലെ ഭരണസമിതികളിൽ പ്രാഥമിക കാർഷിക വായ്പാ സംഘത്തിന്റെ പ്രതിനിധികൾക്ക് സംവരണം ചെയ്തിരിക്കുന്ന സീറ്റുകളുടെ എണ്ണം ഒന്നിൽ നിന്നും രണ്ടാക്കി വകുപ്പ് 28 Sub section (1 H) ഭേദഗതി വരുത്തി.

6. വകുപ്പ് 28 Sub section (II) പ്രകാരം ജില്ലാ സഹകരണ ബാങ്കുകളിലെ ഭരണസമിതികളിൽ പലവക സംഘങ്ങൾക്കായി ഏറ്റവും കുറഞ്ഞത് 4 സീറ്റുകൾ സംവരണം ചെയ്തിരിക്കുന്ന വ്യവസ്ഥ റദ്ദാക്കി.

7. വകുപ്പ് 28 AB യിൽ സഹകരണ സംഘത്തിലെ ഒരംഗത്തിനും തുടർച്ചയായി 2 തവണയിൽ കൂടുതൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നീ പദവികൾ വഹിക്കാൻ പാടില്ലായെന്ന sub clause ഉൾപ്പെടുത്തി.

8. സർക്കാർ ധനസഹായം ലഭ്യമാക്കുന്ന സംഘങ്ങളെ മാത്രമേ സഹകരണ സംഘം രജിസ്ട്രാർക്ക് പിരിച്ചുവിടാൻ കഴിയൂ എന്ന പ്രൊവിസോയുടെ വിശദീകരണമായി ഏതൊക്കെ ധനസഹായമാണ് ഉൾപ്പെടുന്നതെന്ന് വിശദമാക്കിക്കൊണ്ട് വകുപ്പ് 32-ൽ ഭേദഗതി വരുത്തി.

(സി) 14-2-2013-ൽ നടത്തിയ ഭേദഗതി വ്യവസ്ഥകൾ കാരണം സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ പ്രായോഗിക ബുദ്ധിമുട്ട് നേരിട്ട സാഹചര്യത്തിലും സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ ഘടന, പ്രവർത്തനം എന്നിവയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുമാണ് സഹകരണ നിയമങ്ങളിൽ മാറ്റങ്ങൾ വരുത്തിയത്.

**കടുത്തുരുത്തി സഹകരണ ആശുപത്രി ഓഹരി സംബന്ധിച്ച ഫയൽ നടപടി**

237 (590) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി സഹകരണ ആശുപത്രിയുടെ സർക്കാർ വായ്പ, പലിശ എന്നിവ സർക്കാർ ഓഹരിയായി മാറ്റുന്നതു സംബന്ധിച്ച് ബാങ്ക് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 415201/2017/സഹകരണ -ബി നമ്പർ ഫയലിൽ സഹകരണ രജിസ്ട്രാർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; റിപ്പോർട്ടിൻെറ കോപ്പി മേശപ്പുറത്തുവയ്ക്കുമോ ;

(ബി) പ്രസ്തുത ഫയലിൽ അടിയന്തര തീരുമാനമെടുക്കുവാൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) കടുത്തുരുത്തി സഹകരണ ആശുപത്രിയുടെ വായ്പ, പലിശ എന്നിവ സർക്കാർ ഓഹരിയായി മാറ്റുന്നത് സംബന്ധിച്ച് സംഘം സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാറിൽനിന്നും സർക്കാർ ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. റിപ്പോർട്ട് പ്രകാരം സഹ-ബി3/73/2017/സഹ. നമ്പർ ഫയലിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഫയലിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

## കൺസ്യൂമർഫെഡ് വഴി വിതരണം നടത്തിയ അരിയുടെ കണക്ക്

238 (591) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അരിവില നിയന്ത്രിച്ചു നിർത്തുന്നതിന്റെ ഭാഗമായി സഹകരണ ബാങ്കുകളോടനുബന്ധിച്ച് എത്ര അരിക്കടകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവിടെനിന്നും ഒരു കുടുംബത്തിന് എത്ര കിലോ അരി വീതം നൽകുന്നുണ്ട്; വിതരണം ചെയ്യുന്ന അരിയുടെ വില കിലോയ്ക്ക് എത്ര രൂപയാണ്;

(സി) കൺസ്യൂമർഫെഡ് ഇതുവരെ എത്ര ടൺ അരി വാങ്ങി വിതരണം നടത്തിയിട്ടുണ്ട്;

(ഡി) ഇതിന് സബ്സിഡിയായി എത്ര രൂപ ചെലവുവരും; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അരിവില നിയന്ത്രിച്ച് നിർത്തുന്നതിന്റെ ഭാഗമായി സഹകരണ ബാങ്കുകളോട് അനുബന്ധിച്ച് 678 അരിക്കടകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇവിടെ നിന്നും ഒരു കുടുംബത്തിന് ആദ്യഘട്ടത്തിൽ ആഴ്ചയിൽ 5 കിലോയും ഇപ്പോൾ 10 കിലോയും അരി നൽകുന്നുണ്ട്. അരിക്കടകളിലൂടെ വിൽപ്പന നടത്തിവരുന്ന സുവർണ്ണമസൂരി അരിക്ക് കിലോയ്ക്ക് 25 രൂപയാണ്.

(സി) കൺസ്യൂമർഫെഡ് ഇതുവരെ 4800 ടൺ അരി വാങ്ങി വിതരണം നടത്തിയിട്ടുണ്ട്.

(ഡി) അരിക്കടകളുടെ നടത്തിപ്പിലേയ്ക്കായി സബ്സിഡി നിശ്ചയിച്ചിട്ടില്ല. സംഘങ്ങളുടെ ജനറൽ ഫണ്ട് ഉപയോഗിച്ചാണ് അരിക്കടകൾ നടത്തിവരുന്നത്.

## കൺസ്യൂമർഫെഡിന്റെ ലാഭനഷ്ടക്കണക്ക്

239 (592) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലയളവിൽ കൺസ്യൂമർഫെഡിന്റെ ലാഭനഷ്ട കണക്ക് വർഷം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ കൺസ്യൂമർഫെഡിന് എത്ര കോടി രൂപയുടെ പ്രവർത്തന ലാഭമുണ്ടായെന്ന് വ്യക്തമാക്കുമോ;

(സി) കൺസ്യൂമർഫെഡിന്റെ വൈവിധ്യവൽക്കരണത്തിന് സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലയളവിലെ കൺസ്യൂമർഫെഡിന്റെ താൽക്കാലിക ലാഭനഷ്ടക്കണക്ക് വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| വർഷം | നഷ്ടം, കോടിയിൽ |
|---|---|
| 2011-12 | 34.77 കോടി |
| 2012-13 | 119.24 കോടി |
| 2013-14 | 112.88 കോടി |
| 2014-15 | 57.87 കോടി |
| 2015-16 | 29.10 കോടി |

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ കൺസ്യൂമർഫെഡിന്റെ താൽക്കാലിക കണക്ക് പ്രകാരം 64.78 കോടി രൂപയുടെ പ്രവർത്തന ലാഭമുണ്ടായിട്ടുണ്ട്.

(സി) കൺസ്യൂമർഫെഡിന്റെ വൈവിധ്യവത്കരണത്തിനായി ചുവടെ പറയുന്ന നാലോളം പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു.

സ്റ്റുഡന്റ്സ് മാർക്കറ്റ്:

ഈ വരുന്ന അദ്ധ്യയന വർഷാരംഭത്തിൽ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ സംസ്ഥാനത്ത് 250 സ്റ്റുഡന്റ്സ് മാർക്കറ്റുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എല്ലാ നിയോജക മണ്ഡലത്തിലും ചുരുങ്ങിയത് ഒരു സ്റ്റുഡന്റ് മാർക്കറ്റെങ്കിലും പ്രാഥമിക സഹകരണ സംഘങ്ങളുടെയോ സ്കൂളുകളുടെയോ നേതൃത്വത്തിൽ ആരംഭിക്കും. വിദ്യാർത്ഥികൾക്ക് ആവശ്യമായ മുഴുവൻ സാധനങ്ങളും ഒരു മേൽക്കൂരയ്ക്ക് കീഴിൽ ലഭ്യമാക്കുക എന്നതാണ് സ്റ്റുഡന്റ്സ് മാർക്കറ്റുകൊണ്ട് ഉദ്ദേശിക്കുന്നത്. പ്രമുഖ കമ്പനികളുടെയും കുടുംബശ്രീപോലുള്ള കൂട്ടായ്മകളും ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ മാർക്കറ്റ് വിലയേക്കാൾ 20 ശതമാനം കുറഞ്ഞ വിലയ്ക്ക് വിൽപ്പന നടത്തുന്നതിനാണ് ലക്ഷ്യമിടുന്നത്.

ഇ-ത്രിവേണികളുടെ പ്രവർത്തനം വ്യാപിപ്പിക്കൽ :

ഓഫീസ് സ്റ്റേഷനറി സാധനങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് കൺസ്യൂമർ ഫെഡ് ആരംഭിച്ച നാല് ഇ-ത്രിവേണികൾക്ക് പുറമേ 24 എണ്ണം കൂടി പുതുതായി ആരംഭിക്കുന്നതിന് തീരുമാനിച്ചു. ഇതിനായി 1.85 കോടി രൂപ സബ്സിഡിയായി സർക്കാർ അനുവദിച്ചിട്ടുണ്ട്.

ത്രിവേണി ഓൺലൈൻ ട്രേഡിംഗ്:

തെരഞ്ഞെടുക്കപ്പെട്ട ത്രിവേണികളിൽ ഓൺലൈൻ ട്രേഡിംഗിന് ആവശ്യമായ നടപടികൾ ആരംഭിച്ചുവരുന്നു. ഷോപ്പുകളിൽ വന്ന് നേരിട്ട് സാധനങ്ങൾ വാങ്ങാൻ കഴിയാത്ത വ്യക്തികൾക്ക് ഓൺലൈനായി സാധനങ്ങൾ വാങ്ങുന്നതിനും അവ വീട്ടിൽ എത്തിക്കുന്നതിനും ഈ ഇടപെടൽ വഴിയൊരുക്കും.

നീതി ശൃംഖലയുടെ വ്യാപനം:

വിലനിലവാരം പിടിച്ചുനിർത്തുന്നതിനും ശക്തമായ മാർക്കറ്റ് ഇടപെടൽ നടത്തുന്നതിനുമായി സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കൺസ്യൂമർഫെഡ് മുൻകയ്യെടുത്ത് 2000 നീതി ഔട്ട്ലെറ്റുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരേ ബ്രാൻഡും ലോഗോയും ഉപയോഗിക്കുന്നതും പൂർണ്ണമായും കമ്പ്യൂട്ടർവത്കരിച്ചതുമായ ഒരു ശൃംഖല രൂപീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

**സീ പ്ലെയിൻ പദ്ധതി**

240 (593) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച "സീ പ്ലെയിൻ പദ്ധതി" പുനഃരാരംഭിക്കാൻ നടപടികൾ ഉണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടോ; കാസർഗോഡ് ജില്ലയിൽ എത്ര ജീവനക്കാർ ഇത്തരത്തിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സീ പ്ലെയിൻ പദ്ധതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ മുൻഗണനാ സർക്യൂട്ടിൽ ഉൾപ്പെട്ട അഷ്ടമുടി, പുന്നമട, ബേക്കൽ എന്നിവിടങ്ങളിൽ ആരംഭിക്കുകയും അഷ്ടമുടി, പുന്നമട എന്നിവിടങ്ങളിൽ ഇവ പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. എങ്കിലും ആവശ്യമായ എല്ലാ അനുമതികളും രേഖകളും ലഭ്യമായിട്ടുള്ള സീ പ്ലെയിനുകളുമായി സേവനമാരംഭിക്കുവാൻ ഇതുവരെ ഓപ്പറേറ്റർമാരാരും തന്നെ മുന്നോട്ടുവന്നിട്ടില്ലാത്തതിനാൽ സേവനം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. ഓപ്പറേറ്റർമാർ ഇത്തരത്തിൽ സേവന സന്നദ്ധരായി മുന്നോട്ടുവന്നാൽ മാത്രമേ സേവനം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) സീ പ്ലെയിൻ പദ്ധതിക്കായി ഒരുക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ, ഉപകരണങ്ങൾ മുതലായവയുടെ സുരക്ഷയ്ക്കായി കേരള പോലീസിന് കീഴിലുള്ള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് (എസ്.ഐ.എസ്.എഫ്.)-ന്റെ സേവനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി 3 എസ്.ഐ.എസ്.എഫ്. ജീവനക്കാർ കാസർഗോഡ് ജില്ലയിൽ ജോലി ചെയ്യുന്നുണ്ട്.

## വേളി ടൂറിസ്റ്റ് വില്ലേജിൽ ബോട്ട് യാത്ര നിർത്തിവച്ച സാഹചര്യം

241 (594) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേളി ടൂറിസ്റ്റ് വില്ലേജിൽ കായലിൽ കുളവാഴകൾ പെരുകിയതുമൂലം ബോട്ട് യാത്ര നിർത്തിവയ്ക്കേണ്ട സാഹചര്യം സംജാതമായിട്ടുണ്ടോ;

(ബി) ഈ സ്ഥിതിവിശേഷം വിനോദസഞ്ചാരികളെ ഈ ടൂറിസ്റ്റ് കേന്ദ്രത്തിൽനിന്നും അകറ്റുന്ന സ്ഥിതി വിശേഷം ഉണ്ടായിട്ടുണ്ടെന്നും ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന് നഷ്ടമുണ്ടാക്കിയിട്ടുണ്ടെന്നുമുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) യഥാസമയം കുളവാഴകൾ നീക്കം ചെയ്യാതെ ഈ വിനോദസഞ്ചാര കേന്ദ്രത്തിന്റെ പ്രധാന ആകർഷണമായ ബോട്ട് യാത്ര മുടങ്ങുന്ന സ്ഥിതി വിശേഷമുണ്ടാക്കിയതിന് കാരണം വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലാത്ത താണെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ എന്താണ് ഈ സ്ഥിതി വിശേഷത്തിന് ഇടയാക്കിയത്;

(ഡി) ഈ വിനോദസഞ്ചാര കേന്ദ്രത്തെ ശരിയായി പരിപാലിക്കുന്നതിനും ബോട്ട് യാത്ര പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബോട്ട് യാത്ര നിർത്തിവച്ച സാഹചര്യം കെ.റ്റി.ഡി.സി.യുടെ വരുമാനത്തിൽ ഇടിവ് വരുത്തിയിട്ടുണ്ട്.

(സി) ഇല്ല. കുളവാഴകൾ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ബോട്ട് യാത്ര പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## കേരളം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ സ്ഥിതിവിവര കണക്കുകൾ

242 (595) ശ്രീ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ സ്ഥിതി വിവരകണക്കനുസരിച്ച് കേരളം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികൾ എത്ര;

(ബി) ഇവർ സഞ്ചരിച്ച വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതെല്ലാം; ജില്ലതിരിച്ച് സ്ഥലങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ചികിത്സയ്ക്കുവേണ്ടി വിദേശികൾ കേരളത്തിൽ ഏതെല്ലാം സ്ഥലങ്ങളിൽ എത്തുന്നുവെന്ന് വിശദമാക്കുമോ;

(ഡി) മറ്റുരാജ്യങ്ങളിൽ നിന്നും രോഗികൾ ചികിത്സയ്ക്ക് എത്തുന്ന പ്രധാന കേന്ദ്രമായ കോട്ടക്കൽ ആര്യവൈദ്യശാല പ്രദേശം കേന്ദ്രമാക്കി ഒരു വിനോദ സഞ്ചാര സോൺ പ്രാഖ്യാപിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-ലെ സ്ഥിതിവിവര കണക്കനുസരിച്ച് കേരളം സന്ദർശിച്ച വിദേശ വിനോദസഞ്ചാരികളുടെ എണ്ണം 10,38,419 (പത്ത് ലക്ഷത്തി മുപ്പത്തി യെട്ടായിരത്തി നാന്നൂറ്റി പത്തൊമ്പത്) ആണ്.

(ബി) ഇവർ സഞ്ചരിച്ച പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(സി) വിദേശികൾ കേരളത്തിൽ ഏതെല്ലാം സ്ഥലങ്ങളിൽ ചികിത്സയ്ക്കുവേണ്ടി എത്തുന്നുവെന്നതിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ഈ വകുപ്പിൽ ശേഖരിച്ചിട്ടില്ല.

(ഡി) പരിശോധിക്കാവുന്നതാണ്.

**വിനോദസഞ്ചാര മേഖലയിലെ നൂതന പദ്ധതികൾ**

243 (596) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിൽ മുന്നോട്ടുവയ്ക്കുന്ന നൂതന പദ്ധതികൾ എന്തെല്ലാം;

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി വിനോദസഞ്ചാര മേഖലയിൽ ഇതിനകം അംഗീകരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാം എന്ന് വെളിപ്പെടുത്താമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ)

- ടൂറിസം വികസനം ലക്ഷ്യമിട്ടുകൊണ്ട് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട ഡെസ്റ്റിനേഷനുകളുടെ അടിസ്ഥാന സൗകര്യം നിറവേറ്റുന്നതിനും ഊന്നൽ നൽകിക്കൊണ്ട് ഗ്രീൻ കാർപ്പെറ്റ് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.
- നവമാധ്യമങ്ങളിലെ പ്രചാരണങ്ങളുടെ ഭാഗമായി ഗോ കേരള ആപ്പ്, ലോവസ്റ്റ് യൂണിക് ബിഡ് എന്നീ വിപണന പരിപാടികൾ നടപ്പിലാക്കിവരുന്നു.
- THP (Thalassery Heritage Project)-ലെ തലശ്ശേരി ഉൾപ്പെടുന്ന ചരിത്രപ്രധാന സ്ഥലങ്ങൾ, സ്മാരകങ്ങൾ എന്നിവ ബന്ധപ്പെടുത്തി THCP (Thalassery Heritage Circuit Project) നടപ്പിലാക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചുവരുന്നു.
- ആലപ്പുഴ പൈതൃക ടൂറിസം പദ്ധതി നടപ്പിൽ വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.
- ഉത്തരവാദിത്വ ടൂറിസം എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസത്തിന് പ്രത്യേക മിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- ഹൗസ് ബോട്ടുകൾ, ആയുർവ്വേദ സെന്ററുകൾ, ഹോംസ്റ്റേകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയ സർവ്വീസ് മേഖലകൾക്ക് ഉത്തരവാദിത്വ ടൂറിസത്തിലൂന്നിയ ക്ലാസിഫിക്കേഷൻ സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി വിനോദസഞ്ചാര പദ്ധതികൾ യാതൊന്നും അംഗീകരിച്ചിട്ടില്ല.

**വിദേശ ടൂറിസ്റ്റുകളുടെ കുറവ്**

244 (597) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലേയ്ക്കുള്ള വിദേശ ടൂറിസ്റ്റുകളുടെ വരവ് ഗണ്യമായി കുറഞ്ഞിട്ടുണ്ടെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിജസ്ഥിതി യെന്തെന്ന് വ്യക്തമാക്കുമോ;

(ബി) വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) തെരുവ് നായകളുടെ ആക്രമണ ഭീഷണിമൂലം വിദേശ ടൂറിസ്റ്റുകളുടെ വരവിൽ കുറവുണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരളത്തിലേയ്ക്കുള്ള വിദേശ ടൂറിസ്റ്റുകളുടെ വരവ് കുറഞ്ഞിട്ടില്ല. കഴിഞ്ഞ രണ്ട് വർഷത്തെ വിദേശ ടൂറിസ്റ്റുകളുടെ വരവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു :

| വർഷം | വിദേശ വിനോദ സഞ്ചാരികൾ | വളർച്ചാ നിരക്ക് |
|---|---|---|
| 2015 | 9,77,479 | 5.86% |
| 2016 | 10,38,419 | 6.23% |

(ബി) വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു :

- കേരള ടൂറിസം വിപണി വിപുലീകരിക്കുന്നതിനായി വിദേശ രാജ്യങ്ങളിൽ റോഡ് ഷോകളും ട്രേഡ് ഫെയറുകളും സംഘടിപ്പിച്ചുവരുന്നു.
- ഉത്തരവാദിത്വ ടൂറിസം പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- കേരളത്തെ വിവാഹ/MICE ടൂറിസത്തിന്റെ പ്രധാന ലക്ഷ്യസ്ഥാനമായി മാറ്റുന്നതിനുള്ള ഓൺലൈൻ/ഓഫ് ലൈൻ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.
- നവ മാധ്യമങ്ങളുടെ സഹായത്തോടെ കേരളത്തിന്റെ ടൂറിസം സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- കേരള ബ്ലോഗ് എക്സ്പ്രസ് പോലുള്ള നവീന മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പാക്കിവരുന്നു.
- വിനോദസഞ്ചാരികളെയും കലാസ്വാദകരെയും ആകർഷിക്കുന്നതിനായി കൊച്ചി ബിനാലെ കേരള ടൂറിസത്തിന്റെ സഹകരണത്തോടെ സംഘടിപ്പിച്ചുവരുന്നു.

(സി) തെരുവ് നായകളുടെ ആക്രമണ ഭീഷണിമൂലം വിദേശ ടൂറിസ്റ്റുകളുടെ വരവിൽ കുറവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ശബരിമല-എരുമേലി-പമ്പ-സന്നിധാനം വികസനം**

245 (598) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ശബരിമല-ഏരുമേലി -പമ്പ-സന്നിധാനം വികസനത്തിനായി കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽനിന്നും അനുവദിച്ച തുകയുടെയും പദ്ധതിയുടെയും വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കേന്ദ്ര സഹായ പദ്ധതികളുടെ ഇതുവരെയുള്ള നടത്തിപ്പും പുരോഗതിയും വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി സ്പിരിച്വൽ ടൂറിസം സർക്യൂട്ടായ ശബരിമല-എരുമേലി-പമ്പ-സന്നിധാനം വികസനത്തിനായി കേന്ദ്ര ടൂറിസം മന്ത്രാലയം 9998.92 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 1999.78 ലക്ഷം രൂപ ആദ്യഗഡുവായി അനുവദിച്ചിട്ടുണ്ട്. എരുമേലി വികസനത്തിനായി 280.18 ലക്ഷം രൂപയും പമ്പയുടെ വികസനത്തിനായി 3296.52 ലക്ഷം രൂപയും ട്രക്കിംഗ് പാത്തിനായി 2655.63 ലക്ഷം രൂപയും സന്നിധാനം വികസനത്തിനായി 3290.46 ലക്ഷം രൂപയുടെയും അനുമതികളാണ് പ്രധാനമായും ഇതിൽ ഉൾപ്പെടുന്നത്.

(ബി) 27-12-2016-ൽ സംസ്ഥാന ഭരണാനുമതി ലഭിച്ച ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല High Power Committee for the Implementation of Sabarimala Master Plan ചെയർമാന് നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭ ഘട്ടത്തിലാണ്.

**ടൂറിസം മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ**

246 (599) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. എം. മുകേഷ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണ്;

(ബി) ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2015-ലെ ടൂറിസം സാറ്റലൈറ്റ് അക്കൗണ്ട് റിപ്പോർട്ടിലെ പ്രധാന നിഗമനങ്ങളും നിർദ്ദേശങ്ങളും സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) വിനോദസഞ്ചാര മേഖലയിൽ നൂതന ഉത്പന്ന-വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും ഇതിനായി പരമ്പരാഗത രീതിയോടൊപ്പം വിവര സാങ്കതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ടൂറിസം മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി ചുവടെ ചേർക്കുന്ന കാര്യങ്ങൾ നടപ്പാക്കി വരുന്നു:

- ടൂറിസം മേഖലയിലുള്ള സ്ഥാപനങ്ങളുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനായി ക്ലാസിഫിക്കേഷൻ സ്കീമുകൾ നടപ്പാക്കി വരുന്നു.
- ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും ആളുകളെയും പ്രോത്സാഹിപ്പിക്കുന്നതിനായി ടൂറിസം അവാർഡുകൾ നൽകിവരുന്നു.
- ടൂറിസം മേഖലയിലുള്ള സംരംഭകരുടെ ഉത്പന്നങ്ങൾ കേരളത്തിനകത്തും പുറത്തും വിപണനം ചെയ്യുന്നതിനായി കേരള ടൂറിസത്തിന്റെ സഹകരണത്തോടെ കേരള ട്രാവൽ മാർട്ട് സംഘടിപ്പിച്ചുവരുന്നു.
- വിദേശ-സ്വദേശ സഞ്ചാരികളെ ആകർഷിക്കുന്നതിനായി കേരള ടൂറിസത്തിന്റെ സഹകരണത്തോടെ കൊച്ചി ബിനാലെ രണ്ട് വർഷത്തിലൊരിക്കൽ സംഘടിപ്പിച്ചുവരുന്നു.
- കേരളത്തിന്റെ ടൂറിസത്തിന്റെ വിപണി ശക്തിപ്പെടുത്തുന്നതിനായി ഇന്ത്യയ്ക്കകത്തും വിദേശരാജ്യങ്ങളിലും ട്രേഡ് ഫെയറുകളും റോഡ് ഷോകളും സംഘടിപ്പിച്ചുവരുന്നു.
- ഓഫ് സീസണുകളിൽ വിനോദസഞ്ചാരികളുടെ വരവ് കുറയാതിരിക്കുന്നതിനായി ഓഫ് സീസൺ ക്യാമ്പയിനുകൾ സംഘടിപ്പിച്ചുവരുന്നു.
- നവ മാധ്യമങ്ങളുടെ സഹായത്തോടെ കേരളത്തിന്റെ ടൂറിസം സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- കേരള ബ്ലോഗ് എക്സ്പ്രസ് പോലുള്ള നവീന മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പാക്കിവരുന്നു.
- മുസിരിസ്, സ്പൈസ് റൂട്ട് എന്നിവയെ മുൻനിർത്തി ടൂറിസം സാധ്യതകൾ വർദ്ധിപ്പിച്ചുവരുന്നു.

(ബി) ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ടൂറിസം വികസനം സാധ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**ടൂറിസം പദ്ധതികൾ**

247 (600) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്; വ്യക്തമാക്കുമോ;

(ബി) ഓരോ ജില്ലയിലും ടൂറിസവുമായി ബന്ധപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കുമോ;

(സി) ഏറനാട് മണ്ഡലത്തിലെ അരീക്കോട്-കീഴുപറമ്പ് പഞ്ചായത്തുകളെ ബന്ധിപ്പിച്ച് ചാലിയാർ പുഴ ടൂറിസം കോറിഡോർ നടപ്പിലാക്കുന്നതിന് വിശദമായ പ്രോജക്ട് തയ്യാറായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിക്കാവശ്യമായ വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ ജില്ല തിരിച്ച് ഇതോടൊപ്പം അനുബന്ധം ' എ ' ആയി ചേർത്തിരിക്കുന്നു.*

(സി) ഇല്ല.

(ഡി) പദ്ധതി തയ്യാറാക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**മണിയാർ ഡാം കേന്ദ്രമാക്കി ടൂറിസം പദ്ധതി**

248 (601) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാർ ഡാം കേന്ദ്രമാക്കി ബൃഹത്തായ ടൂറിസം പദ്ധതിക്ക് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ വിശദമായ പ്രോജക്ട് തയ്യാറാക്കാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയെന്ന് വ്യക്തമാക്കുമോ;

(സി) മണിയാർ ടൂറിസം പദ്ധതിയിൽ എന്തൊക്കെയാണ് വിഭാവനം ചെയ്തിരിക്കുന്നതെന്നും എത്ര രൂപയാണ് ഇതിനായി ചെലവഴിക്കുക എന്നും പദ്ധതിയുടെ നിർമ്മാണ ചുമതല ആർക്കാണെന്നും പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ എന്ന് ആരംഭിക്കാനാകുമെന്നുമുള്ളതിന്റെ വിശദാംശം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) മണിയാർ ഡാം കേന്ദ്രീകരിച്ച് പുതിയ ടൂറിസം പദ്ധതിക്കായുള്ള രൂപരേഖ (ഡി.പി.ആർ.) പരിശോധിച്ചുവരുന്നു.

(ബി) കേരള ഇലക്ട്രിക്കൽസ് & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) സെക്യൂരിറ്റി ക്യാബിൻ, യൂട്ടിലിറ്റി സ്പെയ്സ്, ടിക്കറ്റ് കൗണ്ടർ, മണ്ഡപം, വാച്ച് ടവർ, പെയിന്റ് ബാൾ ഏരിയ, സയൻസ് പാർക്ക്, ചിൽഡ്രൻസ് പ്ലേ ഏരിയ, പാർക്കിംഗ് ഒ.എ.റ്റി., മ്യൂസിക്കൽ ഫൗണ്ടൻ, ബൊട്ടാണിക്കൽ ഗാർഡൻ & ബട്ടർഫ്ലൈ ഗാർഡൻ, എൻട്രൻസ് ബ്രിഡ്ജ്, നിലവിലുള്ള കെട്ടിടങ്ങളുടെ പുനരുദ്ധാരണം, റോപ്പ് കോഴ്സ്, ട്രക്കിംഗ് കേബിൾ കാർ, ട്രീ ഹൗസ്, ആർച്ചറി & ഗോൾഫ് ഏരിയ, വേസ്റ്റ് ഡിസ്പോസൽ സിസ്റ്റം, റസ്റ്റോറന്റ് കം അഡ്മിൻ-കം അക്കോമഡേഷൻ, ഡ്രൈവ് ഇൻ അക്വേറിയം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി 42,18,75,573 രൂപയുടെ രൂപരേഖയാണ് സമർപ്പിച്ചിട്ടുള്ളത്. ഈ പദ്ധതി പ്രൊപ്പോസൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**അരിപ്പാറ വികസന പദ്ധതികൾ**

249 (602) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് അരിപ്പാറ വിനോദസഞ്ചാര കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കേന്ദ്രത്തിൽ എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് വിഭാവനം ചെയ്യുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് എന്ന് തുടക്കമിടാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) കോഴിക്കോട് അരിപ്പാറ വിനോദസഞ്ചാര കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ടോയിലെറ്റ് ബ്ലോക്ക്, നടപ്പാത, തൂക്കുപാലം തുടങ്ങിയവയ്ക്കായുള്ള പ്രൊപ്പോസൽ ടൂറിസം ഡയറക്ടർ തയ്യാറാക്കിവരുന്നു.

## മലബാറിലെ ടൂറിസം വികസന സാധ്യതകൾ

250 (603) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ വർദ്ധിച്ചു വരുന്ന ടൂറിസം വികസന സാധ്യതകൾ കണക്കിലെടുത്ത് പ്രത്യേക ടൂറിസം പദ്ധതികളുടെ നടത്തിപ്പിന് സാമ്പത്തിക സഹായത്തിനായി കേന്ദ്രസർക്കാരിനെ സമീപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനോട് കേന്ദ്ര സർക്കാർ എന്തു സമീപനമാണ് കൈക്കൊണ്ടതെന്നും എന്തെങ്കിലും വാഗ്ദാനം നൽകിയിട്ടുണ്ടോ എന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) നിലവിൽ സമീപിച്ചിട്ടില്ല.

(ബി) ബാധകമല്ല.

## കിറ്റ്സിന്റെ പ്രവർത്തനങ്ങൾ

251 (604) ശ്രീ. ബി.സത്യൻ :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിറ്റ്സ് (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആന്റ് ടൂറിസം സ്റ്റഡീസ്)ന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) കിറ്റ്സിൽ ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളതെന്നും കോഴ്സുകൾ പൂർത്തിയാക്കുന്നവരുടെ ജോലി സാധ്യതകൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) കിറ്റ്സിന്റെ പുതിയ സെന്ററുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ;

(ഡി) കിറ്റ്സിനെ കാലോചിതമായി പരിഷ്കരിക്കുന്നതിനും കിറ്റ്സിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കിറ്റ്സിന്റെ പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി ചെയർമാനും ടൂറിസം പ്രിൻസിപ്പൽ സെക്രട്ടറി വൈസ് ചെയർമാനുമായുള്ള കിറ്റ്സിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അവലോകനം ചെയ്യാറുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കിറ്റ്സിന്റെ പുതിയ സാറ്റലൈറ്റ് സെന്റർ തൃശ്ശൂർ കോർപ്പറേഷൻ ബിൽഡിംഗിൽ 2017 മേയ് മുതൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ഡി) കിറ്റ്സിനെ കാലോചിതമായി പരിഷ്കരിക്കുന്നതിനും കിറ്റ്സിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**ഭിന്നശേഷി സൗഹൃദ വിനോദസഞ്ചാര കേന്ദ്രങ്ങൾ**

252 (605) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. കെ. വി. വിജയദാസ്</u> :
<u>ശ്രീ. കെ. ആൻസലൻ</u> :
<u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ ഭിന്നശേഷിക്കാരായ വിനോദസഞ്ചാരികൾക്കു കൂടി സൗകര്യപ്രദമായ രീതിയിൽ മാറ്റിയെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) ഏതെല്ലാം തരത്തിലുള്ള സൗകര്യങ്ങളാണ് ഭിന്നശേഷിക്കാർക്കായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിന്റെ ഭാഗമായി, ടൂറിസം കേന്ദ്രങ്ങളുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, അവിടെ വരുത്തേണ്ട മാറ്റങ്ങൾ എന്നിവയെ സംബന്ധിച്ച് വിശദമായ പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഈ മേഖലയിൽ പ്രവർത്തിച്ച് വരുന്ന വിവിധ ഏജൻസികൾ, സംഘടനകൾ, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവയുമായി കൂടിയാലോചിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സംസ്ഥാന ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന "ഗ്രീൻ കാർപ്പറ്റ് " എന്ന പദ്ധതിയിൽ ഭിന്നശേഷിക്കാർക്കുകൂടി സൗകര്യപ്രദമായ രീതിയിൽ ടൂറിസം കേന്ദ്രങ്ങളിൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സാധ്യതകൂടി വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) ഭിന്നശേഷിക്കാർക്കായി ടൂറിസം കേന്ദ്രങ്ങളെ അനുഭവവേദ്യമാക്കാൻ തക്കമുള്ള ഭിന്നശേഷി ടൂറിസ്റ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ഭിന്നശേഷി സൗഹൃദ ടോയ്‌ലെറ്റുകൾ, റാമ്പുകൾ, നടപ്പാതകൾ, വിശ്രമമുറികൾ, പ്രത്യേക പാർക്കിംഗ് മേഖലകൾ എന്നിവ ഒരുക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിനായി ഓരോ ടൂറിസം കേന്ദ്രങ്ങളുടെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, നിലവിലെ അടിസ്ഥാന സൗകര്യങ്ങൾ, വരുത്തേണ്ടതായ മാറ്റങ്ങൾ എന്നിവയെ സംബന്ധിച്ച വിശദമായ പരിശോധന ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന "ഗ്രീൻ കാർപ്പറ്റ് " പദ്ധതിയിൽ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നത് ഉൾപ്പെടെ ഭിന്നശേഷി സൗഹൃദ സംരംഭം കൂടി ഉൾപ്പെടുത്തുവാനാണ് ആലോചിക്കുന്നത്.

(സി) ടൂറിസം കേന്ദ്രങ്ങളുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, അവിടെ വരുത്തേണ്ട മാറ്റങ്ങൾ എന്നിവയെ സംബന്ധിച്ച പരിശോധന നടത്തിവരുന്നു.

(ഡി) പരിശോധിക്കാവുന്നതാണ്.

**ഫോർട്ട് കൊച്ചിയിലെ ചീനവലകളുടെ സംരക്ഷണം**

253 (606) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ട് കൊച്ചിയിലെ ചരിത്ര പ്രാധാന്യമർഹിക്കുന്ന ചീനവലകൾ സംരക്ഷിക്കുന്നതിനായി 2014-ൽ ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയ ഒന്നരക്കോടി രൂപയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണവും ഇക്കാര്യത്തിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടിയും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ പ്രവൃത്തികൾക്ക് ആവശ്യമായ തടി ലഭ്യമാക്കുന്നതിന് വനം വകുപ്പ് മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്.

**അഴീക്കൽ ബീച്ചിന്റെ ദയനീയാവസ്ഥ പരിഹരിക്കാൻ നടപടി**

254 (607) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽപ്പെട്ട ആലപ്പാട് പഞ്ചായത്തിലെ അഴീക്കൽ ബീച്ചിന്റെ ദയനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടത്തെ പ്രാഥമിക സൗകര്യങ്ങളുടെ കുറവും സുരക്ഷിതത്വമില്ലായ്മയും ഇവിടെ എത്തുന്ന സഞ്ചാരികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ബീച്ചിൽ ലൈഫ് ഗാർഡുകളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ നിലവിലെ സൗകര്യങ്ങൾ വിപുലപ്പെടുത്തണമെന്നുള്ള ആവശ്യം പരിഗണിച്ച് അഴീക്കൽ ബീച്ചിൽ വിനോദസഞ്ചാരികൾക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിനായി വകുപ്പ് വിവിധ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. നടപ്പാത, ഗാലറി, പടിപ്പുര, സ്റ്റേജ് എന്നിവയുടെ നിർമ്മാണം ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ശുചിമുറി ഉൾപ്പെടെ ഒരു ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ പണി കഴിപ്പിക്കുന്നതിനായി പണം വകയിരുത്തിയിരുന്നുവെങ്കിലും ആവശ്യമായ സ്ഥലം ലഭ്യമല്ലാതിരുന്നതിനാൽ അത് നിർമ്മിക്കാൻ സാധിച്ചില്ല.

(ബി) നിലവിൽ ലൈഫ് ഗാർഡുകളുടെ സേവനം ഈ ബീച്ചിൽ ലഭ്യമാക്കിയിട്ടുണ്ട്.

**കോഴിക്കോട് ജില്ലയിലെ ടൂറിസം പദ്ധതി**

255 (608) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ ഏതെല്ലാം ടൂറിസം പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്; ഈ പദ്ധതികൾ ഏതൊക്കെ മണ്ഡലത്തിലാണെന്നും എത്ര കോടി രൂപയാണ് അടങ്കൽ തുക എന്നതും അറിയിക്കാമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി ലഭിക്കാൻ സമർപ്പിക്കപ്പെട്ട എത്ര പദ്ധതികൾ ഉണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ)

| ക്രമ നമ്പർ | പദ്ധതികളുടെ വിശദാംശങ്ങൾ | അടങ്കൽ തുക | പ്രതിനിധീകരിക്കുന്ന മണ്ഡലം |
|---|---|---|---|
| 1. | മിഠായി തെരുവ് | 3.645 കോടി | കോഴിക്കോട് സൗത്ത് |
| 2. | മാനാഞ്ചിറ സ്ക്വയർ | 1.70 കോടി | കോഴിക്കോട് സൗത്ത് |
| 3. | ബീച്ച് ബ്യൂട്ടിഫിക്കേഷൻ | 50 ലക്ഷം | കോഴിക്കോട് സൗത്ത് |
| 4. | ഭട്ട് റോഡ് ബീച്ച് റിപ്പയർ | 8 ലക്ഷം | കോഴിക്കോട് സൗത്ത് |
| 5. | ടൂറിസം ഡെസ്റ്റിനേഷൻ സെന്ററുകളിൽ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിക്കൽ. | 10.5 ലക്ഷം | ജില്ലയൊട്ടാകെ |
| 6. | ടൂറിസം ഇൻഫർമേഷൻ സെന്റർ ജോയിന്റ് ഡയറക്ടർ ഓഫീസ് | 1.95 കോടി | കോഴിക്കോട് സൗത്ത് |
| 7. | SIHM ബോയ്സ് ഹോസ്റ്റലിന്റെ നിർമ്മാണം | 4.35 കോടി | കോഴിക്കോട് സൗത്ത് |

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ ഭരണാനുമതിക്കായി പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ല.

**തീർത്ഥാടന ടൂറിസം**

256 (609) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീർത്ഥാടന ടൂറിസം വികസനത്തിനായുള്ള കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പ്രസാദ് സ്കീമിൽ കേരളത്തിൽനിന്നും ഇതുവരെ എത്ര കേന്ദ്രങ്ങളാണ് തെരഞ്ഞെടുത്തതെന്ന് അറിയിക്കുമോ;

(ബി) തീർത്ഥാടന ടൂറിസത്തിന്റെ അനന്തമായ സാധ്യതകൾക്കനുസരിച്ച് പ്രസ്തുത സ്കീമിൽ കൂടുതൽ കേന്ദ്രങ്ങൾ ഉൾപ്പെടുത്തുന്നതിനായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ;

(സി) തീർത്ഥാടന കേന്ദ്രത്തിൽ എത്തുന്ന തീർത്ഥാടകർക്കും സഞ്ചാരികൾക്കും താമസവും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിൽ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുമോ?

<u>ഉത്തരം</u>

(എ) പ്രസാദ് സ്കീമിൽ കേരളത്തിൽനിന്നും ഗുരുവായൂർ ക്ഷേത്ര വികസന പദ്ധതി തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) പദ്ധതി പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് പ്രസാദ് സ്കീമിന്റെ മാനദണ്ഡങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

(സി) പ്രസാദ് സ്കീമിൽ ഊന്നി പരിശോധിക്കാവുന്നതാണ്.

**വിനോദസഞ്ചാര പദ്ധതികൾ**

257 (610) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിനോദസഞ്ചാര പദ്ധതികൾക്കായി എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) ഇത് ഏതൊക്കെ പദ്ധതിക്കാണെന്ന് ഓരോന്നിനും അനുവദിച്ച തുക സഹിതം വിശദമാക്കുമോ;

(സി) കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഒന്നായ കോട്ടയം ജില്ലയിലെ വാഗമണ്ണിന്റെ നിലവിലുള്ള സ്ഥിതി പഠിച്ച്, ഇവിടത്തെ ടൂറിസം വികസനത്തിന് അടിയന്തരമായി പ്രത്യേക തുക അനുവദിക്കാനും ഭരണാനുമതി നൽകുവാനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര പദ്ധതികൾക്ക് മാത്രമായി 228.17 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) വാഗമണ്ണിന്റെ വികസനത്തിനായി പത്തനംതിട്ട, ഗവി, വാഗമൺ, തേക്കടി ഇക്കോ ടൂറിസം സർക്യൂട്ട് തുടങ്ങിയ വിവിധ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കുള്ള ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ

258 (611) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കുള്ള ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള സർക്കാർ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) തദ്ദേശീയരും വിദേശീയരുമായ നിരവധി വിനോദസഞ്ചാരികളെത്തുന്ന കേന്ദ്രങ്ങളായ മൂന്നാർ, കോവളം, വയനാട്, പൊൻമുടി തുടങ്ങിയ സ്ഥലങ്ങളിലെ റോഡുകളുടെ ശോചനീയാവസ്ഥ മാറ്റുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇവിടങ്ങളിലെ റോഡുകളുടെ വീതിക്കുറവ്, പാർക്കിംഗ് സൗകര്യമില്ലായ്മ, താമസ സ്ഥലം, അതിലെ പലവിധത്തിലുള്ള ചൂഷണങ്ങൾ ഇവയെല്ലാം വിനോദ സഞ്ചാരികളുടെ വരവിനെ ബാധിക്കുന്നുണ്ടെന്ന കാര്യം സർക്കാർ പരിശോധിക്കുമോ;

(ഡി) വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ സമഗ്രമായ മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യം നീക്കൽ, ശുചീകരണം എന്നീ ലക്ഷ്യത്തിലേയ്ക്കായി ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ എന്ന പദ്ധതി കുടുംബശ്രീ മിഷന്റെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നു. തെരഞ്ഞെടുക്കപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഗ്രീൻ കാർപ്പറ്റ് എന്ന നൂതന പദ്ധതി വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളെ ടൂറിസത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ഇതിന്റെ ഗുണഫലങ്ങൾ പരമാവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടി ലഭ്യമാക്കുന്ന വിധത്തിൽ വ്യാപിപ്പിക്കുന്നതും നടപ്പിൽ വരുത്തുന്നതും സംബന്ധിച്ച വിഷയം പരിഗണനയിലുണ്ട്.

(ബി&സി) പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിലെ റോഡുകളുടെ വികസനം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(ഡി) കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളായ കോവളം, കുമരകം, തേക്കടി, പൊന്മുടി, അഷ്ടമുടി (കൊല്ലം), അതിരപ്പിള്ളി, മലയാറ്റൂർ, നിലമ്പൂർ, പെരുവണ്ണാമൂഴി എന്നീ സ്ഥലങ്ങൾക്കുവേണ്ടി സമഗ്രമായ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തി നടന്നുവരുന്നു. ഫോർട്ട് കൊച്ചിക്കുള്ള അന്തിമ മാസ്റ്റർപ്ലാൻ അംഗീകരിച്ചിട്ടുണ്ട്.

## കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ടൂറിസം വികസന പദ്ധതികൾ

259 (612) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ഏതെല്ലാം ടൂറിസം വികസന പദ്ധതികളാണ് ഇപ്പോൾ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ തയ്യാറാക്കിയിട്ടുള്ള ആപ്പാഞ്ചിറ, ചിറക്കുളം ടൂറിസം പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച ഫയൽ സർക്കാരിന്റെ പക്കലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പുരോഗതിയും വിശദാംശവും വെളിപ്പെടുത്താമോ; പ്രസ്തുത ഫയൽ നമ്പർ ലഭ്യമാക്കാമോ?

ഉത്തരം

(എ) 1. ആപ്പാഞ്ചിറ ടൂറിസം പദ്ധതി

2. എഴുമാൻതുരുത്ത് ടൂറിസം പദ്ധതി.

(ബി) ആപ്പാഞ്ചിറ ടൂറിസം പദ്ധതിയുടെ പണി അന്തിമഘട്ടത്തിലാണ്. ചിറക്കുളം പദ്ധതി വകുപ്പിന്റെ പരിഗണനയിൽ ഇല്ല.

(സി) 21-5-2015-ലെ G.O(Rt)No.180/15/TSM നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആപ്പാഞ്ചിറ ടൂറിസം പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഉൾനാടൻ ജലാശയങ്ങളിലെ വിനോദസഞ്ചാര പദ്ധതി

260 (613) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഉൾനാടൻ ജലാശയങ്ങളെ ബന്ധപ്പെടുത്തി വിനോദസഞ്ചാര പദ്ധതി സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത്തരമൊരു പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ ടൂറിസം വകുപ്പിന്റെ പരിഗണനയിലില്ല.

(ബി) പരിശോധിക്കാവുന്നതാണ്.

**രാമക്കൽമേട് വിനോദസഞ്ചാര മേഖല**

261 (614) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അതിർത്തിയിൽ സ്ഥിതിചെയ്യുന്ന ഇടുക്കിജില്ലയിലെ രാമക്കൽമേട്ടിലെ വിനോദസഞ്ചാര മേഖല തമിഴ്നാടിന്റെ നിയന്ത്രണത്തിലാക്കാനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തമിഴ്നാട് റവന്യൂ, വനം വകുപ്പുകൾ ഈ പ്രദേശം സർവ്വെ നടത്തിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തമിഴ്നാടിൻെറ പ്രസ്തുത ശ്രമത്തിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കൊച്ചുകോവളം എന്നറിയപ്പെടുന്ന പ്രദേശത്തിന്റെ ഇപ്പോഴത്തെ സ്ഥിതി**

262 (615) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ രാജകുടുംബം ഒഴിവുവേളകളിൽ വിശ്രമത്തിനെത്തിയിരുന്ന കൊച്ചുകോവളം (വെള്ളായണികായൽ പരിസരം) എന്നറിയപ്പെടുന്ന പ്രദേശത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ് എന്ന് വിനോദസഞ്ചാര വകുപ്പ് വിലയിരുത്തി വിശദവിവരം നൽകുമോ ;

(ബി) ഇവിടത്തെ തടാകം ജല വിനോദത്തിനും ബോട്ട് സവാരിക്കും ഉപയുക്തമാണോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഇവിടത്തെ നിജസ്ഥിതി വിലയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## വിനോദസഞ്ചാരികളുടെ സന്ദർശനം വർദ്ധിപ്പിക്കാൻ കർമ്മപദ്ധതികൾ

263 (616) ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. കെ. സി. ജോസഫ് :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശ വിനോദസഞ്ചാരികളുടെ സന്ദർശനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) വിനോദ സഞ്ചാരികളുടെ സന്ദർശനം എത്രമാത്രം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(സി) ഇതിനായി ഒരു ടൂറിസം നയം പ്രഖ്യാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ)

- വിദേശ വിപണികളിൽ കേരളത്തിന്റെ ടൂറിസം പ്രാധാന്യം വെളിപ്പെടുത്തുന്നതിനായി കേരള ബ്ലോഗ് എക്സ്പ്രസ്-4 സംഘടിപ്പിച്ചു.
- മുസിരിസ്, സ്പൈസ് റൂട്ട് എന്നിവയെ മുൻനിർത്തി പൈതൃക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.
- ടൂറിസം മേഖലയിലുള്ള സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള ടൂറിസത്തിന്റെ സഹകരണത്തോടെ കേരള ട്രാവൽ മാർട്ട് 2016 സംഘടിപ്പിച്ചു.
- കേരളത്തെ വിവാഹ/MICE ടൂറിസത്തിന്റെ പ്രധാന ലക്ഷ്യസ്ഥാനമായി മാറ്റുന്നതിനുള്ള ഓൺലൈൻ, ഓഫ്‌ലൈൻ പ്രചരണങ്ങൾ നടപ്പാക്കിവരുന്നു.

- വിദേശ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി ജക്കാർത്ത, ടോക്യോ, സിംഗപ്പൂർ, ലണ്ടൻ, നെതർലാന്റ്സ്, മാഡ്രിഡ്, ബെർലിൻ, മോസ്കോ എന്നിവിടങ്ങളിൽ ട്രേഡ് ഫെയറുകളിൽ പങ്കെടുത്തു.

- കേരള ടൂറിസം വിപണി ഉറപ്പാക്കുന്നതിനായി മലേഷ്യ, ആസ്ട്രേലിയ, അയർലന്റ്, സ്വീഡൻ, ജർമനി, ഫ്രാൻസ്, ഇറ്റലി, ചെക്ക് റിപ്പബ്ലിക്ക്, സ്പെയിൻ, റഷ്യ, ഉക്രയിൻ എന്നിവിടങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിച്ചു.

- വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും തദ്ദേശീയർക്ക് ടൂറിസത്തിന്റെ ഗുണഫലങ്ങൾ ലഭ്യമാക്കുന്നതിനുമായി ഉത്തരവാദിത്ത ടൂറിസം പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷങ്ങളിലേതുപോലെ ആനുപാതിക വർദ്ധനവാണ് കേരള ടൂറിസം പ്രതീക്ഷിക്കുന്നത്.

(സി) പുതിയ ടൂറിസം നയം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## വിവിധ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിൽനിന്നും ലഭിക്കുന്ന വരുമാനം

264 (617) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിൽനിന്നും ലഭിക്കുന്ന വരുമാനം സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടോ; എന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് ഈ തുക വിനിയോഗിക്കുന്നത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ദേവസ്വം ബോർഡുകൾക്കും ക്ഷേത്രങ്ങൾക്കുമായി എത്ര തുക അനുവദിച്ചു എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) വാർഷിക സാമ്പത്തിക സഹായധനമായി തിരുവിതാംകൂർ ദേവസ്വം ബോർഡിന് 80,00,000 (എൺപത് ലക്ഷം) രൂപയും, ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന് 20,00,000 (ഇരുപത് ലക്ഷം) രൂപയും, ശ്രീപത്മനാഭ സ്വാമി ക്ഷേത്രം വിദഗ്ദ്ധ സമിതിക്ക് അഞ്ച് ലക്ഷം രൂപയും, കൊച്ചിൻ ദേവസ്വം ബോർഡിന് കാവുകളുടെയും കുളങ്ങളുടെയും പുനരുദ്ധാരണത്തിന് 90,16,153 (തൊണ്ണൂറ് ലക്ഷത്തി പതിനാറായിരത്തി ഒരുനൂറ്റി അമ്പത്തിമൂന്ന്) രൂപയും, മലബാർ ദേവസ്വം ബോർഡിന് ഗ്രാന്റ് -ഇൻ-എയ്ഡ് ആയി 46,41,35,000 (നാൽപ്പത്തിയാറ് കോടി നാൽപ്പത്തിയൊന്ന് ലക്ഷത്തി മുപ്പത്തയ്യായിരം) രൂപയും അനുവദിച്ചിട്ടുണ്ട്.

**വിവിധ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം**

265 (618) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി സർക്കാർ തുക അനുവദിച്ച് നൽകുന്നുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക നൽകി എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള 15 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ക്ഷേത്രത്തിന്റെ വാർഷിക വരുമാനത്തിന്റെ 50 ശതമാനം തുക ചെലവഴിച്ചിട്ടും തികയാതെ വരുന്ന തുക സർക്കാർ നൽകുന്ന ഗ്രാന്റ്-ഇൻ-എയ്ഡിൽനിന്നും നീക്കിവയ്ക്കുന്ന മാനേജ് ഫണ്ട് ഉപയോഗിച്ച് ശമ്പളം നൽകിവരുന്നു. മറ്റ് ദേവസ്വം ബോർഡുകളുടെ കീഴിൽ വരുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി സർക്കാർ തുക നൽകുന്നില്ല.

(ബി) മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ വരുന്ന ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് സർക്കാർ തുക ഉപയോഗിച്ച് ശമ്പളം നൽകിയതിന്റെ ഡിവിഷൻ തിരിച്ചുള്ള തുക താഴെ കൊടുക്കുന്നു:

| ക്രമ നമ്പർ | ഡിവിഷൻ | ശമ്പള ധനസഹായമായി അനുവദിച്ച തുക |
|---|---|---|
| 1 | പാലക്കാട് | 3,03,65,936 |
| 2 | മലപ്പുറം | 2,38,04,577 |
| 3 | കോഴിക്കോട് | 2,47,59,934 |
| 4 | തലശ്ശേരി | 4,11,84,780 |
| 5 | കാസർഗോഡ് | 4,20,33,389 |
| | ആകെ | 16,21,48,616 |

**മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രം**

266 (619) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള മാവേലിക്കര ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിന്റെ തെക്കു ഭാഗത്തുള്ള വാതിൽ അടച്ചുപൂട്ടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് അടച്ചുപൂട്ടുവാനുണ്ടായ സാഹചര്യം വിശദമാക്കുമോ;

(സി) പ്രസ്തുത വാതിൽ തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത മേഖലയിൽ ദേവസ്വം ബോർഡിന്റെ സ്ഥലം കയ്യേറിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല.

(ഡി) അനധികൃത നിർമ്മാണം ഉണ്ടായിട്ടുണ്ടോയെന്ന് ദേവസ്വം ബോർഡ് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ശബരിമലയിലും പമ്പയിലും കുപ്പിവെള്ളം നിരോധിച്ചുകൊണ്ടുള്ള ഹൈക്കോടതി വിധി**

267 (620) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലും പമ്പയിലും കുപ്പിവെള്ളം നിരോധിച്ചുകൊണ്ടുള്ള ബഹു. ഹൈക്കോടതി വിധി നടപ്പാക്കുന്നതിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള ആർ.ഒ പ്ലാന്റുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ആർ.ഒ. പ്ലാന്റുകൾ വഴി നൽകുന്ന കുടിവെള്ളം പരിശോധിച്ച് നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ് പ്രദർശിപ്പിക്കുന്നതിനും സമയബന്ധിതമായി കുടിവെള്ള പരിശോധന നടത്തുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ആർ.ഒ. പ്ലാന്റുകളുടെ വ്യാപനം ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിന് എത്രമാത്രം ഉപകരിക്കുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ആർ.ഒ. പ്ലാന്റുകൾ വഴി വിതരണം ചെയ്യുന്ന കുടിവെള്ളം സമയാസമയങ്ങളിൽ ഭക്ഷ്യസുരക്ഷാ വിഭാഗവും കേരള മലിനീകരണ നിയന്ത്രണ ബോർഡ് അധികാരികളും പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

(സി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ കുപ്പിവെള്ളം ഒഴിവാക്കിയതിന്റെ അടിസ്ഥാനത്തിൽ ബദൽ സംവിധാനമെന്ന നിലയിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 1192-ലെ (2017-ലെ) മണ്ഡലം മകരവിളക്ക് തുടങ്ങുന്നതിന് മുമ്പുതന്നെ ആർ.ഒ. പ്ലാന്റുകളും ട്രീറ്റ്മെന്റ് പ്ലാന്റുകളും പ്രസ്തുത സ്ഥലങ്ങളിൽ സ്ഥാപിച്ച് ശുദ്ധീകരിച്ച ടാപ്പുകളിൽ കൂടി ലക്ഷക്കണക്കിന് തീർത്ഥാടകർക്ക് കുടിവെള്ളം വിതരണം ചെയ്തു. കൂടാതെ കേരള ജല അതോറിറ്റി പമ്പയിലും ശബരിമല പാതയിലും നിലയ്ക്കലിലും മണിക്കൂറിൽ 10000 ലിറ്റർ ശുചീകരണ ശേഷിയുള്ള ആർ.ഒ. പ്ലാന്റുകൾ സ്ഥാപിച്ച് കുടിവെള്ള വിതരണം നടത്തി.

## തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ സ്ഥിരനിയമനങ്ങൾ

268 (621) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ഷേത്രങ്ങളിലെ സ്ഥിരനിയമനങ്ങൾ കരാർ വ്യവസ്ഥയിലേയ്ക്ക് മാറ്റാൻ ആലോചനയുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) വരുമാനത്തിന്റെ ലഭ്യതയനുസരിച്ച് ക്ഷേത്രങ്ങളിൽ ഭക്തർക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ദേവസ്വം ബോർഡ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ഷേത്രങ്ങളിലെ അനാവശ്യ തസ്തികകൾ ഒഴിവാക്കിയും ജോലി ഭാരം കുറവുള്ള തസ്തികകൾ പുനഃക്രമീകരിച്ചും ബോർഡിന്റെ സാമ്പത്തിക ഭദ്രത നിലനിർത്തുന്നതിനുള്ള പഠനങ്ങൾ നടന്നുവരികയാണ്.

(ബി) ഭക്തജനങ്ങൾക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്കായി തിരുവിതാംകൂർ ദേവസ്വം ബോർഡിലെ വിവിധ വകുപ്പ് മേധാവികളുടെയും ഉദ്യോഗസ്ഥരുടെയും യോഗങ്ങൾ ബോർഡ് വിളിച്ചുചേർത്ത് ആവശ്യമായ നിർദ്ദേശം നൽകി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

## ക്ഷേത്രക്കുളങ്ങളുടെ പുനരുദ്ധാരണം സംബന്ധിച്ച്

269 (622) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ക്ഷേത്രക്കുളങ്ങളുടെ പുനരുദ്ധാരണം സംബന്ധിച്ച് ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് സഹിതമുള്ള ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ; പ്രസ്തുത ഫയലിന്റെ നമ്പർ അറിയിക്കാമോ;

(ബി) ക്ഷേത്രക്കുളങ്ങളുടെ പുനരുദ്ധാരണത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ തുക വകയിരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; ഈ ഫയലിൽ തീരുമാനമെടുക്കുന്നതു സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഈ സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**ക്ഷേത്രേശൻമാർക്കും കോലധാരികൾക്കും വേതന കുടിശ്ശിക**

270 (623) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡ് വഴി ക്ഷേത്രേശൻമാർക്കും കോലധാരികൾക്കും നൽകുന്ന പ്രതിമാസ വേതനത്തിൽ എത്ര രൂപ കുടിശ്ശികയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് നൽകുന്ന വേതനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കുടിശ്ശികയില്ല.

(ബി) വേതനം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(നക്ഷത്രചിഹ്നമിടാത്ത 368-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II അറിയിപ്പ്

### ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, എം.എൽ.എ.-യുടെ രാജി

മി. സ്പീക്കർ: വേങ്ങര നിയമസഭാ നിയോജകമണ്ഡലത്തിൽനിന്നും കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗം ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി 2017 ഏപ്രിൽ 25-ാം തീയതി പ്രാബല്യത്തിൽ കേരള നിയമസഭാംഗത്വം രാജിവച്ചിരിക്കുന്ന വിവരം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 169-ാം ചട്ടത്തിന്റെ 5-ാം ഉപചട്ടപ്രകാരം സഭയെ അറിയിക്കുന്നു.

## III അടിയന്തരപ്രമേയം

### പൊമ്പളൈ ഒരുമൈയുടെ സമരം അടിച്ചമർത്താനുള്ള നീക്കം

മി. സ്പീക്കർ : വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണിയുടെ സ്ത്രീവിരുദ്ധ പരാമർശത്തിൽ പ്രതിഷേധിച്ച് പൊമ്പളൈ ഒരുമൈയുടെ നേതാക്കൾ മൂന്നാറിൽ നടത്തുന്ന സമരം നാലാം ദിവസത്തിലേയ്ക്ക് കടന്നിട്ടും ആ സമരത്തിന് ആധാരമായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതിനുപകരം സമരക്കാരായ സ്ത്രീകൾക്കെതിരെ കള്ളക്കേസ് എടുക്കാനും പോലീസിനെയും സി.പി.ഐ.(എം) പ്രവർത്തകരെയും ഉപയോഗിച്ച് നിസ്സഹായരായ സ്ത്രീകളെ ഭീഷണിപ്പെടുത്തി സമരം അടിച്ചമർത്താനും ഗവൺമെന്റിന്റെ ഒത്താശയോടെ നടക്കുന്ന നീക്കങ്ങൾമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. വി. ഡി. സതീശൻ, ഡോ. എം. കെ. മുനീർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇടുക്കി കുഞ്ചിത്തണ്ണിയിലെ പ്രസംഗത്തിൽ വൈദ്യുതി വകുപ്പുമന്ത്രി നടത്തിയ ചില പരാമർശങ്ങളിൽ മന്ത്രി മാപ്പ് പറയണമെന്നാവശ്യപ്പെട്ട് മൂന്നാർ ടൗണിൽ ചിലർ നിരാഹാരസമരം നടത്തിവരുന്നുണ്ട്. പോലീസ് സമരക്കാരായ സ്ത്രീകൾക്കെതിരെ കള്ളക്കേസ് എടുക്കാനും ഭീഷണിപ്പെടുത്തി സമരം അടിച്ചമർത്താനും ശ്രമിക്കുന്നതായി

പറയുന്നത് ശരിയല്ല. റോഡ് ഗതാഗതം തടസ്സപ്പെടുത്തി പ്രകടനം നടത്തിയതിന് നിയമാനുസരണം സാധാരണ കൈക്കൊണ്ടുവരുന്ന നടപടികൾ മാത്രമാണ് ഈ സമരവുമായി ബന്ധപ്പെട്ടും പോലീസ് സ്വീകരിച്ചിട്ടുള്ളത്. വൈദ്യുതി വകുപ്പുമന്ത്രിയുടെ പ്രസംഗത്തിൽ സമരത്തിൽ പങ്കെടുത്ത പൊമ്പളൈ ഒരുമൈക്കാരെ അപമാനിച്ചു എന്നാരോപിച്ച് യൂത്ത് കോൺഗ്രസ് മണ്ഡലം സെക്രട്ടറി നൽകിയ പരാതി മൂന്നാർ ഡിവൈ.എസ്.പി. അന്വേഷിച്ചുവരികയാണ്. 23-4-2017-ന് മൂന്നാർ സി.ഐ. ഓഫീസിനു മുന്നിൽ വഴി തടസ്സം ചെയ്ത് സമരം നടത്തിയതിന് ഐ.പി.സി. 143, 147, 149, 341 എന്നീ വകുപ്പുകൾ പ്രകാരം ഗോമതി, രാജേശ്വരി, കൗസല്യ തുടങ്ങിയവരെ പ്രതികളാക്കി ക്രൈം നമ്പർ 494/17 നമ്പർ ആയി ഒരു കേസും വാഹനം തടഞ്ഞ് പോലീസിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തിയതിന് ഗോമതി, കൗസല്യ, ബാലസുബ്രഹ്മണ്യം, കുമാർ, മുനിയമ്മ, പാണ്ടിയമ്മാൾ തുടങ്ങിയവരുൾപ്പെടെ 31-ഓളം പ്രവർത്തകരെ പ്രതികളാക്കി ഐ.പി.സി. 143, 147, 149, 188, 283 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 499/17 നമ്പർ ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. ബഹുമാന്യനായ എം. എം. മണിയുടെ 17 മിനിറ്റ് ദൈർഘ്യമുള്ള പ്രസംഗത്തിന്റെ പൂർണ്ണരൂപം ടെലിവിഷൻ മാധ്യമങ്ങളിലൂടെ ഇപ്പോൾ പുറത്തുവന്നിട്ടുണ്ട്. പ്രസംഗം എഡിറ്റ് ചെയ്ത് അദ്ദേഹം സ്ത്രീകൾക്കെതിരെ ആക്ഷേപം നടത്തി എന്ന വ്യാഖ്യാനത്തോടെ അവതരിപ്പിക്കുകയാണ് ചില ടെലിവിഷനുകളും ചില പത്രങ്ങളും ചെയ്തതെന്ന കാര്യം ഇപ്പോൾ ഉയർന്നുവന്നിട്ടുണ്ട്. സമരത്തിൽ പങ്കെടുത്തവരിൽ ചിലർ ഈ വീഡിയോയിൽ ഇല്ലാത്തതും ബഹുമാന്യനായ എം. എം. മണി പറയാത്തതുമായ കാര്യങ്ങളാണ് ആരോപണങ്ങളായി ഉന്നയിക്കുന്നത്. ഇത്തരം തെറ്റായ പ്രചരണങ്ങളെ തിരിച്ചറിഞ്ഞുകൊണ്ട് പല സംഘടനാ നേതാക്കളും ഇപ്പോൾ അവരുടെ നിലപാടിൽ നിന്ന് പിന്മാറുന്ന അവസ്ഥയും സംജാതമായിട്ടുണ്ട്. സമരത്തിന് ജനകീയ പിന്തുണ ആർജ്ജിക്കാൻ കഴിയാത്തതും ഇതുകൊണ്ടുതന്നെയാണ്. മൂന്നാറിലെ കയ്യേറ്റങ്ങളെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ഈ സഭയിൽ വിശദീകരിച്ചതുപോലെ നിയമവിരുദ്ധമായി ഭൂമി കൈവശം വയ്ക്കുകയും സർക്കാർ ഭൂമി കയ്യേറുകയും ചെയ്തിട്ടുള്ള വൻകിടക്കാർക്കെതിരെ കർശനമായ നടപടി സ്വീകരിക്കും. കയ്യേറ്റങ്ങൾ ഒഴിപ്പിക്കുക എന്നതുമാത്രമല്ല അങ്ങനെ കയ്യേറ്റങ്ങൾ ഉണ്ടാകാത്ത രീതിയിലുള്ള ഇടപെടലായിരിക്കും സർക്കാർ സ്വീകരിക്കുക. അതോടൊപ്പം പട്ടയം ലഭിക്കാത്ത കുടുംബങ്ങൾക്ക് പട്ടയം

നൽകുവാനുള്ള നടപടി സമയബന്ധിതമായി സ്വീകരിക്കും. ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമിയും അനുബന്ധ രേഖകളും നൽകുന്നതിനുള്ള നടപടികൾ ഈ മേയ് മാസത്തിൽ ആരംഭിക്കും. ഇതിന് വിട്ടുവീഴ്ചയുണ്ടാകില്ല. ജനകീയ പ്രക്ഷോഭങ്ങളെ അടിച്ചമർത്തുന്ന സമീപനമല്ല ഈ സർക്കാരിന്റേത്. മുമ്പ് പൊമ്പളൈ ഒരുമൈ സമരം ഒരു ജനകീയ സമരമായി മാറിയപ്പോൾ അവരെ പിന്താങ്ങാനും അവർക്കൊപ്പം നിന്നുകൊണ്ട് അവരുടെ ആവശ്യങ്ങൾ നേടി യെടുക്കാനുമുള്ള ശ്രമങ്ങൾക്ക് ഊർജ്ജം പകരുകയും ചെയ്ത പ്രസ്ഥാനമാണ് ഇടതുപക്ഷ പ്രസ്ഥാനം. ഇപ്പോഴുണ്ടായിട്ടുള്ള സമരത്തെ ആ സംഘടനയുടെ നേതാക്കൾ തന്നെ തള്ളിപ്പറഞ്ഞിട്ടുണ്ട്. ഇപ്പോൾ ആ സംഘടനയുടെ പേരുപയോഗിച്ച് രാഷ്ട്രീയ മുതലെടുപ്പിനുള്ള ശ്രമമാണ് ചിലർ നടത്തിക്കൊണ്ടിരിക്കുന്നത്. സർക്കാർ വിരുദ്ധ തിമിരം ബാധിച്ചവരാണ് ഇതിന് പിന്നിലുള്ളത്. എല്ലാ രാഷ്ട്രീയ ചിന്താധാരകളിലുംപെട്ടവർ മനുഷ്യത്വത്തിന്റെയും നാടിന്റെ വികസനത്തിന്റെയും ജനക്ഷേമത്തിന്റെയും കാര്യത്തിൽ ഒരുമിക്കണം. ജനങ്ങളുടെ പിന്തുണയോടെ അവിടെ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനാണ് സർക്കാർ പരിശ്രമിക്കുന്നത്. അതിനായാണ് രാഷ്ട്രീയ പാർട്ടി നേതാക്കൾ, മത സാമുദായിക സംഘടനകളുടെ നേതാക്കൾ, പരിസ്ഥിതി പ്രവർത്തകർ, മാധ്യമ പ്രവർത്തകർ എന്നിവരുടെ യോഗം ചേർന്ന് ഒരു കൂട്ടായ തീരുമാനമെടുക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചത്. ഇപ്പോൾ പ്രശ്നം തെറ്റായ ദിശയിൽ തിരിച്ചുവിട്ട് ഇടുക്കിയിൽ പട്ടയം കിട്ടാത്തവർക്ക് പട്ടയം നൽകുന്ന നടപടിയെയും വൻകിട കയ്യേറ്റക്കാരെ ബഹുജന പിന്തുണയോടെ ഒഴിപ്പിക്കുന്നതിനുള്ള സർക്കാർ നടപടികളെയും ദുർബല പ്പെടുത്താനാണ് ശ്രമിക്കുന്നത്. ഇടുക്കിയിലെ ടൂറിസം മേഖലയിൽ ഉപജീവനം നടത്തുന്ന ജനങ്ങളെ പട്ടിണിയിലേയ്ക്ക് തള്ളിവിടുന്ന നിലപാടാണ് ഈ സമരത്തിന്റെ പേരിൽ അരങ്ങേറുന്നത്. ഇപ്പോൾ ഉയർന്നുവന്ന വിവാദത്തെ സംബന്ധിച്ച് ശ്രീ. എം. എം. മണി തന്നെ വ്യക്തമാക്കിയിട്ടുണ്ട്. തന്റെ പ്രസ്താവന ആരെയെങ്കിലും വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ താൻ നിർവ്യാജം ഖേദം പ്രകടിപ്പിക്കുന്നു വെന്നും അദ്ദേഹം നേരത്തെ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ കാലത്ത് അർഹതപ്പെട്ട കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനായിരിക്കും മുൻഗണന നൽകുന്നത്. ആ പ്രവർത്തനവുമായി മുന്നോട്ടുപോകുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധവുമാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായി കരുതുന്നില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, വില്ലിൽ നിന്ന് തൊടുത്ത അമ്പും നാവിൽ നിന്ന് തൊടുത്ത വാക്കും നമുക്ക് തിരിച്ചെടുക്കാൻ കഴിയില്ല. ഒന്ന് ശരീരത്തെയും മറ്റൊന്ന് മനുഷ്യന്റെ മനസ്സിനെയും ആത്മാഭിമാനത്തെയും മുറിപ്പെടുത്തും. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. എം. മണിയുടെ സ്ത്രീ വിരുദ്ധ പരാമർശത്തിൽ പ്രതിഷേധിച്ചുകൊണ്ട് പൊമ്പളൈ ഒരുമൈ എന്ന സംഘടനയുടെ നേതൃത്വത്തിൽ സ്ത്രീകൾ നടത്തുന്ന സമരം നാല് ദിവസം പിന്നിടുകയാണ്. അവർ നടത്തുന്ന നിരാഹാര സമരം ഇന്ന് രണ്ടാമത്തെ ദിവസമാണ്. ആ സമരവും സമരപ്പന്തലും പൊളിക്കാൻ സമ്മർദ്ദം ചെലുത്തിയും ഭീഷണിപ്പെടുത്തിയും അവരെ സമരത്തിൽ നിന്ന് പിന്തിരിപ്പിക്കാനും ഗവൺമെന്റിന്റെ നേതൃത്വത്തിൽ പോലീസും സി.പി.ഐ. (എം) പ്രവർത്തകരും നടത്തുന്ന ശ്രമം, സമരങ്ങളുടെ നാടായ കേരളത്തിൽ ദൗർഭാഗ്യകരമാണ്. നാല് സ്ത്രീകൾ മാത്രമാണ് അവിടെ സമരം നടത്തുന്നതെന്നാണ് ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. നാല് സ്ത്രീകൾ മാത്രം നടത്തുന്ന സമരത്തെ ഈ സർക്കാർ എന്തിനാണ് ഭയപ്പെടുന്നത്; എന്തിനാണ് നാല് സ്ത്രീകളുടെ മുമ്പിൽ ഈ സർക്കാരിന്റെ മുട്ട് വിറയ്ക്കുന്നത്! ആ നാല് സ്ത്രീകൾക്കെതിരായി നാല് ദിവസം കൊണ്ട് എത്ര കേസ്സുകളാണ് ഈ സർക്കാരും പോലീസും എടുത്തത് എന്നല്ലേ മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. വാക്കുകളിലെയും പ്രവൃത്തികളിലെയും സ്ത്രീവിരുദ്ധതയാണ് ഇവിടത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം.

സ്വന്തം മകൻ മരിച്ച ദു:ഖവുമായി തിരുവനന്തപുരത്ത് വന്ന മഹിജയെന്ന അമ്മയെ ഡി.ജി.പി.-യുടെ ഓഫീസിന് മുന്നിൽ റോഡിലിട്ട് വലിച്ചിഴച്ചതും അതിൽ പങ്കെടുത്ത ഒരു പൊതുപ്രവർത്തകയെ നിസ്സാര കാരണം പറഞ്ഞ് ജയിലിലടച്ചപ്പോഴും അവരെ അപമാനിച്ചുകൊണ്ട് നിങ്ങളുടെ നേതാക്കന്മാർ സംസാരിച്ചപ്പോഴും ഉയർന്ന സ്ത്രീവിരുദ്ധത ഇവിടെ ആവർത്തിക്കപ്പെടുകയാണ്.

ഇവിടെ ഐ.എ.എസ്-കാരെ നിയമിക്കുന്നത് ആരാണ്? ജില്ലാ കളക്ടർമാരെ നിയമിക്കുന്നത് ക്യാബിനറ്റാണ്. മുഖ്യമന്ത്രി അതിൽ ഒപ്പിടണം. സബ് കളക്ടറെ നിയമിക്കാൻ റവന്യൂ വകുപ്പുമന്ത്രി കൊടുക്കുന്ന ഫയലിൽ അവസാനം ഒപ്പുവയ്ക്കുന്നത് മുഖ്യമന്ത്രിയാണ്. അങ്ങ് ഒപ്പുവച്ച് നിയമിച്ച ഇടുക്കി ജില്ലാ സബ് കളക്ടറെ 'ചെറ്റ'യെന്ന് വിളിച്ചല്ലേ അങ്ങയുടെ മന്ത്രിസഭയിലെ ഒരു മന്ത്രി ആക്ഷേപിച്ചത്. എന്ത് മന്ത്രിസഭയാണിത്?

ഇവിടെ എന്നും കളക്ടീവ് റെസ്പോൺസിബിളിറ്റിയെക്കുറിച്ച് പറയും. രണ്ട് പ്രാവശ്യം നോട്ടീസ് കൊടുത്ത് പാപ്പാത്തിചോലയിലെ കുരിശടക്കമുള്ള കയ്യേറ്റം ഒഴിപ്പിച്ചത് റവന്യൂ വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരമല്ലേ; റവന്യൂ വകുപ്പുമന്ത്രി അത് നിഷേധിക്കുമോ? അവിടെ കുരിശ് നീക്കം ചെയ്തതും 144 പ്രഖ്യാപിച്ചതും 100 പോലീസുകാരുടെ അകമ്പടിയോടുകൂടി റവന്യൂ സംഘം പോയതും സർക്കാർ അറിഞ്ഞില്ലെന്ന് മുഖ്യമന്ത്രി പരസ്യമായി പറഞ്ഞു. ഈ റവന്യൂ വകുപ്പുമന്ത്രി സർക്കാരിന് അകത്താണോ പുറത്താണോ; റവന്യൂ വകുപ്പുമന്ത്രി സർക്കാരിന്റെ ഭാഗമാണോയെന്ന് മുഖ്യമന്ത്രി വ്യക്തമാക്കണം. കയ്യേറ്റം ഒഴിപ്പിക്കാൻ റവന്യൂ വകുപ്പുമന്ത്രി പറഞ്ഞയച്ച സബ് കളക്ടറെ മറ്റൊരു മന്ത്രി 'കോന്തൻ' എന്ന് വിളിച്ച് അധിക്ഷേപിച്ചു. മന്ത്രിമാർ പറഞ്ഞാൽ ഇനി കേരളത്തിലെ ഏത് ഉദ്യോഗസ്ഥന്മാരാണ് കേൾക്കാൻ പോകുന്നത്? ടോം സക്കറിയ എന്നയാൾ കയ്യേറ്റക്കാരനാണെന്ന് റവന്യൂ വകുപ്പുമന്ത്രിയും പുണ്യവാളനാണെന്ന് വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണിയും പറഞ്ഞു. കയ്യേറ്റക്കാരനെ പുണ്യവാളനായി വാഴ്ത്തുന്ന ശ്രീ. എം. എം. മണിയോട് ചോദിച്ചിട്ട് വേണം ഇനി ഇടുക്കി ജില്ലയിലെ കയ്യേറ്റം ഒഴിപ്പിക്കാൻ എന്ന് മുഖ്യമന്ത്രി നിർദ്ദേശം കൊടുക്കുന്നു. ഇതിലും വലിയ കയ്യേറ്റം ഒഴിപ്പിക്കൽ തമാശ കേരളത്തിൽ എപ്പോഴെങ്കിലും നടന്നിട്ടുണ്ടോ? മുഖ്യമന്ത്രിയും വൈദ്യുതി വകുപ്പുമന്ത്രിയും ഒരു വശത്തും മറുവശത്ത് റവന്യൂ വകുപ്പുമന്ത്രിയും അദ്ദേഹത്തിന്റെ പാർട്ടിയുമായി കഴിഞ്ഞ കുറേ ദിവസങ്ങളായി ഇവിടെ നടക്കുന്ന വാക്പ്പോര് ഈ മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വം തന്നെ നഷ്ടപ്പെടുത്തിയിരിക്കുന്നു. മന്ത്രിമാർ പരസ്പരം കുറ്റപ്പെടുത്തി സംസാരിക്കുന്നു, ആക്ഷേപിച്ച് സംസാരിക്കുന്നു, രണ്ട് ചേരികളിലായി നേതാക്കന്മാർ മന്ത്രിമാരുടെ പിന്നിൽ അണിനിരന്നിരിക്കുന്നു. ശ്രീ. എം. എം. മണിയുടെ സ്ത്രീവിരുദ്ധ പരാമർശത്തെ ശ്രീ. എ. കെ. ബാലനും, ശ്രീമതി കെ. കെ. ശൈലജ ടീച്ചറും ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയും തള്ളിപ്പറഞ്ഞപ്പോൾ മുഖ്യമന്ത്രി ന്യായീകരിക്കുന്നു. എന്തൊരു ഏകാഭിപ്രായമുള്ള മന്ത്രിസഭയാണ്.

<u>മി. സ്പീക്കർ</u>: അങ്ങയുടെ നോട്ടീസ് മൂന്നാറിലെ സമരവുമായി ബന്ധപ്പെട്ടതാണ്. അങ്ങ് വിഷയത്തിലൊതുങ്ങി നിന്ന് സംസാരിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, വിശദീകരണ കുറിപ്പ് വായിക്കണം. ഇവിടെ പാർലമെന്ററി ഡെമോക്രസിയുടെയും ക്യാബിനറ്റ് ഫോം ഓഫ് ഗവൺമെന്റിന്റെയും അവസാന വാക്കായ Sir Ivor Jennings-ന്റെ 'Cabinet Government' എന്ന ആധികാരികമായ ഗ്രന്ഥത്തിൽ പറയുന്നത്, 'Collective responsibility is the most essential principles of Parliamentary responsibility established. A minister who is not prepared to defend a Government decision must, therefore, resign'. ഒരു കയ്യേറ്റം ഒഴിപ്പിക്കാനുള്ള തീരുമാനം ഗവൺമെന്റ് എടുത്തിട്ടുണ്ടെങ്കിൽ ആ തീരുമാനത്തെ തുടർന്ന് റവന്യൂ വകുപ്പുമന്ത്രി കയ്യേറ്റം ഒഴിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ നടപടിയെ ന്യായീകരിക്കേണ്ട മറ്റൊരു മന്ത്രി ആ നടപടിയെ തള്ളിപ്പറയുന്നു, ആ ഉദ്യോഗസ്ഥന്മാരെ അധിക്ഷേപിക്കുന്നു.

ഒരു മിഡിൽ ക്ലാസ്സ് ഫാമിലിയിൽ പരാധീനതകളുടെ ഇടയിലും നന്നായി പഠിച്ച് കഠിനാദ്ധ്വാനം ചെയ്ത് എം.ഡി. മെഡിസിന് പോസ്റ്റ് ഗ്രാജുവേഷനിൽ റാങ്ക് വാങ്ങി, അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയിൽ രണ്ടാം റാങ്ക് നേടി, ഈ നാടിന്റെ അഭിമാനമായി വന്ന ചെറുപ്പക്കാരനായ ഒരു ഐ.എ.എസ്. ഓഫീസറെ അങ്ങയുടെ മന്ത്രിസഭയിലെ ഒരു മന്ത്രി ഊളമ്പാറയിൽ അയയ്ക്കണമെന്ന് പറഞ്ഞിരിക്കുന്നു.

മുഖ്യമന്ത്രി വന്നാൽ മഹിജ വാതിൽ അടയ്ക്കും, വനിതാ പ്രിൻസിപ്പാളിന് വാതിൽ അടച്ച് മറ്റേ പണി, പൊമ്പളൈ ഒരുമൈയ്ക്കും മാധ്യമപ്രവർത്തകർക്കും കാട്ടിൽ മറ്റേ പണി, കോന്തനും, ചെറ്റയും, ചെരയ്ക്കലും, വാതിൽ അടപ്പും, മറ്റേ പണിയും ഇതാണോ ഗ്രാമീണ ഭാഷ. ഇടുക്കിയിലെ ജനങ്ങളെ അപമാനിക്കരുത്. ഇടുക്കിയിലെ എം.എൽ.എ.-മാരായ ശ്രീമതി ഇ. എസ്. ബിജിമോളും, ശ്രീ. റോഷി അഗസ്റ്റിനും ഈ സഭയിലുണ്ട്. അവരെല്ലാം സംസാരിക്കുന്നതും അവർ പ്രതിനിധാനം ചെയ്യുന്ന മണ്ഡലത്തിലെ ജനങ്ങൾ സംസാരിക്കുന്നതും ഈ വൃത്തികെട്ട ഭാഷയിലാണോ; ഒരു മന്ത്രിക്ക് എന്തും ആകാമോ? ഇടുക്കിയിലെ ജനങ്ങളോടാണ് ഈ വെല്ലുവിളി. ഇത് അഹങ്കാരത്തിന്റെ ഭാഷയാണ്. ഗ്രാമീണ ഭാഷയല്ല.

ഒരു വയസ്സ് മുതൽ 90 വയസ്സ് വരെയുള്ള പിഞ്ചു കുഞ്ഞുങ്ങളുടെയും സ്ത്രീകളുടെയും മാനം പിച്ചിചീന്തപ്പെടുന്ന ഈ നാട്ടിൽ, അരക്ഷിതത്വം കൊണ്ട് സ്ത്രീകൾ വിറങ്ങലിച്ച് നിൽക്കുന്ന ഈ നാട്ടിൽ, ചീഫ് സെക്രട്ടറി വനിതയായ ഈ നാട്ടിൽ, കൊടുംചൂടിൽ, തിളയ്ക്കുന്ന ടാറിൽ റോഡ് പണിയെടുക്കുന്ന പാവപ്പെട്ട സ്ത്രീകളുള്ള ഈ നാട്ടിൽ, മൂന്നാറിലെ കൊടും തണുപ്പിൽ കുതിര ലായത്തിന് സമാനമായ വീട്ടിൽ ഒരു കമ്പിളിപ്പുതപ്പ് പോലുമില്ലാതെ തണുത്ത് വിറങ്ങലിച്ച് നിൽക്കുന്ന തോട്ടം തൊഴിലാളികളുള്ള ഈ നാട്ടിൽ, അമ്മമാർ റോഡിലൂടെ വലിച്ചിഴയ്ക്കപ്പെടുന്ന ദൈവത്തിന്റെ സ്വന്തം നാട്ടിൽ, സ്ത്രീകൾക്ക് ആത്മാഭിമാനത്തോടെ ജീവിക്കാൻ കഴിയില്ലേ? അങ്ങ് ഉത്തരം പറയണം. സ്റ്റേറ്റ് കാറും ബംഗ്ലാവും പോലീസും പത്രാസുമുള്ള ഒരു മന്ത്രി സ്ത്രീകളുടെ മാനത്തിന് വില പറഞ്ഞാൽ നാട്ടുകാർ അവരെ എന്തെല്ലാം പറയും. പൊമ്പിളൈ ഒരുമൈ സമരത്തിൽ പങ്കെടുത്ത സ്ത്രീകളെ വഴിനടക്കാൻ സാമൂഹ്യവിരുദ്ധന്മാർ സമ്മതിക്കുമോ; അവർ വഴിയരികിലൂടെ പോകുമ്പോൾ പരിഹസിക്കില്ലേ? മൂന്നാറിലേയ്ക്ക് പൂച്ചയെ അയച്ച മുൻ മുഖ്യമന്ത്രി ഇതുവരെ ഇവിടെയുണ്ടായിരുന്നു. ആ പൂച്ച ചെയ്ത കാര്യം വേറൊരു മന്ത്രി പറഞ്ഞു. പൊമ്പിളൈ ഒരുമൈ സമരത്തിൽ ശ്രീ. വി. എസ്. അച്യുതാനന്ദൻ ഇരിക്കുന്ന പടമാണിത്. (ചിത്രം ഉയർത്തിക്കാട്ടി) അവരുടെ ഇടയിൽ പോയി ആ സ്ത്രീകളെയാണ് ഈ മന്ത്രി അപമാനിച്ചത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങയുടെ മന്ത്രിസഭയിലെ നാല് മന്ത്രിമാർ സി.പി.ഐ.ക്കാരാണ്. ഇടതുപക്ഷ മുന്നണിയിലെ രണ്ടാമത്തെ കക്ഷിയായ സി.പി.ഐ.-യുടെ മുഖപത്രമായ 'ജനയുഗത്തിൽ' എഴുതിയിരിക്കുന്നത് ഞാൻ വായിക്കാം. " ബ്രേക്കില്ലാത്ത നാക്കും അധികാരത്തിന്റെ ഗർവ്വുംകൂടി ചാലിച്ചപ്പോൾ ആർക്കുമെതിരെ എന്തും പറയാമെന്നായി. അടുത്ത സ്കൂൾ സദാ വാഹനം ഓടുന്ന പാതയോരത്താണ്. ശബ്ദശല്യം സഹിക്കാതെ വാതിൽ അടച്ച് ക്ലാസ്സെടുത്ത അദ്ധ്യാപികമാർ അകത്ത് മറ്റേ പണിയാണ് നടത്തുന്നതെന്ന് പൂജാരി നേതാവ് പറഞ്ഞപ്പോൾ മാഫിയാ പട്ടം കയ്യടിച്ചു. അതോടെ പുതിയ ഉശിരായി; സ്ഥലത്തെ പെണ്ണുങ്ങൾ കൂലി വർദ്ധനവിനായി പ്രക്ഷോഭം നടത്തിയപ്പോഴും നേതാവുണ്ടോ വിടുന്നു, സമരത്തിന്റെ മറവിൽ കാട്ടിൽ ഇവർ കള്ളുകുടിയും മറ്റേ പരിപാടികളും വൃത്തികേടുകളും അല്ലായിരുന്നോ നടത്തുന്നതെന്ന് പിന്നെയും ചോദ്യം. സഹികെട്ട മാധ്യമങ്ങൾ ഇയാൾക്കെതിരെ ശബ്ദമുയർത്തി തുടങ്ങിയതോടെ മാധ്യമ പ്രവർത്തകർ കള്ളുകുടിയന്മാരായി. തന്റെ കോപ്രായങ്ങൾക്ക് കയ്യടിക്കാത്ത ഉദ്യോഗസ്ഥരെ ഭ്രാന്തനെന്നും കോന്തനെന്നും മദ്യപാനിയെന്നും മുദ്രകുത്തിയപ്പോൾ പണ്ടത്തെ നേതാവിനെ ഇപ്പോൾ മാലോകർക്കും പിടികിട്ടി. സംഗതി പിടികിട്ടാത്ത വിധം മൂർച്ഛിച്ചിരിക്കുന്നു എന്ന്".

ശ്രീ. ടി. പി. സെൻകുമാർ ബി.ജെ.പി.-ക്കാരനാണെന്ന് അങ്ങ് പറഞ്ഞു. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി എം. എം. മണി പറഞ്ഞത് ഇടുക്കി ജില്ലാ കളക്ടറും സബ് കളക്ടറും ആർ.എസ്.എസ്-കാരാണെന്നാണ്. നിങ്ങളുടെ പണി ആർ.എസ്.എസ്-ലും ബി.ജെ.പി.-യിലും ആളെ കൂട്ടാനുള്ള റിക്രൂട്ട്മെന്റ് ജോലിയാണോ? എല്ലാ ഉദ്യോഗസ്ഥന്മാരും ആർ.എസ്.എസ്. ആണ്. ഹിന്ദുക്കളുടെ പേര് കണ്ടാൽ അവരെയെല്ലാം ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും ആക്കുന്ന ജോലിയാണോ? നിങ്ങൾ പറഞ്ഞാൽ ഏത് ഉദ്യോഗസ്ഥന്മാരാണ് കേൾക്കുന്നത്? പരസ്പരം തമ്മിലടിച്ച്, പരസ്പരം പോര് മൂത്ത് ഉദ്യോഗസ്ഥന്മാരുടെ പ്രശ്നങ്ങൾ പോലും പരിഹരിക്കാൻ കഴിയാത്ത ഗവൺമെന്റ്, ഉദ്യോഗസ്ഥന്മാരുടെ ആത്മവീര്യം തകർത്ത്, അവരെ അപമാനിച്ച്, നിഘണ്ടുവിൽ ഇല്ലാത്ത ഭാഷകൾ ഉപയോഗിച്ച് ഇങ്ങനെ സംസാരിച്ചാൽ ഈ ഭരണം എങ്ങോട്ടുപോകും? അങ്ങ് പറഞ്ഞതുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ഞാൻ ഒരു ജില്ലയിൽ പോയപ്പോൾ മാന്യനായ, അറിയപ്പെടുന്ന ഒരു ജനപ്രതിനിധിയെ കണ്ടു. അയാളുടെ കൂടെ എപ്പോഴും ഒരാൾ ഉണ്ടാകും. കൂടെയുള്ള ആൾ വായ് തുറന്നാൽ അസഭ്യവും ചീത്തയും പറയും. നിങ്ങൾ എന്തിനാണ് അയാളെയും കൊണ്ട് നടക്കുന്നതെന്ന് ഞാൻ ചോദിച്ചപ്പോൾ അയാൾ എന്നോട് പറഞ്ഞത്, എന്റെ നാട്ടിൽ എനിക്ക് മാന്യതയുടെ പരിവേഷമുണ്ട്. എന്നെ എതിർക്കാൻ ചിലർ വരുമ്പോൾ എനിക്കൊന്നും പറയാൻ പറ്റില്ല. അപ്പോൾ ഞാൻ ഇവനെക്കൊണ്ട് ചീത്ത പറയിപ്പിക്കും എന്നാണ്. മാന്യനായ ഒരാളാണ് മുഖ്യമന്ത്രി, അങ്ങേയ്ക്ക് പറയാൻ പറ്റാത്ത കാര്യങ്ങൾ പറയിപ്പിക്കാൻ വേണ്ടിയാണോ ഈ മന്ത്രിസഭയിൽ ശ്രീ. എം. എം. മണിയെ സംരക്ഷിക്കുന്നത്. ഞാൻ ഇവിടെ ഉന്നയിച്ച ഗൗരവതരമായ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ഈ സർക്കാരിനെതിരെ വിഷയങ്ങളുന്നയിക്കാൻ പ്രതിപക്ഷത്തിന് വലിയ ദാരിദ്ര്യമുണ്ടെന്നാണ് തോന്നുന്നത് ....(ബഹളം)... സഭയുടെ വിലപ്പെട്ട സമയം പാഴാക്കുന്ന തരത്തിലാണ് അവർ കാര്യങ്ങൾ അവതരിപ്പിക്കുന്നത്. ...(ബഹളം)....

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ സംസാരിച്ചപ്പോൾ അദ്ദേഹം അത് മുഴുവൻ നിശ്ശബ്ദനായിരുന്ന് കേൾക്കുകയായിരുന്നു.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇന്നലെ ഈ വിഷയം ഇവിടെ ഉന്നയിച്ചപ്പോൾ വിശദമായിത്തന്നെ മറുപടി പറഞ്ഞതാണ്. ബന്ധപ്പെട്ട മന്ത്രി അദ്ദേഹത്തിന് പറയാനുള്ള കാര്യങ്ങൾ വിശദീകരിച്ചിരുന്നു. അത്തരമൊരു കാര്യം വീണ്ടും ഉന്നയിക്കുന്ന അവസ്ഥയാണ് ഇപ്പോൾ വന്നിരിക്കുന്നത്. അവിടെ നടക്കുന്നത് പൊമ്പളൈ ഒരുമൈയുടെ സമരമാണെന്ന് പറയുന്നതിൽ ശരിയുണ്ടെന്ന് തോന്നുന്നില്ല. കാരണം ആ സംഘടനയുടെ പ്രസിഡന്റുതന്നെ അത് സംഘടനയുടെ സമരമല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ശ്രീമതി ഗോമതി സമരത്തിലുള്ളതാണ്. പക്ഷേ അവർ ആ സംഘടനയുടെ നേതൃത്വ സമിതിയിൽ ഇല്ലായെന്നുള്ളതും ഇതിനകം വ്യക്തമാക്കപ്പെട്ട കാര്യമാണ്. പൊമ്പളൈ ഒരുമൈയുടെ സമരത്തിന്റെ ഒരു പടം ബഹുമാന്യനായ അംഗം നേരത്തെ കാണിച്ചിരുന്നു. നമ്മളെല്ലാം അത് നേരത്തെ കണ്ടതുമാണ്. അതിൽ വലിയ തോതിലുള്ള സ്ത്രീ കൂട്ടായ്മയാണ് ഉണ്ടായിരുന്നത്. അതുമായി എന്തെങ്കിലും താരതമ്യം ഇപ്പോഴത്തെ സമരത്തിനുണ്ടോ? നൂറ് കണക്കിന് സ്ത്രീകൾ അണിനിരന്ന് നടത്തിയ സമരത്തിൽനിന്നും തീർത്തും ഒറ്റപ്പെട്ടുപോയ തരത്തിലുള്ള ഒരു സമരമാണ് ഇപ്പോൾ നടക്കുന്നത്. വിരലിലെണ്ണാവുന്ന ആളുകൾ മാത്രമാണ് ഇപ്പോൾ ആ സമരത്തിലുള്ളത്. ജനങ്ങൾ തള്ളിക്കളഞ്ഞ ഒരു സമരമാണ് ഇന്ന് അവിടെ നടക്കുന്നതെന്നതാണ് യാഥാർത്ഥ്യം. ഇക്കാര്യത്തിൽ ഒരു പ്രത്യേക യോജിപ്പുണ്ടായിട്ടുണ്ടെന്നുള്ളത് കാണാതിരിക്കേണ്ടതില്ല. കോൺഗ്രസ്സും ബി.ജെ.പി.-യും നല്ലതുപോലെ യോജിക്കുന്നതായി കാണുന്നു. ...(ബഹളം)... വിരലിലെണ്ണാവുന്നവർ എന്നുപറയുമ്പോൾ, ആള് തികയാതെ വരുമ്പോൾ ഒരാൾ അപ്പുറവും ഒരാൾ ഇപ്പുറവും ഉണ്ടാകും. ഒന്ന് കോൺഗ്രസ്സ്, മറ്റൊന്ന് ബി.ജെ.പി. അതോടുകൂടി വിരലിലെണ്ണാവുന്ന ആളുകളായി തീരുകയാണ്. ആ തരത്തിലാണ് ഈ സമരം നടന്നുപോകുന്നത്. എന്തുകൊണ്ടാണ് ഇത്തരമൊരു ദയനീയാവസ്ഥ ഈ സമരത്തിന് വന്നതെന്ന് അവർ ആലോചിക്കേണ്ടതാണ്. സമരത്തെ സർക്കാർ ഭയപ്പെടുകയാണെന്ന് അവർ പറയുന്നു. ആ സമരത്തെ സർക്കാർ ഭയപ്പെടേണ്ട കാര്യമെന്താണ്? ആ സമരത്തെ ആ നാട്ടും നാട്ടുകാരും തള്ളിയിരിക്കുന്നു. നമ്മുടെ നാട്ടിലെ ജനങ്ങളാരും ആ സമരത്തെ അംഗീകരിക്കുന്നില്ല. അത്തരമൊരു കാര്യത്തിൽ സർക്കാരിന് യാതൊരു വിധത്തിലുള്ള വേവലാതിയുമില്ല. അത് പൂർണ്ണമായ അർത്ഥത്തിൽ ജനം മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ട്. അനാവശ്യമായ രാഷ്ട്രീയ സമരമെന്നൊന്നും അതിനെ പറയാൻ കഴിയില്ല. കാരണം രാഷ്ട്രീയ സമരത്തിനൊക്കെ ചിലപ്പോൾ ആളെ കൂട്ടാൻ കഴിഞ്ഞേക്കും. അത്രമാത്രം ആളില്ലാതെ ഒറ്റപ്പെട്ടുപോകുന്ന

അവസ്ഥയാണ് അവിടെയുണ്ടായിട്ടുള്ളത്. ബഹുമാന്യനായ അംഗം ചില പുതിയ മാനങ്ങൾ ചേർക്കാനുള്ള ശ്രമമാണ് നടത്തിയിട്ടുള്ളത്. ഒരു തരത്തിലുള്ള കൂട്ടുത്തരവാദിത്വമില്ലായ്മയും ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളമില്ല. പൂർണ്ണമായും കൂട്ടുത്തരവാദിത്വത്തോടെ പ്രവർത്തിക്കുന്ന സർക്കാരാണിത്. ഇടുക്കിയുടെ കാര്യത്തിൽ എല്ലാ നിലപാടുകളും നേരത്തെ വ്യക്തമാക്കിക്കഴിഞ്ഞതിനാൽ ഈ സന്ദർഭത്തിൽ ഞാൻ അത് ആവർത്തിക്കാൻ ഉദ്ദേശിക്കുന്നില്ല. ഇടുക്കി ജില്ലയിലെ മൂന്നാർ ഭാഗത്തിന്റെ പ്രത്യേകത അതേപോലെ നിലനിർത്താൻ നമുക്ക് കഴിയണം. അത് തകർക്കത്തക്ക രീതിയിലുള്ള ഒരു കയ്യേറ്റവും അനുവദിക്കുന്ന പ്രശ്നമില്ല. കയ്യേറ്റം ഒഴിപ്പിക്കുകതന്നെ ചെയ്യും. ഇവിടെ തള്ളിപ്പറഞ്ഞ ഒരു കാര്യം ഒഴിപ്പിക്കലിനെക്കുറിച്ചല്ല. വലിയ തോതിൽ തെറ്റിദ്ധാരണയുണ്ടാക്കി സർക്കാരിനെ തന്നെ വേണ്ടാത്ത ഒരവസ്ഥയിൽ ചിത്രീകരിക്കാൻ ഇടയാക്കുന്ന ഒരു സംഭവം നടന്നപ്പോൾ അത് നടക്കാൻ പാടില്ലായിരുന്നു എന്നാണ് ചൂണ്ടിക്കാണിച്ചത്. അതൊരു വിഭാഗം ജനങ്ങളുടെ വികാരവുമായി ബന്ധപ്പെട്ട പ്രശ്നമാണ്. കേരളത്തിലെ ഏകദേശം കാൽ ഓഹരി വരുന്ന ജനങ്ങൾ വലിയ തോതിൽ വിശ്വാസമർപ്പിച്ചിട്ടുള്ള ഒരു പ്രതീകത്തെ പരസ്യമായി തകർക്കുന്ന നില സ്വീകരിക്കുമ്പോൾ അത് വേണ്ടത്ര ആലോചിച്ചുവേണം. ആ ആലോചന എവിടെയും നടത്തിയതല്ല. അതിൽ ഏതെങ്കിലും തരത്തിലുള്ള അപക്വമായ നിലപാട് വന്നാൽ ആരാണോ ആ അപക്വമായ നിലപാട് സ്വീകരിക്കുന്നത് അവരല്ല പ്രതിക്കൂട്ടിലാകുന്നത് മറിച്ച് സർക്കാരാണ് പ്രതിക്കൂട്ടിലാകുക. അങ്ങനെ പ്രതിക്കൂട്ടിലാകാൻ സർക്കാർ ആഗ്രഹിക്കുന്നില്ല. കേരളത്തിലെ ന്യൂനപക്ഷ വിഭാഗത്തിനെതിരായി നിൽക്കുന്ന സർക്കാരാണിതെന്ന് ആരുപറഞ്ഞാലും ന്യൂനപക്ഷം വിശ്വസിക്കില്ലെന്ന ഉറച്ച ആത്മവിശ്വാസം സർക്കാരിനുണ്ട്. ...... (ബഹളം)......

<u>മി. സ്പീക്കർ</u>: വളരെ വ്യക്തമായി മുഖ്യമന്ത്രി സംസാരിക്കുന്നുണ്ട്. നിങ്ങൾ ബഹളം വയ്ക്കേണ്ട കാര്യമില്ല. പ്ലീസ്...... പ്ലീസ്....... ശ്രീ. പി. ടി. തോമസ് ദയവായി ഇരിക്കൂ. പ്ലീസ്...... പ്ലീസ്.......

<u>ശ്രീ. പി. ടി. തോമസ്</u>: സർ, റവന്യൂ വകുപ്പുമന്ത്രി കുരിശ് പൊളിക്കാൻ നിർദ്ദേശം നൽകിയത് മുഖ്യമന്ത്രി അറിഞ്ഞില്ലെന്ന് പറയുന്നത് ന്യായമാണോ?

<u>മി. സ്പീക്കർ</u>: ശ്രീ. പി. ടി. തോമസ്, അങ്ങ് ഇങ്ങനെ കമന്റടിക്കുന്നത് ശരിയല്ല. അങ്ങയെ കണ്ടാണ് മറ്റുള്ളവർ പഠിക്കുന്നത്. ചർച്ച തുടങ്ങുമ്പോൾ പറയാൻ അവസരമുണ്ട്. ദയവായി സീറ്റിലിരിക്കണം.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, സർക്കാരിന് അക്കാര്യത്തിൽ പൂർണ്ണ ആത്മവിശ്വാസം തന്നെയാണുള്ളത്. എങ്കിലും കേരളത്തിനുപുറത്ത് ഇത്തരമൊരു ദൃശ്യം കാണിച്ചുകൊണ്ട് ഇതാണ് കേരളത്തിൽ നടക്കുന്നതെന്നുപറഞ്ഞാൽ പെട്ടെന്ന് തെറ്റിദ്ധരിക്കപ്പെടാനിടയുണ്ട്. ആ തെറ്റിദ്ധാരണ വരുത്താൻ പാടുണ്ടായിരുന്നോ എന്നതാണ് പ്രശ്നം. അതാണ് ഞങ്ങൾ ഉന്നയിച്ചത്. അതാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ഞങ്ങൾ പറഞ്ഞത്. അതിന്റെ അർത്ഥം അവിടെ കയ്യേറ്റമുണ്ടെങ്കിൽ ആ കയ്യേറ്റക്കാരെ സംരക്ഷിക്കുമെന്നല്ല. കയ്യേറ്റം പൂർണ്ണമായും ഒഴിവാക്കും. ഒരു കാരണവശാലും സംരക്ഷിക്കില്ല. ഇനി കയ്യേറാൻ തോന്നാത്ത രീതിയിലുള്ള നടപടികളായിരിക്കും സർക്കാർ സ്വീകരിക്കുന്നതെന്ന് ഞാൻ ആവർത്തിച്ചു പറയുകയാണ്. അക്കാര്യത്തിൽ ഒരു ശങ്കയും ഉണ്ടാകേണ്ട. കൂട്ടുത്തരവാദിത്വത്തെക്കുറിച്ച് യാതൊരു സംശയവും വേണ്ട. നല്ല കൂട്ടുത്തരവാദിത്വത്തോടുകൂടിത്തന്നെയാണ് സർക്കാർ പ്രവർത്തിച്ചുവരുന്നത്. ബഹുമാന്യനായ എം. എം. മണി ഇപ്പോൾ മന്ത്രിയാണ്. മന്ത്രിയാകുമ്പോൾ സാധാരണഗതിയിൽ മന്ത്രിയുടെ കൂടെ പോലീസും ബന്തുവസുമൊക്കെയുണ്ടാകുമെന്ന് എല്ലാവർക്കുമറിയാം. അദ്ദേഹം മന്ത്രിയായിട്ട് ഏതാനും മാസമല്ലേ ആയിട്ടുള്ളൂ. അതൊന്നുമല്ലാത്ത കാലത്തും ശ്രീ. എം. എം. മണി ആ നാട്ടിൽ പ്രവർത്തിക്കുകയും നാട്ടുകാരുടെ കൂടെ നിൽക്കുകയും ചെയ്തയാളാണ്. ആ മണിയെ മണിയല്ലാതാക്കാനുള്ള ധാരാളം ശ്രമങ്ങൾ നടന്നിരുന്നു. അതെല്ലാം അതിജീവിച്ചാണ് മണി വന്നിട്ടുള്ളതെന്ന് നമ്മൾ കണ്ടതല്ലേ. അതുകൊണ്ട് ശ്രീ. എം. എം. മണിയെ വല്ലാതെ ആക്ഷേപിക്കുന്ന തരത്തിലുള്ള നിലപാടെടുത്ത് പോകേണ്ടതില്ല. കാൽ മണിക്കൂറിലധികം ദൈർഘ്യമുള്ള അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ മുഴുവൻ ഭാഗവുമെടുക്കുമ്പോൾ നേരത്തേ പറഞ്ഞവർ തന്നെ മാറിയില്ലേ. ഞങ്ങൾ...... (ബഹളം)....... നിങ്ങൾ എഡിറ്റ് ചെയ്തുകൊടുത്ത ഭാഗം വച്ചുകൊണ്ട് അദ്ദേഹത്തെ ആക്ഷേപിച്ചവർ തന്നെ ഇതല്ല, ഇങ്ങനെയായിരുന്നില്ല ഞങ്ങൾ മനസ്സിലാക്കിയതെന്ന് ചാനലുകളിൽ പരസ്യമായി പറയുന്ന നില വന്നല്ലോ. ഇതൊന്നും മനസ്സിലാക്കാനോ മനസ്സിലാക്കിയാലും അത് അംഗീകരിക്കാനോ തങ്ങളുടെ രാഷ്ട്രീയംകൊണ്ട് കഴിയാത്ത ഒരവസ്ഥയിലാണ് പ്രതിപക്ഷം നിൽക്കുന്നത്. .... (ബഹളം).... അതിന് ഞങ്ങൾ എന്തുപിഴച്ചു?

ഈ കാര്യത്തിൽ ഒരു പൊതുവികാരം വന്നപ്പോൾ ശ്രീ. എം. എം. മണി ഏറ്റവും ഔചിത്യപൂർണ്ണമായ നിലപാടാണ് എടുത്തത്; അദ്ദേഹം താൻ പറഞ്ഞ നിലയിൽത്തന്നെ നിൽക്കുകയല്ല ചെയ്തത്. തന്റെ വാക്കുകൾ ഏതെങ്കിലും തരത്തിൽ ആരെയെങ്കിലും വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ അതിന് നിർവ്യാജം ഖേദം പ്രകടിപ്പിക്കുന്നുവെന്ന് പറഞ്ഞാൽ എന്താണ് അതിന്റെ അർത്ഥം? ആ മാന്യത അംഗീകരിക്കാൻ അവർക്ക് കഴിയണ്ടേ? അത്തരം ഒരു നിലപാട് സ്വീകരിക്കാതെ അനാവശ്യമായ ഒരു കാര്യം ഊതിവീർപ്പിച്ച് നാട്ടിലാകെ തെറ്റായ ധാരണ ഉണ്ടാക്കുന്നതിനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അത് ഇവിടെ ഏശുന്ന കാര്യമല്ല; ജനങ്ങളും അതൊന്നും മുഖവിലയ്ക്കെടുക്കില്ല എന്നാണ് അവർ മനസ്സിലാക്കേണ്ടത്.

10.00 AM]

ആർ.എസ്.എസ്-ലും ബി.ജെ.പി.-യിലും ആളെ കൂട്ടലാണോ നിങ്ങൾക്ക് ജോലി എന്ന് ഇവിടെ ബഹുമാന്യനായ അംഗം ചോദിക്കുകയുണ്ടായി. ആ ജോലി എന്തായാലും ഞങ്ങൾക്കില്ല. നിങ്ങൾ ആ ജോലി എടുക്കാതിരുന്നാൽ മതി. അതിന്റെ മറ്റ് വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. വിശദാംശങ്ങൾ എന്റെ കയ്യിൽ ഇല്ലാത്തതുകൊണ്ടല്ല, ഇപ്പോൾ അതിനൊരു അവസരം ഇല്ലാത്തതു കൊണ്ട് ഞാൻ പറയുന്നില്ലെന്നേയുള്ളൂ. ഏതായാലും നിങ്ങൾ ആ ജോലി എടുക്കാതിരുന്നാൽ മതി എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ.

ഇവിടെ ഒരു മോഹവുമായി നടക്കുന്നുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. നിങ്ങൾ പറഞ്ഞാൽ ഏത് ഓഫീസറാണ് കേൾക്കുക എന്ന് ബഹുമാന്യനായ ഒരംഗം ചോദിച്ചു, അങ്ങനെ കേൾക്കാത്ത ഒരു ഓഫീസറും ഓഫീസറായിട്ടുണ്ടാകില്ല. അങ്ങനെയൊരു വെള്ളരിക്കാപ്പട്ടണമൊന്നുമല്ല ഇത്; ആ ധാരണയൊന്നും വേണ്ട. ഈ സർക്കാർ തീരുമാനിക്കുന്ന കാര്യം നടപ്പാക്കാൻ ബാധ്യതയുള്ളവർ തന്നെയാണ് ഓഫീസർമാർ. അല്ലാതെ അവർക്ക് തോന്നുന്ന കാര്യം നടപ്പാക്കാനല്ല. സർക്കാർ തീരുമാനിക്കുന്ന കാര്യം നടപ്പാക്കുക തന്നെ ചെയ്യും, ഒരു സംശയവും ആ കാര്യത്തിൽ വേണ്ട. അനാവശ്യമായ ചില ധാരണകൾ ഉണ്ടാക്കാൻ ശ്രമിക്കേണ്ട. ഒരു ഭാഗത്ത് ഇവിടെ കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ടിരിക്കുന്നുവെന്നും അതേസമയം തന്നെ വേറൊരു ഭാഗത്ത്, ഇവിടെ സർക്കാർ പറഞ്ഞാൽ കേൾക്കാത്ത ഉദ്യോഗസ്ഥരാണുള്ളതെന്നും പറയുന്നു. എന്താണ് അതിന്റെ ഉദ്ദേശ്യം; എന്ത് ഉദ്ദേശ്യത്തോടുകൂടിയാണ് പറയുന്നത്? ഈ നാടിന്റെ ജനാധിപത്യപരമായ സമ്പ്രദായങ്ങൾക്ക് നിരക്കുന്നതാണോ ആ വർത്തമാനങ്ങൾ; അങ്ങനെയാണോ ചെയ്യേണ്ടത്? ഭരണപക്ഷവും പ്രതിപക്ഷവുമൊക്കെയുണ്ടാകും; പക്ഷെ, ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ ഈ നാട്ടിൽ ആ നിലയ്ക്ക് നടക്കേണ്ടതുമല്ലേ; അതിനെത്തന്നെ തകർക്കത്തക്ക രീതിയിലുള്ള പരാമർശങ്ങൾ ഉണ്ടാകേണ്ടതുണ്ടോ? അതുകൊണ്ട് അത്തരത്തിലുള്ള ധാരണയൊന്നും വേണ്ട. കാര്യങ്ങൾ കൃത്യമായി നടന്നുപോകും. അത് കൃത്യമായി നടത്താൻ തന്നെയാണ് ഈ സർക്കാർ നിൽക്കുന്നത്. നിയമവിരുദ്ധമായ ഒരു കാര്യവും ഈ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകില്ല. നിയമപരമായ കാര്യങ്ങൾ ചെയ്യുമ്പോൾ ആ കാര്യങ്ങൾ നടത്താൻ എല്ലാവർക്കും ബാധ്യതയുണ്ടാകും എന്നതുകൂടി ഓർമ്മിപ്പിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാന്യനായ മെമ്പർ ശ്രീ. വി. ഡി. സതീശൻ ഇവിടെ ഉന്നയിച്ച അടിയന്തരപ്രമേയത്തിന് മറുപടി പറഞ്ഞ മുഖ്യമന്ത്രിക്ക് മറുപടിയായി ശ്രീ. കാനം രാജേന്ദ്രന്റെ ഒരു പ്രസ്താവനയാണ് ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത് - 'മുതലാളിയുടെ ശൈലിയാണ് മുഖ്യമന്ത്രിക്ക്, സമരം കൊണ്ട് എന്തുനേടിയെന്ന് ചോദിച്ചത് മുതലാളിമാരാണ് ' എന്ന് മുഖ്യമന്ത്രി പിണറായി വിജയനെ സി.പി.ഐ. സംസ്ഥാന സെക്രട്ടറി ശ്രീ. കാനം രാജേന്ദ്രൻ ഓർമ്മിപ്പിക്കുകയുണ്ടായി. ട്രേഡ് യൂണിയൻ സമരങ്ങൾക്കെതിരെ പണ്ട് മുതലാളിമാർ ചോദിച്ച ചോദ്യമാണത്. അതാണ് ഇവിടെ ഉണ്ടായിരുന്ന പാരമ്പര്യം. അദ്ദേഹം വേറൊന്നുകൂടി പറഞ്ഞു, 16-2-2017-ലെ മാതൃഭൂമി പത്രത്തിൽ വന്നതാണ്, 'ജനകീയ സമരങ്ങളോട് മുഖം തിരിച്ചാൽ നന്ദിഗ്രാം ഇവിടെ ആവർത്തിക്കപ്പെടും'. ബഹുമാന്യനായ മുഖ്യമന്ത്രി കൂട്ടുത്തരവാദിത്വത്തെപ്പറ്റി പറഞ്ഞു. അങ്ങയുടെ തൊട്ട് ഇപ്പുറത്തിരിക്കുന്ന ശ്രീ. ഇ. ചന്ദ്രശേഖരന്റെ പാർട്ടിയുടെ സെക്രട്ടറിയാണ് ഈ രണ്ട് സ്റ്റേറ്റുമെന്റുകളും നടത്തിയത്. മാത്രമല്ല, ഇത് ജനയുഗത്തിലോ ദേശാഭിമാനിയിലോ വീക്ഷണത്തിലോ അല്ല വന്നത്. അങ്ങ് നിയമസഭയിൽ ഇപ്പോൾ പറഞ്ഞ എല്ലാ കാര്യങ്ങൾക്കുമുള്ള മറുപടി ശ്രീ. കാനം രാജേന്ദ്രന്റെ ഈ വാക്കുകളിലൂടെ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. 'ഒരു കമ്മ്യൂണിസ്റ്റുകാരൻ സമരത്തെ വിലയിരുത്തുന്നത് സമരത്തിലെ ജനബാഹുല്യം കൊണ്ടൊന്നുമല്ല. ഡൽഹിയിൽ സി.പി.ഐ.(എം) 12 പേരെ വച്ച് സമരം നടത്താറുണ്ട്, ആന്ധ്രപ്രദേശിൽ 10 പേരെ വച്ച് സമരം നടത്താറുണ്ട്, മദ്രാസിൽ സമരം നടത്താറുണ്ട്. ആളുകളുടെ ബാഹുല്യം അല്ല ഒരു കമ്മ്യൂണിസ്റ്റുകാരൻ വിലയിരുത്തേണ്ടത്, ഇഷ്യൂവിന്റെ ബലമാണ്. ഉന്നയിക്കുന്ന പ്രശ്നമാണ് പ്രധാനപ്പെട്ട കാര്യം.' നാലുപേരുള്ള സമരമായിരുന്നുവെന്ന് ഇന്നലെ ശ്രീ. എം. എം. മണി പറഞ്ഞു. എന്നാൽ ഇന്ന് അങ്ങ് പറയുന്നു 31 ആളുകളുടെ പേരിൽ കേസ്സെടുത്തുവെന്ന്. ആരെയാണ് വിശ്വസിക്കേണ്ടത്? നാലുപേർ നടത്തിയ സമരത്തിന് 31 ആളുകളുടെ പേരിൽ കേസ്സെടുക്കേണ്ട കാര്യമെന്താണ്? അങ്ങ് കേരളത്തിന്റെ ഏറ്റവും സമുന്നതമായ സ്ഥാനത്തിരിക്കുന്ന വ്യക്തിയാണ്. ബഹുമാന്യനായ മുഖ്യമന്ത്രി, അങ്ങ് ഇന്നത്തെ മലയാള മനോരമ പത്രത്തിന്റെ എഡിറ്റോറിയൽ വായിക്കണം. ഞാൻ അത് വായിക്കാം, 'മലിനഭാഷയിൽ പ്രസംഗം നടത്തിയ മന്ത്രിയെ ന്യായീകരിക്കാൻവേണ്ടി ഇന്നലെ നിയമസഭയിൽ മുഖ്യമന്ത്രി നമ്മുടെ നാട്ടുഭാഷയുടെതന്നെ വില ഇടിച്ചപ്പോൾ മധുരമലയാളത്തിന്റെയും മുഴുവൻ മലയാളിയുടെയും വിലകൂടിയാണ് ഇടിഞ്ഞത് '. ഒരു മുഖ്യമന്ത്രിയെപ്പറ്റി മലയാള മനോരമയെപ്പോലെ കേരളത്തിൽ ഏറ്റവും കൂടുതൽ സർക്കുലേഷനുള്ള പത്രത്തിന്റെ എഡിറ്റോറിയൽ ആണ്. സമയക്കുറവുമൂലം ഞാൻ ബാക്കി വായിക്കുന്നില്ല.

ഇവിടെ വൈക്കം മുഹമ്മദ് ബഷീറിന്റെ 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന' എന്ന പുസ്തകത്തിൽ 'കൊച്ചുതാച്ച' എന്നൊരു കഥാപാത്രമുണ്ട്. വഴിയേ പോകുന്നവരെ വായിൽ തോന്നുന്നതെല്ലാം വിളിച്ചുപറയുന്നതിനെ ശാസിച്ച തന്റെ മകളോടു പറയുന്നത് 'എനിക്ക് ലൈനസുണ്ടെടീ' എന്നാണ്. എന്നുവച്ചാൽ 'എനിക്ക് ലൈസൻസുണ്ട് എന്നാണ് പറയുന്നത്. ആ ലൈസൻസാണോ മുഖ്യമന്ത്രി, അങ്ങ് ശ്രീ. എം. എം. മണിക്ക് കൊടുത്തിട്ടുള്ളത്. ശ്രീ. എം. എൻ. കാരശ്ശേരി ഇന്ന് മലയാള മനോരമയിൽ എഴുതിയ ലേഖനത്തിൽ പറയുന്ന കാര്യമാണ് ഞാൻ പറഞ്ഞത്. ബഹുമാന്യനായ മുഖ്യമന്ത്രി, അങ്ങ് പറഞ്ഞല്ലോ, അങ്ങയുടെ ഗവൺമെന്റിന് കൂട്ടുത്തരവാദിത്വമുണ്ടെന്ന്. ഒരു മുഖ്യമന്ത്രി അങ്ങനയേ പറയാൻ പാടുള്ളൂ; ഒരു മുഖ്യമന്ത്രി അങ്ങനയേ പ്രവർത്തിക്കാൻ പാടുള്ളൂ; ഒരു മന്ത്രിസഭ അങ്ങനയേ പ്രവർത്തിക്കാൻ പാടുള്ളൂ. പക്ഷെ, കഴിഞ്ഞ ഒരു മാസമായി കേരളം കാണുന്നതെന്താണ്? ഇവിടെ അങ്ങയുടെ അഖിലേന്ത്യാ സെക്രട്ടറി ആയിരുന്ന ശ്രീ. പ്രകാശ് കാരാട്ട് പറയുന്നതെന്താണ്? 'സി.പി.ഐ. പ്രതിപക്ഷത്തിന്റെ റോൾ കളിക്കരുത് ' എന്നാണ് കോഴിക്കോട് വച്ച് നടന്ന സമ്മേളനത്തിൽ ഇടതു മുന്നണിയിലെ രണ്ടാമത്തെ കക്ഷിയായ സി.പി.ഐ.-യുടെ നേർക്ക് ചൂണ്ടിക്കൊണ്ട് അദ്ദേഹം പറഞ്ഞത്. പോലീസ് നയത്തിൽ സി.പി.ഐ.-ക്ക് പൂർണ്ണ തൃപ്തിയില്ല. ഞാൻ ആ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. അത് ഇനി ഇവിടെ വരാൻ പോകുന്ന കാര്യമാണ്. അങ്ങ് പറഞ്ഞതുപോലെ അത്തരം വിശദാംശങ്ങളിലേയ്ക്ക് കടക്കാൻ ഇനിയും സമയമുണ്ട്. ഈ ഗവൺമെന്റിന് കൂട്ടുത്തരവാദിത്വമുണ്ടായിരുന്നെങ്കിൽ അങ്ങ് പറഞ്ഞ ആ കുരിശ് പൊളിക്കുന്നതിനു മുമ്പ്, 144 പ്രഖ്യാപിക്കുന്നതിനുമുമ്പ് കേരളത്തിലെ മുഖ്യമന്ത്രി അത് അറിയണമായിരുന്നു. അല്ലെങ്കിൽ മുഖ്യമന്ത്രിക്ക് ആ സ്ഥാനത്തിരിക്കാനുള്ള യോഗ്യത എന്താണ്? റവന്യൂ വകുപ്പുമന്ത്രി ചലിക്കില്ല; മുഖ്യമന്ത്രി അറിയാതെ അവിടെ ഒരു ചലനവുമുണ്ടാകില്ല. അങ്ങയോടുള്ള എല്ലാ ബഹുമാനവും കൊണ്ട് ഞാൻ പറയുന്നു, അങ്ങ് അത് അനുവദിച്ചുകൊടുക്കാൻ പാടില്ലായിരുന്നു. അങ്ങ് ധൈര്യമുള്ള ഒരു മുഖ്യമന്ത്രിയാണെങ്കിൽ അത് അനുവദിച്ചുകൊടുക്കാൻ പാടില്ലായിരുന്നു; പക്ഷേ അങ്ങ് അത് അനുവദിച്ചുകൊടുത്തു. അങ്ങ് ഈ നിയമസഭയിൽ പറഞ്ഞല്ലോ, എനിക്ക് വേദന തോന്നി, കേരളത്തിലെ ഒരു മുഖ്യമന്ത്രി പറയാൻ പാടില്ലായിരുന്നു. പോലീസ് അറിയാതെ 144 പ്രഖ്യാപിച്ചു. ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയായി ഇരുന്നിട്ടുള്ള ആളാണ്. സംസ്ഥാനത്തിന്റെ

മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയുമറിയാതെ കേരളത്തിന്റെ ഏതെങ്കിലും ഒരു സ്ഥലത്ത് 144 പ്രഖ്യാപിക്കുമോ; ഏതെങ്കിലും ഒരു സ്ഥലത്ത് അങ്ങയുടെ അനുവാദമില്ലാതെ വെളുപ്പിന് 7.00 മണിക്ക് 144 പ്രഖ്യാപിച്ചിട്ട് കുരിശോ എന്തോ ആകട്ടെ അവിടെനിന്ന് പൊളിക്കുമോ? മതചിഹ്നങ്ങളെ കയ്യേറ്റങ്ങൾക്കും നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുന്ന ഒരു നടപടിയോടും യു.ഡി.എഫ്.-ന് താൽപ്പര്യമില്ല. അത് ശരിയാണെന്നുള്ള അഭിപ്രായവും എനിക്കില്ല. കയ്യേറ്റക്കാർ അമ്പലവും പള്ളിയും കുരിശും ശൂലവും കൊണ്ടുവച്ചിട്ട് അതെല്ലാം കയ്യേറുന്ന നടപടിയോട് ഞങ്ങൾക്ക് യോജിപ്പില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു കാര്യം ഓർക്കണം. മൂന്നാറിൽ ഇപ്പോൾ നടക്കുന്നത് എന്താണ്; ചില തൊഴിലാളികൾ സമരം ചെയ്യുന്നു, അവരുടെ ആവശ്യങ്ങൾ ഉന്നയിക്കുന്നു, ആ ആവശ്യങ്ങളോട് പോലീസിന്റെ സമീപനം എന്താണ്; ഇത് ശരിയല്ല. അങ്ങ് എത്രയോ തൊഴിലാളി സമരങ്ങൾ കണ്ടിട്ടുള്ള ആളാണ്, എത്രയോ തൊഴിലാളി സമരങ്ങൾക്ക് നേതൃത്വം കൊടുത്ത ആളാണ്. സി.പി.ഐ.(എം) പ്രവർത്തകർ അവരെ ഭീഷണിപ്പെടുത്തുന്നു. മാധ്യമ പ്രവർത്തകരേയും സമരക്കാരെയും പോലീസ് നേരിടുന്നു. ഇത് ശരിയായ നടപടിയല്ല. ഗവൺമെന്റിന്റെ വ്യത്യസ്തമായ നിലപാടുകളോട് ആളുകൾ സമരം ചെയ്തെന്നിരിക്കും, ആ സമരങ്ങളോട് എതിർപ്പുണ്ടാകും. അതൊക്കെ സ്വാഭാവികമാണ്. സമരപ്പന്തൽ പൊളിക്കുക, സമരക്കാരെ അടിച്ചമർത്തുക, അവരുടെ പേരിൽ എത്ര കേസ്സുകളാണ് എടുത്തിരിക്കുന്നത്? ഐ.പി.സി.-യിലെ എത്ര വകുപ്പുകൾ ഉപയോഗിച്ചാണ് കേസ്സുകൾ രജിസ്റ്റർ ചെയ്തിരിക്കുന്നതെന്ന് അങ്ങ് ഇവിടെ വായിച്ചല്ലോ. ഇത് ശരിയായ നടപടിയല്ല. അങ്ങേയ്ക്ക് ആര് ഇത് എഴുതിത്തന്നാലും അങ്ങ് ഇത് പുനഃപരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇത് യു.ഡി.എഫ്. അല്ല, എൽ.ഡി.എഫ്. ആണെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി എപ്പോഴും പറയാറുണ്ട്. എൽ.ഡി.എഫ്.-ന്റെ സ്വഭാവമെന്താണെന്ന് ഞങ്ങൾക്ക് ഇപ്പോഴാണ് മനസ്സിലായത്. ഇന്നലെ സെക്രട്ടേറിയേറ്റുപോലും കടുത്ത വിമർശനം നടത്തിയതായി പത്രത്തിൽ വാർത്ത വന്നിട്ടുണ്ട്. പത്രവാർത്തകൾ ശരിയാണെങ്കിൽ ബഹുമാന്യനായ മുഖ്യമന്ത്രി അങ്ങ് ഈ പ്രസംഗം ഇന്ന് നടത്തുമായിരുന്നില്ലെന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തിന്റെ ചരിത്രത്തിൽ ഇതുപോലൊരു സംഭവം ഉണ്ടായിട്ടുണ്ടോ? ബഹുമാന്യനായ മന്ത്രിയുടെ പ്രസംഗങ്ങൾ ഒരു സംസ്ഥാനത്തെ ജനങ്ങൾക്ക് മുഴുവൻ ആക്ഷേപകരമാണെങ്കിൽ അങ്ങ് മുൻകൈയെടുത്ത്

അതിനെ വിലക്കുകയല്ലേ വേണ്ടത്; മുഖ്യമന്ത്രി ആ മന്ത്രിയെ ശാസിക്കുകയല്ലേ വേണ്ടത്? അതൊന്നുമല്ലാതെ അങ്ങ് ഇതിനെ ന്യായീകരിക്കുന്നതിനോട് എനിക്ക് ഒരു കാരണവശാലും യോജിക്കാൻ സാധിക്കുകയില്ല. കോൺഗ്രസ്സുകാരും ബി.ജെ.പി.-ക്കാരും അവിടെ പോയിരിക്കുന്നുവെന്ന് അങ്ങ് പറഞ്ഞു. ഒരു ജനകീയ സമരം ഉണ്ടായപ്പോൾ, ലാ അക്കാഡമിയിൽ സമരം നടന്നപ്പോൾ അവിടെ സി.പി.ഐ.(എം.)-ഉം ബി.ജെ.പി.-യും കോൺഗ്രസും ഉണ്ടായിരുന്നു. വിദ്യാഭ്യാസ വകുപ്പുമന്ത്രി വിളിച്ച് ആ സമരം ഒത്തുതീർത്തതിനെക്കുറിച്ച് നമുക്കറിയാം. പൊതുവായ ഒരു വിഷയം ഉണ്ടാകുമ്പോൾ എല്ലാ പാർട്ടിക്കാരും അവിടെ പോകും. അവിടെ പോകുന്നവരെല്ലാവരും തമ്മിൽ കൂട്ടുകെട്ടാണോ; ആ പോകുന്നവരെല്ലാം ചേർന്ന് മഴവിൽ സഖ്യമാണോ? കേരളത്തിലെ ജനങ്ങളെ നിങ്ങൾക്ക് പറഞ്ഞു പറ്റിക്കാൻ കഴിയില്ല. കുറെ നാളുകളായി ഇത് തുടങ്ങിയിട്ട്. ഹിന്ദുവായ ഏതെങ്കിലും രാഷ്ട്രീയ നേതാവിന്റെ പേര് കേട്ടാൽ ഉടനെ അവൻ ബി.ജെ.പി.-യിൽ ചേരാൻ പോകുകയാണെന്ന് പറയും. അവരെയെല്ലാം ആർ.എസ്.എസ്.-കാരാണെന്ന് പറയും. അവരെല്ലാം ബി.ജെ.പി.-യിൽ ചേർന്നു വെന്ന് പറയും. ഇതെല്ലാം അപകടകരമായ രാഷ്ട്രീയമാണ്. കേരളത്തിൽ ബി.ജെ.പി.-യെ ശക്തിപ്പെടുത്താൻ സി.പി.ഐ.(എം) നടത്തിക്കൊണ്ടിരിക്കുന്ന ശ്രമങ്ങളുടെ ഭാഗമാണിത്. നിങ്ങൾ ഇത് അവസാനിപ്പിക്കണം. ബി.ജെ.പി.-യെ ശക്തിപ്പെടുത്താൻ നിങ്ങൾ ശ്രമിക്കരുത്. കേരളത്തിന്റെ മണ്ണിൽ ആർ.എസ്.എസ്-നും ബി.ജെ.പി.-ക്കും വളരാനുള്ള അവസരം ഉണ്ടാകാതെ നോക്കാൻ ബാധ്യതയുള്ള പാർട്ടിയാണ് നിങ്ങളുടേതും. ആ നിങ്ങളാണ് ഇവിടെയുള്ള ഓരോരുത്തരുടെയും പേര് പറഞ്ഞ് അവരെല്ലാം ബി.ജെ.പി.ക്കാരാണെന്ന് പറയുന്നത്. ബി.ജെ.പി.-യുടെ റിക്രൂട്ട്മെന്റ് ഏജന്റുമാരായി സി.പി.ഐ.(എം) മാറാൻ പാടില്ലെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് അവിടെ നടക്കുന്ന സമരത്തിൽ രാഷ്ട്രീയമില്ല. പൊമ്പളൈ ഒരുമൈ നടത്തുന്ന സമരത്തിൽ എല്ലാവരും പങ്കെടുക്കുന്നുണ്ട്. ശ്രീ. സി. ആർ. നീലകണ്ഠൻ ഏത് പാർട്ടിയാണ്? ...(ബഹളം).. ആം ആദ്മി പാർട്ടിയാണ്.

<u>മി. സ്പീക്കർ</u>: യെസ്.. യെസ്..

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, ശ്രീ. ഇ. പി. ജയരാജന് എന്തുപറ്റി?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ബഹുമാനപ്പെട്ട പി. ടി. തോമസിനോട് ചോദിക്കു അദ്ദേഹത്തിന് എന്തുപറ്റിയെന്ന്. അത് പരിശോധിക്കുന്നത് നല്ലതാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ശ്രീ. സി. ആർ. നീലകണ്ഠൻ ആം ആദ്മി പാർട്ടിയുടെ നേതാവാണ്. ആം ആദ്മി പാർട്ടിയോട് ശ്രീ. ഇ. പി. ജയരാജൻ ഇത്രയധികം ആക്രോശം കാണിക്കേണ്ട കാര്യമെന്താണ്; ശ്രീ. സി. ആർ. നീലകണ്ഠൻ ആം ആദ്മി പാർട്ടി സംസ്ഥാന പ്രസിഡന്റാണ്. അദ്ദേഹവും അവിടെ സമരത്തിനിരിക്കുന്നു. ഞങ്ങളും അവരുടെ സഖ്യത്തിലാണോ; ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. കെജ്രിവാളിനെ കണ്ടു. നല്ല കാര്യമാണ്. ഞാൻ അതിനെ എതിർക്കുന്നില്ല. അദ്ദേഹം എന്റെയും സുഹൃത്താണ്. മൂന്നാറിൽ നടത്തിക്കൊണ്ടിരിക്കുന്ന സമരത്തെ ബഹുമാന്യനായ മുഖ്യമന്ത്രി കാണേണ്ടത് ഈ രീതിയിലല്ല. അങ്ങ് ഈ സമരത്തെ പുച്ഛിച്ച് തള്ളുന്നത് ശരിയല്ല. സമരത്തിന് ആളില്ലെന്ന് പറഞ്ഞ് അവരെ അപമാനിക്കുന്നത് ശരിയല്ല. കേരളത്തിന്റെ ജനമനസ്സ് ആ സമരത്തോടൊപ്പമുണ്ടെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഇത്രയും മോശമായ നിലയിൽ സ്ത്രീത്വത്തെ അപമാനിച്ച വൈദ്യുതി വകുപ്പുമന്ത്രി ആ സ്ഥാനം രാജിവച്ച് പരസ്യമായി മാപ്പ് പറയുകയാണ് വേണ്ടത്. അദ്ദേഹത്തെ സംരക്ഷിക്കുന്ന സർക്കാർ നടപടിയോട് ഞങ്ങൾക്ക് കടുത്ത പ്രതിഷേധമുണ്ട്. ഞങ്ങൾക്ക് അതിനോട് യോജിക്കാൻ കഴിയില്ല. ഗവൺമെന്റ് ഈ നടപടിയല്ല സ്വീകരിക്കേണ്ടത്. ജനാഭിലാഷത്തെ മാനിച്ചുകൊണ്ട് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ രാജി വാങ്ങാൻ മുഖ്യമന്ത്രി തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. ശക്തമായ പ്രക്ഷോഭങ്ങളുമായി ഞങ്ങൾ മുന്നോട്ടുപോകുമെന്ന് പറയാൻ ഈ സന്ദർഭം ഉപയോഗിക്കുകയാണ്.

(ശ്രീ. എം. എം. മണിയുടെ രാജി ആവശ്യപ്പെട്ട് യു.ഡി.എഫ്. അംഗങ്ങൾ ബാനർ ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസിനു മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

<u>ശ്രീ. കെ. എം. മാണി</u>: സർ, ബഹുമാന്യനായ മുഖ്യമന്ത്രി വിഷയത്തിൽ നിന്നും ഒഴിഞ്ഞുമാറുകയാണുണ്ടായത്. ഇവിടെ പ്രശ്നം കയ്യേറ്റമല്ല, ശ്രീ. എം. എം. മണി നടത്തിയ പ്രസ്താവനയാണ്. സ്ത്രീത്വത്തെ അപമാനിച്ച, അവഹേളനപരമായ പ്രസ്താവനയാണ് ഇവിടത്തെ പ്രശ്നം. ആ പ്രസ്താവനയ്ക്കെതിരെ നാടൻ ഭാഷയാണ് എന്നുപറഞ്ഞ് അതിനെ ലഘൂകരിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിലപാടിനോട് ഞങ്ങൾ പ്രതിഷേധിക്കുന്നു. ഇത് നാടൻ ഭാഷയാണോ? ഇത് മണിയുടെ ഭാഷയാണ്, ഇടുക്കിയുടെ ഭാഷയല്ല ഇത്, കേരളത്തിന്റെ ടൂറിസ്റ്റ് കേന്ദ്രമായ മൂന്നാറിന്റെ ഭാഷയല്ല അത്. ഇങ്ങനെയൊരു ഭാഷ പ്രയോഗിക്കുന്ന ഒരാൾ അങ്ങയുടെ മന്ത്രിസഭയിൽ ഉണ്ടാകാൻ പാടില്ല. അങ്ങ് ഇത് അറിഞ്ഞില്ലെന്നാണ് പറയുന്നത്. നാട്ടിൽ നടക്കുന്ന വിവരങ്ങൾ അറിയാത്ത മുഖ്യമന്ത്രിയാണോ അങ്ങ്; അങ്ങനെയൊരു ഗവൺമെന്റാണോ ഇത്? ഇതുകൊണ്ടൊന്നും മറച്ചുവയ്ക്കാനൊക്കുകയില്ല. ഇത് വളരെ തെറ്റായ നിലപാടാണ്.

ഈ മന്ത്രിയെ പുറത്താക്കണമെന്നതാണ് ആവശ്യം. ഇങ്ങനെയൊരു മന്ത്രി മന്ത്രിസഭയിൽ ഇരിക്കാൻ പാടില്ല. ശ്രീ. എം. എം. മണിയോട് അനുകമ്പയും സഹതാപവും സ്നേഹവുമുള്ള ഒരാളാണ് ഞാൻ. പക്ഷേ ഇത് മന്ത്രിസഭയുടെ ശോഭ കെടുത്തും. ഇങ്ങനെയൊരു മന്ത്രിയെ മന്ത്രിസഭയിൽ വച്ചുകൊണ്ടിരിക്കുന്നത് ശരിയല്ല. ഗവൺമെന്റിന്റെ ഈ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. ഒ. രാജഗോപാൽ: സർ, ഇവിടെ എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ഉണ്ട്. പല കാര്യങ്ങൾക്കും അവർ തമ്മിലടിക്കുന്നതും നമ്മൾ കാണുന്നുണ്ട്. കക്ഷിരാഷ്ട്രീയമില്ലാത്ത, നിഷ്പക്ഷമതികളായ സാധാരണക്കാർ ഇത്തരം അവസരങ്ങളിൽ നിശ്ശബ്ദത പാലിക്കുന്നു. അത്തരത്തിലുള്ള ആൾക്കാർ മുന്നോട്ടുവന്ന് ശക്തമായി പ്രതിഷേധിക്കുന്ന ഒരു അവസ്ഥയാണ് ഇപ്പോൾ നമ്മൾ കാണുന്നത്. ബഹുമാന്യയായ സുഗതകുമാരി ടീച്ചറിനെയും ജസ്റ്റിസ് ശ്രീദേവിയെയും പോലെയുള്ള നിരവധി ആൾക്കാർ രംഗത്തുവരുന്നത് അതിന് തെളിവാണ്. അവരെ നോക്കിക്കൊണ്ട്, സത്യത്തിനും ധർമ്മത്തിനും നീതിക്കും വേണ്ടി പ്രവർത്തിക്കുന്ന ആൾക്കാരെയൊക്കെ 'ആർ.എസ്.എസ് എന്ന് മുദ്രകുത്തി അകറ്റി നിർത്തുന്ന വിദ്യ ഇനി വിലപോവുകയില്ലെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു റിക്രൂട്ട്മെന്റ് ഏജൻസിയുടെയും ആവശ്യമില്ല. ആരുടെ സഹതാപവും ആവശ്യമില്ല. സംഘവും ബി.ജെ.പി.-യും വളരുന്നത് ജനങ്ങളുടെ പിന്തുണ കൊണ്ടുമാത്രമാണ്. സത്യത്തിനും ധർമ്മത്തിനും നീതിക്കും വേണ്ടി നിലകൊള്ളുന്ന ആൾക്കാരെ മുഴുവൻ അധിക്ഷേപിക്കുന്ന, സ്ത്രീകളെ അവഹേളിക്കുന്ന സാഹചര്യം ഇവിടെയുണ്ടായിരിക്കുന്നു. ഇതിന് മറ്റ് കക്ഷികളെ പരസ്പരം കുറ്റം പറഞ്ഞതുകൊണ്ട് കാര്യമില്ല. ജനാധിപത്യത്തിന്റെ അടിസ്ഥാന മൂല്യങ്ങളെ വെല്ലുവിളിച്ചുകൊണ്ട് ഏകാധിപത്യത്തിന്റെ മാർഗ്ഗത്തിൽ കൂടി പോകുന്നത് പൊറുക്കാവുന്നതല്ല. ഈ വിഷയത്തിൽ ദീർഘമായ ചർച്ച ആവശ്യമാണ്. ഈ സാഹചര്യത്തിൽ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി)

(ബഹുമാനപ്പെട്ട യു.ഡി.എഫ്. അംഗങ്ങൾ ബാനർ ഉയർത്തിപ്പിടിച്ച് സ്പീക്കറുടെ ഡയസ്സിനുമുന്നിൽ നിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

# IV ശ്രദ്ധ ക്ഷണിക്കൽ

## സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ പ്രവേശനം

ശ്രീ. എം. സ്വരാജ് : സർ, സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ പ്രവേശനത്തിന് മെരിറ്റിനോടൊപ്പം സാമൂഹ്യനീതിയും ഉറപ്പാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. വളരെ മുമ്പുതന്നെ പവിത്രവും പരിപാവനവുമായി പരിഗണിക്കപ്പെട്ടിരുന്ന ഒരു മേഖലയാണ് വിദ്യാഭ്യാസ രംഗം. ഒരു ആരാധനാലയത്തിന് കൽപ്പിക്കപ്പെട്ടിരുന്ന വിശുദ്ധിയോടുകൂടിയാണ് സമൂഹം വിദ്യാഭ്യാസ സ്ഥാപനങ്ങളേയും വിദ്യാഭ്യാസ രംഗത്തെയും സമീപിച്ചിരുന്നത്. അതുകൊണ്ടാണ് 'പള്ളിക്കൂടം, സരസ്വതീക്ഷേത്രം' എന്നൊക്കെയുള്ള പ്രയോഗങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കൈവന്നിട്ടുള്ളത്. സാമൂഹിക പുരോഗതിയുടെ അടയാളമായും സാംസ്കാരിക മുന്നേറ്റത്തിന്റെ പ്രതീകമായുമെല്ലാം സർവ്വകലാശാലകൾ പരിഗണിക്കപ്പെട്ടിരുന്ന ഒരു ചരിത്രം ലോകത്തിലെ എല്ലാ ഭാഗങ്ങളിലും നമുക്ക് കാണാൻ സാധിക്കുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

എന്നാൽ നിർഭാഗ്യവശാൽ ഒരുഘട്ടം കഴിഞ്ഞപ്പോൾ ലാഭാധിഷ്ഠിതമായ കച്ചവടമേഖലയായി വിദ്യാഭ്യാസത്തെ മാറ്റാനാണ് ഒരു കൂട്ടർ ശ്രമിച്ചത്. ചെറിയ മുതൽമുടക്ക് നടത്തിക്കൊണ്ട് വിദ്യാഭ്യാസ രംഗത്തും ആരോഗ്യ പരിപാലന രംഗത്തും വലിയ ലാഭമുണ്ടാക്കാൻ കഴിയുന്ന ഒരു വ്യവസായമായി മാറ്റാൻ ആസൂത്രിതമായ നീക്കങ്ങളുണ്ടായിട്ടുണ്ട്. അങ്ങനെയാണ് സ്വകാര്യ മുതലാളിമാർ ഈ രംഗത്തേയ്ക്ക് കടന്നുവരാൻ ശ്രമിച്ചത്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ച ആ കാലഘട്ടത്തിൽപ്പോലും ഇന്ത്യയുടെ പരമോന്നത നീതിപീഠം വിവിധ കേസ്സുകളിൽ വിദ്യാഭ്യാസ രംഗത്തെ സാമൂഹ്യനീതിയെ ഉയർത്തിപ്പിടിക്കുന്ന സമീപനമാണ് സ്വീകരിച്ചിരുന്നത് എന്നത് നമുക്ക് ഈ അവസരത്തിൽ ഓർക്കാൻ കഴിയുന്നതാണ്. ഉണ്ണികൃഷ്ണൻ V/s. സ്റ്റേറ്റ് ഓഫ് ആന്ധ്രാപ്രദേശ് എന്ന കേസ്സിലും മോഹിനി ജെയിൻ V/s. സ്റ്റേറ്റ് ഓഫ് കർണ്ണാടക എന്ന കേസ്സിലും ഉന്നത വിദ്യാഭ്യാസ രംഗത്തെ സാമൂഹ്യനീതി സംരക്ഷിക്കാൻ സഹായകരമായ, ഒരുപക്ഷേ ഇന്ത്യൻ ജുഡീഷ്യറിയുടെ ചരിത്രത്തിൽ എന്നും ഓർമ്മിക്കപ്പെടുന്ന വിധിന്യായങ്ങളാണ് കോടതിയിൽനിന്നും ഉണ്ടായത്. എന്നാൽ അതിനുശേഷം ആഗോളവൽക്കരണം യാഥാർത്ഥ്യമായി. ഒരു പുതിയ കാഴ്ചപ്പാട്, പുതിയ സാമ്പത്തിക സമീപനം പ്രബലമായി ലോകമെമ്പാടും നിലവിൽ വന്നു.

ആഗോളവൽക്കരണത്തിന്റെ ഭാഗമായ, GATS (General Agreement on Trade in Services)-ന്റെ നയപ്രഖ്യാപന രേഖതന്നെ അർദ്ധശങ്കയ്ക്ക് ഇടയില്ലാത്തവിധം വിദ്യാഭ്യാസമെന്നത് ഒരു കച്ചവടമാണെന്ന് വ്യക്തമാക്കുന്നുണ്ട്. ആഗോളവൽക്കരണ കാഴ്ചപ്പാടുകൾ നമ്മുടെ നീതിപീഠങ്ങളെക്കൂടി സ്വാധീനിച്ച ഒരു ഘട്ടത്തിലാണ് ഉന്നത വിദ്യാഭ്യാസരംഗത്തെ ഫീസും മെരിറ്റും ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ട ടി.എം.എ. പൈ കേസ്സും പി.സി. ഇനാംദാർ കേസ്സും ഇസ്ലാമിക് അക്കാദമി കേസ്സുമെല്ലാം ഉയർന്നുവരുന്നത്. ഈ മൂന്ന് കേസ്സുകളിലും ബഹുമാനപ്പെട്ട നീതിപീഠത്തിന്റെ വിലയിരുത്തൽ നിർഭാഗ്യവശാൽ ഉണ്ണികൃഷ്ണൻ കേസ്സിനും മോഹിനി ജെയിൻ കേസ്സിനും എതിരായിരുന്നു. ഉണ്ണികൃഷ്ണൻ കേസ്സിലും മോഹിനി ജെയിൻ കേസ്സിലും സുപ്രീം കോടതി ഉയർത്തിപ്പിടിച്ച, എല്ലാവരും അംഗീകരിക്കുന്ന ആവേശകരമായ കാഴ്ചപ്പാടിൽ നിന്നുള്ള പുറകോട്ടു പോക്കായിരുന്നു അത്. ഉന്നത വിദ്യാഭ്യാസമൊരു സ്വകാര്യ നേട്ടമാണെന്നും അത് ഒരു സാമൂഹ്യനന്മ എന്ന ഗണത്തിൽ ഉൾപ്പെടുത്താനാവി ല്ലെന്നും അതിനാവശ്യമായ ചെലവ് വിദ്യാർത്ഥികൾതന്നെ വഹിക്കണമെന്നുമുള്ള വിധിന്യായമാണ് പുറത്തുവന്നത്. ചുരുക്കിപ്പറഞ്ഞാൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ സ്വാശ്രയക്കൊള്ളയ്ക്ക് വലിയ ഒരളവോളം സഹായകരമായി മാറിയ വിധിയായിരുന്നു അത്. ഈ ഘട്ടത്തിൽതന്നെ വന്ന വിവിധ നീതിപീഠങ്ങളുടെ വിധികളും വിദ്യാർത്ഥികളുടെ താൽപ്പര്യങ്ങളെ സംരക്ഷിക്കുന്ന തരത്തിലായിരുന്നില്ല എന്നത് നിർഭാഗ്യകരമാണ്. കേരളത്തിലെ മുൻ യു.ഡി.എഫ്. സർക്കാർ ആകട്ടെ ഈ അന്തരീക്ഷത്തിൽ വിദ്യാർത്ഥികളുടേയും രക്ഷിതാക്കളുടേയും താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ആവശ്യമായ നടപടിയല്ല സ്വീകരിച്ചത്. മറിച്ച്, സ്വാശ്രയ കച്ചവടത്തിന് അഭംഗുരം മുന്നോട്ടുപോകാൻ ആവശ്യമായ മണ്ണൊരുക്കൽ പ്രക്രിയയാണ് കേരളത്തിൽ സ്വീകരിച്ചത്. അന്നത്തെ യു.ഡി.എഫ്. മുഖ്യമന്ത്രി തന്നെ 50:50 എന്ന ഒരു പുതിയ സിദ്ധാന്തം അവതരിപ്പിച്ചു. രണ്ട് സ്വാശ്രയ കോളേജുകൾ ആരംഭിച്ചാൽ ഒരു സർക്കാർ കോളേജിന്റെ ഫലം കിട്ടും, അതുകൊണ്ട് ഇത് പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ് എന്ന സമീപനമാണ് സ്വീകരിച്ചത്. അതിനെത്തുടർന്ന് സ്ഥാപനങ്ങൾ ആരംഭിക്കാൻ സമർപ്പിച്ച എല്ലാ വിദ്യാഭ്യാസ കച്ചവട താൽപ്പര്യക്കാരുടെയും അപേക്ഷകൾക്ക് സമ്മതപത്രം കൊടുക്കുന്ന ഉത്തരവാദിത്വം ഗവൺമെന്റ് ഏറ്റെടുക്കുന്ന സ്ഥിതി വന്നു. എൻ.ഒ.സി. കൊടുക്കുന്നതിൽ യാതൊരു വിധത്തിലുള്ള പരിശോധനയുമില്ലാത്ത ഒരു സാഹചര്യമാണ് അന്നുണ്ടായത്. ഒരു മെഡിക്കൽ കോളേജ് തുടങ്ങുന്നതിനുവേണ്ടി എം.ഇ.എസ്. കോളേജിന്റെ മാനേജ്മെന്റ് സമർപ്പിച്ച അപേക്ഷ പരിശോധിച്ച കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റ് രണ്ട് മെഡിക്കൽ കോളേജ്

തുടങ്ങാനുള്ള എൻ.ഒ.സി.-യാണ് കൊടുത്തതെന്ന് പലരും തമാശയായി പിന്നീട് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അത് കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിലെ ഒരു തമാശയായി ഇന്നും നിലനിൽക്കുകയാണ്. ഏതോ ഒരാൾ, എന്തോ കാരണംകൊണ്ട് തമിഴ്നാട്ടിൽ ഒരു കോളേജ് തുടങ്ങാനുള്ള അപേക്ഷ ഇവിടെ കൊടുത്തു. അപേക്ഷകന് തെറ്റുപറ്റിയതായിരിക്കാം, പക്ഷേ ആ അപേക്ഷ പരിശോധിച്ച കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റ് തമിഴ്നാട്ടിലെ കന്യാകുമാരിയിൽ ഹോമിയോ കോളേജ് തുടങ്ങാനുള്ള എൻ.ഒ.സി. അനുവദിച്ചു കൊടുക്കുന്ന വിചിത്രമായ നടപടിയും അക്കാലത്തുണ്ടായി. ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്വാശ്രയ കോളേജുകൾ ആരംഭിക്കുന്ന പ്രശ്നം അന്നത്തെ ഗവൺമെന്റ് കൈകാര്യം ചെയ്തത് എത്ര നിരുത്തരവാദപരമായ രീതിയിലായിരുന്നുവെന്ന് സൂചിപ്പിക്കാനാണ് ഞാൻ ഇത് രണ്ടും ഇവിടെ പറഞ്ഞത്. അങ്ങനെ ആരംഭിച്ച സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്രത്യേകിച്ചും മെഡിക്കൽ കോളേജുകൾ വലിയ സാമ്പത്തിക ചൂഷണത്തിനും മനുഷ്യാവകാശ ലംഘനത്തിനും ഇടയാക്കുന്ന രംഗമാണ് പിന്നീട് നമ്മൾ കണ്ടത്. മാനേജ്മെന്റുകളുടെ അപ്രമാദിത്വമാണ് പിന്നീട് എല്ലായിടത്തും നടന്നത്. തോന്നുംപടി ഫീസ് ഈടാക്കുന്നു, മെരിറ്റ് അട്ടിമറിക്കൽ ആസൂത്രിതമായ നീക്കം നടത്തുന്നു, ക്യാപിറ്റേഷൻ ഫീസ് ഈടാക്കുന്നു, ഇതിനു പുറമെ കടുത്ത മനുഷ്യാവകാശ ലംഘനങ്ങൾ വേറെയും. അനധികൃതമായ, നിയമവിരുദ്ധമായ ഫൈനുകൾ ഏർപ്പെടുത്തുന്നു, വിദ്യാർത്ഥികളുടെ പഠനത്തെ വരെ ഗൗരവതരമായി ബാധിക്കുന്ന മനുഷ്യാവകാശ പ്രശ്നങ്ങളുണ്ടാകുന്നു. മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെപ്പോലെ എല്ലാ സ്വാശ്രയ കോളേജുകളിലും ഇത്തരം സംഭവങ്ങളുണ്ടായിട്ടുണ്ട്. ജിഷ്ണു പ്രണോയിയുടെ മരണം, നമ്മുടെ നാട്ടിൽ ചർച്ചാ വിഷയമാകുകയുണ്ടായി. എഞ്ചിനീയറിംഗ് കോളേജിൽ ആ വിദ്യാർത്ഥി ആത്മഹത്യ ചെയ്തത് മാനേജ്മെന്റ് പീഡനത്തെത്തുടർന്നാണ് എന്ന കാര്യം പുറത്തുവന്നിരിക്കുന്നു. പക്ഷേ ഈ ഗവൺമെന്റ് ആത്മഹത്യാ പ്രേരണയ്ക്ക് കേസ്സെടുക്കുകയും കോളേജിലെ ഉത്തരവാദപ്പെട്ടവരെയെല്ലാം അതിൽ പ്രതി ചേർക്കുകയും ചെയ്തുവെന്നതാണ് പ്രത്യേകത. എന്നാൽ ഇതിനുമുമ്പ് നമ്മുടെ മുന്നിൽ നടന്ന ആത്മഹത്യകളെക്കുറിച്ച് ഞാൻ ഓർക്കുന്നുണ്ട്, മലപ്പുറം ജില്ലയിൽ ഫാസില എന്ന വിദ്യാർത്ഥിനി മണ്ണെണ്ണ ഒഴിച്ച് തീകൊളുത്തി മരിച്ചു, രജനി എസ്. ആനന്ദ് തിരുവനന്തപുരത്തുവച്ചാണ് ആത്മഹത്യ ചെയ്തത്. ഒരു പെറ്റി കേസ് എടുക്കാൻപോലും അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് തയ്യാറായില്ല. ഒരു പ്രിൻസിപ്പാളോ ഒരു മാനേജരോ ഒരു അദ്ധ്യാപകനോ അതിൽ പ്രതിയായില്ല. ആ പരാതികൾ അവഗണിക്കപ്പെട്ടു. നിർഭാഗ്യകരമായ ഒരു അന്തരീക്ഷത്തിൽ ആ പെൺകുട്ടി ജീവനൊടുക്കിയപ്പോൾ ആ പെൺകുട്ടിയുടെ കന്യകാത്വം പരിശോധിക്കണമെന്നാണ് ഈ നിയമസഭയിൽ

കോൺഗ്രസ്സിലെ ഒരു മന്ത്രി ആവശ്യപ്പെട്ടത്. അന്ന് നമ്മുടെ നാട്ടിലെ മാധ്യമങ്ങളെയോ ഇന്ന് പ്രത്യേകമായി ശബ്ദമുയർത്തുന്ന വിഭാഗക്കാരെയോ എവിടെയും കണ്ടില്ല. ഞാൻ സാന്ദർഭികമായി ഇത് സൂചിപ്പിച്ചുവെന്ന് മാത്രമേയുള്ളൂ.

കഴിഞ്ഞ വർഷത്തെ മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ പ്രവേശനവുമായി ബന്ധപ്പെട്ട് കണ്ണൂരിൽ ഉണ്ടായ ഒരു പ്രശ്നവും നമ്മുടെ മുന്നിൽ നിൽക്കുന്നുണ്ട്. കണ്ണൂർ മെഡിക്കൽ കോളേജ് മാനേജ്മെന്റ് ചെയ്ത തെറ്റായ പ്രവർത്തനങ്ങളുടെ ഭാഗമായി അവിടെ അഡ്മിഷൻ നേടിയ 150 വിദ്യാർത്ഥികളുടെ ഭാവി അവതാളത്തിലായിരിക്കുകയാണ്. അവർ എന്തുചെയ്യുമെന്ന് അറിയില്ല. മാനേജ്മെന്റിന്റെ തെറ്റായ നടപടിക്ക് കോടതിയും ജെയിംസ് കമ്മിറ്റിയുമൊക്കെ സ്വീകരിച്ച നിലപാടുകൾ ഈ കുട്ടികളുടെ ഭാവിയെ പ്രതികൂലമായി ബാധിക്കുകയാണ്. യഥാർത്ഥത്തിൽ അവരുടെ ഭാവി അവതാളത്തിലാകേണ്ടതല്ല. ഇത് കഴിഞ്ഞവർഷം നമ്മുടെ മുന്നിൽ വന്ന പ്രശ്നമാണ്. മെഡിക്കൽ പ്രവേശനത്തിന് 'നീറ്റ്' റാങ്ക് നിർബന്ധമാക്കിക്കൊണ്ട് ഇപ്പോൾ സുപ്രീംകോടതി വിധി വന്നിരിക്കുകയാണ്. ആ വിധിയുടെ ഭാഗമായി സർക്കാർ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിരിക്കുകയാണ്. ഈ ഓർഡിനൻസിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. ഓർഡിനൻസ് ഈ കാലഘട്ടം കാത്തിരുന്നതാണ്. 10 ലക്ഷം രൂപ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള കർശനമായ വ്യവസ്ഥകൾ അതിൽ വച്ചിട്ടുണ്ട്. ഈ ഓർഡിനൻസ് വരുന്നതോടുകൂടി മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ പ്രവേശനത്തിൽ മെരിറ്റ് സംരക്ഷിക്കപ്പെടുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അതിൽ പൂർണ്ണമായ സംതൃപ്തിയാണുള്ളത്. എന്നാൽ ഏകീകൃത ഫീസ് വരുന്നതോടുകൂടി, സംസ്ഥാന ഗവൺമെന്റിന്റെ നിലപാടിന്റെ ഭാഗമായി ഫീസിളവ് നേടിക്കൊണ്ടിരുന്ന സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾ, എസ്.സി./എസ്.ടി.-ക്ക് പുറമെയുള്ള വിഭാഗങ്ങൾ, ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ തുടങ്ങിയവരുടെ ഫീസ് ഇളവ് നമുക്ക് സംരക്ഷിക്കാൻ സാധിക്കണം. അതിന് സ്കോളർഷിപ്പോ ഗ്രാന്റോ കൊടുക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണം. മെരിറ്റ് അട്ടിമറിക്കുന്നതിന് അവസാനം കുറിക്കുന്നതോടൊപ്പം പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ഫീസ് ഇളവുകൂടി കൊടുത്തുകൊണ്ട് സാമൂഹികനീതി ഉറപ്പുവരുത്താനുള്ള ഒരു പരിശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് ഈ ശ്രദ്ധ ക്ഷണിക്കലിന്റെ ഭാഗമായി എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന അനഭിലഷണീയമായ ചില പ്രവണതകൾ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചത്. പ്രത്യേകിച്ചും സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ കേരളത്തിൽ കഴിഞ്ഞ കുറേ വർഷങ്ങളായി നിലനിന്നിട്ടുള്ള തികച്ചും ജനവിരുദ്ധമായിട്ടുള്ള സാമ്പത്തിക ചൂഷണത്തിലും മനുഷ്യാവകാശ ലംഘനത്തിലും അധിഷ്ഠിതമായിട്ടുള്ള ചില പ്രവണതകൾ ബഹുമാനപ്പെട്ട മെമ്പർ വരച്ചു കാണിക്കുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് യാതൊരു മാനദണ്ഡവുമില്ലാതെ സ്വാശ്രയ മേഖലയിൽ എൻ.ഒ.സി. കൊടുത്തതിന്റെ ഭാഗമായിട്ടാണ് ഇവയിൽ പലപ്രശ്നങ്ങളും ഉണ്ടായിട്ടുള്ളതെന്ന് നമുക്ക് കാണാൻ സാധിക്കും. അതുകൊണ്ടുതന്നെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം അത്തരത്തിൽ മാനദണ്ഡമില്ലാതെ സ്വാശ്രയ മേഖലയിലെ പുതിയ കോളേജുകൾക്ക് എൻ.ഒ.സി. കൊടുക്കേണ്ടതില്ല എന്ന തീരുമാനമാണ് എടുത്തിട്ടുള്ളതെന്ന് പ്രത്യേകം സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ തന്നെ ഇന്ന് വിദ്യാഭ്യാസം ഒരു പൊതുനന്മ എന്നതിലുപരി കച്ചവടമായി മാറിയിട്ടുണ്ട്. അതിന്റെ കാരണങ്ങൾ നമുക്കറിയാം. ആഗോളവൽക്കരണവുമായി ബന്ധപ്പെട്ട് (General Agreement on Trade in Services) GATS കരാറിന്റെ ഭാഗമായിട്ടാണ് വിദ്യാഭ്യാസം കച്ചവടമായി മാറിയിട്ടുള്ളതെന്ന് നമുക്കറിയാം. ഇത്തരത്തിലുള്ള കാര്യങ്ങൾ പരമാവധി നിയന്ത്രിക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് സാധ്യമായ രീതിയിൽ കച്ചവട പ്രവണതയെ നിയന്ത്രിക്കുന്നതിനുള്ള തീരുമാനമെടുത്ത് മുന്നോട്ടു പോയിട്ടുണ്ട്. കഴിഞ്ഞ വർഷം NEET മെറിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ നടന്ന സമയത്ത് സർക്കാർ സ്വകാര്യ മെഡിക്കൽ കോളേജ് മാനേജ്മെന്റുമായി ചർച്ച നടത്തി പരമാവധി സീറ്റുകളിൽ പാവപ്പെട്ട കുട്ടികൾക്ക് സബ്സിഡിയോടുകൂടി പഠിക്കാനുള്ള ഗവൺമെന്റ് സീറ്റായി അംഗീകരിപ്പിക്കാനാണ് ശ്രമിച്ചിട്ടുള്ളത്. എന്നാൽ ഇത്തവണ കേരള മെറിറ്റ് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ കഴിഞ്ഞ തവണത്തെ എഗ്രിമെന്റുണ്ടാക്കാൻ ബുദ്ധിമുട്ടാണ്. കഴിഞ്ഞ തവണ കേരള മെറിറ്റ് ലിസ്റ്റിൽനിന്ന് എടുക്കുന്ന അഡ്മിഷനുകൾ ഗവൺമെന്റ് മെറിറ്റ് സീറ്റിന്റെ പട്ടികയിൽപ്പെടുത്തി 50 ശതമാനം സീറ്റ് മെറിറ്റ് സീറ്റായി പരിഗണിക്കുകയാണ് ചെയ്തത്. 20 കോളേജുകൾ ആ കരാറിൽ ഒപ്പുവയ്ക്കുകയും അതിന്റെ ഭാഗമായി 50 ശതമാനം

സീറ്റുകളിൽ കുട്ടികൾക്ക് സബ്സിഡിയോടുകൂടി പഠിക്കാൻ സാധിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ വർഷം കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് കേരള എൻട്രൻസ് ലിസ്റ്റ് നിലവിലില്ലാത്ത അവസ്ഥ വന്നു. NEET മെറിറ്റിൽ നിന്നുതന്നെ മുഴുവൻ അഡ്മിഷനും നടത്തേണ്ടതായി വന്നിരിക്കുകയാണ്. നേരത്തേ പറഞ്ഞതുപോലെ 50 ശതമാനം സീറ്റ് മെറിറ്റ് സീറ്റായി വേർതിരിച്ച് നിർത്താൻ കഴിയാത്ത ഒരവസ്ഥ ഈ വർഷം സംജാതമായിട്ടുണ്ട്. നാഷണൽ എൻട്രൻസ് ലിസ്റ്റിൽനിന്നും മുഴുവൻ അലോട്ട്മെന്റും നടക്കുമ്പോൾ അവിടെ മെറിറ്റെന്നും മാനേജ്മെന്റെന്നും വേർതിരിക്കാൻ കഴിയാത്ത ഒരവസ്ഥയാണ് സംജാതമായിരിക്കുന്നത്. ഈ അവസ്ഥയിൽ പരമാവധി നീതി ഉറപ്പു വരുത്തുന്നതിനും ചൂഷണം അവസാനിപ്പിക്കുന്നതിനും എന്തുചെയ്യാൻ സാധിക്കു മെന്ന് ഗവൺമെന്റ് പരിശോധിക്കുകയും അതിന്റെ ഭാഗമായി അഡ്മിഷൻ സംബന്ധിച്ചും ഫീ റെഗുലേഷൻ സംബന്ധിച്ചും ഒരു ഓർഡിനൻസ് ഇറക്കാനുമാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ പ്രവേശനത്തിന് മെറിറ്റ് ഉറപ്പാക്കുന്നതോടൊപ്പം സാമൂഹ്യ നീതിയും ഉറപ്പാക്കുക എന്നതാണ് സർക്കാരിന്റെ ഉറച്ച നിലപാട്. 2017-18 അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ സർക്കാർ/സ്വാശ്രയ മേഖലകളിലെ മെഡിക്കൽ വിദ്യാഭ്യാസ പ്രവേശനം NEET പ്രകാരമുള്ള മെറിറ്റിന്റെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന കേന്ദ്രീകൃത അലോട്ട്മെന്റ് വഴിയായിരിക്കുന്നതാണ്. കൂടാതെ പ്രവേശന പരീക്ഷാ കമ്മീഷണറെ കമ്പയിൻഡ് കൗൺസിലിംഗിനുള്ള അധികാരിയായും നിയമിച്ചിട്ടുണ്ട്.

സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനവും ഫീസ് ഈടാക്കുന്നതും നിയന്ത്രിക്കുന്നതിനായി 10-4-2017 തീയതിയിലെ വിജ്ഞാപന പ്രകാരമുള്ള The Kerala Medical Education (Regulation and Control of Admission to Private Medical Educational Institutions) Ordinance 2017 (നമ്പർ 6/17) പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഓർഡിനൻസിലെ ഖണ്ഡം 10-ൽ ന്യൂനപക്ഷ ഇതര സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങളിലെ പ്രവേശനത്തിന് പട്ടികജാതി/പട്ടികവർഗ്ഗം, മറ്റ് പിന്നാക്ക വിഭാഗം എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ നിശ്ചയിക്കും പ്രകാരമുള്ള സംവരണം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ടി ഓർഡിനൻസ് പ്രകാരം രൂപീകരിക്കപ്പെടുന്ന അഡ്മിഷൻ ആന്റ് ഫീ റെഗുലേറ്ററി കമ്മിറ്റിക്ക് വിപുലമായ അധികാരങ്ങളാണ് നൽകിയിരിക്കുന്നത്. ഫീസ് നിശ്ചയിക്കുന്നതിന് സഹായകമാംവിധം സ്ഥാപനങ്ങളിൽനിന്നും ആവശ്യമായ രേഖകൾ/വിവരങ്ങൾ, റെക്കോർഡുകൾ മുതലായവ വിളിച്ചുവരുത്തുക, ഒരു അക്കാദമിക് വർഷത്തിൽ ഒരു കുട്ടിയിൽനിന്നും ഒന്നിലേറെ വർഷത്തേയ്ക്കുള്ള ഫീസ് ഈടാക്കുന്നുവെങ്കിൽ അത് തലവരി പണം വാങ്ങിയതായി കണക്കാക്കി നടപടി സ്വീകരിക്കുക തുടങ്ങി വളരെ വിപുലമായ നിയന്ത്രണങ്ങളാണ് ഇതിൽ ഏർപ്പെടുത്തിയിട്ടുള്ളത്. മറുപടിയുടെ ബാക്കിഭാഗം മേശപ്പുറത്തുവയ്ക്കുകയാണ്.* വളരെ വിശദമായി ഇതിനകത്ത് കാര്യങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ ഈ ഓർഡിനൻസിലെ ഖണ്ഡം - 17 പ്രകാരം ഓർഡിനൻസിലെയോ മറ്റ് നിയമങ്ങളിലെയോ വ്യവസ്ഥകൾ എന്തുതന്നെയായാലും ഫീസ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഒന്നോ അതിലധികമോ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുന്നതിന് സർക്കാരിന് അധികാരം നൽകുന്നുണ്ട്. അത്തരത്തിലുള്ള ഒരു ചർച്ചയുടെ ഭാഗമായി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ള രീതിയിൽ എങ്ങനെയാണ് പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പരമാവധി ഫീസ് ഇളവും സ്കോളർഷിപ്പുമൊക്കെ നടപ്പാക്കാൻ കഴിയുക എന്നത് പരിശോധിക്കുന്നതാണ്. ഈ ഉത്തരം ഞാൻ മേശപ്പുറത്തു വയ്ക്കുകയാണ്.*

ശ്രീ. എം. സ്വരാജ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയെ ഞാൻ പൂർണ്ണമായും സ്വാഗതം ചെയ്യുന്നു. ഞാൻ പ്രത്യേകമായി ചോദിക്കാൻ ആഗ്രഹിക്കുന്നത് കഴിഞ്ഞ വർഷത്തെ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് കണ്ണൂർ മെഡിക്കൽ കോളേജിൽ അഡ്മിഷൻ ലഭിച്ച 150 കുട്ടികളുടെ പ്രശ്നം നമ്മുടെ മുമ്പിൽ നിൽക്കുന്നുണ്ട്. ആ മാനേജ്മെന്റ് സ്വീകരിച്ച നിയമവിരുദ്ധവും തെറ്റായതുമായ നടപടികളുടെ ഭാഗമായി അവരുടെ തുടർ പഠനം ഇപ്പോൾ അനിശ്ചിതത്വത്തിലാണ്. ആ മാനേജ്മെന്റിന്റെ എല്ലാ നടപടികളും നിയമപരമായി തന്നെ ചോദ്യം ചെയ്യേണ്ടതും എതിർക്കേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പക്ഷേ അവിടെ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളുടെ പ്രശ്നം നമുക്ക് പ്രത്യേകമായി പരിശോധിച്ച് അതിൽ യോഗ്യരായ വിദ്യാർത്ഥികളുടെ തുടർപഠനത്തിന് എന്തെങ്കിലും സാഹചര്യം ഒരുക്കാൻ സാധിക്കുമോ?

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u> സർ, കണ്ണൂർ മെഡിക്കൽ കോളേജ് ഗവൺമെന്റിന്റെ എല്ലാ നിബന്ധനകളും ലംഘിച്ച കോളേജാണ്. കഴിഞ്ഞ അലോട്ട്മെന്റിന്റെ സമയത്ത് അവരെ ഗവൺമെന്റ് ക്ഷണിച്ചെങ്കിലും ഗവൺമെന്റിന്റെ നിബന്ധനകളുമായി സഹകരിക്കാൻ തയ്യാറാകാതെ അവർ മാറിപ്പോകുകയും കോടതിയിൽ കേസ് കൊടുത്ത് ഹൈക്കോടതി അവർക്ക് പ്രത്യേക ഫീസ് നിശ്ചയിക്കുന്നതിനുള്ള വിധി പുറപ്പെടുവിക്കുകയും ചെയ്തു. പക്ഷേ ആ കോടതി വിധിയിൽ തന്നെ ഫീ റെഗുലേറ്ററി കമ്മിറ്റി പിന്നീട് നിശ്ചയിക്കുന്ന ഫീസിന് വഴിപ്പെട്ടുകൊണ്ട് അവർ പ്രവർത്തനം നടത്തണമെന്നുള്ള നിർദ്ദേശമുണ്ടായിരുന്നു. സെൻട്രലൈസ്ഡ് അലോട്ട്മെന്റ് വഴി കണ്ണൂർ, കരുണ, കെ.എം.സി.റ്റി. മെഡിക്കൽ കോളേജുകളിലേയ്ക്കും അലോട്ട്മെന്റ് നടത്തേണ്ടത് ഗവൺമെന്റിന്റെ നേതൃത്വത്തിലാണെന്ന് അന്ന് കോടതി വിധിക്കുകയും ചെയ്തിരുന്നു. അതനുസരിച്ച് അലോട്ട്മെന്റ് നടത്താൻ ഗവൺമെന്റ് തയ്യാറായി. എൻട്രൻസ് കമ്മീഷണറുടെ നേതൃത്വത്തിൽ അലോട്ട്മെന്റ് നടത്താൻ തയ്യാറായപ്പോൾ കണ്ണൂർ മെഡിക്കൽ കോളേജ് ബന്ധപ്പെട്ട രേഖകളൊന്നും ഹാജരാക്കിയില്ല. അലോട്ട്മെന്റുമായി സഹകരിച്ചില്ല. അവരുടെ സ്വന്തം ഇഷ്ടപ്രകാരം അലോട്ട്മെന്റ് നടത്തി ഒരു ലിസ്റ്റ് തയ്യാറാക്കിവയ്ക്കുകയാണ് ചെയ്തത്. ആ ലിസ്റ്റും ഈ അലോട്ട്മെന്റിന് നിർദ്ദേശിക്കപ്പെട്ട എൻട്രൻസ് കമ്മീഷണറുടെ മുമ്പാകെ കൊണ്ടുവരുന്നതിന് തയ്യാറായില്ല എന്നുള്ളതാണ് ഏറ്റവും സങ്കടകരമായിട്ടുള്ള വസ്തുത. അതുകൊണ്ടുതന്നെ ഗവൺമെന്റിന് അലോട്ട്മെന്റ് നടത്താൻ കഴിഞ്ഞില്ല. മെരിറ്റ് ലംഘിച്ചുകൊണ്ട് നടത്തിയ അലോട്ട്മെന്റ് ലിസ്റ്റ് അംഗീകരിക്കാൻ കഴിയാത്ത സ്ഥിതിയാണ് ഇപ്പോഴുള്ളത്. കോടതിയും ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ അലോട്ട്മെന്റിൽ മെരിറ്റോറിയസ്സായിട്ടുള്ള അഡ്മിഷൻ ഉണ്ടെങ്കിൽ അത് അംഗീകരിക്കാമെന്ന് ഹൈക്കോടതി ഒരു വിധി പ്രസ്താവിച്ചിട്ടുണ്ട്. ആ കോടതി വിധിയുടെ പശ്ചാത്തലത്തിൽ മെരിറ്റ് അടിസ്ഥാനത്തിൽ നിയമനം നേടിയിട്ടുള്ള കുട്ടികളുടെ കാര്യങ്ങൾ പരിശോധിക്കാൻ സാധിക്കും. പക്ഷേ അഞ്ചരക്കണ്ടി മെഡിക്കൽ കോളേജ് നടത്തിയ എല്ലാ അലോട്ട്മെന്റും അംഗീകരിക്കാൻ ഗവൺമെന്റിന് ബുദ്ധിമുട്ടാണ്. കോടതി വിധികൂടി പരിശോധിച്ചുകൊണ്ട് ന്യായമായും അതിനകത്ത് കുട്ടികൾക്ക് എന്തെങ്കിലും ചെയ്തുകൊടുക്കാൻ സാധിക്കുന്നതാണെങ്കിൽ ഗവൺമെന്റ് പരിഗണിക്കുമെന്നാണ് പറയാനുള്ളത്. അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിന്റെ/കണ്ണൂർ മെഡിക്കൽ കോളേജിന്റെ അലോട്ട്മെന്റ് അംഗീകരിക്കാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട് എന്നുള്ളതാണ് വസ്തുത.

(യു.ഡി.എഫ്. അംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

(രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നതിന് നോട്ടീസ് നൽകിയിരുന്ന അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മി. സ്പീക്കർ: ഓർഡർ... ഓർഡർ... സബ്മിഷനുകൾ റദ്ദ് ചെയ്തിരിക്കുന്നു. മറുപടി ബന്ധപ്പെട്ട അംഗങ്ങൾക്ക് ലഭ്യമാക്കുന്നതാണ്.

## V റിപ്പോർട്ട് സമർപ്പണം

### കാര്യോപദേശക സമിതിയുടെ ആറാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VI റിപ്പോർട്ട് പരിഗണന

### കാര്യോപദേശക സമിതിയുടെ ആറാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ആറാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ ആറാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

# VII മേശപ്പുറത്തുവച്ച കടലാസുകൾ

1. ലിസ്റ്റ് I പ്രകാരമുള്ള കടലാസുകൾ

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 651/2016 | ജി.ഒ.(എംഎസ്.) നമ്പർ 267/2016/ഹോം. | 20-10-2016 | അല്ല |
| 2 | 62/2017 | ജി.ഒ.(പി) നമ്പർ 14/ 2017/ഹോം. | 30-1-2017 | അല്ല |
| 3 | 87/2017 | ജി.ഒ.(പി) നമ്പർ 13/ 2017/ഹോം. | 30-1-2017 | അല്ല |
| 4 | 92/2017 | ജി.ഒ.(ആർറ്റി.) നമ്പർ 440/2017/ഹോം. | 21-2-2017 | അല്ല |
| 5 | 97/2017 | ജി.ഒ.(ആർറ്റി.) നമ്പർ 418/ 2017/ഹോം. | 20-2-2017 | അല്ല |
| 6 | 102/2017 | ജി.ഒ.(ആർറ്റി.) നമ്പർ 278/ 2017/ ഹോം. | 4-2-2017 | അല്ല |
| 7 | 103/2017 | ജി.ഒ.(പി) നമ്പർ 38/2017/ ഹോം. | 2-3-2017 | അല്ല |
| 8 | 105/2017 | നമ്പർ32725/എസ്എസ്എ 2/2016/ഹോം. | 2-3-2017 | അല്ല |
| 9 | 126/2017 | ജി.ഒ.(പി) നമ്പർ 9/2017/ ജിഎഡി. | 15-3-2017 | അല്ല |
| 10 | 130/2017 | ജി.ഒ.(ആർറ്റി.) നമ്പർ 592/ 2017/ ഹോം. | 14-3-2017 | അല്ല |
| 11 | 139/2017 | നമ്പർ 14015/ എസ്എസ്എ 5/2017/ഹോം | 13-3-2017 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 12 | 143/2017 | ജി.ഒ.(എം.എസ്) നമ്പർ 107/2017/ജിഎഡി. | 18-3-2017 | അല്ല |
| 13 | 157/2017 | ജി.ഒ. (എംഎസ്.) നമ്പർ 2/2017/നോർക്ക. | 28-3-2017 | അല്ല |
| 14 | 167/2017 | നമ്പർ 29780/എസ്എസ്എ 2/2017/ഹോം. | 31.03.2017 | അല്ല |
| 15 | 185/2017 | നമ്പർ 77989/എസ്എസ്എ 2/2013/ഹോം | 7-4-2017 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ വർഷം | റിപ്പോർട്ടിന്റെ സ്വഭാവം | കാലതാമസം പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| 1 | കേരള പബ്ലിക് സർവീസ് കമ്മീഷൻ | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | 2009-10 | ഭരണ റിപ്പോർട്ട് | അതെ |
| 3 | കേരള സ്റ്റേറ്റ് ഐ.ടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 4 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് | 2012-13 | വാർഷിക ഭരണ റിപ്പോർട്ട് | അതെ |
| 5 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെ ന്റ് ഇൻ ഗവൺമെന്റ് | 2013-14 | വാർഷിക റിപ്പോർട്ട് | അതെ |
| 6 | ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി | 2014-15 | വാർഷിക ഭരണ റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | തിയതി |
|---|---|---|---|
| 1 | 798/2016 | ജി.ഒ.(ആർറ്റി.) നമ്പർ 3713/ 2016/ ഹോം. | 23-12-2016 |
| 2 | 26/2017 | ജി.ഒ. (പി) നമ്പർ 32/2016/ പി& എആർഡി. | 27-12-2016 |
| 3 | 39/2017 | ജി.ഒ.(ആർറ്റി.) നമ്പർ 114/ 2017/ഹോം. | 16-1-2017 |
| 4 | 41/2017 | ജി.ഒ.(ആർറ്റി.) നമ്പർ 113/ 2017/ഹോം. | 16-1-2017 |
| 5 | 57/2017 | ജി.ഒ.(എംഎസ്.) നമ്പർ 19/ 2017/ഹോം. | 3-2-2017 |
| 6 | 69/2017 | ജി.ഒ.(എംഎസ്.) നമ്പർ 20/ 2017/ഹോം. | 7-2-2017 |
| 7 | 82/2017 | നമ്പർ 11186/സി3/2017-I /വിജ്. | 13-2-2017 |
| 8 | 83/2017 | നമ്പർ 11186/സി3/2017-II /വിജ്. | 13-2-2017 |
| 9 | 84/2017 | നമ്പർ 11186/സി3/2017-III /വിജ്. | 13-2-2017 |
| 10 | 85/2017 | നമ്പർ 11186/സി3/2017-IV /വിജ്. | 13-2-2017 |

II. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | തീയതി | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | 797/2015 | ജി.ഒ.(പി) നമ്പർ 41/2015/ സിഎഡി. | 12-11-2015 | അല്ല |
| 2 | 104/2017 | ജി.ഒ.(പി) നമ്പർ3/2017/ നിയമം. | 2-3-2017 | അല്ല |
| 3 | 111/2017 | ജി.ഒ.(പി) നമ്പർ 3/2017/ പിഎഡി. | 6-3-2017 | അല്ല |
| 4 | 116/2017 | ജി.ഒ.(ആർറ്റി.) നമ്പർ 312/ 2017/ നിയമം. | 10-3-2017 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ വർഷം | റിപ്പോർട്ടിന്റെ സ്വഭാവം | കാലതാമസപത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| 1 | കേരള സാഹിത്യ അക്കാദമി | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ | 2014-15 | വാർഷിക കണക്കുകളിന്മേലുള്ള സി&എ.ജി.-യുടെ പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തിയതി |
|---|---|---|---|
| 1 | 68/2017 | സ.ഉ. (കൈയെഴുത്ത്) നമ്പർ1/2017/ സാം.കാ.വ. | 7-2-2017 |

III. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 91/2017 | ജി.ഒ.(പി) നമ്പർ13/2017/ ആർഡി. | 16-2-2017 | അല്ല |
| 2 | 100/2017 | സ.ഉ.(പി) നമ്പർ 14/2017/ റവന്യൂ. | 23-2-2017 | അല്ല |
| 3 | 118/2017 | ജി.ഒ.(പി) നമ്പർ 11/2017/ ആർഡി. | 16-2-2017 | അല്ല |
| 4 | 122/2017 | ജി.ഒ.(പി) നമ്പർ19/2017/ ആർഡി. | 13-3-2017 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 5 | 123/2017 | ജി.ഒ.(പി) നമ്പർ20/2017/ ആർഡി. | 13-3-2017 | അല്ല |
| 6 | 124/2017 | ജി.ഒ.(പി) നമ്പർ 21/2017/ ആർഡി. | 13-3-2017 | അല്ല |
| 7 | 125/2017 | ജി.ഒ.(പി) നമ്പർ22/2017/ ആർഡി. | 13-3-2017 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്ന :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 38/2017 | സ.ഉ.(പി) നമ്പർ 8/2017/റവന്യൂ. | 17-1-2017 |

IV. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 437/2015 | സ.ഉ.(പി) നമ്പർ 214/ 2015/ ത.സ്വ.ഭ.വ. | 29-6-2015 | അല്ല |
| 2 | 96/2017 | സ.ഉ.(അച്ചടി) നമ്പർ 11/2017/തസ്വഭവ. | 14-2-2017 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്ന :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 49/2017 | സ.ഉ.(അച്ചടി) നമ്പർ 4/2017/ ത.സ്വ.ഭ.വ. | 19-1-2017 |
| 2 | 61/2017 | സ.ഉ.(അച്ചടി) നമ്പർ 5/2017/ ത.സ്വ.ഭ.വ. | 28-1-2017 |

V. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

(i ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | 459/2015 | ജി.ഒ.(പി) നമ്പർ 83/2015/ കോ-ഓപ്. | 2-7-2015 | അല്ല |
| 2 | 734/2015 | ജി.ഒ.(ആർറ്റി.) നമ്പർ 5868/ 2015/ ആർഡി. | 9-11-2015 | അല്ല |
| 3 | 735/2015 | ജി.ഒ.(ആർറ്റി.) നമ്പർ 5869/ 2015/ആർഡി. | 9-11-2015 | അല്ല |
| 4 | 814/2015 | ജി.ഒ.(ആർറ്റി.) നമ്പർ 6396/ 2015/ആർഡി. | 28-11-2015 | അല്ല |
| 5 | 107/2017 | ജി.ഒ.(പി) നമ്പർ 13/2017/ കോ-ഓപ്. | 6-3-2017 | അല്ല |
| 6 | 140/2017 | ജി.ഒ.(പി) നമ്പർ 18/2017/ കോ-ഓപ്. | 20-3-2017 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി |
|---|---|---|---|
| 1 | 40/2017 | ജി.ഒ.(പി) നമ്പർ 6/2017/കോ-ഓപ്. | 13-1-2017 |
| 2 | 58/2017 | ജി.ഒ.(പി) നമ്പർ 115/2016/കോ-ഓപ്. | 21-12-2016 |
| 3 | 67/2017 | ജി.ഒ.(പി) നമ്പർ 4/2017/കോ-ഓപ്. | 12-1-2017 |
| 4 | 76/2017 | ജി.ഒ.(പി) നമ്പർ 9/2017/കോ-ഓപ്. | 14-2-2017 |

VI. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) : സർ, താഴെപ്പറയുന്ന കടലാസ് വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസ്:

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| | 112/2017 | ജി.ഒ.(എംഎസ്.) നമ്പർ 6/2017/ പിഡി. | 3-2-2017 | അല്ല |

VII. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, താഴെപ്പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമനമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 70/2017 | ജി.ഒ.(പി) നമ്പർ 1/2017/ഡബ്ല്യൂആർഡി. | 10-2-2017 |

VIII. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസ് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 154/2017 | ജി.ഒ.(പി) നമ്പർ 6/2017/ എഫ്&പിഡി. | 28-3-2017 | അല്ല |

IX. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

(i) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ വർഷം | റിപ്പോർട്ടിന്റെ സ്വഭാവം | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| 1 | കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘം | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | 2013-14 | വാർഷിക റിപ്പോർട്ടും കണക്കും | അതെ |
| 3 | കേരള ക്ലെയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി |
|---|---|---|---|
| 1 | - | നമ്പർ കെ.ബി.1599/2013/ഇ 1(ബി). | 12-8-2015 |

X. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

I. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| 1 | 470/2016 | ജി.ഒ.(പി) നമ്പർ 09/2016/എഫ് & ഡബ്ല്യൂഎൽഡി. | 1-7-2016 | അല്ല |
| 2 | 471/2016 | ജി.ഒ.(പി) നമ്പർ10/2016/ എഫ് & ഡബ്ല്യൂഎൽഡി. | 1-7-2016 | അല്ല |
| 3 | 699/2016 | ജി.ഒ.(പി) നമ്പർ5/2016/ എഎച്ച്ഡി. | 17-11-2016 | അതെ |
| 4 | 773/2016 | ജി.ഒ.(പി) നമ്പർ 6/2016/ എഎച്ച്ഡി. | 17-12-2016 | അതെ |
| 5 | 161/2017 | ജി.ഒ.(എംഎസ്)നമ്പർ16/2017/എഫ് & ഡബ്ല്യൂഎൽഡി. | 30-3-2017 | അല്ല |

XI. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 98/2017 | ജി.ഒ (പി)നമ്പർ8/2017/ എൽബിആർ. | 17-2-2017 | അല്ല |
| 2 | 99/2017 | ജി.ഒ (എംഎസ്.)നമ്പർ 6/2017/ എൽബിആർ. | 17-2-2017 | അല്ല |
| 3 | 106/2017 | ജി.ഒ(പി)നമ്പർ13/2017/ എൽബിആർ. | 6-3-2017 | അല്ല |
| 4 | 141/2017 | ജി.ഒ.(പി)നമ്പർ 14/2017/റ്റിഡി. | 21-3-2017 | അല്ല |
| 5 | 146/2017 | ജി.ഒ (പി)നമ്പർ16/2017/ എൽബിആർ. | 20-3-2017 | അല്ല |
| 6 | 169/2017 | ജി.ഒ.(പി)നമ്പർ21/2017/റ്റിഡി. | 1-4-2017 | അല്ല |

XII. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

(i) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| (1) | (2) | (3) | (4) | (5) |
| 1 | തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല | 2014-15 | ആഡിറ്റ് റിപ്പോർട്ടും അതിൻമേൽ സ്വീകരിച്ച നടപടി റിപ്പോർട്ടും | അതെ |
| 2 | മഹാത്മാഗാന്ധി സർവ്വകലാശാല | 2014 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കൊച്ചി സർവ്വകലാശാല | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4 | കൊച്ചി സർവ്വകലാശാല | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 5 | മഹാത്മാഗാന്ധി സർവ്വകലാശാല | 2015 | വാർഷിക റിപ്പോർട്ട് | അതെ |

XIII. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| | 110/2017 | ജി.ഒ (പി)നമ്പർ 1/2017/ എസ്ജെഡി. | 3-3-2017 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1. | 66/2017 | ജി.ഒ.(എംഎസ്) നമ്പർ 1/2017/എസ്ജെഡി. | 25-1-2017 |

XIV. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കു വേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 36/2017 | ജി.ഒ.(പി)നമ്പർ12/2017/റ്റിഡി. | 17-3-2017 | അല്ല |
| 2 | 37/2017 | ജി.ഒ.(പി)നമ്പർ13/2017/റ്റിഡി. | 17-3-2017 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 75/2017 | ജി.ഒ.(പി) നമ്പർ 06/2017/റ്റിഡി. | 14-2-2017 |

XV. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ് .ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 839/2015 | ജി.ഒ.(പി) നമ്പർ 79/2015/ട്രാൻ. | 8-12-2015 | അല്ല |
| 2 | 659/2016 | ജി.ഒ.(പി) നമ്പർ 56/2016/ട്രാൻ. | 30-8-2016 | അല്ല |
| 3 | 55/2017 | ജി.ഒ.(പി) നമ്പർ 01/2017/ട്രാൻ. | 23-1-2017 | അല്ല |
| 4 | 93/2017 | ജി.ഒ.(പി) നമ്പർ 05/2017/ട്രാൻ. | 21-2-2017 | അല്ല |
| 5 | 151/2017 | ജി.ഒ.(പി) നമ്പർ8/2017/ട്രാൻ. | 23-3-2017 | അല്ല |
| 6 | 153/2017 | ജി.ഒ.(പി) നമ്പർ 7/2017/ട്രാൻ. | 23-3-2017 | അല്ല |
| 7 | വിജ്ഞാപനം | നമ്പർ ബി2/219/2016/ട്രാൻസ്. | 27-2-2017 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 72/2017 | ജി.ഒ.(പി) നമ്പർ 3/2017/ട്രാൻ. | 13-2-2017 |

XVI. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | 113/2017 | ജി.ഒ.(പി)നമ്പർ 10/2017/റ്റിഡി. | 9-3-2017 | അല്ല |
| 2 | 114/2017 | ജി.ഒ.(പി)നമ്പർ 11/2017/റ്റിഡി. | 9-3-2017 | അല്ല |
| 3 | 132/2017 | സ.ഉ.(അച്ചടി) നമ്പർ 37/2017/ ധനം. | 17-3-2017 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ വർഷം | റിപ്പോർട്ടിന്റെ സ്വഭാവം | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | 2005-06 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള തിരുത്തൽ സ്റ്റേറ്റ്മെന്റ് (എസ്.ഐ.ഇ.പി) | അല്ല |
| 2 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | 2006-07 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള തിരുത്തൽ സ്റ്റേറ്റ്മെന്റ് (അരീക്കോട് ഗ്രാമ പഞ്ചായത്ത്, മലപ്പുറം ജില്ല) | അല്ല |
| 3 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | 2003-04 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള തിരുത്തൽ സ്റ്റേറ്റ്മെന്റ് (ആലപ്പുഴ ജില്ല) | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 45/2017 | ജി.ഒ.(പി) നമ്പർ 02/2017/റ്റിഡി. | 25-1-2017 |
| 2 | 46/2017 | ജി.ഒ.(പി) നമ്പർ 03/2017/റ്റിഡി. | 25-1-2017 |
| 3 | 94/2017 | സ.ഉ.(അ) നമ്പർ 23/2017/ധനം. | 21-2-2017 |

XVII. നിയമസഭാ സെക്രട്ടറി (ശ്രീ. വി. കെ. ബാബുപ്രകാശ്): സർ, നിയമസഭ പാസ്സാക്കിയതും ഗവർണ്ണറുടെ അംഗീകാരം ലഭിച്ചതുമായ താഴെപ്പറയുന്ന ആക്റ്റുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമനമ്പർ | ആക്റ്റിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2017 | 1 | 2017-ലെ കേരള ധനവിനിയോഗ ആക്റ്റ്. |
| 2 | 2017 | 2 | 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ആക്റ്റ് |
| 3 | 2017 | 4 | ദി പേയ്മെന്റ് ഓഫ് സാലറീസ് ആന്റ് അലവൻസസ് (അമെന്റ്മെന്റ്) ആക്റ്റ്, 2017 |
| 4 | 2017 | 5 | 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ആക്റ്റ്. |
| 5 | 2017 | 6 | 2017-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ്. |

2. ചട്ടം 47(2) അനുസരിച്ച് ലിസ്റ്റ് II പ്രകാരമുള്ള കടലാസുകൾ

(1) മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 2013, പതിനഞ്ചാം സമ്മേളനത്തിലെ 2043, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 1266, 1295, 1369, 2621, 2698, 5201, 5213, 5289, 6327, 6421 നാലാം സമ്മേളനത്തിലെ 27, 57, 58, 83, 139, 140, 181, 205, 217, 220, 237 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(2) റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 2313 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(3) തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 5866, 5867, പതിനാലാം സമ്മേളനത്തിലെ 2731, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 1119, 2435, 5087 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(4) സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 4507, 4509, 4515 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(5) വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 4444 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(6) തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 176, പതിനാറാം സമ്മേളനത്തിലെ 208 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(7) വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 889, രണ്ടാം സമ്മേളനത്തിലെ 850, 5971, 5974, 5989 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(8) ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 1409, 2785, നാലാം സമ്മേളനത്തിലെ 258 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(9) കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 2300 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(10) ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 2949 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(11) ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 5160 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(12) ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, പതിമൂന്നാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 3795 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

## VIII. ധനകാര്യം

### 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ ഏഴാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2017-2018 | | | | |
|---|---|---|---|---|---|---|
| | | 14-3-2017-ൽ സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| | | റവന്യൂ (`) | മൂലധനം (`) | റവന്യൂ (`) | മൂലധനം (`) | ആകെ (`) |
| II | സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 178,54,09,000 | …… | 535,62,27,000 | …… | 535,62,27,000 |
| III | നീതിന്യായ നിർവ്വഹണം | 180,94,45,000 | ……. | 542,83,36,000 | …… | 542,83,36,000 |

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയുടെ നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ ..................

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയുടെ നേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2017-18 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ ..................

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## IX അറിയിപ്പ്

### 27-4-2017-ന് പഴയ നിയമസഭാ ഹാളിൽ സഭാസമ്മേളനം ചേരുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: നാളെ രാവിലെ 8.30-ന് സഭ ചേരുന്നത് പഴയ നിയമസഭാ ഹാളിലായിരിക്കും. കാര്യോപദേശക സമിതിയുടെ റിപ്പോർട്ട് എല്ലാ അംഗങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്.

ഓർഡർ.... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് പഴയ നിയമസഭാ ഹാളിൽ വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 ഏപ്രിൽ മാസം 27-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് പഴയ നിയമസഭാ ഹാളിൽ വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 10.48-ന് പിരിഞ്ഞു.

## അനുബന്ധം

സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ പ്രവേശനം സംബന്ധിച്ച് ശ്രീ. എം. സ്വരാജ്, എം.എൽ.എ.-യുടെ ശ്രദ്ധ ക്ഷണിക്കലിന് ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി നൽകിയ മറുപടി (തുടർച്ച)

ഓർഡിനൻസിലെയോ, അതിൻ കീഴിലുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകൾക്ക് വിരുദ്ധമായി അഡ്മിഷൻ നടത്തിയെന്ന പരാതിയിന്മേൽ വാദം കേൾക്കുകയും അന്വേഷണം നടത്തുകയും സ്ഥാപനങ്ങൾ പരിശോധിക്കുകയും ചെയ്യുക എന്നിവ കമ്മിറ്റിയുടെ കർത്തവ്യങ്ങളും അധികാരങ്ങളുമാണ്.

ഓർഡിനൻസിൽ വിഭാവന ചെയ്യുന്ന പ്രകാരമുള്ള അന്വേഷണം നടത്തുന്നതിന് രേഖകൾ കണ്ടെത്തി പരിശോധിക്കുക, സാക്ഷികളെ വിളിച്ചുവരുത്തി വിസ്തരിക്കുക, സത്യവാങ്മൂലം വഴി തെളിവുകൾ സ്വീകരിക്കുക തുടങ്ങിയ കാര്യങ്ങളിൽ 1908-ലെ Code of Civil Procedure (Central Act 5 of 1908) പ്രകാരം കമ്മിറ്റിക്ക് ഒരു സിവിൽ കോടതിയുടെ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

അഡ്മിഷൻ, ഫീസ് ഈടാക്കൽ എന്നിവയിൽ ഓർഡിനൻസിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടുവെന്ന് ബോദ്ധ്യപ്പെട്ടാൽ സ്ഥാപനങ്ങൾക്കെതിരെ താഴെപ്പറയുന്ന നടപടികൾ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യാവുന്നതാണ്:

(എ) 12% പലിശയോടുകൂടി പത്ത് ലക്ഷം രൂപ വരെ പിഴ (Fine) ഈടാക്കുക.

(ബി) ഓർഡിനൻസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നടത്തിയ അഡ്മിഷനുകൾ invalid ആയി പ്രഖ്യാപിക്കുക. അപ്രകാരം പ്രഖ്യാപിച്ചാൽ സ്ഥാപനം അത്തരം അഡ്മിഷൻ ഉടനടി റദ്ദ് ചെയ്യുകയും വിദ്യാർത്ഥിയുടെ എൻറോൾമെന്റ് പരീക്ഷാ ഫലം യൂണിവേഴ്സിറ്റി റദ്ദ് ചെയ്യേണ്ടതുമാണ്.

(സി) കമ്മിറ്റി നിശ്ചയിച്ച ഫീസിനു പുറമേ വാങ്ങിയ തുക, തലവരിപ്പണം ലാഭമുണ്ടാക്കുന്നതിനു വാങ്ങിയ തുക തുടങ്ങിയവ മടക്കിനൽകുന്നതിന് ഉത്തരവിടുക. ഇപ്രകാരം തുക മടക്കി നൽകുന്നതിൽ സ്ഥാപനം പരാജയപ്പെടുന്ന പക്ഷം ടി തുക വസ്തുവിന് മേലുള്ള പൊതു വരുമാനത്തിന്റെ കുടിശ്ശിക എന്നതുപോലെ കണ്ട് 12% പലിശ സഹിതം തിരികെ ഈടാക്കി കുട്ടികൾക്ക് നൽകുന്നതാണ്.

(ഡി) അഡ്മിഷൻ നിർത്തിവയ്ക്കുന്നതിനോ ഏതെങ്കിലും മെഡിക്കൽ കോഴ്സിലെ അനുവദിച്ച സീറ്റുകളുടെ (Sanctioned intake) എണ്ണം കുറയ്ക്കുന്നതിനോ ഉത്തരവിടുക.

(ഇ) സ്ഥാപനത്തിന്റെ recognition പിൻവലിക്കുന്നതിന് ശിപാർശ ചെയ്യുക.

(എഫ്) അനുയോജ്യമായ മറ്റ് നടപടികൾ ശിപാർശ ചെയ്യുക.

കൂടാതെ ടി ഓർഡിനൻസിലെ ഖണ്ഡം 17 പ്രകാരം ഓർഡിനൻസിലെയോ മറ്റ് നിയമങ്ങളിലെയോ വ്യവസ്ഥകൾ എന്തുതന്നെയായാലും ഫീസ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഒന്നോ അതിലധികമോ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുന്നതിന് സർക്കാരിന് അധികാരം നൽകുന്നു. ഇത്തരം വ്യവസ്ഥകൾ ഉൾപ്പെടുത്തിയത് സർക്കാരിന്റെ പ്രതിജ്ഞാബദ്ധമായ നടപടികൾ കൊണ്ടാണ്.

SC/ST വിഭാഗത്തിലും മറ്റ് പിന്നോക്ക വിഭാഗത്തിലും പെടാത്ത നിർദ്ധനരായ മെഡിക്കൽ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം ആവശ്യമായി വരികയാണെങ്കിൽ വിദ്യാഭ്യാസ ലോൺ മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്താൻ സർക്കാർ ശ്രമിക്കുന്നതാണ്.